ശ്രീനാരായണ ഗുരുദേവദർശനം

വാല്യം ഒന്ന്

കുമാരനാശാൻ
സ്മാരകസമിതി

കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ

(വാല്യം ഒന്ന്)

Digitized By Kerala Sahitya Akademi

(Malayalam)
KUMARAN ASANTE GADYALEKHANANGAL
Essays
By. N. KUMARAN ASAN
Compiled and Edited By
N. K. DAMODARAN
First Published April 1981
Second Impression March 1984
Printed at Swaraj Press and Publications
Punnen Road, Trivandrum
Price Rs. 20.00
Rights reserved
Publishers
Kumaran Asan Memorial Committee
Thonnakkal, Trivandrum District
Distributors
National Book Stall
Kottayam–Trivandrum-Ernakulam–Cannanore-
Trichur-Palghat-Quilon–Kozhikode-Alleppy–Kalpetta

Digitized By Kerala Sahitya Akademi

കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ

സമ്പാദകൻ

എൻ. കെ. ദാമോദരൻ

പ്രസാധകർ

കുമാരനാശാൻ സ്മാരകക്കമ്മിറ്റി,

തോന്നയ്ക്കൽ

വിതരണം

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില ക. 20.00

Digitized By Kerala Sahitya Akademi

തോന്നയ്ക്കൽ ആശാൻ സ്മാരകക്കമ്മിറ്റി പ്രസിദ്ധീകരണങ്ങൾ

കുമാരനാശാനെപ്പറ്റി
ഓർമ്മകളിലെ ആശാൻ
ആശാൻ ഗ്രന്ഥസൂചിക
ദുരവസ്ഥ (ഒരു സിംപ്പോസിയം)
ബ്രഹ്മശ്രീ, ശ്രീനാരായണഗുരു
കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ (രണ്ടുവാല്യങ്ങൾ)
Kumaran Asan (Biographical Sketch)
Duravastha (Tragic Plight)

4376

80-81-1-1000

83-84 2-2000

Digitized By Kerala Sahitya Akademi

മുഖക്കുറിപ്പ്

കവികൾ ഗദ്യകാരന്മാർ കൂടിയാവുക അസാധാരണമല്ല. മലയാളത്തിൽ കവിത്രയം തന്നെ അതിനു ദൃഷ്ടാന്തമാകുന്നു. മുവരും ഗദ്യപദ്യസമ്മിശ്രമായ കൃതികളും ഗദ്യാത്മകം മാത്രമായ കൃതികളും രചിച്ചിട്ടുണ്ട്. അവർ പത്രാധിപന്മാരായും പ്രവർത്തിച്ചവരാകയാൽ ഗദ്യലേഖനങ്ങൾ എഴുതുകയും ചെയ്തിരുന്നു.

കുമാരനാശാന്റെ വകയായി, മൈത്രേയി. മനഃശക്തി, രാജയോഗം എന്നിങ്ങനെ രണ്ടുമൂന്നു ഗദ്യഗ്രന്ഥങ്ങളേ ഉള്ളു. അവ മൗലികകൃതികളല്ല, വിവർത്തനങ്ങളാണ്. എന്നാൽ 'വിവേകോദയം.' 'പ്രതിഭ' എന്നീ മാസികകളുടെ എഡിറ്റർ എന്ന നിലയിൽ ധാരാളം പത്രാധിപക്കുറിപ്പുകളും, സ്വന്തം പേരു വച്ചും അല്ലാതെയും വിവിധവിഷയസ്പർശകങ്ങളായ ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി എന്ന നിലയിൽ വാർഷിക സമ്മേളനങ്ങളിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളും പ്രജാസഭാ മെമ്പർ എന്ന നിലയിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളും ഗദ്യശേഖരത്തിൽ പരിഗണനാർഹങ്ങളാണ്. ആശാൻ കൽക്കത്തയിൽ താമസിച്ചിരുന്നകാലത്ത് 'ഒരു വംഗദേശീയൻ' എന്നപേരിൽ ധാരാളം ലേഖനങ്ങൾ ഇവിടത്തെ പത്രങ്ങൾക്കും മാസികകൾക്കും അയച്ചുകൊടുത്തിട്ടുള്ളതിൽ ചിലതെല്ലാം താൻ വായിച്ചിട്ടുണ്ടെന്നും ലേഖനകർത്താവ് ആശാനാണെന്ന് പിന്നീടാണു തനിക്ക് അറിയാൻ സാധിച്ചതെന്നു സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള പറഞ്ഞിട്ടുള്ളതായും സി.ഒ. കേശവൻ എഴുതിയ 'മഹാകവി കുമാരനാശാൻ' എന്ന ഗ്രന്ഥത്തിൽ കാണുന്നു, എന്നാൽ ആ ലേഖനങ്ങൾ ഇനിയും കണ്ടുകിട്ടിയിട്ടില്ല

സാഹിത്യലോകത്തിൽ അതുല്യപ്രഭാവനായ ഒരു കവിയായിട്ടാണ് ആശാൻ പ്രശസ്തനായിട്ടുള്ളതെങ്കിലും അദ്ദേഹത്തിന്റെ ഗദ്യലേഖനങ്ങൾക്കുള്ള പ്രാധാന്യവും ഗണനീയമാണ്. ആശാനുണ്ടായിരുന്ന ബഹുമുഖമായ വിജ്ഞാനത്തിന്റെ ആഴവും പരപ്പും, അതിൽ നിന്നുരുത്തിരിഞ്ഞ സ്വാഭിപ്രായങ്ങളുടെ അടിയുറപ്പും, കവിയും പൗരനുമെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രത്യേകതയും അറിയണമെങ്കിൽ ഈ ലേഖനങ്ങൾ കൂടി അവശ്യം വായിക്കണം.

ആശാന്റെ ഗദ്യസംഭാവനകളിൽ നിന്നു കിട്ടാവുന്നിടത്തോളം, ലേഖനങ്ങൾ തിരിഞ്ഞുപിടിച്ചു രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിക്കേണ്ടതാണെന്നു തോന്നയ്ക്കൽ കുമാരനാശൻ സ്മാരകക്കമ്മിറ്റി കഴിഞ്ഞകൊല്ലം ചെയ്ത തീരുമാനത്തിന്റെ ഫലമായിട്ടാണ് ഒന്നാം വാല്യമായി ഈ പുസ്തകം ഇപ്പോൾ പ്രകാശനം ചെയ്യുന്നത്. ആശാൻ

Digitized By Kerala Sahitya Akademi

പത്രാധിപത്യം വഹിച്ച 'വിവേകോദയ'ത്തിൽ നിന്നും 'പ്രതിഭ'യിൽ നിന്നും സമാഹരിച്ച ഏതാനും പൊതുപ്രധാന്യമുള്ള വാങ്മയങ്ങളാണ് ഇതിലെ ഉള്ളടക്കം. സൗകര്യാർത്ഥം "പുസ്തകാഭിപ്രായങ്ങളും നിരൂപണങ്ങളും." "അനുസ്മരണങ്ങൾ", "കുറിപ്പുകളും ലേഖനങ്ങളും" എന്നിങ്ങനെ അവയെ മൂന്നു ഭാഗങ്ങളായി വകതിരിച്ചിരിക്കുന്നു. ഒന്നാമത്തെ വിഭാഗത്തിൽ നിരൂപണ പദവിയിൽ എത്താത്ത അവലോകനങ്ങളാണധികം. അവയിലും ഇരുത്തം വന്ന ഒരു നോട്ടക്കാരന്റെ വ്യക്തിമുദ്ര പതിഞ്ഞിരിക്കുന്നതുകാണാം. നിരൂപണങ്ങളാകട്ടെ ഉലച്ചിലറ്റ വിശ്വാസപ്രമാണങ്ങളുടെ ഉരകല്ലിൽ ഉരസിനോക്കി നിഷ്പക്ഷമായി ചെയ്തിട്ടുള്ള വിലയിരുത്തലുകളാണ്. ഇന്നിപ്പോൾ വിസ്മൃതരോ വിസ്മൃതപ്രായരോ ആയിരിക്കുന്ന കഴിഞ്ഞ തലമുറയിലെ ചില കവികളെയും എഴുത്തുകാരെയും വിശിഷ്ട വ്യക്തികളെയും പറ്റി അറിവാൻ സഹായിക്കുമെന്നൊരു പ്രയോജനം കൂടി ഒന്നും രണ്ടും ഭാഗങ്ങളിലെ ലേഖനങ്ങൾക്കുണ്ട്. മൂന്നാം ഭാഗത്തിൽ ശ്രീനാരായണ ഗുരുവിന്റെ 'ആത്മോപദേശശതക'ത്തിലെ ആദ്യത്തെ മൂന്നുപദ്യങ്ങൾക്കും, അവിടന്നു 1091-ൽ രചിച്ചതും ഗുരുദേവകൃതികളുടെ മററു സമാഹാരങ്ങളിലെങ്ങും ഇതുവരെ കണ്ടിട്ടില്ലാത്തതുമായ 'മനനമാല'യ്ക്കും ആശാൻ എഴുതിയ വ്യാഖ്യാനവും അർത്ഥവിവരണവും ഏഴെട്ട് ഇതരലേഖനങ്ങൾക്കൊപ്പം കൊടുത്തിരിക്കുന്നു. സമുദായ കാര്യബന്ധമായും രാജ്യകാര്യസംബന്ധമായും സുചിന്തിതങ്ങളായ സ്വാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പത്രാധിപക്കുറിപ്പുകൾ, റിപ്പോർട്ടുകൾ മുതലായവ രണ്ടാം വാല്യത്തിലേക്കു നീക്കിവച്ചിരിക്കയാണ്.

വള്ളത്തോളിന്റെ കാവ്യാത്മകശൈലിയോടുള്ള ഉൗരിന്റെ പ്രൗഢഗംഭീരശൈലിയോ അല്ല ആശാന്റെ ഗദ്യത്തിൽ കാണാൻ സാധിക്കുക. അത് അവ്യക്തവും അകൃത്രിമവും പ്രായേണ ലളിതവുമാണ്. സാധാരണ ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ എഴുതുന്ന ലേഖനങ്ങളുടെ രീതിയാണിത്. എന്നാൽ വാദപ്രതിവാദങ്ങളിൽ പ്രവേശിക്കുമ്പോഴും പ്രൗഢവിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും മട്ടുമാറും. മഹാകവിയെ സമഗ്രമായി പഠിക്കാൻ ആഗ്രഹിക്കുന്ന വിജ്ഞാനകുതുകികൾക്കു വളരെയേറെ സഹായകരമായിരിക്കും എന്ന വിശ്വാസത്തോടെ ഈ ഗ്രന്ഥം ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എൻ. കെ. ദാമോദരൻ
പ്രസിഡൻറ്
കുമാരനാശാൻ മെമ്മോറിയൽ കമ്മിറ്റി

തോന്നയ്ക്കൽ
15-3-1981

Digitized By Kerala Sahitya Akademi

ആമുഖം

ഒരു ഗദ്യലേഖനസമാഹാരത്തിന് പരസ്യത്തിന്റെ പെരുമ്പറ കൂടാതെതന്നെ രണ്ടുവർഷം കഴിയുമ്പോഴേക്കും രണ്ടാം പതിപ്പിന്റെ ആവശ്യകത ഉണ്ടാവുക മലയാളത്തെ സംബന്ധിച്ചിടത്തോളം അത്ര സാധാരണമായ ഒരു കാര്യമല്ല. 'കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ' എന്ന ഗ്രന്ഥത്തിന് ആ സൽഗതിയുണ്ടായത് ആകസ്മികമാണെന്ന് കരുതുകവയ്യ. ആശാന്റെ ബഹുമുഖപ്രതിഭയെ സമഗ്രാപഗ്രഥനത്തിനും പഠനത്തിനും വിധേയമാക്കുന്നവർക്ക് അദ്ദേഹത്തിന്റെ ഗദ്യസംഭാവനകൾ ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്. എന്നാൽ അവ എവിടെനിന്നു ലഭ്യമാകും? അങ്ങനെ എന്തോ കുറെയുണ്ടെന്ന അറിവല്ലാതെ വിമർശകർക്കും പഠിതാക്കൾക്കും അവ മുഴുവനും വായിക്കാൻ കിട്ടിയിരുന്നില്ല എന്നതാണു വാസ്തവം. അതുകൊണ്ടു് ആശാനിലെ കവിയെ അല്ലാതെ, ഗദ്യകാരനെ ആർക്കും കാണാൻ സാധിക്കാതെ പോവുകയാണുണ്ടായത്.

കുമാരനാശാനിലെ ലബ്ധപ്രതിഭനായ ഗദ്യകാരനെ കാണാനും അറിയാനും ഇന്നത്തെ തലമുറയ്ക്കു് അവസരം കിട്ടിയിട്ടില്ലായിരുന്നു, 'ആശാന്റെ ഗദ്യലേഖനങ്ങൾ' എന്ന രണ്ടു വാല്യങ്ങളിലുള്ള സമാഹാരഗ്രന്ഥം പ്രസിദ്ധീകൃതമാവുംവരെ. വർത്തമാനകാലത്തെ ഗവേഷണവിദ്യാർത്ഥികൾക്കുപോലും അപ്രാപ്യമായിത്തീർന്നിട്ടുള്ള മൺമറഞ്ഞുപോയ 'വിവേകോദയം', 'പ്രതിഭ', 'മിതവാദി' മുതലായ മാസികാഗ്രന്ഥങ്ങളിൽ ആശാൻ എഴുതിയ ലേഖനങ്ങളും വിമർശനങ്ങളും പത്രാധിപക്കുറിപ്പുകളും മറ്റും സഹൃദയലോകത്തിനു് ഏതാണ്ടു് ഒരടഞ്ഞ പുസ്തകമായിരുന്നു. ഇതിന്റെ ദുഷ്ഫലം ആശാനെക്കുറിച്ചെഴുതിയിട്ടുള്ളവരിൽ പ്രാമാണികരായവരുടെ കൃതികളിൽപ്പോലും കാണാവുന്നതാണു്.

ഇന്നു് പ്രചാരത്തിലില്ലെങ്കിലും, എഴുതപ്പെട്ട കാലത്തു് ജനങ്ങളെ വളരെയധികം സ്വാധീനിക്കുകയും അവരിൽ പരിവർത്തനത്വര വളർത്തുകയുംചെയ്ത ആശാന്റെ ഗദ്യനിബന്ധങ്ങൾ കവിതകൾപോലെതന്നെ പ്രാധാന്യമുള്ളവയാണു്. പ്രചാരമില്ലായ്മക്കുകാരണം അവയുടെ ലഘുത്വർഥകത്വമോ അപ്രാധാന്യമോ അല്ല. അവ പുസ്തകരൂപത്തിൽ ജനസാമാന്യത്തിനു മുമ്പിൽ എത്തായ്കയാണു്. ഈ കുറവു് പരിഹരിച്ചു് അവ യഥാർഹം പ്രാപിയ്ക്കാൻ സഹൃദയലോകത്തെ പ്രാപ്തമാക്കുക എന്ന കൃത്യമാണു് കുമാരനാശാൻ സ്മാരകസമിതിയിലൂടെ ഈ പുസ്തക പ്രകാശനത്തിലൂടെ നിറവേറ്റിയത്.

കേരളത്തിലെ സാഹിത്യരസികന്മാർക്കു്, കേട്ടുകേൾവി മാത്രമായവശേഷിച്ചിരുന്ന ആശാന്റെ ഗദ്യരചനകൾ കയ്യിൽ കിട്ടിയപ്പോഴുണ്ടായ അത്ഭുതാദരങ്ങളുടെ വേലിയേറ്റമാണു് ഈ ഗ്രന്ഥത്തിനു് ഇത്ര വേഗത്തിൽ മറ്റൊരു പതിപ്പിന്റെ ആവശ്യകത കൈവരുത്തിയതു് എന്നൂഹിക്കുന്നതിൽ തെറ്റില്ല. നാശോന്മുഖമായ പഴയ പത്രമാസികകളുടെ ദ്രവിച്ചുകൊണ്ടിരിക്കുന്ന താളുകളിൽ വിസ്മൃതിയിലൂടെയുള്ള മരണം കാത്തുകിടന്ന ഈ സാരസ്വതങ്ങളെ സമുദ്ധരിച്ചു് ഇനിയൊരിക്കലും മരിക്കാനിടവരാത്ത വിധത്തിൽ പുനരവതരിപ്പിച്ചിരിക്കയാണു് ഈ ഗ്രന്ഥത്തിൽ.

ആശാന്റെ കാവ്യങ്ങൾപോലെതന്നെ മഹാർഘങ്ങളാണു് ഈ ഗദ്യരചനകളും. കലാപരമായ മേന്മകൊണ്ടല്ല അവ നമ്മെ ആകർഷിക്കുന്നതു്; പ്രധാനമായും സാമൂഹികമായ പ്രസക്തികൊണ്ടും അർത്ഥഗരിമകൊണ്ടുമാണു്. ഒരു കാലഘട്ടത്തെ ഉഴുതുമറിക്കുകയും

Digitized By Kerala Sahitya Akademi

പരിവർത്തനോന്മുഖമാക്കുകയും ചെയ്ത ഉൽതിസീരങ്ങളാണ് അവയെന്ന് സമകാലിക ചരിത്രവുമായി ബന്ധപ്പെട്ടവർക്ക് മനസ്സിലാക്കാൻ വിഷമമില്ല. അതുകൊണ്ടുതന്നെ അവയ്ക്കുള്ള സ്ഥാനം സാഹിത്യചരിത്രത്തിലല്ല എന്നും പറയേണ്ടിവരും. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലെ ഒരു നിർണ്ണായകഘട്ടത്തെ വഴി തിരിച്ചുവിടാൻ നടത്തിയ ധർമ്മസമരത്തിലുപയോഗിച്ച ദിവ്യായുധങ്ങളാണ് അവയിലധികവും എന്നതുകൊണ്ട് അവയെ അത്തരത്തിൽ വിലയിരുത്തുകയാവും ശരി.

സാഹിത്യ പുരോഗതിപോലെതന്നെ പ്രധാനമാണ് സാമൂഹിക പുരോഗതിയും. കവിയെന്നനിലയിൽ സാഹിത്യപുരോഗതിക്കും, പത്രാധിപർ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ സാമൂഹിക പുരോഗതിക്കും ആശാൻ മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. എന്നാൽ കവി എന്ന നിലയിൽ മാത്രം അദ്ദേഹത്തെ കാണാനാണ് നിരൂപകന്മാരധികവും ശ്രമിച്ചിരിക്കുന്നത്. ഇത് ചരിത്രപരമായി സാധൂകരിക്കാവുന്നതല്ല എന്ന് ഈ ഗദ്യലേഖനസമാഹാരം വായിക്കുന്ന ആർക്കും വ്യക്തമാവുന്നതാണ്. കുമാരനാശാന്റെ സമഗ്രമായ വ്യക്തിത്വത്തെ വിലയിരുത്തുമ്പോൾ സമുദായ സേവനവും രാജ്യസേവനവും പത്രപ്രവർത്തനവും സാഹിത്യസേവനത്തിനു തുല്യമായ പ്രാധാന്യംനേടി ഉയരുന്നതു കാണാം. അദ്ദേഹത്തിന്റെ രാജ്യ-സമുദായ സേവനത്തിന്റെയും പത്രപ്രവർത്തനത്തിന്റെയും ഉപോൽപ്പന്നമാണ് ഗദ്യരചനകളെല്ലാം തന്നെ. അവയിലൂടെ തെളിയുന്ന വ്യക്തിസത്താംശത്തെകൂടി കണക്കിലെടുത്താലേ ആശാന്റെ ജീവിതകഥയുടെ അർത്ഥപൂർണ്ണത നമുക്ക് അറിയാൻ കഴിയുകയുള്ളൂ.

കവിക്കും സാമൂഹിക പരിഷ്കർത്താവിനും തൊട്ടുപിറകിൽ ആശാനിലെ സാഹിത്യ മർമ്മജ്ഞനായ വിമർശകൻ പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വന്തമായ ഒരു വിമർശന കലാപദ്ധതിതന്നെ അദ്ദേഹം ആവിഷ്കരിച്ചു നടപ്പാക്കുകയുണ്ടായതിന്റെ വ്യക്തമായ തെളിവാണ് ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള "പുസ്തകാഭിപ്രായങ്ങളും നിരൂപണങ്ങളും." ആശാന് സ്വന്തമായ, അദ്ദേഹത്തിന്റെ കാവ്യകലപോലെതന്നെ വിശിഷ്ടവ്യക്തിത്വം പുലർത്തുന്ന ഒരു വിമർശനകലയുണ്ടോ എന്ന സംശയത്തിന് നിവൃത്തി ഈ ഗദ്യസരോവരത്തിൽ മുങ്ങിക്കയറുന്നവർക്കുണ്ടാകും എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

ഇങ്ങനെ പല നിലയിലും ആശാന്റെ വ്യക്തിത്വത്തിലെ പുതിയ തലങ്ങളെ പ്രത്യക്ഷപ്പെടുത്താൻ സഹായിക്കുന്ന ഉൽക്കൃഷ്ടങ്ങളായ ഉപാദാന കാരണങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം എന്ന കാരണത്താൽത്തന്നെ അത് മലയാളഭാഷക്ക് വിലമതിക്കാനാവാത്ത ഒന്നാണ്. ഇതിനെ പുനഃപ്രസാധനം ചെയ്യാൻ ഇടവന്നതിൽ കുമാരനാശാൻ സ്മാരകകമ്മിറ്റിക്ക് അത്യധികം സന്തോഷമുണ്ട്. ഈ ഗദ്യലേഖനങ്ങളുടെ ക്ലേശകരമായ പഠനത്തിലൂടെ ആശാനെക്കുറിച്ച് പുതിയ വെളിച്ചം നൽകുന്ന വിമർശന ഗ്രന്ഥങ്ങൾ സംജാതമാവുമെന്ന പ്രതീക്ഷയും ഞങ്ങൾക്കുണ്ട്.

ഡോ. ടി. കെ. രവീന്ദ്രൻ,
പ്രസിഡൻറ്
കുമാരനാശാൻ സ്മാരകകമ്മിറ്റി

തോന്നയ്ക്കൽ
28-3-1984

Digitized By Kerala Sahitya Akademi

ഉള്ളടക്കം

പുസ്തകാഭിപ്രായങ്ങളും നിരൂപണങ്ങളും

ഭട്ടമുനി, ആൾമാറാട്ടം (പുറം 15); സോമസുന്ദരൻ, കൃഷ്ണാർജ്ജുന വിജയം ആട്ടക്കഥ, സഹജോപദേശം (16); തത്ത്വബോധംഭാഷ, സദാനന്ദവിലാസം (17); ആയുർവേദ ഔഷധനിഘണ്ടു (18); ഗുണവതി വിക്ടോറിയാ (20); ഗദ്യമാലിക (23); സുഭദ്രാഹരണം ഖണ്ഡകാവ്യം, കനകമാലിക (24); സന്താർഗ്ഗചന്ദ്രിക മണിപ്രവാളം, മൂന്നു താരാട്ടുകൾ (26); മൂന്നു ഖണ്ഡകാവ്യങ്ങൾ (27); ഗദ്യമാലിക രണ്ടാം ഭാഗം (28); ഭാസ്കരമേനോൻ (29); അശ്വലക്ഷണം മണിപ്രവാളം, ഭാരതവിലാസം റിപ്പോർട്ട് (31); പ്രാചീന സ്തോത്രമാലിക, സ്ത്രീധർമ്മം (32); വേദാന്ത പ്രദീപം (33); തന്ത്രരത്നം (34); സൂതികാമൃതം (35); അഞ്ജന്നിദാനം, വഞ്ചീശശതകം (36); നിദാനസ്ഥാനം (37); പദ്യപാഠാവലി (38); ഗീതാരഹസ്യം, യഥാർത്ഥഭാരതി (40); സ്ത്രീധർമ്മം, ഭാഷാശാകുന്തളം (41); കൃഷിശാസ്ത്രം (43); ഗദ്യമാലിക 3-ാം ഭാഗം (44); വേദാന്തസാരാവലി (45); കൃഷിശാസ്ത്രം, വർണ്ണതത്ത്വപ്രബോധിനി (46); "മലങ്കര സുറിയാനി സംരക്ഷകൻ" (47); വിഷവിദ്യ (48); ഭാഷാഭൈമീപരിണയം നാടകം (49); ശ്രീനാരായണപരമഹംസചരിതം, ഭഗവദ്ഗീത (53); ശ്രീമൂലരാജവിജയം, ഭാഷാരഘുവംശം (54); സാഹിത്യ സാഹ്യം (55); ശങ്കരവിജയം ഭാഷാഗാനം (57); ഭാര്യാധർമ്മം, തിരുവിതാംകൂർ 1911-ലെ സെൻസസ് റിപ്പോർട്ട് (58); ലഘുപാണിനീയം (65); സംഗീത ശാകുന്തളം (67); അഷ്ടാംഗഹൃദയം ഭാഷ (69); കുചേലൻ (70); രുഗ്മാംഗദ ചരിതം (73); സ്തവകുസുമാഞ്ജലി (74); ഉമാകേരളം (75); വിജ്ഞാന കല്പദ്രുമം, രാജാ സർ ടി. മാധവരായർ (79); ഗണപതി, വർണ്ണതത്ത്വ പ്രബോധിനി (80); ജനനീ നവരത്നമഞ്ജരി, കലികി പുരാണം (82); ഭാഷാവിലാസം (84); മഹാഭാരതം ഭാഷാഗദ്യം (85); സിദ്ധഗീത (86); രാധാറാണി (87); ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങൾ, അഷ്ടകമഞ്ജരി (88); ബന്ധനസ്ഥനായ അനിരുദ്ധൻ (89); സൽക്കഥകൾ, സാഹിത്യാദർശം (90); സുശ്രുതസംഹിതപരിഭാഷ-സൂത്രനിദാനസ്ഥാനങ്ങൾ (91); മഹാഭാരത കഥ (93); പുകയില മാഹാത്മ്യം (94); സ്നേഹലത (96); പത്മിനി (97); അഷ്ടാംഗഹൃദയം ഭാഷ (99); മലയാള മാഘം (102;) ചിത്രയോഗം (104); ചിത്രയോഗ നിരൂപണം—പ്രത്യാഖ്യാനത്തിനുത്തരം (106); ഭൂലോകത്തിന്റെ വ്യാപാര ചരിത്രം (130); ആത്മപോഷിണിയും പ്രരോദന നിരൂപണവും (133); "ഞങ്ങളുടെ സഹജീവികൾ" (142).

Digitized By Kerala Sahitya Akademi

അനുസ്മരണങ്ങൾ

ചാവറകോട്ട കൊച്ചുചെറുക്കൻ വൈദ്യൻ, കടത്തനാട്ട പോർളാതിരി ഉദയവർമ്മ തമ്പുരാൻ (പുറം 153); തൈക്കാട്ട് അയ്യാവ് (154); ചങ്കരം കുമരത്ത് പാറൻ (155); അനന്തപുരത്ത് മുത്തകോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ (156): മാഞ്ഞേരിക്കണ്ടി കണ്ണൻ (157); കേരളവർമ്മകോയിത്തമ്പുരാൻ (159); ഗോപാലകൃഷ്ണ ഗോഖലേ (160); റാവുബഹദൂർ ഒയിറാറിക്കൃഷ്ണൻ ബി. എ. ബി. എൽ. (162); സി. കൃഷ്ണപിള്ള (163): അരീക്കര ഏ. കെ. പുരുഷോത്തമൻ (165); പരവൂർ വി. കേശവൻ വൈദ്യർ (166); എസ്. പത്മനാഭപ്പണിക്കർ ബി. എ. ബി. എൽ (167); പറമ്പിൽ ചാത്തുണ്ണി (170).

കുറിപ്പുകളും ലേഖനങ്ങളും

സ്വാമിയുടെ ആത്മോപദേശശതകം (173); മനനമാലാ താൽപര്യം (180); ശാശ്വതമായ വിജ്ഞാനം (182); നിർബന്ധിത വിദ്യാഭ്യാസം (187); ഒരു ബോർഡിംഗ് സ്കൂൾ (191); വ്യവസായം (195); കൂട്ടുവ്യാപാരങ്ങളുടെ ആവശ്യകത (197); ലഘുപദാർത്ഥങ്ങൾ (201); സ്നേഹവും ധർമ്മവും (203); ജാതിസങ്കടം (214).

അനുബന്ധം

I. ചിത്രയോഗം—ഒരു പ്രത്യാഖ്യാനം (228)

II. പ്രാരോദനം—നിരൂപണം (234)

Digitized By Kerala Sahitya Akademi

പുസ്തകാഭിപ്രായങ്ങളും നിരൂപണങ്ങളും

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഭദ്രമുനി

വിവ: പി. മമ്മു

ഇത് ഗദ്യത്തിൽ എഴുതപ്പെട്ട ഒരു ചെറിയ കഥയാണ്. ഇതിന്റെ പരിഭാഷകൻ ബർമ്മാ മെഡിക്കൽ സർവീസിൽ ഹോസ്പിറ്റൽ അസിസ്റ്റന്റായിരിക്കുന്ന ഒരു മിസ്റ്റർ പി. മമ്മു ആണെന്നും വിശിഷ്യ അദ്ദേഹം ഒരു മഹമ്മദനാണെന്നും അറിയുന്നതു പലർക്കും കൗതുകപ്രദമായിരിക്കും. അമാനുഷ സംഭവങ്ങളെക്കൊണ്ടു പൂർണ്ണമാണെങ്കിലും സരസമായ ഈ പ്രബന്ധം താഴ്ന്നതരം വായനക്കാരെ നല്ലവണ്ണം ആകർഷിക്കും. ഭാഷയുടെ സൗഷ്ഠവം പോരാ. മിസ്റ്റർ മമ്മുവിന്റെ ഏതാദൃശമായ ശ്രമത്തെ ഞങ്ങൾ ശ്ലാഘിക്കുന്നു. മലയാളസാഹിത്യലോകത്തിൽ ഇദംപ്രഥമമായൊരു മഹമ്മദന്റെ പ്രവേശം എത്രതന്നെ സദോഷമായിരുന്നാലും നിർമ്മൽസരൻമാരായ ഭാഷാഭിമാനികൾക്ക് പ്രിയമായേ ഇരിക്കൂ.

വിവേകോദയം 1080 മേടം.

ആൾമാറാട്ടം

വിവ: ററി. കെ. നാണു

ഇത് ലാംബ്സിന്റെ "റേൽസ് ഫ്രം ഷേക്സ്പീയർ" എന്ന പുസ്തകത്തിൽ നിന്നും ഭാഷാന്തരം ചെയ്യപ്പെട്ട ഒരു ചെറിയ ഗദ്യപ്രബന്ധമാണ്. പരിഭാഷകൻ ഇതിനു മുമ്പുതന്നെ ഒരു ഗ്രന്ഥകാരന്റെ നിലയിൽ അറിയപ്പെട്ടിട്ടുള്ള ററി. കെ. നാണു അവർകളാണ്. മഹാകവിയായ ഷേക്സ്പീയറുടെ കഥാഘടനയിൽ ഉള്ള ബുദ്ധിവൈചിത്ര്യത്തെയും സാരസ്യത്തെയും വിശദമായി പരിവർത്തിപ്പിക്കുന്നതിൽ പരിഭാഷകന്റെ ഭാഷാരീതി എല്ലാ സന്ദർഭത്തിലും സഹജമായ സാരള്യത്തോടുകൂടി ഉപയുക്തമായിട്ടുണ്ട്. ഉയർന്നതരം വിനോദ കഥകൾ വായിപ്പാൻ ആഗ്രഹിക്കുന്നവർക്ക് ഭാഷയിൽ ഇത്തരം പുസ്തകങ്ങൾ ആവശ്യമാണ്.

വിവേ. 1080 മേടം

Digitized By Kerala Sahitya Akademi

സോമസുന്ദരൻ

വിവ: ററി. കെ. പത്മനാഭൻ

ഇത് ഇംഗ്ലീഷിൽ നിന്നും തർജ്ജുമ ചെയ്യപ്പെട്ട ഒരു ചെറിയ കഥയാണ്. പരിഭാഷകൻ മിസ്റ്ററർ ററി. കെ. പത്മനാഭൻ ഭാഷയിൽ ഒരുവിധം തൃപ്തികരമായ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്. സത്യസന്ധതയുടെ ഗുണത്തേയും ചാരിത്രശുദ്ധിയുടെ ലോകോത്തര മഹിമയേയും കഥാകഥനരൂപേണ അതിമനോഹരമാംവണ്ണം ഇതു പ്രതിപാദിക്കുന്നു. ഇത് ഒരു കഥാപുസ്തകത്തിന്റെ സാരസ്യത്തേയും ഒരു സദാചാരോപദേശത്തിന്റെ ഗൗരവത്തേയും ഏകകാലത്തിൽ വഹിക്കുന്നു.

വിവേ. 1080 മേടം

കൃഷ്ണാർജ്ജുനവിജയം ആട്ടക്കഥ

മൂലൂർ

ഇതു പ്രസിദ്ധ കവിയായ മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർകളുടെ ഒരു നവീന കൃതിയാകുന്നു. ആട്ടക്കഥകൾക്കു പുതിയ സാഹിത്യകോടിയിൽ പ്രവേശം കുറവാണെങ്കിലും പണിക്കരുടെ കവിതാമാധുര്യം അതിനും ഒരു പുതുമയെ ഉണ്ടാക്കീട്ടുണ്ട്.

മേൽപ്പറഞ്ഞ നാലു പുസ്തകങ്ങളും എസ്. ററി. റെഡ്യാർ അവർകളുടെ ആഫീസിൽ നിന്നും പുറപ്പെട്ടവയാകുന്നു. അച്ചടിയും ബയൻഡിങ്ങും നന്നായിട്ടുണ്ട്. ഈ വിഷയത്തിൽ റെഡ്യാർ അവർകൾ പൂർവാധികമായി ശ്രദ്ധിച്ചു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

വിവേ. 1080 മേടം

സഹജോപദേശശതകം

കെ. നാരായണൻ

ഇത് ഒരു പദ്യകൃതിയാണ്. കർത്താവായ കെ. നാരായണൻ അവർകൾ ഒരു ബാലനും ഇത് അയാളുടെ പ്രഥമകൃതിയും ആണെന്നു കാണുന്നതിൽ ഞങ്ങൾക്കു സവിശേഷമായ സന്തോഷമുണ്ട്. സഹജന്നു സദാചാരോപദേശം ചെയ്യുന്ന ഈ കൃതിയുടെ വിഷയം നല്ലതും രചന ഒഴുക്കും പദസൗഷ്ഠവവുമുള്ളതുമാകുന്നു. മിസ്റ്ററർ കെ. നാരായണൻ ഇത്തരം ശ്രമങ്ങളിൽ ഉയർന്നനിലയെ പ്രാപിച്ചുകാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

വിവേ. 1080 മേടം

Digitized By Kerala Sahitya Akademi

തത്ത്വബോധം ഭാഷ

വിവ: കെ. എ. രാമൻപിള്ള

ശ്രീമച്ഛങ്കരാചാര്യരവർകളുടെ മൂലത്തിൽ നിന്നും മിസ്റ്റർ കെ. എ. രാമൻപിള്ള മലയാളത്തിൽ തർജ്ജുമ ചെയ്തതും തൃശ്ശിവപേരൂർ ഭാരതവിലാസം പ്രസ്സിൽ അച്ചടിച്ചതുമായ 'തത്ത്വബോധം ഭാഷ' എന്ന ചെറിയ പുസ്തകം ഞങ്ങൾ സസന്തോഷം കൈപ്പറ്റിയിരിക്കുന്നു. മലയാളഭാഷയിൽ പ്രൗഢങ്ങളായ പല അദ്വൈത പുസ്തകങ്ങളുടെയും പ്രവേശനം അധികപ്പെട്ടവരുന്ന ഇക്കാലത്ത് ആ ശാസ്ത്രത്തിന്റെ സംക്ഷിപ്തമായ മൂലതത്ത്വങ്ങളുടെ ജ്ഞാനം ജനങ്ങൾക്കുണ്ടായിരിക്കേണ്ടതു് ആവശ്യകമാണല്ലോ. ആ ആവശ്യത്തെ നിറവേറ്റുന്നതിന് തത്ത്വബോധത്തെപ്പോലെ ഉതകുന്ന പുസ്തകാന്തരം ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ട് അതിന്റെ ഭാഷാന്തരനയനത്തിൽ ശ്രമിച്ച മിസ്റ്റർ രാമൻപിള്ളയുടെ സമയോചിതമായ ഉദ്യമത്തെ ഞങ്ങൾ ശ്ലാഘിക്കുന്നു. ഈ പരിഭാഷകൻ നമ്മുടെ ഒരു മാന്യയോഗാംഗമായിരുന്നു് അകാലവിയോഗത്തെ പ്രാപിച്ചുപോയ കൊച്ചി പള്ളിപ്പുറത്തു അച്യുതൻ വൈദ്യരവർകളുടെ ഭാഗിനേയനും യോഗം വക പ്രാസംഗികരിൽ ഒരാളും ആണ്.

വിവേ: *1080 കർക്കടകം*

സദാനന്ദവിലാസം

ബ്രഹ്മശ്രീ സദാനന്ദസ്വാമി അവർകളുടെ മതസംബന്ധമായ പരിശ്രമങ്ങളെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ കേരളത്തിൽ ചുരുങ്ങും. സ്വാർത്ഥബുദ്ധിയില്ലാത്ത പ്രവൃത്തികൾക്കു സ്വയമേവ ഉണ്ടാകാറുള്ള വിജയത്തോടുകൂടി അദ്ദേഹത്തിന്റെ അക്ഷീണമായ യത്നം സ്തുത്യർഹമാം വണ്ണം മുന്നോട്ടുകയറുന്നുണ്ടു്. ഒരു പ്രത്യേക സമുദായത്തിന്റെ നേതൃസ്ഥാനത്തിൽ കാണപ്പെടുകയാണെങ്കിലും ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളെപ്പോലെ അദ്ദേഹത്തിന്റെയും ദയാദൃഷ്ടി മനുഷ്യവർഗ്ഗത്തെ മുഴുവൻ വ്യാപിക്കത്തക്ക മഹാമനസ്കതയോടുകൂടിയതാണെന്നു് പല കാരണങ്ങളിലും അറിയാൻ ഇടവരുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. പ്രസ്തുത മാസിക മുഖ്യമായി അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും പ്രവൃത്തികളേയുംപറ്റി പ്രതിപാദിക്കുന്നതും അദ്ദേഹത്തിന്റെ സ്ഥാപനമായ ബ്രഹ്മനിഷ്ഠാമഠങ്ങളുടെ മഹാതലസ്ഥാനംവകയും ആകുന്നു. ഈ ശൈശവാവസ്ഥയിൽ തന്നെ ഇതിന്റെ ഗുണത്തെക്കുറിച്ചു് ഞങ്ങൾ പ്രശംസിപ്പാൻ പുറപ്പെടുകയില്ലെങ്കിലും, ഇങ്ങനെ ഒരു മാസികകൂടി നമ്മുടെ ഇടയിൽ ആവശ്യമാണെന്നും അതിന്റെ ആരംഭം സമയോചിതമായും

Digitized By Kerala Sahitya Akademi

നന്നായും ഇരിക്കുന്നു എന്നും ഉള്ള വാസ്തവത്തെ പറഞ്ഞു കഴിയു. പല മാന്യന്മാരും മുൻകൂട്ടി വരി അടച്ചുകൊട്ടത്തു് ഇതിന്റെ പ്രവർത്തകന്മാരെ പ്രോത്സാഹിപ്പിക്കുന്നതായിക്കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കയും വിവേകോദയം വരിക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനു് ഈ അവസരത്തെ ഉപയോഗിക്കുകയും ചെയ്യുന്നു. ഈ മാന്യസഹജീവിയുടെ ഉദയത്തെ വിവേകോദയം സവിശേഷമായ സഹോദരവാത്സല്യത്തോടുകൂടി അനുമോദിക്കുകയും ശ്രീമാൻ സദാനന്ദസ്വാമി അവർകളുടെ കാരുണ്യംകൊണ്ടും പ്രവർത്തകന്മാരുടെ വർദ്ധമാനമായ ശ്രമംകൊണ്ടും ഇതിന്റെ ഭാവി വിജയപൂർണ്ണമായിരിക്കുമെന്നു് വിശ്വസിക്കുകയും ചെയ്യുന്നു.

വിവേ: 1081 വൃശ്ചികം.

ആയുർവേദീയ ഔഷധനിഘണ്ടു

കുമാരൻ കൃഷ്ണൻ

മലയാള വൈദ്യന്മാരുടെ ഇടയിൽ വളരെ നൂറ്റാണ്ടുകളായി ഉണ്ടായിരുന്ന ഒഴിച്ചുകൂടാത്ത ഒരാവശ്യം പ്രസ്തുത പുസ്തകത്താൽ തൃപ്തികരമാംവണ്ണം നിറവേറ്റപ്പെട്ടു. ഇതിന്റെ യോഗ്യതകളെപ്പറ്റി അഭിപ്രായം പറയത്തക്കക്ക യോഗ്യതയുള്ള എല്ലാ വലിയ പ്രമാണികന്മാരും മാന്യസഹജീവിയായ 'ധന്വന്തരി'യും ചെയ്തിരിക്കുന്ന അസാധാരണമായ പ്രശംസകൾ ഇതിനു് ഒരിക്കലും അധികമായിപ്പോയിട്ടില്ല. അടുത്തകാലത്തു മലയാളഭാഷയിൽ ഇത്ര ഉപയുക്തവും സുനിഷ്ടാദിതവുമായ ഒരു പുസ്തകം വൈദ്യവിഷയത്തിൽ മാത്രമല്ല മറ്റൊരു വിഷയത്തിലും പുറപ്പെട്ടിട്ടില്ലെന്നു പറഞ്ഞാൽ അബദ്ധമാകയില്ലെന്നു വിശ്വസിക്കുന്നു. കുമാരൻ കൃഷ്ണൻ അവർകൾ 10 കൊല്ലങ്ങൾക്കുമേലായി ഈ ഭാരമേറിയ കൃത്യത്തിൽ ഏർപ്പെട്ടിരിക്കയാണെന്നു ഞങ്ങൾ മുൻകൂട്ടി അറിയുകയും മാനസികമായി അദ്ദേഹത്തിന്റെ പ്രവൃത്തിക്കു വിജയം ആശംസിക്കുകയും ചെയ്തിട്ടുണ്ടു്. ജനങ്ങൾക്കു് അനശ്വരമായ ഒരനുഗ്രഹവും തനിക്കു് നിത്യമായ യശസ്സിനു നിദാനവുമായ ഈ പ്രവൃത്തിയിൽ ഇപ്പോൾ ഇദ്ദേഹത്തിനുണ്ടായ പൂർണ്ണമായ വിജയത്തെ ഞങ്ങൾ ഹൃദയപൂർവം അഭിനന്ദിക്കുന്നു. ഔഷധികളുടെ പേരുകളെ തെറ്റിദ്ധരിച്ചും തോന്ന്യാസമായി വ്യാഖ്യാനിച്ചും അറിയാഞ്ഞും പല വലിയവൈദ്യന്മാർക്കുടിയുംകഠിനമായ തകരാറുകൾ ചെയ്യാറുണ്ടെന്നുള്ളതു രഹസ്യമല്ല. ഇത്ര ശുദ്ധവും വിസ്തീർണ്ണവുമായ ഈ നിഘണ്ടുവിന്റെ ആവിർഭാവം മലയാള വൈദ്യലോകത്തിനു് ഒരു പരമാനുഗ്രഹമായിത്തീരുന്നതാണു്. നാട്ടുവൈദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ഗവണ്മെന്റു് ഇതിനെ ഏറ്റവും ബഹുമാനിക്കേണ്ടതും ഇതിന്റെ കർത്താ

Digitized By Kerala Sahitya Akademi

വിനെ ഉചിതമാംവണ്ണം പ്രോത്സാഹിപ്പിക്കേണ്ടതും ആകുന്നു. ഗ്രന്ഥകർത്താവു കൂടെക്കൂടി അടുപ്പമുള്ള ഒരാളായിരുന്നു എങ്കിൽ അദ്ദേഹത്തിനു ഗവൺമെൻറിൻെറ വലിയ സമ്മാനങ്ങൾ ലഭിപ്പാനും പുസ്തകം ഗവൺമെൻറിൻെറ ചെലവിൽ തന്നെ അച്ചടിക്കകൂടി ചെയ്യാനും ഇടയാകുമായിരുന്നു എന്നു വിചാരിക്കത്തക്ക യോഗ്യതയാണ് ഈ ഗ്രന്ഥത്തിനുള്ളത്. നാടുനീങ്ങിപ്പോയ വിശാഖം തിരുനാൾ തിരുമനസ്സിലെ കാലത്ത്, കഴിഞ്ഞുപോയ തിരുവനന്തപുരം തോട്ടത്തിൽ കേശവൻ വൈദ്യൻ എന്ന സംസ്കൃത പണ്ഡിതൻ ഒരു മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഏതാനും ഭാഷാശ്ലോകങ്ങളുടെ ചമൽക്കാരത്തെ ഓർത്ത്, ആ തിരുമേനി ആ വിദ്വാനെ കൊട്ടാരത്തിൽ വരുത്തി വീരശൃംഖല കല്പിച്ചുകൊടുക്കുകയും അദ്ദേഹത്തെ ഒടുവിൽ 'കൊട്ടാരം വൈദ്യ'നായി സ്വീകരിച്ചു ചെലവു പതിച്ചു കൊടുക്കുകയും ചെയ്തിരുന്നു. ആ തിരുമേനി ഒരു ഈഴവനെ പ്രോത്സാഹിപ്പിച്ചത് ഇങ്ങനെയാകുന്നു. ഇതിനെയും നമ്മുടെ പ്രജാവത്സലനായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് ഏതാദൃശ കൃത്യങ്ങളിൽ പ്രദർശിപ്പിക്കുന്ന ഔദാര്യാതിശയത്തിൻെറ അന്യദൃഷ്ടാന്തങ്ങളെയും ഓർക്കുമ്പോൾ, വിവരം തിരുവുള്ളമുണർന്നാൽ കുമാരൻ കൃഷ്ണൻ അവർകൾ തിരുമനസ്സിലെ പ്രത്യേക കാരുണ്യത്തിന് പാത്രമാകേണ്ടതാണെന്നു വിചാരിപ്പാൻ ന്യായമുണ്ട്. പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളുമായ എല്ലാ ഔഷധങ്ങളുടെയും നടപ്പുള്ളിടത്തോളം സ്വഭാഷയിലും പ്രധാനമായ അന്യഭാഷകളിലും ഉള്ള പേരുകളും, ഓരോന്നിൻെറയും രസവീര്യവിപാകങ്ങളും ഗുണം ത്യാജ്യഗ്രാഹ്യഭാഗങ്ങൾ മുതലായതും ആർക്കും അറിയത്തക്കവണ്ണം വിശദമായ വിധത്തിൽ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. നല്ല കടലാസിൽ വൃത്തിയായി അച്ചടിച്ചു റായൽ എട്ടുവലിപ്പത്തിൽ 1000-ൽ പരം ഭാഗങ്ങൾ അടങ്ങീട്ടുള്ള ഈ പുസ്തകത്തിന് 7 ക. മാത്രം വില വച്ചിരിക്കുന്നത് അതിൻെറ ഗുണം പൊതുജനങ്ങൾക്ക് അനുഭവിപ്പാൻ ഏറ്റവും ഇടകൊടുക്കുന്നു. ഒരു വൈദ്യൻെറ ഗ്രന്ഥശാലയിൽ ഒരിക്കലും ഒഴിച്ചുവയ്പാൻ പാടില്ലാത്ത ഈ പുസ്തകം കേരളത്തിലെ സകല വൈദ്യൻമാരും ഈ അൽപ്പ വില കൊടുത്തു സമ്പാദിച്ചുകൊള്ളുന്നതാണെന്നുള്ളതിൽ തർക്കമില്ല. 'തയ്യിൽ കുമാരൻകൃഷ്ണൻ അവർകൾ, ആലപ്പുഴ' എന്ന മേൽവിലാസത്തിൽ എഴുതിയാൽ ഈ പുസ്തകം കിട്ടുന്നതാകുന്നു. മലയാള വൈദ്യമാരുടെ ഇടയിൽ സ:ധാരണ സംസ്കൃത ഗ്രന്ഥങ്ങളുടെ പ്രചാരവും അച്ചടിയും കുറവായിരുന്ന കാലമായ ഒരു മുപ്പതുകൊല്ലങ്ങൾക്കു മുൻപ് അഷ്ടാംഗ ഹൃദയത്തിനു 'ഭാസ്കരം' എന്ന ഒരു ഭാഷാവ്യാഖ്യാനം ഇദം പ്രഥമമായി പുറപ്പെടുവിച്ച വടക്കേമലയാളത്തിലെ ഉപ്പോട്ടുകണ്ണൻ അവർകളും ഈ ഔഷധനിഘണ്ടുകാരനും നമ്മുടെ സമുദായാംഗങ്ങളാണെന്നുള്ള അഭിമാനകരമായ വാസ്തവത്തെക്കൂടി ഈ അവസരത്തിൽ ഞങ്ങൾ ഓർമ്മിക്കുന്നു.

വിവേ. 1081 ഇടവം, മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

ഗുണവതി വിക്ടോറിയാ

എൻ. കെ. നാരായണൻ

ഏതാനും കാലം 'കേരള സന്ദേശ'ത്തിന്റെ പത്രാധിപരായിരുന്ന മിസ്റ്റർ എൻ. കെ. നാരായണൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'ഗുണവതി വിക്ടോറിയാ' എന്ന ഭാഷാന്തരീകരണത്തിന്റെ ഒരു പ്രതി അഭിപ്രായത്തിനായി ഇവിടെ അയച്ചു തന്നതിനെ കൃതജ്ഞതാപൂർവം കൈപ്പറ്റിയിരിക്കുന്നു. മിസ്റ്റർ നാരായണൻ ഞങ്ങളുടെ അഭിപ്രായം ആവശ്യപ്പെട്ടിരുന്നില്ലെങ്കിൽ ഇത്ര സന്തോഷരഹിതമായ ഒരു നിരൂപണം എഴുതുന്നതിനു ഞങ്ങൾ ഉദ്യമിക്കുന്നതല്ലായിരുന്നു എന്ന് ആദ്യമേ തന്നെ പറഞ്ഞുകൊള്ളട്ടെ.

പുസ്തകം ഞങ്ങൾ ഒരാവൃത്തി ശ്രദ്ധാപൂർവം വായിച്ചു നോക്കി. ഇങ്ങനെ ഒരു പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്തുവാൻ തുനിഞ്ഞ ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കാൻ, മലയാള ഭാഷയോടു ഞങ്ങൾക്കുള്ള കടമ ഞങ്ങളെ അനുവദിക്കുന്നില്ല. ഈ പുസ്തകത്തിൽ കാണുന്ന സ്ഖലിതങ്ങളേയും ഞങ്ങൾക്ക് അശേഷം രുചിക്കാത്ത ഭാഗങ്ങളെയും ചൂണ്ടിക്കാണിച്ച് ആക്ഷേപം ചെയ്യുന്ന പക്ഷം അതിനു വിവേകോദയത്തിന്റെ അനേകം ഭാഗങ്ങൾ ആവശ്യപ്പെടുമെന്നു കാണുന്നതിനാൽ ഞങ്ങൾ തല്ക്കാലം ഏതാനും സംഗതികളെക്കുറിച്ചു മാത്രമേ പറയാൻ വിചാരിക്കുന്നുള്ളൂ.

മിസ്റ്റർ നാരായണന് ഇംഗ്ലീഷ് ഭാഷയിൽ നിന്നും ഭാഷാന്തരീകരണംചെയ്വാൻ വേണ്ടിടത്തോളംആ ഭാഷയിൽ ജ്ഞാനമോ പരിചയമോ ഇല്ലെന്ന് ഇതിന്റെ പലേ ഭാഗങ്ങളും ഉദാഹരിക്കുന്നു. Interesting stories during Her Majesty's life-time എന്നതിന് മഹാരാജ്ഞിയെ സംബന്ധിച്ച കഥകൾ എന്ന അർത്ഥമാകുന്നതെങ്ങനെ എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഗ്രന്ഥകർത്താവു വിചാരിച്ചിരിക്കുന്ന അർത്ഥം അതിൽ നിന്നും കിട്ടുന്നതല്ല. കല്യാണമാസം, കല്യാണ പുരുഷൻ, പഞ്ഞി ഉടുപ്പുകൾ മുതലായ വിലക്ഷണ പരിഭാഷകളും, യാതൊരു അർത്ഥവുമില്ലാതെ ഈ പുസ്തകത്തിൽ എവിടെയും കണാവുന്ന വാചകങ്ങളും ഇതിനു മറ്റു ഉദാഹരണങ്ങളാണ്.

മഹാരാജ്ഞിയുടെ ഫോട്ടോ ഇതിൽ ചേർത്തിരിക്കുന്നതു വളരെ ഉചിതമായിരിക്കുന്നു. അതിനു പുറമെ ഗ്രന്ഥകർത്താവിന്റെ ഒരു ഫോട്ടോകൂടി ചേർത്തുകാണുന്നതിന്റെ ഔചിത്യം എന്താണെന്നു ഞങ്ങൾക്ക് അശേഷം മനസ്സിലാകുന്നില്ല.

ഒരു ഗ്രന്ഥകർത്താവിന്റെ നിലയിൽ മിസ്റ്റർ നാരായണൻ ഒന്നാമതായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ പുസ്തകത്തിന്റെ ഗണപതിക്കുവച്ച ഒന്നാമത്തെ വാചകം തന്നെ തെറ്റിപ്പോയിരിക്കുന്നതു കേവലം ശാകുനികം എന്നു പറയാൻ ഞങ്ങൾ മടിക്കുന്നു. ഇത്രദുഷിച്ച

Digitized By Kerala Sahitya Akademi

രീതിയിൽ എഴുതപ്പെട്ടിട്ടുള്ള വാചകങ്ങൾ ഞങ്ങൾ വേറൊരിടത്തും വായിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഈ പുസ്തകത്തിന്റെ ഏതു പുറത്തും ഇതിന് ഒന്നിലധികം ഉദാഹരണങ്ങൾ ഉണ്ടായിരിക്കും.

"പ്രസ്തുത മഹോൽസവത്തിൽവച്ചുണ്ടായ ആർച്ചുബിഷപ്പിന്റെ പ്രസംഗസന്ദർഭത്തിൽ രാജകുമാരിയുടെ രാജശീർഷത്തെ അമ്മയുടെ ഭുജങ്ങളിൽവച്ച് അത്യുച്ചത്തിൽ രോദനം ചെയ്യത്തക്കവിധത്തിൽ ഹൃദയംഗമമായിരുന്നു....ഇതിൽ പിന്നിടാണ് ശ്വേതവാദം ചരിത്രങ്ങളിൽ കയറിയത്."

ഈ വാചകങ്ങളുടെ അർത്ഥം എന്താണെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അവയുടെ രചനാസമ്പ്രദായം എത്ര ആക്ഷേപയോഗ്യമായിരിക്കുന്നു. താഴെ കാണിക്കുന്ന വാചകം എത്ര വിലക്ഷണവും അതിന്റെ അർത്ഥം എത്ര ദുർഗ്ഗ്രഹവും ആയിരിക്കുന്നു എന്നു വായനക്കാർതന്നെ തീർച്ചയാക്കട്ടെ.

"വേറൊരു വിളംബത്തിനുശേഷം പരിചാരിക വിളിക്കപ്പെട്ടതിനുള്ള കാരണം ചോദിക്കുന്ന വേറൊരു മണിയടി ഉണ്ടാകയും, ഉണർത്തി ഉപദ്രവിപ്പാൻ ധൈര്യം തോന്നാത്തവിധത്തിൽ രാജകുമാരി രസകരമായ ഉറക്കത്തിലാണെന്നു പ്രസ്താവിക്കയും ചെയ്തു."

Hannah Moore എന്ന ആൾ ഒരു ആംഗ്ലേയവിദുഷിയാണെന്നു ഗ്രന്ഥകർത്താവിന് അറിവില്ലാത്തതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നില്ല. 'പ്രിയതമന്റെ വിരഹതാപമുള്ള ആ സ്ത്രീ രത്നം,' വലുതായ രാജ്യാധിവാസികൾ, കലശലായ അസൂയാലുക്കൾ, മുതലായ പ്രയോഗങ്ങൾ എത്രകണ്ടു നിരാക്ഷേപങ്ങളാണെന്നു വായനക്കാർതന്നെ വിധിച്ചുകൊള്ളട്ടെ. സംസ്കൃത പദങ്ങളുടെ ശരിയായ അർത്ഥമോ, സമാസം, സന്ധി മുതലായവയുടെ നിയമങ്ങളോ (അജ്ഞതയാലായിരിക്കാം) അശേഷം തൃണീകരിച്ചു മിസ്റ്റർ നാരായണൻ ചുമത്തല ഏറ്റിരിക്കുന്ന പ്രയോഗങ്ങൾ അനവധിയാണ്. മാതാപിതാവ്, ദൈർഘ്യവിസ്താരം, നയിപ്പിക്ക, ഭയന്നു, രക്ഷകർത്തൃത്വം, മനോകമ്പം, ഭയാനകമായ, കരഗ്രസ്തം ചെയ്തു, ചിന്താക്രാന്തത്തോട്, നൂപ്രകാരങ്ങളിൽ, വ്യാകുലത്തോട്, രോഗാതുരങ്ങളിൽ, മുതലായ ഏതാനും പ്രയോഗങ്ങളെമാത്രം തൽക്കാലം ഇതിലേക്ക് ഉദാഹരിക്കുന്നു. "വാഗ്ദത്തസ്വീകാരം" (വാഗ്ദത്തവും വാഗ്ദാനവും ഒരേ അർത്ഥത്തിൽ രണ്ടും സാധുവെന്ന ദൃഷ്ട്യാ മിസ്റ്റർ നാരായണൻ ഇതിൽ പലേടത്തും പ്രയോഗിച്ചിട്ടുണ്ട്). വിശ്രമഹാരാനന്തരം, രുധികരിച്ചു് ഇവയുടെ അർത്ഥം മിസ്റ്റർ നാരായണൻ തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. "ഹൃദയങ്ങൾ....സന്തോഷപ്പെട്ടു" മുതലായി മലയാളികൾ ഒരിക്കലും സ്വാഭാവികമായി പ്രയോഗിക്കാൻ മടിക്കുന്ന പലേ വിലക്ഷണ പദഘടനകളും ഞങ്ങൾ ഇതിൽ ധാരാളം കാണുന്നുണ്ട്.

ഞങ്ങൾക്ക് രുചിക്കാത്തതിൽ ഏതാനും സംഗതികളെ മേൽചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവയെപ്പറ്റി സവിസ്തരം ആക്ഷേപം

Digitized By Kerala Sahitya Akademi

ചെയ്യണ്ട ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല. അച്ചടിയിലും മറ്റും വന്നിട്ടുള്ള സ്ഖലിതങ്ങളെ കഴിച്ചാൽ തന്നെയും മിസ്റ്റർ നാരായണൻ അവശ്യം ഉത്തരവാദിത്വം വഹിക്കേണ്ടതായിട്ട് അവയിൽ ഒരു വലിയ ഭാഗമുണ്ടായിരിക്കും. സംസ്കൃതപദങ്ങളുടെ ശരിയായ രൂപത്തെ വ്യക്തീകരിക്കുടാതെ, നാമവിശേഷണങ്ങളായിട്ടും, ക്രിയാവിശേഷണങ്ങളായിട്ടും രണ്ടും മൂന്നും പദങ്ങൾ ഒരേ സ്ഥാനത്തുതന്നെ പ്രയോഗിക്കുന്നതുകൊണ്ട് ഗദ്യത്തിന് ഒരു മഹാത്മ്യവും ഉണ്ടാകുന്നതല്ലെന്നു മിസ്റ്റർ നാരായണൻ ഇനിയെങ്കിലും ധരിക്കേണ്ടതാണ്. സംസ്കൃതപദങ്ങൾ പ്രയോഗിക്കുന്നതിൽ ഉള്ള അത്യാഗ്രഹം നിമിത്തം പലപ്പോഴും മിസ്റ്റർ നാരായണൻ അതിശയോക്തി മുതലായി ഗദ്യത്തിൽ വർജ്ജ്യങ്ങളായ വൈരൂപ്യങ്ങളിൽ ചാടിയിട്ടുണ്ട്. 'നിരന്തരമായുള്ള ദുരവഗാഹമായ കർത്തവ്യം' മുതലായി ഇതിനുദാഹരിക്കപ്പെടാം. ഇതിലുള്ള പിശകുകളെ അടുത്ത പതിപ്പിൽ തിരുത്താൻ ശ്രമിക്കാമെന്ന് ഗ്രന്ഥകർത്താവ് ചെയ്തിരിക്കുന്ന വാഗ്ദാനം എത്രമേൽ സുകരമെന്നു ഞങ്ങൾ സംശയിക്കുന്നു. ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പിന് ആവശ്യപ്പെടത്തക്കവണ്ണം മലയാളഭാഷയ്ക്ക് കഷ്ടകാലമുണ്ടാകുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഇത്ര ദുഷിച്ചതും ഇത്ര സ്ഖലിതങ്ങളോടുകൂടിയതുമായ വേറൊരു പുസ്തകം മലയാളലിപികളിൽ അടിക്കപ്പെട്ടിട്ടില്ലെന്നാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം. മലയാളഭാഷയെ ആകെത്തന്നെയും ഇത്തരം ദുഷ്ടബീജങ്ങളെക്കൊണ്ട് ക്ലേശിപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ മനസ്താപമുണ്ട്. വിശേഷിച്ചും അങ്ങനെ ചെയ്യുന്നത് ഒരു ഈഴവനാണെന്നു വരുന്നതു ഞങ്ങൾക്ക് അത്യന്തം വ്യസനകരമായിട്ടുള്ളതാണ്. അതുകൊണ്ടു മാത്രമാണ് ഈ പുസ്തകത്തെക്കുറിച്ച് ഞങ്ങൾ ഇത്രമാത്രം പറവാൻ തുനിഞ്ഞതു്. ഇത്തരം പുസ്തകങ്ങളെ പുറപ്പെടുവിക്കുന്നത് നമ്മുടെ സമുദായത്തിനു തന്നെയും അപമാനകരമാണ്. മിസ്റ്റർ നാരായണൻ ഞങ്ങളെ തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇത്ര പ്രതിയിലും വേണ്ടവിധത്തിൽ പരിശോധിക്കപ്പെടാതെയും ഈ പുസ്തകത്തെ വെളിക്കിറക്കിയതുതന്നെ മലയാളികളുടെ ഗുണദോഷനിരൂപണശക്തിയെ ഗ്രന്ഥകർത്താവ് തുണവൽ കരുതുന്നതുപോലെയാകുന്നു. കുറേക്കൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇതിലും നല്ലതായ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്താൻ ഈ ഗ്രന്ഥകർത്താവിന് കഴിയുമായിരുന്നുവെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. "വല്ലാമക്കളിലില്ലാ, മക്കളിതെറ്റ്വാവർക്കും സമ്മതമല്ലോ" എന്നുള്ളതിനെ മിസ്റ്റർ നാരായണൻ ഓർക്കുന്നതു നന്നായിരിക്കും.

വിവേ: 1082 കർക്കടകം 1083 ചിങ്ങം.

Digitized By Kerala Sahitya Akademi

ഗദ്യമാലിക

പ്രസാ: ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം

അഭിപ്രായത്തിനായി അയച്ചുതന്ന ഈ പുസ്തകത്തെ ഞങ്ങൾ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. ഇത് ഇതിന്റെ പ്രസാധകൻ പ്രസിദ്ധപ്പെടുത്താൻ വിചാരിക്കുന്ന ഏറ്റവും നല്ല മാതൃകയിൽ ഉള്ള മലയാള ഗദ്യഗ്രന്ഥങ്ങളിൽ ഒന്നാമത്തെ പുസ്തകമാണെന്നു കാണുന്നു. പഴയ 'വിദ്യാവിനോദിനി' എന്നും 'അച്യുതമേനവൻ' എന്നും കേട്ടാൽ ഭാഷാഭിമാനികളുടെ ശ്രദ്ധ ആകർഷിക്കപ്പെടാതിരിക്കുകയില്ല. ആ പ്രശസ്ത മാസികകളിൽ മിക്കവാറും മേനവൻ അവർകളാൽ തന്നെ എഴുതപ്പെട്ട ലേഖനങ്ങളിൽ നിന്നെടുത്തിട്ടുള്ള വിവിധവിഷയങ്ങളായ ഉപന്യാസങ്ങളാണ് ഈ പുസ്തകത്തിൽ അടങ്ങീട്ടുള്ളത്. ഇവയെ തിരഞ്ഞെടുത്തതും "ഇദാനീന്തന ഭാഷാഭിമാനികളിൽ പ്രഥമഗണനാർഹൻമാരായ" റ്റി സ്. പരമേശ്വരയ്യർ എം. എ. ബി. എൽ. മുതലായി അഞ്ചു യോഗ്യന്മാർ അടങ്ങിയ ഒരു കമ്മിറ്റിയാണ്. ഇതുയും കൊണ്ടുതന്നെ പ്രസാധകൻ ഈ ഗദ്യമാലിക ഒന്നാം ഭാഗത്തെ പ്രസിദ്ധപ്പെടുത്തുന്നതിൽ തന്റെ കൃത്യത്തെ എത്ര ബുദ്ധിപൂർവ്വം നിറവേറ്റിയിരിക്കുന്നു എന്നും എത്ര വിശ്വാസത്തോടുകൂടി ഞങ്ങൾക്ക് ഇതിനെ വായനക്കാരുടെ ഇടയിൽ ശുപാർശ ചെയ്യാൻ കഴിയുമെന്നും വെളിവാകുന്നുണ്ടല്ലോ. ഇത്തരം പുസ്തകങ്ങൾ വായിക്കുന്നതുകൊണ്ട് ജ്ഞാനസമ്പാദനത്തിനു പുറമേ ആഗ്രഹിക്കത്തക്ക മറ്റൊരു ഗുണംകൂടി ജനസാമാന്യത്തിനു വശംവദമാകുന്നുണ്ട്. അതു് ഒരു നല്ല വാചകരീതിയാണ്. താൻ അറിയുന്നതിനെ അല്ലെങ്കിൽ വിചാരിക്കുന്നതിനെ ഒരു ആസ്വാദ്യമായ രീതിയിൽ എഴുതി അന്യന്മാരെ ധരിപ്പിക്കുകയോ ഭാവികാലത്തേക്കായി സൂക്ഷിക്കുകയോ ചെയ്വാൻ ഒരുത്തനു കഴിഞ്ഞില്ലെങ്കിൽ അവന്റെ യോഗ്യതകളുടെ തികവിന്നു് നിശ്ചയമായും അതു് ഒരു ന്യൂനത തന്നെയാണ്. ഈ ദയനീയമായ ന്യൂനത പലപ്പോഴും, നമുക്ക് അനുഭവപ്പെട്ടിട്ടുള്ളതായിരിക്കും. ഇത്തരം പുസ്തകങ്ങളുടെ പ്രചാരം കൊണ്ടു വേണം അതു നീങ്ങാൻ. മലയാളത്തിൽ ഇന്നും സമ്മതമായ ഒരു പുതിയ ഗദ്യരീതി ഒന്നാമതായി പുറപ്പെട്ടതു് ബുക്കു കമ്മിറ്റിയിൽ നിന്നാണു്. ആ രീതിയെ സ്വാധീനമാക്കാൻ സംസ്കൃത ഭാഷയിൽ നല്ല വ്യുത്പത്തി ഇല്ലാതെ കഴിയുമെന്നു തോന്നുന്നില്ല. അതെല്ലാവർക്കും സാധ്യമാണോ? അച്യുത മേനവന്റെ രീതിക്കു് അത് അത്ര നിർബന്ധമല്ല. അതിനു് അധികം പ്രചാരം ഉണ്ടാവാനുള്ള കാരണം നിശ്ചയമായും അതുതന്നെ ആയിരിക്കണം. അതുകൊണ്ടു് ആ രീതിയാണ് പൊതുജനങ്ങൾ അനുകരിക്കേണ്ടതെന്നും പറയുന്നതിൽ പക്ഷാന്തരമുണ്ടാവാൻ തരമില്ല. ഈ ഒന്നാമത്തെ പുസ്തകത്തിൽ മേനവൻ അവർകളുടെ ലേഖനങ്ങളെത്തന്നെ അധികമായി തിരഞ്ഞെടുത്തിട്ടുള്ളതും അതുകൊണ്ടുതന്നെ ആയിരിക്കുമെന്നു വിചാ

Digitized By Kerala Sahitya Akademi

രിക്കുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അവിടത്തെ മുലികയിൽ നിന്ന് പ്രതീക്ഷ്യമായ വിധത്തിലും, കൊച്ചിയിൽ രാമവർമ്മ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ട് വളരെ സംഗതികളെ പരാമർശിച്ചും, എഴുതിട്ടുള്ള രണ്ടു വിലയേറിയ മുഖവുരകൾ ഈ നല്ല ഗദ്യപാഠ പുസ്തകത്തിന്റെ യോഗ്യതയെ സവിശേഷമായി വർദ്ധിപ്പിച്ചിരിക്കുന്നു. മദ്രാസ് സർവകലാശാലക്കാർ ഇതിനെ പാഠപുസ്തകമായി സ്വീകരിച്ചിട്ടുണ്ട്.

പുസ്തകം ഡെമ്മി എട്ടു വലിപ്പത്തിൽ 191 ഭാഗങ്ങൾ അടങ്ങിയതാണ്. അച്ചടിയും ആകൃതിയും വൃത്തിയായിട്ടുണ്ട്. തിരുവനന്തപുരം ബി. വി. ഡിപ്പോവിലേക്ക് എഴുതിയാൽ കിട്ടുന്നതാകുന്നു. വില ഒരുറുപ്പികയാണെന്നറിയുന്നു.

വിവേ. 1083 മിഥുനം, കർക്കടകം

സുഭദ്രാഹരണം ഖണ്ഡകാവ്യം

എം. ററി. നാരായണൻ

ഈ പുസ്തകത്തിന്റെ ഒരു പ്രതി തൽകർത്താവായ വിളബ് ഭാഗത്തു മിസ്ററർ എം.ററി.നാരായണൻ അയച്ചുതന്നതിനെ കൃതജ്ഞതയോടെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. ബാലനായ ഇതിന്റെ കർത്താവിനു പദ്യരചനയിലുള്ള വാസനയെ ഈ ചെറിയ പുസ്തകം സൂചിപ്പിക്കുന്നുണ്ട്. നല്ല വിഷയങ്ങളെ തിരഞ്ഞെടുത്തു നിരന്തരമായി കവിതയിൽ ശ്രമിച്ചു ഈ വാസനയെ പോഷിപ്പിച്ചാൽ ഇയാൾ ഒരു നല്ല കവിയായിത്തീരുന്നതാണ്.

വിവേ. 1083 മിഥുനം, കർക്കടകം

കനകമാലിക

ടി. കെ. കണ്ണൻ

ഈ പുതിയ ആഖ്യായികയുടെ ഒരു പ്രതി തൽകർത്താവായ ടി. കെ. കണ്ണൻ അവർകൾ ഞങ്ങൾക്കയച്ചു തന്നതിനെ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. മിസ്ററർ കണ്ണന്റെ പേർ ഒരു ഗ്രന്ഥകാരന്റെ നിലയിൽ അല്ലെങ്കിലും വിവേകോദയം വായനക്കാർക്കു പരിചിതമായിരിക്കണം. കനകമാലികയെപ്പററി ഗുണദോഷ പരാമർശം ചെയ്ത് ഒരു അഭിപ്രായം എഴുതാൻ ഞങ്ങൾക്കു പ്രത്യേകിച്ചു സന്തോഷമാണുള്ളതെങ്കിലും ഗ്രന്ഥകാലം സ്ഥലച്ചുരുക്കത്താൽ വ്യസനിക്കേണ്ടിയിരിക്കുന്നു. അവന്തി, കലിംഗം എന്നീ രണ്ടു രാജ്യങ്ങൾ കഥ നടന്ന കാലത്തു സ്വതന്ത്രങ്ങളായിരുന്നു. അവന്തിയിലെ ഏകയായ

Digitized By Kerala Sahitya Akademi

രാജകുമാരിയുടെ പേരാണ് ഗ്രന്ഥത്തിനു നൽകിയിരിക്കുന്നത്. നായിക ഇതാണെന്നു പറയേണ്ടതില്ലല്ലോ. ഗംഗാധരൻ അല്ലെങ്കിൽ പ്രച്ഛന്നനായ ചന്ദ്രശേഖരൻ ആകുന്ന നായകൻ. അദ്ദേഹം കലിംഗത്തിലെ യൗവനയുക്തനായ രാജാവാണ്. നായികാനായകൻമാർക്കു് ആകസ്മികമായ പ്രഥമസന്ദർശനത്തിൽ സംഭവിക്കുന്ന പ്രീതി പല കാരണങ്ങളാൽ ആണെങ്കിലും അകാരണമായി എന്നപോലെ തഴച്ചു് അനുരാഗമാകുന്നതും ആ അനുരാഗത്തിന്റെ വളർച്ചയും പരിണാമവും പ്രശസ്തമായ രീതിയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. കനകമാലികയുടെ അനുരാഗം ഒരു ഉത്തമ കന്യകയ്ക്കുണ്ടാകാവുന്ന ദൃഢമായ പ്രേമം തന്നെ. അവളുടെ നടവടികളെ നീതികരിക്കുന്ന ധർമ്മശാസ്ത്രവും കൂടി അതാണെന്നു ചിലപ്പോൾ തോന്നിപ്പോകും. നായകനിലും ഒരു നല്ല ഗ്രന്ഥകാരന്റെ സാമർത്ഥ്യത്തോടു കൂടി രൂപീകരിക്കപ്പെട്ടിരിക്കുന്നു മറ്റു പല പ്രധാന പാത്രങ്ങളിലും പ്രവൃത്തികളുടെ ഔചിത്യത്തെപ്പറ്റിയ ശങ്കകൾ ഇതിൽ വായനക്കാർ ചിലപ്പോൾ കണ്ടെന്നുവരാം. എന്നാൽ ആ ചെറിയ കാർമേഘങ്ങൾ 20 അദ്ധ്യായങ്ങളുള്ള ഈ നോവലിന്റെ ഒടുവിലത്തെ കടലാസിൽ അവർ എത്തുമ്പോൾ അപ്രതീക്ഷിതവും എന്നാൽ സന്ധ്യാവായുപോലെ സുഖകരവും ആയ ഒരു കഥാപതനത്തിന്റെ ആവിർഭാവത്താൽ ദൂരീകരിക്കപ്പെട്ട അന്തരീക്ഷം വിശദമാകുന്നതും ആ ഹൃദയംഗമമായ ചെറിയ ജാലവിദ്യയെ നിശ്ചയമായും അവർ അഭിനന്ദിക്കുന്നതും ആയിരിക്കും.

സഹജവും അനിവാര്യവും ആയ പ്രേമബന്ധം ഭാവിജീവിതഗതിക്കു നിയാമകവും ആദൃശ്യവും ദിവ്യവുമായ വല്ല കാരണത്തെയും അടിസ്ഥാനമാക്കി ഉണ്ടാകുന്നതാണെന്നും അതിന്റെ അവശ്യംഭാവിയായ ഉദ്ദേശത്തെ ലൗകിക പ്രതിബന്ധങ്ങൾ തടുക്കാൻ ശക്തങ്ങളല്ലെന്നും ഉള്ള തത്ത്വം ഈ കഥ വായിച്ചാൽ ആരുടെ ഹൃദയത്തിലും പതിയാതിരിക്കില്ല. ഇത്രയുംകൊണ്ട് ഇതിന്റെ ഘടനാരീതിയെയും സ്വഭാവത്തെയും പറഞ്ഞു വായനക്കാർക്ക് ഊഹിച്ചുകൊള്ളാവുന്നതാകുന്നു.

'കുന്ദലത' മുതലായ ചില മലയാളനോവലുകളിൽ എന്നപോലെ കാലദേശ വിരുദ്ധങ്ങളായ വർണ്ണനകളെപ്പറ്റിയും വല്ല ആക്ഷേപവും ഇതിലും വല്ലവരും പുറപ്പെടീക്കുമായിരിക്കും. എന്നാൽ മനുഷ്യർ എപ്പോഴും ഏതവസ്ഥയിലും മനുഷ്യർ തന്നെ ആകുന്നു. ആദ്യന്തം അവരുടെ സ്വഭാവത്തിന്റെ നാനാത്വത്തെയും തദനുഗുണങ്ങളായ വ്യാപാരങ്ങളേയും തൻമയത്വത്തോടുകൂടി വർണ്ണിച്ചു സഹൃദയഹൃദയത്തെ വശീകരിക്കാൻ കഴിയുന്ന കാവ്യകാരന്മാർ ഇത്തരം ബാഹ്യാലംബനങ്ങളെ ഐദംപര്യേണ ഗണിക്കാറില്ലെന്നും ഞങ്ങൾ വിചാരിക്കുന്നു. ഒരു അനുരാഗവിഷയമായ പ്രബന്ധമാണെങ്കിലും ഇതു ഹൃദയത്തിന്റെ ധർമ്മപരമായ ഗതിക്കു വിഘാതംകൂടാതെ ചെറുപ്പക്കാർക്കുകൂടി വായിക്കത്തക്കവണ്ണം അത്ര സൂക്ഷിച്ച് എഴുതപ്പെട്ടിരിക്കുന്നു എന്നുള്ളത് വിശേഷിച്ചും അഭിനന്ദിക്കേണ്ട സംഗതിയാകുന്നു, ചുരുക്കത്തിൽ

Digitized By Kerala Sahitya Akademi

'കനകമാലിക'യെ ഞങ്ങൾ ഇപ്പോൾ ഉള്ള നല്ല മലയാള ഗദ്യകാവ്യങ്ങളിൽ ഒന്നായി ഗണിക്കുകയും മിസ്റ്റർ ടി. കെ. കണ്ണൻ ഇനിയും സഭാഷയ്ക്കും സ്വരാജ്യത്തിനും ഉപയുക്തമാകത്തക്കവിധത്തിൽ അധികം നല്ല പുസ്തകങ്ങൾ എഴുതി ഒരു ഗ്രന്ഥകർത്താവിന്റെ അനശ്വരമായ ഖ്യാതിയെ സമ്പാദിക്കാൻ നോക്കുമെന്നു് ആശംസിക്കയും ചെയ്യുന്നു. ഡെമ്മി എട്ടുവലിപ്പത്തിൽ 194 പൂറങ്ങൾ ഉള്ളതും വളരെ വൃത്തിയായി അച്ചടിച്ചു കെട്ടീട്ടുള്ളതുമായ ഈ പുസ്തകം i2 ണ. വിലയ്ക്കു് പി. ടി. കുഞ്ഞുരാമൻ, കുതിരവട്ടം, പുതിയറ, മലബാർ എന്ന മേൽ വിലാസത്തിൽ എഴുതിയാൽ കിട്ടുന്നതാണെന്നും കാണുന്നു.

വിവേ. 1408 തുലാം, വൃശ്ചികം

സൻമാർഗ്ഗ ചന്ദ്രിക മണിപ്രവാളം; മൂന്നു താരാട്ടുകൾ

മൂലൂർ

ഈ രണ്ടു പുസ്തകങ്ങളും തൽകർത്താവായ മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർകൾ അയച്ചുതന്നതിനെ കൈപ്പറ്റി ഞങ്ങൾ നന്ദി പറയുന്നു. ഇവയിൽ ഒന്നാമത്തെ സൻമാർഗ്ഗ ചന്ദ്രിക തിരുവിതാംകൂർ ബുക്ക കമ്മിറ്റി വകയായി പ്രസിദ്ധപ്പെടുത്തീട്ടുള്ള അത്യുത്തമങ്ങളായ ഗദ്യപുസ്തകങ്ങളുടെ കൂട്ടത്തിൽ ഒന്നായ "സൻമാർഗ്ഗ സംഗ്രഹം" എന്ന ചോദ്യോത്തര രൂപമായ പാഠപുസ്തകത്തിന്റെ പദ്യരീതിയിൽകൂടിയുള്ള രൂപാന്തരീകരണമാകുന്നു. കുട്ടികൾക്കായുള്ള സദാചാര പാഠപുസ്തകങ്ങളുടെ കൂട്ടത്തിൽ സന്മാർഗ്ഗസംഗ്രഹം പോലെ ഇത്ര നിർദ്ദോഷവും വിശിഷ്ടവുമായ ഒരു ഗ്രന്ഥം മലയാള ഭാഷയിൽ ഇതുവരെ പുറപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു്. എന്നാൽ കുറേക്കാലമായി സ്കൂളുകളിൽ ഇതിനെ ഉപയോഗിച്ചുവരുന്നതായി കാണുന്നില്ല. അതു് ഇതിന്റെ സ്ഥാനത്തിൽ ഇതിനെക്കാൾ നല്ല ഒരു പുസ്തകം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണെന്നു പറഞ്ഞാൽ വാസ്തവമായിരിക്കയില്ല. ഏതായാലും ഈ വിശിഷ്ട ഗ്രന്ഥത്തെ വളരെക്കാലത്തെ ഉപേക്ഷകൊണ്ടു നശിച്ചുപോകാതിരിക്കത്തക്കവണ്ണം ഇപ്രകാരം പുനർജ്ജീവിപ്പിച്ച പണിക്കരവർകളുടെ ഈ ശ്രമത്തെ ഈ അവസരത്തിൽ ഞങ്ങർ നിർവ്യാജം അഭിനന്ദിക്കുന്നു. പദ്യങ്ങൾ എല്ലാം കുട്ടികൾക്കു് എളുപ്പത്തിൽ മനഃപാഠമാക്കി വയ്ക്കത്തക്കവണ്ണമുള്ള ചെറിയ വൃത്തങ്ങളിലാണു് എഴുതീട്ടുള്ളതു്. പണിക്കരുടെ പദ്യങ്ങൾക്കു സ്വതഃസിദ്ധമായുള്ള ഒരു സൗഷ്ഠവം അവയിൽ എവിടെയും കാണാനുണ്ടു്. ഒരു പ്രസിദ്ധ ഗദ്യകാരനായ റാവു ബഹദൂർ പി. വേലു ബി. എ അവർകൾ ഇതിൽ ഒരു മുഖവുര എഴുതിച്ചേർത്തിട്ടുണ്ടെന്നുള്ളതു് പ്രത്യേകിച്ചും പറയേണ്ടതാണു്. സരസമായ

Digitized By Kerala Sahitya Akademi

ഈ മുഖവുരയിൽ സൻമാർഗ്ഗ തത്ത്വങ്ങളിൽ ചിലതിനെപ്പറ്റി ഇദ്ദേഹം ചെയ്തിരിക്കുന്ന ആക്ഷേപസമാധാനരൂപമായ വിമർശനത്തിൽ അടങ്ങിയ ചില വാദമുഖങ്ങൾ പ്രഥമദൃഷ്ടിയിൽ ഏതാണ്ട് അസംഗതമെന്നോ നിരുപയോഗമെന്നോ ചിലർക്ക് തോന്നിപ്പോകും. എന്നാൽ സന്മാർഗ്ഗ തത്ത്വങ്ങളെ താൽപര്യം ആലോചിക്കാതെ കണ്ണുപൂട്ടി പഠിപ്പിക്കുന്ന വാധ്യാന്മാർക്കും കാണാപ്പാഠം പഠിക്കുന്ന കുട്ടികൾക്കും ഈ വിമർശനത്തിൽനിന്ന് സൂക്ഷിച്ചാൽ സാരമായി പലതും ഗ്രഹിക്കാവുന്നതാണ്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ പുസ്തകത്തെ 'സ്ഥാലീപുലാക ന്യായേന' പരിശോധിച്ച് എഴുതീട്ടുള്ള ഒരു അഭിപ്രായം ഇതിൽ ചേർത്തിട്ടുണ്ട്. ഈ നല്ല പുസ്തകത്തെ യുക്തമെന്നു തോന്നുന്ന ക്ലാസ്സുകളിൽ ഒരു പാഠവിഷയമായി സ്വീകരിക്കാൻ ടെക്സ്റ്റുബുക്ക് കമ്മിറ്റിക്കാർ ദൃഷ്ടിവയ്ക്കുമെന്ന് ആശംസിക്കുന്നു. ഇതിനെ ഭംഗിയായി അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ എസ്. ആർ. റെഡ്യാർ അവർകളുടെ പരോപകാര തൽപരതയെ ഞങ്ങൾ ശ്ലാഘിക്കുന്നു.

രണ്ടാമത്തെ "മൂന്ന് താരാട്ടുകൾ" പണിക്കരവർകൾ തന്റെ പ്രിയപുത്രിയായ സൗഭാഗ്യവതി വി. കെ. കല്യാണിക്കുട്ടി അവശ്യപ്പെടുകയാൽ 'ഓമനത്തിങ്കൾക്കിടാവോ നല്ല കോമളത്താമരപ്പൂവോ' എന്ന അതിസരസമായ പഴയ താരാട്ടിനെ അനുകരിച്ച് എഴുതീട്ടുള്ള മൂന്നു ഖണ്ഡകൃതികൾ ആണത്രേ. മാധുര്യവും പ്രൗഢതയുംകൊണ്ട് പഴയ ഓമനത്തിങ്കൾക്കിടാവിനോട് കിടപിടിക്കാൻ ഒരു താരാട്ട് മലയാള ഭാഷയിൽ ഉണ്ടായിട്ടും ഉണ്ടാകയും ഇല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. എന്നാൽ പണിക്കരവർകളുടെ ഈ അനുകരണം തീരെ മോശമായിട്ടില്ലെന്നു പറയുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ ചെറിയ പുസ്തകം അതിന്റെ ബാലയായ പ്രസാധിക കരുണാനിധികളായ ഏറ്റവിങ്ങൽ തിരുമേനികൾക്ക് സമർപ്പിച്ചിരിക്കുന്നു. ഈ സമർപ്പണത്തെ കല്പിച്ച് അംഗീകരിച്ചും അഭിനന്ദിച്ചും ആ തിരുമേനികൾ സൗജന്യനിധിയായ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട പ്രസാധികയ്ക്ക് അയച്ച ആ തിരുവെഴുത്ത് ഈ പുസ്തകത്തെ സവിശേഷം അലങ്കരിക്കുന്നു. ഇതിന്റെയും പ്രസിദ്ധകൻ റെഡ്യാരവർകൾതന്നെ.

വിവേ: 1084 മകരം

മൂന്ന് ഖണ്ഡകാവ്യങ്ങൾ

കെ. സി. കുഞ്ഞൻ വൈദ്യൻ

കെ. സി. കുഞ്ഞൻ വൈദ്യൻ അവർകൾ അയച്ചുതന്ന അദ്ദേഹത്തിന്റെ കൃതിയായ ഈ ചെറിയ പുസ്തകം കൃതജ്ഞതാപൂർവം

Digitized By Kerala Sahitya Akademi

ഇവിടെ കൈപ്പററിയിരിക്കുന്നു. ഇതു് 'എന്റെ പുത്രൻ', 'ശങ്കരീ സ്തവം', 'ഹർമ്മ്യപഞ്ചകം' എന്നു മൂന്നു് ചെറിയ പദ്യകൃതികളാ കുന്നു. ഇതിൽ ആദ്യത്തേതു് ഒരു വിലാപകാവ്യമാണു്. അതു് ശിശ്രുവായ് തന്റെ പുത്രന്റെ മരണവൃത്താന്തം ദൂരദേശത്തിരുന്നറി ഞ്ഞപ്പോൾ കവിക്കുണ്ടായ അനുഭവൈകവേദ്യമായ മനഃക്ഷോഭ ത്തിന്റെ ഫലമാണു്. വൈദ്യൻ ഒരു അറിയപ്പെട്ട കവിയാകയാൽ കവിതാഗുണത്തെപ്പററി വിശേഷിച്ചു് ഒന്നും പറയാൻ വിചാരിക്കു ന്നില്ല. എസ്. പത്മനാഭപ്പണിക്കർ അവർകൾ എഴുതീട്ടുള്ളതായ വൈദ്യന്റെ ഒരു ജീവചരിത്ര സംക്ഷേപം കൂടി ഈകൃതിയോടു ചേർ ത്തിട്ടുണ്ടു്.

വിവേ: 1084 മകരം

ഗദ്യമാലിക രണ്ടാംഭാഗം

പ്രസാ: ബി. വി. ബുക്കുഡിപ്പോ

ബി. വി. ബുക്കുഡിപ്പോ പ്രവർത്തകന്മാർ സദയം അയച്ചുതന്നു ഈ പുസ്തകത്തിന്റെ ഒരു പ്രതി ഞങ്ങൾ കൃതജ്ഞതാപൂർവം കൈപ്പ ററിയിരിക്കുന്നു. ഇതു് "രസികരഞ്ജനി" മാസികയിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട 36 ഉപന്യാസങ്ങൾ അടങ്ങിയ അത്യുത്തമമായ ഒരു ഗദ്യഗ്രന്ഥമാകുന്നു. ഇതിലെ ഓരോ ഉപന്യാസവും "സാരം കൊണ്ടും സാരസ്യം" കൊണ്ടും അദ്വിതീയമായ വിധത്തിൽ രചിക്ക പ്പെട്ടിരിക്കുന്നു. ജ്ഞാതവ്യങ്ങളായ നാനാവിഷയങ്ങളെ അധികരിച്ചു ഇത്ര സരസമായ നിരൂപണങ്ങൾ അടങ്ങിയതും ശുദ്ധിയുള്ളഭാഷയിലും അനുകരണീയമായ വാചകരീതിയിലും എഴുതപ്പെട്ടതുമായി ഈ പ്രസ്ഥാനത്തിൽ ഇതിന്റെ മുമ്പേ പോവാൻ മറെറാരു പുസ്തകം മലയാളഭാഷയിൽ ഉണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. കൊച്ചി യിലെ ഒൻപതാം മുറ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചെഴു തിയ സാരഗർഭമായ ഒരു മുഖവുരയും, സാഹിത്യവിഷയത്തിൽ ചിര നിദ്രിതമായിരുന്ന സി. അച്യുതമേനോൻ അവർകളുടെ പേരെടുത്ത പേനയിൽനിന്നു പുറപ്പെട്ട പ്രകൃതിസരളമായ ഒരു ആമുഖോപന്യാ സവും, ഈ ഗ്രന്ഥരത്നത്തെ സവിശേഷം അലങ്കരിച്ചിരിക്കുന്നു. ഗദ്യമാലികാഗ്രന്ഥാവലിയെ ഇങ്ങനെ ഓരോ മാസികകളിൽനിന്നു മാത്രം തിരഞ്ഞെടുത്തു് നിർമ്മിക്കുന്നതു് ഭാഷയ്ക്കു് അതാതുകാലം ഉണ്ടാകുന്ന യഥാക്രമമായ അഭിവൃദ്ധിയെ കാണിപ്പാനാണെന്നു് ഇതിന്റെ പ്രസാധകനായ കൊച്ചിയിലെ പന്ത്രണ്ടാംക്കൂറ് ഇളയതമ്പു രാൻ തിരുമനസ്സുകൊണ്ടു് ഇതോടുചേർത്തിരിക്കുന്ന അവിടത്തെ "വിജ്ഞാപന"ത്തിൽ സൂചിപ്പിക്കുന്നു. ഇതു് നിശ്ചയമായും ഒരു നല്ല ഉദ്ദേശ്യംതന്നെ. ഇതിനെ ഇതുവരെ ഗദ്യമാലിക സാധിച്ചിട്ടും ഉണ്ടു്. ഒന്നാം പുസ്തകത്തിൽനിന്നു് പ്രതീക്ഷിച്ചതിൽ തുലോം അധികം.

Digitized By Kerala Sahitya Akademi

ഈ രണ്ടാം പുസ്തകം നന്നായിട്ടുണ്ടെന്നു് അതും സമ്മതിക്കും. സർവ ഗ്രാമാന്യരായ ഇതിന്റെ പ്രവർത്തകന്മാർക്കു് ഇതു നിശ്ചയമായും വലുതായ ചാരിതാർത്ഥ്യത്തിനും അഭിമാനത്തിനും വകയായിത്തീർന്നിട്ടുണ്ടു്. ഈ വിധം ഉത്തമഗ്രന്ഥങ്ങളെ സമ്പാദിച്ചു് പ്രസിദ്ധപ്പെടുത്തുന്നതിൽ ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥന്മാർ ഇപ്പോൾ തന്നെ നല്ല പേരെടുത്തവരാണു്. ഈ ശ്രമത്തിനു് അവരെ വേണ്ടതിലധികം ശ്ലാഘിപ്പാൻ ആർക്കും കഴിയില്ല. വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാർ സസന്തോഷം ഈ പുസ്തകത്തെ ഉയർന്ന ക്ലാസുകളിലേക്കു് ടെക്സ്റ്റായി തെരഞ്ഞെടുക്കുമെന്നു മാത്രമല്ല ഇതിന്റെ പ്രസാധകന്മാരോടു പ്രത്യേകം കൃതജ്ഞരായിരിക്കുമെന്നും ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. ഇതിന്റെ അച്ചടിയും കെട്ടും പതിവുപോലെ ഭംഗിയായിട്ടുണ്ടു്. ഒന്നാം ഭാഗത്തെക്കാൾ വലിയ പുസ്തകമാണിതു്. ഡെമ്മി 8 വലുപ്പത്തിൽ 272-ൽ പരം ഭാഗങ്ങൾ ഉണ്ടു്. വില ക 1 മാത്രം. തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോയിൽത്തന്നെ അപേക്ഷിച്ചാൽ കിട്ടും.

വിദ്യ. *1084 കർക്കടകം*

ഭാസ്കരമേനോൻ

അപ്പൻതമ്പുരാൻ

പ്രകടനാധികൃതൻ അഭിപ്രായത്തിനയച്ചുതന്ന ഈ പുസ്തകം കൈപ്പറ്റിഞങ്ങൾ വളരെ നന്ദി പറയുന്നു. ഇതു് സുപ്രസിദ്ധനായ കൊച്ചിയിലെ 12-ാം കൂർ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് 'ദുർമ്മരണം' എന്നു പേരോടുകൂടി 'രസികരഞ്ജിനി'യിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി മുഴുവനാക്കീട്ടുണ്ടായിരുന്ന അതിവിശിഷ്ടമായ ഒരു നോവൽ ആകുന്നു. കളവു്, കൊലപാതകം മുതലായ ഭയങ്കര കൃത്യങ്ങളിൽ തുമ്പുണ്ടാക്കാൻ വല്ല പോലീസുദ്യോഗസ്ഥനുമുള്ള അന്യാദൃശവും ആശ്ചര്യകരവുമായ സാമർത്ഥ്യത്തേയും ബുദ്ധിവിശേഷത്തേയും ക്ഷോഭജനകവും ഹൃദയംഗമവുമായ വിധത്തിൽ വർണ്ണിച്ചെഴുതപ്പെടുന്നതും ഇംഗ്ലീഷിൽ ഡിറെക്റ്റീവ് നോവൽ Detective Novel എന്നു പറയപ്പെടുന്നതുമായ ഇത്തരം കല്പിത കഥകൾ മലയാളത്തിൽ തീരെ ദുർലഭമാണു്. വല്ലതും ഉണ്ടായേക്കാമെങ്കിലും ഇത്ര തൻമയത്വമുള്ളതും ദോഷരഹിതവും ഗുണഭൂയിഷ്ഠവുമായ ഒന്നില്ലെന്നുള്ളതു് തീർച്ചതന്നെ. ഇതിലെ കഥാഗതി അതിസരസവും സ്വാഭാവികവും സംക്ഷിപ്തവുമാണെങ്കിലും ഏറ്റവും ലോകവ്യുൽപ്പത്തികരവുമാകുന്നു. ഭാഷ വളരെ ലളിതവും സാധാരണവും ശുദ്ധവുമാണു്. അങ്ങിനെ അല്ലാതാവാൻ തരമില്ലല്ലോ. വിവേകോദയത്തിനനുവദിക്കാവുന്ന അതിപരിമിതമായ സ്ഥലത്തിൽ ഈ വിശിഷ്ടകൃതിയെപ്പറ്റി വേണ്ടവണ്ണം നിരൂപണം ചെയ്വാൻ,

Digitized By Kerala Sahitya Akademi

ഈ കൃതിയിൽ ദേവകിക്കുട്ടിയുടെഅനിതരവനിതാ ദുർലഭമായ സൌന്ദര്യത്തെ നോക്കി കവി പറയുമ്പോലെ "വാങ്മയമായ രൂപലാവണ്യത്തിന് അതിയായ ന്യൂനത സംഭവിപ്പിക്കാതെ പ്രത്യംഗമായി വർണ്ണിക്കുന്നതിൽ ഉള്ള പാടവത്തെപ്പറ്റി ലേശംപോലും വിശ്വാസമില്ലാത്തതിനാൽ" ഞങ്ങൾ തുനിയുന്നില്ല. പ്രസാധകനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അവിടത്തെ സർവസമ്മതമായ യോഗ്യതയ്ക്കനുരൂപമാംവണ്ണം എഴുതിച്ചേർത്തിട്ടുള്ള സാമാന്യം ദീർഘമായ ഒരു അവതാരിക ഇതിനെ 'വലയ'ത്തെ 'മണി' പോലെ ശോഭിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഗ്രന്ഥകർത്താവ് ഇതിനെ തന്റെ വന്ദ്യമാതുലനായ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തൃപ്പാദങ്ങളിലേക്കു സമർപ്പിച്ചിരിക്കുന്നു. ആ തിരുമേനിയുടെ ഒരു ഛായാപടംകൂടി പുസ്തകത്തോടു ചേർത്തിരിക്കുന്നത് വളരെ സമുചിതമായും ഭംഗിയായുമിരിക്കുന്നു.

ഇതിന്റെ പുതിയ പേരിനെപ്പറ്റി ഞങ്ങൾക്ക് ഒരു വാക്കു പറയുവാനുണ്ട്. രസജ്ഞനും പണ്ഡിതനുമായ ഇതിന്റെ കർത്താവിന്റെ ഹൃദയത്തിൽ സങ്കല്പിതമായ കഥാഗതിക്കനുരൂപമായി ആദ്യം വന്നുദിച്ച 'ദുർഗ്ഗാരണം' എന്ന പഴയ പേർ ഇതിനെക്കാൾ യുക്തതരമായിരുന്നില്ലയോ എന്നു ഞങ്ങൾ വളരെ സംശയിക്കുന്നു. ആ പേരിനാൽ ഭംഗിയാംവണ്ണം കഞ്ചുകിതനായിരുന്ന 'ഭാസ്കരമേനോൻ' ഇപ്പോൾ നമ്മുടെ ദൃഷ്ടിക്ക് വെറും നഗ്നനാണ്. ആ പേർ പലർക്കും രസിക്കാത്തത് ഈ മാതിരി പ്രബന്ധങ്ങളിലുള്ള പരിചയക്കുറവുകൊണ്ടു മാത്രമായിരിപ്പാനേ പാടുള്ളൂ. ഇവിടെ ഗ്രന്ഥകർത്താവു തന്റെ പാണ്ഡിത്യദത്തമായ നിശ്ചയബുദ്ധിയേയും സ്വാതന്ത്ര്യത്തെയും അശേഷം ഗണ്യമാക്കാതെ പരാരാധന ചെയ്വാൻ മാത്രം തീർച്ചയാക്കിയത് അദ്ദേഹത്തിന്റെ സൌജന്യാതിശയമായിരിക്കാമെന്നേ ഞങ്ങൾ കരുതുന്നുള്ളൂ. ഏതായാലും ഈ പുസ്തകത്തിന്റെ അവതാരം ഭാഷയ്ക്ക് ഈയിടെ സംഭവിച്ചിട്ടുള്ള പരമഭാഗ്യങ്ങളിൽ ഒന്നാണെന്നു പറയുവാൻ ഞങ്ങൾക്കു അശേഷം മടിയില്ല. അച്ചടിയും കെട്ടും വളരെ വൃത്തിയായിട്ടുണ്ട്. ഡെമ്മി എട്ടു വലുപ്പത്തിൽ 120 ഭാഗത്തോളമുള്ള ഈ പുസ്തകത്തിന് 8 അണ വില വച്ചിരിക്കുന്നത് അധികമായിപ്പോയി എന്നു ആരും പറയുകയില്ല. ഗദ്യമാലിക 2-ാം ഭാഗം പോലെ തന്നെ ഇതും തിരുവനന്തപുരം ബി. വി. ബുക്കു ഡിപ്പോവിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

വിവേ. 1084 കർക്കടകം

Digitized By Kerala Sahitya Akademi

അശ്വലക്ഷണം മണിപ്രവാളം

എസ്. കൊച്ചുനാഥൻചാന്നാർ

ഇതിന്റെ കർത്താവായ പൊടിമണ്ണിൽ വീട്ടിൽ എസ്. കൊച്ചു നാഥൻ ചാന്നാർ അവർകൾ ഞങ്ങൾക്കയച്ച ഈ പുസ്തകം ഇവിടെ കിട്ടിയിട്ട് ദിവസം അധികമായെങ്കിലും സൌകര്യക്കുറവിനാൽ ഇതു വരെ അഭിപ്രായം പറയാൻ സാധിച്ചില്ല. പേരുകൊണ്ടുതന്നെ ഇതിന്റെ വിഷയം വെളിപ്പെടുന്നുണ്ട്. കുതിരയുടെ വർഗ്ഗഭേദങ്ങളേയും ലക്ഷണങ്ങളേയും പറഞ്ഞി ഹാലാസ്യമാഹാത്മ്യത്തിൽ പ്രതിപാദിച്ചി ട്ടുള്ള ഭാഗത്തെ എടുത്തു് വസന്തതിലകവൃത്തത്തിൽ 48 പദ്യങ്ങളായി നിർമ്മിച്ചിട്ടുള്ള ഒരു ചെറിയ പുസ്തകമാണിതു്. വലിയ കോയി ത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മുതലായി പല യോഗ്യന്മാരും ഇതിനെ പ്രശംസിച്ചു് അഭിപ്രായങ്ങൾ എഴുതിയിരിക്കുന്നു. ഇങ്ങനെ ഒരു കൃതി വേറെയും ഒരു ആൾ നിർമ്മിച്ചിട്ടുള്ളതായി ഇതിന്റെ മുഖവുരയിൽ കാണുന്നു. ഏതായാലും പദ്യങ്ങൾക്കു നല്ല ഒഴുക്കും ശ്രവണസുഖവും പദങ്ങൾക്കു സൌഷ്ഠവവും സാരള്യവും ഈ കൃതിയിൽ നല്ലവണ്ണമുണ്ടു്. കവി എസ്. പത്മനാഭപ്പണിക്കരുടെ ശിഷ്യനാണെന്നു് ഈ കൃതി കണ്ടവർക്കു് പറയാതെ തന്നെ അറിയാം. ഈ കവി ഇനിയും സദ്വിഷയങ്ങളിൽ കവിത ഉണ്ടാക്കി ഖ്യാതി സമ്പാദിക്കുമെന്നു് ഞങ്ങൾ ആശംസിക്കുന്നു.

വിലവു: *1084* കർക്കടകം

ഭാരതവിലാസം റിപ്പോർട്ടു്

കഴിഞ്ഞ മേടം 18-ാംതീയതി കൂടിയ "ഭാരതവിലാസം" സഭയുടെ നാലാമതു വാർഷിക യോഗത്തിന്റെ ഒരു റിപ്പോർട്ടു് സഭാസെക്രട്ടറി അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. "ഭാഷാപോ ഷിണി"യുടെ സമ്പ്രദായത്തിലും അതുപോലെയുള്ള ഉദ്ദേശ്യത്തോടു കൂടിയും തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടം ഉടമസ്ഥന്മാർ മുതലായ ഭാഷാഭിമാനികളുടെ ശ്രമത്താൽ നടത്തപ്പെട്ടവരുന്ന ഈ സഭയുടെ ഉത്തരോത്തരമുള്ള അഭിവൃദ്ധിയെ ഞങ്ങൾ അനുമോദിക്കുകയും പ്രവർത്തകന്മാരുടെ ഭാഷാപോഷണതല്പരതയെ ഹൃദയപൂർവം ശ്ലാഘിക്കുകയും ചെയ്യുന്നു. ഈ തവണ അധ്യാസനം വഹിച്ചതു് പ്രസിദ്ധ ഭാഷാഭിമാനിയും യോഗ്യനുമായ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ ആയിരുന്നു. റിപ്പോർട്ടിൽ കാണുന്ന വിദ്വാന്മാരുടെ ലിസ്റ്റിൽ നിന്നു് ഇതു "അഭിരൂപഭൂയിഷ്ഠ"യായ ഒരു "പരിഷത്ത്" ഈ വിഷയത്തിൽ അടുത്തകാലത്തെങ്ങും കൂടപ്പെട്ടിട്ടില്ല എന്നുള്ള നിരാക്ഷേപം പറയാവുന്നതാണു്. കവിതാവേഗപരീക്ഷ,

Digitized By Kerala Sahitya Akademi

കവിതാ ചാതുര്യപരീക്ഷ മുതലായവ നടത്തുകയും വിജയികൾക്കു സഭയിൽ നിന്നു സമ്മാനം കൊടുക്കുകയും ചെയ്തിരിക്കുന്നു. റിപ്പോർട്ടിൽ വായിച്ചു രസിക്കത്തക്ക പല സംഗതിയും അടങ്ങിയിരിക്കുന്നു. കവിതകളുടെ കൂട്ടത്തിൽ പന്തളം കേരളവർമ്മ തമ്പുരാൻ അവർകളുടെ പദ്യങ്ങളും കെ. പി. കറുപ്പൻ അവർകളുടെ വഞ്ചിപ്പാട്ടും പ്രത്യേകം ഹൃസ്വാദ്യമായിരിക്കുന്നു. റിപ്പോർട്ട് ഒരു ചെറിയ പുസ്തകമാണ്. 6 അണ വിലയ്ക്കു തൃശ്ശൂർ "ഭാരതവിലാസം" അച്ചുക്കൂടത്തിൽ നിന്നും കിട്ടും.

വിവേ. 1085 ചിങ്ങം

പ്രാചീന സ്തോത്രമാലിക

പ്രസാ: കെ. സി. ശിവരാമപിള്ള

പ്രസാധകനായ കൊല്ലം "പ്രബോധപ്രബോധികാ" സംസ്കൃത പാഠശാലാദ്ധ്യാപകൻ കെ. സി. ശിവരാമപിള്ള അവർകൾ അയച്ചുതന്ന ടി പുസ്തകം കൈപ്പറ്റി നന്ദിപറയുന്നു. രാമായണം, ഭാരതം, ഭാഗവതം, ശിവപുരാണം മുതലായ കിളിപ്പാട്ടുകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടതും വ്രതകാലങ്ങളിലും ദിവസംപ്രതിയും ഉപയോഗിച്ചാൽ ഏറ്റവും ഉതകുന്നവയും ഭക്തിവർദ്ധനങ്ങളുമായ സ്തോത്രഭാഗങ്ങളും സംസ്കൃതത്തിലും മലയാളത്തിലുമുള്ള ഉത്തമങ്ങളായ ചില സ്തോത്രപദ്യങ്ങളുമാണ് ഈ പുസ്തകത്തിലുള്ളത്. തെരഞ്ഞെടുപ്പിൽ മിസ്റ്റർ ശിവരാമപിള്ള നല്ല ഔചിത്യം കാണിച്ചിട്ടുണ്ട്. സകല ഉപാസകന്മാർക്കും ഒന്നുപോലെ ഉതകുന്നതായ സ്തുതികൾ ഉദ്ധരിച്ചിരിക്കുന്നതു പ്രത്യേകം പറയത്തക്കതാണ്. കൊല്ലം വിദ്യാഭിവർദ്ധിനി അച്ചുക്കൂടത്തിലാണ് അച്ചടിച്ചിട്ടുള്ളതു.

വിവേ. 1084 ചിങ്ങം

സ്ത്രീധർമ്മം

മൂലൂർ

ഇതു 1083-ലെ ഓച്ചിറ പ്രദർശനത്തിനു സന്മാനം ലഭിച്ചിട്ടുള്ളതും "ലക്ഷ്മീഭായി"യിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ എസ്. പത്മനാഭപ്പണിക്കർ അവർകളുടെ ഒരു പദ്യകൃതിയാകുന്നു. സ്ത്രീകൾ വിശേഷിച്ചും ബാലകളും യുവതികളും അറിഞ്ഞുനടക്കേണ്ട അനേകം സംഗതികൾ ഹൃസ്വാദ്യങ്ങളായ 105 വസന്തതിലക പദ്യങ്ങൾകൊണ്ട് കവി ഇതിൽ സംഗ്രഹിച്ചിരിക്കുന്നു. മിസ്റ്റർ പണിക്കരുടെ രചനാഭംഗിയും ഒഴുക്കവും ആഡംബരങ്ങളും ഇതിലെ എല്ലാ പദ്യങ്ങളിലും

Digitized By Kerala Sahitya Akademi

ഒരുപോലെ പ്രകാശിച്ചുകാണണം. ഇതിന്റെ ഒരുപ്രതി ഇവിടെ അയച്ചുതന്നതിലേക്കായി തൽക്കാലം പ്രസാധകൻ ആലപ്പുഴ എം. കെ. കുഞ്ഞൻപിള്ള അവർക്ക് ഞങ്ങൾ നന്ദി പറയേണ്ടിയിരിക്കുന്നു.

വിവേ: 1085 ചിങ്ങം

വേദാന്തപ്രദീപം

രാമസ്വാമി

ഇത് തമിഴിൽ പ്രാചീനരൂപേണ എഴുതപ്പെട്ടിരിക്കുന്ന ഒരു ഗദ്യഗ്രന്ഥമാണ്. അദ്വൈതവേദാന്തസംബന്ധമായി അവശ്യം അറിഞ്ഞിരിക്കേണ്ട സകലതത്ത്വങ്ങളും ഇതിൽ വിശദമായും ശാസ്ത്രസംബന്ധമായ ക്രമമനുസരിച്ചും വിവരിച്ചിരിക്കുന്നു. അനുബന്ധം, സാധനചതുഷ്ടയം, ഉപദേശം, സമാധി, ജീവൻ, മുക്തി എന്ന ആറ് പ്രകരണങ്ങളായിട്ടാണ് ഈ ഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നത്. അനുഭവരസികനായ ഗ്രന്ഥകർത്താവ് അദ്വൈതസിദ്ധാന്തത്തിലെ പ്രൗഢതത്ത്വങ്ങളെ ആർക്കും അറിയത്തക്കവണ്ണം ലളിതമാക്കുകയും ഓരോ വാദങ്ങളേയും തമിഴിലുള്ള ഉൽകൃഷ്ട ഗ്രന്ഥങ്ങളിൽനിന്ന് ഏറ്റവും സന്ദർഭോചിതങ്ങളായ വാക്യങ്ങളെ ഉദ്ധരിച്ച് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. തമിഴ് അറിയാത്തവർക്ക് അദ്വൈത ശാസ്ത്രത്തിന്റെ സ്വരൂപത്തേയും ആ മതാനുസാരമായ മോക്ഷമാർഗ്ഗത്തേയും പറ്റിയുള്ള അദൃഷ്ടവും വാസ്തവവുമായ ജ്ഞാനം സമ്പാദിക്കുന്ന വിഷയത്തിൽ "വേദാന്തപ്രദീപം"—പ്രസ്തുത സരണിയിൽ തമിഴുഭാഷ ഗ്രന്ഥദാരിദ്ര്യത്തെ അനുഭവിക്കുന്നില്ലെങ്കിലും—ഗുണവിശേഷത്താൽ വളരെ ഉപകാരപ്രദമായിരിക്കുമെന്ന് ഞങ്ങൾ തീർച്ചയായും അഭിപ്രായപ്പെടുന്നു. ഇതിന്റെ കർത്താവായ രാമസ്വാമി അവർകൾ ബ്രഹ്മശ്രീ നാരായണഗുരു സ്വാമി അവർകളുടെ ശിഷ്യനും ഒരു സഞ്ചാരിയായ സന്യാസിയുമാണ്. ഇദ്ദേഹത്തിന്റെ സ്വദേശം കൊല്ലവും ജാതിയിൽ (ഇദ്ദേഹത്തിനിപ്പോൾ അതുണ്ടെന്നുപറവാൻ തരമില്ലെങ്കിലും) തീയനുമാകുന്നു.

മദ്രാസുമുതലായ സ്ഥലങ്ങളിലെ യോഗ്യരായ അനേകം തമിഴ് പണ്ഡിതന്മാർ ഈ ഗ്രന്ഥത്തെ ശ്ലാഘിച്ച് എഴുതിയിട്ടുള്ള അഭിപ്രായങ്ങളെ ഇതിനോട് ചേർത്തിട്ടുണ്ട്. തമിഴിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ വിശേഷിച്ചും ഞങ്ങൾ അഭിനന്ദിക്കുന്നു. ആ ഭാഷയിൽ ഒരു പച്ചമലയാളിയാൽ എഴുതപ്പെട്ട ഒരുത്തമഗ്രന്ഥമായി ഞങ്ങൾ ഇതിനെയാണ് ആദ്യമായി കാണുന്നതെന്ന് സസന്തോഷം പറഞ്ഞുകൊള്ളുന്നു. പുസ്തകത്തിന്റെ അച്ചടിയും കടലാസുകെട്ടും വളരെ നന്നായിട്ടുണ്ട്. റായൽ 16 വലുപ്പത്തിൽ 272 ഭാഗങ്ങളുള്ള

Digitized By Kerala Sahitya Akademi

ഈ വിശിഷ്ട ഗ്രന്ഥത്തിന് 12 അണ വിലവച്ചിരിക്കുന്നത് കൂടിപ്പോയെന്ന് പറഞ്ഞുകൂടാ. തിരുനൽവേലിയിൽ കൽക്കണ്ടു കച്ചവടം ചെ. പിച്ചാണ്ടിപ്പിള്ള അവർകളുടെയും അഞ്ചുതെങ്ങിൽ സ്വാമിമഠം. ധർമ്മകർത്താ എം. പത്മനാഭൻ അവർകളുടെയും അടുക്കലും മദ്രാസ് കോമളേശ്വരം പേട്ടയിൽ സച്ചിദാനന്ദ മുദ്രാലയത്തിലും നിന്ന് ഈ പുസ്തകം ആവശ്യപ്പെട്ടാൽ കിട്ടും.

വിദ്വ: 1085 വൃശ്ചികം, ധനു

തന്ത്രരത്നം

പുല്ലാർക്കാട്ട് കണ്ണുവൈദ്യൻ

ഏതു വിഷയത്തെയും സംബന്ധിച്ച ശാസ്ത്രീയമായ ജ്ഞാനം നല്ലതാകുന്നു. മന്ത്രശാസ്ത്രത്തെപ്പറ്റി ഇടക്കാലത്ത് ഒരു അനാദരമാണ് ഉണ്ടായിരുന്നതെങ്കിലും അതിലടങ്ങിയ രഹസ്യതത്ത്വങ്ങളെ ശാസ്ത്രീയരീത്യാ ചില പാശ്ചാത്യ വിദ്വാന്മാരും മറ്റും വെളിപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഇക്കാലത്ത് അതിന്റെ യഥാക്രമമായ അഭ്യാസത്തിൽ ജനങ്ങൾക്ക് ശ്രദ്ധപതിയാൻ ഇടയുണ്ട്. ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഈ തന്ത്രരത്നം വിസ്തീർണ്ണവും ദുരവഗാഹവുമായ മന്ത്രശാസ്ത്രസമുദ്രത്തിൽനിന്ന് പറവൂർ വടക്കേക്കര പുല്ലാർക്കാട്ട് കണ്ണുവൈദ്യൻ എന്ന യോഗ്യനാൽ പണിപ്പെട്ട് സമ്പാദിക്കപ്പെട്ട ഒരു നിക്ഷേപമാണ്. മന്ത്രങ്ങളേയും അവയുടെ ലക്ഷണങ്ങളേയും ഗ്രഹഭേദങ്ങളേയും ക്രിയകളേയും അവയുടെ ഉപാംഗങ്ങളേയും എന്നുവേണ്ട മന്ത്രശാസ്ത്രസംബന്ധമായി അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാ സംഗതികളേയും ഈ ഗ്രന്ഥത്തിൽ നല്ലവണ്ണം പ്രതിപാദിച്ചിരിക്കുന്നു. സംസ്കൃതമൂലങ്ങൾക്കെല്ലാം ഗ്രന്ഥകർത്താവ് മലയാളത്തിൽ സ്വന്തമായ വ്യാഖ്യാനം കൊടുത്തിട്ടുണ്ട്. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവർകളുടെ ശിഷ്യൻ ടി. സി. പരമേശ്വരവർമ്മ അവർകൾ ഈ ഗ്രന്ഥത്തേയും ഗ്രന്ഥകാരനേയും വളരെ ശ്ലാഘിച്ച് ഒരു മുഖവുര എഴുതിയിരിക്കുന്നു. സാധാരണ മാന്ത്രികന്മാർക്ക് തന്ത്രരത്നത്തിന്റെ ഒരു പ്രതി കൈവശം ഉണ്ടായിരിക്കുന്നത് വളരെ നല്ലതാണ്. പറവൂർ വടക്കേക്കര മടപ്പലാത്തുരുത്തിൽ പുല്ലാർക്കാട്ടകണ്ണുവൈദ്യർക്ക് എന്ന മേൽവിലാസം എഴുതി അപേക്ഷിച്ചാൽ പുസ്തകം കിട്ടുമായിരിക്കും.

വിദ്വ. 1085 വൃശ്ചികം, ധനു.

Digitized By Kerala Sahitya Akademi

സൂതികാമൃതം

പ. എം. ഗോവിന്ദൻവൈദ്യൻ

ഇത് ആരോഗ്യരക്ഷയെ ഉദ്ദേശിച്ച് അമ്മമാരും അമ്മമരാകാൻ പോകുന്നവരുമായ സ്ത്രീജനങ്ങൾ അറിഞ്ഞിരിക്കേണ്ട സകല സംഗതികളേയും പറഞ്ഞു പ്രതിപാദിക്കുന്ന ഒരു ഉത്തമ പദ്യഗ്രന്ഥമാകുന്നു. ഇതിന്റെ കർത്താവായ കായിക്കര പി. എം. ഗോവിന്ദൻ വൈദ്യൻ. അവർകൾ 'ധന്വന്തരി'യിൽ പ്രസിദ്ധപ്പെടുത്തുന്ന തന്റെ അഷ്ടാംഗഹൃദയ തർജ്ജമയെക്കൊണ്ട് പേരെടുത്തദ്ദേഹമാണ്. പ്രകൃതപുസ്തകം, അഷ്ടാംഗഹൃദയം, ചരകം, സുശ്രുതം മുതലായ വൈദ്യഗ്രന്ഥങ്ങളിൽ നിന്ന് യുക്തമെന്നുതോന്നിയഭാഗങ്ങളെ തെരഞ്ഞെടുത്തു തർജ്ജമ ചെയ്തും ചിലേടത്തു സ്വതന്ത്രമായും പ്രായേണ അനുഷ്ടുപ്പു വൃത്തത്തിൽ നല്ല മലയാളഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. ഇതിനെ ദിനചര്യ, ദോഷാദിജ്ഞാനം, പുത്രകാമീയം, ഗർഭോൽപ്പത്തി, ഗർഭരക്ഷ, പ്രസവചര്യ, ഗർഭവ്യാപത്ത്, പ്രസവവൈഷമ്യം, ബാലപരിചരണം, ബാലരോഗചികിത്സ, വാതഘ്നാദിഗണം, ഔഷധകല്പനം എന്ന് അനവർത്ഥനാമങ്ങളായ പന്ത്രണ്ട് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. പ്രസിദ്ധ വിദ്വാനായ പുന്നശ്ശേരി നീലകണ്ഠശർമ്മ അവർകൾ ഗ്രന്ഥകർത്താവിനെപ്പറ്റി വൈദ്യശാസ്ത്രത്തിൽ തങ്കൾക്കുള്ള സാരഗ്രാഹിത്വവും സരളമായി കവിതയെ ഉണ്ടാക്കുന്നതിലുള്ള വാസനയും ഇതുകൊണ്ട് നല്ലവണ്ണം തെളിയുന്നുണ്ടെന്ന അഭിപ്രായം പറഞ്ഞിരിക്കുന്നതിൽ ഒട്ടും അതിശയോക്തി ഉണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഗ്രന്ഥകർത്താവിന്റെ വന്ദ്യഗുരുഭൂതനും ഇന്നത്തെ ആയുർവേദപണ്ഡിതൻമാരുടെ ചക്രവർത്തിയുമായ അനന്തപുരത്തു മുത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ കൃതിയെപ്പറ്റി ഇതു വൈദ്യശാസ്ത്രപരിചയം ഇല്ലാത്തവർക്കു വളരെ ഉപകാരകവും വൈദ്യന്റെ യശ്ശസിന് അനശ്വരവുമായ ഒരു സ്മാരകവുമായിരിക്കുമെന്ന് ആശംസിച്ചിരിക്കുന്നതും ഒട്ടും അസ്ഥാനത്തിലല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. പുസ്തകത്തിനു ഡെമ്മി എട്ടു വലിപ്പത്തിൽ തൊണ്ണൂറോളം ഭാഗങ്ങൾ ഉണ്ട്. തിരുവനന്തപുരം ആനന്ദാ പ്രസ്സിൽ അച്ചടിച്ചതാണ്. അച്ചടിയും കടലാസും കെട്ടും എല്ലാം നന്നായിട്ടുണ്ട്. ഒരു പ്രതിക്ക് പന്ത്രണ്ടണ വിലകൊടുത്താൽ ഗ്രന്ഥകർത്താവിൽ നിന്നോ ഈ വിവേകോദയം ആഫീസിൽ നിന്നോ കിട്ടുന്നതാണ്. പി. എ. ഗോവിന്ദൻ വൈദ്യൻ. അവർകൾ ഈമാതിരി ശ്രമംകൊണ്ടു മലയാളികൾക്കും മലയാളഭാഷയ്ക്കും മേലും സ്മരണീയമായ ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കണമെന്നു ഞങ്ങൾ നിർവ്യാജം ആഗ്രഹിക്കുന്നു.

വിവേ. 1085 മകരം, കുംഭം

Digitized By Kerala Sahitya Akademi

അഞ്ജനനിദാനം

പി. കെ. നാരായണൻ വൈദ്യൻ

ഇത് ഒരു വൈദ്യഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാനമാണ്. വൈദ്യശാസ്ത്ര പ്രകാരം നിദാനം എന്നു വച്ചാൽ രോഗങ്ങളുടെ ലക്ഷണങ്ങളേയും ഹേതുക്കളേയും പറഞ്ഞ് പ്രതിപാദിക്കുന്ന ഗ്രന്ഥമാകുന്നു. ഈ പ്രസ്ഥാനത്തിൽ മാധവനിദാനത്തെയാണ് വിദ്വാൻമാർ പ്രധാനമായി ഗണിക്കുന്നത്. ''നിദാന മാധവഃ പ്രോക്തഃ'' എന്ന വാക്യം പ്രസിദ്ധമാണല്ലോ. അഞ്ജനനിദാനം ആയുർവേദജ്ഞൻമാരായ ഋഷിമാരിൽ ഒരു ഗണ്യദേഹമായ അഗ്നിവേശനാൽ സംസ്കൃതത്തിൽ നിർമ്മിക്കപ്പെട്ടതാകുന്നു. ഗ്രന്ഥവിസ്താരം കൂടാതെ നിദാനത്തെ സംബന്ധിച്ച സൂക്ഷ്മവും വിസ്താരവുമായ അറിവിനെ നൽകുന്നത് അല്ലെങ്കിൽ സംക്ഷിപ്തതമാണ് ഈ നിദാനത്തിനുള്ള വിശേഷം. അജ്ഞനം കണ്ണിനു നിരീക്ഷണശക്തിയെ വർധിപ്പിക്കുന്നതുപോലെ ഈ ഗ്രന്ഥത്തിന്റെ അറിവ് വൈദ്യൻമാർക്കും രോഗകാരണദർശനത്തിൽ അത്യന്തം ഉപകരിക്കുന്നതാകയാൽ ഇതിന് അഞ്ജനം നിദാനം എന്ന് ഋഷി പേരുവിളിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിന് ആശ്രമത്തു പി. കെ. നാരായണൻ അവർകൾ എഴുതിയ അബദ്ധമില്ലാത്തതും വിശദവുമായ ഭാഷാവ്യാഖ്യാനത്തെ ഞങ്ങൾ ഹൃദയപൂർവ്വം ശ്ലാഘിക്കുന്നു. ഈ ഗ്രന്ഥകാരന്റെ പേർ ''ധനവന്തരി'' വായനക്കാർക്കു പരിചിതമായിട്ടുള്ളതാണ്. വൈദ്യവിഷയമായി പല പ്പോഴും ഈ പേരിന്റെ ഉടമസ്ഥൻ ആ മാസികയിൽ സാരവത്തുക്കളായ ലേഖനങ്ങൾ എഴുതാറുണ്ട്. തന്റെ യോഗ്യതയെ ഇപ്രകാരം പരോപകാരവും യശസ്കരവുമായ വിധത്തിൽ വിനിയോഗിക്കുന്ന യുവാവായ (ഞങ്ങൾ അറിയും) ഈ ഗ്രന്ഥകാരന്റെ ഉചിതജ്ഞതയെ ഞങ്ങൾ അഭിനന്ദിക്കുകയും അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതു ഡെമ്മി പതിനാറുവലിപ്പത്തിൽ വൃത്തിയായി അച്ചടിച്ചു കെട്ടിട്ടുള്ള ഒരു പുസ്തകമാകുന്നു. വില മുതലായ വിവരങ്ങൾ ഗ്രന്ഥകർത്തവായ കൊല്ലം ആശ്രാമത്ത് പി. കെ. നാരായണൻ അവർകളോടുതന്നെ ആവശ്യപ്പെട്ടാൽ അറിയാം.

വിവേ. 1085 മകരം, കുഭം

വഞ്ചീശ ശതകം

പന്തളം കേരളവർമ്മ

ഇതു മൂലംതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ അപരിമിതങ്ങളായ ഗുണങ്ങളെ വർണ്ണിച്ചു പ്രസിദ്ധ ഭാഷാകവികളുടെ മുന്നണിയിൽ നിൽക്കുന്ന ഒരാളായ പന്തളത്തു കേരളവർമ്മ തമ്പുരാൻ

Digitized By Kerala Sahitya Akademi

അവർകൾ ഭിന്നവൃത്തങ്ങളിൽ എഴുതീട്ടുള്ള പന്ത്രു ശതകങ്ങൾ ചേർന്ന ഒരു ചെറിയ പുസ്തകമാണ്. കേരളവർമ്മതമ്പുരാൻ അവർകളുടെ വാഗ്ദ്ധാടിക്കും കല്പനാശക്തിക്കും ഈ കവിതയിൽ എവിടെ നോക്കിയാലും ദൃഷ്ടാന്തങ്ങൾ കാണാം. മഹാരാജാവു തിരുമനസ്സിലെ നേർക്കുള്ള അകൈതവമായ ഭക്തിബഹുമാനങ്ങളെ ഉചിതന്യായത്തോടും ശക്തിയോടും കൂടി വർണ്ണിപ്പാൻ കഴിഞ്ഞിട്ടുള്ള കവികൾ ചുരുക്കമാണെന്നു തോന്നുന്നു.

"നരപതിയുടെ സേവ ഘോരകാകോ-
ദരമുഖചുംബനമെന്നു ചൊന്ന മന്ദൻ,
നിരവധി ഗുണരാശി മൂലരാട്ടിൽ
തരമൊടുതട്ടിയ കാറുമേറിടാത്തോൻ"

"മിതവാഗസാരമതിയാകുമിവൻ
വിതത പ്രഭാവമെഴുമി പ്രഭുവിൽ
സതതം കലർന്ന വിലസുന്നഗുണം
ചിതമറുരച്ചതതി സാഹസമായ"

ഇതു് അതിലുള്ള സാധാരണമായ രണ്ടു ശ്ലോകങ്ങൾ മാത്രമാകുന്നു. ഇവയേക്കാൾ അലങ്കാരികമായ ഉത്കർഷം അധികമുള്ള പദ്യങ്ങളാണ് ഈ കൃതിയിൽ അധികമുള്ളതു്. മിക്കവാറും ഈ കൃതിയുടെ ഗുണങ്ങളെ വർണ്ണിച്ചു തന്നെ കൊച്ചി 11-ാം കൂറു (അപ്പൻ തമ്പുരാൻ) തിരുമനസ്സുകൊണ്ടു കല്പിച്ചെഴുതിയിട്ടുള്ള ഒരു ചെറിയ മുഖവുരയും ഇതിന്റെ ആദരണീയതയെ വർദ്ധിപ്പിച്ചിരിക്കുന്നു.

വിവേ. 1086 ചിങ്ങം, കന്നി

നിദാനസ്ഥാനം

പി. എം. ഗോവിന്ദൻ വൈദ്യൻ

ഇതു് സൂതികാമൃതം മുതലായ ഉപയോഗമുള്ള വൈദ്യപുസ്തകങ്ങൾ എഴുതി പേരെടുത്തിട്ടുള്ള കായിക്കരെ പി. എം. ഗോവിന്ദൻ വൈദ്യൻ അവർകളുടെ അഷ്ടാംഗഹൃദയ തർജ്ജിമയുടെ ഒരു ഭാഗമാണ്. ഇദ്ദേഹത്തിന്റെ പദ്യരൂപമായ അഷ്ടാംഗഹൃദയ തർജ്ജിമയെപ്പറ്റി പ്രാമാണികന്മാരുടെ ഇടയിൽ പൊതുവിൽ നല്ല അഭിപ്രായമാണുള്ളതെന്നു പ്രസിദ്ധമാണ്. എന്നാൽ ഗ്രന്ഥകർത്താവു സദയം അയച്ചു തന്ന നിദാനസ്ഥാനം പരിശോധിച്ചപ്പോൾ ആ പ്രസിദ്ധി തീരെ അസ്ഥാനത്തിലല്ലെന്നു ജനങ്ങൾക്കു സ്വയം മനസ്സിലാകയും തീർച്ചയാക്കേണ്ടിവരികയും ചെയ്തു എന്നുള്ള വസ്തുത സന്തോഷപൂർവം പ്രസ്താവിച്ചു കൊള്ളുന്നു. നിദാനസ്ഥാനത്തിൽ അഷ്ടാംഗ ഹൃദയത്തിന്റെ പതിനാറ് അദ്ധ്യായങ്ങൾ അടങ്ങുന്നു. രോഗങ്ങളുടെ ഉൽപ്പത്തിഹേതുക്കളും പൂർവരൂപങ്ങളും ലക്ഷ

Digitized By Kerala Sahitya Akademi

ണങ്ങളും ഇതിൽ വ്യക്തമായി വർണ്ണിച്ചിരിക്കുന്നു. "ധന്വന്തരി" വൈദ്യമാസികയുടെ പത്രാധിപരും ഒരു പ്രസിദ്ധ ആയുർവേദ പണ്ഡിതരുമായ പി. എസ്. വാരിയർ അവർകൾ ഈ പുസ്തകത്തെപ്പറ്റി ഗുണദോഷ നിരൂപണംചെയ്ത് ഒരു അവതാരിക എഴുതിച്ചേർത്തിരിക്കുന്നു. ഇതിന്റെ അച്ചടിയും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ നടത്തപ്പെട്ടതാണെന്നു തോന്നുന്നു. തർജ്ജിമയുടെ രീതി കുഴിയുന്നത്ര സുഗമമാക്കിയിട്ടുണ്ട്. എന്നാൽ "നിദാനം പൂർവരൂപം രൂപം പിന്നുപശയം" എന്നും "നിദാനമെന്നുള്ളതും കാരണമയതനന്തരാ" എന്നും മറ്റുമുള്ള യതിഭംഗങ്ങൾ പലപ്പോഴും ഈ കവിതയുടെ ഒഴുക്കിനെ തടയുന്നതായി ചിലർ വഴക്കു പറഞ്ഞു എന്നുവരാം. എങ്കിലും ശാസ്ത്രങ്ങളുടെ വിഷയത്തിൽ വിദ്വാൻമാർ ഈ ചില്ലറ വൃത്തദോഷത്തെ ഗണ്യമാക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. മഹാമഹിമ ശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ കൃതിയെപ്പറ്റി ഗ്രന്ഥകർത്താവിനു് ഇങ്ങനെ കൽപിച്ചു എഴുതിയിരിക്കുന്നു:—"നിങ്ങൾ എഴുതി തീർന്നിടത്തോളം അഷ്ടാംഗഹൃദയം ഭാഷ എത്രയും ശ്ലാഘ്യമായിരിക്കുന്നു എന്നഭിപ്രായപ്പെടുന്നതിൽ ഞാൻ ഒട്ടും സംശയിക്കുന്നില്ല. ബാഹടാചാര്യരുടെ സംക്ഷിപ്തങ്ങളും ബഹ്വർത്ഥങ്ങളും സാരഭൂയിഷ്ഠങ്ങളുമായ പദ്യങ്ങളെ നിങ്ങൾ പരിഭാഷപ്പെടുത്തീട്ടുള്ളതിൽ അധികം ഭംഗിയായിട്ടോ വിശദമായിട്ടോ പരിഭാഷപ്പെടുത്തുന്നതു് കേവലം അസാദ്ധ്യം എന്നു തന്നെ തീർച്ചയായി അഭിപ്രായപ്പെടാം." ഈ കൃതിയെപ്പറ്റി ഗ്രന്ഥകർത്താവിനു് ഇതിനേക്കാൾ ചാരിതാർത്ഥ്യജനകമായ ഒരു അഭിപ്രായം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അഷ്ടാംഗഹൃദയം മുഴുവൻ ഇതുപോലെ തർജ്ജിമചെയ്തു പൂർത്തിയാക്കാൻ വൈദ്യരവർകളെ 'അപൂർവ വൈദ്യൻ' അനുഗ്രഹിക്കട്ടെ. അഷ്ടാംഗഹൃദയത്തിന്റെ ഗദ്യരൂപമായ തർജ്ജിമ ആദ്യം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയതു് ഉദ്ദണ്ഡകണ്ണൻ ഡിപ്യൂട്ടികലക്ടർ അവർകളും പദ്യതർജ്ജിമ പ്രസിദ്ധപ്പെടുത്തിയതു് ഗോവിന്ദൻ വൈദ്യൻഅവർകളുമാകുന്നു. രണ്ടു പേരും തീയരാണെന്നുള്ളതു് പ്രസ്താവയോഗ്യമാണ്.

വിവേ: 1086 ചിങ്ങം, കന്നി

പദ്യപാഠാവലി (ഒന്നുമുതൽ നാലുവരെ ഭാഗങ്ങൾ)

പ്രസാ: കേരളവർമ്മ വലിയകോയിത്തമ്പുരാൻ

ഇവ മലയാളം എലിമെൻററി ക്ലാസ്സുകളുടെ ഉപയോഗത്തിനായി മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രശസ്തമായ പ്രസാധകത്വത്തിൻ കീഴിൽ തിരുവനന്തപുരം ബി. വി. ഡിപ്പോ പ്രവർത്തകൻമാർ ഇപ്പോൾ പ്രസിദ്ധ

Digitized By Kerala Sahitya Akademi

പ്പെടുത്തിയ നാല് ചെറിയ പുസ്തകങ്ങളാകുന്നു. ഈ പുതിയ പുസ്തകാവലി മലയാള സാഹിത്യനഭസ്സിൽ ഒരു പുതിയ നക്ഷത്രാവലിതന്നെയാണെന്നു പറവാൻ ഞങ്ങൾ മടിക്കുന്നില്ല. നാം നിത്യം പരിചയിച്ചുകൊണ്ടിരിക്കുന്ന അതിസാധാരണങ്ങളായ വിഷയങ്ങളെപ്പറ്റിപോലും ഉദാരങ്ങളായ വിചാരങ്ങളെ കുട്ടികളുടെ ഹൃദയത്തിൽ ഉണ്ടാക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നതിനും അവരുടെ മനോഗതിയെ സന്മാർഗ്ഗത്തിലേക്ക് എളുപ്പത്തിൽ ആകർഷിക്കുന്നതിനും കവിതയ്ക്കുള്ള സാമർത്ഥ്യം വേറൊന്നിനും ഇല്ലതന്നെ. ബുക്കനാറിയുടെ തലവന്റെ നിലയിലും അല്ലാതെയും വിശിഷ്ടങ്ങളായ അനേകം ഗദ്യഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തി പുതിയ മലയാള സാഹിത്യത്തിന്റെ പിതാവെന്ന് അനശ്വരമായ പേരെടുത്ത വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ പദ്യപാഠാവലിയുടെ ആവശ്യകതയെ നല്ലവണ്ണം മനസ്സിലാക്കുകയും ഇപ്രകാരം ഉചിതമായ വിധത്തിൽ അതിനെ നിറവേറ്റുകയും ചെയ്തതിൽ അവിടത്തേയ്ക്കു മാത്രമല്ല മലയാളികൾക്ക് മുഴുവൻവലിയ കൃതാർത്ഥതയ്ക്ക് അവകാശമുണ്ട്. ഈ പാഠാവലിയുടെ ഒന്നുമുതൽ നാലുവരെ ഭാഗങ്ങൾ താഴെ നിന്ന് യഥാക്രമം മേൽപ്പോട്ടുള്ള ക്ലാസ്സുകളിലേക്കുദ്ദേശിച്ചിട്ടുള്ളവയാകുന്നു. ഒന്നും രണ്ടും ഭാഗങ്ങളിലുള്ള പദ്യങ്ങൾ മുഴുവനും ഇപ്പോഴുള്ള മലയാളകവികളിൽപ്രസിദ്ധന്മാരായവർ ഈ ആവശ്യാർത്ഥം പ്രത്യേകം നിർമ്മിച്ചിട്ടുള്ളവയാണ്. മൂന്നും നാലും ഭാഗങ്ങളിൽ പുതിയ കൃതികൾക്കു പുറമേ നമ്പ്യാർ, എഴുത്തച്ഛൻ, ചെറുശ്ശേരി മുതലായവരുടെ കവിതകളിൽനിന്നുള്ള ഉദാഹരണങ്ങളും ഉണ്ട്. പദ്യങ്ങളുടെ തെരഞ്ഞെടുപ്പ് വളരെ നന്നായിരിക്കുന്നു. അപൂർവം ചില പുതിയ കവികൾ തങ്ങൾ ഏറ്റിരുന്ന ഭാരത്തെ കുറേക്കൂടി മനസ്സുവച്ച് നിറവേറ്റാണ്ടിയിരുന്നു എന്നുള്ളതും പറയാതെ കഴികയില്ല. എങ്കിലും പുറപ്പാടിൽതന്നെ പദ്യപാഠാവലി ഇത്ര നന്നായതു് അഭിനന്ദനീയമാണ്. കേരളം മുഴുവനുള്ള ഗവൺമെൻറ് പാഠശാലകളിൽ ഈ പുസ്തകങ്ങൾ അചിരേണ പ്രചരിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഓരോ ഭാഗവും ഡെമ്മി പന്ത്രണ്ടു് വലിപ്പത്തിൽ ഒരേമാതിരിയുള്ള ചെറിയ പുസ്തകങ്ങളാണ്. അച്ചടിയും കെട്ടും നന്നായിട്ടുണ്ട്. ഒന്നാം ഭാഗത്തിന് രണ്ടും രണ്ടാം ഭാഗത്തിന് രണ്ടരയും മൂന്നാം ഭാഗത്തിന് മൂന്നരയും നാലാം ഭാഗത്തിന് നാലരയും ചക്രങ്ങൾ മാത്രമേ വില വച്ചിട്ടുള്ളൂ. തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോ പ്രവർത്തകന്മാരെ അവരുടെ ഇത്തരം പ്രവൃത്തികളിൽ അഭിനന്ദിക്കാത്തവർ മലയാളഭാഷയെ സ്നേഹിക്കുന്നവരിൽ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല.

വിവേ: 1086 ചിങ്ങം, കന്നി

Digitized By Kerala Sahitya Akademi

ഗീതാരഹസ്യം

വിവ. ഗോവിന്ദമേനോൻ

പള്ളിയിൽ ഗോവിന്ദമേനോൻ അവർകൾ മലയാളത്തിലാക്കിയിരിക്കുന്ന പ്രസ്തുത പുസ്തകം അതിന്റെ പേരുകൊണ്ടുതോന്നുന്നമാതിരിയിൽ ഉള്ള ഭഗവദ്ഗീതയെപ്പറ്റിയ വല്ല ചുരുങ്ങിയ നിരൂപണമോ സാരസംക്ഷേപമോ അല്ല. അതു് മതസംബന്ധമായും സദാചാരസംബന്ധമായുമുള്ള ഉൽകൃഷ്ടങ്ങളായ അറിവുകളെ സമ്പാദിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഉതകത്തക്കവണ്ണം ദിവസംപ്രതി ഓരോ ഉപദേശവാക്യംവീതം ജനുവരി 1 മുതൽ ഡിസംബർ 31 വരെ തീയതികളിലേക്ക്, അതായത് ഒരു കൊല്ലത്തേക്ക് മുഴുവൻ, ഉപയോഗിപ്പാൻ വേണ്ടത്ര വാക്യങ്ങളെ ഗീത, മഹാഭാരതം, ഭാഗവതം മുതലായ ഗ്രന്ഥങ്ങളിൽനിന്ന് ശേഖരിച്ചുരചിച്ചിട്ടുള്ള ഒരു പുതിയ തരം ''ഡയറി'' പുസ്തകമാകുന്നു. ഇംഗ്ലീഷിൽ ഇതിന്റെ മൂലത്തെ കൂടാതെ വേറെയും ഇത്തരം ചില പുസ്തകങ്ങൾ കണ്ടിട്ടുണ്ടെങ്കിലും മലയാളത്തിൽ ഈ കൂട്ടത്തിൽ പ്രഥമാവതാരം ചെയ്തതു് ഞങ്ങളുടെ മുമ്പിൽ കാണുന്ന ''ഗീതാരഹസ്യം''തന്നെ ആയിരിക്കണം. ഇതിന്റെ ഇംഗ്ലീഷ് മൂലകർത്താവ് പ്രസിദ്ധനായ എസ്. സി. മുഖോപാദ്ധ്യായൻ അവർകൾ എഴുതിട്ടുള്ള പ്രൗഢമായ മുഖവുര തർജ്ജുമചെയ്ത് ഇതോടുചേർത്തിട്ടുള്ളതു് ഭഗവാൻ ശ്രീകൃഷ്ണന്റെ യഥാർത്ഥമാഹാത്മ്യത്തെപ്പറ്റി ശാസ്ത്രീയമായ അറിവ് സമ്പാദിക്കുവാൻ ആഗ്രഹിക്കുന്ന ഭക്തന്മാർക്ക് ഒരു പുതിയ വെളിച്ചമായിരിക്കുമെന്നുള്ളതു് നിസ്സംശയമാണ്. ഇതിന്റെ പരിഭാഷകൻ ഗോവിന്ദമേനോൻ അവർകളുടേയും പ്രസിദ്ധീകർത്താവായ പള്ളത്തു കൃഷ്ണൻ അവർകളുടേയും ശ്രമങ്ങളെ ഞങ്ങൾ സർവഥാ അഭിനന്ദിക്കുന്നു. പുസ്തകത്തിന് ഡെമ്മി 16 വലുപ്പത്തിൽ ആകെ നൂറിൽപ്പരം ഭാഗങ്ങളുണ്ട്. അച്ചടിയിലും ആകൃതിയിലും ഒരു ഡയറിയുടെ മാതിരിയിൽ ഇതിന് കുറെക്കൂടി പരിഷ്കാരങ്ങൾ വരുത്താൻ കഴിയുമെങ്കിലും ഇപ്പോൾത്തന്നെയും ഇത് നന്നായിട്ടുണ്ട്. 6 ണ. വിലയ്ക്ക് തൃശ്ശിവപേരൂർ ''കേരളചിന്താമണി'' പുസ്തകശാലയിൽനിന്ന് ഇത് കിട്ടുന്നതാണ്.

വിവേ: *1086 തുലാം*

യഥാർത്ഥഭാരതി

ശിവലിംഗദാസസ്വാമി

ഇതിന്റെ കർത്താവായ ശിവലിംഗദാസസ്വാമി അവർകൾ ഭക്തി ജ്ഞാനപരങ്ങളായ പല കൃതികളും ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തീട്ടുള്ള ദേഹമാകുന്നു. പ്രകൃത പുസ്തകം ആ കൂട്ടത്തിൽ ഉൾപ്പെടുന്ന

Digitized By Kerala Sahitya Akademi

ഒരു മതവിഷയകമായ കൃതിയാണ്. കർമ്മം നിഷ്കാമമായി ചെയ്യേണ്ടതിന്റെ ആവശ്യകത, ബിംബാരാധനയെയും ക്ഷേത്ര സ്ഥാപനങ്ങളെയും ആക്ഷേപിക്കുന്നവരുടെ അഭിപ്രായങ്ങളുടെ ഖണ്ഡനം, ഈശ്വരമാഹാത്മ്യം, അവതാരങ്ങളുടെ ഉദ്ദേശങ്ങൾ, ശ്രുത്യാദികളുടെ പ്രാമാണ്യം എന്നുവേണ്ട, പൊതുവിൽ മതജിജ്ഞാസുക്കൾ അറിയേണ്ട എല്ലാ മുഖ്യ വിഷയങ്ങളും സാമാന്യനേ ഈ കൃതിയിൽ പരാമർശിച്ചിട്ടുണ്ട്. എഴുത്തച്ഛന്റെ കർണ്ണപർവ്വത്തിലെ ഗാനരീതിയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ കൃതിയോടുകൂടി ഗ്രന്ഥകർത്താവിനാൽ എഴുതപ്പെട്ട ഒരു ഉപന്യാസവും ചേർത്തിരിക്കുന്നു. യോഗം ജ്ഞാനത്തെക്കാൾ ശ്രേഷ്ഠമാണെന്നും ജ്ഞാനം കൊണ്ടു മോക്ഷം കിട്ടുന്നതല്ലെന്നും ധരിക്കുന്ന ചില അപക്വബുദ്ധികളുടെ അഭിപ്രായത്തിനെതിരായാണ് ഈ ഉപന്യാസത്തിന്റേയും ഗാനത്തിന്റേയും ഗതി, ഗ്രന്ഥകർത്താവു ഞങ്ങൾക്കു വളരെ അടുത്ത ഒരു സഹോദരനാകയാൽ ആത്മപ്രശംസാഭയം കൊണ്ടു ഞങ്ങൾ ഈ കൃതിയെപ്പറ്റി വർണ്ണിക്കുന്നില്ല.

വിവേ. 1086 വൃശ്ചികം, ധനു

സ്ത്രീധർമ്മം

എം. വി. പാർവതിഅമ്മ

ഇത് ശ്രീമതി എം. വി. പാർവതിഅമ്മയാൽ എഴുതപ്പെട്ടതും അവരുടെ ഭർത്താവായ ആനസ്ഥാനത്തു കുഞ്ഞുപണിക്കൻ അവർകൾതന്റെ ചെലവിൻമേൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതുമായ വസന്തതിലകം വൃത്തത്തിലുള്ള നൂറു മണിപ്രവാളപദ്യങ്ങളാകുന്നു. പ്രമേയം ഇതിന്റെ പേരുകൊണ്ടുതന്നെ വെളിപ്പെടുന്നതാകയാൽ അതിനെപ്പറ്റി പറയേണ്ടതില്ല. ഇത് 82-ലെ ഓച്ചിറ പ്രദർശനത്തിന് പ്രശംസാ പത്രം ലഭിച്ച സാഹിത്യങ്ങളുടെ കൂട്ടത്തിൽ ഒന്നാണത്രേ. ഇതിന്റെ കവയിത്രിക്കു പദ്യരചനയിൽ സാമാന്യം വാസനയുണ്ടെന്നു ഇതിൽ നിന്നു കാണുന്നു. ഇവർ പരിശ്രമിച്ചാൽ ഇനിയും നല്ല കവിതകൾ എഴുതാൻ യോഗ്യയാകുന്നുമെന്നു വിശ്വസിക്കുന്നു.

വിവേ. 1086 വൃശ്ചികം, ധനു

ഭാഷാശാകുന്തളം

വിവ: കേരളവർമ്മ വലിയകോയിത്തമ്പുരാൻ

(പരിഷ്കരിച്ച ഒന്നാമത്തെ പതിപ്പ്)

ഇതിനെപ്പറ്റി മലയാള മനോരമയുടെ നിരൂപണത്തിൽ നിന്നു ആരംഭിച്ച് പത്രങ്ങളിലും മാസികകളിലും തുടർന്നുകൊണ്ടിരിക്കുന്ന

Digitized By Kerala Sahitya Akademi

സാഹിത്യ വിമർശകൻമാരുടെ തുമുലമായ സംഗ്രാമം ഏതാണ്ടു് അവ സാനിച്ചിരിക്കുന്നു. ഈ കാലം നിശ്ചയമായും ഒരു പരിഷ്കരണ ത്തിന്റെ കാലമാകുന്നു. പരിഷ്കരണം ഏതു വിഷയത്തിലായാലും വഴക്കുകൂടാതെ കഴിയുക എന്നുള്ളതു് ഈയിടെ അസാദ്ധ്യമായും ഇരിക്കുന്നു. അതുകൊണ്ടു ഭാഷാശാകുന്തളത്തിന്റെ സ്പൃഹണീയ മായ ഈ പരിഷ്കരണത്തിലും പക്ഷാന്തരങ്ങളും വാക്സമരവും ഉണ്ടാ യതു് ആശ്ചര്യമല്ല. ശാകുന്തള വിഷയകമായ വാദപ്രതിവാദങ്ങളെ ശ്രദ്ധിച്ചു വായിച്ചിട്ടുള്ള ആർക്കും പ്രധാനമായി രണ്ടു സംഗതികൾ വെളിവായിത്തോന്നും. ഒന്നു് ഒരിക്കൽ വിദ്വൽ സമ്മതമായിരുന്ന മലയാളമനോരമ ഇന്നു് ഉൽകൃഷ്ടഗ്രന്ഥങ്ങളെ നിരൂപണം ചെയ്യുന്ന തിനു വേണ്ട വിവേകവും പരിപാകവും ഇല്ലാത്ത ഒരു ദയനീയ ദശ യെ പ്രാപിച്ചിരിക്കുന്നു എന്നും, മറ്റൊന്നു ചില പ്രസിദ്ധ വിദ്വാൻ മാർ അവരിൽ നിന്നു, പ്രതീക്ഷ്യമല്ലാത്ത മനോദോഷങ്ങൾക്കോ ഒട്ടക ത്തിന്റെ എന്ന പോലെ അന്യാദൃശമായ വല്ല രുചിഭേദത്തിനോ രണ്ടിനും കൂടിയോ പരാധീനരായിട്ടു് വൈദുഷ്യത്തിന്റെ ബഹുമാ നത്തിനു ഹാനിവരുത്തുന്നു എന്നും തന്നെ. അല്ലെങ്കിൽ പ്രകൃതശാകുന്ത ളത്തിന്റെ പ്രസാധകനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പു രാൻ തിരുമസ്തിലെ സുസ്ഥാപിതമായ യോഗ്യതകളെ പ്രത്യാഖ്യാനി പ്പാനോ ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഈ പരിഷ്കരിച്ച ഭാഷാ ശാകുന്തളത്തെ ഇങ്ങനെ കണ്ണുംപൂട്ടി ദോഷാരോപണം ചെയ്യാനോ വേണ്ട ധൈര്യം മനോരമയ്ക്കും അവർക്കും എങ്ങനെയുണ്ടാവാം, ആംഗ ലസാമ്രാജ്യം എന്ന അപൂർവ സംസ്കൃതകാവ്യത്തിന്റെ പ്രഖ്യാത നായ കർത്താവും, കുമാരസംഭവം തുടങ്ങിയ കാളിദാസകൃതികളുടെ കർമ്മസ്പർശിയായ പരിഭാഷകനും, ചെറുതെങ്കിലും പ്രൗഢമായ "മലയാദ്രി" എന്ന മലയാള ഖണ്ഡകാവ്യത്തിന്റെയും മറ്റും നിർമ്മാ താവുമായ ആ തിരുമനസ്സുകൊണ്ടു കവിയല്ലത്രേ! ഏതായാലും ഞങ്ങള ടെ പരിമിതമായ പേജിൽ പുതിയ ശാകുന്തളത്തെപ്പറ്റി താരതമ്യ വിവേചനം ചെയ്യുന്നതൊന്നും എഴുതാൻ കഴിയാത്തതിൽ ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു, ഞങ്ങളുടെ എളിയ അഭിപ്രായത്തിൽ ഈ ശാകുന്തളത്തിൽ മിക്കഭാഗങ്ങളും ഇനി പരിഷ്കരിക്കാൻ പിടിയില്ലാത്ത വിധം തന്നെ നന്നായിട്ടുണ്ടു്. എങ്കിലും "വേണമെന്നതോന്നിയ ഭേദ ഗതികൾതന്നെ മുഴുവൻ ചെയ്യാറിടയായിട്ടില്ലെ"ന്നും "ഇനിയും ഒഴി ക്കുവാൻ പാടുള്ള സംസ്കൃതപദങ്ങളും സന്ധിവൈകല്യങ്ങളും അവിട വിടെ കാണും" എന്നും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തന്നെ ഇതിന്റെ മുഖവുരയിൽ കല്പിച്ചു പ്രസ്താവിച്ചിട്ടുള്ളതു് വാസ്തവമ ല്ലെന്നു പറയാവുന്നതല്ല. ചുരുക്കത്തിൽ ഈ പരിഷ്കരിച്ച ശാകുന്തളം വിശിഷ്ടതരമായിരിക്കുന്നു. എന്നും കാളിദാസ മഹാകവിയുടെ സർവോത്തമമായ അഭിജ്ഞാന ശാകുന്തളത്തിൽ ആപാദചൂഡം പ്രവ ഹിക്കുന്ന രസം ഈ പരിഷ്കരണംകൊണ്ടു മലയാളികൾക്കു "മുമ്പില

Digitized By Kerala Sahitya Akademi

ത്തക്കാൾ സുലഭമായി ആസ്വദിക്കാൻ'' ഇടവന്നിട്ടുണ്ടെന്നും പറയാൻ ഞങ്ങൾ അശേഷം മടിക്കുന്നില്ല.

ഈ വാർദ്ധക്യകാലത്തും ലോകാനുഗ്രഹ ബുദ്ധ്യാ ഗ്രാകന്തളത്തെ പരിഷ്കരിക്കാൻ ഇപ്രകാരം യത്നിച്ച മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഭാരമേറിയ കൃത്യാന്തര മദ്ധ്യത്തിൽ ഇതിന്റെ ശ്രമസാദ്ധ്യമായ പ്രസാധകത്വം വഹിച്ചു് ഇപ്രകാരം വിജയപൂർവ്വമാംവണ്ണം അതിനെ നിറവേറ്റിയ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, വിശിഷ്യ ''ഈ പുതിയ പതിപ്പിനു് വാസ്തവത്തിൽ കാരണഭൂതന്മാരായ'' ബി. വി. ബുക്ക്ഡിപ്പോ പ്രവർത്തകന്മാരും ഈ സമയോചിതമായ യത്നത്താൽ മലയാളസാഹിത്യ പ്രണയികളെ വീണ്ടും അഗാധമാംവണ്ണം കടപ്പെടുത്തിയിരിക്കുന്നു. പുസ്തകം വളരെ വൃത്തിയായും ഭംഗിയായും അച്ചടിച്ചുകെട്ടീട്ടുള്ളതും തിരുവനന്തപുരം ബി. വി. ബുക്ക്ഡിപ്പോയിൽ കിട്ടുന്നതും ആകുന്നു.

വിവേ: 1086 മകരം, കുംഭം

കൃഷിശാസ്ത്രം

ഡോ: കുഞ്ഞൻപിള്ള

ഡോക്ടർ കുഞ്ഞൻപിള്ള അവർകൾ തിരുവിതാംകൂറിൽ കൃഷി ഡയറക്ടറായി നിയമിക്കപ്പെട്ടതു മുതൽ നമ്മുടെ യോഗക്ഷേമങ്ങൾക്ക് ഏകനിദാനമായ കൃഷി വിഷയത്തിൽ നമുക്ക് ഒരു ഉന്മേഷമുണ്ടാക്കാൻ അദ്ദേഹം ചെയ്യുവരുന്ന അശ്രാന്തമായ യത്നത്തെപ്പറ്റി മലയാളികൾ ആബാലവൃദ്ധം അറിയുന്നതാണ്. പ്രസംഗങ്ങൾ, ലഘുലേഖനങ്ങൾ, പ്രദർശനങ്ങൾ, മാതൃകാ കൃഷിത്തോട്ടങ്ങൾ, എന്നുവേണ്ടാ, എന്തെല്ലാംകൊണ്ടു് കൃഷിയിൽ ജനങ്ങൾക്ക് ഗുണപ്രദമായ ഒരു ഉണർച്ച ഉണ്ടാകുമോ ആ ഉപായങ്ങളെല്ലാം അദ്ദേഹം തിരഞ്ഞുപിടിച്ചു് യഥാവസരം പ്രയോഗിച്ചുവരുന്നുണ്ടു്. നമ്മുടെ അടുത്ത തലമുറയിലെ കൃഷിക്കാരാവാനുള്ള ഇപ്പോഴത്തെ കുട്ടികൾക്ക് സാമാന്യമായെങ്കിലും കൃഷിസംബന്ധമായ ശാസ്ത്രീയജ്ഞാനമുണ്ടായാൽ നിശ്ചയമായും ഉദ്ദേശം സാദ്ധ്യമാകതന്നെ ചെയ്യും. ഈ പ്രശസ്തമായ അഭിപ്രായത്തെ മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ ശ്രമഫലമാണു് പ്രസ്തുത ''കൃഷിശാസ്ത്രം.'' ഇതു് മൂന്നു് പുസ്തകങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നു. ഒന്നാം പുസ്തകത്തിൽ ഈ ശാസ്ത്രത്തിന്റെ ലക്ഷണം, സ്വരൂപം, ചരിത്രം മുതലായ പ്രാരംഭവിമർശനങ്ങളും വിത്തു്, മുള, ആഹാരം, വളർച്ച, നാശം, ഉൽപ്പത്തി ഇത്യാദി വിഷയങ്ങളെപ്പറ്റിയ നിരൂപണങ്ങളുമായി 13 അദ്ധ്യായ

Digitized By Kerala Sahitya Akademi

ങ്ങൾ അടങ്ങുന്നു. രണ്ടാം പുസ്തകത്തിൽ പാറകൾ, മണ്ണുകൾ, അവയുടെ വകഭേദങ്ങൾ ആദിയായി നിലങ്ങളേയും നിലം നനപ്പിനേയും, കൃഷി ആയുധങ്ങളേയും, വിത്തു്, വിത ഇവയേയും പറ്റി വിവരിക്കുന്ന പതിനൊന്നു് അദ്ധ്യായങ്ങൾ ഉണ്ടു്. മൂന്നാം പുസ്തകത്തിൽ വളങ്ങൾ, വിളവുകളുടെ പരിവൃത്തി, തെങ്ങു് മുതലായ ഫലവൃക്ഷങ്ങൾ, സസ്യധാന്യങ്ങൾ, മലക്കറികൾ, കന്നുകാലികൾക്കുള്ള തീറ്റകൾ, മലംതോട്ടങ്ങളിലെ കൃഷികൾ, കന്നുകാലികൾ, പാൽ, വെണ്ണ ഇവകൾ, കോഴിവളർത്തൽ, കന്നുകാലിരോഗങ്ങൾ, കൃഷി ദോഷപ്പെടുത്തുന്ന ചെറുതരം ജന്തുക്കൾ, അവയെ നശിപ്പിക്കുന്ന ഉപായങ്ങൾ, തെങ്ങിന്റെ രോഗവും പരിഹാരമാർഗ്ഗവും ഇങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ചു് 27 അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. ഓരോ വിഷയവും ശാസ്ത്രീയവും പ്രയോജനകരവുമായ വിധത്തിലും, ആർക്കും അറിയത്തക്ക ഭാഷയിലും വിശദവും രസകരവുമായ രീതിയിലും എഴുതപ്പെട്ടിരിക്കുന്നു. ചെടികൾ, കിഴങ്ങുകൾ, പുഷ്പങ്ങൾ, മരങ്ങൾ, നിലങ്ങൾ, നിലംനനപ്പിന്റെ പ്രകാരങ്ങൾ, പലതരം കൃഷി ആയുധങ്ങൾ, കന്നുകാലികൾ, കൃഷിദോഷപ്പെടുത്തുന്ന പ്രാണികൾ മുതലായവയെപ്പറ്റിയുള്ള പാഠങ്ങൾ സന്ദർഭോചിതമായ ചിത്രങ്ങൾ കൊടുത്തു സുഗ്രഹമാക്കിയിരിക്കുന്നു. ചുരുക്കത്തിൽ കൃഷിവിഷയത്തിൽ ഇത്ര ഉത്തമരീതിയിലുള്ള ഒരു പുസ്തകം മലയാളഭാഷയിൽ ഉണ്ടായതു് ഇപ്പോഴാണെന്നുള്ളതു് നിസ്സംശയമാണു്. ഇംഗ്ലീഷ് ശാസ്ത്രീയ ശബ്ദങ്ങളെ മലയാളത്തിൽ തർജ്ജിമ ചെയ്യുന്നതിൽ മിസ്റ്റർ കുഞ്ഞൻപിള്ള യാതൊരു ക്ലേശവും അനുഭവിച്ചിരിക്കുന്നതായി തോന്നുന്നില്ല. പാഠ്യപുസ്തകം ആക്കുന്നതിനുവേണ്ട ഭാഷാശുദ്ധി ഈ ഗ്രന്ഥത്തിനു് സാമാന്യത്തിൽ അധികമുണ്ടു്. പുസ്തകം കേരളകൽപകദ്രുമം പ്രസ്സിൽ വ്യത്തിയായും അച്ചടിച്ചുകെട്ടീട്ടുള്ളതും, ഡെമ്മി 8 വലിപ്പത്തിൽ 260-ൽപരം ഭാഗങ്ങൾ ഉള്ളതും $1\frac{1}{2}$ ഉറുപ്പികവിലയ്ക്കു തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോയിൽ കിട്ടുന്നതുമാകുന്നു.

വിവേ. 1086 മകരം, കുംഭം

ഗദ്യമാലിക (3-ാം ഭാഗം)

പ്രസാ: അപ്പൻതമ്പുരാൻ

ഈ മാലികയുടെ ഒന്നും രണ്ടും ഭാഗങ്ങളെക്കുറിച്ചു് അഭിപ്രായം പറയേണ്ടിവന്നപ്പോൾ ഇതിന്റെ മൂന്നാംഭാഗത്തിന്റെ ക്രമികമായ ഉത്കർഷത്തെപ്പറ്റി ഞങ്ങൾക്കു മനസിൽ അവിശ്വാസംതോന്നത്തക്കവണ്ണം അവ രണ്ടും അത്ര വളരെ നന്നായിട്ടുണ്ടായിരുന്നു. ഇപ്പോൾ കിട്ടി-

Digitized By Kerala Sahitya Akademi

യിരിക്കുന്ന ഗദ്യമാലികയുടെ മൂന്നാംഭാഗം വായിച്ചതിൽ ഇതിന്റെ പ്രവർത്തകന്മാരുടെ ഭണ്ഡാരത്തിൽ ഈ മാലികയെ ഉത്തരോത്തരം ഉത്കൃഷ്ടവും അമൂല്യവുമാക്കിച്ചെയ്വാൻ വേണ്ട അനവധി രത്നങ്ങൾ കിടപ്പുണ്ടെന്നു വിശ്വസിപ്പാൻ ഞങ്ങൾക്കു മടിതോന്നുന്നില്ല. ഒന്നും രണ്ടും ഭാഗങ്ങളിൽ ചേർക്കപ്പെട്ടിരുന്നത് 'വിദ്യാവിനോദിനി', 'രസികരഞ്ജിനി' ഈ മാസികകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട സുസമ്മതങ്ങളായ ഉപന്യാസങ്ങൾ മാത്രമായിരുന്നു. ഈ മൂന്നാംഭാഗത്തിൽ അവയിൽനിന്നുള്ളതിനു പുറമേ ഭാഷാപോഷിണി മാസികയിൽ നിന്നും വിജ്ഞാനപ്രദങ്ങളും സരസങ്ങളുമായ അനേകം ഉപന്യാസങ്ങൾ ഉദ്ധരിച്ചു ചേർത്തിരിക്കുന്നു. ഏഴേഴു വിഷയങ്ങൾ അടങ്ങിയ അഞ്ചു പ്രകരണങ്ങളിലായി ആകപ്പാടെ ഈ മൂന്നാംഭാഗത്തിൽ ഉള്ളത് വിശിഷ്ടതരങ്ങളായ 35 പാഠങ്ങളാണ്. ഗുണാതിശയം കൊണ്ടു മാത്രമല്ല വലിപ്പം കൊണ്ടും ഈ മൂന്നാംഭാഗം കഴിഞ്ഞ രണ്ടു ഭാഗങ്ങളെ അപേക്ഷിച്ച് ഉലോം വലിയതാകുന്നു. ഡെമ്മി എട്ടിൽ മുന്നൂറോളം ഭാഗങ്ങൾ ഉണ്ട്. കൊട്ടങ്ങല്ലൂർ കുഞ്ഞികുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് എഴുതീട്ടുള്ള സംക്ഷിപ്തമായ ഒരു ആത്മോപന്യാസവും, പ്രസാധകനായ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ഒരു ചെറിയ വിജ്ഞാപനവും, ആ തിരുമനസ്സിലെ തന്നെ ഒരു ഛായാപടവും ഈ വാള്യത്തിൽ ചേർത്തിട്ടുള്ളത് പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു. തങ്ങൾക്ക് അഭിമാനകരവും ജനങ്ങൾക്ക ഗുണപ്രദവുമായ വിധത്തിൽ തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോ പ്രവർത്തകന്മാർ പ്രസിദ്ധീകരിച്ചുവരുന്ന പുതിയപുസ്തകങ്ങളുടെ കൂട്ടത്തിൽ ഈ ഗദ്യമാലികാഗ്രന്ഥാവലിക്ക് ഏറ്റവും ഉത്കൃഷ്ടമായ ഒരു സ്ഥാനമാണുള്ളതെന്നു പറഞ്ഞാൽ പക്ഷാന്തരമുണ്ടാവാൻ തരമില്ല.

വിവേ 1086 മീനം

വേദാന്തസാരാവലി

ശിവലിംഗസ്വാമികൾ

ഇത് അദ്വൈത വേദാന്ത മതപ്രകാരമുള്ള മോക്ഷത്തെയും മോക്ഷോപായങ്ങളെയും പറഞ്ഞിനാരായണഗുരുസ്വാമി അവർകളുടെ ശിഷ്യൻ ശിവലിംഗസ്വാമികൾ ഗുരുശിഷ്യ സംവാദരൂപമായി എഴുതിയിരിക്കുന്ന ഒരു ഗദ്യഗ്രന്ഥമാകുന്നു. ഇതിൽ അദ്വൈത പ്രകരണങ്ങളിൽ പരാമർശിക്കാറുള്ള മിക്ക വിഷയങ്ങളും സാമാന്യജ്ഞാനമുള്ളവർക്കെല്ലാം അറിയത്തക്കവണ്ണം വിശദമായും ഭംഗിയായും പ്രതിപാദിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഇത്തരം ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ അത്ര സുലഭമല്ലാത്തതിനാൽ ഗ്രന്ഥകർത്താവിന്റെ ശ്രമം നിശ്ചയമായും അഭിനന്ദനീയമത്രേ. യഥാർത്ഥ

Digitized By Kerala Sahitya Akademi

മതനിഷ്ഠയോടുകൂടി ജീവിതകാലത്തെ മുഴുവൻ വ്യയംചെയ്ത് ആദ്ധ്യാത്മികാനുഭവങ്ങളെ ലൗകികസുഖാനുഭവങ്ങളാക്കി പരിശുദ്ധമായ വിധത്തിൽ കാലയാപനം ചെയ്യുന്ന ഇതിന്റെ കർത്താവിനെപ്പോലുള്ള യോഗ്യൻമാർ മൗനമായിരിക്കാതെ ഈ വക ഗ്രന്ഥനിർമ്മാണ വിഷയത്തിൽ പ്രവർത്തിക്കുന്നതു ഭാഷയ്ക്കും ജനങ്ങൾക്കും ഗുണകരമായിത്തീരാതിരിക്കുന്നതല്ല. ഇതിന്റെ ഒടുവിൽ ഗ്രന്ഥകർത്താവു തന്നെ എഴുതിച്ചേർത്തിരിക്കുന്ന ശാർദ്ദൂലവിക്രീഡിത വൃത്തത്തിലുള്ള ഏതാനും സ്തോത്രങ്ങൾ ഈശ്വരഭക്തിവിഷയത്തിൽ പാഠകൻമാരുടെ ഹൃദയത്തെ ബലാൽ വലിച്ചുകൊണ്ടുപോകത്തക്കവണ്ണം ശക്തിയുള്ളവയാണ്. ഈ പുസ്തകത്തെ ഭാരതവിലാസം അച്ചുക്കൂടത്തിൽ ഭംഗിയായി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയ പെരിങ്ങോട്ടുകരെ തണ്ടാശ്ശേരി അച്ചുതൻ കുഞ്ചയ്യപ്പൻ അവർകളുടെ ഔദാര്യത്തെയും ഗുണ ബുദ്ധിയേയും കൂടി ഈ അവസരത്തിൽ ഞങ്ങൾ ശ്ലാഘിക്കുന്നു.

വിവേ 1086 മീനം

കൃഷിശാസ്ത്രം ഒന്നും രണ്ടും മൂന്നും പുസ്തകങ്ങൾ

ഈ മൂന്നുപുസ്തകങ്ങളും ഒന്നായിച്ചേർത്ത് കെട്ടിയിട്ടുള്ള സാമാന്യം വലുതായ ഒരു വാല്യത്തെപ്പറ്റി ഞങ്ങൾ കഴിഞ്ഞതവണ ഈ കാളങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവയുടെ യോഗ്യതയെപ്പറ്റി ആവർത്തിച്ചു പറയേണ്ട ആവശ്യകതയില്ല. ഇവ യഥാക്രമം മലയാം പള്ളിക്കുടങ്ങളിലെ 5-ം, 6-ം, 7-ം ക്ലാസ്സുകളിലെ ഉപയോഗത്തിനായി പ്രത്യേകം കെട്ടീട്ടുള്ള ഓരോ ഭാഗങ്ങൾ മാത്രമാണ്. അങ്ങനെ ചെയ്തിരിക്കുന്നതു വിദ്യാർത്ഥികൾക്കു വലിയ സൗകര്യമായിത്തീർന്നിട്ടുണ്ട്. ഓരോ ക്ലാസ്സുകളിൽ ആവശ്യമുള്ളതു പാഠങ്ങൾ അടങ്ങിയ ഓരോ പുസ്തകം മാത്രം അപ്പപ്പോൾ അവർ വാങ്ങിയാൽ മതിയല്ലോ. പുസ്തകം ഓരോന്നും മനോഹരമായ വിധത്തിൽ അച്ചടിച്ചു കെട്ടീട്ടുള്ളതാകുന്നു. ഒന്നാം പുസ്തകത്തിനു 10-ം രണ്ടാം പുസ്തകത്തിനു 12-ം, മൂന്നാംപുസ്തകത്തിനു 16-ം ചക്രങ്ങൾ മാത്രം വിലവച്ചിട്ടുള്ളതും തിരുവനന്തപുരം ബി. വി. ബുക്കു ഡിപ്പോയിൽ കിട്ടുന്നതുമാണ്.

വിവേ: 1086 മീന:

വർണ്ണതത്ത പ്രബോധിനി

സി. കണ്ണൻ

ഇതു കൊയിലാണ്ടി മുൻസിഫ് കോടതി ഹെഡ് ഗുമസ്തൻ സി. കണ്ണൻ അവർകൾ എഴുതി അച്ചടിപ്പിച്ചിരിക്കുന്ന സംഭാഷണ

Digitized By Kerala Sahitya Akademi

രൂപമായ ഒരു പുസ്തകമാണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്നത് ജാതി അതായത് ചാതുർവർണ്യം എന്നാൽ വാസ്തവത്തിൽ എന്താണെന്നും അതിന്റെ ഉത്ഭവവും വളർച്ചയും എങ്ങിനെയെല്ലാമായിരുന്നുവെന്നും, ഇപ്പോൾ അത് ഏതു നിലയിൽ പരിണമിച്ചിരിക്കുന്നു എന്നും മറ്റുമാകുന്നു. ഇതിൽ ഓരോ സംഗതികളേയും ഗ്രന്ഥകർത്താവിന്റെ അഭിപ്രായം അനുസരിച്ചു സ്ഥാപിക്കുന്നതിനും മറ്റുമായി ശ്രുതി സ്മൃതീതിഹാസ പുരാണാദികളിൽ നിന്ന് ഒട്ടധികം പ്രമാണ വചനങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ജാതിയുടെ വൈദിക പ്രാമാണ്യത്തെ അടിസ്ഥാനമാക്കി അതിനെ യഥാപൂർവം പരിപാലിച്ചു പോരുവാൻ ശഠിക്കുന്നവർ ഉണ്ടെങ്കിൽ അവരുടെ വ്യാമോഹത്തിന് ഉപശമം വരുത്തുന്നതിനും, പരമപുരുഷാർഥമായ മോക്ഷത്തിന് യഥോക്തജാതി പ്രതിബന്ധമല്ലെന്നും, ബ്രാഹ്മണ്യം ആചാര സിദ്ധമല്ലാതെ ജന്മസിദ്ധമല്ലെന്നും സ്ഥാപിക്കുന്നതിനുമാണ് ഗ്രന്ഥകാരൻ ശ്രമിച്ചിരിക്കുന്നത്. ഇദ്ദേഹം വളരെ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെന്ന് ഇതു കൊണ്ടുകാണാം.

വിവേ. 1086 മീനം

''മലങ്കര സുറിയാനിസഭാ സംരക്ഷകൻ''

''മലങ്കര സുറിയാനി സഭാസംരക്ഷക''ന്റെ ''പത്രീയാർക്കീസ് ബാവാ എന്തു ചെയ്തു?''എന്ന തലവാചകത്തിലുള്ള ഒരു പ്രത്യേകലക്കം അഭിപ്രായത്തിന്നായയച്ചുതന്നതു് ഞങ്ങൾ സശ്രദ്ധം വായിച്ചുനോക്കി. കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ വൈദിക കാര്യഭരണത്തിനായി ഏർപ്പെട്ടിട്ടുള്ള മലങ്കര സുറിയാനിസഭ ഏറ്റവും പുരാതനവും പേരെടുത്തതുമായ ഒരു സ്ഥാപനമാണ്. അതിന്റെ കീഴിൽ അനേകം പള്ളികളും ഓരോ പള്ളികളുടെയും വകയായി സ്ഥാവരജംഗമങ്ങളായ വളരെ സമ്പത്തുക്കളും ഉണ്ടെന്നുള്ള കാര്യം മലയാളികളായ ഏവർക്കും ബോദ്ധ്യമുള്ളതു്. നമ്മുടെ സിറിയൻ ക്രിസ്തീയ സഹോദരന്മാർ അവരുടെ ആഗമത്തിന്റെ ചരിത്രമനുസരിച്ച് മതാദ്ധ്യക്ഷസ്ഥാനം അധികകാലമായി സിറിയായിലെ അന്ത്യോഖ്യാ മഠത്തിന്റെ കീഴിൽ വച്ചിരിക്കയാകുന്നു. അവിടെനിന്നും പട്ടം കെട്ടിവരുന്ന പത്രീയാർക്കീസ് ബാവാമാർ ആണ് ഈ മതസഭയുടെ പ്രധാന നേതൃസ്ഥാനം വഹിക്കുന്നതു്. ഇങ്ങിനെയുള്ള പല വന്ദ്യപുരുഷന്മാർ ഈ മലങ്കരസഭയെ ഭരിക്കുകയും മലങ്കരസുറിയാനികളുടെ ആത്മീയ ഗുണത്തിനുമാത്രമല്ല ലൗകികാഭിവൃദ്ധിക്കുകൂടിയും തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തു് ഈശ്വരന്റെ ശാശ്വതമായ അനുഗ്രഹത്തിനും ഇവരുടെ നിത്യകൃതജ്ഞതയ്ക്കും പാത്രമായി കഴിഞ്ഞുപോയിട്ടുണ്ടു്. മതാദ്ധ്യക്ഷന്മാരിൽ സിറിയൻ ക്രിസ്ത്യാനികൾക്കുള്ള സ്വാഭാവികമായ ഭക്തി സ്നേഹ ബഹുമാനങ്ങൾ പ്രസിദ്ധവുമാണ്.

Digitized By Kerala Sahitya Akademi

ഇപ്പോൾ ഈ പരിശുദ്ധവും വന്ദ്യവുമായ സ്ഥാനം ലഭിച്ചിരിക്കുന്ന അബ്ദല്ലാ പത്രീയാർക്കീസ് ബാവാ അവർകൾ തന്റെ സ്ഥാനത്തിന് കേവലം അനുചിതവും പൈശാചികവുമായ വിധത്തിൽ ദ്രവ്യാഗ്രഹം, അധികാരപ്രമത്തത, ദുരഭിമാനം, സ്വാർത്ഥപരത, കക്ഷിബന്ധസ്നേഹം മുതലായ ചാപല്യങ്ങൾക്കധീനനായി തങ്ങൾക്ക് അസഹ്യമായ വിധത്തിൽ കാട്ടിക്കൂട്ടുന്ന ഓരോ നടപടികളെ പറ്റിയുള്ള ആക്ഷേപങ്ങളും അവയുടെ പരിഹാരാന്വേഷണങ്ങളുമാണ് പ്രസ്തുത പുസ്തകത്തിലെ വിഷയം. ഒരു വലിയ സമുദായത്തിന്റെ വന്ദ്യനായ വൈദിക നേതാവ് തന്റെ സ്ഥാനലാഭത്തെ ഒരു ചെറിയ കുടുംബത്തിന്റെ—സ്വന്തകുടുംബത്തിന്റെ— ഭാര്യാപുത്രാദികളുടെ അല്ല—ബാവാമാർക്ക് അതുപാടില്ല —ലൗകികയോഗക്ഷേമത്തിനായി ഉപയോഗിക്കാൻ വ്യഗ്രനാണെന്ന് അറിയുന്നതിനെക്കാൾ ഹൃദയശല്യമായി ഞങ്ങൾക്ക് വേറൊന്നില്ല. അബ്ദല്ലാ പത്രീയാർക്കീസ് ബാവാ ഇങ്ങിനെ ചെയ്യുന്നതിനുപുറമേ സഭയുടെ മേലുള്ള ലൗകികാധികാരം കൂടി കായസ്ഥമാക്കാൻ കലശലായ മോഹത്തോടെയത്നിച്ചുവരികയാണത്രേ. തങ്ങളുടെ വ്യവസായികളായ പൂർവന്മാരാൽ ക്ലേശിച്ച് സമ്പാദിക്കപ്പെട്ടതും തങ്ങളുടെ സന്താനങ്ങൾക്ക് നിത്യോപകാരമായിരിക്കേണ്ടതുമായ ധർമ്മസ്വത്തുക്കളിൻമേൽ ഇപ്രകാരം ബഹുവ്രതധാരിയായ ഒരു പരദേശീയ പുരോഹിതന് സർവാധികാരം നൽകത്തക്കവണ്ണമുള്ള ശുദ്ധഗതി നമ്മുടെ സിറിയൻ ക്രിസ്തീയ സഹോദരന്മാർക്കുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഈയിടെ ബ്രഹ്മശ്രീ നാരായണഗുരുസ്വാമികൾ തന്റെ പേരിലുള്ള സകല സ്വത്തുക്കളും സമുദായത്തിന്റെ പൊതുവകയായിരിക്കത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യുന്നതിനെപ്പറ്റി സമുദായത്തിലെ യോഗ്യന്മാരുമായി ആലോചിച്ചുവരുന്ന സംഗതി ഈ സന്ദർഭത്തിൽ ഓർമ്മയിൽവരുന്നു. നോക്കുവിൻ വ്യത്യാസം!

വിവേ. 1086 മിഥുനം, കർക്കിടകം.

വിഷവിദ്യ

കഠിനംകുളം കെ. എ. കൃഷ്ണൻവൈദ്യൻ

ഇത് കഠിനംകുളം കെ. എം. കൃഷ്ണൻവൈദ്യൻ പ്രസിദ്ധപ്പെടുത്തുന്ന "വിഷചികിത്സാദർപ്പണ"ത്തിന്റെ ഒന്നാം ഭാഗമായുള്ള ഒരു ചെറിയ പുസ്തകമാണ്. ഇതിൽ ജംഗമവിഷത്തിന്റെ, അതായതു ജന്തുവിഷത്തിന്റെ, ലക്ഷണം, ചികിത്സ മുതലായ സകലവിഷയങ്ങളും ആർക്കും അറിയത്തക്ക മലയാളത്തിൽ പദ്യരൂപമായി അടക്കിയിരിക്കുന്നു. വിഷഹരങ്ങളായി സാധാരണ ഉപയോഗിക്കാറുള്ള തന്ത്രങ്ങളും അവിടവിടെ ചേർത്തിട്ടുണ്ട്. ആകപ്പാടെ ഈ പുസ്തകവും പുസ്തകകർത്താവിന്റെ ശ്രമവും അഭിനന്ദനീയമാണെന്നു പറയുന്നതിൽ ഞങ്ങൾ

Digitized By Kerala Sahitya Akademi

അശേഷം മടിക്കുന്നില്ല. ഇതു് നാലണ വിലയ്ക്കു് തിരുവിതാംകൂർ കഠിനംകുളം ധാനവന്തരിയ വൈദ്യശാലയിൽ കിട്ടുന്നതാണു്. ഇതിന്റെ ഓരോ പ്രതി എല്ലാവരും കൈവശം വച്ചിരുന്നാൽ ആപത്തിനുപകരിക്കും.

വിവേ 1089 മിഥുനം, കർക്കിടകം

ഭാഷാഭൈമീ പരിണയം (നാടകം)

വിവ: കെ. പി. കറുപ്പൻ

ഈ പുസ്തകത്തിന്റെ ഒരു പ്രതി അഭിപ്രായത്തിനയച്ചുതന്നതിനു് പരിഭാഷകനു് ഞങ്ങൾ നന്ദി പറയുന്നു. എന്നാൽ ഞങ്ങളുടെ സരസ്വതീരംഗത്തിൽ അരങ്ങേറ്റത്തിനുവരുന്ന ഈ നാടകം പുതിയ്ക്കച്ചകെട്ടിന്റെ കൗതുകത്തോടുകൂടിയതാണെങ്കിലും പരിചയ ലഭ്യമായ പ്രൗഢിയിൽ കുറവുള്ളതാണെന്നു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. പരിഭാഷകൻ ശ്രീമാൻ കറുപ്പൻ ഞങ്ങളുടെ ഒരു പ്രത്യേക സുഹൃത്തും, ഒരു സുപ്രസിദ്ധമലയാളകവിയും, വിദ്വാനും, കൊച്ചി രാജകീയവിദ്യാലയങ്ങളിൽ വളരെക്കാലമായി ഭാഷാപണ്ഡിതനായിരിക്കുന്ന ഒരു യോഗ്യനുമാണു്. അദ്ദേഹത്തിന്റെ ഭാഷാന്തര കൃതികളിൽ ഇതു് ഒന്നാമത്തേതാകുന്നു. ഇതിനെ സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകളുടെ ഒരു ദീർഘമായ അവതാരികയ്ക്കുപുറമേ ഇപ്പോൾ നാടുവാഴുന്ന കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് സ്വയം 'തുല്യം ചാർത്തിയ' അഭിപ്രായവും സവിശേഷം അലങ്കരിച്ചിരിക്കുന്നു. ഇതിന്റെ സംസ്കൃതമൂലം ഒരു ഇദാനീന്തന കൃതിയാണു്. അതിന്റെ കർത്താവു് മൈസൂർ മഹാരാജാവു് തിരുമനസ്സിലെ ആസ്ഥാന പണ്ഡിതന്മാരിൽ ഒരാളും മഹാവിദ്വാനെന്ന സ്ഥാനപ്പേരോടുകൂടി ആ തിരുമേനിയാൽ അവിടത്തെ ആംഗലകലാശാലയിൽ സംസ്കൃത പ്രഥമാദ്ധ്യാപകനായി നിയമിക്കപ്പെട്ടിരിക്കുന്നപണ്ഡിതവര്യനും ആകുന്നു.ഇങ്ങനെയൊക്കെയാണെങ്കിലും "ആളെ വില കല്ലുവില" എന്ന നയമനുസരിച്ചു് ഗ്രന്ഥാഭിപ്രായം പറയുന്ന ശീലം ഞങ്ങൾക്കില്ല. എന്നു തന്നെയല്ല കൃത്രിമ രത്നങ്ങളുടെ പ്രചാരം വർദ്ധിച്ചു വരുന്ന ഈ കാലത്തു കല്ലുപരിശോധിച്ചു നോക്കാതെ വില നിർണ്ണയിക്കുന്നതു് ആശാസ്യമല്ലതാനും. അതുകൊണ്ടു പരിശോധിച്ചുതന്നെ അഭിപ്രായം പറയേണ്ടിയിരിക്കുന്നു. എന്നാൽ ഞങ്ങളുടെ സ്ഥല ദാരിദ്ര്യവും ഗ്രന്ഥത്തിന്റെ വലിപ്പവും വിചാരിച്ചാൽ കൂലംകഷമായ ഒരു നിരൂപണം കേവലം അസാദ്ധ്യവുമാണു്. ഈ വിഷമതയാൽ ഗ്രന്ഥത്തിലെ ചില പ്രധാന വിഷയങ്ങളെ മാത്രം സ്ഥൂലമായി നിർദ്ദേശിച്ചു് അഭിപ്രായം പറഞ്ഞു് തൽക്കാലം ഉപ്തിപ്പെടേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

നാമം

ഭൈമീപരിണയം എന്ന പേർ കൊണ്ട് നളോപാഖ്യാനത്തിലെ കഥാവസ്തുവിനെ മുഴുവൻ വിവക്ഷിച്ചിരിക്കുന്നു. ഇതിന്റെ ഔചിത്യം ചിന്തനീയമാണ്. ശ്രുതമാത്രത്തിൽ സ്വയംവരം വരെ ഉള്ള കഥയാണെന്നേ അർത്ഥമാവൂ. രണ്ടാമതും ഒരു പരിണയ പ്രസ്താവം ഭൈമിക്കുണ്ട്. അതിനെക്കൂടി സംഗ്രഹിപ്പാനാണോ ഈ വിവക്ഷ? ആണെങ്കിൽ ഗ്രന്ഥം മുഴുവൻ വായിച്ചല്ലാതെ അതു മനസ്സിലാക്കുവാൻ പ്രയാസമാകയാൽ ക്ലിഷ്ടകല്പനയാണ്. അല്ലെങ്കിൽ നൈരർത്ഥ്യം നീങ്ങുന്നുമില്ല. അനുകരണ സരണിയിലേക്കുതിരിഞ്ഞാൻ ഇതിന് ഒരുപപത്തികാണാം. ജാനകീപരിണയം ദക്ഷിണേന്ത്യയിൽ ഒരു പ്രസിദ്ധ സംസ്കൃതനാടകമാണ്. അതിൽ രാമായണ കഥ മുഴുവൻ സംഗ്രഹിച്ചിട്ടുമുണ്ട്. എന്നാൽ അത് വീരരസ പ്രധാനമായ ഒരു നാടകമാണ്. അതിൽ പ്രതിനായകനായ രാവണന് രാമനിൽ വൈരമുറ്റുന്നതിന് തൽക്കൃതമായ സീതാപരണയം കാരണമായി കവി കല്പിക്കുന്നു. അതിലാണ് അതിന്റെ സാർത്ഥക്യം, പ്രകൃതകൃതിയിലും. പ്രതിനായകനായ പുഷ്കരനും ഭൈമിയിൽ നളനെപ്പോലെ പ്രേമം ജനിക്കയും പരിണയം പുഷ്കരന്റെ വൈരത്തിന് ബീജാവാപം ചെയ്കയും ചെയ്യുന്നതായി കവി കല്പിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ ആ വൈരബിന്ദു ഇതിലെ അംഗിയായ ശൃംഗാര രസത്തെ വിപ്രലംഭാവസ്ഥയിലേക്കു വലിച്ചുകൊണ്ടു പോകാൻതക്ക ശക്തിയോടെ പ്രവഹിച്ചു കാണാത്തതിനാൽ അതൊരു കൃസൃഷ്ടിയായി എഴുന്ന നില്ക്കയാണു ചെയ്യുന്നത്. ജാനകീപരിണയത്തിനു മെച്ചം നൽകുന്ന അത്ഭുതകരമായ കപടകല്പനാ സാമർത്ഥ്യമൊന്നും ഇതിൽ ഇല്ലതാനും. ഒടുവിൽ മദ്ധ്യകഥാവശേഷത്തെ പരാമർശിക്കുന്ന ഒരു അന്തർനാടകമിതിലുണ്ട്. അതു ജാനകീ പരിണയത്തിലുമുണ്ട്. ആക്കൊക്കൂടി നോക്കിയാൽ ഈ നാമത്തിൽ നിന്നു വായനക്കാർക്കു വലിയ ആശംസകളൊന്നും ലഭിക്കാതാണിരിക്കുന്നത്. മഹാകവികൾ ഗ്രന്ഥങ്ങളുടെ നാമകരണ വിഷയത്തിൽ തന്നെയും നിഷ്കർഷമുള്ളവരാണ്.

കഥാവസ്തു രചന

നളചരിത്രം പ്രസിദ്ധ കഥയാണല്ലോ. അതിൽ നാടകീയതാ വർദ്ധിപ്പിക്കാൻ കവി വളരെ പൊടിപ്പും തൊങ്ങലും ഒക്കെ കൂട്ടിച്ചേർത്തിരിക്കുന്നു. പ്രസിദ്ധകഥാസരണിയെ വ്യതിചലനം ചെയ്യുന്ന ഭാഗങ്ങളിൽ ചിലതിനെ എടുത്തുകാണിക്കാം. നളചക്രവർത്തി ഒരു യുദ്ധയാത്ര കഴിഞ്ഞ് വരുംവഴി ഒരിക്കൽ ദമയന്തിയെ ഒരു ദിക്കിൽ വച്ചു യദൃച്ഛയാ കണ്ടുമുട്ടുകയും അവർക്കു പരസ്പരം ചക്ഷുപ്രീതിജന്യമായ അനുരാഗം ഉണ്ടാകുകയും ചെയ്യുന്നു. പിന്നീട് ദമയന്തിയുടെ സഖി കേശിനി ഒരു യോഗിനിയായി നായകന്റെ അടുക്കൽ ചെന്ന് നായികയുടെ ഗുണവർണ്ണനം ചെയ്യും ചരായ എഴുതിക്കാണിച്ചും നായകന്റെ

Digitized By Kerala Sahitya Akademi

പേരിലുള്ള അവളുടെ അഭിനിവേശത്തെ വർണ്ണിച്ചും അനുരാഗത്തെ ഉറപ്പിക്കുന്നു. ഇതു കൂടാതെ അരയന്നത്തെ ഭാഷ പഠിപ്പിച്ച് അദ്ദേഹത്തിന്റെ അടുക്കലേക്ക് അയച്ച് അങ്ങനെയും അനുരാഗത്തെ ഒന്നുകൂടി ദൃഢീകരിക്കുന്നു. ഇന്ദ്രാദികൾ ദമയന്തിയുടെ അടുക്കൽ നളനെ മാത്രമല്ല, ഉർവശി, മേനക തുടങ്ങി നാല് അപ്സരസ്സുകളെയും ദൗത്യത്തിനയയ്ക്കുന്നു. വിവാഹമണ്ഡപത്തിൽ അഞ്ചു നളന്മാർ മാത്രമല്ല അഞ്ചു ഭീമരാജാക്കന്മാരും രാജരായി കുഴപ്പത്തെ വർദ്ധിപ്പിക്കുന്നു. പുഷ്കരനും ദമയന്തീ പ്രാർത്ഥകന്മാരിൽ ഒരാളാണ്. സ്വയംവരാനന്തരം നളനിൽ അദ്ദേഹത്തിനു് അസൂയയും വൈരവും ഉണ്ടാകുന്നു. ഒടുവിൽ "വല്ലഭനേ പക്ഷിച്ചു വല്ലാതെ നടക്കുന്ന" ദമയന്തിയെ അനുനയിപ്പിച്ചു കാമപൂർത്തിവരുത്താൻ പുഷ്കരൻ കാട്ടിലെത്തി പലവേലകളും ചെയ്യുന്നു. വാമദേവൻ എന്ന ഒരു വലിയ മഹർഷി നായികയുടെ പാതിവ്രത്യ മഹാത്മ്യ നദിയിൽ അവഭൃഥ സ്നാനം ചെയ്യാൻ വരുന്നു. കാട്ടാളന്റെ തലയിൽ ഇടിത്തീ വീണശേഷം സാർത്ഥവാഹനംകൂടി ദമയന്തിയെ കാമിക്കയും അവന്റെ അച്ഛനെയും ജനങ്ങളെയും എല്ലാം കാട്ടാനകൾ കൂട്ടംകൂട്ടമായി വന്നു കുത്തിക്കൊല്ലുകയും ചെയ്യുന്നു. നായിക രാത്രി അവിടെനിന്നോടി ഒരു ദുർഗ്ഗാക്ഷേത്രത്തിൽ അഭയം പ്രാപിക്കുകയും പുഷ്കരന്റെ പ്രേരണയാൽ നായികയുടെ പുത്രനായ ഇന്ദ്രസേനനെ ഏതാനും വേടന്മാർ ദേവിക്കു ബലികഴിപ്പാനായി അവിടെ കൊണ്ടുവരികയും ചെയ്യുന്നു. ബിംബത്തിൽ മറഞ്ഞിരുന്ന് അതു കാണുന്ന നായിക കുറേ കരിയും മഞ്ഞളുമൊക്കെ മേത്തുവാരിപ്പൂശി വിഗ്രഹത്തിൽ നിന്നു വാളുമെടുത്ത് പുത്രനെ രക്ഷിക്കാനും അവരെ ഭയപ്പെടുത്തി ഓടിക്കാനുമായി വനദുർഗ്ഗ പ്രത്യക്ഷമായതെന്ന നാട്യത്തിൽ അലറിക്കൊണ്ട് അവരുടെ മുമ്പിൽ ചാടിവീഴുന്നു. അവർ പേടിച്ച് ഓടുകയും ഇന്ദ്രസേനൻ ദേവിയോടു വാൾ വാങ്ങിക്കൊണ്ടു പിന്തുടർന്നോടി അവരെ എല്ലാം നിഗ്രഹിക്കയും ചെയ്യുന്നു. പിന്നീട് മിത്രാദിനി എന്ന ഒരു കള്ളിയുമായി സഖ്യംകൂടി നായിക ചേദിരാജ്യത്ത് അവളുടെ വീട്ടിലെത്തി താമസിക്കുമ്പോൾ അയൽക്കാരനായ ഒരു ധനികനും നായികയെ കാമിക്കയും വഴിപ്പെടുകയില്ലെന്നുകണ്ട് ഒരു കള്ള വ്യവഹാരമുണ്ടാക്കി അവളെ തന്റെ വെപ്പാട്ടിയാണെന്നു സ്ഥാപിച്ചു കിട്ടുവാൻ യത്നിക്കയും ചെയ്യുന്നു. തെളിവുകളെല്ലാം വാദിക്കനുകൂലമായി കലാശിക്കുകയാൽ നായിക ന്യായസ്ഥലത്തുനിന്നു നിലവിളിക്കയും ആ പുലമ്പലിനിടയിൽ അമ്മയുടെ പേർ പറയുന്നതുകേട്ട് ആൾക്കൂട്ടത്തിലുണ്ടായിരുന്ന സുദേവ ബ്രാഹ്മണൻ നായികയെ തിരിച്ചറിയുകയും ചെയ്തശേഷം ചേദിരാജാവും അമ്മയും അരമനയിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോകുന്നു. ഒടുവിൽ രണ്ടാം വിവാഹത്തിനു കണ്ഡിനത്തിൽ കൂടിയ ഭീഷ്മൻ, പുഷ്കരൻ മുതലായവരെ സൽക്കരിക്കാൻ കൂട്ടിയ ഒരുക്കത്തിൽ നളൻ നായികയെ വെടിഞ്ഞുപോയശേഷമുള്ള കാർക്കോടകദംശനവും മറ്റും വാമദേവ മഹർഷി ഒരു നാടകമാക്കി കാണിക്കയും.

Digitized By Kerala Sahitya Akademi

നായിക തുടങ്ങിയ എല്ലാവർക്കും ബാഹ്യകൻ നളനാണെന്നുള്ള പരമാർത്ഥം വെളിപ്പെടുകയും ചെയ്യുന്നു. പുനർവിവാഹ പ്രസ്താവത്താൽ ദമയന്തിയുടെ ചാരിത്ര്യത്തിൽ നളനുണ്ടായ ദുശ്ശങ്ക നീങ്ങുന്നതു് പ്രച്ഛന്നനായ അദ്ദേഹം നായികയുടെ മാളികയ്ക്കരികൽ കൂടി സഞ്ചരിക്കുമ്പോൾ മുകളിൽ സഖിമാരുമായി നടക്കുന്ന അവളുടെ വിസ്രംഭസംഭാഷണങ്ങളെ യദൃച്ഛയാ കേട്ടിട്ടുമാണു്.

ഇതിൽ നായികാ നായകന്മാരുടെ പ്രഥമ സന്ദർശന വൃത്താന്തമൊഴിച്ചു് ശേഷമുള്ള കഥാഭാഗമെല്ലാം തന്നെ ഏറെക്കുറെ അനുചിതവും അസ്വാഭാവികവും രുചിദോഷ ദ്യോതകവുമായിരിക്കുന്നു. പ്രകൃതി മനോഹരമായ പുഷ്പഫലങ്ങളോടുകൂടി ശോഭിച്ചിരുന്ന പ്രസിദ്ധ കഥാതരുവിൽ ഈ പൊടിപ്പും തൊങ്ങലുമൊക്കെ ഇത്തിക്കണ്ണികൾ പോലെ അവിടവിടെ പടർന്നുപിടിച്ചു തുങ്ങുന്നതു് സൂക്ഷിച്ചു നോക്കിയാൽ കൗതുകത്തേക്കാളധികം വൈമനസ്യമാണു തോന്നുന്നതെന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. അതുവഴിയെ സൂചിപ്പിക്കുന്ന സംഗതികളിൽ വെളിപ്പെടും.

പാത്രകല്പന

ഈ സംഗതിയിലും പറയത്തക്ക വിശേഷമൊന്നും കാണുന്നില്ല. കല്പിതപാത്രങ്ങൾ ഒട്ടനവധിയുണ്ടു്. എന്നാൽ അവയിൽ ഒന്നുംതന്നെ നല്ലതോ ചീത്തയോ ആയ ഒരു സ്വഭാവ വിശേഷത്തെ രൂപപ്പെടുത്തികാട്ടത്തക്ക ത്രാണിയോ സ്ഥിരതയോ ഉള്ളതല്ല. അവയിൽ അധികവും കഥാശ്രംഖലയെ നീട്ടുന്നുണ്ടെങ്കിലും ഏതെങ്കിലും രൂപത്തെയോ വർണ്ണത്തെയോ തെളിയിക്കുന്നതിനു മുമ്പു കാറടിച്ചുകൊണ്ടുവരുന്ന മേഘശകലങ്ങളെന്നപോലെ നമ്മുടെ ദൃഷ്ടിയിൽ നിന്നുമറഞ്ഞുപോകുന്നു. മിത്രാദിനിയും വാമദേവമഹർഷിയും ഒന്നിലധികം പ്രാവശ്യം രംഗപ്രവേശം ചെയ്യുന്നുണ്ടു്. ഇവരിൽ മിത്രാദിനി ധനം മോഹിച്ചു് എന്തും ചെയ്യുന്ന ഒരു കള്ളിയും കൂലടയുമാണു്. അവളെ നിർമ്മിച്ചതിന്റെ പ്രയോജനം നായികയുടെ പേരിൽ നിഷ്പ്രയോജനമായി കള്ളവ്യവഹാരം സൃഷ്ടിക്കുന്നതിനു സാമഗ്രി സമ്പാദിക്കുക മാത്രമാകുന്നു. മഹർഷി പതിവ്രതാ ഭക്തനായ ഒരു സാത്വികനാണു്. അദ്ദേഹം അന്തർനാടകത്തിന്റെ കവിയും ഭരത വാക്യത്തിലെ അനുഗൃഹീതാവും കൂടിയാകുന്നു. പ്രസിദ്ധ പാത്രങ്ങളിൽ പുഷ്കരന്റെ സ്വഭാവരചനയിൽ കവി പ്രത്യേകം ദൃഷ്ടിവച്ചിരിക്കുന്നു. ആ രാജഗോത്രജൻ ഒരു വിഡ്ഢിയും വിടനും വഞ്ചകനുമാണു്. 'മൃച്ഛകടിക''ത്തിലെ രാജസ്യാലനായ സംസ്ഥാനകന്റെ ജ്യേഷ്ഠനോ അനുജനോ ആണു് ഇദ്ദേഹമെന്നു തോന്നും. സംസ്ഥാനകനിൽ ഉറച്ചു രൂപപ്പെട്ടിരിക്കുന്ന ദുർഗ്രണങ്ങൾ എല്ലാം പുഷ്കരന്റെ ഹൃദയത്തിൽ ഒരു കാലാവസ്ഥയെ പ്രാപിച്ചിട്ടേ ഉള്ളുതാനും. വ്യവഹാരരംഗവും മൃച്ഛകടികാനുകരണത്തെത്തന്നെ വ്യഞ്ജിപ്പിക്കുന്ന മറ്റൊരു സംഗതിയാണു്.

പ്രതിഭ 1095

Digitized By Kerala Sahitya Akademi

ശ്രീനാരായണ പരമഹംസ ചരിതം (വഞ്ചിപ്പാട്ട്)

കെ. വി. കുഞ്ഞൻ

പേരുകൊണ്ടുതന്നെ വിഷയത്തെ മുഴുവൻ വെളിവാക്കുന്ന ഒരു ഗാനകൃതിയാകുന്നു ഇതു്. ഇതിൽ യുവകവിയായ ഉദയം പേരൂർ കെ. വി. കുഞ്ഞൻ അവർകൾ (ഇതിന്റെ കർത്താവു്) ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളിലെ അവതാരം മുതല്ക്കുള്ള അവിടുത്തെ ബാഹ്യജീവിത കഥകളെ ഒരുവിധം വൃത്തിയായി സംഗ്രഹിച്ചു പറഞ്ഞിരിക്കുന്നു. കവിതയ്ക്കു് ഒഴുക്കുണ്ടു്. വി. കുഞ്ഞൻ തന്റെ വാസനയെ യഥാകാലം പോഷിപ്പിച്ചു് ഒരു നല്ല കവിയായിത്തീരുമെന്നു് വിശ്വസിക്കുന്നു.

വിലവു: 1087 വൃശ്ചികം, ധനു

ഭഗവദ്ഗീത

പരേരി കുഞ്ഞിച്ചന്തു

"ഭഗവദ്ഗീത മൂലശ്ലോകവും പരേരി കുഞ്ഞിച്ചന്തുവിന്റെ ഗദ്യരൂപേണയുള്ള മലയാള തർജ്ജിമയും" ഞങ്ങൾ വായിച്ചുനോക്കി. തർജ്ജിമ ചില ദിക്കിൽ അത്രവ്യുല്പന്നമായിരിക്കുന്നില്ലെങ്കിലും ആകപ്പാടെ ഈ ഗ്രന്ഥം നന്നായിട്ടുണ്ടു്. ഞങ്ങൾ പരിശോധിക്കുന്നതു് ഇതിന്റെ മൂന്നാം പതിപ്പാണെന്നു കാണുന്നു. അതിൽനിന്നു് ഇതിന്റെ പ്രചാരത്തെയും പ്രസിദ്ധിയേയും ഉപയോഗത്തേയും പറ്റി ഊഹിക്കാം. മിസ്റ്റർ കുഞ്ഞിച്ചന്തുവിന്റെ ഈ മാതിരി ശ്രമത്തെ ഞങ്ങൾ ശ്ലാഘിക്കുന്നു. പുസ്തകം ചെറുതും വൃത്തിയും ഭംഗിയുള്ളതുമാകുന്നു. 6 അണ വില വച്ചിരിക്കുന്നതു് ഒട്ടും അധികമായിപ്പോയിട്ടില്ല.

വിലവു: 1087 വൃശ്ചികം, ധനു

Digitized By Kerala Sahitya Akademi

ശ്രീമൂലരാജവിജയം

വടക്കൻ കോട്ടയത്ത് അനിഴംനാൾ കേരളവർമ്മതമ്പുരാൻ

ഇതു് വടക്കൻ കോട്ടയത്തു് അനിഴം തിരുനാൾ കേരളവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടുണ്ടാക്കിയ വസന്ത തിലകത്തിലുള്ള 87 സംസ്കൃത പദ്യങ്ങളാകുന്നു. തീപ്പെട്ടുപോയ ഇതിന്റെ കർത്താവ് വർത്തമാന പത്രങ്ങളിലും മറ്റും പദ്യങ്ങൾ എഴുതി സാമാന്യം പേരുനേടിട്ടുള്ള ഒരു കവിയും ആട്ടക്കഥകളുടെ കാലത്ത് മലയാള സാഹിത്യ സാമ്രാജ്യത്തിൽ ഒരു ഉപരിസ്ഥാനം പിടിച്ചടക്കീട്ടുള്ള കോട്ടയം രാജാവിന്റെ കുടുംബത്തിലെ ഇപ്പോഴത്തെ പ്രധാന അംഗവും ആയിരുന്നു. പ്രസ്തുത കൃതി സംസ്കൃത സാഹിത്യത്തിൽ ഗണ്യമായ ഒരു സ്ഥാനത്തെ അർഹിക്കത്തക്ക വലിയ ഉൽകർഷമൊന്നും ഉള്ളതല്ലെങ്കിലും ഒരുവിധം രചനാ സൗഷ്ഠവവും സാരള്യവുമുള്ളതും നമ്മുടെ മൂലം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ നേർക്ക് കവിക്കുള്ള അകൈതവമായ ഭക്തിയെ പ്രകാശിപ്പിക്കുന്നതാകയാൽ അഭിനന്ദനീയവുമാകുന്നു. "രാജാചിരം ജയതു വഞ്ചിമഹീമഹേന്ദ്രം." എന്ന 'പല്ലവി' കൊണ്ടുതന്നെ എല്ലാ ചോദ്യങ്ങളുടെയും ചതുർത്ഥപാദം കലാശിപ്പിച്ചിരിക്കുന്നതിനാൽ കവിക്ക് ഈ കൃതി വിഷയകമായ ശ്രമത്തിൽ നാലിലൊന്നു ലാഭം കിട്ടീട്ടുണ്ട്. "സുജന വിനോദി" പത്രാധിപർ എൻ. ശങ്കരൻനായർ അവർകൾ കവിയുടെ ഒരു ജീവചരിത്ര സംക്ഷേപം എഴുതി ഈ കൃതിയോടു് ചേർത്തിരിക്കുന്നു. ഗ്രന്ഥകർത്താവിനെ അമരീകരിപ്പാനുള്ള പ്രസാധകന്റെ സ്നേഹപൂർവമായ ഉദ്യമത്തെ ഞങ്ങൾക്കു് ശ്ലാഘിക്കാതിരിപ്പാൻ തരമില്ല.

1087 വൃശ്ചികം, ധനു

ഭാഷാരഘുവംശം

കുണ്ടൂർ നാരായണമേനോൻ

സംസ്കൃത കാവ്യങ്ങളിൽ ഏറ്റവും മധുരവും പ്രൗഢവുമായ ഒരു കൃതിയാകുന്നു രഘുവംശം. അനുഗൃഹീത കവിയായ കാളിദാസരുടെ പരിപക്വമായ വിചാരത്തിന്റെയും വാഗ്വിലാസത്തിന്റെയും ലോകോത്തര ചമൽക്കാരം അന്യാദൃശമായ ശുദ്ധിയോടുകൂടി രഘുവംശത്തിൽ പ്രതിഫലിച്ചിരിക്കുന്നു. അതിനെ തർജ്ജിമ ചെയ്യുക കൃതാർത്ഥതയ്ക്കുള്ള കാര്യം സുകരമല്ലെന്നുകൂടി ഞങ്ങൾക്കു തോന്നുന്നു. ഭാഷാരഘുവംശകർത്താവ് കുണ്ടൂർ നാരായണമേനോൻ ബി. എ. അവർകൾ ഒരു അസാമാന്യ കവിയാണെന്നു പുതിയ മലയാള സാഹിത്യത്തെപ്പറ്റി എന്തെങ്കിലും അറിയാവുന്നവർക്കൊക്കെ അറിയാം. അദ്ദേഹം ഈ തർജ്ജിമയിൽ കഴിയുന്ന ഭംഗിക്കൊക്കെ വരുത്തീട്ടുണ്ട്. രഘു

Digitized By Kerala Sahitya Akademi

വൃത്തത്തിന്റെ അർത്ഥസൗന്ദര്യം പാടുള്ളിടത്തോളം അദ്ദേഹം ഭാഷയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ ശ്രമത്തിനായി നിശ്ചയമായും മലയാളികൾ അദ്ദേഹത്തിനു വളരെ കടപ്പെട്ടിരിക്കയാകുന്നു. ഈ കൃതിയിൽ വൃത്തങ്ങളുടെ തിരഞ്ഞെടുപ്പിലും മറ്റും ചില അഭിപ്രായ വ്യത്യാസങ്ങൾ വന്നേക്കാം. രണ്ടാം സർഗ്ഗം, മൂന്നാം സർഗ്ഗം, അഞ്ചാം സർഗ്ഗം ഇവയിലും ഇതുപോലെ പിന്നെയും ചില സർഗ്ഗങ്ങളിലും തിരഞ്ഞെടുത്തിരിക്കുന്ന വൃത്തങ്ങൾ ഞങ്ങൾക്കു തന്നെ ബോധിച്ചിട്ടില്ല. ചില വൃത്തങ്ങൾ കൃതിയുടെ സൗകുമാര്യത്തെ കെടുക്കും; അസന്ദർഭോചിതമായിത്തീരുകയും ചെയ്യും. ചെറിയ പദ്യത്തെ തർജ്ജിമ ചെയ്യാൻ ഒരു വലിയ വൃത്തം തിരഞ്ഞെടുത്താൽ നിശ്ചയമായും വ്യർത്ഥപദപ്രയോഗം കൂടാതെ കഴിക്കുക വിഷമമാണ്. രഘുവംശത്തെപ്പോലുള്ള വ്യംഗ്യകാവ്യങ്ങൾക്കു വ്യർത്ഥപദ പ്രയോഗം ഒരിക്കലും അനുവദിച്ചുകൂടാത്ത ന്യൂനതയാകുന്നു. പാദപൂരണത്തിനായുള്ള ഉത്സാഹത്തിൽ തർജ്ജിമക്കാരൻ ചിലപ്പോൾ വ്യംഗ്യത്തെ വാച്യമാക്കിക്കളഞ്ഞു എന്നു വരാം. സാഹിത്യകുശലന്മാരുടെ ദൃഷ്ടിയിൽ ഇതു് ഒരു വക ക്ഷന്തവ്യമല്ലാത്ത കൊലപാതകമാണ്. ഈ തർജ്ജിമയിൽ മേൽ സൂചിപ്പിച്ച ദോഷങ്ങൾ അധികമില്ലെങ്കിലും ഒടുവിലൊടുവിൽ തീരെ ചുരുങ്ങിക്കാണുന്നതു സന്തോഷാവഹമായിരിക്കുന്നു. പ്രാസ നിർബന്ധം കൊണ്ടും ചില അസാരസ്യങ്ങൾ അവിടവിടെ പറ്റീട്ടുള്ളതായി ആക്ഷേപം വരാം; എന്നാൽ അധികമൊന്നും അർത്ഥദോഷം കൂടാതെ ദ്വിതീയാക്ഷരപ്രാസവും മറ്റു ശബ്ദാലങ്കാരങ്ങളും പ്രയോഗിക്കുന്നതിൽ മിസ്റ്റർ കുണ്ടൂരിനുള്ള പാടവം ഒന്നു വേറെ തന്നെയാണ്. ആകപ്പാടെ ഭാഷാരഘുവംശം മലയാള സാഹിത്യത്തിന് ഒരു വിലയേറിയ സമ്പാദ്യമാകുന്നു. നല്ല ഗ്രന്ഥങ്ങളെ മാത്രം തിരഞ്ഞുപിടിച്ച് പ്രസിദ്ധപ്പെടുത്താൻ കീർത്തിപ്പെട്ട തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോവിൽ നിന്നാണ് ഈ ഉത്തമ ഗ്രന്ഥവും പുറത്തായിരിക്കുന്നത്. അച്ചടിയും കെട്ടും മനോഹരമായിരിക്കുന്നു. ഒരുറുപ്പിക വിലവച്ചിരിക്കുന്നതു സഹായമാണ്.

വിവേ. 1087 വൃശ്ചികം, ധനു

സാഹിത്യസാഹ്യം

എ. ആർ. രാജരാജവർമ്മ

മഹാമഹിമശ്രീ എ. ആർ. രാജരാജവർമ്മ എം. എ., എം. ആർ. എ. എസ്. കോയിത്തമ്പുരാൻ തിരുമനസ്സിലെ കൃതിയായ പ്രസ്തുത പുസ്തകത്തിന്റെ ഒരു പ്രതി പ്രകടനാധികൃതരായ ബി. വി. ബുക്ക ഡിപ്പോക്കാർ അയച്ചുതന്നതു സശ്രദ്ധം വായിച്ചുനോക്കി. മലയാള സാഹിത്യത്തിൽ പദ്യകൃതികളുടെ ഗുണദോഷ ചിന്തനസ്സ്

Digitized By Kerala Sahitya Akademi

മാർഗ്ഗദർശിയും പ്രമാണവുമായ 'ഭാഷാഭൂഷണം' രചിച്ച പണ്ഡിതാഗ്രേസരൻ ഗദ്യകൃതികളെ തോന്ന്യാസമായി നടക്കാൻ വിട്ടയയ്ക്കുമെന്നു വല്ലവർക്കും തോന്നിയിരുന്നു എങ്കിൽ ആ തോന്നൽ ഇപ്പോൾ അസ്ഥാനത്തിലായി. നമ്മുടെ ഭാഷയെ ആപാദചൂഡം പരിഷ്കരിപ്പാൻ അവതരിച്ച ഈ മഹാത്മാവു പാണിനീയവും ഭാഷാഭൂഷണവും കൊണ്ടു തന്നെ തൃപ്തിപ്പെട്ടില്ല. അതിന്റെ ഫലവും കേരളസാഹിത്യത്തിന്റെ ശേഷിച്ച ഭാഗ്യവുമാണ് ഈ സാഹിത്യസാഹ്യം. ഇതിൽ സാഹിത്യത്തിന്റെ ലക്ഷണം, സ്വരൂപം, വിഭാഗം ഇവയെ അടിസ്ഥാനമാക്കിയുള്ള നിരൂപണം കൊണ്ടു പൂർവഭാഗം, കൃതികളെപ്പറ്റി നമുക്കു വേണ്ട അറിവിനെ ഉപദേശിക്കുന്നു. ഉത്തരഭാഗം (കൃതി പ്രണയനം) വിവിധ ദൃഷ്ടാന്തങ്ങളെ കാണിച്ചു എല്ലാവിധത്തിലുള്ള സൽകൃതികളെ ചമയ്ക്കുന്നതിനും നമ്മെ ശക്തരാക്കുന്നു. പദ്യകൃതികളെക്കാൾ ഒരു സാഹിത്യത്തിന്റെ അഭിവൃദ്ധിക്കു സ്വാഭാവികമായി അധികമാവശ്യമായിരിക്കുന്നതു ഗദ്യകൃതികളാണ്. അതുകൊണ്ടു ഗദ്യകൃതികളെപ്പറ്റി ഇപ്രകാരമുള്ള ഒരു അനുശാസനം എത്ര ആവശ്യമായിരിക്കുന്നു എന്നു പറയേണ്ടതില്ല. ഇന്നുവരെ പറയത്തക്ക ഒരു നിയമവും തോതും അനുസരിക്കാതെ യഥേഷ്ടം സഞ്ചരിച്ചു കഴപ്പുണ്ടാക്കുന്ന മലയാള ഗദ്യസാഹിത്യത്തെ പുറകവും ആശാസ്യമായ ഒരു നിലയിൽ കൊണ്ടുവരുന്നതിനു നിശ്ചയമായും ഈ സാഹിത്യസാഹ്യം പര്യാപ്തമാണെന്നു പറവാൻ ഞങ്ങൾ മടിക്കുന്നില്ല. കേവലം വിദ്യാർത്ഥികൾക്കു മാത്രമല്ല. ഇതിൽ അടങ്ങിയ പലേ ഭാഗങ്ങളും വിദ്വാന്മാർക്കുതന്നെയും, ഉത്തമ സാഹിത്യ നിർമ്മാണത്തിൽ വളരെ സഹായിക്കും. അന്യ സാഹിത്യങ്ങളിലുള്ള നൈപുണ്യത്താൽ മാതൃഭാഷാസാഹിത്യത്തെപ്പറ്റി ഒന്നും പഠിക്കേണ്ടതില്ലെന്നു സാവജ്ഞമായി വിചാരിക്കുന്ന വിദ്വാന്മാർ ഈ ഗ്രന്ഥത്തെ ഒന്നു വായിച്ചു നോക്കുന്നതു നിശ്ചയമായും അവർക്കും ഭാഷയ്ക്കും ഗുണകരമായിരിക്കും. ഇതിന്റെ നിർമ്മാണത്തിൽ ഗ്രന്ഥകർത്താവു ചെയ്തിരിക്കുന്ന ശ്രമം ആശ്ചര്യജനകമായിരിക്കുന്നു. അതിനായി അവിടത്തെ നേർക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിപ്പാൻ വേണ്ടവാക്കുകൾ മലയാളശബ്ദകോശത്തിലില്ല. പ്രസിദ്ധനായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇതിൽ ഒരു അവതാരിക എഴുതിച്ചേർത്തിട്ടുണ്ട്. മംഗളോദയം കമ്പനിവക കേരളകല്പദ്രുമം പ്രസ്സിൽ ഭംഗിയായി അച്ചടിച്ചു കെട്ടിയിട്ടുള്ളതും ഡെമ്മി എട്ടു വലിപ്പത്തിൽ 212 ഭാഗങ്ങൾ അടങ്ങിയതുമായ ഈ അപൂർവ ഗ്രന്ഥത്തിനു ഒരുറുപ്പിക വിലവച്ചിരിക്കുന്നതു വായനക്കാർക്കു കേവലം ഒരു അനുഗ്രഹമാണെന്നു വേണം പറയാൻ. ബി. വി. ബുക്കുഡിപ്പോയിൽ എഴുതിയാൽ പുസ്തകം കിട്ടും.

വിവേ: 1087 വൃശ്ചികം, ധനു

Digitized By Kerala Sahitya Akademi

ശങ്കരവിജയം ഭാഷാഗാനം

വരവൂർ ശാമുമേനോൻ

ഇത് വേദ ഭാഷ്യവും അദ്വൈത സിദ്ധാന്തത്തിൽ പഞ്ചദശമി മുതലായ അനേക പ്രശസ്ത ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ള മാധവാനന്ദൻ എന്ന വിദ്യാരണ്യ സ്വാമികളുടെ സംസ്കൃത മൂലത്തെ അനുസരിച്ച് മലയാളത്തിൽ കിളിപ്പാട്ട രീതിയിൽ ചിറ്റൂർ വരവൂർ ശാമുമേനോൻ അവർകൾ രചിച്ചിട്ടുള്ള ഒരു കവിതയാകുന്നു. ശാമുമേനോൻ അവർകളുടെ കിളിപ്പാട്ട് എഴുത്തച്ഛന്റെ കൃതിയെപ്പോലെ കർണ്ണാനന്ദകരമാണെന്നു അദ്ഭുത രാമായണം, വാസിഷ്ഠം മുതലായ ഗ്രന്ഥങ്ങൾ മൂലം തന്നെ വായനക്കാർ അറിഞ്ഞിരിക്കും. ആ ഗുണം ശങ്കരവിജയത്തിൽ ഒട്ടുംതന്നെ കുറഞ്ഞിട്ടില്ലെന്നുമാത്രമല്ല, അത്ഭുതകരമാം വണ്ണം അധികപ്പെടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്പ്രസരം 'പൂർണ്ണാ'' നദിയിലെ വർഷകാലത്തെ പ്രവാഹം പോലെ ശക്തി ഏറിയതും ശരൽക്കാലത്തെ പ്രവാഹം പോലെ നിർമ്മലവുമായിരിക്കുന്നു. വിഷയം ആദിശങ്കരാചാര്യ സ്വാമികളുടെ ജീവചരിത്രമാണ്. ശങ്കരവിജയമെന്ന പേരു മൂലക്കാരനായ വിദ്യാരണ്യ സ്വാമികളുടെ ഗ്രന്ഥത്തിനുള്ളതുതന്നെ. ആദ്യത്തെ മൂന്നുനാല് അദ്ധ്യായങ്ങളിൽ മേനോനവർകൾ 'ശങ്കരവിജയവിലാസം' എന്ന വേറൊരു മൂലഗ്രന്ഥത്തെയാണ് അവലംബിച്ചിരിക്കുന്നതെങ്കിലും, വിദ്യാരണ്യ കൃതിയിലുള്ള ആദരാതിശയത്തേയും ഔചിത്യാതിശയത്തേയും നിമിത്തീകരിച്ചായിരിക്കണം ഭാഷാഗാനത്തിനും ശങ്കരവിജയം എന്നുതന്നെ പേരുകൊടുത്തത്. കഥാകഥനഭാഗങ്ങളെപ്പോലെ തന്നെ പ്രൗഢമായ ശാസ്ത്രീയ വാദഭാഗങ്ങളിലും തർജ്ജിമയിൽ കാണുന്ന ലാളിത്യവും സ്ഫുടതയും ഞങ്ങളെ വിസ്മയിപ്പിക്കുന്നു. ഈ ഒടുവിൽ പറഞ്ഞ ഭാഗത്തിൽ വായനക്കാരെ സഹായിപ്പാൻ ഒരു വ്യാഖ്യാനം കൂടി എഴുതിച്ചേർത്തിട്ടുണ്ട്. ഈ ഉത്തമ ഗ്രന്ഥം കൊണ്ടു മലയാളസാഹിത്യ ഭണ്ഡാരത്തെ സവിശേഷം പുഷ്ടിയാക്കിയ ശാമുമേനോൻ അവർകളോടും ഇതിലേക്ക് അദ്ദേഹത്തെ പ്രത്യേകം പ്രേരിപ്പിച്ച പാലക്കാട്ട തെക്കുറുശി 'ജസ്റ്റീസ് ശങ്കരൻനായർ വായനശാലാ' സിക്രട്ടറി വി. ഒ. എ. മന്ദാടിയാർ അവർകളോടും മലയാളികൾ എന്നും കൃതജ്ഞരായിരിക്കും. മേനോൻ അവർകൾ ഈ വിശിഷ്ട ഗ്രന്ഥത്തിന്റെ പകർപ്പവകാശം ടി വായനശാലയ്ക്കു ദാനം ചെയ്തിരിക്കുന്നതിൽ അദ്ദേഹത്തിന്റെ കവിത്രാവാസനയെ മാത്രമല്ല ഔദാര്യത്തേയും ശ്ലാഘിക്കേണ്ടതായി വരുന്നു. പുസ്തകം മംഗളോദയം വക പ്രസ്സിൽ ഭംഗിയായി അച്ചടിച്ചു കെട്ടിയതാണ്. ഡെമ്മി എട്ടിൻ 355 ഭാഗങ്ങളുണ്ട്. വില 1ക. 8ണ. മാത്രം. ടി വായനശാലയിൽ കിട്ടും.

വിവേ: 1087 മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

ഭാര്യാധർമ്മം

വടക്കേപ്പാട്ടു നാരായണൻനായർ

ഇത് എതാണ്ട് ഈമാതിരി ചില പേരിൽ ഈയിടെ ചിലപ്പോൾ ഒക്കെ പുറപ്പെടാറുള്ള പത്തോ നൂറോ മലയാള പദ്യങ്ങൾ അടങ്ങിയ വല്ല കവിതയുമാണെന്നു വായനക്കാർ ഭ്രമിക്കരുത്. ഇതു സ്ത്രീകൾ, വിശേഷിച്ചു ഭാര്യാപദത്തെ പ്രാപിച്ചിരിക്കുകയും പ്രാപിക്കാൻ പോകുകയും ചെയ്യുന്ന സ്ത്രീകൾ, അവശ്യം അറിഞ്ഞുനടക്കേണ്ട പ്രധാനങ്ങളായ മിക്ക സംഗതികളും അടക്കി സംക്ഷിപ്തമാണെങ്കിലും ശാസ്ത്രീയമായും സരസമായും എഴുതീട്ടുള്ള ഒരു ഉത്തമഗ്രന്ഥമാകുന്നു. കുറേക്കൂടി വിശദമായിപ്പറഞ്ഞാൽ—ഇതു വാത്സ്യായന തന്ത്രത്തിൽ ഗൃഹിണികളെപ്പറ്റി പ്രതിപാദിക്കുന്ന പ്രകരണത്തിലുള്ള 36 സംസ്കൃത സൂത്രങ്ങളുടെ ഭാഷയും അതിന്മേൽ ശ്രീമാൻ വടക്കോട്ടു നാരായണൻ നായർ അവർകൾ എഴുതീട്ടുള്ള 'നാതിസംക്ഷേപവിസ്തര'മായ ഒരു സരസ വ്യാഖ്യനവുമാകുന്നു. ഇതു പുരുഷന്മാർ വായിച്ചാൻ എല്ലാ വീടുകളിലും ഒരു പ്രതി വാങ്ങി സ്ത്രീകളെ എല്പിക്കുമെന്നുള്ളതിനു സംശയമില്ല. ഭാര്യമാർ ത്യജിക്കേണ്ടതും ഗ്രഹിക്കേണ്ടതുമായ ചൊറുതും വലുതുമായ എല്ലാസംഗതികളും വാത്സ്യായനമഹർഷി എണ്ണി എണ്ണിപ്പറയുന്നതിന്റെയും സുസംഗതമായ വിധത്തിൽ അതിനെ എല്ലാം മിസ്റ്റർ നായർ 'സാരം കൊണ്ടും സാരസ്യം കൊണ്ടും' ആർക്കും രസിക്കത്തക്ക വണ്ണം വ്യാഖ്യാനിക്കുന്നതിന്റെയും രീതി ഈ പുസ്തകത്തിൽ എല്ലാവർക്കും കൗതുകത്തെയും ബഹുമാനത്തെയും ജനപ്പിക്കും. പുസ്തകം "ലക്ഷ്മീഭായി" മാസികയിൽ ഖണ്ഡം ഖണ്ഡമായി പ്രസിദ്ധപ്പെടുത്തി മുഴുവനാക്കീട്ടുള്ളതാകുന്നു. ഗ്രന്ഥകർത്താവ് അവകാശം "ലക്ഷ്മീഭായി"ക്കു വിട്ടുകൊടുത്തിരിക്കുന്നു. പ്രസാധകൻ വെള്ളായ"ക്കൽ നാരായണമേനോൻ അവകർകൾ ഇതിനെ കുറിച്ച് താഴവാദം നൽകിയതു സരിച്ചു് ആറിങ്ങൽ ഇളയതിരുമനിത്യപ്പാദങ്ങളിൽ സമർപ്പിച്ചിരിക്കുന്നു. ആർ. ഇ. രപിള്ള ബി. എ. അവർകൾ ഇംഗ്ലീഷിൽ ഒരു അവതാരിക ഈ ഗ്രന്ഥത്തിന്റെ ഗുണങ്ങളെ പുരസ്കരിച്ച് എഴുതിച്ചേർത്തിട്ടുണ്ട്. ചൊറുതെങ്കിലും നല്ലതായ ആ അവതാരിക മലയാളത്തിലായിരിക്കേണ്ടതാ മലയാളതർജ്ജിമയെങ്കിലും കൂടി ചേർത്തിരിക്കേണ്ടതാ ചെയ്യേണ്ടിയിരുന്നു. പുസ്തകം ഭാരതവിലാസം പ്രസ്സിൽ അച്ചടിച്ചിട്ടുള്ളതാണ്. സൈസ് 18 വലിപ്പത്തിൽ 53 ഭാഗങ്ങൾ ഉണ്ട്. വില 5 ണ. ലക്ഷ്മീഭായി ആഫീസിൽ കിട്ടും.

വിവേ: 1087 മിഥുനം, കർക്കടകം

തിരുവിതാംകൂർ 1911-ലെ സെൻസസ് റിപ്പോർട്ട്

മിസ്റ്റർ എൻ. സുബ്രഹ്മണ്യയ്യരാൽ എഴുതപ്പെട്ടതും തിരുവിതാംകൂർ ഗവൺമെൻറിൽ നിന്നു തിരുവനന്തപുരത്ത് ആനന്ദ പ്രസ്സിൽ

Digitized By Kerala Sahitya Akademi

അച്ചടിച്ചു് പ്രസിദ്ധം ചെയ്യുന്നതുമായ 1911-ലെ സെൻസസ്സു് റിപ്പോർട്ടി (കാനേഷുമാരിക്കണക്കു്) ന്റെ ഒരു പ്രതി ഞങ്ങളുടെ അഭിപ്രായത്തിനായി അയച്ചുതന്നതു് ഞങ്ങൾ നന്ദിപൂർവം കൈപ്പറ്റിയിരിക്കുന്നു. ഈ പുസ്തകങ്ങളിൽ തിരുവിതാംകൂറുകാർക്കു് പൊതുവേയും ഈഴവർക്കും എസ്. എൻ. ഡി. പി. യോഗത്തിനും പ്രത്യേകമായും അറിയേണ്ടതായ പല സംഗതികൾ അടങ്ങിയിരിക്കുന്നു. മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ ബുദ്ധിസാമർത്ഥ്യവും പാണ്ഡിത്യവും ഇംഗ്ലീഷുഭാഷയിലുള്ള നൈപുണ്യവും ഈ റിപ്പോർട്ടിൽ എവിടെയും പ്രത്യക്ഷമാണു്. തിരുവിതാംകൂറിലെ ജനസംഖ്യ, ജനനം, വിവാഹം, മരണം, വിദ്യാഭ്യാസം, ജാതി, മതം, തൊഴിൽ മുതലായ അധ്യായങ്ങളിൽ സെൻസസ്സു് കമ്മീഷണരുടെ നിലയ്ക്കു് മിസ്റ്റർ സുബ്രഹ്മണ്യയ്യർ എഴുതിച്ചേർത്തിരിക്കുന്ന വിവരങ്ങൾ ഈ പുസ്തകത്തെ വായിക്കുന്നതിനു് കൗതുകമുണ്ടാക്കുന്നവയായിരിക്കുന്നു. ഹിന്ദുമതത്തിലെ ജാതിവിഭാഗങ്ങളെപ്പറ്റി പ്രാണിശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ള ഒരു നൂതന വ്യാഖ്യാനവും ഈ പുസ്തകത്തിലുള്ള മറ്റൊരു വിശേഷമാണു്. താൻ ഭരമേറ്റ കൃത്യം ഇത്ര ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നതിൽ ഞങ്ങൾ സുബ്രഹ്മണ്യയ്യരവർകളെ നിർവ്യാജമായി അനുമോദിക്കുന്നു. മൂന്നു വാല്യങ്ങളുടെയും അച്ചടിയും ബയിൻറ് ജോലിയും വ്യത്തിയായി നടത്തിയ ആനന്ദ പ്രസ്സിന്റെ കൃത്യനിഷ്ഠയെപ്പറ്റിയും ഞങ്ങൾ അനുമോദിക്കുന്നു.

തിരുവിതാംകൂറിലെ ഈഴവരെ സംബന്ധിച്ചുള്ള വിവരങ്ങൾ മാത്രമേ തൽക്കാലം ഞങ്ങൾക്കു് ഇവിടെ ഉദ്ധരിക്കാൻ സാധിക്കൂ. ഈഴവരെപ്പറ്റി സംക്ഷിപ്തമായി മുഖവുരയിൽ തന്നെ ഇപ്രകാരം എഴുതിയിരിക്കുന്നു: "നമ്പൂരി, നായർ എന്നീ രണ്ടു ജാതിക്കാരോടും തുല്യപ്രാധാന്യമുള്ളവരാകുന്നു തിരുവിതാംകൂറിലെ ഈഴവർ അഥവാ തിയർ. ഇവരുടെ സ്വാഭാവികമായ പരിശ്രമശീലം അവരുടെ പ്രസിദ്ധമായ ഒരു വിശിഷ്ടഗുണമാകുന്നു. ഈയിടെ ഉണ്ടായിട്ടുള്ള ഒരു പുതിയ ഉണർച്ചയുടെ ഫലമായി ഈ വർഗ്ഗക്കാരുടെ ഇടയിൽ ഇപ്പോൾ പലവിധ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ഈ ജാതിക്കാർ എപ്പോഴും ഭൂമിയുടെ ജീവനായിരുന്നതു കൂടാതെ, ഇപ്പോഴും അതായിത്തന്നെ ഇരിക്കയും ചെയ്യുന്നുണ്ടു്."

ജനസംഖ്യ

തിരുവിതാംകൂറിലെ ജനസംഖ്യ ആകെ 34,28,975 ഉള്ളതിൽ ഹിന്ദുക്കൾ 22,98,390 ഉണ്ടു്. അതിൽ ഈഴവർ 5,46,265 ഉള്ളതിൽ പുരുഷന്മാർ 2, 71, 677-ം സ്ത്രീകൾ 2,74,588-ം ഉണ്ടു്. ഹിന്ദുക്കളിൽവച്ചു് ജനസംഖ്യകൊണ്ടു് ഈഴവർ തിരുവിതാംകൂറിൽ രണ്ടാമത്തെ ജാതിയാണു്.

Digitized By Kerala Sahitya Akademi

ഒന്നാമതായി കാണിച്ചിരിക്കുന്ന നായൻമാരുടെ സംഖ്യ 5,92,484 ആകുന്നു. ബ്രിട്ടീഷ് മലബാറിലും കൊച്ചിയിലും ഈഴവർ ജനസംഖ്യയിൽ ഒന്നാമത്തെ ജാതിയായിരിക്കുന്ന സ്ഥിതിക്ക് തിരുവിതാംകൂറിൽമാത്രം അവർ രണ്ടാമതായിപ്പോകുന്നതിന് ഞങ്ങൾക്കു തോന്നുന്നതായ ഒരു കാരണം ഇവിടെ വിവരിക്കാം. ഈഴവരും ചാന്നാൻമാരും ഏറെക്കുറെ സാമ്യമുള്ള ജാതിക്കാരകയാലും, ഈഴവരിൽ പ്രധാനികൾ "ചാന്നാൻ" എന്ന സ്ഥാനപ്പേർ എടുക്കുന്നതിനാലും ഒട്ടധികം ഈഴവരെ 'ചാന്നാൻ'ജാതിയിൽ ചേർത്തു കണക്കെടുത്തിരിക്കാമെന്നുള്ളതു് സംഭവ്യമാണ്. ഇതുകൊണ്ടു് തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിൽ ചാന്നാൻമാരുടെ സംഖ്യ വാസ്തവത്തിലുള്ളതിലധികം എഴുതിയിരിക്കുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മുതലായ താലൂക്കുകളിൽ ചാന്നാൻമാർ തീരെ ഇല്ലെന്നു ഞങ്ങൾക്കറിയാമെങ്കിലും അവിടെയും കുറേ ചാന്നാൻമാർ ഉള്ളതായികാണുന്നതു് യഥാർത്ഥത്തിൽ ഈഴവരായിരിക്കണം. ഇതനുസരിച്ച് ഈഴവരുടെ ജനസംഖ്യ വ്യത്യാസപ്പെടുത്തിയാൽ ഇപ്പോഴുള്ളതായി കാണുന്ന 5½ ലക്ഷത്തോടു് ചാന്നാൻമാരായി തെറ്റി എണ്ണിയതെന്നു തീർച്ചപറയാവുന്ന ½ ലക്ഷവും കൂടിചേർത്താൽ ഈഴവർ 6 ലക്ഷത്തിൽപരം ഉണ്ടായിരിക്കുകയും, ഹിന്ദുക്കളിൽവച്ച് ജനസംഖ്യകൊണ്ട് അവർ ഒന്നാമത്തെ ജാതിയാണെന്നുള്ള വാസ്തവം പ്രത്യക്ഷപ്പെടുന്നതുമാണ്. ഈഴവരുടെ ഒരു വിഭാഗമായി പരിഗണിക്കപ്പെടേണ്ടവരായ അരലക്ഷത്തിലധികമുള്ള "ഈഴവാത്തി"കളെക്കൂടി ചേർത്താൽ ആറരലക്ഷം ഈഴവരുണ്ടായിരിക്കുന്നതാണ്. ഈഴവർക്ക് വർദ്ധന 100 ന് 11 മാത്രമേ ഉള്ളു.

തിരുവിതാംകൂറിലെ ഹിന്ദുക്കളുടെ വർദ്ധനക്കുറവ്

സെൻസസ് റിപ്പോർട്ടിൽ ക്രിസ്തുമതത്തെപ്പറ്റി പറയുന്ന ഭാഗം ഇങ്ങനെ ആരംഭിക്കുന്നു:-"കഴിഞ്ഞ 30 വർഷങ്ങൾക്കുള്ളിൽ ഈ രാജ്യത്ത് ക്രിസ്ത്യാനികൾ ഇരട്ടിയായിത്തീർന്നിരിക്കുന്നു. 1881-ൽ 4,98,542 ആയിരുന്ന അവരുടെ സംഖ്യ ഇപ്പോൾ 9,03,868 ആയിരിക്കുന്നു. കഴിഞ്ഞ 10 വർഷങ്ങളിൽ അതിനുമുമ്പിലത്തേതിനേക്കാൾ സ്വൽപം കുറവായിട്ടാണ് ഇവരുടെ വർദ്ധനയെന്നുവരികിലും, വാസ്തവത്തിൽ 2,06.481 ക്രിസ്ത്യാനികൾ അധികരിച്ചിട്ടുണ്ട്. അവർ 30 വർഷത്തിൽ നൂറിനു 81 വീതം അധികമായിത്തീർന്നിരിക്കുന്നു." അനേക ജാതികളായി ഭിന്നിച്ചുകിടക്കുന്ന ഹിന്ദു ജാതികളെ എല്ലാം ഒന്നായി ഗണിക്കുന്നില്ലെങ്കിൽ, ഈ രാജ്യത്തിൽ ജനബാഹുല്യംകൊണ്ട് ക്രിസ്ത്യാനികൾ ഒന്നാമതു് വർഗ്ഗക്കാരാണ്. ഹിന്ദുക്കളുടെ വർദ്ധന ക്രമേണ കുറഞ്ഞുവരികയും അതിനനുസരണമായി അന്യമതക്കാർ അധികമാകയും ചെയ്യുന്നതു് യാദൃച്ഛികമായോ അസ്ഥിരമായോ ഉണ്ടാകുന്നതല്ലെന്നു കഴിഞ്ഞ 36 കൊല്ലത്തിൽ ഉണ്ടായിരി

Digitized By Kerala Sahitya Akademi

ക്കുന്ന ഓരോ മതക്കാരുടെ ജനസംഖ്യ വർദ്ധനയിൽ നിന്ന് അറിയാവുന്നതാണ്. ആദ്യം ശരിയായ ജനസംഖ്യ കണക്കെടുത്ത 1875 മുതൽ 1911 വരെയുള്ള ഹിന്ദുക്കളുടെ വർദ്ധനക്കുറവിനെപ്പറ്റി കഴിഞ്ഞ റിപ്പോർട്ടിൽ പറയുന്നതു് ഇവിടെ ഉദ്ധരിക്കാം.

"1875-ൽ ഹിന്ദു, ക്രിസ്ത്യൻ, മഹമ്മദീയർ ഇവരുടെ സംഖ്യ 10,000-ൽ 7364, 2029, 606 ഇങ്ങിനെ ആയിരുന്നു. 6 വർഷം കഴിഞ്ഞപ്പോൾ (1881-ൽ) ഹിന്ദു 52 കുറയുകയും ക്രിസ്ത്യനും മഹമ്മദീയനും 47-ും 6-ും വീതം അധികപ്പെടുകയും ചെയ്തു. 1891-ൽ ഹിന്ദുക്കൾ 6 വീതം അധികമായും ക്രിസ്ത്യൻ 16 വീതം കുറയുകയും ചെയ്തു. മഹമ്മദീയർ 9 വീതം അധികമാകയും ചെയ്തു. 1881-1891-ൽ മാത്രമേ ഹിന്ദുക്കൾ കുറേ എങ്കിലും വർദ്ധിച്ചപോലെ കണ്ടിട്ടുള്ളു. യഥാർത്ഥത്തിൽ അവർ മറ്റ് മതസ്ഥരെ അപേക്ഷിച്ച് 1875 മുതൽ കുറയുകയാണ് ചെയ്തിട്ടുള്ളതു്. വേറൊരു ശതാബ്ദം അവസാനിച്ചതു്, ഹിന്ദുക്കളുടെ കുറവിനേയും മറ്റ് മതക്കാരുടെ വർദ്ധനയേയും, ഹിന്ദുക്കൾ 327 കുറഞ്ഞതുകൊണ്ടും ക്രിസ്ത്യാനികളും മഹമ്മദീയരും 302-ും, 25-ും കൂടിയതുകൊണ്ടും, സ്ഥിരീകരിച്ചതേയുള്ളു. ഈ കൊല്ലമായ 1911-ലെ സംഖ്യകളും മേൽവിവരിച്ചതുതന്നെ പുനരാവർത്തനം ചെയ്യുന്നു. ഹിന്ദു 228 കുറഞ്ഞും ക്രിസ്ത്യൻ 274-ും മഹമ്മദീയൻ 15-ും കൂടിയും തീർന്നിരിക്കുന്നു. ആകപ്പാടെ പതിനായിരത്തിൽ 1875 മുതൽ 661 ഹിന്ദുക്കൾ കുറഞ്ഞും 607 ക്രിസ്ത്യാനികളും 35 മഹമ്മദീയരും കൂടുതലായും വന്നിട്ടുണ്ടെന്നു കാണാവുന്നതാണ്." താഴെ ചേർക്കുന്ന പട്ടിക ഇവയെല്ലാം സംഗ്രഹിക്കുന്നു:-

മതം	പതിനായിരം ജനങ്ങളിൽ					നൂറിനുള്ള വർദ്ധന			
	1875	1881	1891	1901	1911	1881 മുതൽ 1891	1891 മുതൽ 1901	1901 മുതൽ 1911	1881 മുതൽ 1911
ഹിന്ദു	7364	7312 —52	7318 +6	6991 −327	6703 −288	6.6	10.3	11.4	30.9 −661
ക്രിസ്ത്യൻ	2029	2076 +47	2060 —16	2362 +302	2636 +274	5.7	32.4	29.6	81.3 +607
മഹമ്മദീയൻ	606	612 +6	621 +9	646 +25	661 +15	8.1	20.9	18.9	54.3 +55

ഇതിൽനിന്നു ഹിന്ദുക്കളുടെ ക്ഷയോന്മുഖമായ വർദ്ധനയും ഇതരമതങ്ങളുടെ അഭിവൃദ്ധിയും പ്രത്യക്ഷമാകുന്നതാണല്ലോ. 36 വർഷ

Digitized By Kerala Sahitya Akademi

ത്തിൽ ഹിന്ദുക്കൾ 30 വീതം മാത്രവും ക്രിസ്ത്യാനികൾ 81 വീതവും മഹമ്മദീയർ 54 വീതവും അധികരിച്ചിരിക്കുന്നു. ഈ ക്രമമനുസരിച്ചുതന്നെ ഹിന്ദുക്കളും മറ്റ് മതക്കാരും ഇനിയും വർദ്ധിക്കയാണെങ്കിൽ അടുത്ത 30 വർഷത്തിനകം ക്രിസ്ത്യാനികൾ ഹിന്ദുക്കളെ ജനസംഖ്യയിൽ ജയിക്കയും, ഈ "ധർമ്മഭൂമി"യിൽ "ശ്രീപത്മനാഭദാസ"ന്റെ ഭരണത്തിൽതന്നെ ഹിന്ദുമതം ക്രമേണ മുഴുവൻ നശിക്കയും ചെയ്യുന്നത് ഒട്ടും അസംഭവ്യമല്ല. പരമതവർദ്ധന അത്ര വലിയതും സുസ്ഥിരവുമായി തീർന്നിരിക്കുന്നു.

ഈ സ്ഥിതിക്ക് ഹിന്ദുമത വർദ്ധനസ്സുള്ള കുറവിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിച്ച് അവയെ പരിഹരിക്കുന്നതു് സ്വമതാഭിമാനികളായ ഹിന്ദുപ്രമാണികളുടേയും ഹിന്ദുമതസംരക്ഷണം പരമോദ്ദേശ്യമായി കരുതിവരുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവണ്മെൻറിന്റെയും കർത്തവ്യകർമ്മമാകുന്നു. ജനസംഖ്യസ്സു് സഹജമായി കൊല്ലംതോറുമുണ്ടാകാവുന്ന വർദ്ധന എല്ലാ മതക്കാർക്കും ഒന്നുപോലെ ആയിരിക്കുന്നതിനേ ഇടയുള്ളു. അതിനാൽ മതവർദ്ധനയ്ക്കസാധാരണമായ കൂടുതൽ കുറവുകൾ ഹിന്ദുക്കളുടെ മതഭേദത്തിന്റെ മാത്രം ഫലമാണു്. മതഭേദത്തിനുള്ള മുഖ്യകാരണങ്ങളായി ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളവയെല്ലാം തിരുവിതാംകൂറിലും, ബ്രിട്ടീഷ് ഭരണത്തിൻകീഴുള്ള രാജ്യങ്ങളിലും, ഹിന്ദു മഹമ്മദീയ രാജാക്കന്മാരുടെ നാട്ടുരാജ്യങ്ങളിലും ഏറെക്കുറെ ഒരുപോലെതന്നെ പ്രവർത്തിക്കുന്ന കാരണങ്ങളായിരിക്കയും, അവിടങ്ങളിലെല്ലാം ഹിന്ദുക്കൾ മറ്റുള്ളവരെപ്പോലെതന്നെ വർദ്ധിക്കയും, ഹിന്ദുക്കളല്ലാത്തവരുടെ വർദ്ധന ഇവിടുള്ളതിൽനിന്നു് വളരെ കുറഞ്ഞും കാണുന്ന സ്ഥിതിക്കു് ഇവിടെ മാത്രം ഹിന്ദുക്കൾ കുറഞ്ഞുനശിക്കാറാകയും ക്രിസ്ത്യാനികൾ രാജ്യം നിറയുകയും ചെയ്യുന്നതിനുള്ള പ്രത്യേക കാരണങ്ങൾ വേറെതന്നെ ആയിരിക്കണമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

റസിഡണ്ടും ദിവാൻജിയുമായിരുന്ന കർണൽ മൺറോ സായിപ്പിന്റെ കാലമായ 1810 മുതൽക്കാണു് ക്രിസ്തുമതം ഈ രാജ്യത്തു വേരൂന്നിയതു്. റാണി പാർവതീഭായിയുടെ കാലത്തു മൺറോ സായിപ്പ് മിഷനറിമാർക്കു് ചെയ്തിട്ടുള്ള സഹായങ്ങളും പ്രോത്സാഹനവും ചരിത്രപ്രസിദ്ധമാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല. അന്നുമുതൽ ഹിന്ദുക്കൾ ക്രിസ്ത്യാനികളായാൽ അവർക്കു് വിശേഷാൽ സൗകര്യങ്ങളും സ്വാതന്ത്ര്യങ്ങളും അവരുടെ വിദ്യാഭ്യാസത്തിനുവേണ്ട സഹായങ്ങളും സർക്കാരിൽനിന്നു് ചെയ്തുകൊടുത്തതിന്റെയും, ക്രിസ്ത്യാനിയാകാത്ത ഹിന്ദുക്കൾക്കു് ഇവയൊന്നും നൽകാതിരുന്നതിന്റെയും ഫലമായി അനേകം ഹിന്ദുക്കൾ മതഭേദം ചെയ്യുന്നതിനു് നിർബന്ധിതരായി. അന്നുമുതൽ ഇന്നുവരെ ക്രിസ്ത്യാനികളായാലുള്ള സഹായവും സ്വാതന്ത്ര്യവും ഗവൺമെൻറിൽ നിന്നു്

Digitized By Kerala Sahitya Akademi

ഹിന്ദുക്കളായിരിക്കുന്നവർക്കു നൽകുന്നില്ലെന്നുള്ള വാസ്തവമാണ് ഹിന്ദുക്കളുടെ മതഭേദത്തിനുള്ള സൂക്ഷ്മമായ കാരണം. ക്രിസ്ത്യാനികൾക്ക് എല്ലാ സർക്കാർ ആപ്പീസ്, രാജവീഥി, കട, കമ്പോളങ്ങൾ ഇവയിൽ മാത്രമല്ല, എല്ലാ സർക്കാർ പള്ളിക്കൂടങ്ങളിലും, ദേവസ്വകാര്യാനേഷണമില്ലാത്ത എല്ലാ സർക്കാർ ഉദ്യോഗങ്ങളിലും അന്നു പ്രവേശനം അനുവദിച്ചത് ഇന്നുവരെ അവർ അനുഭവിക്കുന്നുണ്ട്. എങ്കിലും ഉയർന്ന ജാതിക്കാരെന്നു് അഭിമാനിക്കുന്ന ഹിന്ദുക്കൾക്കല്ലാതെ പരിശ്രമികളും രാജ്യത്തിലെ ഐശ്വര്യരക്ഷകൾക്കു ആസ്പദമായും ഉള്ള 16 ലക്ഷം (23 ലക്ഷം ഹിന്ദുക്കളിൽ ഉയർന്ന ജാതിയായ 7 ലക്ഷം കഴിച്ചു ശേഷമുള്ള) ഹിന്ദുജനങ്ങൾക്ക് ഇന്നും ഈ സ്വാതന്ത്ര്യങ്ങൾ മുഴുവനും കിട്ടീട്ടില്ല. അരയന്മാർ, പറയന്മാർ പുലയന്മാർ മുതലായ, ഒരിക്കൽ വളരെ ജനങ്ങളുണ്ടായിരുന്ന ഹിന്ദു ജാതികൾ മിക്കവാറും മതംമാറി ഏകദേശം നശിക്കാറായിരിക്കുന്നെന്നു് അവരുടെ ഇവിടുള്ള സംഖ്യയുടെ ക്ഷയം കൊണ്ടും, എല്ലാജാതിക്കാർക്കും ഒന്നുപോലെ സ്വാതന്ത്ര്യങ്ങൾ അനുവദിക്കുന്ന ബ്രിട്ടീഷ് രാജ്യങ്ങളിൽ അവർക്കിപ്പോഴും ഉള്ള സംഖ്യാബലം കൊണ്ടും അറിയാവുന്നതാണ്. ഈഴവരിൽ പോലും 5 ലക്ഷത്തോളം ഇന്നുവരെ മതം മാറിയിട്ടുണ്ടെന്നു് തിരുവിതാംകൂറിനോടു തുല്യജനസംഖ്യയുള്ള ബ്രിട്ടീഷ് മലയാളത്തിലെ ഇപ്പോഴുള്ള തീയരുടെ സംഖ്യകൊണ്ട് ഊഹിക്കാവുന്നതാണ്.

. സ്വാതന്ത്ര്യങ്ങൾ കുറേ എങ്കിലും സർക്കാരിൽനിന്നു് എപ്പോൾ കൊടുത്തുതുടങ്ങിയോ അപ്പോൾ മുതൽ അന്യമതക്കാരുടെ വർദ്ധനയ്ക്കു കുറവുവന്നുകാണുന്നെങ്കിൽ, സ്വാതന്ത്ര്യക്കുറവാണു മതഭേദത്തിനു കാരണമെന്നുള്ള ഞങ്ങളുടെ വിശ്വാസം എത്ര വാസ്തവമാണെന്നറിയാവുന്നതാണ്. മേൽ കാണിച്ച പട്ടികയിലെ മതവർദ്ധന ക്രമത്തോടുകൂടി സർക്കാരിൽ നിന്നു ഹിന്ദുക്കൾക്കു നൽകീട്ടുള്ള സ്വാതന്ത്ര്യങ്ങളെ ഓരോന്നായി കുറിച്ചിട്ട്, ഹിന്ദുക്കളുടെ വർദ്ധനക്കുറവിനുള്ള കാരണങ്ങളെ ഞങ്ങൾ താഴെ വിശദീകരിക്കാം:—

(I) 1881—1891

1045-ാമാണ്ടത്തെ പ്രസിദ്ധമായ തിരുവെഴുത്തു വിളംബരത്തിന്റെ ഫലമായി സർക്കാർ കച്ചേരികൾ, കോടതികൾ, രാജപാത, കമ്പോളങ്ങൾ മുതലായവയിൽ എന്നതന്നെയല്ല എല്ലാ സർക്കാർ പള്ളിക്കൂടങ്ങളിലും കൂടി ജാതിമതഭേദം കൂടാതെ എല്ലാ പ്രജകൾക്കും പ്രവേശനം അനുവദിച്ചു. ആയിടയുണ്ടായ മറെറാരു വിളംബരത്തിൽ എല്ലാ ജാതിക്കാർക്കും ഇഷ്ടംപോലെ വസ്ത്രധാരണത്തിനു സ്വാതന്ത്ര്യം ലഭിച്ചു.

1882-ൽ ഈഴവരിൽ ആദ്യമായി ഒരാൾ തിരുവനന്തപുരം കാളേജിൽ പഠിച്ചു ബി. എ. ജയിച്ചു.

Digitized By Kerala Sahitya Akademi

1884-ൽ 1045-ലെ വിളംബരം വീണ്ടും പ്രസിദ്ധം ചെയ്തു നടപ്പിൽ വരുത്തി.

1888-ൽ ആദ്യത്തെ ഈഴവ ബി. എ. യ്ക്കു സർക്കാർ ജോലി നിരസിച്ചു.

ഫലം:—ഹിന്ദു: ക്രിസ്ത്യൻ: മഹമ്മദീയർ=6.6 : 5.7 : 8.1.

30 വർഷത്തിൽ ഒരിക്കൽ മാത്രമേ ഹിന്ദുക്കൾ 10000 ത്തിൽ 6 എണ്ണമെങ്കിലും അധികപ്പെട്ടിട്ടുള്ളു. അതു മേൽ വിവരിച്ച ഗവർണ്മെൻറിലെ സൽകൃത്യങ്ങളുടെ ഫലമായി 1891-ൽ ആണ്.

(II) 1891—1901

1891-ൽ കായംകുളം സ്കൂളിൽ ഈഴവർക്കു പ്രവേശനം ആദ്യം നിരസിക്കപ്പെട്ടു.

ഡാക്ടർ പി. പല്പുവിനു മെഡിക്കൽ വകുപ്പിൽ ജോലി കൊടുത്തില്ല.

എം. ഗോവിന്ദൻ ബി. എ. അവർകൾക്കു യാതൊരുദ്യോഗങ്ങളും കൊടുത്തില്ല.

1896-ൽ ഈഴവരുടെ ഹർജികൾക്കു (Traditional state policy) "പൗരാണിക രാജ്യതന്ത്രനയം" സർക്കാർ ജോലിക്ക് അവരെ അനുവദിക്കുന്നില്ലെന്നു ഇണ്ടാസു കൊടുത്തു. മുൻപു യദൃച്ഛയാ പ്രവേശനം അനുവദിച്ചിട്ടില്ലാത്ത എല്ലാ സർക്കാർ സ്കൂളിലും മേലാൽ പ്രവേശനം പാടില്ലെന്നു ഉത്തരവുണ്ടായി.

മതം മാറുകയോ, അന്യമതത്തിലെ പേരു മാത്രമെങ്കിലും ശങ്കരൻ. ജോൺ എന്നവരെപോലെ കൈക്കൊള്ളുകയോ ചെയ്തില്ലെങ്കിൽ സർക്കാർ ജോലി കിട്ടുകയില്ലാതായി.

1896-ൽ ഈഴവരുടെ വലിയ ഹർജിയും അതിനുണ്ടായ അനുകൂലമല്ലാത്ത ഇണ്ടാസും.

ഫലം:—ഹിന്ദു: ക്രിസ്ത്യൻ: മഹമ്മദീയർ=10.3 : 32.4 : 20.9

(III) 1901—1911

1908-ൽ വിളംബരം വീണ്ടും പ്രസിദ്ധം ചെയ്തു.

എം. ഗോവിന്ദൻ അവർകളെ മുൻസിപ്പായി നിശ്ചയിച്ചു.

ഡാക്ടർ പല്പു എം. ബി. സി. എം. അവർകൾക്കു തിരുവനന്തപുരത്തു് ആശുപത്രിയിൽ ജോലികൊടുത്തു.

Digitized By Kerala Sahitya Akademi

മിക്ക ആൺപള്ളിക്കൂടങ്ങളിലും എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിച്ചു.

പ്രജാസഭയിൽ മിസ്റ്റർ അയ്യൻകാളിയെന്ന പുലയ പ്രമാണിയെ സാമാജികനായി എടുത്തു.

രണ്ടു പുലയർക്കു പ്രസ്സിൽ വേലകൊടുത്തു.

ഫലം:— ഹിന്ദു: ക്രിസ്ത്യൻ: മഹമ്മദീയൻ = 11.4: 29.6: 18.9

നമ്മുടെ ഇപ്പോഴത്തെ ദിവാൻജി അവർകളുടെ ആഗമനശേഷം നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഫലമായി സാധുഹിന്ദുക്കളുടെ കഷ്ടാവസ്ഥയിൽ തെല്ലുപോലും ദയ ഹിന്ദു പ്രമാണികൾ കാണിക്കാതിരുന്നിട്ടും, മിഷനറിമാർ പൂർവാധികം ഉത്സാഹമായി യത്നിച്ചിട്ടും, അതിനു മുമ്പിലത്തെ ദശവർഷത്തിലെ വർദ്ധനയെ കൂടുതലാക്കുന്നതിനോ ഗണ്യമായ കുറവുവരാതെയെങ്കിലും നിലനിർത്തുന്നതിനോ സാധിക്കാതെയായി. ഇതിൽനിന്നു 1045-ാമാണ്ടത്തെ വിളംബരം അക്ഷരംപ്രതി നടപ്പിൽവരുത്തുകയും എല്ലാ സർക്കാർ ഉദ്യോഗങ്ങളിലും, എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിക്കുകയും, പെൺപള്ളിക്കൂടങ്ങളിലും ആൺപള്ളിക്കൂടങ്ങളിലെന്നപോലെ എല്ലാവർക്കും പ്രവേശനം കൊടുക്കുകയും, താണജാതിക്കാരെ സർക്കാരിൽനിന്നു വേണ്ടപോലെ പ്രോൽസാഹിപ്പിക്കയും ചെയ്തെങ്കിലല്ലാതെ ഹിന്ദുമതം നിലനിർത്തിപ്പോരാൻ സാധിക്കുന്നതല്ലെന്നു സ്പഷ്ടമാകുന്നല്ലോ. താൻ തുടങ്ങിയപോലുള്ള സൽകൃത്യങ്ങൾ അർദ്ധപൂർണ്ണമാക്കി കൈവിടുന്നതിനു തീരെ ശീലിച്ചിട്ടില്ലാത്ത ദേഹമായ നമ്മുടെ ഇപ്പോഴത്തെ ദിവാൻജി അവർകൾ തന്റെ ഉദ്യോഗം തീരുന്നതിനു മുമ്പ് മേൽകാണിച്ചവയെല്ലാം ചെയ്യുതീർക്കുന്നതുകൂടാതെ തന്നോളം വിശാലഹൃദയൻമാരല്ലാത്ത പിൻഗാമികളുടെ വിചാരശൂന്യത്താൽ തന്റെ ശ്രേയസ്കരമായ കൃത്യങ്ങളുടെ ഫലം ഇനി ഒരിക്കലും നശിപ്പിക്കുന്നതിന് സാധിക്കാത്തവിധം വേണ്ട മുൻകരുതലുകളാൽ തന്റെ കൃത്യങ്ങളെ ശാശ്വതമാക്കി, മുമ്പു യാതൊരു ദിവാൻജിമാരും അർഹിക്കാത്ത യശസ്സിനും തിരുവിതാംകൂറിലെ 32 ലക്ഷം ജനങ്ങളുടെ പൊതുവായും 16 ലക്ഷം ഹിന്ദുക്കളുടെ പ്രത്യേകമായും എന്നെന്നേക്കുമുള്ള കൃതജ്ഞതക്കും പാത്രവാനായി ഞങ്ങളെ വിട്ടുപിരിയുമാറാകണമെന്നു ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു.

വിവേ: 1088 തുലാം

ലഘുപാണിനീയം

എ. ആർ. രാജരാജവർമ്മ

പാണിനീയ വ്യാകരണ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടത്തെ ഉണ്ടാക്കുന്ന ഈ പുസ്തകം ഞങ്ങൾ നല്ലവണ്ണം വായിച്ചുനോക്കി.

Digitized By Kerala Sahitya Akademi

ഇതിൽ ഗ്രന്ഥകർത്താവ് ചെയ്തിരിക്കുന്ന ശ്രമത്തെപ്പറ്റി അഭിനന്ദിക്കാൻ വിദ്വാന്മാരാൽ മാത്രമേ സാധിക്കൂ. സംസ്കൃത വിദ്യാർത്ഥിലോകത്തെ സഹായിക്കാനായി അടുത്ത ഭൂതകാലങ്ങളിൽ വിദ്വാന്മാർ ചെയ്തിട്ടുള്ള ഒരു ശ്രമവും ഇതിനോട് കിടനിൽക്കുന്നതല്ല. ഈ മഹോപകാരത്തിനുവേണ്ടി ഗ്രന്ഥകർത്താവിന് എത്രതന്നെ നന്ദി പറഞ്ഞാലും അധികമായിപ്പോകയില്ല. എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ഗ്രന്ഥകർത്താവ്) തിരുമനസ്സുകൊണ്ട് വൈയാകരണന്മാരുടെ ഇടയിൽ ഇന്നുവഹിക്കുന്ന അത്യുന്നതമായ സ്ഥാനംതന്നെ ഈ ഗ്രന്ഥത്തിന്റെ ആദരണീയതയെപ്പറ്റി ഉറപ്പുപറയാൻ മതിയാകുന്നതാണ്. ലഘുപാണിനീയം ദുർബോധവും നീരസവുമായ സംസ്കൃത ശബ്ദശാസ്ത്രത്തെ സുഗമവും സരസവുമാക്കിച്ചെയ്തിരിക്കുന്നു. ഭട്ടോജിദീക്ഷിതരുടെ സിദ്ധാന്ത കൗമുദി വഴിയായി പാണിനീയത്തിൽ പ്രവേശിക്കാൻ ശ്രമിക്കേണ്ടിവന്ന ചെറുപ്പകാലത്തെ, ഈ ലഘുപാണിനീയം വായിക്കുമ്പോൾ ശപിക്കാൻ തോന്നുന്നു എന്നു പറയാൻ ഞങ്ങൾക്ക് അശേഷം മടിയില്ല. പാണിനീയ സൂത്രങ്ങളെ യഥാക്രമമായി വിവരിക്കുന്ന 'കാശിക' മുതലായ ഗ്രന്ഥങ്ങൾ വഴിയായി ശബ്ദങ്ങളുടെ രൂപനിഷ്പത്തി കണ്ടുപിടിക്കുന്നതു് വിഷമമായിരുന്നു. രൂപസിദ്ധിയെ മുൻനിർത്തി പുറപ്പെട്ട് 'സിദ്ധാന്ത കൗമുദി' മുതലായ ഗ്രന്ഥങ്ങൾ മുഖേന സൂത്രങ്ങളുടെ യഥോക്തമായ അർത്ഥങ്ങളെയും പ്രകരണം, അധികാരം, അനുവൃത്തി ഇവയുടെ സമ്പൂർണ്ണമായ സ്വഭാവത്തെയും ഉള്ളതുപോലെ അറിഞ്ഞ് പാണിനീയത്തിൽ പണ്ഡിതയോഗ്യമായ പരിചയം സമ്പാദിക്കുന്നതും പ്രയാസമായിരുന്നു. ഈ രണ്ടു് കഷ്ടതകളെയും ലഘുപാണിനീയം തീർത്തിരിക്കുന്നു. ഈ മഹാകൃത്യം ലഘുപാണിനീയ കർത്താവിനായി നീക്കിവച്ചിരുന്നതാണോ എന്നതോന്നും. അവിടത്തേക്ക് ഇതിൽനിന്നും സിദ്ധിക്കുന്ന സുകൃതവും യശസ്സും അനശ്വരമായിരിക്കും. ലഘുപാണിനീയം സിദ്ധാന്ത കൗമുദിയുടെ ''സ്ഥാന''ത്ത് നിശ്ചയമായും ''ആദേശം'' ആയിത്തീരുന്നതും ഒരു വ്യാകരണ പാഠ്യപുസ്തകത്തിന്റെ നിലയിൽ അചിരേണ സാർവത്രികമായ പ്രസിദ്ധിയേയും പ്രചാരത്തേയും ലഭിക്കുന്നതുമാണെന്നുള്ളതിൽ ഞങ്ങൾക്ക് അശേഷം സംശയമില്ല. ഈ ഗ്രന്ഥനിർമ്മാണത്തിനു തന്നെ പ്രേരിപ്പിച്ച സംഗതിയെപ്പറ്റി ഇതിന്റെ ഇംഗ്ലീഷ് മുഖവുരയിൽ ഗ്രന്ഥകർത്താവ് പറഞ്ഞിരിക്കുന്നു. ഇതിന്റെ പ്രയോജനത്തെയും സ്വഭാവത്തെയും പറ്റി ഭൂമികയിൽ അദ്ദേഹം നല്ലവണ്ണം വിവരിക്കുന്നു. ഈ ഭൂമികയെക്കാൾ ചുരുക്കമായും സരസമായും ഒരു നിരൂപണം ഈ ഗ്രന്ഥത്തെപ്പറ്റി എഴുതുന്നത് ആർക്കും സുകരമായിരിക്കുമെന്നുതോന്നുന്നില്ല. ഗ്രന്ഥകർത്താവ് അവസാനത്തിൽ തനിക്ക് ഗ്രന്ഥത്തെപ്പറ്റി പറയാനുള്ളതശേഷം എട്ട് സംസ്കൃത പദ്യങ്ങൾകൊണ്ടു് സംഗ്രഹിച്ചു് പറഞ്ഞിരിക്കുന്നു. ആ പദ്യമുകുരങ്ങളിൽ ലഘുപാണിനീയകൃത്തായ വൈയാകരണനും ആംഗല സാമ്രാജ്യ

Digitized By Kerala Sahitya Akademi

കാരനായ കവിയും ഏകത്രയോജിച്ചു പൂർണ്ണ മാഹാത്മ്യത്തോടു കൂടെ പ്രതിബിംബിച്ചുകൊണ്ടു നില്ക്കുന്നു. ഈ അപൂർവ ഗ്രന്ഥത്തിന് 3 ക. വില വച്ചിരിക്കുന്നത് ഒട്ടും അധികമായിപ്പോയി എന്നു പറഞ്ഞുകൂടാ. തിരുവനന്തപുരം ബി. വി. ബുക്ക് ഡിപ്പോയുടെ സുസമ്പന്നരായ യശസ്സിനെ കേരളപാണിനീയം ശാശ്വതമായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നു പറയുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ടി ബുക്കു ഡിപ്പോയിലെക്കെഴുതിയാൽ പുസ്തകം കിട്ടും.

വിവ. 1088 വൃശ്ചികം.

സംഗീത ശാകുന്തളം

പി. എസ്. വാര്യർ

ശാകുന്തളത്തിന്റെ പരിവർത്തനങ്ങൾ പല രീതിയിലായി നമ്മുടെ ഇടയിൽ ദിവസം പ്രതി എന്ന പോലെ വർദ്ധിച്ചുകൊണ്ടു വരികയാകുന്നു. ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന സംഗീതശാകുന്തളം പി. എസ്. വാര്യർ അവർകളുടേതാണ്. ചാത്തുക്കുട്ടി മന്നാടിയാർ തുടങ്ങിയ ഏതാനും കവികളാൽ ഇതിനുമുമ്പുതന്നെ ഒരു സംഗീത ശാകുന്തളം മലയാളത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഇതു് ആ വിഷയത്തിൽ ഒരു പുതിയ പ്രസ്ഥാനമല്ല. പിന്നെ അതിൽ മിസ്റ്റർ വാര്യർക്കോ അദ്ദേഹത്തെ പ്രേരിപ്പിച്ചവർക്കോ രണ്ടു കൂട്ടർക്കുമോ തോന്നിയ അസാരസ്യമായിരിക്കും ഇതിന്റെ ആവിർഭാവത്തിനു കാരണം. എന്നാൽ അഭിജ്ഞാന ശാകുന്തളത്തിന്റെ അനുപദ്യഗദ്യ തർജ്ജിമയായിത്തന്നെ മലയാളത്തിൽ ഇപ്പോൾ നാലോ അഞ്ചോ പുസ്തകങ്ങൾ ഇറങ്ങിയിട്ടുള്ള സ്ഥിതിക്ക് സംഗീത തർജ്ജിമയായും ഏതാനും പുസ്തകങ്ങൾകൂടി പുറപ്പെടുന്നതുകൊണ്ടു് ദോഷമില്ലല്ലോ എന്നു പറയാം. ലോകം ഭിന്നരുചിയല്ലേ? വാസ്തവം പറഞ്ഞാൽ ഒരു സംസ്കൃത നാടകവും—വിശേഷിച്ചു കാളിദാസരുടെ നാടകം ഒന്നും—സംഗീതത്തിൽ തർജ്ജിമ ചെയ്തു ഫലിപ്പിക്കാമെന്നു് ആരും വിചാരിക്കരുതെന്നാണു് ഞങ്ങളുടെ താഴ്മയായ അഭിപ്രായം. സംഗീതശാകുന്തളങ്ങളെ ശാകുന്തള തർജ്ജിമകൾ എന്നു പറവാൻ തന്നെ ഞങ്ങൾക്കു മടിയാണു്. അവ കേവലം അനുകരണങ്ങൾ മാത്രമേ ആകുന്നുള്ളു. പ്രസ്തുത നാടകം ചില ഘട്ടങ്ങളിൽ മൂല ശാകുന്തളത്തെ വളരെ പൂർത്തിയായി അനുകരിച്ചിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സംഗീത തർജ്ജിമക്കാർ, മിസ്റ്റർ. കെ. രാമകൃഷ്ണപിള്ള അവർകൾ ഇതിന്റെ അവതാരികയിൽ സൂചിപ്പിക്കുന്നപോലെ, കാളിദാസൻ ശാകുന്തളത്തിലെ പദ്യഗദ്യങ്ങൾ എഴുതിയ കാലത്തു് ഇൻഡ്യയിൽ സംഗീതമില്ലായിരുന്നതോ അതിനു് ഇന്നത്തെ പ്രൗഢി ഇല്ലായിരുന്നതോ കൊണ്ടാണു് അവയെല്ലാം ഗാനങ്ങളായി എഴുതാത്തതെന്നു് ആരും ശങ്കിച്ചുപോകരുതു്. നാടകം കവി

Digitized By Kerala Sahitya Akademi

തത്തിന്റെ ഉരകല്ലാകുന്നു. മനുഷ്യഹൃദയത്തിൽ സന്ദർഭാനുസാരം ഉണ്ടാകുന്ന രസവികാരങ്ങളെ അവയുടെ സ്വാഭാവികമായ ഉൽപ്പത്തി സ്ഥിതി നാശങ്ങൾക്ക് അനുവദിപ്പാൻ പാടുള്ളതു കാലത്തിനുള്ളിൽ ന്യൂനമായോ അധികമായോ പോകാത്ത ശബ്ദങ്ങൾ കൊണ്ട് യഥാ യോഗം വെളിപ്പെടുത്തുന്നതിലാണ് നാടക കർത്താവിന്റെ കവിതാ ശ്രയിച്ചിരിക്കുന്നതു്. അതു വളരെ ശ്രമസാധ്യമായ കാര്യമാകുന്നു. ഇതുകൊണ്ടാണ് സംസ്കൃത സാഹിത്യത്തിൽ നാടകങ്ങളുടെയും തൽ കർത്താക്കൻമാരുടെയും സംഖ്യ ഇത്ര ചുരുങ്ങിപ്പോയത്. ശാകുന്തള ത്തിൽ തന്നെ "ഈസിസി ചുംബി ആയി ഭമരേഹിം," "അഹിണവ മഹുലോലുവോത്തമം" ഇങ്ങനെ തുടങ്ങുന്ന പദ്യങ്ങൾ ഗാനങ്ങളാണ്. അവ ഏതു സന്ദർഭത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു എന്നും എത്ര മിത മായും സരസമായും ഇരിക്കുന്നു എന്നും നോക്കുക. ഈ തോത്രകൊണ്ട് അളന്നാൽ "യദി നേപഥ്യവിധാനമവസിതം തർഹീതസ്താവദാഗ മ്യതാം" (വേഷം ധരിച്ചു കഴിഞ്ഞെങ്കിൻ ഇങ്ങോട്ടു വരൂ) എന്ന പച്ച വാചകത്തെ.

"അണിയറയിൽ ചെയ്യേണ്ടും
പണികളൊരുക്കിക്കഴിഞ്ഞുവെന്നാകിൽ
കണിശമൊടിവിടേക്കബലക-
ളണിമണിമൗലേ വരേണമധുനാ നീ"

എന്ന് ഒരു പദ്യമായും "അഭിരൂപഭൂയിഷ്ഠാ പരിഷദിയം" (വിദ്വാൻമാർ നിറഞ്ഞ സഭയാണിത്) എന്നു തുടങ്ങുന്ന അടുത്ത വാച കത്തെ.

"കാൺക സാദരം കാന്തേ
കാൺക സാദരം"

എന്ന് ഒരു ഗാനമായും പരിവർത്തിപ്പാൻ പുറപ്പെട്ട മിസ്റ്റർ വാര്യരുടെ "കവിക്ക് അവശ്യം വേണ്ട ഗുണങ്ങളെപ്പറ്റിയുള്ള അറിവ്" എത്രതന്നെ പൂർണമായിരിക്കട്ടെ, എന്നാലും ഈ അനൗചി ത്യങ്ങളെ സഹിക്കുന്നതിനും ആവശ്യത്തിലധികം ഔദാര്യം വേണ്ടിവ ന്നിരിക്കുന്നു. ഈമാതിരി വ്യതിയാനങ്ങൾ ഈ കൃതിയിൽ ദുർല്ലഭ മല്ല. ഇതിനെ കവിഞ്ഞ വ്യതിയാനങ്ങൾ തന്നെയും ധാരാളമുണ്ട്. ഭാഷയിൽ മിസ്റ്റർ വാര്യർ തനിക്കു ചില നിർബന്ധങ്ങൾ എല്ലാം ഉള്ളതായി പറയുന്നു എങ്കിലും അവശ്യം ശ്രദ്ധിക്കേണ്ട വ്യാകരണ നിയമങ്ങളിൽ തന്നെ ശരിയായും പൂർണ്ണമായും ദൃഷ്ടി വച്ചിട്ടു ണ്ടെന്നു തോന്നുന്നില്ല.

"പനിമതിതന്നുടെയഭിനവലേഖയെ—
യനിമേഷകളാം ലോചനനിരയാൽ"

Digitized By Kerala Sahitya Akademi

എന്നുള്ളിടത്ത് 'ലോചനനിരയെ അനിമേഷകൾ' എന്ന സ്ത്രീലിംഗ വിശേഷണംകൊണ്ടു വിശേഷിപ്പിക്കുന്നത് എങ്ങിനെയെന്നും എന്തിനെന്നും ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഇതൊക്കെ മുക്കാൽ ഭാഗവും ആയി വായിച്ചപ്പോൾതന്നെ കണ്ട വീഴ്ചകളാണ്. മിസ്റ്റർ വാര്യർ തനിക്കും ജനങ്ങൾക്കും ഉപകാരപ്രദമായ പല ശ്ലാഘ്യകൃത്യങ്ങൾ ചെയ്യുന്നവരാളായി മലയാളികളുടെ ഇടയിൽ നല്ല പേരെടുത്തിട്ടുള്ള മാന്യനാണ്. അദ്ദേഹം ഈവിധ സാഹിത്യരംഗങ്ങളിൽ ചാടിവീണതുതന്നെ എന്തെങ്കിലും തക്കതായ ഉദ്ദേശത്തോടുകൂടി ആയിരിക്കുമെന്നാണ് ഞങ്ങളുടേയും വിശ്വാസം. മലയാള നാടകവിദ്യയെ പരിഷ്കരിക്കണം എന്നുള്ള അഭിലാഷമാണ് അദ്ദേഹത്തിനുള്ളതെന്നു മുഖവുരയിൽ നിന്നു മനസ്സിലാക്കാം. അതു നിശ്ചയമായും ഇങ്ങനെയുള്ള ഉത്തരവാദികളായ മലയാളികളുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക സംഗതിതന്നെ. എന്നാൽ ആ വിഷയത്തിൽ സംഗീതശാകുന്തളത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള ശ്രമം ഏതെങ്കിലും കൃതാർത്ഥതയെ അർഹിക്കുന്നുണ്ടോ എന്നു സംശയമാണ്. അഭിജ്ഞാനശാകുന്തളം കവിതാദേവതയുടെ അതിപാവനമായ ഒരു ആസ്ഥാനമാകുന്നു. അതിന്റെ നേരെ ആരെങ്കിലും ആവശ്യമുള്ള വിനയബഹുമാനങ്ങളോടു കൂടാതെ കടന്നു ചെല്ലുന്നതു കാണാൻ തീരെ സുഖമുണ്ടാകയില്ല. വാര്യർ അവർകളെപ്പോലുള്ള ഒരു യോഗ്യനല്ലാതെ മറ്റാരെങ്കിലുമാണ് സംഗീതശാകുന്തള വിഷയത്തിൽ ഈ വിധം ഉദ്യമിച്ചതെങ്കിൽ അതിനെപ്പറ്റി ഞങ്ങൾ ഒരക്ഷരംപോലും മിണ്ടുകയില്ലായിരുന്നു. തോന്നിയതിനെ പറഞ്ഞതിൽ ഞങ്ങളോടു അദ്ദേഹത്തിനു അകൈതവമായ സ്നേഹമേ ഉണ്ടാവാൻ തരമുള്ളൂ എന്നു വിശ്വസിക്കുന്നു. മേൽപറഞ്ഞ ആക്ഷേപങ്ങളാൽ ഈ പുസ്തകം സംഗീതനാടകങ്ങളുടെ ഇടയിൽ ആദരണീയമല്ലെന്നു ആരും വിചാരിച്ചുപോകരുതു്. അനേകം 'ചവറു' സംഗീത നാടകങ്ങൾ തന്നെ ഇപ്പോൾ നമ്മുടെ ഇടയിൽ പ്രചരിപ്പിക്കുന്നുണ്ടു്. ഇതിനെ അവയുടെ കൂട്ടത്തിൽ ഒന്നും ചേർക്കാൻ പാടില്ലെന്നു മാത്രമല്ല, പ്രസിദ്ധ മലയാള കവികൾ എഴുതിയതായി അറിയപ്പെടുന്ന പല സംഗീതനാടകങ്ങളിൽ വച്ചും ഇതു് നന്നായിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. കോട്ടയ്ക്കൽ ലക്ഷ്മീദാസഹായം അച്ചുക്കൂടത്തിൽ എഴുതിയാൽ പുസ്തകം കിട്ടും. ഒരു ഉറുപ്പികയേ വിലയുള്ളൂ.

വിവേ: 1088 വൃശ്ചികം

അഷ്ടാംഗഹൃദയം ഭാഷ

പി. എം. ഗോവിന്ദൻ വൈദ്യൻ

പി. എം. ഗോവിന്ദൻ വൈദ്യൻ അവർകളുടെ അഷ്ടാംഗഹൃദയതർജ്ജിമ സംബന്ധമായ പരിശ്രമത്തെപ്പറ്റി അറിയാത്തവർ പത്ര

Digitized By Kerala Sahitya Akademi

വായനക്കാരിൽ ചിരുണ്ടും. കഴിഞ്ഞ മേടം മുതൽ അഷ്ടാംഗഹൃദയത്തിന്റെ പദ്യരൂപമായ തർജ്ജിമ 'അഷ്ടാംഗഹൃദയം ഭാഷ' എന്ന [illegible] ഡെമി എട്ടുവലിപ്പത്തിൽ 40 പേജുകൾ അടങ്ങിയ ഒരു മാസിക ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തിവരുന്നു. തർജ്ജമ ഞങ്ങളുടെ അഭിപ്രായത്തിൽ വളരെ നന്നാകുന്നുണ്ട്. ചില ദിക്കുകളിൽ വ്യാഖ്യാന സഹായം കൂടാതെ അർത്ഥജ്ഞാനമുണ്ടാകുന്നില്ലെന്നോ സംസ്കൃതത്തിന്റെ യോഗ്യത മുഴുവൻ തർജ്ജിമയിൽ പ്രതിഫലിക്കുന്നില്ലെന്നോ പറയുന്നവരുണ്ടാവാം. അതിനു തർജ്ജിമക്കാരനെ കുറ്റം പറഞ്ഞുകൂടാ. വിഷയ ഗൗരവമുള്ള ഗ്രന്ഥങ്ങൾ ഏതു ഭാഷയിലായാലും വ്യാഖ്യാനം ആവശ്യപ്പെടും. സംസ്കൃതഭാഷയുടെ യോഗ്യതാതിശയം മലയാളത്തിനുണ്ടാകുന്നതുമല്ലല്ലോ. അഷ്ടാംഗഹൃദയത്തിന്റെ പദ്യരൂപമായ തർജ്ജിമ നിഷ്പ്രയോജനമാണെങ്കിൽ ആ ഗ്രന്ഥത്തെ പദ്യരൂപമായി സംസ്കൃതത്തിൽ നിർമ്മിച്ചതും നിഷ്പ്രയോജനമായിരിക്കണം. അദ്ധ്യേതാക്കന്മാരുടെ ഓർമ്മയെ സഹായിപ്പിക്കാനാണ് ആ ഉദ്യമമെങ്കിൽ ഈ ഉദ്യമവും അതിനു തന്നെ ആയിരിക്കണം. അതുകൊണ്ട് അഷ്ടാംഗഹൃദയം ഭാഷ മലയാളഗ്രന്ഥ സമുച്ചയത്തിൽ ഒരു സ്ഥാനത്തെ അർഹിക്കുന്നു എന്നു പറയാൻ ഞങ്ങൾ മടിക്കുന്നില്ല. മാസികപുസ്തകത്തിന്റെ വരി മുതലായ വിവരങ്ങൾ "കെ. എസ്. മാർത്താണ്ഡൻ വൈദ്യൻ, അഷ്ടാംഗഹൃദയം ആഫീസ്, കായിക്കര-വടക്കം, അഞ്ചുതെങ്ങ് പി. ഒ." ഈ മേൽവിലാസത്തിൽ എഴുതിച്ചോദിച്ചാൽ കിട്ടും.

വില: 1083 മിഥുനം, കർക്കിടകം.

കുചേലൻ

കുന്നത്തു ജനാർദ്ദനമേനോൻ

ഇതു് കുന്നത്തു ജനാർദ്ദനമേനോൻ അവർകൾ "പുരാണകഥാപുരുഷന്മാരുടെ ജീവിതത്തെ നവീനലോകഗതിയോടിണക്കി പുതുക്കി എഴുതുന്നതായാൽ മഹാജനങ്ങൾക്കു് രുചിക്കുമോ എന്നു് അന്വേഷിക്കുവാൻ" എഴുതിയ അതിരസമായ ഒരു ചെറിയ മലയാള ഗ്രന്ഥമാണു്. ഭാഗവത പുരാണത്തിൽ ശ്രീകൃഷ്ണന്റെ ഭക്തവാത്സല്യം, ദീനദയാലുത്വം, ദൃഢമൈത്രി, മഹാമനസ്കത മുതലായ ഗുണവിശേഷങ്ങളെ സൂചിപ്പിക്കുന്ന പ്രസിദ്ധമായ കുചേലോപാഖ്യാനത്തിലെ ദാരിദ്ര്യബ്രാഹ്മണൻതന്നെ ആണു് മേനോൻ അവർകളുടെയും കുചേലൻ. എന്നാൽ ഈ കുചേലനു വിശേഷമുണ്ടു്. ഭാഗവതത്തിലെ കഥയെ അനുസരിച്ചു മലയാള കവികൾ ഇതുവരെ വർണ്ണിച്ചിട്ടുള്ള കുചേലൻ വേറെയാണു്. അദ്ദേഹം മേയാൻ കഴിയാതെ 'ഇല്ലംവീണു കുത്താരായ'തും കഞ്ഞികുടിപ്പാനില്ലാഞ്ഞു് അമ്മിയാരും കൂട്ടി

Digitized By Kerala Sahitya Akademi

കളും മരിക്കാറായതും കണ്ടിട്ട മനസ്സിളകാതെ ഭഗവദ് ധ്യാനത്തിൽ സ്ഥിരനിഷ്ഠയോടുകൂടി മാസത്തിൽ ഇരുപത്തെട്ടുപട്ടിണിയും രണ്ട് ഏകാദശിയുമായി കാലം കഴിച്ചുകൊണ്ടിരിക്കെ ഒരു ദിവസം കുടുംബത്തിലെ ഉപദ്രവം തീരെ സഹിക്കവയ്യാതായി. എന്തായാലും വേണ്ടില്ല വിവരം ദ്വാരകയിൽ ചെന്ന് ഭഗവാനോടു പറകതന്നെ എന്നുറച്ചു് ''നാറിക്കീഴിഞ്ഞ വസനം നലമോടുടുത്തു കീറിപ്പൊളിഞ്ഞ കുടയും കരതാരിലേന്തി''പ്പോകുന്ന ദുർഭാഗ്യ ദേവതയായ ഒരു പഴയ നാടൻ പട്ടരാണു്. മേനോൻ അവർകളുടെ കുചേലനാകട്ടെ നിർദ്ധനനാണെങ്കിലും നല്ല ശാസ്ത്രപാണ്ഡിത്യവും സദാചാരനിഷ്ഠയും അസാമാന്യമായ ലോകപരിചയവുമുള്ള ഒരു യോഗ്യനാണ്. കുടുംബത്തിലും വിശേഷിച്ചു തന്റെ ഭാര്യക്കുയും സതിയുമായ പ്രിയതമയിലും അഗാധമായ പ്രേമവും ഉള്ളിലെ സങ്കടങ്ങൾ പുറത്തു കാട്ടാൻ ഒരിക്കലും അനുവദിക്കാത്ത സ്വാഭിമാനവുമുള്ള ഒരു മാന്യ പുരുഷൻ ആണു്. പാത്രങ്ങളെ വർണ്ണിക്കുന്നതിൽ ഗ്രന്ഥകർത്താവു തന്റെ സഹജമായ വിചാരശീലവും സ്വഭാവനിരീക്ഷണ ശക്തിയും നല്ലവണ്ണം ഉപയോഗിച്ചിട്ടുണ്ടു്. കുചേലൻ, സരോജിനി (കുചേലന്റെ പത്നി), ശ്രീകൃഷ്ണൻ ഈ മൂന്നു പാത്രങ്ങളെ സന്ദർഭാനുരൂപമായ രസങ്ങൾക്കു ഹാനിക്കുടാതെ പുതിയ മട്ടിൽ വളരെ മനോധർമ്മത്തോടുകൂടി വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. ഭാഷാരീതി നല്ലതും ഒഴുക്കുള്ളതുമാണു്. കഥാഘടനയും ഭംഗിയായിട്ടുണ്ടു്. ഒടുവിൽ കുചേലനെ യുധിഷ്ഠിര ചക്രവർത്തി കൃഷ്ണന്റെ ആജ്ഞപ്രകാരം വിദ്യാഭ്യാസ ഡയറക്ടരായി 1000 വരാഹൻ ശമ്പളത്തിൽ നിയമിച്ചിരിക്കുന്നു എന്നു കല്പന കിട്ടിയതായ നിർവഹണ ഘട്ടത്തിൽ വരുന്നതുവരെ കഥയ്ക്കു നവീന ലോകഗതിയോടു ചേർത്തു ''വച്ചു വിളക്കി''യതുകൊണ്ടുള്ള മുഴപ്പുകൾ ഒന്നും വായനക്കാർ കാണുകയില്ല. ഇങ്ങനെയുള്ള ഒരു നിർവഹണം കുചേലന്റെ ജീവിതോദ്ദേശ്യത്തിന്റെ ഉൽകൃഷ്ടതയെ വെളിപ്പെടുത്താൻ മതിയോ എന്നും മറ്റും ഞങ്ങൾ ശങ്കിക്കുന്നു. കുചേലന്റെ ആകപ്പാടെയുള്ള ഈ വേഷപ്പകർച്ച, ഒരു മുണ്ടും തോർത്തും മാത്രം ധരിച്ചു നടന്നിരുന്ന ആൾ പെട്ടെന്നു കുപ്പായവും തലേക്കെട്ടുമായി വരുന്നതു കാണുമ്പോൾ തോന്നാറുള്ള ഒരു മനോവികാരം ചിലർക്ക് ഉണ്ടാക്കിയേക്കാം. എന്നാൽ അങ്ങനെയുള്ള ഒരു മാറ്റം സകാരണമാണെന്നറിയുമ്പോൾ നിന്ദാഗർഭമായ ആ വിസ്മയം ശമിക്കുകയും വേഷം ഇണങ്ങിക്കാണുകയും അതിൽ യഥാർഹമായ ഗൗരവം ജനങ്ങൾക്കു തോന്നിത്തുടങ്ങുകയും ചെയ്യും. പുരാണ കഥാപുരുഷൻമാരുടെ ജീവിതത്തെ ഈമാതിരി പുതുക്കി എഴുതുന്നതും അതുപോലെ കലാശത്തിൽ മഹാജനങ്ങൾക്കു രുചിക്കുക തന്നെ ചെയ്യും. അതുകൊണ്ടു മിസ്റ്റർ മേനോനെ ഞങ്ങൾ ഹൃദയപൂർവം പ്രോൽസാഹിപ്പിക്കുന്നു. കുചേലൻ ദാരിദ്ര്യത്തിൽ മുഴുകി ജോലികൾ അന്വേഷിക്കുന്ന മധ്യത്തിൽ ഗ്രന്ഥമെഴുത്തിനേയും അതിനെ പ്രോൽസാഹിപ്പിക്കുന്നവരെയും പറ്റി അനു

Digitized By Kerala Sahitya Akademi

പ്രസക്തമായി ഇച്ഛാഭംഗത്തോടുകൂടി ചെയ്യുന്ന ചിന്തന ആ പ്രസ്താവത്തിൽ അടങ്ങിയ മറ്റു ചില ചിന്തനകൾ പോലെ തന്നെ ഇപ്പോഴത്തെ സംഭവങ്ങളോട് ഏറ്റവും യോജിച്ചിരിക്കുന്നു. അതിന്റെ അവസാനത്തെ രണ്ടു വാക്യങ്ങൾ വളരെ അർത്ഥവത്തുക്കളാണ്. ആ ചിന്തന മുഴുവൻ ഗ്രന്ഥകാരന്റെ വാചകത്തിൽ തന്നെ പകർത്താം.

"ഗ്രന്ഥകാരൻമാർ എന്റെ കൂട്ടുകാരാണെന്നാണോ സരോജിനി പറയുന്നത്? എന്റെയും അവരുടെയും ഉദ്ദേശ്യം ഒന്നല്ല. അവരിൽ പലരും സ്വകാര്യ ലാഭത്തിനായി പ്രഭുജനത്തെ സ്തുതിച്ചുകൊണ്ടാണ കഴിയുന്നത്. അങ്ങനെ എഴുതിക്കൂട്ടുന്ന കൃതികൾക്ക് ഒരു കൈയും കണക്കുമില്ല. അഥവാ ഇവർ എന്തെങ്കിലും കുറെ കുത്തിക്കുറിച്ചുണ്ടാക്കി പ്രഭുക്കൻമാരുടെ പടിവാതിലിൽക്കലെല്ലാം ചെന്നു നിൽക്കയായി. വിവേകബോധത്തോടുകൂടിയല്ല ഗ്രന്ഥങ്ങളുടെ വിലയെ ഇപ്പോൾ നിർണ്ണയിക്കാറുള്ളത്. എത്ര മോശമായ ഗ്രന്ഥമായാലും സേവാബലം തികഞ്ഞിട്ടുണ്ടെങ്കിൽ അതിനു പ്രചാരവും പ്രശസ്തിയും ഉണ്ടാവും! ബഹുജനഗുണത്തെ ഉദ്ദേശിച്ച് എഴുതിയ ഗ്രന്ഥങ്ങളൊക്കെയും ഇപ്പോൾ തുരുമ്പുപിടിച്ചു കിടക്കയാണ്. സാഹിത്യകാരൻമാരെന്നു നടിക്കുന്ന നീചൻമാരായ ഒരുവക നരസ്തുതിപാഠകൻമാരും പണ്ട് പറഞ്ഞവയെ പകർത്തിപ്പറഞ്ഞുപേരെടുക്കാൻ പണിപ്പെടുന്ന ഒരുവക പദ്യകാരൻമാരും ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. ബഹുജന ഗുണത്തിനായി എങ്ങിനെയാണു പ്രവർത്തിക്കേണ്ടതെന്നു് ഇവർക്കറികയില്ല. അതിനു് ഇവർക്കു ശക്തിയുമില്ല. ശ്ലോകമുണ്ടാക്കുന്നവരൊക്കെയും കവിയാണത്രേ. വാക്കുകൾ കുറെ കൂട്ടിച്ചേർത്തെഴുതുന്നവരൊക്കെയും സാഹിത്യ വീരൻമാരാണത്രേ. മനോഭാവ വിശേഷങ്ങളെ സങ്കൽപ്പിച്ചറിയാൻ തക്ക മനോവികാസം ഇവർക്കുണ്ടോ? ഇതൊന്നുമില്ലാതെ പ്രഭുജനസേവകൊണ്ടു ചിലരും അധികാരബലംകൊണ്ടു മറ്റു ചിലരും പാഠശാലാബിരുദലാഭം കൊണ്ടു വേറെ ചിലരും കവിവരൻമാരായിത്തീർന്നിട്ടുണ്ട്. ധാരാളം പണമോ ഉയർന്ന ഉദ്യോഗമോ ഉണ്ടെങ്കിൽ, അയാൾ എഴുതുന്നതൊക്കെയും കവിതയാണെന്നു് കൊണ്ടാടുന്നവർ ഈ രാജ്യത്തു കുറച്ചൊന്നുമല്ല. ഈ വക കൂട്ടരുടെ ഇടയിൽക്കിടന്നു് എന്റെ ജീവിതത്തെ അധഃപതിപ്പിക്കുവാൻ ഞാൻ തയ്യാറല്ല. പണമുള്ളവർ എന്തു കാണിച്ചാലും അതൊക്കെയും യശസ്കരമായിട്ടാണിരിക്കുന്നത്. എന്നാൽ അവർ മരിച്ചു കഴിഞ്ഞാൽ അവരെപ്പറ്റി ആരും സ്മരിക്കുകതന്നെ ഇല്ല. ആ യശസ്സിന്റെ വില എത്രത്തോളമുണ്ടെന്നു് ഇതിൽ നിന്നു് ഊഹിക്കാം. സ്വസുഖം കുത്തിയെരിയുമ്പോഴുണ്ടാകുന്ന ആധൂമമാണു് പരമാർത്ഥവും ശാശ്വതവുമായ യശസ്സെന്നു് അധികം പേരും അറിഞ്ഞിട്ടില്ല. ലൗകിക സുഖഭോഗങ്ങളിൽനിന്നു് എത്രത്തോളം ദൂരപ്പെടുന്നുവോ അത്രത്തോളം ഒരുവൻ സാഹിത്യ വിഷയത്തിൽ സമർത്ഥനായി ഭവിക്കുമെന്ന രഹസ്യവും അധികംപേരും അറിഞ്ഞിട്ടില്ല."

വിവേ: 1088 മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

രുഗ്മാംഗദ ചരിതം

പന്തളം കേരളവർമ്മ തമ്പുരാൻ

പ്രസിദ്ധ കവിയായ പന്തളത്തു കേരളവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു എഴുതീട്ടുള്ള ഒരു മലയാള മഹാകാവ്യമാണിത്. സംസ്കൃതത്തിൽ ആലങ്കാരികൻമാർ മഹാകാവ്യമെന്നു പറയുന്നതു് പട്ടണം, സമുദ്രം, മല, ഋതുക്കൾ മുതലായി ഒരു പത്തുപതിനെട്ടു ക്ലിപ്ത വിഷയങ്ങളെപ്പറ്റിയുള്ള വർണ്ണനകൾ അടങ്ങിയതും എട്ടിൽ കുറയാതെയും മുപ്പതിൽ കവിയാതെയും സർഗ്ഗങ്ങളുള്ളതുമായ ഒരു പദ്യപ്രബന്ധത്തിനാണ്. ഇതുപോലെ നായകനേയും മറ്റു പ്രതിപാദ്യവിഷയങ്ങളേയും പറ്റിയും മഹാകാവ്യത്തിൽ ചില വ്യവസ്ഥകൾ ഉണ്ടു്. സംസ്കൃതത്തിൽ ശിശുപാലവധം, കിരാതാർജ്ജുനീയം, നൈഷധീയചരിതം മുതലായ പ്രബന്ധങ്ങൾ ദൃഷ്ടാന്തങ്ങളാണ്. ഈ തോതിലാണു് ഈ മലയാള മഹാകാവ്യം എഴുതീട്ടുള്ളതു്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഒക്കെ ദൃഷ്ടിവച്ചു് ഈ കാവ്യത്തിൽ അനുസരിച്ചിരിക്കുന്നു. അതുകൊണ്ടു് ഇതു പൂർണ്ണ ലക്ഷണമുള്ള ഒരു മഹാകാവ്യമാണു്. സംസ്കൃത മഹാകാവ്യങ്ങളിൽ ശിശുപാലവധം അല്ലെങ്കിൽ മാഘം എന്നു പറഞ്ഞുവരാറുള്ള കാവ്യത്തോടാണു് ഇതിനെ അധികം തുലൃപ്പെടുത്താവുന്നതു്. മേൽപ്പറഞ്ഞ മഹാകാവ്യങ്ങളുടെ പൂർണ്ണ ലക്ഷണമുള്ള ഗ്രന്ഥം സംസ്കൃതത്തിൽ അതാണു്. അതുകൊണ്ടാണു് "കാവ്യേഷുമാഘഃ" (കാവ്യങ്ങളിൽവച്ചു മാഘം) എന്നു പറയാറു്. "കവി കാളിദാസ:" എന്നുള്ള ആ വാക്യത്തിന്റെ ശേഷം കൊണ്ടു് കവികളിൽവച്ചു കാളിദാസനാണു മെച്ചം എന്നു കാണുന്നു. എങ്കിലും അദ്ദേഹം എഴുതീട്ടുള്ള രഘുവംശം, കുമാരസംഭവം മുതലായ കാവ്യങ്ങൾക്കു് ഈ മെച്ചം ഇല്ലെന്നും കിട്ടുന്നു. ഇതു് അന്നും ഇന്നും വാദഗ്രസ്തമായ വിഷയമായിരിക്കാനാണു് എളുപ്പം. പക്ഷേ, ആ കവി സാർവഭൗമന്റെ രാജ്യത്തിൽ മേൽപ്പറഞ്ഞ കഠിന നിബന്ധനകൾ ഉണ്ടായിരിക്കയില്ല. അല്ലെങ്കിൽ സ്വതന്ത്രനായ അദ്ദേഹത്തിനു് അതു് അനുസരിച്ചു നടപ്പാൻ മനസ്സുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ ആർക്കും കഴിഞ്ഞില്ല. കവി കാളിദാസൻ തന്നെ.

വിസ്തീർണ്ണമായ നിരൂപണത്തിനു സ്ഥലച്ചുരുക്കത്താൽ കഴിയാതെ വരുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. പ്രകൃത കാവ്യത്തിൽ 19 സർഗ്ഗങ്ങൾ ഉണ്ടു്. ഭിന്നവൃത്തങ്ങളിലാണു്. തമ്പുരാൻ അവർകൾക്കുള്ള സ്വന്ത ഭാഷാരീതിയും ശബ്ദസൗലഭ്യവും ധാരാളം പ്രകാശിക്കുന്നു. 11-ാം സർഗ്ഗം ചിത്രസർഗ്ഗമാണു്. ശബ്ദങ്ങളുടെ വിനോദകരമായ സർക്കസ് വിദ്യകൾ അതിൽ ധാരാളമുണ്ടു്. കലപ്പയുടേയും ഒലക്കയുടേയും അകത്തു കൂടി ഒക്കെ കവിത കടന്നുപോകുന്നതു

Digitized By Kerala Sahitya Akademi

കണ്ടാൽ പലർക്കും അദ്ഭുതവും കൗതുകവും തോന്നും. അലങ്കാരമി
ല്ലാത്ത പദ്യങ്ങൾ ഈ കൃതിയിൽ ചുരുങ്ങും. ആകപ്പാടെ വളരെ ശ്രമ
സാദ്ധ്യമായ ഒരു ഗ്രന്ഥമാണു്. ഇതു് ഒരു കൊല്ലംകൊണ്ടു് എഴുതി
തീർത്തതാണത്രേ. ടി. കെ. കൃഷ്ണമേനോൻ അവർകൾ ഇതിനു
വിസ്തീർണ്ണമായ ഒരു ആമുഖോപന്യാസം എഴുതിച്ചേർത്തിട്ടുണ്ടു്.
വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഒരു ചെറിയ മുഖവുര
യും ഉണ്ടു്. തിരുമനസ്സുകൊണ്ടു് ''ഭാഷാമഹാസാമ്രാജ്യത്തിൽ'' തൽ
ക്കാലം ഈ കൃതിക്കു് ''ഏകച്ഛത്രാധിപത്യം'' കല്പിച്ചു നൽകിയി
രിക്കുന്നു. കോട്ടയ്ക്കൽ ലക്ഷ്മീസഹായം അച്ചുക്കൂടത്തിൽ ആവശ്യ
പ്പെട്ടാൽ പുസ്തകം കിട്ടും. വില 1 ക. 8 ണ.

വിവേ: 1039 ചിങ്ങം, കന്നി

സ്തവകുസുമാഞ്ജലി

പ്രസാ: മൂലൂർ എസ്. പത്മനാഭപ്പണിക്കർ;
ആശ്രാമം പി. കെ. നാരായണൻ വൈദ്യർ

ഇതു ബ്രഹ്മശ്രീ ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങളെ
സ്തുതിച്ചും അവിടത്തേക്കു മംഗളങ്ങൾ ആശംസിച്ചും അനേക ഭാഷാകവി
കൾ എഴുതീട്ടുള്ള നല്ല പദ്യകൃതികളും പാട്ടുകളും അടങ്ങിയ ഒരു
ചെറിയ പുസ്തകമാണു്. പ്രസാധകന്മാർ പ്രസിദ്ധകവിയായ മൂലൂർ
എസ്.പത്മനാഭപണിക്കർ അവർകളും ആശ്രാമം പി. കെ. നാരായ
ണൻ വൈദ്യർ അവർകളുമാകുന്നു. ഇതിൽ തിരഞ്ഞെടുത്തിരിക്കുന്ന കൃതി
കൾ എല്ലാം ആ പന്ഥാവിൽ ഒരുവിധം തരക്കേടില്ലാത്ത കൂട്ടത്തിൽ
തന്നെയാണു്. കൃതികളെ ക്രമീകരിച്ചിരിക്കുന്ന രീതിയിൽ പ്രസാധക
ന്മാർ നല്ലവണ്ണം ദൃഷ്ടി വച്ചിട്ടുണ്ടെന്നുകാണാം. ഇതിൽ വക്കീൽ
എൻ. കുമാരൻ ബി. എ. ബി. എൽ. അവർകൾ ഒരു ഉചിതമായ അവ
താരിക എഴുതിച്ചേർത്തിട്ടുണ്ടു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
തിരുമനസ്സുകൊണ്ടും ഉള്ളൂർ എസ്. പരമേശ്വരയ്യർ എം.എ.ബി.എൽ.
എം. ആർ.എ.എസ്. അവർകളും പുസ്തകത്തെ വളരെ അഭിനന്ദിച്ചു്
അഭിപ്രായങ്ങൾ എഴുതിയിരിക്കുന്നു. സ്വാമി തൃപ്പാദങ്ങളുടെ ഇപ്പോ
ഴിഞ്ഞ 57-ാം തിരുവയസ്സിനെ സംബന്ധിച്ചാണു് ഈ സരസമായ
പുസ്തകം പ്രസാധകന്മാർ പുറപ്പെടുവിച്ചിട്ടുള്ളതു്. തൃപ്പാദങ്ങളുടെ
പടവും ആർട്ടുപേപ്പറിൽ ഭംഗിയായി അച്ചടിച്ചു ചേർത്തിട്ടുണ്ടു്.
പ്രസാധകന്മാരുടെ ഉദ്യമത്തെ ഞങ്ങൾ നിർവ്യാജം അഭിനന്ദിക്കുന്നു.

വിവേ 1089 ചിങ്ങം, കന്നി

Digitized By Kerala Sahitya Akademi

ഉമാകേരളം

ഉള്ളൂർ എസ്. പരമേശ്വരയ്യർ

"രഘുമാംഗദചരിത"ത്തെപ്പറ്റി ഞങ്ങൾ അഭിപ്രായം പറയുന്നതിനു മുമ്പുതന്നെ എസ്. പരമേശ്വരയ്യർ അവർകൾ അദ്ദേഹത്തിന്റെ വിലയേറിയ കൃതിയായ ഉമാകേരളത്തിന്റെ ഒരു പ്രതി ഞങ്ങൾക്കു ദയചെയ്തു അയച്ചു തന്നിരുന്നു. കാവ്യത്തിന്റെ ദൈർഘ്യവും കാഠിന്യവും ഞങ്ങളുടെ സമയക്കുറവും ആലോചിച്ചാൽ അഭിപ്രായം പറയാൻ നേരിട്ട താമസം ക്ഷന്തവ്യമാണെന്നു വിചാരിക്കുന്നു. ഉമാകേരളം മലയാളത്തിലെ മൂന്നാമത്തെ 'മഹാകാവ്യം' ആണെന്നു തോന്നുന്നു. 19 സർഗ്ഗങ്ങൾ ഉണ്ടു്. എല്ലാ സർഗ്ഗങ്ങളും വളരെ നീണ്ടിട്ടുമാണു്. സംസ്കൃതത്തിലെ 'നൈഷധീയ ചരിത'ത്തിന്റെ രീതിയിൽ മലയാളത്തിൽ ഒരു കാവ്യം എഴുതി മലയാള സാഹിത്യത്തെ പുഷ്ടിപ്പെടുത്തണം, അല്ലെങ്കിൽ മലയാള സാഹിത്യത്തിൽ തന്റെ വകയായി ഇത്തരം ഒരു രത്നം കൂടി സമർപ്പിച്ചിരിക്കണം എന്നുള്ള പ്രത്യേക ഉൽക്കണ്ഠയാണു് പണ്ഡിതനായ പരമേശ്വരയ്യരവർകളെ ഇതിലേക്കു പ്രേരിപ്പിച്ചതെന്നു വലിയകോയിത്തമ്പുരാൻ തിരുമസ്തിലെ മുഖവുര വായിച്ചപ്പോൾ എന്ന പോലെ തന്നെ ഈ കാവ്യം വായിച്ചപ്പോഴും ഞങ്ങൾക്കു തോന്നി. ഇതു ശരിയാണെങ്കിൽ ഈ കാവ്യ നിർമ്മാണത്തിലുള്ള ഇദ്ദേഹത്തിന്റെ ശ്രമം ഏറ്റവും സഫലമായി എന്നു നിസ്സംശയം പറയാം. "നഗരാർണ്ണവശൈലർത്തു" എന്നു തുടങ്ങിയുള്ള "മഹാകാവ്യ" ലക്ഷണങ്ങൾ ഇതിൽ നല്ലവണ്ണം വ്യക്തമായിരിക്കുന്നുണ്ടു്. കേരള രാജ്യത്തിനു് "പ്രകൃതി കെട്ടിയ കോട്ട"യായ സഹ്യാദ്രിയെ വർണ്ണിച്ചുകൊണ്ടാണു് കാവ്യംതന്നെ ആരംഭിക്കുന്നതു്. ആദിത്യവർമ്മ മഹാരാജാവിനെ ഏട്ടവീടർ വിഷം കൊടുത്തു കൊന്നതും അവിടത്തെ സഹോദരിയായ ഉമയമ്മ റാണിയുടെ കുട്ടികളായ അഞ്ചു കൊച്ചുതമ്പുരാക്കന്മാരെ ആ ഘാതകന്മാർ തിരുവനന്തപുരത്തുള്ള മണക്കാട്ടുള്ള ഒരു കുളത്തിൽ മുക്കിക്കൊന്നതും മൃഗളൻ രാജ്യമാക്രമിച്ചതും, റാണി വടക്കേ മലയാളത്തിൽ നിന്നു കേരളവർമ്മ രാജാവിനെ വരുത്തി അവനെ യുദ്ധത്തിൽ നിഗ്രഹിച്ചു് ശത്രുബാധയിൽ നിന്നു രക്ഷിച്ചു തിരിയെ ഭരിക്കുന്നതും ആയ തിരുവിതാംകൂർ ചരിത്രത്തിലെ പ്രസിദ്ധ സംഭവങ്ങളെ വിഷയമാക്കിയാണു് ഈ കാവ്യം നിർമ്മിച്ചിട്ടുള്ളതു്. ആദിത്യവർമ്മ മഹാരാജാവിനു സമർത്ഥനും ഗുണവാനുമായി രാമവർമ്മ തമ്പാൻ എന്ന ഒരു മന്ത്രിയേയും കല്യാണി എന്ന ഒരു മകളേയും കൂടി സൃഷ്ടിച്ചു നൽകിയിട്ടുണ്ടു്. അവരുടെ ദാമ്പത്യത്തിനു നേരിട്ട പരിതാപകരമായ വിഘ്നം ശ്രോതാക്കൾക്കു മായി കലാശിക്കുന്നു. ഈ കൂട്ടിച്ചേർപ്പു കവിയുടെ കഥാരചനയിലുള്ള സാമർത്ഥ്യത്താൽ ചരിത്രത്തിൽ ഉള്ളതാണെന്നു തോന്നത്തക്കവണ്ണം സ്വാഭാവികമായിരിക്കുന്നു. ശബ്ദാർത്ഥാലങ്കാര ധോരണികൊണ്ടു് ഈ കാവ്യത്തിൽ

Digitized By Kerala Sahitya Akademi

പല ഘട്ടങ്ങളും സുകുമാര ബുദ്ധികളായ വായനക്കാർക്ക് എന്നു തന്നെയല്ല ധൃതഗതിക്കാരായ ഇക്കാലത്തെ ശിക്ഷിത ബുദ്ധികൾക്കു തന്നെയും സുഗമമല്ലെന്നു തോന്നുന്നു. പ്രത്യേകം ദൃഷ്ടിവച്ചു വായിക്കുന്ന വിദ്വാന്മാരെ പദങ്ങളുടെ പ്രയോഗ വൈചിത്രവും അർത്ഥങ്ങളുടെ നാനാശ്രയത്വവും കവിയുടെ കല്പനാസാമർത്ഥ്യവും കൊണ്ട് വിസ്മയിപ്പിച്ചു ബുദ്ധിചമത്ക്കാരം ഉണ്ടാക്കുകയാകുന്നു ഇത്തരം കാവ്യങ്ങളുടെ പ്രയോജനം എന്നു വിചാരിച്ചാൽ അത് അങ്ങനെയിരിപ്പാനേ തരമുള്ളൂ. വേറൊരുതരം കാവ്യമുണ്ട്. പക്ഷേ അതുതന്നെയായിരിക്കും അധികം ജനസമ്മതിയുള്ള കാവ്യം. അതിന്റെ നേട്ടം ഉള്ളിലും വെളിയിലുമുള്ള പ്രകൃതി വിലാസങ്ങളെ ആയാസ ലേശം കൂടാതെ ഭാഷാമാർഗ്ഗമായി മനുഷ്യ ഹൃദയത്തിനു വെളിപ്പെടുത്തി ഉല്ലാസവും ആനന്ദവും ഉണ്ടാക്കുകയാകുന്നു. ഇതിനു പുറമെ മനുഷ്യനെ കൃത്യങ്ങളിൽ പ്രവർത്തിപ്പിക്കുകയും അകൃത്യങ്ങളിൽ നിന്നു നിവർത്തിപ്പിക്കുകയും ചെയ്യുക എന്നുള്ള ധർമ്മ്യമായ ഉദ്ദേശം കൂടി എല്ലാ ഉത്തമ കാവ്യങ്ങൾക്കും ഏറെക്കുറെ ഉണ്ടായിരിക്കുമെന്നുള്ളതും സാധാരണയായി കണ്ടുവരുന്നു.. മേല് പറഞ്ഞ രണ്ടുതരം കാവ്യങ്ങളേയും എളുപ്പത്തിൽ വേർതിരിച്ചറിയാം. ആദ്യത്തെ മാതിരി കവിത വായിക്കുമ്പോൾ മനസ്സിൽ അധികം കവിയെ സംബന്ധിച്ചു വിചാരങ്ങളായിരിക്കും തോന്നുക. കാവ്യത്തേയോ പാത്രങ്ങളേയോ പറ്റി ആത്രയൊന്നും തോന്നുമാറില്ല. രണ്ടാമത്തെ മാതിരി കാവ്യത്തിൽ നേരെ മറിച്ചു് കവിയേയോ അയാളുടെ പാണ്ഡിത്യത്തേയോ പറ്റി നമുക്ക് ഒന്നും വിചാരിപ്പാൻ ഇടയുണ്ടാകയില്ല. മനസ്സു മുഴുവൻ കഥയിലെ അതാതു സന്ദർഭങ്ങളിൽ സ്വഭാവേന പ്രസരിച്ചുകൊണ്ടിരിക്കുന്ന രസപ്രവാഹത്താൽ ആകർഷിക്കപ്പെട്ടിട്ടു കഥാപാത്രങ്ങളോടു തന്മയത്വത്തെ പ്രാപിച്ചു ലയിച്ചുനിൽക്കും. ഈ ലയം തന്നെയാണ് ''രസാസ്വാദം.'' അതുതന്നെയാണു കാവ്യത്തിന്റെ സാക്ഷാൽ പ്രയോജനം. എന്നാൽ ഈ രണ്ടു ലക്ഷണങ്ങളും അവ്യഭിചരിതമായി ഒരു പ്രബന്ധത്തിലും കണ്ടു എന്നു വരുന്നതല്ല. ഒന്നിൽ മറേതിന്റെ ലക്ഷണം കലർന്നിരിക്കും. ന്യൂനാധികഭാവം അനുസരിച്ചുമാത്രം മേൽപ്രകാരം വിഭജിക്കുന്നതാണ്.

നൈഷധീയ ചരിതത്തിൽ സ്വഭാവമനോഹരങ്ങളായ പല ഭാഗങ്ങൾ ഉണ്ട്. രഘുവംശത്തിലും കുമാരസംഭവത്തിലും കൃത്രിമ ഭംഗി കൂട്ടീട്ടുള്ള പദ്യങ്ങളും ഇല്ലാതില്ല. ഉമാകേരളത്തിലും അതുപോലെ രസഭൂയിഷ്ഠങ്ങളായ പദ്യങ്ങൾ വളരെയുണ്ട്. എന്നാൽ അലങ്കാര ജടിലമായ ഭാഗങ്ങളാണ് അധികം. രണ്ടിനും ദൃഷ്ടാന്തമായി ഏതാനും പദ്യങ്ങൾ ഉദ്ധരിക്കാം.നിലാവെളിച്ചമുള്ള ഒരു രാത്രി ഉമയമ്മറാണിയുടെ പുത്രരും ശിശുക്കളുമായ കൊച്ചുതമ്പുരാക്കന്മാരെ ''കളിപ്പാൻ കൂളി'' ത്തിൽ കൊണ്ടുപോയി മുക്കിക്കൊല്ലുവാൻ തീർച്ചയാക്കീട്ടു കൂടിലു.

Digitized By Kerala Sahitya Akademi

നായ "രാമനാമത്തിൽ പിള്ള." അടുത്തുകൂടി ആ കുട്ടികളെ ഇങ്ങനെ പ്രലോഭിപ്പിക്കുന്നു:—

"തിരുമേനികൾ പുനിലാവിലെന്താ-
ണരുളീടുന്നതു കേളിയാടുവാനോ?
വരുവിൻ തുണ ഞാനുമുണ്ടു; ഞങ്ങൾ-
ക്കരുമത്തിങ്കളെ നല്ലപോലെ നോക്കാം.

ഇരവിങ്ങനെ മുന്നമില്ല; ചന്ദ്രൻ
വിരവിൽ പാരിതു പാലുപോലെയാക്കി:
പാരമെന്തൊളിയാണു? കണ്ണിനേടാ
തരമിമ്മട്ടൊരു നല്ല കാഴ്ച കാണ്മാൻ?

ഉരുകാന്തി കലർന്ന വാനിൽ മിന്നു-
ന്നൊരു നക്ഷത്രമിതെത്ര കാണുമാവോ?
വരുവിൻ തല പൊക്കിയൊക്കെ നോക്കാം;
വിരുതുള്ളോൻ വിധി: വീഷ്ടപം വിചിത്രം!

മലതൻ കൈൾ മാലയിട്ട ദേവൻ
തലയിൽ താങ്ങിട്ടമെന്റെ തമ്പുരാനേ!
പല നാളുകളിക്കിടാങ്ങളഞ്ചും
മലയാളത്തിനു മന്നരായിടട്ടെ."

എട്ടുവീടർ ആദിത്യവർമ്മ മഹാരാജാവിനു വിഷം കൊടുക്കുന്ന ഘട്ടത്തിൽ അന്നത്തെ അമൃതേത്തിന്റെ വട്ടം കവി വർണ്ണിക്കുന്നു:—

"ആനനമുണ്ടു കളമോ? കബന്ധമു-
ണ്ടെന്നതു ക്ഷിതിപ യുദ്ധഭൂമിയോ?
എന്നതല്ല പലഹാരമുണ്ടു, നൽ
സന്നതാംഗിയുടെ ചാരുകണ്ഠമോ?

വൃത്തമുണ്ടമലപദ്യമോ? ഫലം
മൊത്തമുണ്ടു ശുഭമായ കർമ്മമോ?
ഒത്ത വർണ്ണമിയലുന്ന രംഭതൻ
പത്രമുണ്ടു, സുരനാഥഹസ്തമോ?

കൂറുചേർന്ന ദധിയുണ്ടു, ലക്ഷ്മിയോ?
ചാരുവത്സനിയലുന്ന ധാത്രിയോ?
ഏറുമാറുരസമോടു നല്ല സാം-
ബാറുമുണ്ടരിയകാശിദേശമോ?"

ഈ ഒടുവിൽ പറഞ്ഞ മാതിരി വർണ്ണന സഹൃദയ ഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുകയോ മുഷിപ്പിക്കുകയോ ഏതാണു ചെയ്യുന്നതെന്നു

Digitized By Kerala Sahitya Akademi

ഞങ്ങൾക്കു നിശ്ചയമില്ല. വെറും ശബ്ദഗതമായ സാദൃശ്യത്തെ അടിസ്ഥാനമാക്കി ഉപമിക്കയോ, ഉൽപ്രേക്ഷിക്കയോ, സന്ദേഹിക്കയോ ഒക്കെ ചെയ്യുന്നതു് മിതവാക്കുകളും രസൈകദൃഷ്ടികളുമായ ഉത്തമ കവികൾക്കു് ഒരുവക സാഹസമായിതോന്നേണ്ടയോ? ഊണിന്റെ വട്ടം കാണുമ്പോൾ കുളമെന്നോ, പോർക്കളമെന്നോ, കാശിയെന്നോ, രാമേശ്വരമെന്നോ ഒക്കെ തോന്നിത്തുടങ്ങിയാൽ എന്തൊരു നിവൃത്തിയാണു്? ശ്ലേഷഭ്രമം പ്രാസഭ്രമത്തേക്കാൾ സാഹിത്യത്തെ അധികം ആവിലമാക്കുന്നതാണു്. പണ്ഡിത കവിയായ പരമേശ്വരയ്യർ സംസ്കൃത മഹാകാവ്യങ്ങൾക്കുള്ള ഒരു വക കൃത്രിമപ്രൗഢി ഭാഷയ്ക്കും ഉണ്ടാകട്ടെ എന്നു വച്ചാണു് ഇങ്ങനെ എഴുതി വിടുന്നതെന്നുള്ളതിനു സംശയമില്ല. പക്ഷേ സാധാരണ വായനക്കാർ സംഗതി തെറ്റിദ്ധരിക്കും. ഇങ്ങനെയുള്ള കവിതകളിൽ ഭ്രമിച്ചു് അവയെ മാതൃകയാക്കി അനുകരിച്ചു തുടങ്ങും. ആവക കളകൾ ഉത്തമസാഹിത്യത്തിന്റെ വളർച്ചയ്ക്കു ഹാനിയുമുണ്ടാക്കും. കാദംബരിയിൽ ബാണഭട്ടൻ ആരംഭിച്ച ഈവക കോലാഹലം പിൻഗാമികളായ അനേകം കവികളെ വ്യാമോഹിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതിഹാസ പുരാണങ്ങളിലും രഘുവംശാദികളിലും കാണുന്ന പ്രസന്നമധുരമായ കവിതാ സാരസ്യം അർവാചീന കാവ്യങ്ങളിൽ ഇല്ലാതെയായി. ഈ അനുഭവത്തെ നാം ഒരിക്കലും വിസ്മരിച്ചുകൂടാ.

ഗ്രന്ഥകർത്താവോടുള്ള നിഷ്കപടമായ സ്നേഹവും ബഹുമാനവും കൊണ്ടു് ഇത്രയും തുറന്നുപറഞ്ഞതാണു്. ക്ലേശകരമായ ഒരു നിരൂപണത്തിനു ഞങ്ങൾക്കു തരമില്ല. പിന്നെ ലോകം ഭിന്നരുചിയാകയാൽ ഏതു കാര്യത്തിലും രണ്ടു കക്ഷികൾ ഉണ്ടാകുക എന്നതു സാധാരണമാണു്. വിശേഷിച്ചു "യഥാസ്ത്രീണാം തഥാ വാചാം സാധുത്വേ ദുർജനോ ജനഃ" എന്നാണു മഹാകവിയായ ഭവഭൂതി തന്നെ കവിതാ വിഷയമായ ഭിന്നാഭിപ്രായങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതു്. ദോഷം പറയാൻ തരമില്ലാത്ത ഒരു കവിതയും ഞങ്ങൾ കണ്ടിട്ടില്ല. എന്നാൽ ഇത്ര ദീർഘമായ ഒരു കാവ്യം കഠിനമായ ശബ്ദാർത്ഥ നിർബന്ധങ്ങളോടുകൂടി എഴുതി പൂർത്തിയാക്കുക എന്നുള്ളതു് ലഘുവായ കാര്യമല്ല. ഭാഷയുടെ അഭിവൃദ്ധിയല്ലാതെ മറ്റൊരു പ്രതിഫലവും കരുതീട്ടല്ല തന്റെ വിലയേറിയ സമയവും വിദ്വൽസമ്മതമായ ബുദ്ധിവൈഭവവും പരമേശ്വരയ്യർ ഇതിന്നായി ഹോമിച്ചിട്ടുള്ളതു്. ഞങ്ങൾ അദ്ദേഹത്തിന്റെ ഈ മഹാ ശ്രമത്തെ കൃതജ്ഞതാപൂർവം അഭിനന്ദിക്കുകയും ഇതിന്റെ വിജയത്തിൽ ഹാർദ്ദമായി അനുമോദിക്കുകയും ചെയ്യുന്നു. ഉമാകേരളം മലയാള സാഹിത്യ ലോകത്തിൽ സ്ഥിര പ്രതിഷ്ഠിതമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. മലയാളികൾ—വിദ്വത്പ്രമുഖരുള്ള മലയാളികൾ—ഈ ശ്രേഷ്ഠകൃതിയെ യഥായോഗ്യം അംഗീകരിക്കയും ലാളിക്കയും ചെയ്യുമെന്നുള്ളതിലും ഞങ്ങൾക്കു സംശയമില്ല.

വിവേ: 1089 ധനു, മകരം

Digitized By Kerala Sahitya Akademi



വിജ്ഞാനകല്പദ്രുമം

വി. കെ. ഡി. കുമാരൻ

ഈത് വി. കെ. ഡി. കുമാരൻ അവർകൾ സംഗ്രഹിച്ചെഴുതിയ ഹിന്ദുമത സംബന്ധമായ ഒരു ലഘു ഗ്രന്ഥമാകുന്നു. ഇതിൽ വിഗ്ര ഹാരാധനയെ ദുഷിക്കുന്നവരെപ്പറ്റി സയുക്തികമായ ആക്ഷേപ ങ്ങളും കർമ്മജ്ഞാന യോഗങ്ങളെ സംബന്ധിച്ച വിവരണങ്ങളും അടങ്ങിയിരിക്കുന്നു. ഗദ്യമായും പദ്യമായും പല കൃതികളും എഴുതി ഒരുവിധം പഴക്കവും പേരും സമ്പാദിച്ചിട്ടുള്ള ഇതിന്റെ കർത്താവ് ഈ ലഘു പുസ്തകം ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർക ളുടെ കഴിഞ്ഞ തിരുനാൾ സ്മാരകമായി പ്രസിദ്ധപ്പെടുത്തീട്ടുള്ളതാ കുന്നു. ഇതിൽ വിഷയങ്ങളെ ക്രമപ്പെടുത്തിയിരിക്കുന്ന രീതിയും ഇതിന്റെ വാചക രീതിയും നന്നായിട്ടുണ്ട്. രണ്ടണ വിലയ്ക്ക് ഈ പുസ്തകം കിട്ടും. "ടി. കേളപ്പൻ നായർ, പുസ്തകക്കച്ചവടം, കോഴിക്കോട്" എന്ന് എഴുതിയാൽ മതി.

വിവേ: 1089 ധനു, ശകരം

രാജാ സർ ടി. മാധവരായർ

ആർ. കുളത്തുഅയ്യർ

തിരുവിതാംകൂറിൽ ഈ പേരു കൃതജ്ഞതയോടും ബഹുമാന ത്തോടുംകൂടി എല്ലാപേരുടെയും ഓർമ്മയിൽ നിൽക്കുന്നതാകുന്നു. കൊല്ലവർഷം 1033 മുതൽ 1047 വരെ 14 സംവത്സരം ദിവാൻ പദ ത്തിലിരുന്ന തിരുവിതാംകൂർ രാജ്യത്തെ പ്രശസ്തരീതിയിൽ ഭരിച്ച് അതിന് മാതൃകാരാജ്യം എന്നപേർ സമ്പാദിച്ചുകൊടുത്ത ആ മഹാന്റെ ജീവിത ചരിത്രമാകുന്ന ടി പേരോടുകൂടി ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഈ പുസ്തകം. മാധവരായരെപ്പറ്റി ഇത്ര പൂർണ്ണ മായ വിവരങ്ങൾ അറിയാൻ ഇടയായതിൽ ഞങ്ങൾക്ക് ഈ പുസ്തക ത്തെപ്പറ്റി വളരെ ആദരവും ഇതിന്റെ കർത്താവായ ആർ. കുളത്തു അയ്യർ അവർകളോട് കൃതജ്ഞതയും തോന്നുന്നു. മഹാന്മാരുടെ ജീവ ചരിത്രങ്ങൾക്ക് മനുഷ്യരുടെ സ്വഭാവത്തെ ഉന്നമിപ്പിക്കുന്നതിനും സദാ ചാര നിഷ്ഠയെ സ്ഥിരീകരിക്കുന്നതിനുമുള്ള ശക്തി വേറൊരുതരം ഗ്രന്ഥത്തിനുമില്ലെന്നുള്ളത് നിരാക്ഷേപമാകുന്നു. നമ്മുടെ മുമ്പിൽ ജീവിച്ച് യശശ്ശരീരനായി ശേഷിച്ചിരിക്കുന്ന ഒരു മഹാൻ തന്റെ ക്രമികമായ ഉൽക്കർഷത്തെ പ്രാപിച്ചതിന് കാരണഭൂതമായ മനോ ഗുണം, ബുദ്ധിവൈഭവം മുതലായവ ഇന്നിന്നവയെന്ന് നാം പ്രത്യ ക്ഷത്തിൽ കാണുന്നതുപോലെ ഈവക ഗ്രന്ഥങ്ങളിൽനിന്നു പഠി ക്കുന്നു. നിശ്ചയമായും ഈ പാഠങ്ങൾ അപ്രത്യക്ഷവിഷയങ്ങളെ പ്പറ്റിയ കഥകളേയോ, മനോരാജ്യ വിലസിതങ്ങളായ കാവ്യങ്ങ

Digitized By Kerala Sahitya Akademi

ളേയോ, ബുദ്ധിനിർണ്ണീതങ്ങളായ സിദ്ധാന്തങ്ങളേയോ അപേക്ഷിച്ച് സുകരമായും വിശ്വാസപൂർവമായും നമ്മുടെ ജീവിതത്തെ ഉത്തമരീതിയിൽ നയിക്കുന്നതിന് അധികം ഉപകരിക്കുമെന്നുള്ളതാകുന്നു. കുളത്തൂർ അയ്യർ അവർകൾ ഒരു ഗ്രന്ഥകാരന്റെ നിലയിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ദേഹമാണ്. അദ്ദേഹത്തിന്റെ ഒഴുക്കും ലാളിത്യവുമുള്ള വാചകരീതിയും ഈ പുസ്തകത്തിന്റെ ഗുണത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം ജീവചരിത്ര പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ചുരുക്കമാണ്. അവയെ വർദ്ധിപ്പിക്കേണ്ടതും വർദ്ധിപ്പിപ്പാൻ ശ്രമിക്കുന്നവരെ പ്രോൽസാഹിപ്പിക്കേണ്ടതും ഭാഷാഭിമാനികളുടേയും ഗവണ്മെൻറിന്റേയും മുറയാകുന്നു.

വിവേ: 1809 ധനു, മകരം

ഗണപതി

വള്ളത്തോൾ

ഇതു് ശിവപുരാണത്തിൽ ഗണപതിയുടെ ഉൽഭവത്തെപ്പറ്റി പറയുന്ന കഥയെ ആസ്പദമാക്കി പ്രസിദ്ധ കവിയായ വള്ളത്തോൾ നാരായണ മേനോൻ അവർകൾ പ്രായേണ രഥോദ്ധത വൃത്തത്തിൽ എഴുതീട്ടുള്ള 101 മണിപ്രവാള പദ്യങ്ങൾ അടങ്ങിയ ഒരു ചെറിയ കൃതിയാകുന്നു. പാർവതീ പരമേശ്വരന്മാരുടെ "സൗന്ദര്യത്തിരക്കും" ഗണപതിയുടെ അൽഭുതകരമായ പരാക്രമങ്ങളും മാറും ഒരുവിധം വിനോദകരമായ രീതിയിൽ വർണ്ണിച്ചിരിക്കുന്നു. മേനവൻ അവർകളുടെ ശൈലി പ്രസിദ്ധമാകയാൽ അതിനെപ്പറ്റിയൊന്നും പറയേണ്ട ആവശ്യമുണ്ടെന്നതോന്നുന്നില്ല. ഈ പുസ്തകം മിസ്റ്റർ മേനവൻ എഴുതാൻ ആരംഭിച്ചിരിക്കുന്ന "ചിത്രയോഗം" എന്ന മഹാകാവ്യത്തിന്റെ "ഗണപതി"യാണെന്നു പ്രസാധകൻ പി. വി. കൃഷ്ണവാരിയർ അവർകൾ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ആ മഹാകാവ്യം കാണ്മാൻ മലയാളകാവ്യരസികന്മാർ നിശ്ചയമായും ഉൽകണ്ഠയോടെ പ്രതീക്ഷിക്കുന്നതാണ്. ഗണപതിക്ക് ഒരണയാണു വില. കവനകൗമുദി ആഫീസിലേക്ക് എഴുതിയാൽ കിട്ടും.

വിവേ: 1089 ധനു, മകരം

വർണ്ണതത്ത പ്രബോധിനി

സി. കണ്ണൻ

ഈ പുസ്തകത്തെപ്പറ്റി രണ്ടു് കൊല്ലങ്ങൾക്കുമുമ്പു് ഞങ്ങൾ അഭിപ്രായം പറഞ്ഞിരുന്നു. ഇപ്പോൾ ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു് ആ പുസ്തകത്തിന്റെ രണ്ടാം പതിപ്പാകുന്നു. ഈ പതിപ്പിൽ

Digitized By Kerala Sahitya Akademi

ചില പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള ശാസ്ത്രീയ വിഷയമായ പുസ്തകങ്ങൾക്കു രണ്ടാമത് ഒരു പതിപ്പിന്റെ ആവശ്യകത നേരിടുന്നതുതന്നെ അതിനെ ജനങ്ങൾ എത്ര ആദരിച്ചു എന്നും ഗ്രന്ഥകർത്താവിന്റെ ശ്രമം എത്രഫലിച്ചു എന്നും ഉള്ളതിനു മതിയായ ദൃഷ്ടാന്തങ്ങളാണ്. ഇന്ത്യയിലെ ജാതിയുടെ അല്ലെങ്കിൽ ചാതുർവർണ്യത്തിന്റെ ഉല്പത്തിയേയും അതിന്റെ ഇന്നത്തെ നിലയേയും പറ്റിയും ജാതിക്ക് ആധാരമായി നിൽക്കുന്ന ശ്രുതി, സ്മൃതി മുതലായ പ്രമാണങ്ങളുടേയും അതിന്റെ വ്യാഖ്യാനങ്ങളുടേയും അസാംഗത്യത്തെപ്പറ്റിയും ഇത്രഫലപ്രദവും രസപ്രദവുമായ വിധത്തിൽ ഒരു നിരൂപണം മലയാളത്തിൽ ഞങ്ങൾ വേറെ കണ്ടിട്ടില്ല. ഈ പുസ്തകം മനസ്സിരുത്തി വായിച്ചാൽ ജാതികൊണ്ടു മനുഷ്യനു പ്രത്യേകം ഒരു ഉൽകർഷമോ, അപകർഷമോ, അവകാശമോ, പ്രതിബന്ധമോ സ്വതഃസിദ്ധമായി ഉണ്ടെന്നുള്ള ഭ്രമം അശേഷം മാറിപ്പോകയും, നേരേമറിച്ച് അവനവന്റെ ഉയർച്ചയും താഴ്ചയും നന്മയും തിന്മയും എല്ലാം അവനവന്റെ കൈയിലാണെന്നുള്ള സനാതനമായ ധർമ്മരഹസ്യം മനസ്സിൽ ദൃഢമായി പതിയുകയും ചെയ്യും. ഇതാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേക ഗുണമായി ഞങ്ങൾ കാണുന്നത്. ഗ്രന്ഥത്തിന്റെ നേട്ടവും അതുതന്നെ ആയിരിക്കണം. വർണ്ണനിയമങ്ങൾ ഓരോ കാലത്തെ സമുദായ സ്ഥിതി അനുസരിച്ച് ഉണ്ടാകയും നശിക്കയും ആണെന്നും, അവരവരുടെ സമുദായത്തിന്റെ വൈദികവും ലൗകികവും ആധ്യാത്മികവുമായ ക്ഷേമാഭിവൃദ്ധിക്ക് ഉതകുന്ന നിയമങ്ങളും ആചാരങ്ങളും അതാതു സമുദായം നടപ്പിൽ വരുത്തിക്കൊള്ളുന്നതിന് എപ്പോഴും ജാഗരൂകരായിരിക്കണമെന്നും, ശൂദ്രാദികൾ ആവക സംഗതികളിൽ ബ്രാഹ്മണാദികളെ ആശ്രയിക്കുന്നത് അനാവശ്യവും അനാശാസ്യവുമാണെന്നും ഈ പുസ്തകം പ്രമാണങ്ങളെ ആസ്പദമാക്കിയും യുക്തിയുക്തമായും സ്ഥാപിച്ചിരിക്കുന്നു. ഇതിനു പുറമേ ശ്രുതിസ്മൃതീതിഹാസപുരാണാഗമാദികളിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്ന ഹിന്ദുമത രഹസ്യങ്ങളെപ്പറ്റി ഒരുവിധം സ്പഷ്ടവും വ്യവസ്ഥിതവുമായ ഒരു അറിവും ഈ പുസ്തകത്തിൽ നിന്നു വായനക്കാർക്ക് എളുപ്പത്തിൽ ലഭിക്കുന്നു. പരമപുരുഷാർത്ഥമായ മോക്ഷത്തിന്റെ സ്വരൂപത്തെയും ജ്ഞാനത്തെയും പറ്റിയും വിദ്വത്സമ്മതമായ വിധത്തിൽ മിസ്റ്റർ സി. കണ്ണൻ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ആകപ്പാടെ ഈ പുസ്തകം ചാതുർവർണ്യത്തെപ്പറ്റിയുള്ള ഒരു നിരൂപണമായിട്ടാണ് ആരംഭിച്ചിരുന്നതെങ്കിലും പ്രാസംഗികമായി ഹിന്ദുമതതത്ത്വങ്ങളിൽ പ്രധാനമായ മിക്കഭാഗങ്ങളേയും പറ്റി വേണ്ട വിവരണങ്ങൾ ഉള്ളടക്കിയിരിക്കുന്നതിനാൽ ഇതിന്റെ പൊതുവിലുള്ള പ്രയോജനം അധികമായിട്ടുണ്ട്. രണ്ടാം തവണത്തെ വായന ഞങ്ങൾക്ക് ഈ പുസ്തകത്തെപ്പറ്റി ഉണ്ടായിരുന്ന ബഹുമാനത്തെ ദൃഢീകരിച്ചിരിക്കുന്നു. ഇതിന്റെ അനുബന്ധമായി "വേദ സാര ശിവ

Digitized By Kerala Sahitya Akademi

സ്തവം'', ''കൈവല്യോപനിഷത്ത്'' ഈ ഗ്രന്ഥങ്ങൾ കൂടി ചേർത്തിരിക്കുന്നു. പുസ്തകത്തെ അഭിനന്ദിച്ചു് അഭിപ്രായം എഴുതിയിരിക്കുന്ന മാന്യന്മാരുടെ കൂട്ടത്തിൽ നമ്മുടെ ദിവാൻ മ. രാ. രാ. എം. കൃഷ്ണൻനായർ അവർകൾ ഇതു സരസവും വ്യുത്പാദകവുമായ ഒരു ഗ്രന്ഥമാണെന്നു പറഞ്ഞിരിക്കുന്നതു് ഏറ്റവും വാസ്തവമാകുന്നു. ഡെമ്മി 8 വലിപ്പത്തിൽ 130 പേജുകൾ ഉള്ളതും നല്ലവണ്ണം അച്ചടിച്ചു കെട്ടിട്ടുള്ളതുമായ ഈ പുസ്തകത്തിനു 8 ണ. വിലകൊടുത്തു വാങ്ങാൻ ആർക്കും മടി തോന്നി എന്നു വരുന്നതല്ല. നേരേ മറിച്ചു് ഇത്ര സാരവത്തായ ഒരു ഗ്രന്ഥത്തിനു് ഈ ചെറിയ വിലയച്ചടിയന്ത്രത്തിന്റെ അനുഗ്രഹങ്ങളിൽ ഒന്നാണെന്നു വേണം പറയാൻ. ''സി. കോരൻ. പഴയ ടോൾഗേററിനു സമീപം, കണ്ണൂർ'' എന്ന മേൽവിലാസത്തിൽ എഴുതിയാൽ മതി.

വിവേ. *1089* മേടം, ഇടവം

ജനനീനവരത്ന മഞ്ജരി

വ്യാഖ്യാ: ശിവലിംഗദാസസ്വാമി.

രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുമ്പു് ആദ്യമായി വിവേകോദയം വഴി ഞങ്ങൾ വെളിപ്പെടുത്തീട്ടുള്ളതും ഇപ്പോൾ ദിവ്യശ്രീ ശിവലിംഗദാസസ്വാമി അവർകൾ വ്യാഖ്യാന സഹിതം പ്രത്യേകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതുമായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ മലയാളത്തിൽ മത്തേഭ വൃത്തത്തിൽ എഴുതീട്ടുള്ള മധുരവും ശാന്തഗംഭീരവുമായ ഒൻപതു സ്തോത്രങ്ങൾ ആണു് മേൽക്കാണിച്ച പേരിൽ അറിയപ്പെടുന്നതു്. സ്വാമിതൃപ്പാദങ്ങളിലെ അനുഗൃഹീത ശിഷ്യനും യോഗ്യനുമായ ശിവലിംഗദാസ സ്വാമികളുടെ വ്യാഖ്യാനം ''മഞ്ജരി''യുടെ പരിമളത്തെ ഒരു വിധം ആർക്കും അനുഭവയോഗ്യമാക്കിത്തീർത്തിരിക്കുന്നു എന്നു കാണുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ ഏറ്റവും അഭിനന്ദിക്കുന്നു. ഈ പുസ്തകം താഴെപ്പറയുന്ന മേൽവിലാസത്തിൽ എഴുതിയാൽ കിട്ടുന്നതാണു്. വില 2 ണ. മേൽവിലാസം: ദിവ്യശ്രീ ശിവലിംഗ സ്വാമി അവർകൾ, അരുവിപ്പുറം സന്യാസിമഠം, നെയ്യാററിൻകര.

വിവേ: *1089* മേടം, ഇടവം

കല്കിപുരാണം കിളിപ്പാട്ട്

വിവ: കടവിൽ ശങ്കരൻകുട്ടി മേനോൻ

ഇതിന്റെ ഒന്നാംഭാഗത്തിന്റെ ഒരു പ്രതി സ്നേഹിതനായ ഗ്രന്ഥകർത്താവു ഞങ്ങൾക്കു് അയച്ചുതന്നിട്ടു് ഏതാനും മാസങ്ങളാകും. അഭിപ്രായം പറയാൻ ഇപ്പോഴേ സാധിച്ചിട്ടുള്ളൂ. കല്കി കലിയുടെ ശത്രുവാണെന്നും വിഷ്ണുവിന്റെ അവസാനത്തെ അവതാരമാണെന്നും

Digitized By Kerala Sahitya Akademi

പുരാണമറിയാവുന്ന ഹിന്ദുക്കൾ ഒക്കെ കേട്ടിട്ടുള്ളതാണെല്ലോ. കല്കി പുരാണത്തിനു സംസ്കൃതത്തിൽ ഭവിഷത് പുരാണമെന്നും പറയും. കലികാലത്തു പാപം വർദ്ധിച്ചു ധർമ്മഭ്രംശം നേരിടുമ്പോൾ തുണ കൽകി അവതരിക്കുന്നതു്. കൃതയുഗം സ്ഥാപിച്ചിട്ടു കൽകി ഭഗവാൻ വൈകുണ്ഠത്തേക്കു തിരികെ എഴുന്നെള്ളുന്നതാണു്. ഇതിൽ കഥയെല്ലാം കഴിഞ്ഞതായിട്ടാണു് വർണ്ണിച്ചിട്ടുള്ളതു്. അതുകൊണ്ടു കല്കി അവതാരത്തിന്റെ കാലനിർണ്ണയം ചെയ്വാൻ വിഷമമാണു്. എന്നാൽ ചതുർ യുഗങ്ങൾ മാറി മാറി വന്നുകൊണ്ടിരിക്കുമല്ലോ. അതെങ്ങനെയെങ്കിലുമാകട്ടെ, പുരാണങ്ങൾ എഴുതിയ ബ്രാഹ്മണരുടെ പ്രതിഭയ്ക്കും മനോരാജ്യത്തിനും അവിഷയമായ സംഗതികൾ ചുരുങ്ങും എന്നുപറഞ്ഞാൽ മതി. ശംഭളമെന്നു പരായി ഭാരത ഖണ്ഡത്തിൽ ഒരു ഗ്രാമമുണ്ടത്രെ. അവിടെ വിഷ്ണുയശസ്സെന്നൊരു ബ്രാഹ്മണന്റെ മകനായിട്ടാണു് കല്കിഭഗവാൻ കലിയേയും കൃതയേയും കൊന്നൊടുക്കാൻ അവതരിച്ചതു്. ലങ്കയിൽ ബൃഹദ്രഥൻ എന്ന രാജാവിനു പദ്മയെന്നു് ഒരു മകളുണ്ടായിരുന്നു. അവൾ സാക്ഷാൽ പദ്മ (ലക്ഷ്മീദേവി) തന്നെ ആയിരുന്നു. കല്കി പരശുരാമന്റെ സന്നിധിയിൽനിന്നു വിദ്യാഭ്യാസം കഴിഞ്ഞശേഷം ആ സ്ത്രീരത്നത്തെ വിവാഹം കഴിക്കാൻ നിശ്ചയിച്ചു. വേദത്തിന്റെ അവതാരമായ ഒരു പൈങ്കിളിയെ ദൂതനായി ആ രാജകന്യകയുടെ അടുക്കൽ അയയ്ക്കയും കിളിയും കന്യകയുമായി പല വിഷയങ്ങളെയും പറഞ്ഞു സംഭാഷണം ചെയ്കയും ചെയ്യുന്നതുവരെയുള്ള കഥകളാണു് ഈ ഒന്നാം ഭാഗത്തിൽ അടങ്ങീട്ടുള്ളതു്. കഥയുടെയോ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന മറ്റു പ്രമേയങ്ങളുടെയോ ഗുണദോഷനിരൂപണം ചെയ്വാൻ തൽക്കാലം ഞങ്ങൾ വിചാരിക്കുന്നില്ല. ഇതിന്റെ തർജ്ജിമക്കാരനായ ഒടുവിൽ ശങ്കരൻകുട്ടി മേനോൻ അവർകൾ പ്രസിദ്ധ കവിയായ കുഞ്ഞുകൃഷ്ണമേനോൻ അവർകളുടെ അനുജനും എന്നാൽ ജാത്യന്ധനുമാണു്. അദ്ദേഹത്തിന്റെ പഠിപ്പും കവിതാവാസനയും സ്വഭാവേന പലരേയും വിസ്മയിപ്പിക്കുന്നതാകുന്നു. കിളിപ്പാട്ടുരീതിയിലുള്ള ഈ പുരാണ തർജ്ജിമയിൽ പഴയ കിളിപ്പാട്ടുകൾക്കുള്ള ഒരു ലാളിത്യം കാണുന്നതു തന്നെയാണു് ഇതിന്റെ പ്രധാന ഗുണമായി ഞങ്ങൾ വിചാരിക്കുന്നതു്. ഭാഷാരീതിയേയും കലികാല വൈഭവത്തേയും കാണിപ്പാനായി കിളിപ്പാട്ടിലെ ഏതാനും വരികൾ താഴെ കുറിക്കുന്നു.

അല്പമാത്രം തപസ്സുള്ളൊരു വിപ്രരു-
ണ്ടിപ്പാരിലിക്കലികാലത്തിലായവർ
പാരമധർമ്മികൾ ശിശ്നോദരപരി-
പൂരകൻമാർ നിജധർമ്മം വെടിഞ്ഞവർ
പാപസാരൻമാർ ദുരാചാരർ നിസ്തേജർ
കോപകാമാദികൾകൊണ്ടു ഭയങ്കരർ

Digitized By Kerala Sahitya Akademi

സ്ത്രീകളെക്കാമിച്ചു വംശമുടിപ്പവർ
ശ്രീകാന്തനിൽ ഭക്തി തെല്ലുമില്ലാത്തവർ
അന്യന്റെ ഭക്ഷണം ചെയ്തുജീവിപ്പവർ
മാന്യരെന്നാത്മാഭിമാനം നടിപ്പവർ
വേണ്ടുന്ന കാലത്തു ഗായത്രിയെ ശ്രദ്ധ
പൂണ്ടു ജപിക്കാതെ മൂഢരായ് വാഴുവോർ
കാല പ്രബോധികളല്ലാതെയുള്ളവർ
ലീലാചരന്മാർ പരദാരലോലുപർ
തന്നെ രക്ഷിക്കുവാൻ ശക്തരല്ലാഞ്ഞതി
ഖിന്നരായ് ശൂദ്രരെച്ചെന്നു ഭജിപ്പവർ
ഇങ്ങനെയുള്ളൊരു വിപ്രരല്ലാതെക്-
ണ്ടെങ്ങുമില്ലിക്കലികാലത്തിലോർക്കനീ.

ഇതിന്റെ മുഴുവൻ ഭാഗം ഇപ്പോൾ തർജ്ജിമ ചെയ്തുകഴിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഒന്നാം ഭാഗത്തിനു് 6 ണ. വിലയാണു്. ഗ്രന്ഥകർത്താവോടു് ആവശ്യപ്പെട്ടാൽ കിട്ടും.

വിവേ. 1089 മിഥുനം, കർക്കടകം

ഭാഷാവിലാസം

പ്രസാ: പി. വി. കൃഷ്ണവാരിയർ

കവന കൗമുദിയുടെ ഒരു വിശേഷാൽ പ്രതിയായിട്ടാണു് ഈ പുസ്തകം പുറപ്പെട്ടിരിക്കുന്നതു്. ഇതിൽ പദ്യമായും ഗദ്യമായും പത്തു് ഉപന്യാസങ്ങൾ അടങ്ങിയിരിക്കുന്നു. എല്ലാം നല്ല വിഷയങ്ങളെപ്പറ്റിയുള്ളതും പ്രസിദ്ധ ഗ്രന്ഥകാരൻമാർ എഴുതിയതുമാണു്. ഇതിൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകളുടെ "ആധുനിക ഭാഷാകവിതകൾ". എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ "ആധുനിക മലയാളഭാഷ", പ്രസാധകൻ കൃഷ്ണവാര്യർ അവർകളുടെ "ആധുനിക ഭാഷാകവികൾ" ഈ ലേഖനങ്ങൾ ഭാഷാഗ്രന്ഥങ്ങളേയും ഗ്രന്ഥകാരൻമാരേയും പറ്റിയുള്ള വിമർശനങ്ങളാകയാൽ വിശേഷിച്ചു് എടുത്തു പറയത്തക്കവയാണു്. കോയിത്തമ്പുരാൻ തിരുമനസ്സിലെ ലേഖനത്തിൽ ഭാഷാമാർഗ്ഗ സഞ്ചാരികൾ അറിഞ്ഞു നടക്കേണ്ട പലവിശിഷ്ട കാര്യങ്ങളും അടങ്ങീട്ടുണ്ടു്. വാരിയർ അവർകളുടെ വിമർശം വളരെ വാദപ്രതിപാദങ്ങൾക്കു വിഷയമായ ഒരു സംഗതിയെപ്പറ്റിയുള്ളതാകയാൽ അതിനു സർവ്വസമ്മതി ലഭിക്കുമെന്നു് അദ്ദേഹത്തിനുതന്നെ പ്രതീക്ഷിക്കാൻതരമില്ലാത്തതാകുന്നു എങ്കിലും ഈ വൃത്തലയേറിനു കൃത്യം വേറെ വല്ലവരുമാണു് എടുത്തിരുന്നതെങ്കിൽ ഇത്രത്തന്നെ ഭംഗിയാകുമായിരുന്നോ എന്നു സംശയമാണു്. അദ്ദേഹത്തിന്റെ കവിതകളെപ്പറ്റിയ നിരൂപണവും തരംതിരിക്കലും ഗദ്യരൂപമായ ഒരു കവിത തന്നെയാണു്. ശ്ലേഷാലങ്കാ

Digitized By Kerala Sahitya Akademi

രങ്ങൾ ഇതു സപ്രയോജനമായ വിധത്തിൽ കാവ്യങ്ങളിൽത്തന്നെ ഈയിടെ ഉപയോഗിച്ചു കാണാറില്ല. ആധുനിക ഭാഷാ സാമ്രാജ്യത്തിലെ ചക്രവർത്തിത്വം മഹാമഹിമശ്രീ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഇളമുറസ്ഥാനവും പിൻവാഴ്ചയും ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കും നൽകുകയും മറ്റുകവികൾക്ക് യഥായോഗ്യം ഓരോ ഉദ്യോഗവും പൗരമുഖ്യത്വവും ഒക്കെ കൊടുക്കുകയും ചെയ്തിട്ട് ഒരു ശ്ലിഷ്ടപരമ്പരിതരൂപക സമ്പ്രദായത്തിലാണ് വിമർശനം കൊണ്ടു പോകുന്നത്. ആദ്യം പറഞ്ഞ രണ്ട് മഹാന്മാർക്കും നൽകിട്ടുള്ള സ്ഥാനങ്ങളെപ്പറ്റി ആർക്കെങ്കിലും ആക്ഷേപമുണ്ടാകുമെന്നതോന്നുന്നില്ല. മറ്റ് പലരുടെയും സ്ഥാനങ്ങളും അതുപോലെതന്നെ. വല്ലവരേയും പറ്റി വല്ല ആക്ഷേപവും വല്ലവർക്കും പറവാനുണ്ടെങ്കിൽ അവയെ മുൻകൂട്ടി പ്രതീക്ഷിച്ചുകൊണ്ട് സമർത്ഥനായ വാരിയർ അവർകൾ തന്റെ അതിസരസമായ ഉപസംഹാരത്തിൽ സമാധാനം പറഞ്ഞിട്ടുണ്ട്. വാരിയർ അവർകളുടെ ഈവക ഉൽസാഹങ്ങളെ ഞങ്ങൾ ഹൃദയപൂർവം അഭിനന്ദിക്കുന്നു. ഈ പുസ്തകത്തിൽ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേയും, ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലേയും, കൗമുദിയുടെ നിത്യബന്ധുക്കളായ മറ്റും ചില കവികളുടേയും ചിത്രങ്ങളും കൊടുത്തിട്ടുണ്ട്. പുസ്തകത്തിന്റെ അച്ചടിയും കെട്ടും എല്ലാം നന്നായിട്ടുണ്ട്. ഡെമ്മി എട്ട് വലിപ്പത്തിൽ 150 ഭാഗങ്ങളുള്ള ഈ നല്ല ഗ്രന്ഥത്തിന് ഒരു ക. യാണു വില. കോട്ടയ്ക്കൽ ലക്ഷ്മീവിലാസം അച്ചുക്കൂടത്തിൽനിന്നുകിട്ടും.

വിവേ 1089 മിഥുനം, കർക്കടകം

മഹാഭാരതം ഭാഷാഗദ്യം

വിവ: നാണുപിള്ള

എസ്. ടി. റെഡ്യാർ എന്ന പേർ മലയാളത്തിൽ അക്ഷരജ്ഞാനമുള്ളവർക്കെല്ലാം അറിയാവുന്നതാണ്. മിസ്റ്റർ റെഡ്യാർ പല പല ഉപയോഗമുള്ള പുസ്തകങ്ങളെ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തി മലയാള സാഹിത്യലോകത്തിലെ ക്ഷാമനിവാരണാർത്ഥം ചെയ്യുന്ന ശ്രമങ്ങൾ ആരാലും അഭിനന്ദിക്കത്തക്കതാണ്. ശ്രീമഹാഭാരതം ഭാഷ് ഗദ്യപ്രബന്ധം ഒരു മാലികയായി ഇദ്ദേഹം പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇതിന്റെ ആദ്യത്തെ പുസ്തകം ഞങ്ങൾക്ക് അയച്ചുതന്നിട്ട് അധികദിവസമായി എങ്കിലും അഭിപ്രായം പറയാൻ ഇതുവരെ സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു. ഈ ഒന്നാം പുസ്തകം ഈ ഗ്രന്ഥമാലയുടെ 9-ാമത്തെ വാല്യമാണത്രേ. അതിൽ ശാന്തിപർവവും അനുശാസനികപർവവും അടങ്ങീട്ടുണ്ട്. രണ്ടാമത് ഇവിടെ കിട്ടിയ പുസ്തകം 3-ാം

Digitized By Kerala Sahitya Akademi

വാല്യമാണ്. ഇതിൽ വനപർവം മുഴുവൻ അടങ്ങിയിരിക്കുന്നു. എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരതതർജ്ജിമയും ഇരിക്കുമ്പോൾ ഒരു ഗദ്യഭാരതത്തിന്റെ ആവശ്യം എന്താണെന്ന് ആദ്യം ആർക്കും ചോദിപ്പാൻ തോന്നാം. എന്നാൽ ഇതു് വായിച്ചുനോക്കിയാൽ നിഷ്പ്രയോജനം എന്ന് ആർക്കും തോന്നുകയില്ലെന്നതന്നെയല്ല ഈ ആവശ്യത്തെ അറിവാനും റെഡ്യാർക്ക് മാത്രമേ കഴിഞ്ഞതുള്ളുവല്ലോ എന്ന് ആർക്കും തോന്നുകയും ചെയ്യും. ഈ സ്തുത്യർഹമായ പ്രയത്നത്തിനായി ഞങ്ങൾ റെഡ്യാരെ ഹൃദയപൂർവം അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം തമിഴിൽനിന്ന് തർജ്ജിമയാണെന്നാണതോന്നുന്നത്. ഭാഷാരീതി ആശിക്കത്തക്കവണ്ണം നന്നായിട്ടുണ്ടെന്നുപറവാൻ കഴികയില്ലെങ്കിലും ആദ്യപുസ്തകത്തെ അപേക്ഷിച്ച് ഒടുവിലത്തെ പുസ്തകത്തിൽ ഗണ്യമാംവണ്ണം നന്നായിട്ടുണ്ട്. കുറേക്കൂടി ദൃഷ്ടിവച്ചാൽ വിഷയഗൗരവംകൊണ്ടെന്നു മാത്രമല്ല, ഭാഷാ സൗഷ്ഠവംകൊണ്ടും ഈ ഗ്രന്ഥാവലി മലയാളത്തിൽ ഗദ്യഗ്രന്ഥങ്ങളുടെ ഇടയിൽ ഏറ്റവും ഉയർന്ന ഒരു സ്ഥാനത്തെ അർഹിക്കുന്നതും എല്ലാവരാലും ഒന്നുപോലെ ബഹുമാനിക്കപ്പെടുന്നതുമാണെന്നുള്ളതിൽ സംശയമില്ല. ഈ വിഷയത്തിൽ പരിഭാഷകൻ മിസ്റ്റർ നാണുപിള്ള അശാന്റെയും പ്രസാധകൻ മിസ്റ്റർ റെഡ്യാരുടേയും ശ്രദ്ധയെ ഞങ്ങൾ സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥാവലി എല്ലാ മലയാളി ഭവനങ്ങളിലും വാങ്ങിയിരിക്കത്തക്കവിധം രസകരവും വിജ്ഞാനപ്രദവുമായ ഒന്നാണെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാവുകയില്ല. പുസ്തകമൊന്നിനു് 12 ണ. മാത്രമേ വിലവച്ചിട്ടുള്ളതും ഇതിന്റെ പ്രചാരത്തെ നിശ്ചയമായും അധികപ്പെടുത്തുന്നതാണ്.

വിവേ: 1089 മിഥുനം, കർക്കടകം.

സിദ്ധഗീത

വ്യാഖ്യാ: കോരാത്തെ നാരായണമേനോൻ

വാസിഷ്ഠ രാമായണത്തിലെ അന്യാദൃശമായ അർത്ഥഗാംഭീര്യവും സന്ദർഭമാധുര്യവുമുള്ള 12 പദ്യങ്ങൾക്കു കോരാത്തെ നാരായണ മേനോൻ അവർകൾ ചെയ്തിട്ടുള്ള വിശിഷ്ടമായ മലയാള വ്യാഖ്യാനമാകുന്നു ഇത്. ജനകമഹാരാജാവിനു ഗൃഹസ്ഥാശ്രമത്തിൽ ഇരുന്നുകൊണ്ടുതന്നെ ജീവന്മുക്തനാകാൻ ഇടവന്നതു് ഈ പന്ത്രണ്ടു പദ്യങ്ങളുടെ ശ്രവണത്താലാണത്രേ. പൂർണ്ണമായ ചിത്തശുദ്ധിയുള്ളവർക്കു തത്തച്ഛ്രവണമാത്രത്താൽ "അപരോക്ഷജ്ഞാനം" ഉണ്ടാകുമെന്നു വേദാന്തികൾ സമ്മതിക്കുന്നു. ജനകമഹാരാജാവിന്റെ ഹൃദയം രാഗദ്വേഷാദികൾ വെടിഞ്ഞു് ശാന്തവും അതിപരിശുദ്ധവുമായ ഒന്നായിരുന്നു. അദ്ദേഹം ഒരിക്കൽ വസന്തകാലത്തിൽ വിശ്രമാർത്ഥം

Digitized By Kerala Sahitya Akademi

ഉദ്യാനത്തിൽ ഏകാകിയായിരുന്ന പ്രകൃതിയുടെ രാമണീയകത്തെ സൂക്ഷിച്ച് ആനന്ദിച്ചുകൊണ്ടിരിക്കുമ്പോൾ അതിലെ സഞ്ചരിക്കുന്ന അദൃശ്യശരീരന്മാരായ സിദ്ധന്മാർ തമാലവൃക്ഷങ്ങളുടെ ഇടയിൽനിന്നു കൊണ്ടു പാടിയ ഓരോ പാട്ടുകളാണ് ഈ പദ്യങ്ങൾ. ആദികവിയായ വാല്മീകിയുടെ അത്ഭുതകരമായ കല്പനാശക്തിക്കും അന്യാദൃശ്യമായ അദ്ധ്യാത്മ ബോധത്തിനും അനുരൂപമാംവണ്ണം ഈ സിദ്ധഗീത സഹൃദയന്മാരെ ആനന്ദിപ്പിക്കുമെന്നുള്ളതിൽ സംശയമില്ല. നാരായണമേനോൻ വേദഗ്രന്ഥങ്ങളിൽ നല്ല ചർച്ച ചെയ്തിട്ടുള്ള യോഗ്യനാണെന്ന് ഈ വ്യാഖ്യാനം വായിച്ചാൽ അറിയാം. ഈ പുസ്തകത്തിന്റെ അവശിഷ്ടമായി ചേർത്തിരിക്കുന്ന ''പ്രണവോപാസനം'' എന്ന ഉപന്യാസവും വളരെ നന്നായിട്ടുണ്ട്. മനുഷ്യന്റെ പരമഗതിയെ മാത്രം ഉദ്ദേശിച്ചുള്ള ഇത്തരം ശ്രമങ്ങൾ അപൂർവ്വം ചില യോഗ്യന്മാർക്കേ ചെയ്യുവാൻ കഴിയൂ. ഇതു് ഒരു ചെറിയ പുസ്തകമാണെങ്കിലും ഇതിൽ അടങ്ങിയിരിക്കുന്നകാര്യം ഏറ്റവും വലുതായിട്ടുള്ളതാണ്. ''വി. നാരായണൻനായർ, കൊല്ലങ്കോട്, പാലക്കാട്ടവഴി'' എന്ന മേൽവിലാസത്തിൽ എഴുതിയാൽ പുസ്തകം കിട്ടും. വില 4 ണ.

വിവേ: 1090 കന്നി

രാധാറാണി

വിവ: സി. വി. കുഞ്ഞുരാമൻ

ബംഗാളത്തെ പ്രസിദ്ധ ആഖ്യായികാകാരനായ ബങ്കിമചന്ദ്രചാറർജി ബംഗാളിയിൽ എഴുതിയിട്ടുള്ള ഒരു നോവലിന്റെ ഇംഗ്ലീഷ് തർജ്ജിമയിൽ നിന്ന് മയ്യനാട്ടു സി. വി. കുഞ്ഞുരാമൻ അവർകൾ മലയാളത്തിൽ പരിഭാഷപ്പെടുത്തീട്ടുള്ള ഒരു ചെറിയ കഥയാണിത്. സി. വി. കുഞ്ഞുരാമൻ അവർകളുടെ ഭാഷാരീതി മലയാള വായനക്കാർക്ക് പരിചയമുള്ളതാണ്. ആർക്കും വായിച്ചാൽ അറിയത്തക്കവെറും സരളമായ വാചകങ്ങൾ, വീടുകളിൽ നാം സാധാരണ സംസാരിച്ചുവരുന്ന രീതിയിലുള്ള സംഭാഷണങ്ങൾ, ഇവകൊണ്ട് ഈ തർജ്ജിമ സവിശേഷം നന്നായിട്ടുണ്ട്. കഥയുടെ സ്വാരസ്യത്തെയും ചമൽക്കാരത്തെയും പറഞ്ഞു വിശേഷിച്ചുപറയേണ്ടതില്ലല്ലോ. ഈ രാധാറാണിതന്നെയാണ് നന്ത്യാർ വീട്ടിൽ കെ. പരമേശ്വരൻപിള്ള എം. എ. അവർകൾ പ്രസിദ്ധപ്പെടുത്തി ഇപ്പോൾ പാഠപുസ്തകക്കമ്മറ്റിയിൽ നിന്നു തിരഞ്ഞെടുത്തിട്ടുള്ള ''വനജാക്ഷി'' എന്ന കഥാപുസ്തകം. ഇതുകൂടാതെ രാധാറാണിയുടെ വേറെ രണ്ടു തർജ്ജിമയും മലയാളത്തിൽ ഞങ്ങൾ കണ്ടിട്ടുണ്ട്. അതുകൊണ്ട് മിസ്റ്റർ കുഞ്ഞിരാമന്റെ തർജ്ജിമ നാലാമത്തേതാണെന്നു തോന്നുന്നു. എന്നാൽ അത് ഗുണംകൊണ്ട് നാലാമത്തേതല്ല. ''ടി. കെ. നാരായണൻ, മുണ്ടയ്ക്കൽ, കൊല്ലം'' ഈ വിലാസത്തിൽ ആവശ്യപ്പെട്ടാൽ പുസ്തകം കിട്ടും. വില 4 ണ.

വിവേ: 1090 കന്നി

Digitized By Kerala Sahitya Akademi

ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങൾ ലക്കം 1.

ഇതു് റെയിനാൾഡ്സ് എന്ന പ്രസിദ്ധനായ ഇംഗ്ലീഷ് നോവലെഴുത്തുകാരന്റെ "Mysteries of the Court of London" എന്ന വലിയ ഗ്രന്ഥത്തിന്റെ മൂന്നാമത്തെ ഭാഗത്തെ മലയാളത്തിൽ മാസിക പുസ്തകരൂപേണ തർജ്ജിമ ചെയ്യാൻ ആരംഭിച്ചിട്ടുള്ളതിന്റെ ആദ്യത്തെ പുസ്തകമാകുന്നു. ഇതിൽ മൂന്നാം അദ്ധ്യായംവരെ അടങ്ങീട്ടുണ്ടു്. തർജ്ജിമ വളരെ നന്നായിരിക്കുന്നു. അനുപദ തർജ്ജിമ ഭംഗിയല്ലെന്നും ആവശ്യമില്ലെന്നും പറയുന്നവർ വളരെയുണ്ടെങ്കിലും ഓരോ ഗ്രന്ഥകാരന്മാരുടെ വിചാരഗതികളേയും ശൈലികളേയും പ്രത്യേകം അറിയുന്നതു് വ്യുത്പാദമാകയാൽ തർജ്ജിമകളിലെല്ലാം ആ സമ്പ്രദായം ഒന്നുപോലെ വർജ്ജ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. നേരെമറിച്ചു് ഒരേ അർത്ഥത്തെ പ്രതിപാദിക്കുന്ന പലമാതിരി വാചകങ്ങളും വാക്യങ്ങളും നടപ്പാക്കുന്നതു് ഭാഷയുടെ തുടർന്നുകൊണ്ടുള്ള അഭിവൃദ്ധിക്കു് കാരണമാകയാൽ പല സംഗതികളിലും അതു് സ്പൃഹണീയവുമാണു്. ഇനി ഈ ഗ്രന്ഥത്തിന്റെ പ്രചാരത്താൽ മലയാളികൾക്കുണ്ടാകാൻ പോകുന്ന ഗുണത്തെപ്പറ്റി ഒരു വാക്കുകൂടി പറയേണ്ടതായി വന്നിരിക്കുന്നു. റെയിനാർഡ് നോവലുകൾ പണ്ഡിതാനുമതി സിദ്ധിച്ചിട്ടുള്ള ഗ്രന്ഥസമുച്ചയത്തിൽ നിന്നു വെളിയിലുള്ളവയാകുന്നു, ഈ ബഹിഷ്കരണം അകാരണമായിട്ടുള്ളതും അല്ല. സദാചാരബോധത്തെ ദുഷിപ്പിക്കുന്ന ദൃഷ്ടാന്തങ്ങൾ നല്ല ഉദ്ദേശത്തോടുകൂടിയാണു് വായനക്കാർക്കു് ഒരു ഗ്രന്ഥകാരൻ നൽകുന്നതെങ്കിലും അതിന്റെ ഫലം പലപ്പോഴും വിപരീതമായിരിക്കുമെന്നു് മനുഷ്യമനസ്സിന്റെ സ്വാഭാവികമായ വിഷയ പ്രവണതയെപ്പറ്റി അറിയുന്നവർക്കു് സമ്മതിപ്പാതിരിക്കാൻ തരമില്ല. അതുകൊണ്ടു്, 'കാവ്യാലാപാംശ്ചവർജയേത്' എന്ന നിഷേധത്തിനു വിഷയമാകാവുന്ന ഗ്രന്ഥങ്ങളിൽ ഒന്നല്ലയോ ഇതെന്നു് ഞങ്ങൾ ശങ്കിക്കുന്നു.

വിവേ: 1090 കന്നി

അഷ്ടകമഞ്ജരി

പ്രസാ: പി. വി. ശേഷയ്യർ

ഇതു് പഴയ സ്തോത്രങ്ങളായ ഗണാഷ്ടകം, മുകുന്ദാഷ്ടകം, ശ്രീകൃഷ്ണാഷ്ടകം എന്നീ മൂന്നു അഷ്ടകങ്ങളും അതിനു പദംപ്രതിയായും താൽപര്യത്തോടുകൂടിയും ഉള്ള മലയാള വ്യാഖ്യാനവും ആകുന്നു. പഴയ ആശാന്മാരുടെ പള്ളിക്കൂടങ്ങളിൽ അക്ഷരം പഠിച്ചു കഴിഞ്ഞാൽ പിന്നെ കൂട്ടി വായിക്കുന്നതിനുള്ള പാഠങ്ങളായി ഈ സ്തോത്രങ്ങളെയാണു് ഉപയോഗിച്ചിരുന്നതു്. പുതിയ വിദ്യാഭ്യാസ രീതി

Digitized By Kerala Sahitya Akademi

യുടെ പ്രചാരത്തോടു കൂടി ആ നടപടികളെല്ലാം പോയി. 'തല, 'മുടി' 'ചട്ടി' 'കലം' ഇങ്ങനെയുള്ള പാഠങ്ങൾ ആരംഭിക്കുകയാൽ നമ്മുടെ പഴയ അഷ്ടകങ്ങൾ ഒന്നും കേൾപ്പാൻ കൂടി ഇല്ലെന്നായി. ആ അവസരത്തിൽ ''ഏകദന്തം മഹാകായം'', ''കരാരവിന്ദേന പദാരവിന്ദം''. ''വസുദേവസുതം ദേവം'' എന്ന പഴയപാട്ടുകളും കൊണ്ടു് ഒരു ചെറിയ പുസ്തകം പുറപ്പെട്ട കാണുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. ഒരു പഴയ വസ്തുവിൽ സാധാരണ തോന്നാവുന്ന പുതുമ ഇതിനു ധാരാളം ഉണ്ടു്. ഹിന്ദുമതക്കാരായ കുട്ടികൾ മാത്രമുള്ള പാഠശാലകളിൽ ഇതു് കുട്ടികളെ ചൊല്ലിപ്പഠിപ്പിപ്പാൻ നല്ലതാണെന്നു് നിസ്സംശയം പറയാം. അതുകൊണ്ടു് ഇതിന്റെ പ്രസാധകനായ വെങ്കിടാചലപതി എലിമെൻററി സ്കൂൾ ഹെഡ് മാസ്ററർ പി. വി. ശേഷയ്യർ അവർകൾക്കു ചാരിതാർത്ഥ്യത്തിനു വകയുണ്ടു്.

വിവേ: 1090 കന്നി

ബന്ധനസ്ഥനായ അനിരുദ്ധൻ

വള്ളത്തോൾ

ഇതു വള്ളത്തോൾ നാരായണമേനോൻ അവർകൾ ''ആത്മപോഷിണി'' (മാസിക)യിൽ രണ്ടുതവണയായ പ്രസിദ്ധപ്പെടുത്തിയിരുന്ന 73 പദ്യങ്ങൾ അടങ്ങിയ ഒരു മണിപ്രവാള ഖണ്ഡകാവ്യമാണു്. ബാണാസുരൻ അനിരുദ്ധനെ ബന്ധനത്തിലാക്കിയതറിഞ്ഞു കാമുകിയായ ഉഷ അച്ഛന്റെ പ്രധാനമന്ത്രിയെ സഹകാര്യമായി ആളയച്ചുവരുത്തി ആ കൃത്യത്തിന്റെ അനൗചിത്യത്തെയും കാഠിന്യത്തെയുംപററി ആക്ഷേപിക്കയും തന്റെ വ്യസനത്തെ പ്രദർശിപ്പിക്കയും അനിരുദ്ധനെ ഇട്ടടച്ചിരിക്കുന്ന 'തുറുങ്കി'നകത്തു് ഒന്നു ചെന്നു കണ്ടുപോരുന്നതിനു് അനുവദിക്കണമെന്നു് അപേക്ഷിക്കയും ചെയ്യുന്നതും മന്ത്രിയുടെ മൗനാനുവാദപ്രകാരം തന്റെ കാമുകന്റെ അടുക്കൽചെന്നു് തന്നിൽ ഒരു കൂടിക്കാഴ്ചകഴിഞ്ഞതു് അഭിമാനിയായ അദ്ദേഹം നിർബന്ധിക്കയാൽ വ്യസനത്തോടുകൂടി സ്വഗൃഹത്തിലേക്കു് മടങ്ങിപ്പോരുന്നതും യാദവന്മാരുടെ കൈയാൽ ബന്ധമോചനം വരുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് അനിരുദ്ധൻ കാരാഗൃഹത്തിൽ തന്നെ ഇരിക്കുന്നതും ആണു് ഈ കാവ്യത്തിലെ കഥാംശം. പ്രസിദ്ധമായ പുരാണകഥയിൽ മേൽപ്രകാരം ഒരു സന്ദർഭത്തെ വിഭാവനം ചെയ്തു് സംഭോഗ വിപ്രലംഭങ്ങൾ രണ്ടിനേയും അവലംബിച്ചുനില്ക്കുന്ന ശൃംഗാരത്തെ വർണ്ണിക്കാമെന്നുള്ളതാണു് ഇതിലെ കവിസംരംഭനിമിത്തം.

''ഈടാർന്ന വാഞ്ഛാമനോരാഗനദിക്കു വിഘ്നം
കൂടാത്തൊഴുക്കനുവദിക്കുകയില്ല ദൈവം''
''ആപത്തു ഭാവിയിലിരിക്കുവതായ ഭാഗ്യ-
ദീപത്തിനുള്ള നിഴലാണു''' (?)

Digitized By Kerala Sahitya Akademi

ഇത്യാദി തത്തോപദേശങ്ങൾക്കും ഈസന്ദർഭം ഇടകൊടുക്കുന്നുണ്ട് മേനോൻ അവർകളുടെ രചനാരീതിയും കല്പനാ സാരസ്യവും പ്രസിദ്ധമാകയാലും കുലങ്കഷമായ നിരൂപണത്തിനു ഞങ്ങൾക്കു തത്കാലം സൗകര്യമില്ലാഞ്ഞതിനാലും ഈ കവിത ആകപ്പാടെ നന്നായിരിക്കുന്നു എന്നു മാത്രം പറഞ്ഞു വിരമിച്ചു കൊള്ളുന്നു. ധാരാളം വ്യുൽപ്പത്തിയും വാസനയുമുള്ള പേരെടുത്ത കവിയായ മേനോൻ അവർകൾ തന്റെ കവിയോഗ്യമായ വിഭാവനയിൽപ്പെട്ടുന്ന അർത്ഥങ്ങളുടെ 'ആനച്ചന്ത'ത്തിൽ എന്ന പോലെ അവയവഭംഗിയിലും കൂടി നല്ലവണ്ണം ദൃഷ്ടി വച്ചാൽ അദ്ദേഹത്തിന് ഇപ്പോൾ തന്നെയുള്ള യശസ്സിന്നു ഒരു മാറ്റു കൂടുന്നതാണു്.

വിവേ 1090 തുലാം

സൽക്കഥകൾ

ഡബ്ല്യു. ഒ. ഉമ്മൻ പാദ്രി

ഇത് ഇരുപതു ചെറിയ കഥകൾ അടങ്ങിയ ഒരു ചെറിയ ഗദ്യപുസ്തകമാണു്. കഥകൾ എല്ലാം സൽക്കഥകൾതന്നെ. മതഗ്രന്ഥങ്ങളിലെ 'അർത്ഥവാദ'കഥകളുടെ എതാണ്ടൊരു ഛായയാണ് ഇതിലെ എല്ലാ കഥകളിലും കാണുന്നത്. കുട്ടികൾക്കു സദാചാര ബോധമുണ്ടാക്കുന്നതിനു് ഈ മാതിരി കഥകൾ ഉപയോഗപ്പെടുമെന്നുള്ളതിൽ സംശയമില്ല. ഭാഷാരീതി വളരെ ലളിതമാണു്. വ്യാകരണത്തെറ്റുകൾ കാണുന്നില്ല. ഭാഷാസാഹിത്യശാസ്ത്രത്തിൽ പ്രത്യേകം വിവരിച്ചിട്ടില്ലാത്തതായി 'ബൈബിൾമലയാളം' എന്നു് ഒരു ദോഷംകൂടി ഭാഷാപണ്ഡിതന്മാർ സകാര്യമായി ദോഷകോടിയിൽ എണ്ണിവരാറുള്ളതു് രഹസ്യമല്ല. റവറന്ത് ഡബ്ല്യു. ഒ. ഉമ്മൻ പാദ്രി അവർകൾ എഴുതിയ ഈ പുസ്തകത്തിൽ ആ ദോഷവും പറയത്തക്കവണ്ണം ബാധിച്ചിട്ടില്ലെന്നതന്നെ പറയാം. ഗ്രന്ഥകർത്താവിനു് ഞങ്ങൾ ചാരിതാർത്ഥ്യം ആശംസിക്കുന്നു.

വിവേ: 1090 തുലാം

സാഹിത്യാദർശം

ടി. കെ. വേലുപ്പിള്ള

ഇതിൽ കവിതയെപ്പറ്റി രണ്ടും, തിരുവിതാംകൂർ രാജവംശവും മലയാളഭാഷയും എന്ന വിഷയത്തെപ്പറ്റി നാലും, സംസ്കൃത സാഹിത്യത്തെപ്പറ്റി ഒന്നും ഇങ്ങനെ ഏഴുപന്യാസങ്ങളാണ് അടങ്ങീട്ടുള്ളതു്. എല്ലാ ഉപന്യാസങ്ങളും അതാതു വിഷയത്തിന്നാവശ്യമായ കാര്യഭാഗങ്ങളെ പരാമർശിച്ചുതന്നെയാണ് എഴുതീട്ടുള്ളതു്. മലയാളസാഹി

Digitized By Kerala Sahitya Akademi

ത്യത്തിന്റെ ചരിത്രസംബന്ധമായ ഭാഗത്തെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളുടെ സംഖ്യ തീരെ ചുരുക്കമാണ്. സാഹിത്യകലയെപ്പറ്റി പ്രത്യേകം ഗുണദോഷ വിവേചനം ചെയ്തു കല്പനാശക്തിയെ സഹായിക്കയും ഹൃദയത്തെ സംസ്കരിക്കയും ചെയ്യുന്നതിനുപയുക്തമായ ഗ്രന്ഥങ്ങളും നമ്മുടെ ഭാഷയിൽ ചുരുക്കമാണ്. അതുകൊണ്ട് ഈ സാഹിത്യാദർശംപോലെയുള്ള പുസ്തകങ്ങളോട്, ഉണക്കും ക്ഷാമവും പിടിച്ച കാലത്തു് കാർമേഘത്തോടുള്ള പോലെ ഒരു പ്രീതി നമ്മുടെ സാഹിത്യ ലോകത്തിലെ സുഭിക്ഷതയെ കാംക്ഷിക്കുന്നവർക്കെല്ലാം ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ഗ്രന്ഥകർത്താവ് ഹൈക്കോടതി വക്കീൽ ടി. കെ. വേലുപ്പിള്ള (ബി. എ. ബി. എൽ) അവർകൾക്കു മലയാള സാഹിത്യ ഭണ്ഡാരത്തിലെ പ്രധാനമായ എല്ലാ കക്ഷികളിലുമുള്ള പരിചയം ഈ പുസ്തകം നല്ലവണ്ണം വിളിച്ചു പറയുന്നുണ്ട്. ഈ ആദർശത്തിൽ നിഴലിച്ചു കാണുന്ന സാഹിത്യവിഷയകമായ അറിവുകൾ ചെറുപ്പക്കാരായ വായനക്കാരെ ആകർഷിച്ചു വിസ്തീർണ്ണമായ സാഹിത്യ സാമ്രാജ്യത്തിൽ കൊണ്ടുപോയി പൗരപ്രമാണികളും അധികൃതന്മാരുമാക്കിത്തീർക്കാൻ മതിയാകുന്നവയാണു്. ഈ പുസ്തകത്തിനു ഞങ്ങൾ സകല വിജയവും ആശംസിക്കുന്നു.

വിവേ: 1090 തുലാം

സുശ്രുത സംഹിതാപരിഭാഷ— സൂത്ര നിദാന സ്ഥാനങ്ങൾ

പരി: വി. നാരായണൻനായർ

ആയുർവേദ ഗ്രന്ഥങ്ങളിൽ ഏറ്റവും പുരാതനമായത് സുശ്രുത സംഹിതയാകുന്നു. "ബ്രഹ്മാസ്മൃതപ്രായുഷോവേദം" എന്നു തുടങ്ങി ഉൽപ്പത്തിയെപ്പറ്റി അതിദൂര കാലത്തിൽനിന്നു ചിന്തിച്ചുതുടങ്ങുന്നത് ആയുർവേദ വിദ്വാന്മാരുടെ സമ്പ്രദായമാണ്. എന്നാൽ പ്രത്യക്ഷഗ്രന്ഥങ്ങളിൽവച്ചു് സുശ്രുത സംഹിതയെപ്പോലെ പഴക്കമുള്ള മറ്റൊരു ആയുർവേദഗ്രന്ഥം ഇല്ലെന്നു സമ്മതമാണു്. പഴക്കം കൊണ്ടുമാത്രമല്ല ഉൽക്കർഷംകൊണ്ടും സുശ്രുതസംഹിത അദ്വിതീയമാണു്. അർവാചീന ഗ്രന്ഥമായ അഷ്ടാംഗഹൃദയത്തിൽ തന്നെ വിഷയങ്ങളെ പ്രതിപാദിക്കുന്ന ക്രമവും വ്യവസ്ഥയുമെല്ലാം മിക്കവാറും ഈ പ്രാചീന ഗ്രന്ഥത്തെ അനുസരിച്ചാണു് ചെയ്തുകാണുന്നതു്. ആര്യന്മാർക്കു് വൈദ്യ വിദ്യയിലുണ്ടായിരുന്ന വിദഗ്ധതയ്ക്കു് സുശ്രുത സംഹിത ഏറ്റവും അപമാനകരമായ ഒരു ദൃഷ്ടാന്തമാണു്. ശസ്ത്ര വിദ്യ അല്ലെങ്കിൽ ശല്യശാസ്ത്രത്തിലാണു് ആര്യവൈദ്യന്മാർക്കു് ഇപ്പോൾ അപകർഷം കാണുന്നതു്. സുശ്രുത സംഹിത ശല്യശാസ്ത്ര

Digitized By Kerala Sahitya Akademi

വിഷയത്തിൽ ആയുർവേദ വൈദ്യൻമാർക്കുള്ള ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥമാകുന്നു. അൽഭുതകരമായ പല ശസ്ത്രക്രിയകളും ഈ പ്രാചീന ഗ്രന്ഥത്തിൽ ഏറ്റവും ശസ്ത്രീയമായ വിധത്തിൽ പ്രതിപാദിക്കുകയും ശാസ്ത്രങ്ങളുടെ നിർമ്മാണ ക്രമത്തേയും ഉപയോഗത്തേയും തൽസംബന്ധമായ സകല സംഗതികളെയും പറ്റി അന്നറിഞ്ഞിരുന്ന അറിവുകളെയെല്ലാം ഇതിൽ സംഗ്രഹിക്കയും ചെയ്തിരിക്കുന്നു. ലോകത്തുള്ള വൈദ്യശാസ്ത്രങ്ങൾക്കെല്ലാം മൂലവും മാർഗ്ഗദർശകവുമായിരുന്നത്. ഇതായിരുന്നു എന്നുള്ള വസ്തുത ആലോചിക്കുമ്പോൾ തന്നെ അതിന്റെ മഹാത്മ്യം വെളിപ്പെടുന്നതാണ്. അതുകൊണ്ട് ഈ ഗ്രന്ഥം വൈദ്യന്മാർക്കു തന്നെയല്ല സാമാന്യജ്ഞാന സമ്പാദനത്തിൽ തൃഷ്ണയുള്ള മറ്റു വായനക്കാർക്കും രസാവഹവും ഗുണപ്രദവുമായ ഒരു പുസ്തകമാണ്.

സുശ്രുത സംഹിത ഭഗവാൻ ധന്വന്തരി സുശ്രുത മഹർഷിക്ക് ഉപദേശിക്കുന്നതായിട്ടാണ് പറഞ്ഞുകാണുന്നത്. എന്നാൽ നാഗാർജ്ജുനൻ എന്ന പണ്ഡിതനാണ് സാക്ഷാൽ സുശ്രുതത്തിന്റെ കർത്താവെന്നും ധന്വന്തരി സുശ്രുതനു് ഉപദേശിച്ചതായ ശാസ്ത്രം യഥോക്തമായ വിധത്തിൽ ഇപ്പോൾ കിട്ടുന്നില്ലെന്നുമാണ് പ്രബലമായ വിശ്വാസം. ഈ സുശ്രുത സംഹിതയ്ക്ക് സംസ്കൃതത്തിൽ പല വ്യാഖ്യാനങ്ങളും ടിപ്പണങ്ങളുള്ളതായി പറയപ്പെടുന്നു. എങ്കിലും ദില്ലനാചാര്യന്റെ "നിബന്ധസംഗ്രഹം" എന്ന വ്യാഖ്യാനത്തിനാണ് ഇപ്പോൾ പ്രചാരമുള്ളത്. ഇതിനേയും വേറെ ചില വ്യാഖ്യാന ഗ്രന്ഥങ്ങളേയും ആസ്പദമാക്കിയാണ് നമ്മുടെ പരിഭാഷകൻ വി. നാരായണൻനായർ അവർകൾ ഈ ഉൽകൃഷ്ടഗ്രന്ഥത്തെ മലയാളത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹം പരിഭാഷയിൽ ചെയ്തിരിക്കുന്ന ശ്രമം അഭിനന്ദനീയമായിരിക്കുന്നു എന്നു പറയുന്നതിൽ അശേഷം മടിക്കേണ്ടതില്ല. പാട്ടുള്ളിടത്തോളം പ്രമേയങ്ങളെ പാശ്ചാത്യ വൈദ്യശാസ്ത്രങ്ങളോട് യോജിപ്പിച്ചുകൊണ്ടു പോവാൻ ചെയ്തിരിക്കുന്ന ശ്രമവും പ്രത്യേകം സ്മരണീയമാണ്. നിദാന സ്ഥാനത്തിന്റെ ആദ്യഭാഗത്തിൽ വാതത്തിന്റെ ലക്ഷണം, സ്വരൂപം, സ്ഥാനം ഇവയെ വർണ്ണിക്കുന്ന "സ്വയംഭൂരേഷ ഭഗവാൻ" എന്നാദിയായ പദ്യത്തിന്റെ വ്യാഖ്യാനത്തിൽ അനുസരിച്ചിരിക്കുന്ന രീതി ഇതിന് ദൃഷ്ടാന്തമാണ്. ഇതിൽ നിന്ന് വാത പിത്ത ശ്ലേഷ്മങ്ങൾ അല്ലെങ്കിൽ ത്രിദോഷങ്ങൾ എന്താണെന്നുള്ളതിനെപ്പറ്റി ശാസ്ത്രീയമായ ഒരു ബോധം വിദ്യാർഥികൾക്ക് ഉണ്ടാകുന്നു. നവീന ശാസ്ത്രങ്ങളുടെ അഭിപ്രായത്തിന് അത് യോജിച്ചുമിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ ശേഷം ഭാഗങ്ങൾകൂടി നാരായണൻനായർ അവർകൾ പരിഭാഷപ്പെടുത്തി ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതായാൽ മലയാളികൾക്കും മലയാളഭാഷക്കും അത് അനശ്വരമായ ഒരു സ്വത്തായിരിക്കും.

വിവേ. 1090 കുംഭം, മീനം

Digitized By Kerala Sahitya Akademi

മഹാഭാരതകഥ

കുന്നത്തു ജനാർദ്ദനമേനോൻ

''ചക്രവർത്തി'' പത്രാധിപരായ കുന്നത്തു ജനാർദ്ദനമേനോൻ അവർകൾ മഹാഭാരതത്തിലെ പ്രധാന കഥാപുരുഷന്മാരെപ്പററി ചെയ്യുന്ന ഒരു വിമർശനമാണ് ഈ ചെറിയ പുസ്തകം. സാമാന്യന്മാർക്ക് ഉററുനോക്കിയാൽ തലതിരിച്ചിൽ തോന്നുന്ന ഒരു ബ്രഹ്മാണ്ഡ വിഷയമാണ് മഹാഭാരതവിമർശനം എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മിസ്റ്ററർ ജനാർദ്ദനമേനോൻ വലിയ മനസ്സാന്നിദ്ധ്യത്തോടുകൂടി ഈ അഗാധ വിഷയത്തിൽ ഇറങ്ങി ഹൃദയസ്പൃക്കുകളായ ഏതാനും ചെറിയ ഉപന്യാസങ്ങൾകൊണ്ടു തന്റെ ഉദ്ദേശങ്ങൾ ഒരു വിധം തൃപ്തികരമാംവണ്ണം സാധിച്ചുകൊണ്ടു കയറിപ്പോന്നിരിക്കയാണ് ചെയ്യുന്നത്. കഥാപുരുഷന്മാരെ അല്ലെങ്കിൽ പാത്രങ്ങളെ മിസ്റ്ററർ മേനോൻ പ്രത്യേകം പ്രത്യകം നിർവർണ്ണനം ചെയ്യുന്നതും അവരെപ്പററി ചിന്തിക്കുന്നതും, കുരുക്ഷേത്രത്തിലെ പ്രസിദ്ധമായ ആ പോർക്കളത്തിന്റെ ഒരു കോണിൽ എവിടെയോ സ്ഥാനം പിടിച്ചു നിന്നുകൊണ്ടാണ്. അങ്ങിനെതന്നെയാണുവേണ്ടതും. ആകാശത്തിൽ പൊങ്ങിപ്പറക്കുന്ന ഒരു പക്ഷി താഴത്തുള്ള പദാർത്ഥങ്ങളുടെ മേൽ കണ്ണുകളെ ഉഴിഞ്ഞുപെരുമാറികൊണ്ടു കടന്നുപോകുന്നതുപോലെയാണ് മിസ്റ്ററർ മേനോന്റെ വിമർശനം വലിയ കഥാപാത്രങ്ങളെയും കഥകളെയും ഉരസിക്കൊണ്ടുപോയിട്ടുള്ളത്. വാസ്തവത്തിൽ ഇത്ര വലിയ വിഷയത്തെ ഇത്ര സംക്ഷിപ്തമായും തൃപ്തികരമായും നിർവർണ്ണനം ചെയ്തുവർണ്ണിപ്പാൻ സാധിച്ച മിസ്റ്ററർ മേനോന്റെ ഗുണദോഷ ചർച്ചാ കുശലതയേയും വാഗ്മിത്വത്തേയും ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഈ ചെറിയ പുസ്തകം മിസ്റ്ററർ മേനോൻ ആശിക്കുന്നപോലെ മലയാളത്തിൽ മഹാഭാരത വായനക്കാർക്ക് മാത്രമല്ല ഉത്തമകാവ്യങ്ങളെ വായിച്ചറിഞ്ഞു പരമാനന്ദമനുഭവിപ്പാൻ കൗതുകമുള്ള എല്ലാ വായനക്കാർക്കും ഒരു പുതിയ ഗുണദോഷചിന്താസരണിയെ ഉറന്നുകൊടുക്കുന്നതാണെന്നു വിശ്വസിക്കയും ചെയ്യുന്നു. ഭാഷാരീതിയേയോ പ്രമേയങ്ങളുടെ ക്രമീകരണത്തേയോ ഗുണദോഷങ്ങളെ അളക്കാൻ അംഗീകരിച്ചിരിക്കുന്ന തോതിനെയോ യാതൊന്നിനെ സംബന്ധിച്ചും ചികഞ്ഞുനോക്കി എന്തെങ്കിലും ആക്ഷേപം പറവാൻ ഞങ്ങൾക്കു തോന്നുന്നില്ല. ആത്ര ശ്രദ്ധവച്ചെഴുതീട്ടുള്ള ഒരു ചെറിയ നല്ല പ്രബന്ധമാണിത്. മിസ്റ്ററർ മേനോന്റെ ഈ മാതിരി പരിശ്രമങ്ങൾ നിശ്ചയമായും സാഹിത്യലോകത്തിന്റെ യഥാർത്ഥമായ പരിഗണനയിൽ എത്തുന്നതാണ്. വ്യാസനെപ്പററി ചിന്തിക്കുമ്പോൾ പ്രസംഗവശാൽ മിസ്റ്ററർ മേനോൻ സാഹിത്യകാരന്മാരെ സംബന്ധിച്ചു സാമാന്യേന ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—''അവർ സങ്കല്പലോകത്തിൽ പല തരത്തിലുള്ള മനുഷ്യരെ സൃഷ്ടിച്ചു നമ്മുടെ മുമ്പിൽ കൊ

Digitized By Kerala Sahitya Akademi

ണ്ടുവന്നനിർത്തുന്നു. വിവിധ ഭാവങ്ങളോടുകൂടിയ ഗുണദോഷങ്ങൾ അവരിൽ പെട്ടെന്നു അങ്കുരിക്കുന്ന ക്രമത്തേയും അവ അവരുടെ ചിത്തവൃത്തിയെ പ്രവർത്തിപ്പിക്കുന്ന വിധത്തേയും അവയിൽ നിന്നുണ്ടാകുന്ന ഫലങ്ങളെ അവർ അനുഭവിക്കുന്ന അവസ്ഥയേയും സാഹിത്യകാരന്മാർ നമുക്ക് ശരിയായും വെളിവായും കാട്ടിത്തരുന്നു. അവരുടെ ഈ മായാമനുഷ്യരിൽ ചിലർ നാം തന്നെയാണെന്നും ചിലർ നമ്മുടെ സ്നേഹപ്പെട്ടവരാണെന്നും തോന്നുമാറ് നമ്മെ മയക്കുന്നതിനു് സാഹിത്യകാരന്മാർക്ക് സാമർത്ഥ്യമുണ്ടു്. നാം അവരുടെ മായാലോകത്തിൽ സ്വബോധരഹിതന്മാരായി പ്രവേശിക്കയും അവിടെ നടക്കുന്ന അനുഭവങ്ങളും അവയുടെ കാരണങ്ങളും എന്തെന്നു മാത്രമുപോകാത്തവണ്ണം നമ്മുടെ മനസ്സിൽ പതിയുകയും ചെയ്യുന്നു. അങ്ങിനെ വിവിധങ്ങളായ ഗുണദോഷഭാവങ്ങളുടെ ഉത്ഭവസ്ഥാനങ്ങളെയും അവയുടെ വിവിധങ്ങളായ ഫലങ്ങളേയും നാം തിരിച്ചറിയുമാറാവും. ഗുണദോഷസമ്മിശ്രമായ ലോകത്തിന്റെ കിടപ്പും സുഖദുഃഖങ്ങളുടെ നടപ്പും നാം കാണുമാറാവും. നമ്മെ അവനമിപ്പിക്കുന്ന ദോഷങ്ങളെ ഒട്ടുക്കുന്നതിനും മാനസിക വികാരങ്ങളെ അടക്കുന്നതിനും നമ്മെ ഉന്നമിപ്പിക്കുന്ന ഗുണങ്ങളെ എടുക്കുന്നതിനും നാം ശക്തരാകുകയും ചെയ്യും ഇത്രയൊക്കെ ഗുണം സാഹിത്യകാരന്മാരുടെ പ്രവൃത്തിയിൽനിന്നു നമുക്കു കിട്ടുന്നുണ്ടു്. അങ്ങിനെ പരാനുഭവങ്ങളേയും, ആ അനുഭവങ്ങൾക്കുണ്ടായ മനോവികാരങ്ങളേയും, ആ മനോവികാരങ്ങളെ പ്രവർത്തിപ്പിച്ച വിഷമതയേയും സാഹിത്യകാരന്മാർ ലോകത്തിൽ അനുഭവഗോചരമാക്കീട്ടുള്ളതുകൊണ്ടാണു് നമുക്ക് ഇത്രയെങ്കിലും ഗുണദോഷജ്ഞത ഉണ്ടായിരിക്കുന്നതു്."

വിവേ: 1090 കർക്കടകം, 1091 ചിങ്ങം

പുകയില മാഹാത്മ്യം

നാലപ്പാട്ടു നാരായണമേനോൻ

ഇതു് നാലപ്പാട്ട നാരായണമേനോൻ അവർകൾ എഴുതിയ ഒരു ചെറിയ കിളിപ്പാട്ടാണു്. പേരുകേട്ടാൽ ഒരു ഹാസ്യരസം ചിലർക്കു തോന്നാം. പുകയില തന്നെ വളരെപ്പേർക്കു് രസകരമാണെങ്കിലും ചിലർക്കൊക്കെ തലതിരിച്ചിൽ ഉണ്ടാകുന്ന ഒരു ദ്രവ്യമല്ലേ? പുസ്തകം ചെറുതാണെങ്കിലും ചില വലിയ കൃതികളേക്കാൾ അഭിപ്രായം പറയത്തക്ക നൈപുണ്യമുള്ളവർ ഇതിൽ അടങ്ങീട്ടുണ്ടു്. പുകയിലയുടെ ഉൽപത്തിയേയും ആഗമനത്തേയും പറഞ്ഞിരിക്കുന്നു. മിസ്റ്റർ മേനോന്റെ കവിനൈപുണ്യമായ വിഭാവനയുടെ ഗതി ഫലിതമാണെങ്കിലും പ്രൌഢമായിരിക്കുന്നു. മന്ദാകിനിയുടെ തീരത്തുള്ള പുഷ്പവാടിയിൽ ത്രിമൂർത്തികളുടെ പ്രിയതമാരായ ദേവിമാർ ചേർന്നു വൈകുന്നേരം വെടിപറഞ്ഞുരസിച്ചുകൊണ്ടിരിക്കയായിരുന്നു. വിലപത്രം കൊണ്ടു് അർച്ചിക്കുന്നേടത്തു് എന്റെ ഭർത്താവു് പ്രത്യക്ഷപ്പെടുമെന്നും എനിക്കു

Digitized By Kerala Sahitya Akademi

വരം തന്നിട്ടുണ്ടെന്നും പാർവതീദേവി പറഞ്ഞപ്പോൾ മഹാലക്ഷ്മി ഇളസീദളംകൊണ്ട് അർച്ചിക്കുന്നേടത്തു സാന്നിദ്ധ്യം നൽകാമെന്ന് എന്നെം പ്രിയതമൻ എനിക്കും വരം നൽകീട്ടുണ്ടെന്നു പറഞ്ഞു സരസ്വതിക്ക് ഭർത്താവിനെ ആവശ്യപ്പെട്ടന്ന സ്ഥലത്തും സമയത്തും വരുത്തുന്നതിന് അങ്ങനെയുള്ള വരമോ ദിവ്യൗഷധിയോ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ വളരെ ഈർഷ്യയും കണ്ഠിതവും തോന്നി. ഇതു് അഗ്നിഹോത്രിയായ ബ്രഹ്മാവറിഞ്ഞു. കുറെ ഹോമധൂമത്തെ യുരുക്കൈകൊണ്ടുപിടിച്ചു സരസ്വതിയുടെ കൈയിൽ വച്ചുകൊടുത്തിട്ട് ഇതിനെ കുഴിച്ചിട്ടാൽ ഒരു ചെടി വളർന്നുവരുമെന്ന് കൽപിച്ചു. സരസ്വതി അങ്ങനെ ചെയ്തു. കാര്യം ഫലിച്ചു. സങ്കടം തീരുകയും ചെയ്തു. ആ ചെടിയാണത്രെ പുകയില. ദേവിമാരുടെ പിറ്റേദിവസത്തെ സമ്മേളനത്തിൽ ഇച്ചെടിയുടെ ഇല ഒരു അത്ഭുതവസ്തുവായിരുന്നു. ത്രിമൂർത്തികൾ അവിടെ പ്രത്യക്ഷപ്പെട്ടു. മഹാവിഷ്ണു ഈ ചെടി കണ്ടു വിസ്മയിച്ചു് അതിന്റെ ഇല സ്വൽപം നുള്ളി വായിലിട്ടു വളരെ രസിച്ചു. ഗംഗാധരനായ ശിവൻ ഇതിന്റെ ഇല സ്വൽപം പൊട്ടിച്ചെടുത്തു നെറ്റിക്കണ്ണിലെ തീയിൽ വറുത്തു പൊടിച്ചു മൂക്കിൽ പിടിച്ചു. ജലദോഷത്തിനു് ഇതു് വിശേഷമാണെന്നു പറഞ്ഞു സന്തോഷിച്ചു. ഓരോരുത്തരും അവരവരുടെ വസതികളിൽ നട്ടു വളർത്താൻ ഇതിന്റെ തൈകളെ കൊണ്ടുപോകയും ചെയ്തു. ഇങ്ങനെ ത്രിമൂർത്തികളും വിശേഷിച്ചു് ഋഷിമാരിൽ ചിലരും പുകയിലയിൽ ഭ്രമിച്ചുവശായി എന്നും അങ്ങിനെയാണു് ഈ പരമാനന്ദസാധനം ലോകത്തു അവതരിച്ചതെന്നുമാണു് ചുരുക്കം. ഈ ആഗമ രഹസ്യം അറിവാൻ നൈമിശാരണ്യത്തിൽ ഋഷിമാർ സഭ കൂടുന്നതും, കൗണ്ഡിന്യ മഹർഷിയുടെ ചുരുട്ടുവലിയും, പൊടി പിടിക്കലും അദ്ദേഹം കൈലാസത്തു പരമേശ്വരന്റെ നാടകാഭിനയം കാണാൻ പോകുന്നതും, നന്ദീശ്വരനുമായി കണ്ടുമുട്ടി ഉദ്യാനത്തിൽവച്ചു ചെയ്യുന്ന സംഭാഷണവും, ദേവിമാരുടെ മന്ദാകിനീ തീരത്തെ സമ്മേളനവും ഉദ്യാന വർണ്ണനകളും മറ്റും വളരെ രസകരമായിരിക്കുന്നു. വർണ്ണനകൾക്കുള്ള തന്മയത്വവും സന്ദർഭങ്ങളുടെ രമ്യതയും പല നല്ല ഉല്ലേഖങ്ങളുംകൊണ്ടു ഇതു് ഉത്തമ കാവ്യകോടിയിൽ ഗണിക്കാൻ യോഗ്യമായ ഒരു ചെറിയ കൃതിയാണു്. എന്നാൽ പ്രതിപാദ്യ വസ്തുവിന്റെ സഹജമായ നിസ്സാരത്വവും ലീനതയോ, സ്പഷ്ടമായോ ഗ്രന്ഥം മുഴുവൻ എങ്ങും വ്യാപിച്ചുകിടക്കുന്ന ഹാസ്യരസവും, പുകയില നിഷേധകോടിയിൽപ്പെട്ട ദ്രവ്യമാകയാൽ അതിന്റെ ഉപയോഗത്തെ പുകഴ്ത്തുന്നതിൽ പ്രത്യക്ഷമായിക്കാണുന്ന സദാചാര വിരുദ്ധതയും, അനൗചിത്യവും മറ്റും ഈ ഉന്നത സ്ഥാനം ഇതിനു നൽകാതെ തടുത്തുനിൽക്കയും ചെയ്യുന്നു. ഭാഷയും രചനാരീതിയും വളരെ നന്നായിട്ടുണ്ടു്. എന്നാൽ ദേശ്യപ്രയോഗങ്ങളും ഗ്രാമ്യപദങ്ങളും അവിടവിടെ കടന്നുകൂടി വായനക്കാരെ വിഷമിപ്പിക്കയും വിര

Digitized By Kerala Sahitya Akademi

സിപ്പിക്കയും ചെയ്യുന്നുണ്ടെന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല. ആകപ്പാടെ നോക്കിയാൽ ചെറുതെങ്കിലും ഇതു് സാരസ്യമുള്ള ഒരു കൃതിയാണെന്നു സമ്മതിച്ചേതീരൂ. കിളിപ്പാട്ടിനേക്കാൾ തുള്ളപ്പാട്ടു് ഈ പ്രമേയത്തിനു് അധികം പറ്റുമായിരുന്നില്ലേ എന്നു ശങ്കിക്കുന്നു. ഒരു മുനിയുടെ ചിരിയിൽ സ്ഫുരിക്കാവുന്ന മാതിരി വിചാരഗർഭമായ ഹാസ്യരസംകൊണ്ടാണു് പുകയില മഹാത്മ്യം സഹൃദയന്മാരെ ആകർഷിക്കുന്നതു്. സാഹിത്യസാമ്രാജ്യത്തിൽ വൈദ്യശാസ്ത്രജ്ഞന്മാരുടെ ആക്ഷേപമോ കഠിനമായ ചങ്കനിർബന്ധമോ ഒന്നും കൂടാതെ പുകയിലമാഹാത്മ്യം പ്രചരിക്കുമാറാകട്ടെ. "നാലപ്പാട്ടു് നാരായണമേനോൻ, അണ്ടത്തോടു്, മലബാർ" എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ പുസ്തകം കിട്ടും. വില 3 അണ."

വിലയ: 1090 കർക്കിടകം, 1091 ചിങ്ങം

സ്നേഹലത

കണ്ണൻമേനോൻ ബി. എ. എൽ. റ്റി.

ഈ ആഖ്യായിക ഇവിടെ കിട്ടീട്ടു് ഒരു കൊല്ലം കഴിയുന്നു. ഞങ്ങൾ ഇതിനെ ഒരാവൃത്തി വായിച്ചുരസിക്കയും ചെയ്തിട്ടുണ്ടു്. ഇതുവരെ അഭിപ്രായം പറയാൻ തരമാകാഞ്ഞതിൽ വ്യസനിക്കുന്നു. ഇപ്പോഴും ഇതിനെ സമഗ്രമായി പരാമർശിച്ചു ഗുണദോഷങ്ങളെ പ്രത്യേകം ചൂണ്ടിക്കാണിച്ചു് അഭിപ്രായം എഴുതാൻ സൗകര്യമില്ലെന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. നായർ സമുദായപരിഷ്കരണത്തെ മുൻനിർത്തി എഴുതീട്ടുള്ള ഒരു കൽപിത കഥയാണിതു്. ഇന്ദുലേഖ, ശാരദ മുതലായ ആഖ്യായികകൾ സമുദായത്തിന്റെ താൽകാലിക സ്ഥിതിയേയും മാർത്താണ്ഡവർമ്മ, ധർമ്മരാജാ മുതലായ ഗ്രന്ഥങ്ങൾ കഴിഞ്ഞകാലത്തെ മഹിമകളേയും രേഖപ്പെടുത്തുന്നതുപോലെ സ്നേഹലത നായർ സമുദായത്തിന്റെ ഐഹികവും പാരത്രികവുമായ സകലനന്മകൾക്കും ഹേതുഭൂതമാകത്തക്ക ഒരു പ്രശസ്തഭാവിയെ വിഭാവനം ചെയ്കയാണെന്നു പറഞ്ഞാൽ അബദ്ധമില്ലെന്നതോന്നുന്നു. തലശ്ശേരി തിരുവങ്ങാട്ടമ്പലത്തിന്റെ കിഴക്കുവശത്തുള്ള പാടത്തിൻകരയിൽ പരിഷ്കൃതരീതിയിൽ . സങ്കൽപത്താൽ നിർമ്മിച്ചിരിക്കുന്നതു്, തിരുവനന്തപുരത്തുകാരിയായ ശ്രീമതി ജാനകിയമ്മയുടെ പ്രശസ്തയായ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതുമായ നായർ ബാലികമാർക്കുള്ള വിദ്യാലയവും വിദ്യാർത്ഥിനീമന്ദിരവും, തിരുവനന്തപുരം ടൗണിൽ സൃഷ്ടിച്ചിരിക്കുന്ന വിശാലവും ഗംഭീരമനോഹരവുമായ നായർ സമാജമന്ദിരവും അതിയോഗ്യനായ നായർ സ്വാമിയാരുടെ പൗരോഹിത്യവും വടക്കേമലയാളക്കാരിയും നായികയുമായ സ്നേഹലതയും തിരുവനന്തപുരത്തുകാരനായ നായകൻ ഗോവിന്ദപ്പിള്ളയും തമ്മിലുള്ള ദാമ്പത്യബന്ധവും മറ്റും ഇന്നത്തെ യഥാർത്ഥ സമുദായ സ്നേഹികളുടെ ഹൃദയദർപ്പണത്തിൽ പ്രതിബിംബിക്കത്ത

Digitized By Kerala Sahitya Akademi

കതും ആശാസ്യവുമായ സംഗതികൾതന്നെ. കഥാകല്പനം, പാത്ര സൃഷ്ടി, വിഷയ വിവരണം, വർണ്ണനകൾ, ഭാഷാരീതി ഈ സുപ്ര ധാനാംശങ്ങളിലെല്ലാം ഗ്രന്ഥകാരൻ ഒരുത്തമ സാഹിത്യകാരനു് അനു രൂപമായ വിധത്തിൽ ദൃഷ്ടിവച്ചിട്ടുള്ളതായി കാണുന്നതിൽ സന്തോ ഷിക്കുന്നു. എന്നാൽ അവയിലെല്ലാം സൂക്ഷിച്ചുനോക്കിയാൽ അല്പാ ല്പമായ ചില ന്യൂനതകൾ അവിടവിടെ കാണുന്നുണ്ടു്. ഗ്രന്ഥകർ ത്താവിന്റെ ആദ്യത്തെ കൃതിയാകയാൽ അതു് ക്ഷന്തവ്യമാണു്. പ്രകൃ തിയേയും മനുഷ്യജീവിതത്തേയും സംബന്ധിച്ചുള്ള പല രഹസ്യങ്ങ ളേയും, വിശേഷിച്ചു് പ്രേമരസത്തിന്റെ അടിയിൽകിടക്കുന്ന ചില സൂക്ഷ്മഭാവങ്ങളേയും പററി ഈ ആഖ്യായികയിൽ രോമാഞ്ചജനക മായ പല ഉല്ലേഖങ്ങളും ചെയ്തിട്ടുള്ളതു് എടുത്തുപറയത്തക്കതാണു്. ആനന്ദവല്ലി എന്ന ചെറിയ പെൺകുട്ടിയാണു് നായികാ നായകന്മാ രുടെ പ്രണയത്തിനു് ബീജമായിരുന്നിട്ടുള്ളതു്. ഈ പ്രണയവൃക്ഷം വളർന്നു് പല്ലവിതവും പുഷ്പിതവും ഫലപൂർണ്ണവുമായിത്തീരുന്നതി നായി വിത്തായ ആ സാധുകുട്ടി മരിക്കേണ്ടതായി വന്നിരിക്കുന്നു. ആ മരണത്തെപ്പററിയ ഉൽക്കണ്ഠ വായനക്കാർക്കു് മുഴുവൻ പുസ്തകം വായിച്ചുതീർത്താലും നിലനിന്നുകൊണ്ടിരിക്കുന്നു. അതിനെപ്പററി അവർ ഗ്രന്ഥകർത്താവിനോടു് ചില മുട്ടച്ചോദ്യങ്ങൾ ചോദിച്ചേക്കാം. ആകപ്പാടെ സദാചാരസംബന്ധമായ ഉയർന്നതരം ആദർശങ്ങളെ അടിസ്ഥാനമാക്കി സരസമാംവണ്ണം എഴുതീട്ടുള്ള ഈ പുസ്തകം കാലോചിതവും ദോഷശങ്കകൂടാതെ ആർക്കും വായിച്ചുരസിക്കത്തക്ക തുമാകയാൽ മലയാളികളിൽ സ്ത്രീകളും പുരുഷന്മാരുമായ വായനക്കാർ ഇതിനെ ധാരാളം വാങ്ങിവായിക്കുമെന്നു് ആശംസിക്കുന്നു. ഗ്രന്ഥകർ ത്താവായ കെ. കണ്ണൻമേനോൻ ബി. എ. എൽ. ററി. അവർകളേയും അദ്ദേഹത്തെ സർവഥാ പ്രോത്സാഹിപ്പിച്ച പ്രകാശകൻ മന്നത്തുപത്മ നാഭപിള്ള ആവർകളേയും ഈ ശ്രമത്തിൽ ഞങ്ങൾ അഭിനന്ദിക്കുകയും ഇതിന്റെ വിജയത്തിൽ നിർവ്യാജം അനുമോദിക്കുകയും ചെയ്യുന്നു. കണ്ണൻ മേനോൻ അവർകൾതന്നെ ഈ സാഹിത്യശ്രമത്തെ അനുവർ ത്തിച്ചാൽ നിശ്ചയമായും ഒരുന്നത സ്ഥാനത്തെ അചിരേണ അർഹി ക്കുന്നതാണെന്നൂഹിപ്പാൻ വേണ്ട തെളിവുകൾ ധാരാളം ഈ കൃതിയി ലുണ്ടു്. ഡെമ്മി എട്ടു് വലിപ്പത്തിൽ 330-ൽ പരം പുറങ്ങളുള്ള ഈ പുസ്തകം ഒന്നേകാൽ ഉറുപ്പിക വിലയ്ക്കു് ചങ്ങനാശ്ശേരി എം. പി. ബുക്ഡിപ്പോവിലേക്കു് എഴുതിയാൽ കിട്ടും.

വിവേ: 1091 കുംഭം

പത്മിനി

വിവ: ടി. രാമലിംഗംപിള്ള

വിജയനഗര രാജവംശത്തിന്റെ ഒരു പ്രധാന ചരിത്ര ശകലത്തെ ആസ്പദമാക്കി പ്രസിദ്ധ ഗ്രന്ഥകാരനായ റാവുസാഹിബു് ടി. രാമ

Digitized By Kerala Sahitya Akademi

കൃഷ്ണപിള്ള അവർകൾ ഇംഗ്ലീഷിൽ എഴുതിട്ടുള്ള ഒരു സരസ കഥയുടെ ഭാഷാന്തരമാണ് ഈ ഗ്രന്ഥം. ഇതിന്റെ മൂലം പ്രസിദ്ധമാകയാൽ കഥാകല്പനം, പാത്രസൃഷ്ടി, വിഷയവിവരണം, മുതലായ ഭാഗങ്ങളെപ്പറ്റി ഇവിടെ ചിന്തിച്ചിട്ടാവശ്യമുണ്ടെന്നതോന്നുന്നില്ല. 16-ാം നൂറ്റാണ്ടിൽ ദക്ഷിണ ഇൻഡ്യ രാജ്യകാര്യ സംബന്ധമായും സാമുദായികമായും മറ്റും ഏതവസ്ഥയിൽ ഇരുന്നു എന്നറിവാൻ ആഗ്രഹിക്കുന്നവർക്ക് ഈ ആഖ്യായിക ഒരു ദൂരദർശിനിപോലെ ചിന്താദൃഷ്ടിയെ സഹായിക്കുന്നതാണ്. ഇതിലെ ഭാഷാഗതി തിരുവിതാംകൂറുകാർക്ക് വളരെ പരിചിതവും പ്രിയപ്പെട്ടതുമായ മണിപ്രവാളരീതി അല്ലെങ്കിൽ കേരളവർമ്മ രീതിയിലാണ്. വാക്യങ്ങളിൽ ധാരാളം സംസ്കൃതപദങ്ങൾ ചേർന്നിരിക്കുന്നതുകൊണ്ട് ഈ രീതിയിൽ എഴുതി ഫലിപ്പിപ്പാൻ പാണ്ഡിത്യവും പരിചയവും വേണമെന്നുള്ളതു സ്പഷ്ടമാണ്. അങ്ങനെയല്ലാതെ പദ്യങ്ങളുടെ സ്ഥാനവും രൂപവും തെറ്റിച്ചുള്ള പ്രയോഗങ്ങൾ നിമിത്തമാണ് ഈ രീതി ദൂഷിതമായിത്തീരുന്നതു്. മറിച്ച് ഈ രീതിയിൽ ഭാഷാശുദ്ധിയും ഒഴുക്കും ലാളിത്യവും തികയുമ്പോൾ അതിനെയാണ് ഇന്നു നാടോടിഭാഷയിൽനിന്നു വേർതിരിച്ചറിയാവുന്ന ഒരു നല്ല സാഹിത്യഭാഷയായി നാം കാണുന്നതു്. പത്മിനിയിലെ ഭാഷ ഇങ്ങനെയുള്ളതാണെന്നു പറവാൻ ഞങ്ങൾക്ക് ഒട്ടും മടി തോന്നുന്നില്ല. ഇതു നിർദ്ദോഷമായും സരസമായും സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടിയും ഇംഗ്ലീഷിൽ നിന്ന് ഒരു പ്രൌഢഗ്രന്ഥത്തെ ഭാഷാന്തരം ചെയ്ത മലയാളികളെ രസിപ്പിപ്പാൻ കഴിയുന്ന പണ്ഡിതനായ ശ്രീമാൻ ടി. രാമലിംഗംപിള്ള എം. എ. അവർകളെ മദ്രാസ് സർവകലാശാലയിലെ മലയാളം റീഡർഷിപ്പ് സ്ഥാനത്തിൽ തിരഞ്ഞെടുപ്പാൻ ഭാവിച്ചപ്പോൾ ചില യോഗ്യന്മാർ പുറപ്പെടുവിച്ച ആക്ഷേപത്തെ ഓർത്ത് ആശ്ചര്യവും വ്യസനവും തോന്നുന്നു. മിസ്റ്റർ പിള്ളയുടെ മാതൃഭാഷ മലയാളമല്ലെന്നുള്ളതു ശരിതന്നെ. എന്നാൽ അതിനെ അടിസ്ഥാനമാക്കി മലയാളത്തിൽ ഏറ്റവും ഉയർന്ന തരം പരീക്ഷ്യതയും ശരിയായ അഭ്യാസവുമുള്ള നമ്മുടെ നാട്ടുകാരനായ മിസ്റ്റർ പിള്ള ടി സ്ഥാനത്തിനു് അർഹനല്ലെന്നു വാദിച്ചതു് ശരിയോ? ഈ വാദത്തിലുള്ള അനൌചിത്യത്തെയും അതിലെ അനുമാനങ്ങളിലടങ്ങിയ ഹേത്വാഭാസങ്ങളേയും ചൂണ്ടിക്കാണിക്കുന്നതു് അപ്രകൃതമാകയാൽ ഇവിടെ അതിനു തുനിയുന്നില്ല. എന്നാൽ നമ്മുടെ ഭാഷാഭിമാനികൾ ഒരു ഭാഷാപണ്ഡിതനോടു് പ്രദർശിപ്പിച്ച ഈ അനാശാസ്യമായ മനോഭാവ വിശേഷത്തെപ്പറ്റി അനുതപിക്കാതിരിപ്പാൻ തരമില്ല. പത്മിനി മലയാളത്തിലെ ചെറു ആഖ്യായികകളിൽ എല്ലാംകൊണ്ടും ഒന്നാം തരത്തിൽ ഗണിക്കാവുന്ന ഒന്നാണ്. പൊതുവിൽ മലയാള പുസ്തക വായനക്കാരുടേയും വിശേഷിച്ച് ടെക്സ്റ്റ്ബുക്ക കമ്മിറ്റിക്കാരുടേയും ശ്രദ്ധയെ ഈ ഗ്രന്ഥത്തെ പ്രോത്സാഹിപ്പിക്കുന്ന വിഷയ

Digitized By Kerala Sahitya Akademi

തതിൽ ഞങ്ങൾ സന്തോഷപൂർവം ക്ഷണിക്കുകയും മിസ്റ്റർ പിള്ളയുടെ ഈ ശ്രമത്തെ ഹൃദയപൂർവം അഭിനന്ദിക്കുകയും ചെയ്യുന്നു. ഇതു് അദ്ദേഹത്തിന്റെ മലയാള കൃതികളിൽ രണ്ടാമത്തെതാണു്. യുവാവായ ഈ പണ്ഡിതനിൽനിന്നു നമ്മുടെ ഭാഷയ്ക്കു് ഇനിയും സാരമായ സഹായങ്ങളെ പ്രതീക്ഷിക്കാവുന്നതാകുന്നു.

വിവേ. 1091 കുംഭം

അഷ്ടാംഗ ഹൃദയം ഭാഷ

പി. എം. ഗോവിന്ദൻവൈദ്യർ

പി. എം. ഗോവിന്ദൻവൈദ്യർ അവർകളുടെ അഷ്ടാംഗ ഹൃദയം പരിഭാഷയെപ്പറ്റി നാലഞ്ചുകൊല്ലം മുമ്പു് ഞങ്ങൾ ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നു. അന്നത്തെ മാസികാരൂപേണ പ്രസിദ്ധപ്പെടുത്തി വരികയായിരുന്നു. ഇപ്പോൾ മുഴുവൻ ഗ്രന്ഥവും ഭാഷാന്തരം ചെയ്തു് ഒന്നായി അച്ചടിച്ചു ഭംഗിയാക്കിക്കെട്ടിയ പുസ്തകമാണു് ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു്. അപാരമായ ആയുർവേദ സമുദ്രത്തിന്റെ സാരസംഗ്രഹമാണു് അഷ്ടാംഗ ഹൃദയം. മുനിപ്രണീതങ്ങളായ മൂലവൈദ്യ ഗ്രന്ഥങ്ങളിൽ വിശകലിതമായി കിടക്കുന്ന എല്ലാ പ്രധാനാംശങ്ങളേയും ലോകാനുഗ്രഹ ബുദ്ധ്യാ മഹാനുഭാവനായ വാഗ്ഭടാചാര്യർ "നാതിസംക്ഷേപ വിസ്തര"മായ ഈ ഗ്രന്ഥത്തിൽ ശാസ്ത്രീയരീത്യാ ക്രമപ്പെടുത്തി പ്രതിപാദിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ പുസ്തകം ഗുരുമുഖത്തിൽ നിന്നു ക്രമമായി പഠിച്ചു് വേണ്ടവണ്ണം പരിചയം സമ്പാദിച്ചിട്ടുള്ള വൈദ്യൻ ഒരു പൂർണ്ണ വൈദ്യനായിത്തീരുന്നു. അഷ്ടാംഗ ഹൃദയം ഋഷിപ്രണീതമല്ലെന്നു വിചാരിച്ചു് അതിൽ അനാദരം ഭാവിക്കുന്ന വൈദ്യ വിദ്യാർത്ഥിയെപ്പറ്റി ആചാര്യൻ തന്നെ ഗ്രന്ഥാവസാനത്തിൽ,

"ഇസ്സൂക്തി പക്ഷപ്രതിപത്തിയാൽ കൈ—
ക്കൊള്ളുന്നതില്ലേതു വിമൂഢബുദ്ധി
പഠിച്ചുകൊള്ളട്ടെ മുഷിഞ്ഞവൻ കൈ
വിടാതെ ചാകുംവരെ യാദിവൈദ്യം"

എന്നാണു് പറഞ്ഞിരിക്കുന്നതു്. ഇതു് ഒട്ടും അത്യുക്തിയോ അതിശയോക്തിയോ അല്ലെന്നു് ഈ ഗ്രന്ഥ രത്നത്തിന്റെ വിലയറിയുന്ന ഏതു ബുദ്ധിമാനും സമ്മതിക്കുന്നതാണു്. അഷ്ടാംഗ ഹൃദയത്തിനും, അതിലെ സമ്പ്രദായമനുസരിച്ചുള്ള ചികിൽസയ്ക്കും കേരളത്തിലുള്ളതുപോലെ പ്രചാരം ഇന്ത്യയിൽ മറെറങ്ങുമില്ലെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ബംഗാളത്തെ വൈദ്യകേസരികളായ കവിരാജാക്കൻമാരുടെ ഇടയിൽ തന്നെ അഷ്ടാംഗഹൃദയം പ്രധാന പാഠ്യ പുസ്തകമല്ല. ചരകസുശ്രുതാദി ഗ്രന്ഥങ്ങളാണു് അവർ അഭ്യസിച്ചു് ഉടങ്ങുന്നതു്. ചികിൽസാ മാർഗ്ഗത്തിലും ഈ വ്യത്യാസം പ്രത്യക്ഷമാണു്. മലയാളികൾ അഷ്ടാംഗ ഹൃദയത്തെ ഏറെറവും

Digitized By Kerala Sahitya Akademi

ഭക്തിയോടു കൂടി അതിന്റെ സകല രഹസ്യങ്ങളും അറിഞ്ഞു പഠിപ്പിച്ചു വരുന്നു. അങ്ങനെയുള്ള ഒരു ശിക്ഷാരീതി തന്നെ മാറു ദിക്കുകളിൽ കാണുന്നില്ല. നമ്മുടെ പ്രധാന ശാസ്ത്രങ്ങൾ എല്ലാം സംസ്കൃത ഭാഷയിൽ ഉള്ളവയാണെങ്കിലും അതാതു ശാസ്ത്രങ്ങൾക്കു പ്രത്യേകം പ്രസിദ്ധിയുള്ള ദേശങ്ങളിൽ തന്നെ ഓരോ ശാസ്ത്രങ്ങളും ദേശഭാഷയിൽ ആണു് പരമ്പരയായി പഠിപ്പിച്ചു വരുന്നതു്. ദേശഭാഷകളിൽ ആ വകയ്ക്കു പ്രത്യേകം ചില സങ്കേതങ്ങളും ഉണ്ടായിരിക്കും. നവീന തർക്ക ശാസ്ത്രത്തിനു ബംഗാളത്തിലെ നവദ്വീപം പ്രസിദ്ധപ്പെട്ട സ്ഥലമാണു്. സംസ്കൃത ഭാഷയിലാണു് തർക്കശാസ്ത്ര ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരിക്കുന്നതെങ്കിലും പഠിപ്പിക്കുന്നവരും പഠിക്കുന്നവരും സംസ്കൃത പണ്ഡിതന്മാർ തന്നെയാണെങ്കിലും ''ബങ്കാളി ഭാഷയറിയാതെ തർക്കശാസ്ത്ര രഹസ്യമറിയുന്നതു ശക്യമാണോ'' എന്നു് അന്നാട്ടുകാർ ശങ്കിക്കാറുള്ളതായി കേട്ടിട്ടുണ്ടു്. ഇതുപോലെ ഒരു സംബന്ധം അഷ്ടാംഗ ഹൃദയത്തിനും മലയാള ഭാഷയ്ക്കും തമ്മിലുമുണ്ടെന്നാണു് ഞങ്ങൾ ഊഹിക്കുന്നതു്. അതുകൊണ്ടു് സംസ്കൃതത്തിൽ നല്ല വ്യുത്പത്തിയില്ലാത്തവർക്കു കൂടി ഈ ശാസ്ത്രം പഠിച്ചു ശരിയായ പാണ്ഡിത്യം സമ്പാദിക്കുന്നതിനു ഗോവിന്ദൻ വൈദ്യരുടെ അഷ്ടാംഗ ഹൃദയം ഭാഷ അത്യന്തം ഉപയുക്തമായിത്തീരുന്നതാണു്. പിന്നെ ''ച''യ്ക്കും ''തു'' വിനും മററും ലോകത്തു കൊള്ളാത്ത അർത്ഥങ്ങളൊക്കെ കല്പിച്ചു കൂട്ടി അതൊന്നും മലയാളത്തിൽ വരുന്നതല്ലെന്നു വിതണ്ഡാവാദം ചെയ്യുന്ന വിദ്വാന്മാർ ''ഉം'', ''ഏ'' ഇത്യാദി മലയാള നിപാതങ്ങൾക്കും ആ വക അർത്ഥങ്ങൾ കല്പിച്ചു പരിചയിക്കാത്ത കുറവേയുള്ളു എന്നാണു ഞങ്ങളുടെ താഴ്മയായ അഭിപ്രായം.

ഗോവിന്ദൻ വൈദ്യർ തർജ്ജിമയിൽ പ്രമേയത്തിലും ഭാഷയിലും ഒന്നുപോലെ നല്ലവണ്ണം ദൃഷ്ടിവച്ചിട്ടുണ്ടു്. അരുണദത്തന്റെ പ്രസിദ്ധമായ 'സർവാംഗസുന്ദരി' വ്യാഖ്യാനത്തെയാണു് വൈദ്യർ അധികം തർജ്ജിമയിൽ അവലംബിച്ചിരിക്കുന്നതെങ്കിലും അതിനെ കണ്ണുംപൂട്ടി അനുകരിക്കാതെ ഒരു സ്വതന്ത്ര ചിന്തകന്റെ നിലയിൽ അസാംഗത്യം കണ്ട ദിക്കുകളിൽ അതിൽ നിന്നു അഭിപ്രായഭേദം വരുത്തീട്ടുമുണ്ടു്. ആ അഭിപ്രായ ഭേദങ്ങളെ വൈദ്യൻ പണ്ഡിതോചിതമായ വിധത്തിൽ (മുഖവുരയിൽ) സ്ഥാപിച്ചുമിരിക്കുന്നു. അതിനെപ്പററി അവതാരികാ കർത്താവായ പ്രസിദ്ധ വൈദ്യ പണ്ഡിതർ കോളത്തേരി ശങ്കരമേനോൻ (എം. എ. എൽ. ടി. എം. ആർ. എ. എസ്.) അവർകൾ ശ്ലാഘിക്കയും ചെയ്തിരിക്കുന്നു. തർജ്ജിമ മൂലത്തെ ആശ്രയിച്ചു മിക്കവാറും അനുഷ്ടുപ്പ് വൃത്തത്തിലാണു്. അവസരോചിതമായി മററു വൃത്തങ്ങളും അവിടവിടെയുണ്ടു്. ഒരു പദ്യത്തിന്റെ തർജ്ജിമ നാലു പാദങ്ങൾ കൊണ്ടുതന്നെ അവസാനിപ്പിക്കേണമെന്നു നിർബന്ധം

Digitized By Kerala Sahitya Akademi

വച്ചിട്ടില്ലാത്തതിനാൽ ക്ലിഷ്ടതകൾ കൂടാതെ കഴിഞ്ഞിട്ടുണ്ട്. ഭാഷ പാട്ടുള്ളത്ര സുഗമവും, ശുദ്ധിയും, മാധുര്യവുമുള്ളതുമാണ്. ദൃഷ്ടാന്തത്തിന് ഋതുചര്യാദ്ധ്യായത്തിലെ രണ്ടു മൂന്നു പദ്യങ്ങൾ താഴെ ചേർക്കുന്നു:—

"തെക്കൻ കാറ്റാൽ തണുത്തേറ്റം ചുറ്റും വെള്ളമൊഴുക്കൊട്ടം
പലമട്ടുള്ള പുഷ്പങ്ങളോലും വൃക്ഷഗണങ്ങളാൽ
സൂര്യനേയല്പമായ് കണ്ടും കാണാതെയുമിരിപ്പതായ്
രതിക്രീഡാസുഭഗമായ് കയിൽനാദാഭിരാമമായ്
സുഗന്ധിയാം കാനനത്തിൽ മണിക്കൽ തറയാർന്നതാൻ
പലേ കഥാപ്രസംഗത്താൽ മദ്ധ്യാഹ്നം പോക്കണം സുഖം"

വൈദ്യർ ഒരു നല്ല ഭാഷാകവിയും കൂടിയാണെന്നു തെളിയിക്കുന്ന ഈ മാതിരി ദൃഷ്ടാന്തങ്ങൾ തർജ്ജിമയിൽ എവിടെ നോക്കിയാലും കാണാം.

"കുളിച്ചു കുളിർ വെള്ളത്തിൽ പഞ്ചസാര കലർന്നതാം
മലർപ്പൊടിയശിക്കേണം മദ്യം പാടില്ല തെല്ലുമേ
വേണമെങ്കിൽ സ്വല്പമാകാമേറെ വെള്ളം കലർത്തിയോ
അല്ലെങ്കിൽ ശോഷാമയവും ചൂടുമുണ്ടോം മയക്കവും"

ഇത്യാദികൾ നോക്കുക.

ചുരുക്കത്തിൽ ഗോവിന്ദൻ വൈദ്യൻ അവർകളുടെ ഈ ശ്രമം എത്രമാത്രം ശ്ലാഘ്യമായിരിക്കുന്നു എന്നു് ഒന്നു രണ്ടു വാക്കുകൾ കൊണ്ടു പരിച്ഛേദിച്ചു പറഞ്ഞുതീർക്കാവുന്നതല്ല. സംസ്കൃതത്തിലെ മഹാഗ്രന്ഥങ്ങളെ ഭാഷയിലാക്കുന്ന പണ്ഡിതൻമാരേയും കവികളേയും അതാതു മൂലഗ്രന്ഥകാരൻമാരുടെ പേരു് ഉപാധിയായി ചേർത്തു പറയുന്ന സമ്പ്രദായം നടപ്പായിരിക്കുന്ന നമ്മുടെ നാട്ടിൽ മിസ്റ്റർ ഗോവിന്ദൻ വൈദ്യർ അചിരേണ കേരള വാഗ്ഭടനായിത്തീരുമെന്നു ഞങ്ങൾക്കു് ആശിക്കാവുന്നതാണു്. ഇനി വൃദ്ധവാഗ്ഭടനെന്നുകൂടി പറയുന്ന "അഷ്ടാംഗ സംഗ്രഹ"വും വൈദ്യർ ഈ വിധം ഭാഷാന്തരം ചെയ്തു മലയാളികൾക്കു് ഉപയോജ്യമാക്കിത്തീർത്താൽ കൊള്ളാമെന്നുള്ള ഞങ്ങളുടെ ആഗ്രഹത്തെ പ്രസ്താവിച്ചുകൊണ്ടും വൈദ്യനു സർവ വിജയവും ആശംസിച്ചുകൊണ്ടും തൽക്കാലം വിരമിക്കേണ്ടിയിരിക്കുന്നു. ഈ വലിയ പുസ്തകത്തിനു വിഷയങ്ങളുടെ ഒരു സൂചിപത്രം ചേർക്കാത്ത ന്യൂനതയെ പരിഹരിക്കേണ്ടതു് അത്യാവശ്യമാണു്. അച്ചടിയും കെട്ടും ഭംഗിയായിട്ടുണ്ടു്. ഡെമ്മി എട്ടു വലിപ്പത്തിൽ ആയിരത്തിൽപരം പേജുകളുള്ള ഈ പുസ്തകത്തിനു് 7 രൂപ വിലവച്ചിരിക്കുന്നതായറിയുന്നു. വൈദ്യ വിദ്വാൻമാർക്കും വിദ്യാർത്ഥികൾക്കും മാത്രമല്ല, ജനസാമാന്യത്തിനു പൊതുവേ ഈ ഗ്രന്ഥം ഉപയോഗപ്രദമായിത്തിരുന്നതാണു്. താഴെപ്പറ

Digitized By Kerala Sahitya Akademi

യുന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ പുസ്തകം കിട്ടും. പി. എം. ഗോവിന്ദൻവൈദ്യർ, ഇടക്കുടി. കായിക്കര (അഞ്ചൽ), Anjengo (P. O.)

വിവേ: 1091 കു. ഭം

മലയാള മാഘം

വിവ: ശങ്കരവാര്യർ

സംസ്കൃത മഹാകാവ്യങ്ങളുടെ അനുകരണങ്ങൾ ഭാഷയിൽ പലതുമുണ്ടായിരിക്കുന്ന ഇക്കാലത്ത് ആ മഹാകാവ്യങ്ങളെത്തന്നെ തർജ്ജിമ മൂലമായറിവാനും മലയാള വായനക്കാർക്കു കൗതുകം തോന്നുന്നതാണ്. മലയാളമാഘം മഹാ കാവ്യത്തിന്റെ സമ്പൂർണ്ണലക്ഷണം തികഞ്ഞ മാഘകാവ്യത്തിന്റെ തർജ്ജിമയാണ്. ശിശുപാലവധം കഥയെ 21 സർഗ്ഗങ്ങളിലായി വർണ്ണിച്ചു മാഘൻ എന്ന പ്രസിദ്ധ പണ്ഡിതൻ എഴുതീട്ടുള്ള ഗ്രന്ഥമാണ് മാഘകാവ്യം. 1-ാം സർഗ്ഗത്തിൽ നാരദൻ ദേവസന്ദേശം വഹിച്ചു ദ്വാരകയിൽ വന്ന ശിശുപാലനെ നിഗ്രഹിക്കണമെന്നു ഭഗവാനോട് അപേക്ഷിക്കുന്നതും ഭഗവാൻ അതിനെ അംഗീകരിക്കുന്നതും ആയ കഥാഭാഗം അടങ്ങിയിരിക്കുന്നു.

2-ാം സർഗ്ഗത്തിൽ രാജസൂയം ദീക്ഷിച്ചിരിക്കുന്ന യുധിഷ്ഠിര ചക്രവർത്തി ഭഗവാനെ ക്ഷണിച്ചിരിക്കയാൽ യാഗത്തിനു പോകയോ നാരദനോടുള്ള വാഗ്ദാനം പ്രമാണിച്ചു ശിശുപാലനോടു യുദ്ധത്തിനുപോകയോ ഏതാണ് ഉടനെ ചെയ്യണ്ടതെന്നു നിശ്ചയമില്ലാതെ ഭഗവാൻ ഉദ്ധവബലഭദ്രൻമാരുമായി മന്ത്രശാലയിൽ പ്രവേശിച്ച് ആലോചനകൾ നടത്തുകയും ഒടുവിൽ യാഗത്തിനു പോയാൽ രണ്ടു കാര്യവും സാധിക്കുന്നതാകയാൽ അങ്ങനെ ചെയ്യാൻ തീർച്ചയാക്കുകയും ചെയ്യുന്നു. ഇത്രയും ഭാഗം മാത്രമേ ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഈ 11-ാം വാല്യത്തിൽ അടങ്ങീട്ടുള്ളു. തർജ്ജിമ വളരെ ഒഴുക്കും ഓജസ്സുമുള്ള ഒരു രീതിയിലാണ്. മിക്കഭാഗങ്ങളിലും അർത്ഥങ്ങൾ നല്ലവണ്ണം സ്പഷ്ടമായിട്ടും വളരെ നന്നായിട്ടുമുണ്ട്. 1-ാമത്തെ പദ്യം

ശ്രീ വല്ലഭൻ ഹരിപുരം വാസുദേവഗേഹേ
ഭൂവല്ലഭന്നിയെ ഭരിച്ചു വസിച്ചിടുമ്പോൾ
ദ്യോവിങ്കൽനിന്നു വിധിനന്ദനനാം മുനീന്ദ്ര--
നാവിർഭവിപ്പതു ജഗന്മയനന്നു കണ്ടു.

ഇങ്ങനെയാണ്. ഇവിടെ ഒന്നുപറയേണ്ടിയിരിക്കുന്നു. സംസ്കൃത മഹാകവികൾ പദ്യപ്രയോഗത്തിൽ വലിയ നിഷ്കർഷമുള്ളവരാണ്. ഒരു വ്യംഗ്യാർത്ഥമോ അലങ്കാരമോ മറ്റു പ്രയോജനമോ കൂടാതെ ചുരുക്കമായേ അവർ ഒരു പദം പ്രയോഗിക്കാറുള്ളു. കാവ്യങ്ങളുടെ ചൈതന്യം തന്നെ അങ്ങിനെയുള്ള പദങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ടു പദങ്ങളെ തർജ്ജിമയിൽ മാറുമ്പോൾ

Digitized By Kerala Sahitya Akademi

പാടുള്ളതു അവയുടെ പ്രയോജനങ്ങളും ഉദ്ദേശങ്ങളും ചോർന്നു പോകാതെ സൂക്ഷിക്കേണ്ടതാണ്. "ശാസിതും ജഗൽ വസൻ" എന്ന മൂലത്തിനു "ഭൂവല്ലലെന്നിയെ ഭരിച്ചു വസിച്ചിടുമ്പോൾ" എന്ന ഭാഷാന്തരം പര്യാപ്തമാകുന്നില്ല. "ലോകരക്ഷാർത്ഥമായി വസിക്കുമ്പോൾ" എന്നാണർത്ഥം. ഭൂമിയെ പാലിച്ചുകൊണ്ടു വസിക്കുമ്പോൾ എന്നല്ല. അങ്ങനെയായാൽ കവി വിവക്ഷിച്ച അർത്ഥവും അലങ്കാരവും പൂർണ്ണമായി സിദ്ധിക്കയില്ല. ഉത്തരാർദ്ധത്തെ.

"ദ്യോവിങ്കൽ നിന്നജസുതൻ മുനിയെന്നൊരുന്നാ—
ളാവിർഭവിക്കുവതു കണ്ടു ജഗന്നിവാസൻ"

എന്നോ മറേറാ പരിഷ്ക്കരിക്കയും ചെയ്യുന്നതു നല്ലതാണ്. അല്ലാത്തപക്ഷം തർജ്ജിമ നിർദ്ദോഷമായിരിക്കയില്ല. അടുത്ത പദ്യങ്ങൾ വളരെ നന്നായിട്ടുണ്ട്.

ചിന്തിക്കിലർക്കനുടെ യാത്ര വിലങ്ങിലത്രേ
ചെന്തീക്കെഴും ജ്വലന മൂർദ്ധമതും പ്രസിദ്ധം
ചിന്തിസമസ്തദിശി താഴ്ന്നവരുന്ന കാന്തി—
യെന്താണിതെന്നുഴറിയാളുകൾ നോക്കിനിന്നു.

ആദ്യം പ്രഭാനിചയമെന്നു ധരിച്ചു പിന്നെ—
ഗ ഗാത്രം തിരിഞ്ഞളവിലേക ശരീരിയെന്നും
പ്രത്യേകമംഗമഥ കണ്ടു പുമാനിതെന്നും
നാഥൻ ക്രമാലിവനെ നാരദനെന്നുമോർത്തു.

പ്രായേണ എല്ലാ പദ്യങ്ങൾക്കും ഇതിൽ കാണുന്ന സാരള്യം വന്നിട്ടുണ്ട്. 1-ാം പദ്യത്തിൽ സൂചിപ്പിച്ചമാതിരി ന്യൂനതകളെ ഒഴിപ്പാൻ ഗ്രന്ഥകർത്താവ് പ്രത്യേകം ദൃഷ്ടിവയ്ക്കുമെന്നു വിശ്വസിക്കുന്നു. ശൃംഗാരമയവും ശ്ലേഷജടിലവും ആയ പദ്യങ്ങളും യമക ചിത്രബന്ധങ്ങളും തർജ്ജിമ ചെയ്യാതെ വിട്ടേക്കുന്നതാണ് നല്ലതെന്നും പരിഭാഷകൻ ശ്രീമാൻ ശങ്കരവാര്യരോടു ഞങ്ങൾ സ്നേഹപൂർവം ഉപദേശിക്കുന്നു. സംസ്കൃത വിഭക്തിപ്രത്യയങ്ങളെ ഭാഷയിൽ പാടുള്ളിടത്തോളം വർജ്ജിക്കേണ്ട കാലമായിരിക്കയാൽ ആ സംഗതിയും ഞങ്ങൾ പരിഭാഷകന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഒരു മഹാകാവ്യ തർജ്ജിമയിൽ പ്രാസം ദീക്ഷിച്ചേ തീരൂ എന്നില്ലെന്നു കേരള പാണിനി കുമാരസംഭവം തർജ്ജിമകൊണ്ടു നമുക്കുപദേശിച്ചു തന്നിരിക്കുന്നതിനെയും ഓർത്താൽ നന്ന്. ഏകപ്രായേണ മിസ്റ്റർ വാര്യരുടെ ഈ ശ്രമത്തെ ഞങ്ങൾ ശ്ലാഘിക്കയും ശേഷം ഭാഗംകൂടി വേഗത്തിൽ തർജ്ജിമ ചെയ്തു പൂർത്തിയാക്കുന്നതിനു അദ്ദേഹം നോക്കുമെന്നു വിശ്വസിക്കയും അതിൽ അദ്ദേഹത്തിനു സർവവിജയവും ആശംസിക്കയും ചെയ്യുന്നു.

വിവേ: 1091 മീനം

Digitized By Kerala Sahitya Akademi

ചിത്രയോഗം

വള്ളത്തോൾ

ഇത് വള്ളത്തോൾ നാരായണമേനോൻ അവർകൾ എഴുതിയ ഒരു മണിപ്രവാളമഹാകാവ്യമാണ്. സംസ്കൃതത്തിലെ കഥാസരിത്സാഗരത്തിലുള്ള ഒരു കഥയെ അടിസ്ഥാനമാക്കിയാണ് ഈ മഹാകാവ്യം നിർമ്മിച്ചിരിക്കുന്നത്. "നഗരാർണ്ണവശൈലർത്തു" എന്നു തുടങ്ങിയുള്ള സംസ്കൃത മഹാകാവ്യ വിധിയെ പിൻതുടർന്നു മലയാളത്തിൽ ഇറങ്ങീട്ടുള്ള പുതിയ മഹാകാവ്യങ്ങളിൽ ഇതു 5-ാമത്തേതാണെന്നതോന്നുന്നു. ഇത്തരം കാവ്യങ്ങളുടെ ആവശ്യകതയേയും സ്പൃഹണീയതയേയുംപറ്റി ഞങ്ങൾക്ക് പണ്ടേതന്നെ ഭിന്നാഭിപ്രായമാണുള്ളത്. "രുഗ്മാംഗദചരിത"ത്തേയും "ഉമാകേരള"ത്തേയും പറ്റി വിമർശിച്ച അവസരത്തിൽതന്നെ ഞങ്ങൾ അതിനെ സൂചിപ്പിച്ചിട്ടുണ്ട്. ഈ വക കാവ്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള "നെടുങ്കുതിര" കെട്ടി എടുപ്പാണ് ഓർമ്മയിൽ വരുന്നത്. മുളയും കവുങ്ങും കൊണ്ടു മുപ്പതും നാല്പതും അടിഉയരത്തിൽ ഗോപുരംപോലെ കെട്ടിയുണ്ടാക്കി വെള്ളയും ചുമപ്പും കൊണ്ടു പൊതിഞ്ഞു ജാലരുകൾ തൂക്കി അലങ്കരിച്ചു വമ്പിച്ച ചട്ടക്കൂടുകളിൽ ഉറപ്പിച്ചു താഴെ രണ്ടുവശത്തായി ഒരു കുതിരയുടെ വാലിന്റേയും തലയുടേയും ആകൃതിയും കാണിച്ചു കൃഷികൂടി തൊഴിലില്ലാതെ അലഞ്ഞുതിരിയുന്ന കരക്കാർ ചെറുപ്പക്കാർ ചേർന്നു ചുമലിലെടുത്തു വിഗ്രഹത്തിന്റെ പുറകെ എഴുന്നള്ളിച്ചു കൊണ്ടുപോകുന്ന ഒരു ബ്രഹ്മാണ്ഡമായ വാഹനമാണ് നെടുങ്കുതിരയെന്നു വായനക്കാർ ഓർക്കുമല്ലോ. നമ്മുടെ മഹാകാവ്യങ്ങളോടു ഇതിനു വളരെ സാദൃശ്യമുണ്ടെന്നു് സ്വല്പം ആലോചിച്ചുനോക്കിയാൽ ആർക്കും അറിയാവുന്നതാണ്. നഗരവർണ്ണനം, സമുദ്രവർണ്ണനം, പർവതവർണ്ണനം, ഋതുവർണ്ണനം തുടങ്ങിയ ഏതാനും വർണ്ണനകൾക്കായി ഒരു കഥയെ ബലികൊടുത്തു വാലും തലയും അങ്ങുമിങ്ങും കാണിച്ചു് ബ്രഹ്മാണ്ഡാകൃതിയിൽ എഴുതിയുണ്ടാക്കുന്ന ഈ വക ഗ്രന്ഥങ്ങൾ സാഹിത്യരസികന്മാരുടെ ഏതദ്യാവർജ്ജനത്തിനു പര്യാപ്തമാകുമോ എന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു. വിശേഷിച്ചും സംസ്കൃത മഹാകാവ്യ സരണിയിൽ നിന്നു സ്വരൂപത്തിലും സ്വഭാവത്തിലും യാതൊരു വ്യത്യാസവുമില്ലാത്ത "ചിത്രയോഗം" പോലെയുള്ള നവീനകൃതികൾ എഴുതുന്നതിനെക്കാൾ സംസ്കൃത മഹാകാവ്യങ്ങളെ തർജ്ജിമ ചെയ്യുന്നതാണ് അധികം നന്നായിരിക്കുക എന്നും ഈ പുസ്തകം വായിക്കാൻ ഇടയായപ്പോൾ ഞങ്ങൾക്കുതോന്നി. കാരണം, ഒന്നാമത് ഈ കഥ പഴയത്. രണ്ടാമത് ഈ കാവ്യത്തിൽ അവിടവിടെ കാണുന്ന ആശയവിശേഷങ്ങൾ എല്ലാം സംസ്കൃത ഗ്രന്ഥങ്ങളിൽ സാധാരണനാം കണ്ടു പരിചയിച്ചിട്ടുള്ളത്. പല സ്ഥലത്തും രഘുവംശാദി സംസ്കൃത സാഹിത്യഗ്രന്ഥ

Digitized By Kerala Sahitya Akademi

ങ്ങളിലുള്ള ഭാഗങ്ങളെ അതാതു സന്ദർഭങ്ങളിൽ പദം പ്രതിതന്നെ തർജ്ജിമ ചെയ്തു ചേർത്തിരിക്കുന്നു. ചില സംസ്കൃത കാവ്യങ്ങളെ ഇപ്പോൾ തന്നെ മറ്റു കവികൾ തർജ്ജിമ ചെയ്തിട്ടുള്ളതിനാലും മറ്റു ചില ഗ്രന്ഥങ്ങളും കൂടി ആരെങ്കിലും തർജ്ജിമ ചെയ്തു മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ ഇടയുള്ളതിനാലും ചിത്രയോഗത്തിൽ മിസ്റ്റർ മേനോൻ ചെയ്തിരിക്കുന്ന ശ്രമം മിക്കവാറും വിഫലമാണെന്നു് ഊഹിക്കാവുന്നതാകുന്നു. ചുരുക്കത്തിൽ മിസ്റ്റർ മേനോൻ ഒരു മഹാകാവ്യം എഴുതുന്നു എന്നു കേട്ടപ്പോൾ ഉണ്ടായ പ്രതീക്ഷ പുസ്തകം വായിപ്പാനിടയായപ്പോൾ ഇച്ഛാഭംഗത്തിലാണു കലാശിച്ചതെന്നു പറയേണ്ടി വന്നതിൽ വ്യസനിക്കുന്നു.

ആർത്ഥികമായ ഗുണോൽക്കർഷ വിഷയത്തിൽ മാത്രമല്ല, കേവലം രചനാവിഷയത്തിൽ തന്നെയും ഈ കവിത മിസ്റ്റർ മേനോന്റെ യശസ്സിനെ വർദ്ധിപ്പിക്കുന്നതല്ലെന്നാണു് ഞങ്ങൾക്കു തോന്നുന്നത്. നിരർത്ഥകം, അപുഷ്ടാർത്ഥം, നേയാർത്ഥം മുതലായ അവശ്യ വർജ്ജനീയങ്ങളായ കാവ്യദോഷങ്ങൾ തന്നെ 'ചിത്രയോഗ'ത്തിന്റെ ശരീരത്തിൽ പല വിധത്തിൽ വൈരൂപ്യം വരുത്തിത്തീർത്തിട്ടുണ്ടു്. ഇതുകൊണ്ടു് ഇതിൽ നല്ല കാവ്യതല്പമുള്ള ഭാഗങ്ങൾ ഇല്ലെന്നു് ആരും അർത്ഥമാക്കരുതു്. പല ഭാഗങ്ങളും നന്നായിട്ടുണ്ടു്. എന്നാൽ ദോഷസൌലഭ്യത്തിൽ അങ്ങനെയുള്ള ഭാഗങ്ങളിൽക്കൂടിയും വായനക്കാർക്കു് "സ്യാദപ്യസ്സുന്ദരമപി ശിത്രൈകേന ഹീയതേ" എന്ന ദണ്ഡി വാക്യത്തെ സാർത്ഥീകരിച്ചുണ്ടാകുന്ന ഒരു അനാദരബുദ്ധിയാണു് മുമ്പിട്ടു നിൽക്കുന്നതു്. ദോഷങ്ങളുടെ കൂട്ടത്തിൽ എത്ര തന്നെ ദുശ്ശ്രവമായിരുന്നാലും യതിഭംഗങ്ങളെ മിസ്റ്റർ മേനോൻ അശേഷം വകവയ്ക്കുന്നതായി കാണുന്നില്ല. രണ്ടു പാദങ്ങളുടെ മധ്യത്തിലായിത്തന്നെ പദങ്ങളുടെ കഴുത്തുകളെ നിർദ്ദയമായി പിരിച്ചും ഒടിച്ചും ജുഗുപ്സാവഹമായവിധത്തിൽ സന്ധി ചെയ്തിരിക്കുന്നതു കണ്ടാൽ ഭാഷാപ്രണയികൾക്കുദയ മാത്രമല്ല ചിലപ്പോൾ ക്രോധവും തോന്നും. ഗുണദോഷങ്ങളെ ചൂണ്ടിക്കാണിച്ചു വിസ്തരിച്ചു് ഒരുനിരൂപണമെഴുതാൻ സ്ഥലച്ചുരുക്കത്താൽ സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു. പുസ്തകത്തിന്റെ അച്ചടിയും കെട്ടും എല്ലാം നന്നായിരിക്കുന്നു. കോട്ടയ്ക്കകം "ലക്ഷ്മീ സഹായം" അച്ചുക്കൂടത്തിൽ ആവശ്യപ്പെട്ടാൽ പുസ്തകം കിട്ടും.

വിവേ: 1091 കന്നി

Digitized By Kerala Sahitya Akademi

ചിത്രയോഗ നിരൂപണം (പ്രത്യാഖ്യാനത്തിനുത്തരം)

ശ്രീമാൻ വി. ഉണ്ണികൃഷ്ണൻ നായർ (ബി. ഏ) അവർകളുടെ പ്രത്യാഖ്യാനം മറെറാരുദിക്കിൽ ചേർത്തിരിക്കുന്നു. (അനുബന്ധം 1 നോക്കുക). ചിത്രയോഗത്തെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായത്തെ അദ്ദേഹം ചുവടെ ഖണ്ഡിപ്പാൻ ശ്രമിച്ചിരിക്കുന്നു.

1-ാമതു്, നഗരാർണ്ണവാദിവർണ്ണനകൾ മഹാകാവ്യങ്ങൾക്കു് നിർബ്ബന്ധിതമാകയാലുള്ള അസാരസ്യത്തെ ഞങ്ങൾ സൂചിപ്പിച്ചതിനെ അദ്ദേഹം പ്രത്യാഖ്യാനിക്കുന്നതു്, കഥയുടെ ഗതിക്കും അതാതു സന്ദർഭത്തിനും അനുരൂപമായ ചില വർണ്ണനകൾ കൂടാതെ കഴിക്കേണമെന്നു സിദ്ധാന്തിക്കുന്നതു് "ഒരു മിഥ്യാവാദമാണു്" എന്നു പറഞ്ഞിട്ടാകുന്നു. ഇവിടെ അദ്ദേഹത്തിനു ലാക്കു തെറ്റിയിരിക്കുന്നു എന്നു പറയാതെ കഴികയില്ല. ഞങ്ങൾ ആക്ഷേപിക്കുന്നതു ചില കല്പിതപദാർത്ഥങ്ങളുടെ വർണ്ണനകൾ കൂടിയേ കഴിയൂ എന്നു നിർബ്ബന്ധമുള്ള സംസ്കൃത മഹാകാവ്യങ്ങളെപ്പറ്റിയാണു്. കുറേക്കൂടി വിശദമായി പറഞ്ഞാൽ, സംസ്കൃത മഹാകാവ്യങ്ങൾക്കുള്ള ആവക നിർബന്ധങ്ങൾ സ്പൃഹണീയമല്ലെന്നും അതുകൊണ്ടു് മലയാളത്തിൽ അവയെ അനുകരിച്ചു് അനേക മഹാകാവ്യങ്ങൾ പുറപ്പെടുന്നതു് ആശാസ്യമല്ലെന്നുമാണു്. രാമായണാദി പൂർവകഥകളിൽ പ്രകൃത്യാ തന്നെ അടങ്ങിയിരിക്കുന്ന നഗരാർണ്ണവാദി വർണ്ണനകളാണു് സംസ്കൃതത്തിൽ ടി നിയമത്തിന്റെ കർത്താക്കൻമാർക്കു് ആദർശമായിരുന്നിട്ടുള്ളതു്. എന്നാൽ ആ നിയമത്തിനു കീഴ്പ്പെട്ടു ഭാരവി, മാഘൻ തുടങ്ങിയ മഹാകവികൾ എത്ര വശ്യവചസ്സുകളായിരുന്നിട്ടും വലിയ ആവശ്യമൊന്നുമില്ലാത്ത വർണ്ണനകളിൽ ചെന്നു ചാടി സഹൃദയന്മാരെ അസാമാന്യമായി മുഷിപ്പിക്കുന്നുണ്ടെന്നാണു് ഞങ്ങളുടെ അഭിപ്രായം. കാവ്യങ്ങളിൽ അങ്ങനെ നഗരാർണ്ണവാദികളുടെ വർണ്ണനകൾ ഒരിക്കലും പാടില്ലെന്നല്ല ഞങ്ങൾ പറഞ്ഞിട്ടുള്ളതു്. അനുരൂപമായി കവിക്കുതോന്നുന്ന എല്ലാ വിഷയങ്ങളെപ്പറ്റിയും നിശ്ചയമായും വർണ്ണിക്കേണ്ടിവരും. ആവക വർണ്ണനകൾകൊണ്ടു രസങ്ങൾക്കു കൊഴുപ്പും കഥയ്ക്കു ജീവനും വർദ്ധിക്കുമെന്നുള്ളതും നിശ്ചയം തന്നെ. ഈ കാരണത്താൽ ഞങ്ങളുടെ അഭിപ്രായം അയുക്തികമോ മിഥ്യാവാദമോ ആകുന്നില്ല; ഖണ്ഡിക്കപ്പെടുന്നതുമില്ല. മഹാകാവ്യപ്രസ്ഥാനമനുസരിച്ചു് ഒരു കൃതിയുണ്ടാക്കുവാൻ മിസ്റ്റർ നേനോൻ തിരഞ്ഞെടുത്ത കഥ നന്നായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ അതിൽ നഗരാർണ്ണവാദികൾ പ്രസ്തുതങ്ങളാണു്. എന്നാൽ, വർണ്ണനാരീതി ഞങ്ങൾക്കു ബോധിച്ചിട്ടില്ല. അതിൽ ഞങ്ങൾ വിവക്ഷിക്കുന്ന മിസ്റ്റർ നായർ ഉണ്ടെന്നു പറകയോ ചെയ്യുന്ന അഭിനവചാതുര്യങ്ങൾ വളരെക്കുറയും. ദൃഷ്ടാന്തത്തിനു ദൂരെപ്പോകേണ്ട. കാവ്യം ആരംഭിച്ചിരിക്കുന്നതുതന്നെ നഗരവർണ്ണന

Digitized By Kerala Sahitya Akademi

കൊണ്ടാണ്. ആ വർണ്ണനയെത്തന്നെ എടുത്തുനോക്കാം. ആദ്യത്തെ മൂന്നു പദ്യങ്ങൾകൊണ്ടു കവി, നിഷധരാജ്യത്തിന്റെ തലസ്ഥാനനഗരിയായ 'അളക'യെ വർണ്ണിക്കുന്നു. ഇവയിൽ ഒരു പത്തു പദ്യങ്ങളോളം പറയത്തക്ക പുതിയ ഉല്ലേഖവിശേഷങ്ങളൊന്നുമില്ലാത്തതായുണ്ടാവും. ശേഷമുള്ളവയിൽ 3, 4, 5, 7, 8, 10, 12, 14, 21, 24 ഇത്രയും പദ്യങ്ങൾക്ക് അതായതു് ഒന്നു പകുതി പദ്യങ്ങൾക്കു മാത്രം പ്രാമുഖ്യം വരുത്താൻ ശ്രമിച്ചിരിക്കുന്നതു ശ്ലേഷമൂലകമായ സാദൃശ്യംകൊണ്ടാണെന്നു കാണുന്നു. സാദൃശ്യനിബന്ധനങ്ങളായ അലങ്കാരങ്ങൾ പ്രതിപാദ്യവിഷയത്തെ കണ്ണാടിയിൽ എന്നപോലെ പ്രതിഫലിപ്പിച്ചുകാണിക്കുന്നവയാകയാൽ ഒരു യഥാർത്ഥ കവിക്ക് അവ ഏറ്റവും വിലയേറിയവയാകുന്നു. "ഉപമാ കാളിദാസസ്യ", "കവിതാകാളിദാസസ്യ" എന്നാദിയായ സൂചനകൾ നോക്കുക. ഉപമയുടെ സർവാഗീണമായ സൗന്ദര്യത്തിലാണ് കവിതാദേവിയുടെ മോഹനത പലപ്പോഴും ആശ്രയിച്ചുനിൽക്കുന്നതു്. ഉപമ സാദൃശ്യവർണ്ണനമാകുന്നു. സാദൃശ്യം വാസ്തവമെന്നും ശ്ലേഷനിബന്ധമെന്നും രണ്ടു പ്രകാരമാണ്. രണ്ടാമത്തേതു് സ്വവാചകവാച്യത്വസംബന്ധംകൊണ്ടു ഭിന്നപദാർത്ഥങ്ങൾക്ക് കൃത്രിമമായി വിവക്ഷിക്കുന്ന സാദൃശ്യം മാത്രമാണ്. കോശവ്യാകരണങ്ങളുടെ ജ്ഞാനത്താൽ മാത്രമേ ജനങ്ങൾക്ക് അവയുടെ കൃത്രിമഭംഗികൾ മനസ്സിലാകുന്നുമുള്ളു. അവ സാദൃശ്യാഭാസങ്ങൾ മാത്രമാകുന്നു. ഈ മാതിരി ശശവിഷാണപ്രായമായ സാദൃശ്യങ്ങളാൽ നിർമ്മിതമായ അലങ്കാരങ്ങൾ കൊണ്ടു വാഗ്ദേവിയെ പ്രസാധനം ചെയ്വാൻ ഒരു ഉത്തമ കവി തുടങ്ങരുതെന്നാണ് ഞങ്ങളുടെ അഭിപ്രായവും അപേക്ഷയും.

"കാമിനിയുടെ കരവല്ലരി
കടകത്താൽ മിന്നിടുന്ന മലപോലെ"

ഇതിനെ ശ്ലേഷനിബന്ധനമായ സാദൃശ്യത്തിനു ദൃഷ്ടാന്തമായി എടുക്കാം. കാമിനിയുടെ കരവല്ലരി, കടകം (വള) ധരിക്കുന്നതുകൊണ്ടു (കടകം) ചരിവു വഹിക്കുന്ന മലപോലെ ശോഭിക്കുന്നു എന്നാണ് അർഥം. വിരോധമുണ്ടോ? "കടകം" രണ്ടിനുമുണ്ടല്ലോ. ഈ സന്ദർഭത്തിൽ ശ്രീമൂലം പ്രജാസഭയെ ഒരു രസികൻ മഴവില്ലിനോടുപമിച്ചു പറഞ്ഞിരിക്കുന്നതും ഓർമ്മയിൽ വരുന്നു. മഴവില്ലിൽ സൂര്യരശ്മിയിലുള്ള സപ്ത വർണ്ണങ്ങളും പ്രകാശിക്കുന്നു. പ്രജാസഭയിലും തിരുവിതാംകൂറിലുള്ള സകല വർണ്ണങ്ങളും (ജാതിക്കാരും) പ്രാതിനിദ്ധ്യം വഹിക്കുന്നു. സാദൃശ്യത്തിന് ആക്ഷേപമുണ്ടോ? ചിത്രയോഗത്തിൽ മേൽ സൂചിച്ച പദ്യങ്ങളിൽ നിന്നുകൂടി ചില ദൃഷ്ടാന്തങ്ങൾ എടുത്തുകാണിച്ച് ഈ പ്രസ്താവത്തിൽ നിന്നു വിരമിച്ചുകൊള്ളാം. 3-ാം പദ്യത്തിൽ "അളകാനഗരിക്കു" സാർത്ഥകൃം കല്പിക്കുന്നതു് "ധനാഭിവൃദ്ധിത്തികവും", "പുണ്യജനാഢ്യ"തയും കൊണ്ടാ

Digitized By Kerala Sahitya Akademi

കുന്നു. അടുത്ത പദ്യത്തിൽ നഗരം അളിവർണ്ണനെ (വിഷ്ണുവിനെ) പോലെ ആയിത്തീരുന്നു. കാരണം ''അനർഘസച്ചക്ര''വത്വവും, ''അനന്തഭോഗാസ്പദ''ത്വവും തന്നെ. അടുത്ത പദ്യത്തിൽ നാല് ഗോപുരങ്ങളുള്ളതുകൊണ്ട് ആ നഗരം തന്നെ ചതുർമ്മുഖൻ (ബ്രഹ്മാവ്) ആയിപ്പരിണമിക്കുന്നു. അതിനടുത്ത പദ്യത്തിൽ ആ പട്ടണംതന്നെ ''പുരാരിമെയ്പോലെ വിളങ്ങു''ന്നു. കാരണം, ''ഭൂതി''യും ''ദുർഗ്ഗാസ്പദ''ത്വവും മറ്റുമാണ്. ഉടനെ 8-ാമത്തെ പദ്യത്തിൽ നഗരം കടലായി മാറുന്നു. ''രത്നാകര'' പദമാണ് ഈ മായാവിദ്യയുടെ സിദ്ധമന്ത്രം. 10-ാമത്തെ പദ്യത്തിലെത്തുമ്പോൾ ആ ''രത്നാകര''നികനാണ് അയോദ്ധ്യയായി പരിണമിക്കുന്നു. ആ ഇന്ദ്രജാലത്തിന്റെ പിഞ്ഛരിക ''ശ്രീഭരതാനുഷംഗ''വും, ''രാമാലയ''വും ഒക്കെയാണ്. ഇനി 12-ാമത്തെ പദ്യത്തിലെ ''ആപണം'' (അങ്ങാടിത്തെരുവ്) പുക്ക കച്ചവടക്കാർ ''ആപണം'' നേടുന്നതുനോക്കാം. അവിടെ ആപണത്തെ ''ആ''വർജ്ജകമാക്കാൻ (മലയാളത്തിൽ പറഞ്ഞാൽ) ''ആ''കാരം എടുത്തുകളഞ്ഞു ''പണം'' ആക്കാൻ കവി ആവശ്യപ്പെടുന്നു. ഇതു ''ഉരിയാടിയില്ല'' എന്നു പറയേണ്ടതിന് ''നാഴിയിൽപാതിയാടീല'' എന്ന് ഒരു രസികൻ കവിതയാക്കിയപോലെ അല്ലേ ഇരിക്കുന്നതു. ഇതൊക്കെയാണോ നവീനാശയങ്ങളോടുകൂടിയ നഗരവർണ്ണനം? ഇതാണോ ലോകസ്വഭാവത്തെയല്ലെങ്കിൽ മനുഷ്യസ്വഭാവത്തെ ശരിയായറിഞ്ഞവരുടെ കാവ്യരചനാ പരിപാടി? ഇതു ഉത്തമമായ പഴയ രീതിയും ഉത്തമമായ പുതിയ രീതിയും അല്ലാത്ത ഒരു രീതിയാകുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഇനി നഗരവർണ്ണന ആദ്യമായി വേണ്ടിയിരുന്നോ എന്നുകൂടി ചിന്തിക്കാതെ യഥോക്തവർണ്ണനയിൽത്തന്നെ ഗ്രന്ഥകർത്താവ് പ്രാചീനകവികളുടേയോ, നവീനകവികളുടേയോ, വാഗ്മിതാദി ഗുണങ്ങളും സമ്പ്രദായങ്ങളും അനുസരിച്ചിട്ടുണ്ടോ എന്ന്, ആദ്യത്തെ ഒന്നുരണ്ട് പദ്യങ്ങളെ ദൃഷ്ടാന്തമായി എടുത്തു ചിന്തിച്ചുനോക്കാം

''ധരാതലത്തിൽ ധനപുഷ്ടിയൊത്തു—
ണ്ടൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്ന കുബേരദിക്കാം
വരാംഗിയാൾ തൊട്ടൊരു പൊട്ടുപോലെ''

ഇങ്ങിനെയാണ് കാവ്യം ആരംഭിക്കുന്നത്. ഇതിൽ പ്രാചീന സമ്പ്രദായപ്രകാരം ''അശീർന്നമസ്ക്രിയാ'' ഇത്യാദി പ്രമാണവിഹിതമായ മംഗളാചരണം കവി ചെയ്തിട്ടില്ല. മംഗളവാചകമായി പറയത്തക്ക ഒരു പദമെങ്കിലും ഈ പദ്യത്തിൽ നിബന്ധിച്ചിട്ടുമില്ല. എന്നാൽ അതിനെ ഒരു വലിയ ദോഷമായി ഞങ്ങൾ എടുത്തുപറയുന്നില്ല മംഗളാചരണമില്ലാത്തതായി കാദംബര്യാദി പുരാതനഗ്രന്ഥങ്ങൾ ചിലതെല്ലാമുണ്ട്. എങ്കിലും സംസ്കൃതമഹാകാവ്യകാരന്മാർ ഒരു പ്രകാരമ

Digitized By Kerala Sahitya Akademi

ല്ലെങ്കിൽ മറെറാരു പ്രകാരം മംഗളം ആചരിക്കുന്നതായി കാണുന്നതു കൊണ്ടു് ഈ പ്രകാരം അനുകരണങ്ങളിൽ അതിനെ വർജ്ജിക്കുന്നതിനേക്കാൾ സ്വീകരിക്കുന്നതായിരുന്നില്ലേ ഉത്തമം? അതുപോകട്ടെ, രുചി ഭേദത്താൽ അന്തരം ചടങ്ങുകൾ ഒന്നും സമ്മതിപ്പാൻ ഭാവമില്ലാത്തവരായും വായനക്കാരുണ്ടാകാം. അവരെ മുഷിപ്പിക്കാതെ പ്രകൃതത്തിലേക്കു് അവിളംബിതമായി പ്രവേശിക്കുന്ന ഈ ക്രമം നവീനൻമാരെപ്പോലെ പൂർവകവികളും ആദരിച്ചുവന്നിരുന്നതുതന്നെ. അതു് ആദരണീയമായ ഒരു രീതിയും തന്നെ. എന്നാൽ ആ രീതിയുടെ ആരംഭത്തിലെ ശൂരത കഥാകഥനരീതിയിൽകൂടി തുടർന്നുകാണുന്നില്ലെങ്കിൽ അതു് ലാക്ഷതൊറിയ ചാട്ടംപോലെ സഹൃദയന്മാർക്കു് പരിഹാസത്തെ ജനിപ്പിക്കുന്നതാണു്. പ്രകൃതത്തിലങ്ങിനെയാണോ? അതേ, "ധരാതലത്തിൽ" എന്ന ഇഴച്ചുവലിച്ചുള്ള ആരംഭം നോക്കുക. ഭൂമിയിൽ നിഷധമെന്ന പേരായി ഒരു ദേശമുണ്ടായിരുന്നു എന്നു കഥ പറഞ്ഞു തുടങ്ങാൻ എന്താ നമ്മുടെ അധിവാസം ചൊവ്വായിലോ ചന്ദ്രനിലോ മറുവല്ല ഗോളങ്ങളിലോ, അല്ലെങ്കിൽ ദേവലോകത്തോ ആണോ? ഇതു വായിക്കുമ്പോൾ ഒരു കവി കഥ പറവാൻ ആരംഭിക്കുന്നു എന്നോ പുരോഹിതൻ "സങ്കല്പം" പറവാൻ ആരംഭിക്കുന്നു എന്നോ ഏതാണു് തോന്നുക? "ജംബുദ്വീപേ ഭാരതവർഷേ" എന്നു തുടങ്ങി രാമേശ്വരത്തും മറും ശാസ്ത്രിമാർ "സങ്കല്പം" പറയുന്നതു കേട്ടിട്ടുള്ള വായനക്കാർക്കു് നിശ്ചയമായും ഒടുവിൽ പറഞ്ഞതുതന്നെ ഓർമ്മയിൽ വരുന്നതാണു്. സംസ്കൃതത്തിൽ ഇങ്ങനെ ആരംഭിക്കുന്നതായി ഒരു കഥയും ഞങ്ങൾ കണ്ടിട്ടില്ല. കാവ്യങ്ങളിൽ പ്രസിദ്ധിയേറിയ ലഘുത്രയി, ബൃഹത്രയി ഇവയിൽ ഒന്നിലും ഇങ്ങനെ ഒരുപക്രമം കാണുന്നില്ല. പുരാണേതിഹാസങ്ങളിൽ തന്നെ വ്യാവൃത്തി ആവശ്യമില്ലാത്ത ഈ മാതിരി ദിക്കുകളിൽ ഒരിടത്തും ഇങ്ങനെ കഥ ആരംഭിക്കുന്നില്ല. ഉണ്ടെങ്കിൽ തന്നെയും അതു കാവ്യദോഷദൂഷിതമാകയാൽ കവി വർജ്ജിക്കേണ്ടതാണു്. മുത്തശ്ശിമാർ കുട്ടികളോടു് കഥപറയുമ്പോൾ തന്നെ "നിഷധം എന്നു് ഒരു രാജ്യമുണ്ടായിരുന്നു" എന്നല്ലാതെ "ഭൂമിയിൽ നിഷധം എന്നൊരു രാജ്യം ഉണ്ടായിരുന്നു" എന്നു് ആരംഭിക്കുന്നതു് സ്വാഭാവികമല്ല. ക്ലാസിൽ ഒരുകുട്ടി ഇങ്ങനെ ആരംഭിക്കുന്ന ഒരുപന്യാസം എഴുതിക്കൊണ്ടു ചെല്ലുകയാണെങ്കിൽ തന്നെ ഉപാദ്ധ്യായൻ ആ ഒന്നാമത്തെ "ഭൂമിയിൽ" എന്ന പദത്തെ ഉടനെ വെട്ടിക്കളയുന്നതാണെന്നതറിയാമല്ലോ. അതുകൊണ്ടു് "ധരാതലത്തിൽ" എന്ന ഒന്നാമത്തെ പദം തന്നെ 'നിരർത്ഥകം' എന്ന പദദോഷത്താലും "അപുഷ്ടാർത്ഥം" എന്ന വാക്യദോഷത്താലും യാതൊരൊഴികഴിവും ഇല്ലാത്തവിധത്തിൽ പദ്യത്തെ ദുഷ്ടമാക്കിയിരിക്കുന്നു. ധരാതലം എന്ന സമസ്തപദത്തിന്റെ ഘടകപദമായ 'തല' പദംകൂടി നിരർത്ഥകമാണെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

"ധനപുഷ്ടി" എന്ന പദത്തിന്റെ സാന്നിദ്ധ്യത്താൽ ഇവിടെ ആധാരികാവിഭക്തിക്കു നിർദ്ധാരണാർത്ഥം കൽപിച്ചു, ധരാതല

Digitized By Kerala Sahitya Akademi

ത്തിൽ വച്ചു് ഏറ്റവും ധനപുഷ്ടിയുള്ളതായ 'ദേശം' എന്നു സാധിപ്പാൻ ശ്രമിക്കുന്നു എങ്കിൽ ഏറ്റവും എന്ന പദത്തിന്റെ അസാന്നിദ്ധ്യത്താൽ ''ന്യൂനപദ'' ദോഷം ദുർന്നിവാരമായിത്തീരും. ''ധനപുഷ്ടി'' പദത്തിനു്, അധിക ധനപുഷ്ടി എന്നു (സാമാന്യത്തിനു വിശേഷത്തിൽ) ലക്ഷണം കൽപിക്കയാണെങ്കിൽ, രൂഢിപ്രയോജനങ്ങളില്ലാത്തതിനാൽ ''നേയാർത്ഥദോഷം'' സംഭവിക്കും. അപുഷ്ടാർത്ഥനിരർത്ഥകാദി ദോഷങ്ങൾ ശ്ലേഷയമകാദികളിൽ അപവദിക്കപ്പെടാം എന്നൊരാലങ്കാരികാനുവാദമുണ്ടു്. അതു് ഉത്തമപക്ഷമല്ല. പ്രകൃതത്തിൽ ശ്ലേഷമോ യമകമോ ഇല്ലതാനും. പിന്നെ ആ അനുവാദത്തെ വലിച്ചുനീട്ടി ശബ്ദാലങ്കാരമാക്കി ''കേരളപ്രാസ''ത്തിന്റെ അടുത്തു കൊണ്ടുചെല്ലാമെന്നു് വിചാരിക്കുന്നു എങ്കിൽ അതു് സാഹസമത്രേ. പ്രാസത്തിനായി കവി പദ്യത്തെ ബലികൊടുക്കുന്നതു ക്ഷുദ്രഭൂതപ്രീതിക്കായി പുത്രനെ ബലി കൊടുക്കുംപോലെ നിന്ദ്യവുമാകുന്നു. ഈ കാരണങ്ങളാൽ മേൽ ഉദ്ഭാവനം ചെയ്ത ദോഷങ്ങൾ നിരാക്ഷേപമായി സ്ഥാപിക്കപ്പെടുന്നു.

ഇനി രണ്ടാം പാദത്തിലെ ആര്യദേശം എന്ന പദംകൊണ്ടു് ആര്യാവർത്തത്തെയാണു് വിവക്ഷിച്ചതെങ്കിൽ, ആര്യാവർത്തത്തിനു ഭൂമിയിലല്ലാതെ മറെറങ്ങും പ്രസിദ്ധിയില്ലാത്തതുകൊണ്ടു ''ധരാതല''ത്തിന്റെ നിരർത്ഥകതയെ അതു് സ്പഷ്ടതരമാക്കുന്നു. ആര്യപദം ശ്രേഷ്ഠാർത്ഥകമാണെങ്കിൽ പൊട്ടപോലെ വിളങ്ങുന്നു എന്നുള്ളതുകൊണ്ടു ശ്രേഷ്ഠത വ്യംഗ്യമര്യാദയാൽ സിദ്ധമായിരിക്കുന്നതിനാൽ വീണ്ടും നിരർത്ഥകം തന്നെ. അടുത്തു നിൽക്കുന്ന ''നിഷധ'' പദം പുരാണപ്രസിദ്ധമായ നിഷധരാജ്യത്തിൽ രൂഢമാകയാൽ അതു മുൻപറഞ്ഞ രണ്ടിനേയും ഒന്നായി ഒരിക്കൽക്കൂടി ''നിരർത്ഥക''മാക്കിചെയ്യുന്നു

ഇനി, ''വിളങ്ങുന്നു'' എന്ന ക്രിയ വർത്തമാനകാലത്തിൽ പ്രയോഗിച്ചതിന്റെ അനൌചിത്യം നോക്കുക. നിഷധരാജ്യം ഇപ്പോൾ വിളങ്ങുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ? ചരിത്രപണ്ഡിതർ രംഗസ്വാമി അയ്യങ്കാർ അവർകൾ പുരാണപ്രസിദ്ധമായ ''നിഷധ''രാജ്യം ആര്യാവർത്തത്തിനു് പുറത്തു് വിന്ധ്യന്റെ തെക്കെ താഴ്വരയിലാണെന്നു് ഊഹിക്കുന്നു. കഥാസരിത്സാഗരത്തിലും മറും ഇതു് ഉത്തരേന്ത്യയിൽ ആയിരുന്നു എന്നു കാണുന്നു. വി. എസ്. ആപ്തേ ഈ പുരാണരാജ്യം, വടക്കു ഹിമാലയത്തിനു സമീപത്തു്, ''അളകനന്ദാ'' നദിക്കടുത്താണെന്നും, അതിന്റെ തലസ്ഥാനം ആ നദീതീരത്തു് അളകാ എന്ന പേരായ ഒരു നഗരമായിരുന്നുവെന്നും കേൾക്കുന്നതായി പറയുന്നു. ഈ പേരിൽ ഇന്ത്യയിൽ എങ്ങും ഒരു ദേശം ഇപ്പോൾ വിളങ്ങുന്നില്ലതാനും. അതുകൊണ്ടു് ഇതു് വാദഗ്രസ്തമായി മങ്ങുകയാണു് ഇപ്പോൾചെയ്യുന്നതു്. വിളങ്ങുകയല്ല. ക്രിയ ഭൂതകാലത്തിൽ പ്രയോഗി

Digitized By Kerala Sahitya Akademi

ച്ചിരുന്നു എങ്കിൽ ഈ ''അനുചിതാർത്ഥ'' ദോഷംകൂടാതെ കഴിക്കാമായിരുന്നു. ചരിത്രകഥാസാധാരണമായ വർത്തമാനകാലം ''Historical present'' ആണ് എന്നു പറയുന്നു എങ്കിൽ അതിന്നിവിടെ പ്രത്യേക സാരസ്യം ഒന്നുമില്ല. കൂടാതെയും അടുത്ത പദ്യത്തിൽ ''ഒരുന്നതശ്രീപുരിമുന്നമുണ്ടായിരുന്നപോലളകാഖ്യയായി'' എന്നു ഭൂതകാലം പ്രയോഗിച്ചിരിക്കുന്നതുകൊണ്ട് പ്രക്രമഭംഗവും നേരിടുന്നു. നിഷധരാജ്യവും അളകാനഗരവും രണ്ടും ഒന്നുപോലെ ഇപ്പോൾ അസ്പഷ്ടങ്ങളുമാണല്ലോ. ''ചിരാൽ'' എന്ന നിപാതത്താൽ ക്രിയയെ വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ട് പുരാതനകാലം മുതൽ ഇന്നുവരെ അവിടം ധനപുഷ്ടികൊണ്ടു പ്രസിദ്ധപ്പെട്ട സ്ഥലമാകുന്നു എന്നു കവി നിർവചിക്കുന്നു. ഇന്നത്തെ ഭൂവിവരണവും ചരിത്രവും വായിക്കുന്നകുട്ടികൾപോലും ഇത് സമ്മതിക്കുമോ? അതുകൊണ്ടു ആ പദം മുൻസൂചിപ്പിച്ച ''അനുചിതാർത്ഥദോഷ''ത്തെ ഉദ്ദീപപ്പിക്കമാത്രമല്ല സ്വയം അധികപദദോഷമായും മാറും പരിണമിക്കയുംകൂടി ചെയ്യുന്നു. ഈ സംഗതികളിൽ ദൃഷ്ടിവയ്ക്കാത്തിനാൽ കവി ദേശകാലജ്ഞനല്ലെന്നു വിചാരിക്കേണ്ടിവരികയും അതുകൊണ്ടു അദ്ദേഹത്തിൽ വായനക്കാർക്ക് ബഹുമാനക്കുറവുതോന്നുകയും ചെയ്യും.

എന്നാൽ ഈ ഭൂതവർത്തമാനപ്രയോഗങ്ങൾ ''അസ്ത്യലംകൃതകൗബേരീദിങ്മുഖോ നിഷധാഭിധഃദേശസ്തത്രാളകാ നാമ ബഭ്രുവനഗരീപുരാ'' എന്നു മൂലശ്ലോകത്തിൽ അങ്ങനെതന്നെയുള്ളവയാണ് എന്നു പറയുന്നുവെങ്കിൽ ഈ കൃതി കേവലം തർജ്ജിമയല്ലാത്തതിനാലും മൂലത്തെ അനുകരിച്ചു സ്വന്തയുക്തികൾ അതായതു നവീനാശയങ്ങൾ കലർത്തി എഴുതീട്ടുള്ളതാണെന്നു പ്രത്യാഖ്യാതാവ് എടുത്തുപറയുന്നതിനാലും ഇവിടെ ഔചിത്യം ഉപയോഗിക്കാത്ത കുറ്റം കവിയിൽത്തന്നെയാണ്. ബൃഹൽകഥയുടേയോ കഥാസരിത്സാഗരത്തിന്റെയോ കർത്താക്കന്മാരിൽ ഈ ദോഷം ആരോപിക്കാവുന്നതല്ല അവർ കഥകളെ പുരാവൃത്തരീത്യാ പറയുന്നതാണ്. വിശേഷിച്ചു് ബൃഹൽകഥാകാരനായ ഗുണാഢ്യമഹാകവി ക്രിസ്താബ്ദം 1-ാം നൂറ്റാണ്ടിലും കഥാസരിത്സാഗരകർത്താവായ സോമദേവമഹാകവി 11-ാം നൂറ്റാണ്ടിലും ജീവിച്ചിരുന്നവരുമാണ്.

നിഷധരാജ്യം വിളങ്ങുന്നതു് ''കുബേരദിക്കാം വരാംഗിയാൾ തൊട്ടൊരു പൊട്ടുപോലെ'' എന്നുൽപ്രേക്ഷിച്ചുകൊണ്ടാണ് പദ്യം അവസാനിക്കുന്നത്. ഈ അലങ്കാരത്തെപ്പറ്റി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു് ആദ്യപദ്യത്തിന്റെ ചർച്ചയിൽനിന്നു് വിരമിച്ചേക്കാം. യഥോക്തരൂപത്തിൽ ഇവിടെ രൂപകത്തിനും സ്വരൂപോൽപ്രേക്ഷയ്ക്കും അംഗാംഗിഭാവസങ്കരമാണ്. എന്നാൽ അടുത്തുനില്ക്കുന്ന ''വരാംഗിയാളെ'' കളഞ്ഞാൽ ഉൽപ്രേക്ഷ രൂപകത്തിന്റെ സ്ഥാനത്തിൽ സമാസോക്തിയെ അംഗമായി സ്വീകരിച്ചു വ്യംഗ്യഭംഗിയോടുകൂടി

Digitized By Kerala Sahitya Akademi

ഇതിനേക്കാൾ ശോഭിക്കുമായിരുന്നു. ''നിഷധം ഉത്തരദിക്കിന്റെ തൊട്ടകുറിയോ എന്നതോന്നുമാറ് ശോഭിക്കുന്നു'' എന്ന് അർത്ഥം സിദ്ധിച്ചാൽ മതിയല്ലോ.

ദിക്ശബ്ദത്തിന്റെ സ്ത്രീലിംഗസാമർത്ഥ്യവും ''പൊട്ടി''ന്റെ സാന്നിദ്ധ്യവുംകൊണ്ടു സമാസോക്തിയും ഉൽപ്രേക്ഷയും തമ്മിൽ സ്പഷ്ടമായി യോജിച്ചു ശോഭിക്കുന്നതുമായിരുന്നല്ലോ. ഇതിനിടയിൽ വന്നുകയറിയ ''വരാംഗിയാളു''ടെ കൈയിലുള്ള ഒരു പൊട്ടരൂപകത്തിനു സുജാതയായ സമാസോക്തിയെ കവി വിറ്റുകളഞ്ഞതു് വളരെ സാഹസമായിപ്പോയി. ഉത്തരദിക്കിനെ ഭംഗ്യന്തരേണ പറഞ്ഞതിനാൽ സിദ്ധിച്ച പര്യായോക്തി അതോടുകൂടി സഹോദരിയായ സമാസോക്തിയെ പിന്തുടർന്നു ദാസ്യത്തിലാക്കി. അതുകൊണ്ടു് അന്യഥാ സിദ്ധയായ വരാംഗിയാൾ പുനരുക്തിരൂപമായ അനുചിതാർത്ഥദോഷത്താൽ അലങ്കാരത്തെ ദൂഷിതമാക്കിയിരിക്കുന്നു. ഇനി സിംഹാവലോകനന്യായേന പിന്നിൽ കിടക്കുന്ന ''ധനപുഷ്ടിയൊത്തു'' എന്ന വിശേഷണത്തെ അവസാനമായി ഒന്നുകൂടി നോക്കാം. കുബേരദിക് പദത്തിൽ സങ്കീർണ്ണമായി നില്ക്കുന്ന പര്യായോക്തി സമാസോക്ത്യലങ്കാരങ്ങളിൽനിന്നു കുബേരപദത്തിന്റെ ശബ്ദശക്തിമൂലമായ വസ്തുധ്വനിയായി ധനസമൃദ്ധി മുതലായതു സിദ്ധിക്കുമെന്നിരിക്കെ അന്യഥാ സിദ്ധമായ ധനപുഷ്ടിയെ ധനപുഷ്ടി പദപ്രയോഗത്താൽ അഭിഹിതമാക്കിയതു് വീണ്ടും അലങ്കാരദൂഷകമായ ''പുനരുക്ത''മാണെന്നുള്ളതും പറയാതെ കഴികയില്ല. വിശേഷിച്ചും നിഷധത്തിലെ അസാധാരണ ധനപുഷ്ടിയെ മുൻനിർത്തി ഇതിവൃത്തത്തിൽ യാതൊരു സംഭവവിശേഷവും വർണ്ണ്യമായിക്കാണാഞ്ഞതിനാൽ പ്രഥമശ്ലോകത്തിൽ അതിനെ പുരസ്കരിച്ചുള്ള ഈ സംരംഭം വെറും നിഷ്പ്രയോജനവുമാണ്. ഇങ്ങനെ ഈ ഒരു പദ്യത്തിൽ, വിശേഷിച്ചു് ഒന്നാമത്തെ പദ്യത്തിൽ തന്നെ അനാവശ്യമായും അനുചിതമായും എത്ര പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നതെന്നും അതുകൊണ്ടു് ആ ചെറിയ പദ്യത്തിൽ ഒന്നിനുമേലൊന്നായി എത്ര കാവ്യദോഷങ്ങളാണ് ഞെങ്ങിഞെരുങ്ങി സ്ഥിതിചെയ്യുന്നതെന്നും നോക്കുക.

കവി ദൃഷ്ടിവച്ചിരുന്നുവെങ്കിൽ ഈ ദോഷങ്ങളെ പരിഹരിക്കാൻ പാടില്ലായിരുന്നോ? നിശ്ചയമായും പരിഹരിക്കാമായിരുന്നു.

പുരാണരാജ്യങ്ങളിൽ മുഖ്യമായു-
ള്ളൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിരാജിച്ചു കുബേരദിക്കിൽ
പരാർത്ഥ്യമായുള്ളൊരു പൊട്ടപോലെ.

എന്നുമാറ്റിയാൽ വിവക്ഷിതമായ അർത്ഥവും അലങ്കാരങ്ങളും സിദ്ധിക്കുന്നില്ലേ? ''അദോഷൗ സഗുണൗ സാലങ്കാരൗ ശബ്ദാർ-

Digitized By Kerala Sahitya Akademi

ത്ഥൗ കാവ്യം'' എന്ന ആലങ്കാരികമതത്തെ ലംഘിച്ചു കവിതാമാർഗ്ഗത്തിൽ സഞ്ചരിക്കരുത്, വ്യംഗ്യഹീനമായ നിർജ്ജീവകവിതാസന്തതികളെക്കൊണ്ടു സാഹിത്യലോകത്തെ നിറപ്പാനും ബുദ്ധിമാന്മാർ ശ്രമിക്കരുത്.

2-ാം പദ്യത്തിന്റെ പൂർവാർദ്ധം പ്രസംഗവശാൽ മുമ്പ് ഉദ്ധരിച്ചിരുന്നു. അതിന്റെ ഉത്തരാർദ്ധം ''പെരുത്തശിലീപങ്ങളൊത്തു സാക്ഷാൽ മരുൽപുരത്തിന്റെ പകർപ്പുപോലെ'' എന്നാകുന്നു. പൂർവാർദ്ധം കൊണ്ടു (നിഷധരാജ്യത്ത്) ''അളകാഖ്യയായി ഒരുന്നതശ്രീപുരിമുന്നമുണ്ടായിരുന്നുപോൽ'' എന്നു കവി പറയുന്നു. പിന്നെ 32-ാമത്തെ പദ്യത്തിൽ ''അതിങ്കൽ (അളകയിൽ) വാണാൻ ഒരു മേദിനീശൻ'' എന്ന് ആരംഭിച്ചു 33-ാമത്തെ പദ്യം കൊണ്ട് ആ മേദിനീശൻ'' മഹാസേന പദാഭിധേയൻ'' എന്നു പറഞ്ഞ് ആ വാക്യത്തിനു പൂർണ്ണ വിരാമം നൽകുകയും ചെയ്യുന്നു. ഇതുകൊണ്ടു നിഷധരാജ്യത്തിൽ അളക എന്നൊരു പുരിയുണ്ടായിരുന്നു, അതിൽ മഹാസേനൻ എന്ന ഒരു രാജാവു വാണിരുന്നു എന്നാണ് സിദ്ധിക്കുന്നത്. ഇതിൽ നിന്നു, നിഷധരാജ്യത്ത് അനേക നഗരങ്ങൾ ഉണ്ടായിരുന്നതിൽ ഒന്ന് അളകയായിരുന്നു എന്നും അവിടെ അനേക രാജാക്കന്മാർ ഉണ്ടായിരുന്നവരുടെ കൂട്ടത്തിൽ ഒരാൾ മഹാസേനൻ എന്ന രാജാവായിരുന്നു എന്നും മാത്രമാണ് സാധാരണ വായനക്കാർക്കു തോന്നുക. നേരേ മറിച്ചു നിഷധരാജ്യത്തിന്റെ തലസ്ഥാനനഗരി അളകയായിരുന്നു, അതിൽ രാജാധിരാജനായി മഹാസേനൻ വാണിരുന്നു എന്നാണു വിവക്ഷിതം. ഇവിടെ കവി വിവക്ഷിച്ച അർത്ഥം വാക്യത്തിൽ നിന്നു കിട്ടാത്തതിനാൽ ''അഭവന്മതയോഗം'' എന്ന കാവ്യദോഷം സംഭവിക്കുന്നു. ഇനി ''ഉന്നതശ്രീപുരി'' എന്ന വിശേഷണത്തിന്റെ സാമർത്ഥ്യത്താൽ അളക പ്രധാനനഗരിയെന്ന് അർത്ഥം സിദ്ധിക്കും എന്നു പറയുമെങ്കിൽ, ആ ക്ലിഷ്ടകല്പനയെ സമ്മതിച്ചാൽ തന്നെയും സംഖ്യാവാചിയായ 'ഒരു' എന്ന വിശേഷണം, അപ്രകാരമുള്ള നാനാനഗരങ്ങളെ വ്യഞ്ജിപ്പിച്ചു പ്രസ്തുത നഗരത്തെ അന്യതമമായി നിർദ്ദേശിക്കതന്നെ ചെയ്യും. അതുകൊണ്ട് ആ ദോഷം അപരിഹാര്യമാകുന്നു. ഇങ്ങനെ ദൂഷിതമായ പദ്യത്തിന്റെ ശരീരത്തെ ഉത്തരാർദ്ധം കൊണ്ടു കവി അലങ്കരിപ്പാൻ ശ്രമിക്കുകയാണു ചെയ്യുന്നത്. അളക പെരുത്ത ശിലീപങ്ങളോടുകൂടി മരുൽപുരത്തിന്റെ (അമരാവതിയുടെ) പകർപ്പുപോലെ (ആയിരുന്നു) എന്നാണ് ശ്ലോകത്തിന്റെ അന്വയാർത്ഥം. ഇവിടെ ''പകർപ്പി''നുപകരം 'അസൽ' അതായതു സാക്ഷാൽ മരുൽപുരം തന്നെ ഉപമാനമായിരുന്നുവെങ്കിൽ പൂർണ്ണോപമാലങ്കാരമാകുമായിരുന്നു. ഈ ''പകർപ്പിൽ'' എത്രതന്നെ അധികൃതന്മാരുടെ ഒപ്പും മുദ്രയും ഉണ്ടായിരുന്നാലും അസലിന്റെ വിലയും പ്രാമാണ്യവും ഉണ്ടാകുന്നതല്ല. ''അധികഗുണം ഉപമാനം'' എന്ന ആലങ്കാരികനിയമമനുസരിച്ചു

Digitized By Kerala Sahitya Akademi

സാദൃശ്യം അതിശയോക്തിനിർഭരമായിരുന്നാലും ഉപമാലങ്കാരം അലങ്കാരമാകും. സാദൃശ്യാതിശയമാണ് ഉപമയിൽ അലങ്കാരതാവച്ഛേദകം. 'പോലെ' എന്ന വാചകമല്ല. 'നമ്മെപ്പോലെ നടക്കുന്ന നാലുകാലുള്ള ജീവികൾ'. ഇവിടെ പോലെ എന്ന വാചകവും, നടക്കുക മുതലായ സാധർമ്മ്യവും ഉണ്ടെങ്കിൽ കൂടിയും ഉപമാലങ്കാരത്വമില്ലെന്നറിയാമല്ലോ. നഗരം ദേവലോകം പോലെ ഇരിക്കുന്നു എന്നു പറഞ്ഞാൽത്തന്നെ പുരാണപ്രസിദ്ധമായ ദേവലോകത്തോടുള്ള സാദൃശ്യം വളരെ പുരാണമായിപ്പോയിരിക്കുന്നതിനാൽ ആയിരിക്കുമോ കവി അളകാനഗരിയെ അതിന്റെ പകർപ്പായി ഉൽപ്രേക്ഷിക്കുന്നത്. എന്നാൽ ആദ്യപദ്യത്തിലെ ''പൊട്ട''ൽപ്രേക്ഷയും പുത്തനല്ലാത്ത സ്ഥിതിക്ക് അങ്ങിനെ വേണ്ടിയിരുന്നില്ലല്ലോ. മരുൽപുരത്തിന്റെ പകർപ്പു പ്രസിദ്ധമല്ലാഞ്ഞിട്ടാണ് ഉൽപ്രേക്ഷയാണെന്നു ശങ്കിക്കേണ്ടിവരുന്നത്, എന്നാൽ ഉൽപ്രേക്ഷയും സാദൃശ്യനിബന്ധനമായ അലങ്കാരമാണ്. പകർപ്പിനു പര്യാപ്തമായ സാദൃശ്യം സിദ്ധിക്കുന്നില്ല. അതുകൊണ്ട് ആ ഉൽപ്രേക്ഷ ദൂഷിതമായിപ്പോകുന്നു. അല്ലെങ്കിൽ ഉൽപ്രേക്ഷയുടെയും ഒരു പകർപ്പുചൊല്ലും പദ്യത്തിനു സിദ്ധിക്കുന്നു. ''ഉന്നതശ്രീ''ക്കും ''പെരുത്ത ശില'പങ്ങൾക്കും'' ഒന്നിനും ഈ അനിഷ്ടാപത്തിയെ തടഞ്ഞുനിർത്താൻ ശക്തിയുണ്ടാകുന്നതല്ല. മറിച്ചു ''ശേഷൈഃ പുണ്യൈർഹൃതമിവ ദിവ്യ കാന്തിമൽഖണ്ഡമേകം'' എന്ന കാളിദാസ പ്രയോഗം നോക്കുക. അതിലെ ചമൽക്കാരം പകർപ്പിൽ കാണുമോ?

''ധനാഭിവൃദ്ധിത്തികവൊത്തു'' എന്നാരംഭിക്കുന്ന 3-ാമത്തെ പദ്യംകൊണ്ട് അളകയെന്ന പേരിനു സാർത്ഥക്യം കല്പിക്കുന്ന ശ്ലേഷത്തെ സംബന്ധിച്ചു മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ ''അപ്പുറത്തിന്നനാര്യമായീലളകാഭിധാനം'' എന്നാണു പറയുന്നത്. അസാർത്ഥകം അല്ലെങ്കിൽ അനുചിതം എന്നാണ് പറയേണ്ടിയിരുന്നത്. ''അനാര്യ'' പദത്തിനു് ആ അർത്ഥമില്ലായ്കയാൽ ഇവിടെ ''അവാചകം'' എന്ന ദോഷം ഒഴിച്ചുകൂടാത്തതാകുന്നു. സാർത്ഥക്യത്തിന്റെ അല്ലെങ്കിൽ ഔചിത്യത്തിന്റെ വാചകങ്ങളായി സംസ്കൃതത്തിലും മലയാളത്തിലും ഒട്ടനേകപദങ്ങൾ ഉണ്ടായിരിക്കുമ്പോൾ ആര്യപദത്തിന്റെ അർത്ഥവ്യാപ്തിയെ വിസ്തീർണ്ണമാക്കി അതുവരെ കൊണ്ടുപോവാൻ കവി ശ്രമിക്കുന്നതു സാഹസമാകുന്നു. ഈ മോതിരം ഈ വിരലിൽ ''ആര്യ''മാകുന്നില്ല, മൂലം തിരുനാൾ തിരുമേനി നാട്ടിൽ അനവധി ഗുണങ്ങൾക്കു മൂലമായിരിക്കുന്നതിനാൽ അവിടത്തെ തിരുനാമം ''ആര്യ''മായിരിക്കുന്നു. എന്നൊക്കെ പറഞ്ഞുതുടങ്ങിയാൽ എന്തവസാനമാണ്. പ്രയോജനാന്തരം ഇല്ലാത്തപക്ഷം മഹാകവികൾ എപ്പോഴും വാച്യതമമായ അർത്ഥത്തിലല്ലേ പദങ്ങൾ പ്രയോഗിക്കാറുള്ളതു? ദ്വിതീയരക്ഷാപ്രാസത്തെ അർത്ഥം കൊടുത്തു വാങ്ങുന്നതു പ്രയോജനമാകുമെന്നു ഞങ്ങൾ

Digitized By Kerala Sahitya Akademi

വിചാരിക്കുന്നില്ല. ''പ്രാസമുന്നി പ്രയോഗി''ച്ചതിനാൽ നേരിട്ട ''അർത്ഥഭംഗപ്രസംഗ''മാണിതു് എന്നു കവിതന്നെ സമ്മതിക്കാതിരിക്കയില്ലെന്നാണു് ഞങ്ങളുടെ വിശ്വാസം.

ഇതുവരെ ആയിട്ടും ഞങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഒന്നാമത്തെ പുറം തന്നെ മുഴുവൻ വിമർശനം ചെയ്തു കഴിഞ്ഞില്ല. ഇതുപോലെ 397 പുറങ്ങളടങ്ങിയ ഈ കൃതി മുഴുവൻ ഒന്നു ചിന്തിച്ചു നോക്കുകയോ? ഇത്രമാത്രംകൊണ്ടുതന്നെ ഞങ്ങൾ പറഞ്ഞ അഭിപ്രായത്തിന്റെ സാദ്ധ്യത വായനക്കാർക്കു് മനസ്സിലാകും. പോരെങ്കിൽ മിസ്റ്റർ. ഉണ്ണികൃഷ്ണൻ നായർ ആവശ്യപ്പെട്ടന്ന പ്രകാരവും ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ച പ്രകാരവും മറ്റു് ചില ദോഷങ്ങൾകൂടി അവിടവിടെനിന്നു് ഉദ്ധരിച്ചു കാണിച്ചേക്കാം.

അളകയെപ്പറ്റി വർണ്ണിച്ചിട്ടുള്ളതിൽ വർണനാരീതിയുടെ അനൗചിത്യത്തെയും സ്ഥലനിർണ്ണയത്തെയും മറ്റും പറ്റി ഞങ്ങൾക്കു് പറവാനുള്ളതു് പറഞ്ഞുകഴിഞ്ഞു. അളകനന്ദാനദിയുടെ തീരത്തിലുള്ള നഗരത്തെപ്പറ്റി ഒരു നീട്ടിപ്പിടിച്ച വർണ്ണനം കഴിഞ്ഞുകൂടിയിട്ടും പ്രകൃതി മനോഹരമായ ആ നദിയെപ്പറ്റി ഒരു വാക്കെങ്കിലും കവി എഴുതാഞ്ഞതു് എന്തുകൊണ്ടു്? യഥാർത്ഥകവികൾ അതുപോലുള്ള ഒരു രമ്യവസ്തുവിനെ അവസരം കിട്ടുമ്പോൾ വർണിക്കാതെ വിട്ടുകളയുമോ? എഴുത്തച്ഛൻതന്നെ അയോദ്ധ്യയെ

> ''നാലുപാടും വളഞ്ഞൊഴുകീടുന്ന
> നീലതോയസരയൂ നദികൊണ്ടു
> സാരമായ് കിടങ്ങുണ്ടതിർത്തിട്ട.''

എന്നാണു് വർണ്ണിക്കുന്നതു്. അതു് എത്ര ഹൃദയംഗമമായിരിക്കുന്നു എന്നു നോക്കുക. ഇങ്ങനെയുള്ള പ്രാദേശികമായ പ്രകൃതിരാമണീയകങ്ങളുടെ വർണ്ണനത്തിനു് കഥാരംഗത്തെ വായനക്കാരുടെ ഹൃദയത്തിൽ ഉറപ്പിച്ചു് ആഭിമുഖ്യമുണ്ടാക്കുവാൻ അന്യാദൃശമായ ഒരു ശക്തി ഉണ്ടെന്നുള്ളതു് അനുഭവസിദ്ധമാണല്ലോ. വ്യതിരേകരീത്യാ വർണ്യാംശത്തെ വിട്ടുകളഞ്ഞ അനൗചിത്യമാണിവിടെയുള്ളതു്. ഇനി മഹാസേനരാജാവിന്റെ പുത്രനും കഥാനായകനുമായ ചന്ദ്രസേനന്റെ ശൈശവത്തെ വർണ്ണിക്കുന്നതിൽ കവി കാണിച്ചിരിക്കുന്ന സ്വഭാവനിരീക്ഷണ സാമർത്ഥ്യത്തെത്തന്നെ നോക്കാം. ഈ വർണനയുടെ ''സാരസ്യം കേവലം അസാധാരണമായിരിക്കുന്നു.'' എന്നാണല്ലോ മിസ്റ്റർ നായർ പറയുന്നതു്. ഈ വർണനയിൽ ചുരുക്കം ചില ശ്ലോകങ്ങൾ നന്നായിട്ടുണ്ടു്. എന്നാൽ അവയും ദോഷനിർമ്മുക്തങ്ങളല്ല; വിസ്താരഭയത്താൽ എല്ലാം ചൂണ്ടിക്കാണിപ്പാൻ തരമില്ലാത്തതിൽ വ്യസനിക്കുന്നു. എന്നാൽ പാവയ്ക്കു് മുലകൊടുപ്പാൻ അമ്മയോടു് ആവശ്യപ്പെടുകയും, കണ്ണഞ്ചിരട്ടകൊണ്ടു് അപ്പമുണ്ടാക്കുകയും മറ്റും ചെയ്യുന്ന ആ കുട്ടി എവിടെ വളരുന്നു എന്നും ആരുടെ സന്താനമാ

Digitized By Kerala Sahitya Akademi

ണെന്നും, കുട്ടി സ്ത്രീയോ പുരുഷനോ ആരാണെന്നും ഉള്ളതിനെ ചിന്തിച്ചിട്ടാണോ കവി വർണിച്ചിരിക്കുന്നതെന്നു പ്രത്യാഖ്യാതാവ് സൂക്ഷിച്ചുനോക്കിയോ? ഒരു ശിശുവിന്റെ സ്വഭാവത്തിലും ചേഷ്ടകളിലും മാതാപിതാക്കന്മാരുടെ ഉച്ചനീചാവസ്ഥകളെ കാണിക്കുന്ന ചില സൂക്ഷ്മമായ വ്യത്യാസങ്ങളുണ്ട്. പര്യന്താവസ്ഥകളെ കാണിക്കുന്നതായ പ്രത്യേകലക്ഷണങ്ങളുമുണ്ട്. എല്ലാറ്റിനും പുറമേ സ്ത്രീപുംഭേദങ്ങളെ സംബന്ധിച്ച പ്രകൃതിവിശേഷങ്ങൾ വിശേഷിച്ചുമുണ്ട്. കവി ഈ വസ്തുതകൾ ഒന്നും മനസ്സിലാക്കി വർണ്ണിച്ചിട്ടുള്ളതായി കാണുന്നില്ല. കുട്ടി ആരാണ്? നിഷധചക്രവർത്തിയുടെ ഔരസനായ ഏകപുത്രൻ; ലോകത്തുള്ള അനേകസങ്കടങ്ങളിലും ആപത്തുകളിലും ധീരതയോടു തലയിട്ടനിന്നു ജീവിതരണത്തിൽ വിജയം നേടാൻപോകുന്ന ഒരു മഹാവീരൻ; കഥയിലെ നായകൻ. കവി വർണ്ണിച്ചിരിക്കുന്നമാതിരി ഒരുശിശു നമ്മുടെ നഗരങ്ങളിലുള്ള കീഴ്ജീവനക്കാരുടെ കുടുംബങ്ങളിൽത്തന്നെ സുലഭമാണ്. വർണ്ണനയിൽ യാതൊരു വൈലക്ഷണ്യവും ഇല്ല. കവിയുടെ ലോകസ്വഭാവഗ്രഹണപാടവത്തെ ദ്യോതിപ്പിക്കുന്ന യാതൊരു ഉയർന്നതരം കൽപനാശക്തിയും ഇവിടെ പ്രകാശിച്ചിട്ടില്ല. നേരമറിച്ചു പാവയെ കളിപ്പിക്കുകയും മണ്ണപ്പം ചുടുകയും അരിയും കറിയും വയ്ക്കുകയും മറ്റും ചെയ്യുന്ന സ്വഭാവം ചെറിയ പെൺകുട്ടികളുടേതുമാകുന്നു. രാജകുടുംബങ്ങളിലെ പെൺകുട്ടികൾക്കുതന്നെയും കണ്ണംചിരട്ടകൊണ്ടു മണ്ണപ്പം ചുടുക മുതലായതു സ്വാഭാവികമായി വരാവുന്ന ക്രീഡയല്ലെന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഇവിടെ കവി കുട്ടിയുടെ അസാധാരണത്വത്തെ ദ്യോതിപ്പിക്കുന്ന വർണ്ണ്യാംശങ്ങൾ തള്ളുകയാൽ വ്യതിരേകരൂപേണയും, അവർണ്ണ്യാംശങ്ങൾ കൊള്ളുകയാൽ അന്വയരൂപേണയും കഠിനമായ അനൗചിത്യം പ്രദർശിപ്പിച്ചിരിക്കുന്നു. പ്രാചീനകവികൾക്ക് ഈമാതിരി അബദ്ധം സാധാരണ പറ്റാറില്ല. അതുകൊണ്ടാണ് ഈമാതിരി മഹാകാവ്യങ്ങൾ വേണമെങ്കിൽ തർജ്ജിമചെയ്യുന്നതിനേക്കാൾ ഉത്തമം എന്ന് ഞങ്ങൾ സൂചിപ്പിച്ചിരുന്നത്.

പ്രത്യാഖ്യാതാവ് എടുത്തുകാണിച്ചു പറയുന്ന വർണ്ണനകളിൽ പ്രധാനമായ രണ്ടിനെ ഞങ്ങൾ അനൗചിത്യം ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. ഇനി ഇതിലുള്ള മറ്റ് എല്ലാ വർണ്ണനകളിലും ഈമാതിരി വളരെ അനൗചിത്യങ്ങൾ ഞങ്ങൾ കാണുന്നുണ്ട്. ഈവക ദോഷങ്ങളെ കാണാത്ത കവിയേക്കാൾ ഈവക വർണ്ണനകളിലെ അസാധാരണ സാരസ്യം കാണുന്ന ശ്ലാഘകന്മാരെപ്പറ്റിയാണ് അധികം ആശ്ചര്യം തോന്നുന്നതെന്നും പറയാതിരിപ്പാൻ നിവൃത്തിയില്ല.

പ്രത്യാഖ്യാനത്തിൽ കവിതാസാരസ്യം കാണിപ്പാൻ ചില ഭാഗങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. എന്നാൽ നല്ല പദ്യങ്ങൾ ഈ കാവ്യത്തിൽ

Digitized By Kerala Sahitya Akademi

ഇല്ലാതില്ലെന്നു ഞങ്ങൾ മുമ്പേതന്നെ സമ്മതിച്ചിട്ടുള്ളതാണ്. പ്രത്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുള്ളതിനേക്കാൾ നിർദ്ദോഷവും ഗുണഭൂയിഷ്ഠവുമായ പദ്യങ്ങൾ തന്നെയും അവിടവിടെ ആയി ഈ കാവ്യത്തിൽ പലതുമുണ്ട്. നഗരവർണ്ണനയിലെ

മരീചിതൂകം മഹനീയരത്ന-
പരീതമായുള്ളൊരു രാജഗേഹം
പുരീമഹാലക്ഷ്മിയണിഞ്ഞ ദിവ്യ
കിരീടമായങ്ങു വിളങ്ങിഭംഗ്യാ.

എന്ന പദ്യം അങ്ങനെയുള്ളവയിൽ ഒന്നാണ്. "തദല്പമപിനോപേക്ഷ്യം കാവ്യേ ദുഷ്ടം കഥഞ്ചന, സ്യാദപുസ്സുന്ദരമപിശ്വിത്രേതരൈകേന ഹീയതേ," (കവിതയിൽ ദോഷാംശം എത്ര അല്പമായിരുന്നാലും അതിനെ പരിഹരിക്കാതെ വിട്ടുകളയരുതു്. സർവാംഗസുന്ദരമായ ശരീരംകൂടിയും ഒരു ശ്വിത്രം [തൽഗ്രോഗസംബന്ധമായ വെളുത്തപുള്ളി] കൊണ്ടു വികൃതമായിപ്പോകുന്നു) എന്ന ദണ്ഡിവചനം ഞങ്ങൾ ഉദ്ധരിച്ചതിന്റെ താത്പര്യം ചിന്തിച്ചുനോക്കിയാൽ മതി. ഞങ്ങൾ ഉദ്ഭാവനം ചെയ്യാത്ത ചില ആക്ഷേപങ്ങളെ സ്വയം ശങ്കിച്ചു മിസ്റ്റർ നായർ സമാധാനം പറയുന്നതിനു മറുപടി പറവാൻ വിസ്തരഭയത്താലും പ്രസക്തനപ്രസക്തവാദങ്ങൾക്കായി സമയംകളവാൻ മടിച്ചും ഞങ്ങൾ തല്ക്കാലം ഒരുങ്ങുന്നില്ല. സംസ്കൃത ഗ്രന്ഥങ്ങളിലെ ആശയവിശേഷങ്ങൾ അവിടവിടെ പ്രകർത്തിയിട്ടുള്ളതായി ഞങ്ങൾ സൂചിപ്പിച്ചതിനെ യഥാർത്ഥീകരിപ്പാൻ അങ്ങനെയുള്ള പ്രയോഗങ്ങളുടെ സാമാന്യം ദീർഘമായ ഒരു വിവരണം താഴെ ചേർക്കുന്നുണ്ട്. അതിൽ നിന്നു് ആശയ വിശേഷങ്ങൾ മാത്രമല്ല പദ്യങ്ങൾ തന്നെയാണ് പലതിക്കിലും തർജ്ജിമചെയ്തു സ്വായത്തീകരിച്ചിട്ടുള്ളതെന്നു വെളിവാകും.

മനോരമയുടെ ഗർഭധാരണവർണ്ണനാരീതിയിലും മിസ്റ്റർ നായർ പറയുന്ന നവീനരീതിയൊന്നും ഞങ്ങൾ കാണുന്നില്ല. നവീനകവികൾ കഥാപാത്രങ്ങളുടെ നഗ്നരൂപങ്ങളെ നിർല്ലജ്ജമായി വർണ്ണിക്കരുതെന്നുമാണു ഞങ്ങളുടെ അപേക്ഷ. രാജ്ഞിയുടെ ഉദരത്തിലെ രോമങ്ങളെ "കൃഷ്ണമൂർത്തി"യാക്കി ആലിലയിൽ പള്ളികൊള്ളിപ്പിക്കുന്നതു് അനുചിതവും ജുഗുപ്സാവഹവുമാണു്. രാജ്ഞിയുടെ കുചഘടങ്ങളിൽ അരക്കുമുദ്ര പതിക്കുന്നതും അശ്ലീലപ്രതീതിയുണ്ടാക്കുന്ന ഒരു പ്രയോഗമാണു്. സഹൃദയന്മാർ നിശ്ചയമായും ഇങ്ങനെ തന്നെ പറയുമെന്നാണു ഞങ്ങളുടെ വിശ്വാസം. "പൂഞ്ചായൽ പുഞ്ചിരിപുരണ്ട" എന്നാദിയായ പദ്യം നാലാംപാദത്തിലെ "താൻ" കൂടാതെ കഴിച്ചിരുന്നു എങ്കിൽ നല്ല പദ്യങ്ങളുടെ ശേഖരത്തിൽ ചേർപ്പാൻ നിരാക്ഷേപമായിസമ്മതിച്ചേക്കാമായിരുന്നു. "താൻ" ഇവിടെ പ്രതിസംജ്ഞയാണെങ്കിൽ "നിരർത്ഥകം" എന്ന പദദോഷം. നിപാതമാണെങ്കിൽ

Digitized By Kerala Sahitya Akademi

ഉണ്ണിതന്നെ എന്ന നിയമം അനാവശ്യമാകയാൽ "അനിയമപരിവൃത്തം" എന്ന വാക്യദോഷം. തൻചാരെനിലംപവരെ എന്നാണ പാഠം എങ്കിൽ, ശുദ്ധിപത്രത്തിൽ അങ്ങനെ തിരുത്തീട്ടില്ല. തിരുത്താൻ വിട്ടുപോയി എന്നാണ പറയുന്നതെങ്കിൽ മുകളിലത്തെ മൂന്ന പദങ്ങളിലും പ്രാസം ദീർഘാക്ഷരത്തിൽ ആരംഭിച്ചിരിക്കുന്നതിനാൽ ക്രമം തെറ്റും എന്നുള്ളതു പ്രത്യക്ഷമാകയാൽ അതു കവി വിവക്ഷിതമായിരിക്കയില്ല.

3-ാം സർഗ്ഗത്തിലെ വനവർണ്ണനയിൽ ചില നല്ല പദ്യങ്ങൾ ഉണ്ടെങ്കിലും അതിശയോക്തി നിമിത്തമായും മറ്റുമുള്ള പല അനൗചിത്യങ്ങൾ അതിലധികമുണ്ട്. ആനയുടെ മസ്തകങ്ങളെ വെട്ടിമുറിക്കുമ്പോൾ ചിതറുന്ന മുത്തുകളാൽ കാട്ടിൽ തറകളൊക്കെ നിറഞ്ഞിരിക്കയാണ്. ഈ മുത്തുകൾ ആരും വാരി വീട്ടിലേക്കു കൊണ്ടുവരുന്നതായി കാണുന്നില്ല. രാജകുമാരന്റെ അരമനയിൽ മുത്തു കല്ലും മണ്ണും പോലെ സുലഭമായിരിക്കാം. അതുകൊണ്ടു കാട്ടിൽ നിന്നു വാരിച്ചുമന്നുകൊണ്ടുവരുന്നതനാവശ്യമെന്നു പറയുമായിരിക്കാം. എന്നാൽ കൂടെ നായാട്ടിനുപോയ ഭടന്മാരിൽ തന്നെ ആരും ഏതാനും മുത്തുകളെങ്കിലും വാരി പോക്കറ്റിൽ ഇടാൻ ശ്രമിച്ചുകാണാത്തതെന്താണാവോ?

"അരിശമൊടലറിക്കൊണ്ടാശുകൃത്താനടുക്കും
കരികളുടെ കടുക്കും തുമ്പിയും കാലുമെല്ലാം,
അരിവിജയികുമാരൻ വാളിനാൽ വാഴവെട്ടം
പരിചിലവിടെ വെട്ടിക്കൂട്ടിനാൻ കൂട്ടരോടും"

ഈ വാഴപോലെയോ വാഴക്കുലപോലെയോ ഉള്ള വെട്ടിക്കൂട്ടൽ രസംപിടിച്ച നായാട്ടവർണ്ണനയാണെന്നു ശ്ലാഘിക്കുന്നവരുടെ ഔചിത്യജ്ഞാനത്തിനു നമസ്കരിക്കതന്നെ വേണം.

ഇനി "പ്രതിഘ്വഭരിതഭാവാൽ" എന്നാരംഭിക്കുന്ന പദ്യത്തിൽ ചുറ്റും വന്നുകൂടുന്ന സിംഹങ്ങളുടെ നടുവിൽ ആ രാജകുമാരൻ നിൽക്കുന്നതിനെ താഴ്വരകളിൽ എങ്ങും പൂത്തുനിൽക്കുന്ന പാച്ചോറ്റിവൃക്ഷങ്ങളോടുകൂടിയ 'പർവതേന്ദ്ര'നോടു തുല്യമായി വർണ്ണിച്ചിരിക്കുന്നതിന്റെ ഔചിത്യംകൂടി നോക്കുക.

"സപാടലായാം ഗവിതസ്ഥിവാംസം
ധനുർദ്ധരഃ കേസരിണം ദദർശ
അധിത്യകായാമിവ ധാതുമയ്യാം
ലോദ്ധ്രദ്രുമം സാനുമതഃ പ്രഫുല്ലം"

എന്ന രഘുവംശപദ്യത്തെ അസ്ഥാനത്തിൽ അനുകരിപ്പാൻ അല്ലെങ്കിൽ തർജ്ജിമചെയ്വാൻ ചെയ്ത സാഹസത്തിന്റെ ഫലമല്ലേ ഈ വൈരൂപ്യം. നാലാം സർഗ്ഗത്തിൽ പരിവ്രാജികയായ കാത്യായ

Digitized By Kerala Sahitya Akademi

നിയെ രാജകുമാരൻ ''അരുന്ധതീസോദരി'' എന്നു സംബോധനം ചെയ്യുന്നു. അരുന്ധതീദേവി സുമംഗലയായ കുടുംബിനിയാണെന്നു കവി ഓർത്തിരുന്നു എങ്കിൽ ഈ അനൌചിത്യം ഒഴിച്ചേക്കാമായിരുന്നു. ഈ മഹാ താപസിയെക്കൊണ്ടു നൈഷധീയ ചരിത്രത്തിൽ ഹംസത്തെക്കൊണ്ടെന്നപോലെ കവി നായികയുടെ സൌന്ദര്യത്തെയും യൌവനത്തെയും വർണ്ണിപ്പിപ്പാൻ തുടങ്ങിയതു വേറൊരു അനൌചിത്യമാകുന്നു. താരാവലിയുടെ ''അനോപമാംഗദ്യുതിരയാന്നു കാണുകിൽ മനോരഥം പൂരുഷനായ് ഭവിക്കുവാൻ മനോജകാന്തസ്സുമുദിച്ചിടുംദൃഢം'' എന്നും ''സ്മരന്റെറ മന്ത്രാക്ഷരശക്തിയാകുമപ്പുരന്ധ്രിരത്ന'' മെന്നും മററും ആ യോഗിനിയെക്കൊണ്ടു പറയിക്കുന്നതു വേറൊരു വലിയ അനൌചിത്യമാകുന്നു. യോഗിനി കഥയിലെ പ്രധാന പാത്രങ്ങളിൽ ഒന്നാകുന്നു. കവി ആ പാത്രത്തെ സന്യാസിനീവേഷം കെട്ടിച്ച് അഭിചാരപ്രയോഗങ്ങൾ ചെയ്തു കാലംകഴിപ്പാൻ അലഞ്ഞു നടക്കുന്ന ഒരു ആഭിചാരിണിയുടെ പടിയിലേക്കു താഴ്ത്തിക്കളഞ്ഞിരിക്കുന്നു. എന്തിനായി ഈ തപസ്വിനി കുട്ടിനിയെപ്പോലെ താരാവലിയുടെ അംഗലാവണ്യാദികളെ ഇത്രയൊക്കെ നീട്ടി വർണ്ണിച്ചു രാജകുമാരനെ പ്രലോഭിപ്പിക്കണം? എന്തിനു തന്റെ വേഷത്തിനോ ആശ്രമത്തിനോ ഉചിതമല്ലാത്ത ഭാഷയിൽ ആ സ്ത്രീ ഒരു യുവാവിനോടു സംസാരിക്കണം? സദുദ്ദേശത്തോടു കൂടിയാണെന്നു പറയുന്നു എങ്കിൽ സഞ്ചിക്കകത്തു സൂക്ഷിച്ചുവച്ചിരുന്ന താരാവലിയുടെ പടത്തെ ആദ്യമേതന്നെ എടുത്തു രാജകുമാരന്റെ കയ്യിൽ കൊടുത്തിരുന്നു എങ്കിൽ ശേഷം കഥകൾ എല്ലാം അതുതന്നെ(ആ പടം തന്നെ) പറഞ്ഞുകൊള്ളുമായിരുന്നില്ലേ. ആ യോഗിനിയുടെ സമക്ഷം ചന്ദ്രസേനൻ ചിത്രദർശനമാത്രത്തിൽ സ്തംഭിച്ചിരിക്കുന്നതും, കാമന്റെ അസ്ത്രങ്ങൾ ശരീരം മുഴുവൻ തറച്ചപോലെ കോൾമയിർ കൊള്ളുന്നതും, മററും നായകന്റെ അവിനയത്തെയും ഹൃദയദൌർബല്യത്തെയും സൂചിപ്പിക്കുന്നതാകയാൽ ആ വക വികാരങ്ങളെ കവി കുറെ മറപ്പാൻ ശ്രമിക്കാത്തതും, അനൌചിത്യം തന്നെ. ഇതു നൈഷധീയ ചരിത്രത്തെ അസ്ഥാനത്തിൽ അനുകരിപ്പാൻ പോയ സാഹസത്തിന്റെ ഫലമാകുന്നു. ''രവിപ്രഭോ'' എന്നും ''പരം തപദീയാഭിധ'' എന്നും ''കിമപ്യഹോ'' എന്നും തുടങ്ങുന്ന പദ്യങ്ങൾ വായിച്ചാൽ തന്നെ ഈ വസ്തുത വെളിപ്പെടും. ഈ മാതിരി അനൌചിത്യങ്ങൾ ഈ കാവ്യത്തിൽ എവിടെ നോക്കിയാലും സുലഭമാണ്. ഒന്നുകൂടി എടുത്തു കാട്ടി അവസാനിപ്പിച്ചേക്കാം.

''നാട്ടാർക്കോമൽതമ്പുരാൻ വൈരിഗർവ
ക്കൂട്ടാക്കാത്താക്രൂരകൌക്ഷേയകത്തെ (വാളിനെ)
കാട്ടാളന്മാർക്കുള്ള കൂട്ടിക്കരിങ്കൽ—
ക്കൂട്ടാംനെഞ്ചിൽ തേച്ചുടൻ മൂർച്ചകൂട്ടി''

Digitized By Kerala Sahitya Akademi

''ചീറിച്ചാടും ലുബ്ധകർക്കാക്കടുക്കും
മാറിൽ ഗാഢം മന്ത്രിതൻ വാൾ പതിക്കെ
പാറിക്കാണും തീപ്പൊരിച്ചാർത്തുമേ:ല
കേറിച്ചെമ്പൻ മീശകത്തിക്കരിഞ്ഞു''

ഇതുരണ്ടും പതിനാറാം സർഗ്ഗത്തിലെ യുദ്ധവർണ്ണനയിൽ ഉൾപ്പെട്ട പദ്യങ്ങളാണ്. കൂട്ടിക്കരിങ്കൽക്കൂട്ടാം നെഞ്ചിൻ വാൾതേച്ചു മൂർച്ചകൂട്ടിപോലും. നെഞ്ചല്ലിന്തൽ വാൾപതിക്കുമ്പോൾ തീപ്പൊരി പാറി കാട്ടാളന്റെ ചെമ്പന്മീശ കത്തിക്കരിഞ്ഞുപോയിപോലും. മീശയിൽ തീയ് പിടിപെട്ട് ആ ഭടൻ പുഴയിൽ ചാടാൻ ഓടുമ്പോൾ മറൊരു ഭടൻ പിടിച്ചുനിർത്തി ആ തീയിൻനിന്നു ചുരുട്ടകത്തിച്ചു വലിപ്പാൻ ശ്രമിച്ചു എന്നാക്കെക്കൂടി വർണ്ണിക്കരുതേ? അനൗചിത്യത്തിന്റെ ഈ വക ദൃഷ്ടാന്തങ്ങൾ എത്രയെന്നു വെച്ചിട്ടാണ് എടുത്തു കാണിക്കുക?

കാവ്യദോഷങ്ങളിൽ പലതും പ്രസംഗവശാൽ പല ദിക്കിലായി മേൽ കാണിച്ചിട്ടുണ്ട്. സംസ്കൃത മലയാളപദങ്ങളെ തമ്മിൽ മലയാള സന്ധിശാസ്ത്രത്തെയോ ഭാഷയുടെ ഇന്നത്തെ ഗതിയേയോ അശേഷം ഗണ്യമാക്കാതെ സന്ധി ചെയ്തിരിക്കുന്നതായും മറും രചനാദോഷങ്ങൾക്കുള്ള അനവധി ദൃഷ്ടാന്തങ്ങൾ ഈ കൃതിയിൽ ഉണ്ട്. ഉദാഹരണത്തിനായി ഒന്നരണ്ടെണ്ണം എടുത്തുകാണിക്കാം. യശഃ + മുത്തു = യശോമുത്തു (I—75), ശരത് + നിലാവു = ശരന്നിലാവു (II—78), മാളിക + അഗ്രം = മാളികാഗ്രം, തസ്യാഃ + തുട = തത്തുട (IV-26), തസ്യ + ചുടുചോര = തച്ചുടുച്ചോര, അഹഃ + പിറവി = അഹപ്പിറവി, ഇവിടെ ക്രമേണ തുത്വം, അനുനാസികത്വം, സവർണ്ണദീർഘം, ചർത്വം, വിസർജ്ജനീയം മുതലായ സംസ്കൃതസന്ധികാര്യങ്ങൾ മലയാളത്തിൽ അവിഹിതമാകയാൽ ''വിസന്ധി'' എന്ന വാക്യദോഷം. ഈ വക പ്രയോഗങ്ങൾ ഭാഷാവ്യാകരണവിരുദ്ധമാകയാൽ ച്യുതസംസ്കാരദോഷത്തിനും വേണമെങ്കിൽ ദൃഷ്ടാന്തങ്ങളാണെന്നു പറയാം. ഈ ദുഷ്ടപ്രയോഗങ്ങൾകൊണ്ടു സിദ്ധിക്കുന്ന അഹപ്പിറവി എന്നും മറുമുള്ള പദങ്ങൾ, പ്രഭാതം മുതലായവയുടെ അർത്ഥങ്ങൾക്കുള്ള പ്രകൃതിമനോഹരതയെത്തന്നെ എത്ര നിർദ്ദയമായി ഭഞ്ജിച്ചു കളയുന്നു. സംസ്കൃത പദങ്ങളെത്തന്നെ ദുഷ്പ്രതീതികരമായ വിധത്തിൽ പല സ്ഥലത്തും സന്ധിചെയ്തിട്ടുണ്ട്. തടിത്തനോ (V-78) നോക്കുക. വിദ്യുല്ലതാംഗി എന്നുള്ളതിനേക്കാൾ ''തടിക്കഴുത''യെന്നും ഗ്രാമ്യമായി പറയാറുള്ളതിന്റെ അർത്ഥപ്രതീതിയല്ലേ ആദ്യം ഈ പദം കേൾക്കുമ്പോൾ തോന്നുക.

ഇനി ഗ്രാമ്യദോഷത്തിനു് ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾ പറയാം. നിദാനം (I-57) ദിവസേന എന്ന അർത്ഥത്തിൽ നാരായണമേനവോ പഞ്ചമായിട്ടേ സാഹിത്യത്തിൽ ഞങ്ങൾ പ്രയോഗം കാണുന്നുള്ളു. അപ്പടി (I-79) എല്ലാം എന്ന അർത്ഥത്തിൽ ഇതും മേപ്പടിതന്നെ,

Digitized By Kerala Sahitya Akademi

"ആയ" (II-39)ധാത്രി അല്ലെങ്കിൽ വളർത്തുമ്മ പകരമായി എടുക്കുന്നതിനു വിരോധമില്ലായിരിക്കാം. "കസിനിയും" "മേട്ടിയും" "കക്കൂസും" ഒക്കെ ഇപ്പോൾ സാഹിത്യരാജ്യത്തുപ്രവേശം കിട്ടാൻ വഴക്കുകൂട്ടുന്നുണ്ടാവാം, 'വിഴു'മെന്നു (II-42) സംഭാഷണത്തിൽമാത്രം ചിലദിക്കിൽ പറയാറുണ്ട്" അതുഗ്രാമ്യകോടിയിൽ അല്ലെങ്കിൽ 'വി' നീട്ടാത്തതിനാൽ "ച്യുതസംസ്കാര"കക്ഷ്യയിലോ' നീട്ടിയാൽ വൃത്തം തെറ്റുന്നതിനാൽ "ഹതവൃത്ത" പംക്തിയിലോ, ചേരുന്നതാണ്. നേടിതെ (V—7) ഇതും ആ വകുപ്പിൽപ്പെടും. ഇതിന്റെ കൂട്ടത്തിലും ഒട്ടുവളരെ പ്രയോഗങ്ങൾ കാണ്മാനുണ്ട്, വന്നിതെ, പോയിതെ എന്നദിക്കിലെ ഇതേ എന്നുള്ളതിനെ വെറും 'തേ'കൊണ്ടു കഴിച്ചു കൂട്ടാനുള്ള ഭ്രമമൂലകമായ ശ്രമമാണിത്. പുരന്ധ്രിമാർകൾ (I—76) ഈ മാതിരി ഇരട്ടബ്ബഹുവചനങ്ങൾ വളരെ സുലഭമാണ്. ഭാഷാവ്യാകരണകാലത്തിനുമുമ്പ് ഈവക പ്രയോഗങ്ങൾ നടപ്പിലിരുന്ന എന്നു സമാധാനം പറയുമെങ്കിൽ ഇനിയും അതിനെ നടപ്പിൽത്തന്നെ വച്ചുകൊണ്ടിരിക്കുന്നത് ഉചിതമല്ലാത്തതിനാൽ "അപ്രയുക്ത"കോടിയിൽ തള്ളുന്നതിനു വിരോധമില്ലെന്നതോന്നുന്നു. "അധികപദം" മുതലായ ദോഷങ്ങൾക്കു ദൃഷ്ടാന്തം എത്ര വേണമെങ്കിലുമുണ്ട്. (II—45) ലെ പാടേ, കൂടേ, ചോടേ ഉതെല്ലാം ആ വകുപ്പിൽ ചേർക്കാം. നേയാർത്ഥദോഷത്തിനു മേൽ സൂചിപ്പിച്ചിട്ടുള്ളതിനു പുറമേ വാട്ടത്താൽ നിന്നകലെമേവിന കണ്ണോടു (II—65) പരഞ്ജ (IV—45) ഇമവെടിഞ്ഞക്ഷി (II—76) ഇത്യാദി പല ദൃഷ്ടാന്തങ്ങൾ ഇനിയുമുണ്ട്. ഇമ വെടിഞ്ഞ എന്നതിലെ 'ഇമ' എന്ന പദം അക്ഷിരോമവാചിയാണ്. രൂഢിശക്തിയാൽ ആ അർത്ഥത്തിനാണ് പ്രഥമപ്രതീതിയുണ്ടാകുന്നത്. അപ്പോൾ "പൂമാളികാഗ്രഭുവിനിന്ന"" ആർത്തിയോടുകൂടി രാജകുമാരനെ നോക്കുന്ന സുന്ദരിയായ പുരസ്ത്രിമാർകളുടെ കൺപോളകളിൽ ഒന്നും രോമമില്ലയിരുന്ന എന്നാണർത്ഥമാകുന്നത്. അവരെ ഈ വിധം അവലക്ഷണകളാക്കുന്ന ഈ പദം കവി നിരങ്കുശത്വത്തിന്റെ പരമകാഷ്ഠയിൽ എത്തിയിരിക്കുന്ന എന്നല്ലാതെ മറെന്തിനെയാണു വ്യഞ്ജിപ്പിക്കുന്നത്? ഇമ എന്ന ദ്രവ്യനാമത്തെ ക്രിയാനാമമാക്കാൻ വ്യാകരണമോ പ്രയോഗമോ ഒരിക്കലും സഹായിക്കയില്ല. "ഇമയ്ക്ക" എന്നാണ് ക്രിയാരൂപം. ഇമയ്ക്കൽ എന്നാണ് ക്രിയാനാമരൂപം. ആ കാരണത്താൽ ഇതിനെ ച്യുതസംസ്കാരകോടിയിലും ചേർപ്പാൻ വിരോധമില്ലാത്തതാകുന്നു. ഇനി നിരർത്ഥകങ്ങൾ അല്ലെങ്കിൽ അധികപദങ്ങളുടെ കൂട്ടത്തിൽ ഒട്ടുവളരെ "ശ്രീ"കളും അതിലധികം "ഒരു" കളും കാവ്യത്തെ ദുഷിപ്പിച്ചിട്ടുണ്ട്. "വടശ്രീവിടപി", "വാമശ്രീഹസ്തം", "ശ്രീവന്മാളിക", "ഒരു ചന്ദ്രാംഗദൻ", "ഒരു വെമ്പലോടൊത്തടുത്തിടും", "പായ്കളിൽ വന്നടിച്ചിടുന്നൊരത്തിരക്കാറും", "കപ്പലേറിടുന്നോരങ്ങവൻ", മുതലായ പ്രയോഗങ്ങൾ നോക്കുക.

ഇനി ഹതവൃത്തം അല്ലെങ്കിൽ ഛന്ദോഭംഗം എന്ന ദോഷത്തിന്റെ കൂട്ടത്തിൽ "യതിഭംഗം" ഈ കൃതിയിൽ പ്രത്യേകിച്ച് എടുത്തുപറയ

Digitized By Kerala Sahitya Akademi

ത്തക്ക ഒന്നാന്ന്. യതിയെപ്പററി സംസ്കൃതകവികളുടെ ഇടയിൽത്തന്നെ ചില പക്ഷാന്തരങ്ങളുണ്ട്. മലയാളത്തിൽ ചിലർ യതിയെ വകവയ്ക്കാറുമില്ല. "യതി" എന്നാൽ എന്താണെറിഞ്ഞുകൂടാത്തവർതന്നെയും നമ്മുടെ കവികളുടെ കൂട്ടത്തിൽ ധാരാളമുണ്ടാവാം എന്നുള്ളതും അസംഭാവ്യമല്ല. എന്നാൽ യതിയെ സംബന്ധിച്ച പക്ഷാന്തരം അധികം പാദമദ്ധ്യയതികളുടെ വിഷയത്തിൽ യോജിക്കാം. പാദാന്തയതികളെ കർണ്ണകഠോരമാംവണ്ണം ഭംഗപ്പെടുത്തുന്നത് ആർക്കും സഹ്യമായിരിക്കുന്നതല്ല. അതു പലപ്പോഴും പരിഹാസകരമായ വിരുദ്ധാർത്ഥ പ്രതീതിയെ ഉണ്ടാക്കുകയും ചെയ്യും. ഒരു പാദത്തിന്റെ അന്ത്യത്തിലും അടുത്തതിന്റെ ആദിയിലുമായി ധരാധീ-ശ്വരന്റെ (I-36), പഞ്ചേ-ന്ദ്രിയത്തെ(I—41), വർത്ത-മാനം (II-29), സുകേശി-മാരാശു (II-69), ക്ഷമി-പ്പിക്കാൻ, സൽകരി-പ്പിക്കാൻ (II-83), കോലാ-ഹലം (III-5), ഈദൃശാപ-ദ്രവം (III-20), ഇവയ്ക്കേൾ-ക്കരുതു (III-22), അമാത്യാ-നുഗരോട്ട (III-31), കൌതു-ഹലം (III-38). (എന്ത-ത്ഭുതം) കൂർപ്പേ-റിയ (III—57), പ്രകാമമാ-ദരിച്ചുടൻ (IV-7), അംബുജാ-സനൻ (IV-34,) സമുൽക്കല-ത്തിനു (V-14), നിശ്ചയി-പ്പതശേഷം (V-71),ഏന്തിരം-ഭോരു (XIV-32), ദീക്ഷി-ച്ചുണ്ടാം (XVI-10), ഇങ്ങനെ എല്ലാമുള്ള അതിദുർഭഗമായ യതിഭംഗങ്ങളുടെ സൌലഭ്യം കൊണ്ടു കൃതി വളരെ വിരൂപമായിട്ടുണ്ട്.

ഇനി അനുകരണത്തെപ്പററി ഒരു വാക്കു പറയേണ്ടിരിക്കുന്നു. ഭിന്നദേശകാലീനന്മാരായ കവികൾ പലപ്പോഴും അറിഞ്ഞും അറിയാതെയും ഛായാനുകരണം (ആശയാനുകരണം) ചെയ്തിട്ടുള്ളതായി ഏത് രാജ്യക്കാരുടെ സാഹിത്യ സമുച്ചയങ്ങളിലും പല ദൃഷ്ടാന്തങ്ങൾ കാണാം. വേർഡ്സുവർത്തിന്റെയും ടെന്നിസന്റെയും കാളിദാസരുടെയും ഭവഭൂതിയുടെയും കൃതികളോട് ആശയസാമ്യമുള്ള ചില ഭാഗങ്ങളുണ്ടാവാം. അത് പ്രകൃതിനിരീക്ഷണ ചതുരന്മാരായ ആ മഹാകവികളുടെ മനോഗതി തുല്യസന്ദർഭങ്ങളിൽ ഏകമാർഗ്ഗത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായിരിക്കും. എന്നാൽ ഭാസരുടെയും ശൂദ്രകകവിയുടെയും നാടകങ്ങളിലും, ജയദേവ സ്വാമിയുടെ കൃതിയെന്നു പറയപ്പെട്ടവരുന്ന ചന്ദ്രാലോകത്തിലും, തമോവർണ്ണനാവസരത്തിൽ കാണുന്ന "ലിമ്പതീവ തമോംഗാനി വർഷതീവാഞ്ജനം നഭഃ" എന്ന പ്രയോഗംപോലെയുള്ള അനുകരണത്തിനു വേറെ കാരണം വേണം പറവാൻ. ഇനി കാളിദാസകൃതികളിൽ കാണുന്ന ഹൃദയംഗമങ്ങളായ ഉപമകളിൽ ചുരുക്കം ചിലത് നാം പുരാണേതിഹാസകൃതികളിലും മററും കാണുന്നുണ്ടെങ്കിൽ ആ അനുകരണത്തെ മറെറാരു പ്രകാരത്തിൽ വേണം സാധൂകരിപ്പാൻ. എന്നാൽ ഏതുഗ്രന്ഥങ്ങളും സുലഭമായിരിക്കുന്ന ഇക്കാലത്ത് ഒരു ഇദാനീന്തന മലയാളകവി സംസ്കൃതമഹാകവികളുടെ വാക്യങ്ങളെ തുല്യസന്ദർഭങ്ങളിൽ "അലകുംപിടിയും" മാറാതെ പകർത്തുകയാണെങ്കിൽ ആ അനുകരണത്തെ നീതീകരിപ്പാൻ മേല്പറഞ്ഞ കാരണങ്ങൾ ഒന്നും മതിയാകയില്ലെന്നുള്ളത് സ്പഷ്ടമാണ്. ചിത്രയോഗ

Digitized By Kerala Sahitya Akademi

ത്തിൽ സംസ്കൃത കാവ്യനാടകാദികളിലെ ആശയങ്ങൾ അനുകരിച്ചി ട്ടില്ലാത്തഭാഗം ചുരുങ്ങും. അതുപോകട്ടെ. ഒരുവയിൽ നിന്നും പദ്യങ്ങൾ തന്നെപകർത്തിയിരിക്കുന്നതായി ഒട്ടധികമുണ്ട്. സന്ദർഭങ്ങൾക്കനുകൂല മായ പാട്ടുകളും പദ്യങ്ങളും പല ഗ്രന്ഥങ്ങളിൽനിന്നുമെടുത്തു പൊടിപ്പും തൊങ്ങലുമായി ചേർത്തു് ഇതിവൃത്തം കൊണ്ടുപോകുന്ന കഥാപ്രാസം ഗികന്മാരുടെയോ ഡ്രാമാക്കാരുടെയോ നടപടി ഒരു മഹാകാവ്യത്തിനു് അനുകരിപ്പാൻ പാടുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. കാളിദാസരു ടെയും മറ്റും ആശയങ്ങളെ കവിഞ്ഞുപോവാൻ ആർക്കും കഴിയാത്തതു കൊണ്ടു് ചില ദിക്കിൽ അനുകരിക്കേണ്ടിവരുന്നതാണെന്നു മിസ്റ്റർ നായർ സൂചിപ്പിക്കുന്നു. എന്നാൽ ആ കാരണവും ഈ മാതിരി കാവ്യ ങ്ങൾ സംസ്കൃതത്തിൽ നിന്നും തർജ്ജിമ ചെയ്കയാണു ഭേദമെന്നു പറവാൻ ഞങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടു്. ഈ മാതിരി അസമുചിതമായ അനുകരണത്തിന്റെ ചില ദൃഷ്ടാന്തങ്ങൾ പ്രസംഗവശാൽ മുൻപു കാണി ച്ചിരുന്നു. മിസ്റ്റർ നായർ പറയുന്നതു കേട്ടാൽ ഞാവകകൾ വളരെ ചുരു ക്കമായേ ഉള്ളു എന്നും ഞങ്ങൾ വൃഥാ ദോഷാരോപണം ചെയ്യുന്നതാ ണെന്നും വായനക്കാർക്കു തോന്നിപ്പോകും. അതു വേണ്ട, ചില ദൃഷ്ടാ ന്തങ്ങൾകൂടി ഉദ്ധരിച്ചേക്കാം. രാജാവിന്റെ സ്വരൂപവർണ്ണനം നോക്കുക:—

1—34. വിരിഞ്ഞമാർ വിസ്തൃതനെറ്റി വൻ കൈ—
യെരിഞ്ഞതേജസ്സിവയൊത്തൊരംഗം
ധരിച്ചിടും ക്ഷത്രിയധർമ്മമാണോ
ധരിത്രിതൻ നായകനെന്നുതോന്നും.

സംസ്കൃതമൂലം.

വ്യൂഢോരസ്കോ വൃഷസ്കന്ധഃ
സാലപ്രാംശുർമഹാഭുജഃ
ആത്മകർമ്മക്ഷമംദേഹം
ക്ഷാത്രോ ധർമ്മ ഇവാശ്രിതഃ (രഘുവംശം)
രാജകുമാരന്റെ ജാതകർമ്മവർണ്ണനം ഇതാ.

2—31. ഉല്ലാസമോടഥ പുരോഹിതർ ജാതകർമ്മ—
മെല്ലാം കഴിച്ചളവിലാനിഷധേന്ദ്രപുത്രൻ
ചൊല്ലാർന്നശില്പികളെടുത്തുകടഞ്ഞുവെച്ച
നല്ലാകരോത്ഥമണിപോലധികംവിളങ്ങി.

സജാതകർമ്മണ്യഖിലേ തപസ്വിനാ
തപോവനാദേത്യ പുരോധസാ കൃതേ
ദിലീപസൂനുർമ്മണിരാകരോദ്ഭവഃ
പ്രയുക്തസംസ്കാര ഇവാധികം ബഭൗ. (രഘു.)

Digitized By Kerala Sahitya Akademi

രാജകുമാരന്റെ അംഗാഭിവൃദ്ധിവർണ്ണനം.

2—35. കാമാനുകൂലതരമാം പിതൃലാളനത്താൽ
കാമാതി:കാമളകളേബരനക്കുമാരൻ
ശ്രീമാൻ ദിനംപ്രതി വളർന്നിതു സൂരരശ്മി—
സ്തോമാപ്തിയാൽ ശിശുനിശാകരനെന്നപോലെ.

പിതുഃ പ്രയത്നാത് സ സമഗ്രസമ്പദഃ
ശുഭൈശ്ശരീരാവയവൈർദിനേദിനേ
പുപോഷ വൃദ്ധിം ഹരിദശ്വദീധിതേ—
രനുപ്രവേശാദിവ ബാലചന്ദ്രമാഃ (രഘു.)

ഇനി അസ്ത്രശിക്ഷ

2—49. ധീമദ്വരിഷ്ഠനഥ മന്ത്രസമനവിതാസ്ത്ര—
ഗ്രാമം ഗ്രഹിച്ചിതുടനച്ഛനിൽ നിന്നതന്നെ
ആ മന്നവേന്ദ്രനെതിരാം വിധമന്നതിങ്കൽ
സാമർത്ഥ്യമുള്ളൊരുവനൂഴിയിലില്ലയല്ലോ.
ആശിക്ഷതാസ്ത്രം പിതുരേവ മന്ത്രവൽ
ന കേവലം തദ്ഗുരുരേകപാർത്ഥിവഃ
ക്ഷിതാവഭൂദേകധനുർദ്ധരോപി സഃ * * (രഘു.)

വിദ്യാഭ്യാസവർണ്ണനം നോക്കാം.

2—45. പാടേ സമാനവടിവാർന്ന സഖാക്കളോടും
കൂടേ മുറയ്ക്കു കൃതചൌളനിളേശപുത്രൻ
ചോടേ ലിപിഗ്രഹണമായ നദീമുഖത്തി—
ലൂടേ ഗഭീരതരവാങ്മയ സിന്ധുപുക്കാൻ.

സവൃത്തചൌളശ്ചലകാകപക്ഷകൈ—
രമാത്യപുത്രൈസ്സവയോഭിരന്വിതഃ
ലിപേർയഥാവദ്ഗ്രഹണേന വാങ്മയം
നദീമുഖേനൈവ സമുദ്രമാവിശത്. (രഘു.)

ഇനി യൌവനാരംഭവർണ്ണനം.

2—55. അത്തങ്കവാതിലൊളിമാറു നകത്തിനൊക്കും
കൈത്തണ്ട കാളയൊടെതിർത്തകഴുത്തിവണ്ണം
പുത്തൻവയസ്സിലവനേറെ വിളങ്ങിനാൻന—
ല്ലുത്തുംഗമേന്തിയൊരുവീരരസംകണക്കെ.

'വ്യൂഢോരസ്കോ' എന്ന പദ്യവും 'യുവായുഗവ്യാഹത' എന്ന പദ്യത്തിലെ 'കവാടവക്ഷഃ പരിണദ്ധകന്ധരഃ' ഇത്യാദിയും ചേർന്നുള്ളതു്. എത്ര അടുത്തടുത്തു പകർത്തിയിരിക്കുന്നു എന്നു നോക്കുക.

Digitized By Kerala Sahitya Akademi

ഇനി മതംഗാശ്രമത്തെ വർണ്ണിക്കുന്ന ഘട്ടത്തിൽ രഘുവംശത്തിലെ വസിഷ്ഠാശ്രമം കാണുന്നതു നോക്കുക.

13—8. പരിചിൽ ദർഭ ചമത വരികായ്കനിയെന്നിവ,
ഭരിച്ചുകൊണ്ടന്യവനാൽ തിരിച്ചത്തുന്നതാപസർ.

13—9. സ്ഫുടംതദ്ദീപ്തിയിൽചാൽക്കീഴടങ്ങിയ
ഹുതാശനൻ.
അടവാർന്നെതിരേൽക്കപ്പെട്ടിടജം പൂകിടുന്നതേ.
വനാന്തരാദുപാവൃത്തൈസ്സമിൽക്കുശഫലാഹരൈഃ
പൂര്യമാണമദൃശ്യാഗ്നി പ്രത്യുദ്യാതൈസ്തപസ്വിഭിഃ
(രഘു)

വെയിലാറിടുകയാൽ പർണ്ണശാലാങ്കണതലങ്ങളിൽ
ചേലാർന്ന ധാന്യങ്ങൾ ചിതം പോലെക്കൂട്ടിയിരിപ്പതും.
ആതപാത്യയസംക്ഷിപ്തനിവാരാസു. etc. etc (രഘു)

ഇനി അവിടെത്തന്നെ കണ്വാശ്രമത്തിന്റെ ഒരു മൂല നോക്കുക.

13-10. ഓടക്കായ്കളിടിച്ചാസ്ഥയോടങ്ങശ്മതലത്തെയും
പാടവേ(?) സ്നിഗ്ദ്ധമാക്കുന്നകേടകന്നതപസ്വികൾ
(ചിത്ര)

സുസ്നിഗ്ദ്ധാഃഗുദീകചിദിംഫലഭിദഃ
സൂചിന്ത ഏവോപലാഃ (ശാകുന്തളം)

ഇനി മഹാസേനന്റെ വിലാപത്തിൽ രഘുവംശത്തിലെ അജ വിലാപം വരുന്നതു നോക്കുക.

9-104. സമദുഃഖസുഖം സുഹൃജ്ജനം
സുമഹാവത സല etc. etc. (ചിത്ര)

സമദുഃഖസുഖസ്സഖീജനഃ
പ്രതിപച്ചന്ദ്ര etc. etc. etc. (രഘു)

9-107. സുതനിഷ്ടസുഹൃത്തുമന്ത്രിനീ
ഹിതശിഷ്യൻ മഹിതാസ്ത്രവിദ്യയിൽ
ബത നിന്നെ ഹരിച്ചദുർന്നയൻ
മൃതരാട്ടെന്തുഹരിച്ചതില്ലമേ. (ചിത്ര)

ഗൃഹിണീസചിവസ്സഖീമിഥഃ
പ്രിയശിഷ്യാ ലലിതേ കലാവിധൌ
കരുണാവിമുഖേന മൃത്യുനാ
ഹരതാ ത്വാം വദ കിം ന മേ ഹൃതം (രഘു)

Digitized By Kerala Sahitya Akademi

ഇങ്ങനെ ഏറെ ദൃഷ്ടാന്തങ്ങൾ കാളിദാസകൃതികളിൽ നിന്നു എടുത്തു കാണിപ്പാനുണ്ടു്. മറ്റു മഹാകവികളുടെ കൃതികളിൽനിന്നു പകർത്തീട്ടുള്ളതിനുകൂടി ഓരോ ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ചു് ഇപ്പോൾ തന്നെ അതിദീർഘമായിപ്പോയിരിക്കുന്ന ഈ ലേഖനത്തിൽ നിന്നു വിരമിക്കേണ്ടിയിരിക്കുന്നു. സൂര്യാസ്തമയവർണ്ണനയിൽ,

14-54. വാരുണീഭജനരക്തനായ് ചമ-
ഞ്ഞോരുസൂര്യനതിസന്നപാദനായ്
ആരുതാങ്ങിടുമിതാപതിക്കയായ്
ഭീരു! ഭൈരവതരാംബുരാശിയിൽ.

14-57. സചീയസൽക്കരസഹസ്രവും തൃണ-
യ്ക്കായതില്ല ഹഹ! കാലവൈഭവാൽ
ശ്രീയണിത്തരണിനമ്മുടേതുപോ—
ലായതാബ്ധിയിലിതാമറിഞ്ഞുപോയ്.

ഈ രണ്ടു പദ്യങ്ങളും

പ്രതികൂലതാ മുപഗതേഹിവിധൌ
വിഫലത്വമേതി ബഹുസാധനതാ
അവലംബനായ ദിനഭർത്തുരഭൂ-
ന്നപതിഷ്യതഃ കരസഹസ്രമപി.

എന്ന മാഘകവിയുടെ വർണ്ണനയുടെ പകർപ്പാണ്. ഒന്നാം പദ്യത്തിലെ വാരുണീഭജനരക്തതയും മാഘന്റെ മറ്റൊരു പദ്യത്തിന്റെ അംശമാണ്.

ആ സന്ദർഭത്തിൽതന്നെ ഭാരവിയുടെ വർണ്ണനയിൽ നിന്നു് എടുത്തിരിക്കുന്നതും നോക്കുക.

14-66. സന്തതപ്രചലപക്ഷിഘോഷമു-
ണ്ടന്തരീക്ഷതലമോ വിപാണ്ഡുരം,
ഹന്ത രാവിലെയിനോദ്ഗതിക്കുമു—
മ്പെന്തവസ്ഥയതു തന്നെയിപ്പൊഴും. (ചിത്ര)

ആകുലശ്ചലപതത്രികുലാനാ—
മാരവൈരനുദിതൌഷസരാഗഃ
ആയയാവഹരിദശ്വവിപാണ്ഡു—
സ്തുല്യതാം ദിനമുഖേന ദിനാന്തഃ

(കിരാതാർജ്ജുനീയം)

ഇങ്ങനെ ഈ കൃതിയിൽ മനോഹരമായ ആശയങ്ങൾ അടങ്ങിയ പദ്യങ്ങൾ എല്ലാം നേരേ അല്ലെങ്കിൽ വളഞ്ഞവഴിക്കു സംസ്കൃത മഹാകവികളുടെ വകയാണെന്നു ഞങ്ങൾ സൂചിപ്പിച്ചിട്ടുള്ളതു വെറും

Digitized By Kerala Sahitya Akademi

വാസ്തവകഥനം മാത്രമാകുന്നു. "കണ്ടതും കേട്ടതും മിണ്ടാതിരിക്കാലം" എങ്കിലും "മിണ്ടാതിരുന്നാലുമുണ്ടാമനർത്ഥങ്ങൾ" എന്നു വച്ചാണ് വാസ്തവം പ്രസ്താവിക്കുന്നതു്. ഈ കൃതിയിൽ മറ്റു കാവ്യങ്ങളിലെ ആശയങ്ങളേയും, അർത്ഥങ്ങളേയും, പദ്യങ്ങളെത്തന്നെയും ചുരുക്കമായേ എടുത്തിരുന്നുള്ളു എങ്കിൽ ഞങ്ങൾ അതിനെ അത്ര കാര്യമാക്കിപ്പറകയില്ലായിരുന്നു. ഈ അപഹരണദോഷമല്ലാതെ മറ്റു കാവ്യദോഷങ്ങൾ ഒന്നും, വരാതെ കൃതി വളരെ സൂക്ഷിച്ചെഴുതിയിരിക്കുന്നതായി കണ്ടിരുന്നു എങ്കിലും ഞങ്ങൾ മൌനംദീക്ഷിക്കുമായിരുന്നു. ദോഷങ്ങളിൽ തന്നെ ചില്ലറ അനവധാനത കൊണ്ടു് അർത്ഥത്തിന്നോ അലങ്കാരത്തിന്നോ വിരളമായി വല്ലേടത്തും വല്ല ഹാനിയും മാത്രമാണു കണ്ടിരുന്നതെങ്കിലും കണ്ണടച്ചുകളയാമായിരുന്നു. ഛന്ദശ്ശാസ്ത്രത്തെയും വ്യാകരണത്തെയും മറ്റു സാഹിത്യനിയമങ്ങളെയും ഒന്നും അശേഷം വകവയ്ക്കാതെ വെറും "നിരംകുശത്വ"മവലംബിച്ചു വന്നവാക്കിനു പദങ്ങളേയും അർത്ഥങ്ങളേയും എവിടെയെങ്കിലും കേറിയിരുന്നുകൊള്ളുവാൻ പൂർണ്ണസമ്മതം കൊടുത്തു് ഒരു നിസ്സാരകൃതി അല്ല—ഒരു മഹാകാവ്യം—ഒരു പേരില്ലാത്ത പദ്യകൃത്തല്ല ഒരു പ്രഖ്യാതനായ കവി—എഴുതിവിടുന്നതു നോക്കിക്കൊണ്ടു് എങ്ങനെയാണു് ഭാഷാപ്രണയികൾ മിണ്ടാതിരിക്കുന്നതു്? എങ്ങനെയാണു് ആത്മാവിനെ വഞ്ചിച്ചു് അതിനെ ശ്ലാഘിക്കുന്നതു്? ഞങ്ങൾ ഈ കൃതിയിലുള്ള ശതാംശം ദോഷങ്ങൾ എടുത്തു കാട്ടീട്ടില്ല. പറവാൻ വിചാരിച്ചിരുന്ന വിഷയങ്ങളിൽ തന്നെ മുഴുവൻ പറവാൻ കഴിഞ്ഞിട്ടില്ല. കാവ്യത്തിന്റെ ശരീരമായ ശബ്ദാർത്ഥങ്ങളിലും അർത്ഥാലങ്കാരത്തിലും കണ്ട ചുരുക്കം ദോഷങ്ങൾ മാത്രം എടുത്തു കാണിപ്പാൻ നിർബന്ധിക്കപ്പെട്ട എന്നേയുള്ളു. കാവ്യത്തിന്റെ ആത്മാവായ ധ്വനിയിലും രണഭാവാദികളിലും ഞങ്ങൾ തിരിഞ്ഞു നോക്കീട്ടേ ഇല്ല. ദോഷദൂഷിതമായ ഒരു ശരീരത്തിൽ കഷ്ടിച്ചു സ്ഥിതി ചെയ്യുന്ന ആത്മാവിന്റെ നേരേ പ്രതിപത്തിയേക്കാൾ ദയയാണല്ലോ ജനങ്ങൾക്കു തോന്നുക. ചുരുക്കിപ്പറഞ്ഞാൽ ഈ മറുപടിയെ ഒരു കാവ്യനിരൂപണത്തിന്റെ രീതിയിൽ എഴുതാൻ തന്നെ ഞങ്ങൾക്കു സാധിച്ചിട്ടില്ല. അതിന്റെ മുഖ്യകാരണം സമയച്ചുരുക്കവും, പുസ്തകത്തിന്റെ വലിപ്പവും, ഉണ്ണിക്കൃഷ്ണൻ നായർ അവർകൾക്കു തന്റെ പ്രത്യാഖ്യാനം ഉടനേതന്നെ പ്രസിദ്ധപ്പെടുത്തി മറുപടി അറിയേണമെന്നുള്ളതിരക്കും, ഞങ്ങളുടെ മറ്റു പല അസൌകര്യങ്ങളുമാണു്. ഞങ്ങൾ ചൂണ്ടിക്കാണിച്ച യതിഭംഗം ച്യുതസംസ്കാരം ഈ ദോഷങ്ങളുടെ ബാഹുല്യത്തെപ്പോലെയോ അതിലധികമോ അസഹ്യരസമായി ഞങ്ങൾക്കു തോന്നീട്ടുള്ളതു് ഇതിലെ ശ്ലേഷബാഹുല്യമാണു്. ദൃഷ്ടാന്തങ്ങൾ നഗരവർണ്ണന പ്രസ്താവത്തിൽ കൊടുത്തിട്ടുണ്ടു്. മിസ്റ്റർ നായർ കവിയെ "ശ്ലേഷപ്രിയനെ" ന്നു വിശേഷിപ്പിച്ചു പറയുന്നതു കേട്ടാൽ അതുകൊണ്ടു് അതിനെ

Digitized By Kerala Sahitya Akademi

പ്പറഞ്ഞതിനിക്കു പറയേണ്ടതൊക്കെ പറഞ്ഞു കഴിഞ്ഞതുപോലെ ഭാവിക്കുന്നതായി തോന്നും. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ കൃതിയിലെ ഒന്നു പാതി അസ്വാരസ്യത്തിനെങ്കിലും ഉത്തരവാദി ശ്ലേഷമാണെന്നാണ്. ശ്ലേഷമില്ലാതെ ഏതാനും പദ്യങ്ങൾ ചേർത്തുകൊണ്ടു വായിപ്പാൻ ഇതിൽ കിട്ടുമോ എന്നു സംശയമാണ്. ഈ ശ്ലേഷമാണ് ഉത്തമസാഹിത്യ രഹസ്യമെന്നു തെറ്റിദ്ധരിച്ചു തജ്ജന്യമായ രുചിവൈകല്യങ്ങൾക്കുവശപ്പെട്ട സാഹിത്യത്തിന്റെ പാവനമായ ഫലാസ്വാദത്തിന്നു് ഇടവരാതെയും മനസ്സംസ്കാരം സിദ്ധിക്കാതെയും ജനങ്ങളും, കാലാനുരൂപമായ അഭിവൃദ്ധി സിദ്ധിക്കാതെ ഭാഷയും കുഴങ്ങുന്നതിനു് ഈ വക കൃതികൾ ഇടയാക്കുമെന്നാണ് ഞങ്ങളുടെ ഭയം. ശ്ലേഷത്തെ ഭാഷാസാഹിത്യരാജ്യത്തിൽനിന്നു് ആട്ടിപ്പുറത്താക്കേണമെന്നല്ല ഞങ്ങൾ പറയുന്നതു്. അതിനെ അത്യാവശ്യമായ സ്ഥലങ്ങളിൽ മാത്രം മറ്റു് അലങ്കാരങ്ങളെപ്പോലെ ഉപയോഗിക്കണമെന്നു മാത്രമാണു്. ഒരിക്കൽ ഒരു ഗൃഹസ്ഥൻ ഒരു സ്നേഹിതനെ വീട്ടിൽ വിരുന്നിനു ക്ഷണിച്ചു. ചക്കയുടെ കാലമായിരുന്നു. ചൊള, കുരു, കൂഞ്ഞു ചവിണി ഇതുകൊണ്ടൊക്കെ പ്രത്യേകം പ്രത്യേകം കൂട്ടാൻ ഉണ്ടാക്കിയിരുന്നു. എന്നു വേണ്ട കൂട്ടാൻ മുഴുവൻ ചക്കകൊണ്ടു തന്നെ ആയിരുന്നു. പ്രഥമനും ചക്കപ്രഥമൻ തന്നെ. പ്രഥമൻ കഴിഞ്ഞു ഗൃഹസ്ഥൻ മോരിനു ചോറു കൊണ്ടു വരട്ടേ എന്നു ചോദിച്ചു. ചക്കകൊണ്ടു മുഷിഞ്ഞ അതിഥി "വേണ്ടാ മോരും ചക്കകൊണ്ടാണെങ്കിൽ എനിക്കു വേണ്ടാ" എന്നു മറുപടി പറഞ്ഞതായി ഒരു കഥയുണ്ടു്. ഈ ഗൃഹസ്ഥനെ ചക്കപ്രിയനെന്നു പറഞ്ഞാൽ ആ അതിഥിക്കു തോന്നുമായിരുന്ന ബഹുമാനമേ കവിയെ ശ്ലേഷപ്രിയനെന്നു പറഞ്ഞാൽ സഹൃദയൻമാർക്കു തോന്നൂ എന്നുള്ള വാസ്തവം പറയാതിരിപ്പാൻ നിവൃത്തിയില്ലാഞ്ഞതിൽ വ്യസനിക്കുന്നു.

ഇതിന്റെ മൂലമായ കഥാസരിത്സാഗരത്തിലെ കഥ ഒരു നിർജ്ജീവകഥയാണെന്നു മിസ്റ്റർ നായർ പറയുന്നു. അതു് ഒട്ടും ശരിയല്ല. ആ കഥയുടെ ചൈതന്യമാണു് ഈ കൃതിക്കു് ഇപ്പോഴും ജീവനായിരിക്കുന്നതു്. അതിലെ കഥ അത്ര സ്വാഭാവികവും സരസവുമായിട്ടുള്ളതാകുന്നു. വാസ്തവം പറഞ്ഞാൽ ഇതിനു സരസമായി തോന്നുന്ന അംശങ്ങൾ മുക്കാലും മൂലത്തിൽ ഇങ്ങനെതന്നെയുള്ളതാണു്. ശ്രീമാൻ വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ഒരു പ്രധാന കൃതിയെപ്പറ്റി ഇത്ര നിർദ്ദാക്ഷിണ്യമായി ദോഷപ്രഖ്യാപനം ചെയ്യേണ്ടിവന്നതിൽ ഞങ്ങൾക്കു വാസ്തവത്തിൽ വ്യസനമുണ്ടു്. എന്നാൽ അദ്ദേഹം മഹാമനസ്കനായ ഒരു കവിയാണെന്നു സ്വല്പമായ മുഖപരിചയത്താലും അധികമായ കേൾവിയാലും ഞങ്ങൾക്കറിയാം. പുതിയ മലയാളകവിതകളുടെ കൂട്ടത്തിൽ ഞങ്ങൾ ശ്രദ്ധവച്ചു നോക്കാറുള്ള അപൂർവം കൃതികളിൽ ഒന്നു് അദ്ദേഹ-

Digitized By Kerala Sahitya Akademi

ത്തിന്റെതാണ്. ഇന്നു പേരെടുത്തിട്ടുള്ള പല മലയാള കവികളിൽവച്ചു അദ്ദേഹത്തെപ്പറ്റി ഞങ്ങൾക്കു പ്രത്യേകബഹുമാനമുണ്ടു്. എന്നാൽ വാസനയും പാണ്ഡിത്യവും വേണ്ടുവോളമുള്ള ഈ കവി മനസ്സിരുത്തി തന്റെ കൃതികളെ ദോഷരഹിതമാക്കാൻ ശ്രമിക്കുമെങ്കിൽ അതു് മലയാളഭാഷക്കും നാട്ടിനും അധികം പ്രയോജനകരമായിത്തീരുമെന്നുള്ള നിർവ്യാജമായ ഗുണാശംസയെ മുൻനിർത്തിയാണു് ഞങ്ങൾ അദ്ദേഹത്തിന്റെ കവിതകൾക്കു് അഭിപ്രായം പറയാറുള്ളതു്. ഇപ്പോഴും അങ്ങനെയാണു് ചെയ്തിട്ടുള്ളതു്. ഇതിനെ ആരും അന്യഥാ ധരിക്കില്ലെന്നവിശ്വസിക്കുന്നു. ഞങ്ങൾ പല ദോഷങ്ങളെയും ചൂണ്ടിക്കാണിക്കേണ്ടിവന്നതു് പ്രത്യാഖ്യാതാവിന്റെയും മറ്റും ആവശ്യപ്രകാരമാണു്. എന്നാൽ അവയെല്ലാം വാസ്തവത്തിൽകണ്ട ദോഷങ്ങൾ തന്നെ ആകുന്നു. ഈ ദോഷങ്ങളോടുകൂടിത്തന്നെ ഈ വക കവിതകളെ അനുകരിപ്പാനാണു് മിസ്റ്റർ നായർ നമ്മുടെ യുവകവികളോടുപദേശിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ ഗുണദോഷ വിവേകദൃഷ്ടി ഈ കൃതിയിൽ തനിക്കുള്ള അതിപരിചയത്താൽ വ്യാഹതമായിപ്പോയിരിക്കണം. അല്ലെങ്കിൽ ആ കവിയോടുള്ള അതിപക്ഷപാതത്തിൽ ദോഷഗ്രഹണ വിമുഖമായിതീർന്നിരിക്കണം. അതൊന്നുമല്ലെങ്കിൽ പിന്നെ അദ്ദേഹത്തെപ്പോലുള്ള വിദ്വാന്മാരുടെ ഈ വക അഭിപ്രായഭേദങ്ങളെ ഓർത്തു മനുഷ്യഹൃദയത്തിൽ ഇത്രരുചിവൈചിത്ര്യത്തെ സൃഷ്ടിച്ച പ്രകൃതിയുടെ പാദപത്മങ്ങൾക്കു് അഞ്ജലിബന്ധിച്ചുകൊണ്ടു് വിരമിക്കയല്ലാതെ നിവൃത്തിയില്ല. ഭാഷാസാഹിത്യത്തോടുള്ള അതിപ്രണയത്താൽ പ്രേരിതമായി ഞങ്ങളുടെ സ്വരം വല്ലദിക്കിലും അമിതമായിപ്പോയിട്ടുണ്ടെങ്കിൽ സഹൃദയന്മാർ അതിനെ സദയം ക്ഷമിപ്പാൻ അപേക്ഷ.

വിവേ: 1901 ധനു

ഒരു വ്യർഥാസംരംഭം

വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ചിത്രയോഗമഹാകാവ്യത്തെപ്പറ്റി ഞങ്ങൾ പറഞ്ഞ അഭിപ്രായത്തെ ദുർവ്യാഖ്യാനം ചെയ്തും, അതിന്റെ ഉദ്ദേശത്തെ തെറ്റിധരിച്ചും അതിനെ കെട്ടിവലിച്ചു വർഗ്ഗവൈരത്തിന്റെ ഇടുങ്ങിയ മാർഗ്ഗങ്ങളിലേക്കു കൊണ്ടുപോയി ഉള്ളിലുള്ള വിഷങ്ങളെ വമിച്ചും ഒരു ലേഖനപരമ്പര ഇവിടെയുള്ള ഒരു പത്രത്തിൽ കാണുന്നു. ആ അഭാസലേഖനത്തെ ഉദ്ദേശിച്ചല്ല, അതുമൂലം സംഗതിയുടെ യാഥാർത്ഥ്യം അറിയാതെ തെറ്റിദ്ധരിക്കാവുന്ന ഞങ്ങളുടെ മാന്യ വായനക്കാരെ ഉദ്ദേശിച്ചാണു് ഒരു വാക്കു് ഇവിടെ പറവാൻ വിചാരിക്കുന്നതു്. ഉത്തമഭാഷാ സാഹിത്യത്തിന്റെ അഭിവൃദ്ധിയിൽ സഹജമായുള്ള ഉൽക്കണ്ഠയേയും ഉയർന്നതരം ഗ്രന്ഥകാരൻമാർക്കപൂർവമായ ഗുണശ്ലാഘയേക്കാൾ നിഷ്പക്ഷപാതമായ ദോഷപ്രഖ്യാപനം യഥാർത്ഥോപകാരമായിരിക്കുമെന്നുള്ള വിശ്വാസത്തെയും മുൻനിർത്തിയാണു് ഞങ്ങൾ ഈ പങ്തികളിൽ സാഹിത്യ ഗ്രന്ഥനിരൂപണം ചെയ്യാറുള്ളതു്. അതിൽ ഗ്രന്ഥത്തിന്റെ ഗുണദോഷങ്ങളെപ്പറ്റിയ

Digitized By Kerala Sahitya Akademi

ല്ലാതെ ഗ്രന്ഥകാരന്മാർ ആരുതന്നെയായിരുന്നാലും അവരെപ്പററി ചിന്തിക്കാറില്ല. അങ്ങനെ ചിന്തിച്ചു് ആ വ്രതത്തിനു ഭംഗം വരുത്തിട്ടുള്ള ശ്രേയസ്സുകളെ ഞങ്ങൾ കാംക്ഷിക്കുന്നുമില്ല. സാഹിത്യ സാമാന്യത്തിന്റെ ലക്ഷണത്തേയും സ്വരൂപത്തേയും ഉദ്ദേശത്തേയും പററി ജ്ഞാനവും സംസ്കൃതകേരളഭാഷകളിൽ നല്ല പാണ്ഡിത്യവുമുള്ളവർ "ചിത്രയോഗം" തുറന്നുവായിക്കട്ടെ-നിർദ്ദാക്ഷിണ്യമായി ഗുണദോഷചിന്തചെയ്തു വായിക്കട്ടെ. ശബ്ദകാലാഹലത്തിൽ ഭ്രമിച്ചു് അർത്ഥത്തെ നോക്കാതെയല്ല, അർത്ഥത്തിൽ മനസ്സിരുത്തി ശബ്ദങ്ങളെ സൂക്ഷിച്ചുനോക്കി വായിക്കട്ടെ. അങ്ങനെ ആയാൽ ഞങ്ങൾ പറഞ്ഞ അഭിപ്രായം എത്ര മിതമായിരിക്കുന്നുവെന്നും എത്രശരിയായിരിക്കുന്നുവെന്നും പണ്ഡിതന്മാർക്കു ബോധ്യപ്പെടുന്നതാണ്. വേണമെങ്കിൽ ഞങ്ങളുടെ അഭിപ്രായത്തെ പ്രത്യക്ഷരം ദൃഷ്ടാന്ത മുഖേന സ്ഥാപിപ്പാൻ ഞങ്ങൾ ഒരുക്കവുമാണ്. അഭിപ്രായം പറയുന്നവരുടെ ജാതിയേയും തൊഴിലിനേയും പുച്ഛിച്ചു കുത്സിതഭാഷയിൽ അരുമിത്രം എഴുതിക്കൂട്ടി ഖണ്ഡനം എന്ന നാട്യത്തിൽ പാമരജനങ്ങളെ പ്രക്ഷോഭിപ്പിക്കുന്ന ലേഖനക്കുപ്പകളണിഞ്ഞു നടക്കുന്ന പത്രങ്ങൾക്ക് ആ ബീഭത്സ വൃത്തിയിൽ സ്വയമേവ അവജ്ഞതോന്നുന്നില്ലെങ്കിൽ അതിനെ പ്പററി വ്യസനിക്കുകയല്ലാതെ ഗത്യന്തരമില്ല.

വിവേ: 1091 വൃശ്ചികം

ഭൂലോകത്തിന്റെ വ്യാപാരചരിത്രം

കെ. സി. മാനവിക്രമൻ രാജാ

വ്യവസായാഭിവൃദ്ധിയെ ഉദ്ദേശിച്ചു കോട്ടയ്ക്കൽനിന്നു പ്രസിദ്ധം ചെയ്യുന്ന ലക്ഷ്മീ വിലാസം മാസികയുടെ പത്രാധിപർ മ. രാ. രാ. കെ. സി. മാനവിക്രമൻ രാജാ ഡി. സി. അവർകൾ എഴുതി ലക്ഷ്മീവിലാസം പുസ്തകശാലയിൽ 9-ാംന മ്പരായി പ്രസിദ്ധം ചെയ്തിരിക്കുന്ന പുസ്തകമാണിത്. വ്യവസായ സംബന്ധമായ വിജ്ഞാനം നമ്മുടെ കൂട്ടർക്കു തുലോം കുറവായും ആ വക സംഗതികളെ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ തീരെ ഇല്ലാതെയും ഇരിക്കുന്ന ഈ അവസരത്തിൽ ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം വ്യവസായ പ്രിയങ്കരന്മാരായ മലയാളികൾക്കെല്ലാവർക്കും വളരെ ആശ്വാസത്തെയും ആഹ്ലാദത്തെയും കൊടുക്കുന്നതാണ്. ഒരു രാജ്യത്തിലെ ഐശ്വര്യത്തിന്റെ ജീവനാഡി വ്യവസായവും വ്യാപാരവുമാണെന്നറിഞ്ഞിട്ടുള്ള സകല പരിഷ്കൃത രാജ്യക്കാരും വാണിജ്യ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനായി അനവധി ദ്രവ്യം ചെലവുചെയ്തുവരുന്നുണ്ട്. നമ്മുടെ നാട്ടുകാരിലാകട്ടെ ഇങ്ങനെ ഒരു

Digitized By Kerala Sahitya Akademi

വിഷയത്തെപ്പറ്റി കേട്ടുകേഴ്വിപോലും ഉള്ളവർ വളരെ ചുരുങ്ങും. സാമാനങ്ങൾ ആദ്യമായ വിലയ്ക്കു വാങ്ങാവുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്നും ആ സാമാനങ്ങൾക്ക് ഏറ്റവും വലിയ വില കിട്ടുന്നതു് എവിടെയെല്ലാമാണെന്നും അങ്ങനെ വാങ്ങിക്കൊണ്ടു വരുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നും ശരിയായി അറിയുന്നവർക്കു മാത്രമേ വ്യാപാരങ്ങളിൽ വിജയം ഭവിക്കുവാൻ വഴിയുള്ളു. അല്ലാത്തവർ പാലക്കാട്ടുപോയി ഉപ്പുവാങ്ങി പൊന്നാനിയിൽ കൊണ്ടുപോയി വിൽക്കുകയും, പൊന്നാനിയിൽനിന്നു കിഴക്കൻ മുളകു വാങ്ങി പാലക്കാട്ടുകൊണ്ടുപോയി വിൽക്കുകയും ചെയ്തേക്കാൻ എളുപ്പമുള്ളതാണ്. ഈ പ്രകാരങ്ങൾ പറയാതിരിക്കണമെങ്കിൽ വ്യാപാരചരിത്രം, വ്യാപാരഭൂവിവരണം (Commercial Geography) മുതലായവയുടെ ഒരു സാമാന്യജ്ഞാനം അത്യാവശ്യമാണ്. ഈവക ജ്ഞാനത്തിന്റെ കുറവുകൊണ്ടാണ് നമ്മുടെ ഇടയിൽ ചുക്ക്, കുരുമുളകു്, കൊപ്രാ, കയർ മുതലായ സാധനങ്ങൾ തുകപ്പടിയായി വിൽക്കുന്ന വലിയ വ്യാപാരികൾപോലും ഇടയ്ക്കു് രണ്ടുമൂന്നു ദല്ലാളുകൾക്കു് വേണ്ടതിലധികം ആദായം കൊടുത്തു് എന്നെന്നേയ്ക്കും അവരുടെ കാൽക്കൽ അടിപ്പെട്ടുകിടക്കുന്നതു്. വാണിജ്യവിജ്ഞാനം അത്യാവശ്യമായിരിക്കുന്ന നമ്മുടെ നാട്ടുകാർക്കു് മലയാളഭാഷയിൽതന്നെ വ്യാപാരചരിത്രം വായിച്ചു് മനസ്സിലാക്കാനുള്ള സൗകര്യമുണ്ടാകുന്നതു് വളരെ ആശ്വാസകരമാണല്ലോ.

വ്യാപാരത്തിന്റെ സൗകര്യത്തിനും സമൃദ്ധിക്കും അനുസരിച്ചു് ഓരോ നാട്ടുകാർക്കും കിട്ടുന്ന ഐശ്വര്യാഭിവൃദ്ധിയും അന്യരാജ്യങ്ങളിൽ സ്ഥാപിക്കാവുന്ന ശക്തിയും മറ്റു് രാജ്യക്കാരുമായുള്ള പെരുമാറ്റങ്ങളും മറ്റും ഈ പുസ്തകത്തിൽ സാമാന്യം വിശദമായി വിവരിച്ചിട്ടുണ്ടു്. വ്യാപാരികൾക്കെന്നപോലെ തന്നെ ഭരണതന്ത്രജ്ഞന്മാർക്കും ഇതിൽനിന്നും അനേകസംഗതികൾ പഠിക്കാനുണ്ടു്. ചില പ്രത്യേക സാധനങ്ങൾ വിൽക്കുവാനുള്ള അധികാരം ഗവൺമെന്റു് എടുക്കുന്നതിനാലും കച്ചവടക്കാർക്കു് ഏകാധികാരങ്ങൾ (Monopoly) കൊടുക്കുന്നതിനാലും മറ്റും വ്യാപാരം ക്ഷയിച്ചുപോകുന്നതും, സ്വദേശവ്യാപാര സംരക്ഷണത്താലും ചുങ്കങ്ങൾ കുറയ്ക്കുന്നതിനാലും വ്യാപാരമാർഗ്ഗങ്ങളിൽ കവർച്ചക്കാർ ഇല്ലാതെ സൂക്ഷിക്കുന്നതിനാലും മറ്റും വ്യാപാരം വർദ്ധിക്കുന്നതും, അനേകം നാട്ടുകാരുടെ അനുഭവങ്ങൾ കൊണ്ടും പ്രത്യക്ഷപ്പെടുത്തീട്ടുണ്ടു്. കച്ചവടസംബന്ധമായ ഒന്നുരണ്ടു് യുദ്ധങ്ങൾ നിമിത്തം ചില രാജ്യങ്ങൾ നശിച്ചുപോയതായും കാണുന്നു.

പൂർവകാലത്തു് അറബികൾക്കുണ്ടായിരുന്ന അഭിനന്ദനീയമായ കച്ചവടസാമർത്ഥ്യവും, പരിശ്രമവും, മര്യാദയും, ഇൻഡ്യയ്ക്കുണ്ടായിരുന്ന നിസ്തുലമായ ധനസമൃദ്ധിയും, രത്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, ചുക്കു്, കുരുമുളകു് മുതലായ ഇൻഡ്യൻ കയറ്റുമതി സാധനങ്ങൾ

Digitized By Kerala Sahitya Akademi

ക്കായി യുറോപ്യൻ രാജ്യക്കാർ തമ്മിലുള്ള മൽസരവും അവരിൽ ചിലർ കുരിശുയുദ്ധം സംബന്ധിച്ച് റോമായിലെ മഹാപുരോഹിതൻ (The Pope) കൊടുത്തുവിട്ടുണ്ടായിരുന്ന ആജ്ഞകളെ നിരസിച്ച് ഇൻഡ്യൻ സാമാനങ്ങൾക്കായി മഹമ്മദീയ രാജാക്കളുമായി കരാറു ചെയ്യുന്നതും മററും വായിക്കുന്നതു് രസാവഹമായിരിക്കും. കച്ചവടക്കാരുടെ ഗതാഗതമാർഗ്ഗങ്ങൾ മാറുന്നതുകൊണ്ട് രാജ്യങ്ങൾ ദാരിദ്ര്യാവസ്ഥയിൽ പെടുന്നതിനും ധനസമൃദ്ധിയെ പ്രാപിക്കുന്നതിനും അനേകം ദൃഷ്ടാന്തങ്ങൾ കാണാം. ഇങ്ങനെ കച്ചവടക്കാർക്കുമാത്രമല്ല, സാധാരണ എല്ലാജനങ്ങൾക്കും ഉപകരിക്കുന്ന അനേകം സംഗതികൾ അടങ്ങീട്ടുള്ള ഒന്നാണ് പ്രസ്തുത പുസ്തകം.

സാങ്കേതിക വിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുടെ ഭാഷാശുദ്ധിയെപ്പററി വളരെ ഗൗരവമായി ചിന്തിക്കേണ്ടതില്ലെന്നുള്ള വാദത്തെ കുറെ സമ്മതിക്കാമെങ്കിലും സാങ്കേതിക ഗ്രന്ഥങ്ങളിൽ അർത്ഥവ്യക്തി വരുത്താതെ വിടുന്നതായാൽ അത് സമ്മതിക്കുക എന്നുള്ളത് ക്ഷന്തവ്യമായിരിക്കുകയില്ല. "യുഫ്റാട്ടീസ് വാലി", "കറവൻവ്യാപാരം", "ഫർസ്", "എക്സ്ചേഞ്ച് പ്രവൃത്തി", "കച്ചാസ്" എന്നൊക്കെ വിദേശഭാഷയിൽ പറഞ്ഞിട്ടുള്ള പദങ്ങൾക്കുപകരം യുട്ട്രഫീസ് നദീതീരം, സാർത്ഥവാഹകസംഘം, മാർദ്ദവരോമത്തോലുകൾ, കൈമാററം, വടക്കുനോക്കി എന്നായി മാററിയിരുന്നെങ്കിൽ വായനക്കാർക്ക് അതെല്ലാം സുഗ്രഹമായും അനുകരണീയമായും തീരുമായിരുന്നു. വല്ലാതെതോൽക്കപ്പെടുക, പനജനിസ്സ്, ബ്ലാങ്സീകടൽ, ഗ്രാൻഡവസിയര പ്രധാനമന്ത്രി, മൂർസുകാർ, എന്നൊക്കെ കൂസൽകൂടാതെ പ്രയോഗിച്ചിരിക്കുന്നു. ഇതുപോലെതന്നെ മററ് പല ഭാഗങ്ങളിലും ഭാഷയെ സംബന്ധിച്ചിടത്തോളം ഒട്ടധികം ന്യൂനതകൾ സംഭവിച്ചിട്ടുള്ളതായികാണുന്നു. ഇതെല്ലാം അടുത്ത പതിപ്പിൽ ഗ്രന്ഥകർത്താവു തിരുത്തിക്കൊള്ളുന്നതായാൽ പുസ്തകത്തിന്റെ വിദ്വൽസമ്മതിക്ക് അത് അധികം സഹായിക്കുന്നതായിരിക്കും.

ആകപ്പാടെ നോക്കുന്നതായാൽ ഈ പുസ്തകത്തിന്റെ ആവിർഭാവം വളരെ സമയോചിതവും ഉപകാരപ്രദവുമായിട്ടുണ്ട്. ഈ വിഷയം പ്രത്യേകം തിരഞ്ഞെടുത്ത് ഇങ്ങനെ പ്രസിദ്ധം ചെയ്തിട്ടുള്ള ഗ്രന്ഥകർത്താവിനെയും ലക്ഷ്മീവിലാസം പ്രവർത്തകരെയും ഞങ്ങൾ അഭിനന്ദിക്കുന്നു. ആവശ്യക്കാർക്ക് ഈ പുസ്തകം 12 അണ വിലയ്ക്കു കോട്ടയ്ക്കൽ ലക്ഷ്മീവിലാസം ആപ്പീസിൽനിന്നു കിട്ടുന്നതാണ്.

വിവേ: 1091 മകരം

Digitized By Kerala Sahitya Akademi

"ആത്മപോഷിണിയും പ്രരോദന നിരൂപണവും'

1. കഴിഞ്ഞ മകരം, കുംഭം ലക്കങ്ങൾ ഒന്നായുള്ള "ആത്മപോഷിണി"യിൽ പത്രാധിപർ വള്ളത്തോൾ നാരായണമേനോൻ എന്റെ നവീന കൃതികളിൽ ഒന്നായ "പ്രരോദന"ത്തെ വിമർശിച്ച് അഭിപ്രായം പറഞ്ഞിരിക്കുന്നു. (അനുബന്ധം II നോക്കുക.) പ്രരോദനം അച്ചടിച്ചുകഴിഞ്ഞ ഉടനെ തന്നെ ഞാൻ അദ്ദേഹത്തിന് ഒരു പ്രതി അയച്ചുകൊടുക്കുകയും, അതു വായിച്ചു വളരെ പ്രശംസിച്ച് അദ്ദേഹം മറുപടി അയയ്ക്കുകയും ചെയ്തിരുന്നു. തന്റെ അഭിപ്രായം ആത്മപോഷിണി മുഖേന പ്രസിദ്ധപ്പെടുത്തിക്കാണ്മാൻ ആഗ്രഹമുണ്ടോ എന്നു മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം തന്നെ എന്നോടെഴുതിച്ചോദിച്ചിരുന്നതിനു ഞാൻ കൊടുത്ത മറുപടിയനുസരിച്ചാണ് ഈ വിമർശം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ആ ദയയ്ക്കായി അദ്ദേഹത്തിന് ആദ്യമേ നന്ദിപറയേണ്ടിയിരിക്കുന്നു. "ചിത്രയോഗ" മഹാകാവ്യം കൊണ്ടു പ്രശസ്തിനേടിയ "മഹാകവി"യും ഇപ്പോൾ "കേരള രവീന്ദ്രനാഥടാഗോർ" എന്ന അത്യുൽകൃഷ്ടാപദാനത്താൽ ജനങ്ങൾ സ്തുതിച്ചുവരുന്ന "കവിതിലകനു"മായ ഈ മഹാന്റെ വിമർശനത്തിന് വിധേയമാകുന്നതു തന്നെ ഒരു കൃതിക്കു ചാരിതാർഥ്യഹേതുവായിക്കരുതേണ്ടതിക്കായിട്ടുണ്ട്. വിശേഷിച്ചും ആത്മപോഷിണി അദ്ദേഹത്തിന്റെ കീഴിലായതിൽ പിന്നെ ഒന്നോ അരയോ പുറത്തിൽ അച്ചടിശാലകളിലെ പ്രൂഫ് വായനക്കാരുടെ മാതിരിയിലുള്ള ചില പിഴതിരുത്തൽകൊണ്ടു മാത്രം ഗ്രന്ഥപരിശോധന പൂർത്തിയാക്കാറുള്ള സാധാരണ പതിവിൽനിന്നു തെറ്റി "പ്രരോദന" നിരൂപണത്തിനായി വിലയേറിയ എട്ടുപുറങ്ങൾ ഉപയോഗിച്ച് ആ കൃതിയെ ബഹുമാനിച്ചതിനു പ്രത്യേകിച്ചു നന്ദി പറയേണ്ടതാവശ്യമാണ്.

ഈ എട്ടുപുറങ്ങളിൽ മിക്കവാറും രണ്ടുപുറം മുഴുവൻ കൃതിയുടെ പ്രമേയങ്ങളെ സംഗ്രഹിച്ചു പറവാൻ ഉപയോഗിച്ചിട്ടുണ്ട്. ഈ സംഗ്രഹണം പണ്ഡിതരായ പരമേശ്വരൻപിള്ള അവർകളുടെ അവതാരികയെ അനുകരിച്ചുള്ളതാണെങ്കിലും ഭംഗിഭേദം കൊണ്ടു ഹൃദയംഗമമായിരിക്കുന്നു എന്നു സമ്മതിച്ചുതീരു. അനന്തരം കൃതിയുടെ ഗുണപൌഷ്കല്യത്തെ സമാനേന്യന രണ്ടു ചെറിയ വാക്യങ്ങൾകൊണ്ട് നിരൂപകൻ പ്രശംസിക്കുന്നു. അത്.

"ആശാൻ അവർകളുടെ ഇതരകൃതികളെപ്പോലെതന്നെ ആശയവിശുദ്ധികൊണ്ട് ഈ കൃതിയും എത്രയും ഉൽകൃഷ്ടമാണ്. ബാഹ്യാന്തരപ്രകൃതികളെ നിപുണമായി നിരീക്ഷിച്ചു താദാത്മ്യത്തോടെ വർണ്ണിപ്പാനുള്ള ഒരു ശക്തി പ്രസ്തുത കവിക്കുണ്ടെന്നു പുസ്തകത്തിന്റെ ഏതുഭാഗം നോക്കിയാലും പ്രത്യക്ഷപ്പെടുന്നതാണ്" ഇങ്ങനെയാണ്.

Digitized By Kerala Sahitya Akademi

ശേഷം പേജുകളെല്ലാം മിക്കവാറും കൃതിയുടെ പലപ്രകാരത്തിലുള്ള ദോഷാദ്ഭാവനകൾകൊണ്ടു നിറച്ചിരിക്കയാണു്. നിരൂപകന്റെ ആക്ഷേപം രസം, അലങ്കാരം, രീതി, ഭാഷ, രചന ഇത്യാദികളെ മാത്രമല്ല പ്രമേയകല്പനകളെക്കൂടി നിർഭയമായി സ്പർശിച്ചിട്ടുണ്ടു്. ഇതിൽ ഒരാക്ഷേപമെങ്കിലും സാധൂകരിക്കത്തക്കതായി കാണുന്നില്ല. വല്ല നിസ്സാരൻമാരുമായിരുന്നു ആക്ഷേപിച്ചതെങ്കിൽ സരസനായ നീലകണ്ഠദീക്ഷിതർ പറയും പ്രകാരം,

പാഠപ്രമാദൈഃ പദയോജനാഭി-
സ്താത്പര്യദുർനിശ്ചയതശ്ച മന്ദൈഃ
ആയാസ്യമാനാം ഗിരമാത്മനോ യേ,
കർണ്ണേ ന കുർവന്തി തഏവ ധന്യാഃ

എന്നു കരുതി മൌനം ദീക്ഷിക്കാമായിരുന്നു. ലോകത്തിൽ സാഹിത്യ വിഷയമായി നോക്കിയാൽ "മൂക്കാലും മൂഢരാ"ണല്ലോ. അതുകൊണ്ടു് അങ്ങിനെയുള്ളവർക്കു തെറ്റിദ്ധാരണ വരാതിരിപ്പാനും പ്രൌഢകാവ്യസരണിയിൽ വായനക്കാർക്കു് ആഭിമുഖ്യവും കൌതുകവും ജനിപ്പാനുമായിട്ടെങ്കിലും ഈ ആക്ഷേപങ്ങൾക്കു സമാധാനം പറയേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. ഞാൻ വളരെ കവിതകൾ എഴുതാറില്ലെങ്കിലും എഴുതുന്നിടത്തോളം വളരെ സൂക്ഷിച്ചു് എഴുതാറാണു പതിവു്. ഒരു ഉൽക്കൃഷ്ടകലയുടെ നിലയിൽ കവിതയുടെ സാങ്കേതികമായ ഗുണദോഷങ്ങളുടെ എല്ലാ അംശങ്ങളേയും പറ്റി ഗാഢമായും നിർദ്ദയമായും ചിന്തിച്ചു ത്യാജ്യങ്ങളെ പാടുള്ളതുത്യജിച്ചു. ഗ്രാഹ്യങ്ങളെ കഴിയുന്നത്ര ഗ്രഹിച്ചും അല്ലാതെ ഞാൻ ഒരു "മുക്തകം" പോലും രചിക്കാറില്ലെന്നുള്ളതു് എനിക്കു നല്ല നിശ്ചയമുള്ള സംഗതിയാണു്. അതുകൊണ്ടു പണ്ഡിതൻമാരുടെ ഇടയിൽ തന്നെ പക്ഷാന്തരമുള്ള ചില പ്രമേയങ്ങളിലല്ലാതെ പല്ലവഗ്രാഹികളായ നിരൂപകൻമാരുടെ ആക്ഷേപങ്ങൾക്കോ വിപ്രതിപത്തികൾക്കോ സമാധാനം പറവാൻ എനിക്കു് ഒരു പ്രയാസവും തോന്നാറില്ലെന്നുള്ള വസ്തുതകൂടി വിനയപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. ഈ അനുഭവം പ്രകൃതവിഷയത്തിലും തുല്യമാണെന്നു കാണുന്നതിൽ വലിയ ചാരിതാർത്ഥ്യം ഉണ്ടു്. ഇത്രയും കൊണ്ടു മനുഷ്യസാധാരണമായ പ്രമാദങ്ങൾ എനിക്കുവരാറില്ലെന്നു ഞാൻ വികത്ഥനം ചെയ്യുന്നതായി തെറ്റിദ്ധരിക്കാതിരിപ്പാനപേക്ഷ. പ്രമാദം ആർക്കും വരും; എന്നാൽ അതു ദർശനമാത്രത്തിൽ തന്നെ പ്രമാദമാണെന്നു വിദ്വാൻമാർക്കു് അറിയാവുന്നതാകയാൽ അതിനെ എടുത്തുപറയേണ്ട ആവശ്യമില്ല. ഭാഗ്യം കൊണ്ടു് ആ മാതിരി പ്രമാദങ്ങൾ ഒന്നും തന്നെ വാദഗ്രസ്തവിഷയത്തിൽ എനിക്കു സംഭവിച്ചിട്ടുമില്ല.

ഇനി ഈ ആക്ഷേപങ്ങളെ ഓരോന്നായി ചിന്തിക്കാം. ആക്ഷേപങ്ങളുടെ സാധർമ്മ്യവൈധർമ്മ്യങ്ങളനുസരിച്ചു് അവയെ പ്രത്യേകം ക്രമ

Digitized By Kerala Sahitya Akademi

പ്പെടുത്തി നിരൂപിക്കുന്നതിനേക്കാൾ ആക്ഷേപകന്റെ ക്രമത്തെത്തന്നെ നിരൂപണത്തിൽ പിൻതുടരുന്നതു വായനക്കാർക്ക് അധികം സൗകര്യപ്രദമായിരിക്കുമെന്നുള്ളതിനാൽ അപ്രകാരംതന്നെ ചെയ്യുന്നു. പത്രാധിപർ 105-ാമത്തെ പദ്യമുദ്ധരിച്ചുകൊണ്ടു താഴെക്കാണും പ്രകാരം വിമർശിക്കുന്നു,

"കുറാളും തിരുമേനി കൃത്യപരനായ്
പിൻപൂമുഖം പൂകവേ
മാറാതമ്മലർവായുവീശുവൊരു നൻ–
മല്ലീനികുഞ്ജങ്ങളേ!
വേറാശയ്ക്കിടമില്ല നിങ്ങൾ ചൊരിയും
വെൺപൂക്കളെത്തദ്ബലി–
ച്ചോറായോർത്തു ചുഴന്നു കാക്കകളിനി–
ക്കൊത്തീടുമോർത്തീടുവിൻ."

"ഈ പദ്യത്തിലെ ഭ്രാന്തിമദലങ്കാരം കരുണരസത്തെ എത്രയും ദീപ്തമാക്കിത്തീർത്തിട്ടുണ്ട്. എന്നാൽ "ഓർത്തീടുവിൻ" എന്ന ഈർഷ്യാദ്യോതകമായ അന്തിമപദം രസത്തെ കുറെ നിഷ്പ്രഭമാക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അനുപ്രാസമാത്രഫലമായ ഈ നാലക്ഷരം ഇല്ലായിരുന്നുവെങ്കിൽ ഈ പദ്യം ലോകോത്തരമായി പരിലസിക്കുമായിരുന്നു."

ഇവിടെ ഒന്നാമതായി ചിന്തിക്കേണ്ടത് ഒടുവിലത്തെ "ഓർത്തീടുവിൻ" എന്ന പദം വെറും അനുപ്രാസത്തിനായി ചേർത്തതാണോ എന്നാണ്. ഒരിക്കലുമല്ല; കാരണം, അതു നികുഞ്ജങ്ങളെ ഉദ്ബോധനം ചെയ്യുക എന്ന വ്യാജേന കവിയുടെ ശോകാവിഷ്ടമായ ഹൃദയത്തെ വിവേകോൻമുഖമാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. എന്തിനെന്നോ? പറയാം, പ്രരോദനത്തിലെ അങ്ഗിയായ രസം കരുണമല്ല, ശാന്തമാണ്; അതിന്റെ സ്ഥായിഭാവം നിർവേദമാണ്. തത്തച്ചിന്ത, ആപത്ത്, ഈർഷ്യാ ഇത്യാദികളിലുണ്ടാകുന്ന വിഷയവൈരാഗ്യമാണു നിർവേദം. അതുകൊണ്ടു അങ്ഗിയായ രസത്തെ പോഷിപ്പിക്കുന്നതിൽ "ഓർത്തീടുവിൻ" എന്ന ഉദ്ബോധനം എത്ര ഉപയുക്തമായിരിക്കുന്നു എന്നുനോക്കുക! "വേറാശയ്ക്കിടമില്ല" എന്ന ഉത്തരാർദ്ധത്തിലെ ആദ്യവാക്യം നൈരാശ്യരൂപമായ നിർവേദത്തെത്തന്നെ പ്രത്യേകം ദ്യോതിപ്പിക്കുന്നതും നോക്കുക! ഇനി നിരൂപകൻ പറയുംപോലെ "ഓർത്തീടുവിൻ" എന്നതിനെ ഈർഷ്യാദ്യോതകമായി ചിന്തിച്ചാൽത്തന്നെ നിരർത്ഥകമാകുന്നില്ല. നേരെമറിച്ച് ഈർഷ്യ നിർവേദഹേതുവായ ഒരു ഭാവമാണു. ദോഷദർശനരൂപമായ ജുഗുപ്സ എന്ന സഞ്ചാരിഭാവത്തിനു അങ്ഗമായി നിന്നുകൊണ്ടു സ്ഥാ

Digitized By Kerala Sahitya Akademi

യിആയ നിർവേദത്തെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. "ശാന്തേ ജുഗുപ്സാകഥിതാ" എന്നാണ് ശാസ്ത്രവചനം. ഇനി വാദത്തിനു വേണ്ടി കരുണമാണ് അങ്ഗിയായ രസമെന്നു സമ്മതിച്ചാൽത്തന്നെ ഇഷ്ടജന വിരഹജന്യമായ ശോകമാണ് അതിന്റെ സ്ഥായി. നിർവേദാദികൾ അതിന്റെ വ്യഭിചാരിഭാവങ്ങളുമാണ്. അതുകൊണ്ട് അപ്പോഴും "ഓർത്തീടുവിൻ" എന്നതിനാൽ പ്രതീയമാനമായ ഈർഷ്യ നിർവേദത്തിനു ഹേതുവായി നിന്നുകൊണ്ടു രസത്തെ അത്യന്തം പോഷിപ്പിക്കുകയാണ് ചെയ്യുന്നത്. കരുണത്തിന് നിർവേദം വ്യഭിചാരഭാവമാണെന്നുള്ളത് അനുഭവസിദ്ധമെന്നു മാത്രമല്ല, ശാസ്ത്രസിദ്ധവുമാകുന്നു. ഈർഷ്യയുടെ നിർവേദകാരണത്വം മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ട്. "നിർവേദമോഹാപസ്മാരവ്യാധി ഗ്ലാനിസ്മൃതിശ്രമാഃ വിഷാദജഡതോന്മാദചിന്താദ്യാഃ-" എന്നാണ് കരുണരസത്തിന്റെ വ്യഭിചാരഭാവങ്ങളെ ദർപ്പണകാരൻ പരിഗണിക്കുന്നത്. അതുകൊണ്ട് ഇനി വാദത്തിനു വകയില്ല. ഇവിടെ താർക്കികഭാഷയിൽ "ഉഭയതഃ പാശാ രജ്ജുഃ" എന്നു പറയുന്ന രണ്ടുവശത്തും കുടുക്കുള്ള ചങ്ങലയിലാണ് പ്രതിയോഗി വീണിരിക്കുന്നത്.

(ക) സാഹിത്യലോകത്തിൽ ഇത്ര ശ്രുതിപ്പെട്ട ഒരു മഹാകവി നിരൂപണവിഷയത്തിൽ ഈഭീമാബദ്ധത്തിൽകൊട്ടങ്ങി എന്നുവരാമോ? വല്ലതും ഉപപത്തികാണുകില്ലേ? എന്ന് ഔദാര്യത്തോടെ ഒന്നുകൂടി ചുഴിഞ്ഞുനോക്കാം. "ഭ്രാന്തിമദലംകാരം" കരുണരസത്തെ എത്രയും ദീപ്തിമത്താക്കിത്തീർത്തിട്ടുണ്ട്. "ഓർത്തീടുവിൻ" എന്ന അന്തിമപദം അതിനെ നിഷ്പ്രഭമാക്കുന്നു എന്നാണല്ലോ അദ്ദേഹം പറയുന്നത്. അതുകൊണ്ട് ശാന്തരസം അങ്ഗിയാണെങ്കിലും അത് കൃതിയുടെ അവസാനഭാഗത്തെ പുഷ്ടിയെ പ്രാപിക്കുന്നുള്ളു. പ്രകൃതസ്ഥലത്താകട്ടെ കരുണമാണ് പുഷ്ടമായിരിക്കുന്നത്. അതിന്റെ സ്ഥായി ശോകമാണ്. ആലംബനവിഭാവമായ കഥാപുരുഷന്റെ പ്രസാധനോചിതമായിരുന്ന മുല്ലപ്പൂക്കളിൽ ബലിച്ചോറിന്റെ സാധർമ്മ്യത്തെ ആധാരമാക്കിയുള്ള ഭ്രാന്തിമദലങ്കാരം വിലക്ഷണമായ ഒരുദയനീയദശാപരിണാമമാകുന്ന വസ്തുവിനെ ധ്വനിപ്പിച്ചിട്ട് ശോകത്തെ പുഷ്ടമാക്കുന്നുണ്ടതാനും. പിന്നെ എന്തിനാണ് "ഓർത്തീടുവിൻ"? ശരി. എന്നാൽ ആ പക്ഷത്തിൽ "വേറാശയ്ക്കിടമില്ല" എന്ന ഉത്തരാർദ്ധത്തിലെ ആദ്യവാക്യവും വ്യർത്ഥമാണ്. ഭ്രാന്തിമദലങ്കാരത്തിന് അതിന്റെ അപേക്ഷ അശേഷമില്ല. അതുകൊണ്ട് ഒടുവിലത്തെ നാലക്ഷരത്തോട് ആ ഏഴക്ഷരവും കൂടിച്ചേർന്ന പതിനൊന്നക്ഷരം വ്യർത്ഥകോടിയിൽ തള്ളേണ്ടിയിരുന്നു. എന്തുകൊണ്ട് അങ്ങിനെ ചെയ്തില്ല? കരുണരസത്തിന് നിർവേദം സഞ്ചാരിഭാവമാണല്ലോ. അതിനെ "വേറാശയ്ക്കിടമില്ല" എന്ന ഏഴക്ഷരം ദ്യോതിപ്പിക്കുന്നുണ്ട്. അതുകൊണ്ട് അതു വ്യർത്ഥമെന്ന് സൂചിപ്പിക്കാത്തതാണ്

Digitized By Kerala Sahitya Akademi

എന്നാണെത്തരമെങ്കിൽ അതിനെ പ്രത്യേകമെടുത്തുപറയാത്തതെന്ത്? വിസ്തരഭയംകൊണ്ട് എടുത്തുപറഞ്ഞില്ല എന്നാണെങ്കിൽ വ്യർത്ഥപദത്തിന്റെ അക്ഷരങ്ങൾ എണ്ണുകയും അത് അനുപ്രാസമാത്രഫലമാണെന്നു ഖണ്ഡിക്കുകയും അതില്ലായിരുന്നു എങ്കിൽ "പദ്യം ലോകോത്തരമായിപ്പരിലസിക്കുമായിരുന്നു" എന്നു വൃഥാ കോലാഹലം കൂട്ടുകയും ചെയ്യുന്നതെങ്ങനെ? വിസ്തരഭയം അതിനെ തടുക്കാഞ്ഞതെന്ത്? വാസ്തവത്തിൽ ഭ്രാന്തിമദലങ്കാരം കരുണരസത്തെ പുഷ്ടമാക്കുന്നുണ്ടെങ്കിലും പ്രതിയോഗി പറയും പ്രകാരം അതിനെ "എത്രയും ദീപ്തിമത്താക്കു"ന്നില്ല. രസം അവിടെ എത്രയും ദീപ്തിമത്താകുന്നുണ്ടെങ്കിൽ അങ്ങിനെ ആക്കുന്നത് അലംകാരത്തിന്റെ മുമ്പിൽ അദ്ദേഹം കാണാതെയാമാപ്പുകൊടുത്തിട്ടോ അണിനിരന്നുനിൽക്കുന്ന ഏഴക്ഷരങ്ങളും അതിന്റെ പിമ്പിൽ അതായത് ഒടുവിൽ അദ്ദേഹം പുരികം ചുളിച്ചുനോക്കുന്ന നാലക്ഷരങ്ങളുമാകുന്നു. എന്തുകൊണ്ടെന്നാൽ "വേറാശയ്ക്കിടമില്ല" എന്നതു ചിന്താവിഷാദാദികളായ വ്യഭിചാരിഭാവങ്ങളുടേയും "ഓർത്തീടുവിൻ" എന്നതു ദുർവിധിയുടെ ഉപാലംഭനം മുതലായ അനുഭവങ്ങളുടേയും പ്രതീതികളെക്കൂടി ജനിപ്പിക്കുകയും, വിശേഷിച്ചും "ഓർത്തീടുവിൻ" എന്ന് ഊന്നിപ്പറയുന്നതിന്റെ സാമർത്ഥ്യത്താൽ ഭ്രാന്തിമദലങ്കാരം തന്നെ മുമ്പുപറഞ്ഞ വസ്തുധ്വനിക്കു പുറമെ ഈർഷ്യാദിഭാവധ്വനികളെക്കൂടി പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ തള്ളപ്പെട്ട പദങ്ങളുടെ സന്ദർഭത്താലുണ്ടാകുന്ന വിദ്യുൽപ്രഭയാണ് വാസ്തവത്തിൽ രസത്തെ അത്യന്തം ദീപ്തിമത്താക്കുന്നതെന്നു രസജ്ഞൻമാർ നിരാക്ഷേപം സമ്മതിക്കുന്നതാണ്. വിഭാവാനുഭാവസാത്വിക വ്യഭിചാരികളായ എല്ലാ ഭാവങ്ങളുടേയും യഥോചിതനിർദ്ദേശത്തിൽ നിന്നാണ് രസം പരിപുഷ്ടമാകുന്നതു്. അവയിൽ ഏതെങ്കിലും ചിലതിന്റെ നിർദ്ദേശത്തിൽനിന്നല്ല. "വിഭാവൈരനുഭാവൈശ്ച സാത്വികൈർ വ്യഭിചാരിഭിഃ ആധീയമാനഃ സ്വാദുത്വം സ്ഥായീഭാവോരസഃ സ്മൃതഃ" എന്ന വിദ്യാനാഥവചനം നോക്കുക! ഇങ്ങിനെ നിഷ്പ്രയോജനമെന്നു പറഞ്ഞ പദം കാവ്യജീവനായ രസഭാവാദിധ്വനികളെ വ്യഞ്ജിപ്പിക്കുന്നതിനാൽ അത്യന്തം സപ്രയോജനമായി. അത് രസത്തെ ഏറ്റവും സപ്രഭമാക്കുന്നതിനാൽ "നിഷ്പ്രഭമാക്കുന്നു" എന്നുള്ള അഭിപ്രായവും ഖണ്ഡിതമായി. ദാക്ഷിണ്യം പ്രയോഗിച്ചുനോക്കീട്ടും ഇത്രമാത്രംകൊണ്ടുതന്നെ പ്രതിയോഗിയുടെ അപരാധങ്ങൾ തെളിഞ്ഞുതെളിഞ്ഞും അവയുടെ ഗൗരവം വർദ്ധിച്ചു വർദ്ധിച്ചും വരുന്നതേയുള്ളൂ.

(ഖ) ഇനിയും നോക്കാം. "കരുണരസത്തെ" എന്ന നിർവിശേഷണമായിട്ടാണല്ലോ പറഞ്ഞിരിക്കുന്നതു്. അതിന്റെ സാരസ്യംകൊണ്ട് ശാന്തരസത്തിന്റെ പ്രസംഗത്തിൽ അസാരസ്യം കണ്ടിട്ട് തദ്ദ്യോതകമായ "ഓർത്തീടുവിൻ" പദത്തെ പ്രതിയോഗി തിരസ്ക

Digitized By Kerala Sahitya Akademi

രിക്കുന്നതായി വിചാരിക്കരുതോ? ശോകസ്ഥായിയായ കരുണരസം തത്ത്വജ്ഞാനജന്യമായ നിർവേദമല്ലെങ്കിൽ ശമത്തിൽ ഊന്നിനിൽക്കുന്ന നിർവികാരമായ ശാന്തരസത്തിന് വിരുദ്ധമല്ലയോ? അവയ്ക്ക് ഐകാധികരണ്യം അല്ലെങ്കിൽ ഏകപദ്യത്തിൽ പ്രഃവശം നൽകാമോ? നൽകിയാൽ കരുണത്തിന് അപകർഷമുണ്ടാകയില്ലയോ? ഇതാണാശയമെങ്കിൽ ശരി, "രസത്തെ കുറെനിഷ്പ്രഭമാക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു." എന്ന നിരുത്സാഹമായ വാക്യത്തിന്റെ സാരസ്യവും ആ സന്ദേശത്തെ ബലപ്പെടുത്തിയേക്കാം. എന്നാൽ ഈ ശങ്കയ്ക്കവകാശമില്ല. ശാന്തരസത്തെ നിർവികാരാവസ്ഥയായി രസനിരൂപകൻമാർ തള്ളിക്കളഞ്ഞിട്ടില്ല. വാസ്തവത്തിൽ സ്ഥായിയായ അവസ്ഥയിൽഎല്ലാ രസങ്ങളും നിർവികാരസ്ഥിതിയെപ്രാപിക്കുമെന്നാണ് ആലങ്കാരികമതം. മനോവികാരങ്ങൾ എല്ലാം കേവലം ദ്വിക്ഷണസ്ഥായികളാണ്. ശൃംഗാരാദിരസങ്ങളിൽ രത്യാദികളെ സ്ഥായീഭാവങ്ങളെന്നു പറയുന്നതും നിർവികാരാവസ്ഥയിലുള്ള അവയുടെ ആത്മതാദാത്മ്യത്തേയും തന്നിമിത്തമായ നിത്യതയേയും ആശ്രയിച്ചാണ്. നിർവേദം വിഷയവൈരാഗ്യമാണ് അത് ഒരു അഭാവമല്ല. നിത്യാനിത്യവസ്തുക്കളെ തിരിച്ചറിഞ്ഞ് അനിത്യങ്ങളുടെ നേരെ വെറുപ്പുതോന്നിക്കുന്ന വ്യാപാരം അതിന്റെ വകയാണ്. അതുകൊണ്ട് അതൊരു ഭാവം തന്നെയാകുന്നു. തന്നെയുമല്ല, ശാന്തവും കരുണവും വിരുദ്ധങ്ങളുമല്ല. വിശേഷിച്ചു ശോകം നിർവേദത്തിന്നു കാരണമായിരിക്കുമെന്നുള്ളതു പ്രസിദ്ധവുമാകുന്നു. ആലങ്കാരികൻമാർ കരുണശാന്തങ്ങൾക്കു പരസ്പര വൈരുദ്ധ്യം കല്പിച്ചിട്ടുമില്ല. എന്നുതന്നെയല്ല, വിരുദ്ധരസങ്ങൾക്കുതന്നെ അങ്ഗാംഗിഭാവമാശ്രയിച്ചു യുഗപദ്ഭാവം അവർ സമ്മതിക്കുന്നുമുണ്ട്. ഏകവാക്യത്തിൽതന്നെ ഔചിത്യമനുസരിച്ച് വിരുദ്ധരസങ്ങളെ നിവേശിപ്പിക്കുന്നതിനും സാഹിത്യശാസ്ത്രജ്ഞൻമാരനുവദിക്കുന്നുണ്ട്.

'രസാന്തരിതയോരേകവാക്യസ്ഥയോരപി
നിവർത്തതേ ഹി രസയോസ്സമാവേശേ വിരോധിതാ'

ഈ ധ്വന്യാലോകശ്ലോകം നോക്കുക. രസാന്തരത്താൽ ദൂരീകരിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ പ്രതിപാദ്യമാനമായ രണ്ട് രസങ്ങൾക്ക് മാത്രമല്ല, ഒരു വാക്യത്തിൽതന്നെ പ്രതീയമാനമാകുന്ന രണ്ടു രസങ്ങൾക്കുകൂടി വിരോധം നിലനിൽക്കുന്നില്ല എന്നാണതിന്റെ താല്പര്യം. അതുകൊണ്ട് സാക്ഷാൽ വിരുദ്ധങ്ങളായ ശൃംഗാരശാന്തങ്ങൾകൂടിയും അങ്ഗാങ്ഗികളായി ഒരു പദ്യത്തിൽതന്നെ നിവേശിക്കുന്നതായ അനവധി ദൃഷ്ടാന്തങ്ങൾ സാഹിത്യത്തിലുണ്ട്. ഇതാ.

"നാലഞ്ചത്യന്തലോലപ്രസവശരമെടു—
ത്തങ്ഗജന്താറാടുത്താൽ
പാലഞ്ചുംവാണിമാർതൻ ...മലമേൽ
ചെന്നൊളിക്കാംകളിക്കാം

Digitized By Kerala Sahitya Akademi

കാലൻ കാളുന്നകാളായസമുസലവുമായ്
പാഞ്ഞടുക്കുന്നൊരാപൽ—
ക്കാലം ചൂലിന്റെ ത്തടവു...വും
കണ്ടിരിക്കാം മരിക്കാം.''

ഈ പ്രാചീനപദ്യം ഈ വിഷയത്തിൽ ഒരു നല്ല ഉദാഹരണമാണ്. ഇതിൽ ശൃംഗാരം ശാന്തത്തിനംഗമായി നിന്നുകൊണ്ട് അംഗിയെ എത്ര ശക്തിമത്താക്കിയിരിക്കുന്നു. അതുകൊണ്ട് പ്രകൃതത്തിൽ കരുണം ശാന്തത്തെ പോഷിപ്പിക്കുന്നു എന്നുള്ളതിൽ സംശയിപ്പാൻ മാർഗ്ഗമേ ഇല്ല. കരുണൈകരസമായ കൃതി, എന്ന് ഈ ഗ്രന്ഥത്തെപ്പറ്റി നിരൂപണത്തിൽ ഒന്നിലധികം സ്ഥലത്തു പറഞ്ഞിട്ടുള്ളതുതന്നെ ഇതിനു തെളിവാണ്. ഈ കാരണങ്ങളാൽ കരുണത്തെക്കാൾ ശാന്തത്തെ സഹായിച്ചുകൊണ്ട് പ്രകൃതപദ്യത്തിന്റെ മകുടമായി ശോഭിക്കുന്ന ആ നാലക്ഷരം അനുപ്രാസമാത്രഫലമെന്നു പറഞ്ഞത് അബദ്ധംതന്നെ. വിഷയങ്ങളുടെ പരിണാമവിധേയതയും അസ്ഥിരതയേയും സൂക്ഷ്മമായും മധുരമായും വ്യഞ്ജിപ്പിക്കുന്ന ആ നാലക്ഷരങ്ങളുടെ വീണാഗാനത്തിൽ ചെവികൊടുക്കാതെ അതിന്റെ മേളം മാത്രമായ അനുപ്രാസമൃദംഗഘോഷത്തിൽ മാത്രം ഭ്രമിച്ചുനിന്നുകൊണ്ട് അഭിപ്രായം പറവാൻ പുറപ്പെട്ട നമ്മുടെ കവിതിലകന്റെ കവിതാനിരൂപണചാതുര്യത്തിനു നമസ്കാരമെന്നല്ലാതെ എന്താണു പറയേണ്ടതു?

അവസാനമായി രസവിചാരത്തിൽ ഒരുസംഗതികൂടി നോക്കാം. വ്യജ്യമാനമായ രസത്തിനു ചിലപ്പോൾ വാചകശബ്ദങ്ങൾ അപകർഷമുണ്ടാക്കാറുണ്ട്. അപ്പോൾ വ്യംഗ്യം ഗുണീഭൂതമായിപ്പോകും. ''ഓർത്തീടുവിൻ'' എന്ന പദം അങ്ങനെയുള്ള വല്ലവ്യംഗ്യാംശങ്ങളെയും വാച്യമാക്കിത്തീർത്തതായി നിരൂപകൻ ശങ്കിച്ചിരിക്കരുതോ? അങ്ങനെയും സംശയിപ്പാൻ തരമില്ല. കാരണം (1) ''ഈർഷ്യാദ്യാതകമായ അന്തിമപദം'' എന്നു നിരൂപകൻതന്നെ പറഞ്ഞിരിക്കുന്നു. ഏതെങ്കിലുമൊരർത്ഥത്തിന്റെ വാചകമായ എന്നു പറഞ്ഞിട്ടുമില്ല. (2) ''ഓർത്തീടുവിൻ'' എന്നുള്ളതു നോക്കുവിൻ, കേൾക്കുവിൻ എന്നിത്യാദിപോലെ ശ്രോതാക്കൾക്കു പ്രകൃതത്തിൽ അധികം ശ്രദ്ധപതിപ്പാൻ മാത്രം സാമാന്യേന ഉപയോഗിക്കുന്ന ഒരു ക്രിയാപദമാണ്. ''ശ്രോതാക്കൾ വിചാരിക്കണം എന്നു മാത്രമാണതിന്റെ വാച്യാർത്ഥം'' അതിൽ നിന്നു വിശേഷാർത്ഥപ്രതീതികൾ വ്യംഗ്യങ്ങളുമാണ്. അതുകൊണ്ട് ആ വാദത്തിലും ഗുണമൊന്നുമില്ല. പ്രകൃതകാവ്യം മുഴുവൻ സൂക്ഷിച്ചു വായിച്ചു അഭിപ്രായം പറവാൻ പുറപ്പെട്ട പത്രാധിപർ കാവ്യത്തിന്റെ അംഗിയായ രസം ശാന്തമാണെന്നു സൂചിപ്പിക്കുന്ന ഒരു വാക്കുപോലും പറയാത്തതും ഈ അവസരത്തിൽ ചിന്ത്യമാണ്. ഏതെങ്കിലും പറഞ്ഞിരുന്നെങ്കിൽ അതു

Digitized By Kerala Sahitya Akademi

കൊണ്ടു് ഈപദ്യത്തിൽ ശാന്തത്തിനു കരുണത്തെ അംഗമാക്കിത്തീർത്തതു് അനൌചിത്യമാണെന്നും അങ്ങിനെ കുണത്തെ അപകർഷിച്ചതു് അപരാധത്തിൽ മുഖ്യാംശം വഹിക്കുന്ന അന്തിമപദം ഹേയമാണെന്നും അദ്ദേഹം വിവക്ഷിച്ചതായെങ്കിലും ഊഹിച്ചു് അഭിപ്രായത്തിനു് ഏതെങ്കിലും രൂപ വിലവയ്ക്കാമായിരുന്നു. ആ വഴിക്കു് കുറേ ദൂരം ഇരുകക്ഷികൾക്കും വാദചാതുര്യം പ്രകടിപ്പിക്കുകയെങ്കിലും ചെയ്യാമായിരുന്നു. എന്നാൽ വിഷയസംഗ്രഹണം ഉപസംഹരിക്കുന്ന ദിക്കിൽ, അനന്തരം കേവലം ''അന്തർമുഖമായി'' തത്ത്വചിന്താമുഖമായിത്തീർന്ന ഹൃദയത്തോടുകൂടി ''ഏകാന്തദയശാന്തി ഭൂവിനു് നമസ്കാരം'' പറഞ്ഞു് കാവ്യത്തെ ഉപസംഹരിക്കുകയും ചെയ്യുന്ന എന്നെ താൻതന്നെ വ്യക്തമായി പ്പറഞ്ഞിട്ടും ആ ഉപസംഹാരത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി മിണ്ടാത്തതിൽനിന്നു് ശാന്തരസത്തിനു് ഈ കൃതിയിലുള്ള പ്രാമുഖ്യത്തെ അദ്ദേഹം ഉള്ളവണ്ണം മനസ്സിലാക്കീട്ടില്ലെന്നതന്നെ പറയേണ്ടിയിരിക്കുന്നു.

(ഘ) ''വാദങ്ങളും സമാധാനങ്ങളും ശാസ്ത്രീയരീത്യാ ഉള്ളതാണു്. ഒരു യഥാർത്ഥകവിതയുടെ ഗുണം വാദിച്ചു് സ്ഥാപിക്കേണ്ടതല്ല; സ്വതേ സ്ഫുരിക്കേണ്ടതാണു്. അതായതു് വായിക്കുമ്പോൾതന്നെ തോന്നേണ്ടതാണു്. ആക്ഷേപങ്ങളാകട്ടെ ഒരു നാടോടിമട്ടിൽ മാത്രം പറഞ്ഞിട്ടുള്ളതും, ആ നിലയിൽ അവ ശരിയായിട്ടുള്ളതുമാണു്'' എന്നെ പറകയാണെങ്കിൽ അതും ശരിയല്ല; കാരണം (1) ഈ ആക്ഷേപങ്ങൾ അലങ്കാരശാസ്ത്രത്തിലെ സാങ്കേതികപദങ്ങൾ ഉപയോഗിച്ചും കാവ്യജീവനായ രസഭാവാദികളേയും ശബ്ദാർത്ഥാലങ്കാരങ്ങളെക്കുടിയും ചുഴിഞ്ഞുനോക്കിയും ചെയ്തിട്ടുള്ളതാണു്. നാടോടിമട്ടിൽ ചെയ്തിട്ടുള്ളതല്ല. (2) ഉൽകൃഷ്ടകൃതികളുടെ ഗുണം വാസ്തവത്തിൽ വാദക്ഷമതയാകുന്നു. സാഹിത്യശാസ്ത്രീയമായ ഏതുവിധം നോദനങ്ങൾക്കും എതിർത്തുനിന്നു ചർച്ചചെയ്യുന്തോറും അധികമധികം ആ സാദ്യതയെ വെളിപ്പെടുത്തുന്ന കൃതിയാണു് സാക്ഷാൽ ഉൽകൃഷ്ടകാവ്യം. സാഹിത്യത്തെ ''ആലോചനാമൃത''മെന്നു അഭിയുക്തന്മാർ പ്രശംസിക്കുന്നതും യഥാർത്ഥത്തിലാണു്. (3) പ്രകൃതപദത്തിലെ ഒടുവിലത്തെ നാലക്ഷരം വ്യർത്ഥമാണെന്നു് ഒരു നാടോടി വായനക്കാരൻ ഒരിക്കലും സംശയിക്കപോലും ചെയ്കയില്ല. ''മല്ലീനികുഞ്ജങ്ങളേ! തിരുമേനിയെ സംബന്ധിച്ചു് ഇനി വേറൊരു പ്രത്യാശക്കും വകയില്ല; നിങ്ങളുടെ പുഷ്പങ്ങൾ ഇനി ഒരുനാളും ഇറുത്തെടുക്കാതെ അവിടെ നിലത്തുവീണു ചിതറിക്കിടക്കും. അവയെ ബലിച്ചോറെന്നു വിചാരിച്ചു കാക്കകൾ കൊത്തിപ്പെറുക്കുകയും ചെയ്യും.'' എന്നുപറഞ്ഞാൽ ''ഓർത്തുകൊള്ളുവിൻ'' എന്നുകൂടി പറയാതെ സംരംഭം വിശ്രമിക്കുമെന്നു സാധാരണ വായനക്കാർ വിചാരിക്കുമോ? നേരെമറിച്ചു് അതിനെ വ്യർത്ഥമെന്നു് ആക്ഷേപിക്കുന്നതു മലയാളകവികു

Digitized By Kerala Sahitya Akademi

ളുടെ ഇടയിൽ നല്ല പേരെടുത്ത വള്ളത്തോൾ നാരായണമേനോൻ അവർകൾ അല്ലായിരുന്നു എങ്കിൽ പ്രൈമറിക്ലാസിൽ പഠിക്കുന്ന കുട്ടികൾകൂടി അതുകേട്ടു ചിരിക്കയില്ലയോ?

(ങ) പ്രകൃതപദ്യത്തിലെ ആക്ഷേപങ്ങളെ മുഴുവൻ ഖണ്ഡിക്കയും സപക്ഷം സ്ഥാപിക്കുകയും ചെയ്തുകഴിഞ്ഞു. ഇനി "നാലക്ഷരങ്ങൾ ഇല്ലായിരുന്നു എങ്കിൽ ഈ പദ്യം ലോകോത്തരമായി പരിലസിക്കുമായിരുന്നു" എന്ന പ്രശംസയുടെ ഔചിത്യത്തെക്കൂടി ഒന്നു ചിന്തിച്ചുനോക്കി ഈ ഭാഗം അവസാനിപ്പിച്ചേക്കാം. ലോകോത്തരമെന്നാൽ ലോകത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാറ്റിനേക്കാളും ഉൽകൃഷ്ടമെന്നാണർത്ഥം. അപ്പോൾ പ്രകൃതപദ്യത്തോട് കിടനിൽക്കുന്നതായ ഗുണമുള്ള കാവ്യശകലം ഒരു രാജ്യത്തും ഒരു ഭാഷയിലും ഇതുവരെ ഉണ്ടായിട്ടില്ലെന്നോ? എല്ലാം താരതമ്യപ്പെടുത്തി നോക്കീട്ടാണോ ഇങ്ങനെ തീരുമാനിച്ചതു്? വാല്മീകി, വ്യാസൻ, കാളിദാസൻ, ഹോമർ, ചാസർ, ഷേക്സ്പീയർ, മിൽട്ടൻ, തുളസീദാസൻ, കമ്പർ, ഗീഥെ, രവീന്ദ്രനാഥടാഗോർ ഇവരിൽ ആരുടെയെങ്കിലും കൃതികളിൽനിന്നു് ഒരു നാലുവരി ഇതിനോട് കിടനിലയ്ക്കത്തക്കതായി എടുക്കാൻ കാണുകില്ലെന്നു തീർച്ചതന്നെയോ? അങ്ങനെയെങ്കിൽ ഈയുള്ളവനു് അടുത്ത അവസരത്തിലെ സാഹിത്യവിഷയമായ "നോബൽപ്രൈസും" ടാഗോറിന്റെ മുൻവശത്തു് ആസനവും കിട്ടാൻ ഭാഗ്യമുണ്ടോ? ഇതൊന്നും എനിക്കു് ഊഹിപ്പാൻപോലും കഴിയാത്ത ബഹുമതികളാണു്. അല്ലെങ്കിൽ ഇനി വെറുതെ ഊഹിച്ചു ബുദ്ധിമുട്ടേണ്ടല്ലോ. ആ ശനികൾ നാലക്ഷരങ്ങൾ വഴിക്കു കേറിനിന്നു് ആ മഹാഭാഗ്യങ്ങളെല്ലാം തട്ടിപ്പറിച്ചുകൊണ്ടു പോയിക്കഴിഞ്ഞില്ലേ? വിസ്തരിക്കേണ്ട ആവശ്യമില്ല. ആ നാലക്ഷരങ്ങളുടെ വൈയർത്ഥ്യത്തെ നിഷേധിക്കുകയും സാർത്ഥകൃത്തെ സ്ഥാപിക്കുകയും ചെയ്തുകഴിഞ്ഞു. ഈ പദ്യം വാസ്തവത്തിൽ അർത്ഥപുഷ്ടിയും അലങ്കാരഭംഗിയും രസഭാവസ്ഫൂർത്തികളും കൊണ്ടു് ഒരു വിധം നല്ല ചമൽക്കാരമുള്ള ഒന്നു തന്നെയാണു്. എന്നാൽ പലതുകൊണ്ടും ഇതിനേക്കാൾ മെച്ചമായ പദ്യങ്ങൾ ഈ കൃതിയിൽത്തന്നെ അധികമുണ്ടെന്നാണു് എന്റെ അഭിപ്രായം. സ്വന്തമാകയാലും വിസ്തരഭയത്താലും ഉദാഹരണങ്ങളെ ഉദ്ധരിക്കുന്നില്ല. ചുരുക്കത്തിൽ നിരൂപകന്റെ ആക്ഷേപങ്ങൾപോലെ തന്നെ പ്രശംസയും അസ്ഥാനത്തിലെന്നു പറഞ്ഞാൽ കഴിഞ്ഞു. ഇതിനു പിന്നെ വല്ല വ്യംഗാർത്ഥവുമുണ്ടെങ്കിൽ അതു താഴെ കാണിക്കുന്നവയായിരിക്കും. (1) മുമ്പേതന്നെ അദ്ദേഹം എനിക്കെഴുതിയിരുന്ന കത്തിൽ പ്രത്യേകം വളരെയൊക്കെ ശ്ലാഘിച്ചെഴുതിയിരുന്ന ഈ പദ്യത്തെ നിരൂപണത്തിലും ഒരു വിധം സ്തുതിച്ചു എന്നു വരുത്തുവാനുള്ള സാഹസം. (2) അലംകൃത്യശിരച്ഛേദന്യായേന മണ്ഡനാനന്തരം ഖണ്ഡിക്കുമെന്നുള്ള ഉൽകൃഷ്ടനിരൂപകനയത്തിന്റെ നാട്യം, അല്ലെങ്കിൽ എറവും പൊക്കി

Digitized By Kerala Sahitya Akademi

ക്കൊണ്ടുപോയി താഴോട്ട മറിച്ചിട്ട പരപക്ഷവിദളനം ചെയ്യുന്ന വാദവൈദഗ്ദ്ധ്യത്തിന്റെ വ്യർത്ഥാഭിനയം. (3) ഗുണപുഷ്കലമായ ഒരു പദ്യത്തിലെ തുച്ഛമായ ദോഷത്തെ കണ്ടറിഞ്ഞുപരിഹരിപ്പാനുള്ള ജ്ഞാനത്തിന്റെയും വാസനാ ശക്തിയുടെയും അഭാവത്തെ കവിയിലാരോപിച്ചു തദ്വാരാ കാവ്യത്തിനു പൊതുവിലപകർഷം സ്ഥാപിക്കാനുള്ള മോഹം. ഈ ഒടുവിൽ പറഞ്ഞ ദോഷം നീചമായിട്ടുള്ളതാണു്. ഇതിനു സ്ഥാനമനുവദിക്കത്തക്കവണ്ണം എന്റെ മാന്യസ്നേഹിതന്റെ ഹൃദയം അതിമലിനവും കുടിലവുമാണെന്നു വിചാരിപ്പാൻ തന്നെ എനിക്കു മടിയുണ്ടു്. അനുപ്രാസത്തെ സംബന്ധിച്ചു് നിന്ദാഗർഭമായി ചെയ്തിട്ടുള്ള സൂചനയ്ക്കു് താഴെ ഒരു ദിക്കിൽ മറുപടി പറയുന്നതാണു്.

1095

"ഞങ്ങളുടെ സഹജീവികൾ"

സുഭാഷിണി

ഞങ്ങളുടെ ഈ മാന്യ സഹജീവി ഈ ടൗണിൽ നിന്നുതന്നെ പുറപ്പെടുന്നതും നായർ സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതുമായ ഒരു ഇംഗ്ലീഷ്-മലയാള പത്രികയാണു്. ഇതിന്റെ മിഥുനം 31—ാം തീയതിയിലെ പ്രതിയിൽ ഈഴവമഹായോഗവും അഭിവൃദ്ധിമാർഗ്ഗങ്ങളും എന്ന തലവാചകത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനം ഞങ്ങളുടെ വായനക്കാർ മാത്രമല്ല സമുദായം മുഴുവൻ അറിഞ്ഞിരിക്കേണ്ട ചില സാരമേറിയ സംഗതികൾ അടങ്ങിയ ഒരു ഉപന്യാസമാകയാൽ അതിനെ ഞങ്ങൾ മുഴുവൻ മറെറാരു ദിക്കിൽ പകർത്തീട്ടുണ്ടു്. സ്വദേശ സ്നേഹിയും യോഗ്യനുമായ ഇതിന്റെ പത്രാധിപർ ഈഴവരുടെ അഭിവൃദ്ധിയിൽ അനുകമ്പയുള്ള മാന്യരായ നായൻമാരുടെ കൂട്ടത്തിൽ ഒരാളാണു്. അദ്ദേഹത്തിനു ഞങ്ങൾ നന്ദി പറകയും പ്രകൃതലേഖനം വായനക്കാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയമാകുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

സ്വദേശാഭിമാനി

ഈ മാന്യസഹജീവി ഞങ്ങളുടെ ഈവാള്യം ആദ്യലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന സ്വാമി അവർകളുടെ ശാസനത്തിൽഉള്ള "ഭർത്തൃ" പദപ്രയോഗത്തെ വിസംവദിക്കുന്നു. 'ഒരുത്തിക്കു് ഒന്നിലധികം ഭർത്താക്കന്മാർ" എന്നു പറവാൻ പാടില്ലെന്നും അതിനു പകരം "ജാരന്മാർ" എന്നാണു് പ്രയോഗിക്കേണ്ടിയിരുന്നതെന്നുമാണു വാദം. ശാസനത്തിൽ സൂചിപ്പിച്ച ദുരാചാരം അതുള്ള സമുദായങ്ങൾക്കു് അത്രയ്ക്കു ലജ്ജാവഹമായിട്ടുള്ളതാകയാൽ സ്വദേശാഭിമാനി ഈ വിഷയത്തിൽ ഒരു അനുകൂലാക്ഷേപം പുറപ്പെടുവിച്ചതാണെന്നേ ഞങ്ങൾ കരുതുന്നുള്ളു. അതല്ല ആ സ്ഥാനത്തു ഭർത്തൃപദം ശബ്ദശാസ്ത്ര വിരുദ്ധ

Digitized By Kerala Sahitya Akademi

മാണെന്നു വല്ലവരും വാസ്തവത്തിൽ നിഷ്കർഷിക്കുകയാണെങ്കിൽ ആ പദത്തിനു ഞങ്ങളുടെ സഹജീവി ചെയ്ത നിർവചനം അപ്രമാണമാണെന്നു പറയാതെ ഞങ്ങൾക്കു കഴികയില്ല. ജാത്യാബ്രാഹ്മണനു ബ്രാഹ്മണപദംപോലെ ഒരു സ്ത്രീയോടു ദേശാചാരവിരുദ്ധമല്ലാത്ത അപത്യസംബന്ധമുള്ള ഒരുവന് ഭർത്തൃപദമാണ് പ്രയോഗിക്കാറ് പതിവു്. അതിന്റെ വാച്യാർത്ഥവും ഭരിക്കുന്നവൻ എന്നുമാത്രമാണ്. പത്നീപദത്തിന്റെ യജ്ഞസംബന്ധ വാചിത്വംപോലെ വൈയാകരണന്മാർ ഈ പദത്തിനു സ്മൃത്യുക്ത വിവാഹ സംബന്ധ വാചിത്വം വിധിച്ചിട്ടുള്ളതായും ഞങ്ങൾ അറിയുന്നില്ല.

വിവേ: 1084 കർക്കടകം

സമുദായ പരിഷ്കാരിണി

തിരുവനന്തപുരത്തുനിന്നും മാസത്തിൽ രണ്ടുതവണവീതം പുറപ്പെടുന്ന "സമുദായപരിഷ്കാരിണി" സമുദായാഭിവൃദ്ധി സംബന്ധമായി പൊതുജനങ്ങൾ ഗ്രഹിച്ചിരിക്കേണ്ട പല സംഗതികളെയുംപററി ഉപന്യാസങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നു. ഇതു് കേരളീയ നായർ സമാജം പ്രവർത്തകന്മാരാൽ നടത്തപ്പെട്ടുവരുന്നതാകയാൽ ആ സമാജത്തിന്റെയും നായർ സമുദായത്തിന്റെയും പ്രത്യേക അഭിവൃദ്ധിയെപ്പററി അറിവാൻ ആഗ്രഹിക്കുന്നവർ വിശേഷിച്ചും വാങ്ങി വായിക്കേണ്ട ഒരു പത്രമാകുന്നു.

ആത്മപോഷിണി

കുന്നംകുളം എന്ന സ്ഥലത്തുനിന്നും പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു മാസികയാണ്. ഇതിൽ മതം, തത്ത്വശാസ്ത്രം, പ്രകൃതിശാസ്ത്രം മുതലായവിഷയങ്ങളെപ്പററിയും ചരിത്ര സംബന്ധമായും മററും ഉപന്യാസങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നു. ചിലപ്പോൾ ഇതിലെ ഉപന്യാസങ്ങളിലും കുറിപ്പുകളിലും ചിലത് വളരെ നന്നായിരിക്കാറുണ്ടു്. വില കൊല്ലത്തിൽ ഒന്നര ഉറുപ്പിക മാത്രമാണ്.

യുവജനാനന്ദിനി

ഇതിൽ ഗദ്യത്തിലും പദ്യത്തിലുമായി യുവാക്കന്മാർ അറിഞ്ഞിരിക്കേണ്ടതും രസപ്രദങ്ങളുമായ ചില ലേഖനങ്ങൾ അടങ്ങിയിരിക്കുന്നു. ആഫീസു് ആലപ്പുഴയും വില മുൻകൂറ് കൊല്ലത്തിൽ ഒരുറുപ്പിക മാത്രവുമാകുന്നു. 86 ചിങ്ങത്തിലാണ് ആദ്യത്തെ പ്രതി പുറപ്പെട്ടത്. അതിനുശേഷം പുറപ്പെട്ടകാണാറില്ല. ഇത് വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ രക്ഷാധികാരത്തിൻ കീഴിലും പന്തളത്തു കേരളവർമ്മതമ്പുരാൻ അവർകൾ മുതലായി പല യോഗ്യന്മാരുടെയും ഉപരക്ഷാധികാരത്തിൻ കീഴിലും നടത്തപ്പെടുന്നതാണെന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ ഇതിന്റെ ഭാവി നല്ലതായിരിക്കുമെന്നു വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

ആര്യസിദ്ധാന്ത ദീപിക

ഇത് ശ്രുതിസ്മൃതീതിഹാസപുരാണാദികളായ സംസ്കൃത ഗ്രന്ഥങ്ങളെ ലളിതമായ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്ന ഒരു നല്ല മാസികയാകുന്നു. ഇതിന്റെ ആദ്യപുസ്തകം പുറപ്പെട്ടത് ഈ കന്നിയിലാണ്. അതിൽ നിളാസൂക്തം, കൈവല്യോപനിഷത്ത്, ദശശ്ലോകി, ഉത്തരഗീത, പ്രശ്നോത്തരരത്നമാല, ബുധസ്മൃതി, രാമരക്ഷ, ഗായത്രി രാമായണം, ഭാരതനീതി, ശ്രീമദ്ഭാഗവതം, ദശമസ്കന്ധം ഈ വിഷയങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിൽ ആരംഭിച്ചിരിക്കുന്ന വന്ദ്യഗ്രന്ഥങ്ങൾ പൂർത്തിയായാൽ ശ്ലാഘ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. മതസംബന്ധമായ ഇങ്ങനെയൊരു മാസികയുടെ ആവശ്യകത നിശ്ചയമായും മലയാളസാഹിത്യ സമുച്ചയത്തിൽ ഒഴിച്ചുകൂടാത്ത ഒന്നായിരുന്നു. പറവൂർ മിസ്റ്റർ കെ. എ. രാമൻപിള്ള അതിനെ ഇങ്ങിനെ നിറവേറ്റിയിരിക്കുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. പുസ്തകം ഡെമ്മി ഏട്ടുവലിപ്പത്തിൽ 40 ഭാഗങ്ങൾ അടങ്ങിയതാണ്. അച്ചടിയും ആകൃതിയും എല്ലാം വളരെ നന്നായിരിക്കുന്നു. വില കൊല്ലത്തിൽ തപാൽകൂലി ഉൾപ്പെടെ 2 ഉറുപ്പിക 6 ണ. മാത്രമാണ്. പാലക്കാട്ടു നിന്നു മുമ്പു പുറപ്പെട്ടുകൊണ്ടിരുന്ന ആര്യസിദ്ധാന്ത ചന്ദ്രികയുടെ ദുരദൃഷ്ടം ഈ ദീപികയ്ക്കു നേരിടാതിരിപ്പാൻ ഞങ്ങൾ ഈശ്വരനെ പ്രാർത്ഥിക്കുന്നു.

വിവേ: 1086 ചിങ്ങം, കന്നി

കേരളചിന്താമണി

ഇതിന്റെ ആകൃതിയിലും മറ്റും ചില പരിഷ്കാരങ്ങൾ വരുത്തീട്ടുണ്ട്. പലപ്പോഴും ഇതിൽ രസമുള്ള നല്ല ലേഖനങ്ങൾ കാണാം. ഒടുവിൽ കിട്ടിയ ഇടവം, മിഥുനം ലക്കങ്ങൾ അടങ്ങിയ പുസ്തകത്തിൽ സരസഗദ്യകാരനായ ഇതിന്റെ പത്രാധിപരായിരുന്ന മൂർക്കോത്തു കുമാരൻ അവർകളുടെ പേരും കുറിപ്പുകളും കാണുന്നില്ല.

സനാതനധർമ്മം

മതസംബന്ധമായി മലയാളത്തിലുള്ള ഒരു നല്ല മാസികയാണിത്. ബ്രഹ്മവിദ്യാസംഘക്കാരുടെ വകയാണ്. കോഴിക്കോട്ടുനിന്നാണ് പുറപ്പെട്ടുവരുന്നത്. ഇത് രണ്ടാമത്തെ വയസ്സാണ്. സ്ഥിരതയുടെയും അഭിവൃദ്ധിയുടെയും ലക്ഷണങ്ങൾ എല്ലാമുണ്ട്; കൊല്ലത്തിൽ ഒരു റുപ്പിക മാത്രമേ വരിസംഖ്യയുള്ളു. "സനാതനധർമ്മം ആഫീസ്, ചാലപ്പുറം, കോഴിക്കോട്" എന്നു് എഴുതിയാൽ കിട്ടും.

ജന്മി

കേരള ജന്മിസഭ വകയായി പുറപ്പെടുന്ന ഒരു മലയാള മാസികയാണ്. ജന്മികൾ അറിഞ്ഞിരിക്കേണ്ട പല സംഗതികളും ഇതിൽ

Digitized By Kerala Sahitya Akademi

പ്രതിപാദിക്കുന്നുണ്ട്. ഭൂനികുതിസംബന്ധമായ സംഗതികളിൽ രസമുള്ളവർക്ക് ഇത് വളരെ അറിവിനേയും രസത്തേയും ഉണ്ടാക്കും. ജന്മികളുടെ ഗുണത്തെ ഉദ്ദേശിച്ചു ശ്രമിക്കുന്നു. ടി സഭയുടെ കരണത്തിന്റെ നിലയിൽ ഇതു നല്ലവണ്ണം ശോഭിക്കുന്നു. നടക്കുന്നത് അഞ്ചാമത്തെ വാല്യമാണ്. കോട്ടയ്ക്കൽ നിന്നാണ് പുറപ്പെടുന്നത്.

കവിതാവിലാസിനി

ഇതു കവനകൗമുദിയുടെ പന്ഥാവിൽ കൂടി നടക്കുന്ന ഒരു പുതിയ മാസികയാണ്. ഗുണം കൊണ്ടു കൗമുദിയുടെ സമീപത്തു് ഇതുവരെ എത്തീട്ടില്ല. എങ്കിലും നല്ല കവികളിൽ ചിലർ ഇതിൽ എഴുതുന്നുണ്ട്. രസമുള്ള ചില പദ്യകൃതികളും കാണുന്നുണ്ട്. ഗ്രന്ഥവിമർശനം മുതലായി ചില പത്രാധിപക്കുറിപ്പുകളും മറ്റും ഗദ്യത്തിൽ ചിലപ്പോൾ ഉണ്ടായിരിക്കും. കവിതാവിലാസിനി ഉടമസ്ഥൻമാർ, പുതുപ്പള്ളി, കായംകുളം എന്ന മേൽവിലാസത്തിൽ എഴുതിയാൽ പത്രം കിട്ടും. വരി കൊല്ലത്തിൽ 2 ക.

കേരളം

കഴിഞ്ഞ മേടത്തിൽ ആരംഭിച്ച ഒരു ഉത്തമ മാസിക ഗ്രന്ഥമാണ്. കുഞ്ചൻനമ്പ്യാരുടെ സ്മാരകമായാണത്രേ നടത്തപ്പെടുന്നത്. ഭംഗിയുള്ള ചിത്രങ്ങൾ ഇടയ്ക്കിടെ ചേർത്തു് ഇംഗ്ലീഷിൽ ഇലസ്ട്രേറ്റഡ് മാഗസിൻ മാതിരി നടത്തുന്ന മാസിക മലയാളത്തിൽ ഇതൊന്നേയുള്ളു. നല്ല ഗദ്യപദ്യലേഖനങ്ങൾ ഉണ്ടു്. സാഹിത്യമാണ് ഇതിന്റെ വിഷയമെന്നു് പറയേണ്ടതില്ലല്ലോ. "സി. വി. രമണി അയ്യർ, കേരളം ആഫീസ്, ചങ്ങനാശേരി" ഈ മേൽവിലാസത്തിൽ എഴുതിയാൽ പത്രം കിട്ടും.

ഗുരുബോധിനി

താഴ്ന്ന ക്ലാസുകളിൽ വാദ്ധ്യാന്മാരുടെ ഉപയോഗത്തെ ഉദ്ദേശിച്ചു് പാലക്കാട്ടു നിന്നു പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു ചെറിയ മാസിക ഗ്രന്ഥമാണ്. രണ്ടാമത്തെ വാല്യം നടക്കുന്നു. ഇതിന്റെ ഉദ്ദേശത്തെ ഇതു ഭംഗിയായി നിറവേറ്റുന്നുണ്ടു്. മദ്രാസ് ഗവൺമെൻറിൽ നിന്നും കൊച്ചിസർക്കാരിൽ നിന്നും ഇതിന്റെ ഏതാനും പ്രതികൾ കൂടിയ വരി നിരക്കിൽ വാങ്ങി വിദ്യാഭ്യാസവകുപ്പിൽഉപയോഗിച്ചു വരുന്നതുതന്നെ ഇതിന്റെ ഉത്തമരീതിയിലുള്ള നടത്തിപ്പിനെ വിളിച്ചു പറയുന്നു. ഇതിൽ നല്ല ലേഖനങ്ങൾ അയച്ചു കൊടുക്കുന്നവർക്കു് വരിക്കാരുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു് കൊല്ലാവസാനത്തിൽ ഓരോ സ്വർണ്ണ മുദ്രകൾ സമ്മാനിപ്പാൻ പത്രാധി

Digitized By Kerala Sahitya Akademi

പർ മിസ്റ്റർ കെ. വേലായുധം പ്രതിജ്ഞ ചെയ്യുന്നു. ഇതു നല്ല അഭിപ്രായമാണ്. വരിസംഖ്യ സാധാരണക്കാർക്ക് ഒന്നരയും വിദ്യാർത്ഥികൾക്ക് മുക്കാലും ഉറുപ്പിക മാത്രം.

സുജനപ്രിയ

ഈ ടൗണിൽ നിന്നു തന്നെ പുറപ്പെടുന്ന ഒരു പുതിയ സാഹിത്യ മാസിക ഗ്രന്ഥമാണ്. ഒരു വയസ്സു തികഞ്ഞിട്ടില്ല. 'സുജനപ്രിയയായ് തന്നെ സുജനപ്രിയ മാസിക നിളാമണാളൻ കൃപയാൽ നീണാളായ് നിലനിൽക്കണം.' എന്നു ഞങ്ങളും പറഞ്ഞുകൊള്ളുന്നു.

വിദ്യാവിഹാരിണി

ഒരു ഒന്നാം തരം തമിഴ് മാസികയാകുന്നു. ഇതിൽ ശാസ്ത്രം, സാഹിത്യം, ചരിത്രം, രാജ്യതന്ത്രം മുതലായ എല്ലാ ഉപയുക്ത വിഷയങ്ങളിലും നല്ല ലേഖനങ്ങൾ എപ്പോഴും ഉണ്ടായിരിക്കയും മനോഹരമായ ഹാഫ്ടോൺ ചിത്രങ്ങൾ എപ്പോഴും ഇതിന്റെ ഭാഗങ്ങളെ അലങ്കരിക്കയും ചെയ്യുന്നു. ഈ കഴിഞ്ഞ ജൂലൈ നമ്പരിൽ പരേതനായ മിസ്റ്റർ ബി.എ.മലബാരി അവർകളുടെയും,നമ്മുടെ ആറങ്ങൽ വലിയ തമ്പുരാൻ തിരുമനസ്സിലേയും, കൊച്ചു വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേയും പടങ്ങൾ കൊടുത്തിട്ടുണ്ട്. കേരളത്തെയും മലയാളസാഹിത്യത്തെയും സംബന്ധിച്ച് ഇതിൽ പലപ്പോഴും ലേഖനങ്ങൾ ഉണ്ടായിരിക്കും. ഇതിന്റെ പത്രാധിപർ കോയമ്പത്തൂർ സി. എൻ. കൃഷ്ണസ്വാമി അയ്യർ എം. എ. എൽ. ടി. അവർകളാകുന്നു. മദ്രാസിൽ സി. കുമാരസ്വാമി നായിഡു ആൻഡ് സൺസ് കമ്പനിക്ക് എഴുതിയാൽ പത്രം കിട്ടും. വരി കൊല്ലത്തിൽ അഞ്ചുറുപ്പിക.

വിവേ. 1087 മിഥുനം, കർക്കടകം

കേരളസഞ്ചാരി

ഈ പ്രതിവാര പത്രത്തിന് ഇപ്പോൾ 27 വയസ്സു നടപ്പാണ്. കോഴിക്കോട്ടു നിന്നു പുറപ്പെടുന്ന പത്രങ്ങളിൽ തെക്കൻ ദിക്കുകളിൽ അധികം പ്രചാരം ഈ മാന്യസഹജീവിക്കാണെന്നു തോന്നുന്നു. ഇത്ര പ്രചാരവും പ്രസിദ്ധിയും വർദ്ധിച്ചു വരത്തക്ക യോഗ്യതകൾ ഇതിനുണ്ട്. ഇത്ര പ്രായമുള്ള പത്രങ്ങൾ ഈ കരയിൽ ചുരുക്കം ചിലതേ ഉണ്ടായിരിക്കൂ.

മലയാളി

ഈ പ്രസിദ്ധ സഹജീവിയെപ്പറ്റി ഞങ്ങൾ വിശേഷിച്ചൊന്നും പറയേണ്ട ആവശ്യമില്ല. അതിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ കേരളത്തിൽ ചുരുങ്ങും. ഇതിനു 20 കൊല്ലത്തെ പഴക്കമുണ്ട്. എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും പ്രസിദ്ധപ്പെടുത്തി വരുന്നു. ആദ്യം ഇതു കൊ

Digitized By Kerala Sahitya Akademi

ല്ലത്തിനടുത്തു ബ്രിട്ടീഷ് സ്ഥലമായ തങ്കശ്ശേരിയിൽ നിന്നാണ് പുറപ്പെട്ടിരുന്നത്. ഈയിടെ കൊല്ലത്തേക്ക് മാറിയിരിക്കുന്നു. ആഴ്ചയിൽ രണ്ടുപ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന തിരുവിതാംകൂറിലെ രണ്ടു മലയാള പത്രങ്ങളിൽ ഒന്നിതാണ്.

വ്യവസായമിത്രം

ഇത് വടക്കേ മലബാർ കാടാച്ചിറ എന്ന സ്ഥലത്തുനിന്നും ശനിയാഴ്ചതോറും പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു വർത്തമാനപത്രമാണ്. കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായവയിൽ കേരളീയർക്ക് വിശേഷ അറിവും യോഗ്യതയും ഉണ്ടാക്കി നമ്മുടെ രാജ്യത്തെ ധനസ്ഥിതിയും മനസ്ഥിതിയും നന്നാക്കുന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യങ്ങളെ മുൻനിർത്തി ഈ സഹജീവി സ്തുത്യർഹമാംവണ്ണം പ്രയത്നിക്കുന്നുണ്ട്. ലക്ഷ്മീവിലാസം എന്ന പ്രസിദ്ധ മാസികയാണ് ഈ വിഷയത്തിൽ ഏറ്റവും തൃപ്തികരമായ വിധത്തിൽ നടത്തപ്പെടുന്ന ഒരു പത്രഗ്രന്ഥം. എന്നാൽ അത് ഒരു മാസിക പത്രഗ്രന്ഥവും ഇത് ഒരു പ്രതിവാരപത്രവുമാണ്. ഇതിനു നാലാമത്തെ വയസ്സാണ് നടപ്പ്.

The Travancore Times

തെക്കൻതിരുവിതാംകൂറിലെ ക്രിസ്തീയ സമുദായത്തിന്റെ പ്രതിനിധ്യം വഹിക്കുന്ന ഏറ്റവും പഴയ ഒരു ഇംഗ്ലീഷ് പ്രതിവാരപത്രമാണിത്. പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരുടെ അഭിവൃദ്ധിയെപ്പറ്റി ഈ സഹജീവി എപ്പോഴും ശ്രദ്ധവച്ചുകൊണ്ടിരിക്കുന്നു. തിരുവിതാംകൂർ രാജ്യഭരണ സംബന്ധമായ സംഗതികളിൽ പലപ്പോഴും ഈ മാന്യ സഹജീവി നല്ല വിമർശനങ്ങൾ ചെയ്യാറുണ്ട്.

സത്യനാദം

റോമൻ കത്തോലിക്കാക്കാരുടെ വകയായും അവരുടെ യോഗക്ഷേമത്തെ മുൻനിർത്തിയും എറണാകുളത്തുനിന്നും പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു വർത്തമാനപത്രമാണ്. ഇതിന്റെ പുതിയ ജീവിതത്തിന് പ്രായം അധികമില്ലെങ്കിലും പഴയ ജീവിതത്തോടുചേർത്ത് കണക്കാക്കുമ്പോൾ ഇതിന് 38 വയസ്സ് പ്രായമുണ്ട്. ഒരു നല്ല പ്രതിവാരപത്രമാണ്.

ഭാഗ്യോദയം

. മലയാള ബ്രാഹ്മണ ജന്മികളുടെ വകയായി ആദ്യം കൊല്ലത്തുനിന്നും ഇപ്പോൾ ഈ ടൗണിൽനിന്നും വെള്ളിയാഴ്ചതോറും പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു പത്രികയാണ്. മലയാള ബ്രാഹ്മണരുടെ വിദ്യാഭ്യാസം, സാമുദായികം മുതലായ വിഷയങ്ങളെ സംബന്ധി

Digitized By Kerala Sahitya Akademi

ച്ച് പല ലേഖനങ്ങളും രാജ്യകാര്യ സംബന്ധമായും മറ്റു പൊതു വിഷയങ്ങളെ സംബന്ധിച്ചും പല നല്ല ഉപന്യാസങ്ങളും ഇതിൽ ഉണ്ടായിരിക്കും. ഇതിന്റെ നാലാമത്തെ വാല്യമാണു നടക്കുന്നത്. ഇതിന്റെ അച്ചടിയും കടലാസും കുറേക്കൂടി നന്നാക്കിയാൽ നന്ന്.

വിജ്ഞാനചിന്താമണി

കഴിഞ്ഞ 26 കൊല്ലങ്ങളായി പട്ടാമ്പിയിൽനിന്നു പുറപ്പെട്ടു വരുന്ന ഈ സംസ്കൃത സഹജീവിയെപ്പറ്റി കേട്ടറിവെങ്കിലും ഇല്ലാത്തവർ കേരളത്തിൽ സംസ്കൃതഭാഷ അറിയാവുന്നവരുടെ കൂട്ടത്തിൽ ചുരുങ്ങും. ആദ്യം കുറേക്കാലം ഒരു പ്രതിമാസ പുസ്തകമായിരുന്നു എങ്കിലും കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഒരു പ്രതിവാരപുസ്തകമാണ്. സംസ്കൃതത്തിൽ നമ്മുടെ രാജ്യത്തുള്ള ഒരു ഒറ്റ വർത്തമാന പത്രമാണിത്. പല നല്ല പ്രമേയങ്ങളെയും പറ്റിയുള്ള ഉപന്യാസങ്ങൾക്കു പുറമെ വർത്തമാനങ്ങൾ, വിശേഷവാർത്തകൾ മുതലായി സാധാരണ വർത്തമാനപത്രങ്ങളിലുള്ള സകല വിഷയങ്ങളും ഇതിൽ പ്രസിദ്ധപ്പെടുത്തിവരുന്നു. ഇതിനെ വായിക്കുന്നവർക്കു സംസ്കൃതഭാഷ ഒരു മൃതഭാഷയാണെന്നുള്ള ബുദ്ധി പൊയ്പ്പോകും. ഇതിന്റെ അധിപരും പട്ടാമ്പി സംസ്കൃത മഹാവിദ്യാലയത്തിന്റെ ജീവനുമായ പണ്ഡിതർ ബ്രഹ്മശ്രീ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ അവർകളുടെ ശ്രമത്തെ ഹൃദയപൂർവം അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

ധന്വന്തരി

കോട്ടയ്ക്കൽ നിന്നു പുറപ്പെടുന്ന കേരളത്തിലെ ഏക വൈദ്യമാസികയായ ഈ സഹജീവിയെപ്പറ്റി അറിഞ്ഞിട്ടില്ലാത്തവർ വായനക്കാരിൽ ഉണ്ടായിരിക്കുകയില്ല. വൈദ്യവിഷയമായ അറിവുകൾ വൈദ്യന്മാർക്കും പൊതുജനങ്ങൾക്കും നൽകുന്ന വിഷയത്തിൽ പ്രസ്തുത സഹജീവി ചെയ്തുവരുന്ന പ്രശസ്തമായ ശ്രമങ്ങൾ അഭിനന്ദിക്കത്തക്കവയാണ്. പല യോഗ്യന്മാരായ ലേഖകന്മാരും ഇതിൽ നല്ല നല്ല ഉപന്യാസങ്ങൾ എഴുതിവരുന്നുണ്ട്.

കവനകൗമുദി

മലയാളത്തിൽ പദ്യമയമായ ഒറ്റ മാസിക പുസ്തകമാണിത്. പന്തളം കേരളവർമ്മത്തമ്പുരാൻ തിരുമനസ്സിലെ ആധിപത്യത്തിൽ ആദ്യം കുറേക്കാലം തിരുവിതാംകൂറിൽവച്ച് ഒരു പത്രരൂപേണ നടത്തിവന്ന ഈ സഹജീവിക്ക് തെക്കേ മലയാളത്തിൽ കോട്ടയ്ക്കൽ വച്ചാണ് ഇപ്പോഴത്തെ നിലയിലുള്ള ഒരു പ്രതിഷ്ഠ ലഭിച്ചത്. പത്രാധിപന്മാർക്കു പുറമെ വള്ളത്തോൾ നാരായണമേനോൻ മുതലായ പല പ്രസിദ്ധ കവികളും ഇതിൽ നല്ല കവിതകൾ എഴുതി പ്രസിദ്ധപ്പെടു

Digitized By Kerala Sahitya Akademi

ത്താറുണ്ട്. കവിതാ രസികന്മാർക്ക് കൗമുദി മാസത്തിലൊരി ക്കൽ പുതിയ പുതിയ ആഹ്ലാദം നൽകിക്കൊണ്ടിരിക്കുന്നു.

ലക്ഷ്മീ വിലാസം

ധനശാസ്ത്ര സംബന്ധമായ ഏകമാസിക ഗ്രന്ഥമായ ഈ സഹജീവിക്ക് ഇത് ഒൻപതാമത്തെ വയസ്സാണ്. അതിന്റെ പ്രവൃ ത്തികൾ അത് ഉത്തരോത്തരം തൃപ്തികരമായി നടത്തിവരുന്നു. കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ ധനാഗമമാർഗ്ഗങ്ങ ളെയും തത്സംബന്ധമായ അറിവുകളേയും പറ്റി പല വിശിഷ്ട ലേഖനങ്ങളും ഇതിൽകാണാം. കോട്ടയ്ക്കൽ ലക്ഷ്മീ വിലാസം അച്ചുക്കൂടത്തിന്റെ ആരംഭം തന്നെ ഇതിനെ മുൻനിറുത്തീട്ടുള്ളതാ യിരിക്കാം. ഇതും മേൽപ്പറഞ്ഞ രണ്ടുമാസികകളും പി. വി. കൃഷ്ണ വാര്യർ അവർകളുടെ അഭിനന്ദനീയമായ മേൽനോട്ടത്തിൽ നടത്തി വരുന്നതാകുന്നു.

ലക്ഷ്മീഭായി

"മയൂരസന്ദേശ"ത്തിലെ നായികയായ നാടുനീങ്ങിപ്പോയ ആറ്റിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ സ്മാരകമായി അവി ടത്തെ തിരുനാവായിൽ സ്ത്രീകളുടെ ഉപയോഗത്തിനായി പ്രത്യേകം നടത്തിവരുന്ന ഈ സഹജീവിക്ക് കേരളം മുഴുവൻ അന്യാദൃശ മായ പ്രസിദ്ധിയുണ്ട്. അതിൽ സ്ത്രീ വിദ്യാഭ്യാസം, പാതി വ്രത്യം, ഗൃഹിണീധർമ്മം, ബാലപരിചരണം, പാകശാസ്ത്രം മുതലായി സ്ത്രീകൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ട പല പ്രമേയ ങ്ങളേയും പറ്റി രസകരങ്ങളായ ലേഖനങ്ങൾ, കഥകൾ, കവിതകൾ മുതലായവ എപ്പോഴും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതിന് ഇപ്പോൾ പത്താമത്തെ വയസ്സാണ്. പ്രായം ചെല്ലുന്തോറും, ഇതുനന്നായിക്കൊണ്ടിരിക്കുന്നു എന്നുള്ളതു പ്രവർത്തകൻ മാർക്കു ചാരിതാർത്ഥ്യഹേതുവാണ്.

വിവേ. 1089 മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

അനുസ്മരണങ്ങൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ചാവറകോട്ടു കൊച്ചുചെറുക്കൻ വൈദ്യൻ

പ്രസിദ്ധവൈദ്യനും ദക്ഷിണതിരുവിതാംകൂറിലെ ഈഴവരുടെ ഇടയിൽ ഒരു വലിയ കുടുംബിയും, മഹാധർമ്മിഷ്ഠനും, പൊതുജനോപകാരിയും, അരുവിപ്പുറം ധർമ്മകാര്യങ്ങളുടെ ഒരു മുഖ്യഭാരവാഹിയും ബ്രഹ്മശ്രീ നാരായണഗുരുസ്വാമിപാദങ്ങളിലെ ഗഹസ്ഥശിഷ്യന്മാരിൽ അഗ്രഗണ്യനും, സർവോപരി ശ്രീനാരായണധർമ്മപരിപാലന യോഗത്തിന്റെ യോഗ്യനായ ഉപാധ്യക്ഷനും ആയിരുന്ന മഹാനായ മ.രാ.രാ. ചാവറകോട്ടു കൊച്ചുചെറുക്കൻ വൈദ്യരവർകൾ കഴിഞ്ഞ കർക്കടകം 28-ാം തീയതി തന്റെ 61-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു എന്നുള്ള ദുഃഖവാർത്തയെ നമ്മുടെ യോഗംവക പ്രത്യേക അറിയിപ്പിൽനിന്നും, പല മാന്യസഹജീവികൾ മുഖേനയും മററും ഇപ്പോൾ എല്ലാവരും അറിഞ്ഞും അനുതപിച്ചും ഇരിക്കയാണല്ലോ. ഈ അപരിഹാര്യമായ വലിയ നഷ്ടത്തെക്കുറിച്ച് എത്രതന്നെ വിലപിച്ചാലും ഞങ്ങളുടെ ഹൃദയത്തിൽ ഒരിക്കലും ആശ്വാസമുണ്ടാകുന്നില്ലെന്നു മാത്രമല്ല, എത്ര ചിന്തിക്കുന്തോറും അത്രത്തോളം ആ മഹാനുഭാവന്റെ വിരഹം ഞങ്ങൾക്ക് അധികമധികം ദുസ്സഹമായിത്തീരുന്നതുമാകുന്നു. "അതീത കാര്യാനുശയേന കിംസ്യാൽ" (കഴിഞ്ഞതിനെക്കുറിച്ച് ദുഃഖിച്ചിട്ടു ഫലമില്ലല്ലോ). എന്നുള്ള നയത്തെ ക്ലേശപൂർവം അനുസ്മരിച്ചിട്ട്, എല്ലാവർക്കും ദുസ്സഹമായ ഈ വിയോഗത്താൽ ഏററവും ഖേദിക്കുന്ന അദ്ദേഹത്തിന്റെ കുടുംബത്തോട് സഹതപിക്കുകയും, അവർക്കും പരേതനായ അദ്ദേഹത്തിന്റെ ആത്മാവിനും ശാശ്വതമായ മംഗളത്തെ ആശംസിക്കുകയും ചെയ്യുക എന്നുള്ള പീഡാകരമായ ബന്ധുകൃത്യത്തെത്തന്നെ അനുഷ്ഠിക്കയല്ലാതെ തൽക്കാലം ഞങ്ങൾക്ക് ഗത്യന്തരമില്ല.

വിവേ: 1080 ചിങ്ങം

കടത്തനാട്ടു പോർളാതിരി ഉദയവർമ്മതമ്പുരാൻ

തിരുമനസ്സിലെ നാമം കേരളത്തിൽ ആരുടെയും ചെവിക്കു പുത്തരിയായിരിപ്പാൻ ഇടയില്ല. വിദ്യാഭ്യാസംകൊണ്ടു ലഭിക്കാവുന്ന ഹൃദയവികാസം മുതലായ ഗണങ്ങൾ ഇത്രമാത്രം തികഞ്ഞിട്ടുള്ള പുരുഷൻമാർ കേരളീയരുടെ ഇടയിൽ അധികംപേർ കാണുകയില്ല. വിദ്യാപ്രചരണവിഷയത്തിൽ ഇദ്ദേഹം ചെയ്തിട്ടുള്ള ശ്രമങ്ങൾ അനവധിയാകുന്നു. ഈ കൂട്ടത്തിൽ അപ്രധാനമല്ലാത്ത ഒന്നാണ് കടത്തനാട്ടു രാജകുമാരൻമാർക്കുവേണ്ടി ഇദ്ദേഹം ഒരു ഹൈസ്കൂൾ സ്ഥാപിച്ചതു്. രാജകുമാരൻമാർക്കു് എന്നു പറഞ്ഞതുകൊണ്ടു് സാമൂറിൻ കാളേജിനെപ്പോലെ ഇതു് ഒരു ഇടുങ്ങിയ നോട്ടത്തോടുകൂടി സ്ഥാപിച്ചിട്ടുള്ളതാണെന്നു വായനക്കാർ തെററിദ്ധരിക്കരുതു്. ഈ കടത്തനാട്ടു വിദ്യാശാലയിൽ രാജകുമാരൻമാരോടൊന്നിച്ചു് തീയർക്കു് ഇരുന്നുപഠിക്കാം. അതുകൊണ്ടു കേരളവിദ്യാശാലയുടെ ഒരു പ്രത്യുദാഹരണമാണ് കട

Digitized By Kerala Sahitya Akademi

ഞനാട്ടേ വിദ്യാശാല. ഇപ്രകാരം നിഷ്പക്ഷപാതമായ സൗജന്യവും അസാമാന്യമായ പാണ്ഡിത്യവും കൊണ്ടു് കേരളത്തിലെ സകലജനങ്ങളുടേയും സ്നേഹബഹുമാനങ്ങൾക്കു് പാത്രമായിരുന്ന ആ രാജകുമാരൻ അപ്രാപ്തകാലമായ ചരമഗതിയെ പ്രാപിച്ചിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾക്കുള്ള വ്യസനം അസാമാന്യമാകുന്നു. 'വിഷഫലങ്ങളായ (കിമ്പാക) വൃക്ഷങ്ങൾ നൂറുകൊല്ലം ജീവിക്കയും സ്വാദുഫലങ്ങളായ വാഴകൾ അല്പായുസ്സുകളായിരിക്കയും ചെയ്യുന്നു' എന്നു് ഒരു സംസ്കൃത കവി പറഞ്ഞിട്ടുള്ളതു് എത്ര അർത്ഥവത്തായിരിക്കുന്നു. ഇതുപോലെയുള്ള വാസ്തവ മഹാന്മാരുടെ നഷ്ടം നമ്മുടെ രാജ്യത്തിന്റെ ദയനീയമായ ഭാഗ്യദോഷംതന്നെ.

വിവേ: 1082 കന്നി

തൈക്കാട്ടു് അയ്യാവു്

ഞങ്ങൾ കഴിഞ്ഞവാള്യം 5-ം 6-ം ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ഇ. കെ. അയ്യാക്കുട്ടി ബി. ഏ. അവർകളുടെ ഒരുപന്യാസത്തിൽ അദ്ദേഹം ബ്രഹ്മശ്രീ നാരായണ ഗുരു സ്വാമി അവർകൾ "തൈക്കാട്ടയ്യാവു" എന്നു വിളിച്ചു വരുന്ന ഒരു മഹാന്റെ അടുക്കൽ നിന്നു് ചെറുപ്പത്തിൽ യോഗാഭ്യാസ സംബന്ധമായി ചില ഉപദേശങ്ങൾ ഗ്രഹിച്ചിരുന്നു എന്നു് പ്രസ്താവിച്ചിരുന്നതിനെ വായനക്കാർ ഓർക്കുന്നുണ്ടായിരിക്കാം. ആ മഹാൻ ഈ കർക്കടകം 6-ാംതീയതി രാത്രി 8 മണിക്കു് തിരുവനന്തപുരം തൈക്കാട്ടു സ്വഭവനത്തിൽവച്ചു് സമാധിയെ പ്രാപിച്ചിരിക്കുന്നു. ഇദ്ദേഹം തിരുവനന്തപുരം റസിഡൻസിയിൽ സൂപ്രണ്ടായി ഇവിടെ താമസം തുടങ്ങിയിട്ടു് ഒട്ടു വളരെ കാലമായി. എപ്പോഴും അരോഗദൃഢ ശരീരനായിരുന്ന അദ്ദേഹത്തിനു വയസ്സു് എത്രയായിരുന്നു എന്നു ഞങ്ങൾക്കു തീർച്ചയില്ല. 80-ൽ കുറയുകയില്ലെന്നു് അദ്ദേത്തിന്റെ സംബന്ധികൾ പറയുന്നു. അവസാനം വരെ സ്വജ്ജോലിയിൽ തന്നെ ഏർപ്പെട്ടിരുന്നു. ഇദ്ദേഹം ഒരു യോഗിയും സുബ്രഹ്മണ്യഭക്തനും, തമിഴിൽ ഒരു വിദ്വാനും ആയിരുന്നു. ഇദ്ദേഹത്തിന്റെ കൃത്യനിഷ്ഠ അനുകരണീയമാണു്. കാലത്തു നാലുമണിക്കു കുളികഴിഞ്ഞു് അദ്ദേഹം യോഗം ശീലിക്കും. ഇതുപോലെതന്നെ ആഫീസിൽ പോകുന്നതിനും, ഗൃഹകാര്യങ്ങൾക്കും എല്ലാം കൃത്യമായ സമയങ്ങൾ ഉണ്ടു്. സമാധിക്കു് ഒരു പന്ത്രണ്ടു ദിവസങ്ങൾക്കു മുൻപു് വലത്തെ കാലിന്റെ പുറവടിക്കു സ്വല്പം മേൽ ഒരു ചുട്ടുനീറൽ തോന്നിയിരുന്നത്രേ. കൊല്ലത്തു നിന്നു് ഈയിടെ ഇവിടെ വന്നു് അദ്ദേഹത്തെ കണ്ടിരുന്ന ഒരു യോഗിനിയോടു തനിക്കു് സമാധികാലമായെന്നു് അദ്ദേഹം പറഞ്ഞുപോൽ. അതല്ലാതെ അതിനെപ്പറ്റി അടുത്തുള്ള മറ്റാരോടും ഒന്നും സൂചിപ്പിച്ചിട്ടില്ലായിരുന്നു. ഏഴു ദിവസങ്ങൾക്കു മുൻപു യാതൊരാഹാരവും കൂടാ

Digitized By Kerala Sahitya Akademi

തെ നിഷ്ഠയിൽ ഇരിപ്പായി. ഭാര്യാപുത്രന്മാർ മുതലായവരുടെ കഠിനമായ നിർബന്ധത്താൽ ഒടുവിലത്തെ ദിവസം സ്വല്പം പാല്യം കഞ്ഞിവെള്ളവും കഴിക്കുകയും ഇങ്ങനെ ഉപദ്രവിക്കരുതെന്ന് അവരോടുപറയുകയും ഉണ്ടായി. വൈകുന്നേരം എട്ടു മണിക്ക് പതിവുപോലെ മാന്തോലിൻമേൽ ആസനം ബന്ധിച്ചു ധ്യാനത്തിനിരുന്നു. അടുത്തുണ്ടായിരുന്നവരോടു വിളക്ക് നല്ലവണ്ണം ജ്വലിപ്പിപ്പാൻ ആവശ്യപ്പെട്ടു; കൈകൾ രണ്ടും മാറിടത്തിനു സ്വല്പം താഴെ (സാധാരണ യോഗികൾ ചെയ്യുംപോലെ) വിലങ്ങത്തിൽ മലർത്തിപ്പിടിച്ചു നിവർന്നിരുന്നു. "ഞാൻ പോകുന്നു" എന്നു തമിഴിൽ പറഞ്ഞു കണ്ണുപൂട്ടി.

മഹാനായ തൈക്കാട്ട് അയ്യാവ് കഴിഞ്ഞു. ഇദ്ദേഹത്തിന് ഒരു പുത്രനും രണ്ടു പുത്രിമാരും ഉണ്ട്: ഭാര്യയും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്. മഹാന്മാരുടെ മരണത്തെയല്ല ജീവിതത്തെയാണ് നോക്കേണ്ടതെന്നാണ് പല യോഗ്യന്മാരുടേയും അഭിപ്രായം. എന്നാൽ എല്ലാപേർക്കും സുലഭമല്ലെങ്കിലും മരണത്തിൽ കൂടി ഈ വിധമുള്ള ഒരു മാഹാത്മ്യം ആരും ആഗ്രഹിക്കുന്നതും ആഗ്രഹിക്കേണ്ടതും തന്നെ.

വിവേ. 1084കർക്കടകം

ചങ്കരംകുമരത്തു പാറൻ

ചാവക്കാട്ട മുല്ലശ്ശേരിൽ ചങ്കരം കുമരത്തുപാറൻ എന്ന പ്രസിദ്ധനായ ദേഹം ഈ മാസം 18-ാം തീയതി കാലധർമ്മം പ്രാപിച്ചിരിക്കുന്ന വിവരം അറിഞ്ഞു ഞങ്ങൾ വ്യസനിക്കുന്നു. അദ്ദേഹത്തിന്റേത് ഒരു അകാലമരണം എന്നു പറവാൻ പാടില്ലെങ്കിലും ഇതുപോലെയുള്ള വല്യയോഗ്യന്മാർ ഒരു സമുദായത്തിൽ അത്ര സുലഭമല്ലാത്തതിനാൽ ഇങ്ങനെയുള്ളവരുടെ അപരിഹാര്യമായ വിയോഗത്തിൽ സമുദായ സ്നേഹികൾ വ്യസനിക്കതന്നെ ചെയ്യും. ചങ്കരം കുമരത്തു കുടുംബം പുരാതനമാണ്; എങ്കിലും "പാറൻ" എന്ന പേരോടു ചേർന്നിട്ടാണ് അതിന്റെ ഖ്യാതിക്ക് ഇപ്പോൾ കാണുന്ന വലുതായ വ്യാപ്തിയുണ്ടായതെന്നുള്ളത് നിശ്ചയമാകുന്നു. ധനംകൊണ്ട് ഇദ്ദേഹത്തിനു തുല്യമായോ അധികമായോ യോഗ്യതയുള്ളവർ സമുദായത്തിൽ പലരുമുണ്ട്. എന്നാൽ മനോഹ്രണം, സർവവിഷയത്തിലും ഒന്നുപോലെ പ്രവേശിക്കുന്ന ബുദ്ധിശക്തി, കാര്യാകാര്യ വിവേകം, ജനസ്നേഹം മുതലായ ദുർല്ലഭയോഗ്യതകൾ എല്ലാം ഇതുപോലെ തികഞ്ഞിട്ടുള്ള ഒരു മനുഷ്യനെ ഞങ്ങൾ അധികം കണ്ടിട്ടില്ല. സിവിൽ വ്യവഹാരംകൊണ്ടും മറ്റും പരസ്പരം മത്സരിച്ചു നശിപ്പാൻ പോയ എത്രയോ തറവാടുകൾ മിസ്റ്റർ പാറൻ ഒരാളിന്റെ പ്രകൃത്യാമധുരമായ നയോപദേശങ്ങൾകൊണ്ട് ഇപ്പോൾ ക്ഷേമമായും അഭിവൃദ്ധിയായും കഴിഞ്ഞുകൂടുന്നുണ്ട്. അദ്ദേഹം ഒരു വലിയ ധനികനും ഒരു പൊ

Digitized By Kerala Sahitya Akademi

ഉജ്ജനകാര്യസ്ഥനും ആയിരുന്നു. സകല ജാതിമതസ്ഥൻമാരും അദ്ദേഹത്തിന്റെ യോഗ്യതകളെ ബഹുമാനിക്കയും അദ്ദേഹത്തെ അകൈതവമായി സ്നേഹിക്കയും ചെയ്തു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ വിയോഗത്തിൽ വ്യസനിക്കുവാൻ, ഞങ്ങൾ വിചാരിക്കുന്നതിൽ അധികം ആളുകൾ ഉണ്ടാകുമെന്നുള്ളതു തീർച്ചയാണ്. പൊതുജനങ്ങളുടെ ഉപയോഗാർത്ഥം ഇദ്ദേഹം തന്റെ ഷഷ്ടിപൂർത്തിയുടെ സ്മാരകമായി മുല്ലശ്ശേരിയിൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ച് സ്വന്തം ചിലവിൽ നടത്തിവരുന്നുണ്ട്. ഇപ്പോൾ അത് അഭിവൃദ്ധിയിൽ ഇരിക്കയാണെന്നു തോന്നുന്നു. ഇദ്ദേഹം എസ്. എൻ. ഡി. പി. യോഗത്തിൽ ഒരു അംഗമായി ചേരുകയും, തന്റെ കുടുംബത്തിലുള്ള മറ്റുള്ളവരേയും അംഗങ്ങളായി ചേർത്തുകൊടുക്കയും ചെയ്തിട്ടുണ്ട്. കോഴിക്കോട്ട മ. രാ. രാ. സി. എം. രാരിച്ചൻ മൂപ്പൻ അവർകൾ ഇദ്ദേഹത്തിന്റെ ജാമാതാവാണ്. ഹൈക്കോർട്ട് വക്കീൽ സി. കൃഷ്ണൻ ബി. എ, ബി. എൽ. അവർകൾ ഇദ്ദേഹത്തിന്റെ പ്രഥമപുത്രനാകുന്നു. രണ്ടാമത്തെ മകൻ പാറൻ എന്ന പേരോട് കൂടിത്തന്നെ ഗൃഹഭാരം വഹിക്കുന്ന ഒരു യോഗ്യനും, ഇളയമകൻ മിസ്റ്റർ സി. ശങ്കുണ്ണി ഒരു പോലീസ് ഇൻസ്പക്ടരും ആണത്രേ. ഈ വിരഹത്തിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രങ്ങളുടെ വ്യസനത്തിൽ ഞങ്ങൾ നിർവ്യാജം പങ്കുകൊള്ളുകയും അദ്ദേഹത്തിന്റെ ആത്മാവിന് സുഖസമാധാനങ്ങളെ ആശംസിക്കയും ചെയ്യുന്നു.

വിവേ: 1085 ചിങ്ങം.

അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ; കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

മഹാമഹിമശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ വന്ദ്യനായ ജ്യേഷ്ഠഭ്രാതാവും പ്രസിദ്ധ ആയുർവേദ പണ്ഡിതനുമായ അനന്തപുരത്തു രാജരാജവർമ്മ മൂത്ത കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ മകരം 19-ാം തീയതിയും, പ്രസിദ്ധ ഭാഷാകവിയായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് 10-ാം തീയതിയും തീപ്പെട്ടുപോയിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾ അത്യധികം വ്യസനിക്കുന്നു. ഈ രണ്ട് മഹാനുഭാവന്മാരുടെയും വേർപാട് കേരളത്തിൽ രണ്ട് പ്രകാരത്തിൽ അപരിഹാര്യമായ വലിയ നഷ്ടമാകുന്നു. മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലേക്ക് 75 വയസ്സ് കഴിഞ്ഞിരിക്കുന്നു. എങ്കിലും അവിടത്തെ നേർക്ക് സവിശേഷമായ ബഹുമാനവും കൃതജ്ഞതയും സ്നേഹവുമുള്ള ഞങ്ങൾക്ക് ഈവിയോഗം ദുസ്സഹമായിത്തോന്നുന്നു. നമ്മുടെ സമുദായത്തിൽ ഇന്നുള്ള പ്രസിദ്ധ വൈദ്യന്മാർ പലരും തിരുമനസ്സിലെ സ്വന്തശിഷ്യന്മാരാണ്. സർക്കാർ ആയുർവേദ പാഠശാലയിൽ പ്രവേശം അനുവദിക്കാതിരുന്നു.

Digitized By Kerala Sahitya Akademi

പ്പോൾ വിശാലഹൃദയനായ ആ തിരുമനസ്സ് ഈഴവരെ സ്വയമേവ അഷ്ടാംഗഹൃദയം പഠിപ്പിക്കാൻ ഒരുമ്പെടുകയും അനേകം വിദ്യാർത്ഥികളെ വാർദ്ധക്യദശയിൽ കൂടി സ്നേഹപൂർവം മുഷിഞ്ഞു പഠിപ്പിച്ചു് വിദ്വാൻമാരാക്കുകയും ചെയ്തത് ഈ സമുദായത്തിനു വിസ്മരിക്കാൻ പാടില്ലാത്ത സംഗതിയത്രേ. ഞങ്ങൾ അവിടത്തെ ആത്മാവിന് അനശ്വരമായ ശ്രേയസ്സും ഈ വേർപാടിൽ വ്യസനിക്കുന്ന രാജകുടുംബത്തിനു സമാധാനവും ആശംസിച്ചുകൊള്ളുന്നു.

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്ക് 48 വയസ്സു മാത്രമേ ആയിട്ടുള്ളൂ. അവിടന്നു മലയാള സാഹിത്യലോകത്തിന് അദ്ഭുതകരമായ പരിശ്രമം ചെയ്തിട്ടുള്ള ഒരുദ്ദേഹമാണ്. മഹാഭാരതതർജ്ജിമകൊണ്ടു തന്നെ മലയാളികൾ അദ്ദേഹത്തിന് എന്നേക്കും കടപ്പെട്ടിരിക്കുന്നു. ഇത്രകാലത്തിനുള്ളിൽ ഇത്ര അധികം ഗ്രന്ഥമെഴുതാൻ സാധിച്ചിട്ടുള്ളവർ മലയാള കവികളുടെ മാത്രമല്ല മറ്റു കവികളുടെയും ഇടയിൽ അധികംപേർ ഉണ്ടായിരിക്കയില്ല. 'സരസദ്രുത കവികിരീടമണി' എന്നു് അദ്ദേഹത്തിനു താൻതന്നെ കൊടുത്ത പേരാണെങ്കിലും പരക്കെ സമ്മതമായിത്തീർന്നിരിക്കുന്നതു് ആശ്ചര്യമല്ല. ഈ മഹാപുരുഷന്റെ അകാലവിയോഗത്തിൽ അനുതപിക്കുന്ന എല്ലാപേരോടും ഞങ്ങൾ ഹൃദയപൂർവം സഹതപിക്കുകയും യശഃശരീരനായ്ത്തീർന്ന അദ്ദേഹത്തിന്റെ ആത്മാവിനു നിത്യാനന്ദം ആശംസിക്കുകയും ചെയ്യുന്നു.

വിവേ. 1088 ധനു, മകരം

മാഞ്ഞേരിക്കണ്ടി കണ്ണൻ

(കോയമ്പത്തൂർ വൈസ് പ്രിൻസിപ്പാൾ)

തെക്കെ ഇന്ത്യയിലെ ബുദ്ധിസാമർത്ഥ്യത്തിനു ദൃഷ്ടാന്തമായി എടുത്തുപറയത്തക്ക ആളുകളിൽ ഒന്നായിരുന്ന ശ്രീമാൻ മാഞ്ഞേരിക്കണ്ടി കണ്ണൻ അവർകൾ. മെട്രിക്കുലേഷൻ മുതൽ മേൽപോട്ടുള്ള എല്ലാ പരീക്ഷകളിലും ഇദ്ദേഹം പ്രസിഡൻസിയിൽ ഒന്നാമനായി ആണ് ജയിച്ചിട്ടുള്ളതു്. ബി. എ. യ്ക്ക് (Mathematics) ഗണിതശാസ്ത്രമായിരുന്ന ഐച്ഛിക വിഷയം. ഇത്ര കർക്കശവും സാധാരണ ബുദ്ധിമാൻമാരെ തോൽപിക്കുന്നതുമായ വിഷയം സർവകലാശാലകൾ പാഠവിവരപ്പട്ടികകളിൽ മറ്റൊന്നും ഇല്ലെന്നുള്ളതു് നിസ്സംശയമാണല്ലോ. അതിലും അതുപോലെ ഇന്ത്യാക്കാരിൽ പലർക്കും ഒരു കഠിനവിഷയമായ ഇംഗ്ലീഷ് സാഹിത്യത്തിലും ഒന്നുപോലെ ഒന്നാംക്ലാസിൽ ഒന്നാമനായി വിജയംനേടിയ ഇദ്ദേഹം മലയാളികൾക്കു പൊതുവേയും തീയ്യർക്കു പ്രത്യേകിച്ചും എന്നേക്കും അഭിമാനപൂർവം സ്മരിക്കത്തക്ക ഒരു മഹാബുദ്ധിമാനായിരുന്നു. ബുദ്ധിഗുണത്തേക്കാൾ ഒട്ടും കുറഞ്ഞതല്ലായിരുന്നു

Digitized By Kerala Sahitya Akademi

ഇദ്ദേഹത്തിന്റെ മനോഗുണവും. ഇതിനേക്കാൾ സൽസ്വഭാവിയായ ഒരാളെ ഞങ്ങൾ കണ്ടിട്ടില്ല. ഇദ്ദേഹത്തെ കോഴിക്കോട്ടുവച്ചു നടത്തപ്പെട്ട എസ്. എൻ. ഡി. പി. യോഗത്തിന്റെ പൊതുയോഗത്തിന് അദ്ധ്യക്ഷനായി ക്ഷണിക്കേണമെന്ന് പലർക്കും അഭിപ്രായമുണ്ടായിരുന്നു. ചില കാരണങ്ങളാൽ അതു സാധിച്ചില്ല. യോഗത്തിൽ അദ്ദേഹം ഹാജരാകയും അംഗമായി ചേരുകയും ചെറുതാണെങ്കിലും കാര്യസാരവും മാധുര്യവുമുള്ള ഒരു മലയാള പ്രസംഗത്തോടുകൂടി ഒരു നിശ്ചയം പ്രസ്താവിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മലയാളം എത്ര നന്നായിരുന്നു! മലയാള കൃതികൾ വായിച്ചുരസിക്കുന്നതിലും അദ്ദേഹത്തിനു നല്ല താൽപര്യമുണ്ടായിരുന്നു എന്നാണ് ഞങ്ങൾ അറിയുന്നതു്. യോഗം പിരിഞ്ഞു യാത്ര പറയുന്ന സന്ദർഭത്തിൽ "അടുത്ത പൊതുയോഗത്തിന്റെ അദ്ധ്യക്ഷനായി നിങ്ങളെ ഇപ്പോഴേ കരുതിയിരിക്കയാണെ'ന്നു ഞങ്ങൾ ജനക്കൂട്ടത്തിൽവച്ചു സൗഹാർദ്ദപൂർവം അദ്ദേഹത്തിന്റെ ചെവിയിൽ പറഞ്ഞപ്പോൾ "നിങ്ങളുടെ ഇഷ്ടംപോലെ ചെയ്വാൻ ഞാൻ ഒരുക്കമാണെന്നു സ്വാഭാവികമായ ക്ലേശത്തോടുകൂടി പറഞ്ഞ മറുപടിയും ആ വാഗ്ദാനം യഥാർത്ഥമാണെന്നു് ഉറപ്പുതരുമാറ് മുഖത്തിൽ കളിയാടിക്കൊണ്ടിരുന്ന പുഞ്ചിരിയും ഞങ്ങൾക്ക് ഒരിക്കലും മറന്നുകൂടുന്നതല്ല.

ആ യോഗ്യപുരുഷൻ തന്റെ 37-ാമത്തെ വയസ്സിൽ ഈ കഴിഞ്ഞ നവംബർ 20-ാംതീയതി കണ്ണൂർ സ്വഭവനത്തിൽവച്ചു് ഉദരരോഗത്താൽ ചരമഗതിയെ പ്രാപിച്ചിരിക്കുന്നു എന്നു് അദ്ദേഹത്തിന്റെ ഇവിടത്തുകാരനായ ഒരു ശിഷ്യൻ ഞങ്ങൾക്ക് എഴുതിയിരുന്ന കത്തു കണ്ടിട്ടു് വിശ്വസിക്കാൻ തോന്നിയില്ല. കഷ്ടം, മനുഷ്യന്റെ നിസ്സാരത!

ഇദ്ദേഹത്തെപ്പറ്റി മൂർക്കോത്തുകുമാരൻ എഴുതിയ ഒരു ലേഖനം ഞങ്ങൾ മറ്റൊരുദിക്കിൽ ചേർത്തിട്ടുള്ളതിൽനിന്നും വായനക്കാർക്കു കൂടുതൽ വിവരം അറിയാം. ഇദ്ദേഹത്തിന്റെ ഒരു സ്മാരകം സ്ഥാപിക്കാനായി മദ്രാസിൽ മൂളിയിൽ കൃഷ്ണൻ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 6-ാംതീയതി ഒരു യോഗം കൂടിയിരുന്നു. പണംപിരിക്കുന്നതിനും സ്മാരകത്തിന്റെ രൂപം എന്തായിരിക്കണമെന്നു തീർച്ചയാക്കുന്നതിനുമായി ഒരു കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നു. ഈ കമ്മിറ്റിയിൽ മൂളിയിൽ കൃഷ്ണൻ അവർകളെത്തന്നെ പ്രസിഡൻറും ഖജാൻജിയുമായും തിരഞ്ഞെടുത്തിരിക്കുന്നു. സെക്രട്ടറിമാർ ശ്രീമാൻമാർ കെ. ടി. ചന്തുനമ്പ്യാർ അവർകൾ, കെ. ശങ്കരമേനോൻ അവർകൾ ഇവരാണ്. ഈ ഉചിതമായ ആരംഭത്തെ ഞങ്ങൾ ഹൃദയപൂർവം അഭിനന്ദിക്കുകയും ഇതിന്റെ നിർവഹണത്തിൽ കഴിയുന്ന സഹായം ചെയ്വാൻ എല്ലായോഗ്യൻമാരോടും ഞാപാർശ ചെയ്കയും ചെയ്യുന്നു.

കണ്ണൻ അവർകളുടെ കുടുംബം ധനപുഷ്ടിയുള്ളതല്ല. അദ്ദേഹത്തിന്റെ സംബന്ധികളിലും ധനവാൻമാർ ചുരുങ്ങും. അദ്ദേഹ

Digitized By Kerala Sahitya Akademi

ത്തിന് ഉദ്യോഗമായിട്ട് പത്തുപന്ത്രണ്ടു കൊല്ലമേ ആവൂ. അതിൽ നിന്നതന്നെ വളരെ പണം സമ്പാദിപ്പാൻ ഇടയായിട്ടില്ല. അദ്ദേഹത്തിന്റെ അകാലവിയോഗത്താൽ കഷ്ടപ്പെടുകയും പരിതപിക്കയും ചെയ്യുന്ന ഭാര്യയുടേയും പ്രായമാകാത്ത കുട്ടികളുടേയും മേൽ ഉദാരബുദ്ധികളായ ധനവാന്മാരുടെ ദയാദൃഷ്ടി പതിഞ്ഞെങ്കിൽ നന്നായിരുന്നു. മരിക്കുന്നതിന് അല്പംമുമ്പ് "എന്റെ മകനെ ബിലാത്തിക്കയച്ച് വിദ്യാഭ്യാസം ചെയ്യിപ്പാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ഇനി അതു സാദ്ധ്യമാകില്ല" എന്ന് അദ്ദേഹം വ്യസനപൂർവം പറഞ്ഞുവത്രേ. അദ്ദേഹത്തോട് വാസ്തവമായ സ്നേഹമുള്ളവരൊക്കെ അദ്ദേഹത്തിന്റെ ഈ ഒടുവിലത്തെ ആഗ്രഹം സാധിക്കുന്നതിന് ദൃഷ്ടിവയ്ക്കുന്നതിനേക്കാൾ നല്ലതായ ഒരു കൃത്യം അദ്ദേഹത്തിനുവേണ്ടി ചെയ്യേണ്ടതില്ല. ആശ്ചര്യകരമായ ബുദ്ധിശക്തിയും അനുകരണീയമായ സ്വഭാവഗുണവുമുള്ള ഈ മാന്യപുരുഷനെ സംബന്ധിച്ചു കിട്ടുന്നിടത്തോളം വിവരങ്ങൾ സമ്പാദിച്ച് ഒരു സംക്ഷിപ്തമായ ജീവചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തിയാൽ സമുദായത്തിന് അതു പല പ്രകാരത്തിൽ ഗുണപ്രദമായ ഒന്നായിരിക്കും. ഇതിനു മൂർക്കോത്തുകുമാരൻ അവർകളോ, സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകളോ, രണ്ടുപേരുംകൂടിയോ, മറ്റുവല്ല യോഗ്യൻമാരോ ഉടനെ ശ്രമിക്കേണ്ടതാണെന്ന് ഞങ്ങൾ താല്പര്യപ്പെടുന്നു. അച്ചടിക്കുവേണ്ട പണം നമ്മുടെ യോഗങ്ങളിൽ നിന്നോ സമുദായാഭിമാനികളിൽ ചിലരിൽ നിന്നുമോ കിട്ടാവുന്നതായിരിക്കും.

വിവേ: 1089 തുലാം, വൃശ്ചികം

കേരളവർമ്മ വലിയകോയിത്തമ്പുരാൻ

"നിരവാൽ സഹസൈവ കേരള—
ക്ഷിതിദീപോഹതദൈവഫൂൽകൃത:"

മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് നാടുനീങ്ങിയ ദുഃഖവർത്തമാനം വായനക്കാർ ഇപ്പോൾത്തന്നെ അറിഞ്ഞു വ്യസനാകുലരായിരിക്കയാണെന്നു ഞങ്ങൾക്ക് അറിയാം. ആ മഹാനുഭാവനായ തിരുമേനിയുടെ അപ്രതീക്ഷിതമായ ദേഹവിയോഗത്തെ ഓർത്തു കണ്ണീർവാർക്കുന്ന ജനങ്ങളുടെ കൂട്ടത്തിൽ ഞങ്ങളും മുന്നണിയിലാകയാൽ അതിനെപ്പറ്റി ഒരു വാക്കെങ്കിലും പറയേണ്ടതു ഞങ്ങളുടെ ഏറ്റവും വ്യസനകരമായ കർത്തവ്യങ്ങളിൽ ഒന്നാകുന്നു. തിരുമേനി ഈ കന്നി 6-ാം തീയതി പകൽ 10 മണിക്ക് 70-ാമത്തെ തിരുവയസ്സിൽ അവിടത്തെ പ്രിയതമ, നാടുനീങ്ങിയ ആറ്റിങ്ങൽ മുത്തമ്പുരാൻ തിരുമനസ്സിലെ ജന്മഭൂമിയായ മാവേലിക്കര കൊട്ടാരത്തിൽവച്ച് ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു.

Digitized By Kerala Sahitya Akademi

മലയാളികൾ എല്ലാം ഒന്നുപോലെ ജാതിമതഭേദം കൂടാതെ ഇത്ര നിഷ്പക്ഷപടമായി സ്നേഹിക്കയും ബഹുമാനിക്കയും ഇത്ര കൃതജ്ഞതയോടുകൂടി സ്മരിക്കയും ചെയ്യുന്നതായി കേരളത്തിൽ മറെറാരു മഹാപുരുഷൻ ഉണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. പാണ്ഡിത്യം, കവിത്വം, സൗജന്യം, ഔദാര്യം, കുലം, ശീലം, ഐശ്വര്യം ഇവയുടെയെല്ലാം ഉൽകൃഷ്ടനിലയ്ക്ക് ഇതുപോലെയുള്ള ഒരു സമ്മേളനം നമുക്ക് ഇനി എന്ന് കാണ്മാൻ കഴിയും? കേരളമേ, നിന്റെ മഹാപ്രദീപം അസ്തമിച്ചു. നീ അന്ധകാരത്തിലായി.

*　　*　　*　　*

തിരുമനസ്സിലേക്കുണ്ടായ ആലസ്യത്തിന്റെ കാരണത്തെയും മറും പറഞ്ഞു അവിടത്തെ 'ശിഷ്യാഗ്രഗണ്യനും പ്രിയഭാഗിനേയനു'മായ മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (എം. എ.) തിരുമനസ്സുകൊണ്ടു ഞങ്ങളുടെ അനുതാപകമ്പനിക്കു ദയ ചെയ്തു അയച്ചുതന്ന മറുപടിയിൽ വിവരിച്ചിട്ടുള്ളതിനെ മറെറാരു ദിക്കിൽ പകർത്തീട്ടുണ്ടു്. പതിവുപോലെ തിരുമനസ്സുകൊണ്ടു വൈക്കത്തപ്പനെ തൊഴാൻ എഴുന്നള്ളി തിരുനാൾ ദിവസം തിരുവനന്തപുരത്തു് എത്തേണ്ടതിനായി കരേ ബദ്ധപ്പെട്ടു് അരിപ്പാട്ടവഴി മടങ്ങിവരുമ്പോൾ കായംകുളത്തിനുസമീപംവച്ചു് മോട്ടോർവണ്ടി മറികയാൽ ഉണ്ടായ സാമ്പ്രമായ അപകടമാണു് തിരുമേനിയുടെ വിലയേറിയ ജീവിതത്തെ കേരളീയരുടെ ഭാഗ്യദോഷത്താൽ അപഹരിച്ചുകളഞ്ഞതു്. ഒന്നോർത്താൽ ഈ മഹാപുരുഷന്റെ ജീവചരിത്രം കവിതായോഗ്യമായ പല അസാധാരണ സംഭവങ്ങളാൽ നിറഞ്ഞതാകുന്നു. അങ്ങിനെയുള്ള ഒരു നായകന്റെ പരിണാമദശയും ഈമാതിരി ഏതെങ്കിലും ഒരു അപൂർവസംഭവത്താൽ ആയിരിക്കുന്നതു് വിധിയുടെ വിപരീതാനുഗ്രഹമായേ വിചാരിപ്പാൻ തരമുള്ളു. അതുകൊണ്ടു് ഇപ്പോൾ യശഃശരീരനായിത്തീർന്നിരിക്കുന്ന അവിടത്തെ ആത്മാവിന്റെ ശ്രേയസ്സിനായി ഞങ്ങൾ ജഗദീശ്വരനെ പ്രാർത്ഥിക്കുകയും അവിടത്തെ കുടുംബത്തിനുണ്ടായ ഈ മഹാദുഃഖത്തിൽ ഹൃദയപൂർവം പങ്കുകൊള്ളുകയും ചെയ്യുന്നു.

വിവേ: 1090 കന്നി'

ഗോപാലകൃഷ്ണഗോഖലേ

പ്രസിദ്ധ രാജ്യതന്ത്രജ്ഞനും ദേശാഭിമാനിയുമായ ശ്രീമാൻ ഗോപാലകൃഷ്ണഗോഖലേ അവർകൾ പൂനായിൽ സ്വഭവനത്തിൽവച്ചു് കഴിഞ്ഞ ഫെബ്രുവരി 19-ാം തീയതി പ്രമേഹരോഗത്താൽ കാലധർമ്മം പ്രാപിച്ചു എന്നുള്ള ദുഃഖവർത്തമാനം ഇന്നു് ഇന്ത്യയെ മാത്രമല്ല ബ്രിട്ടീഷു് സാമ്രാജ്യത്തെ മുഴുവൻ വ്യസനിപ്പിച്ചുകൊണ്ടിരിക്കയാകുന്നു. അസാധാരണ ബുദ്ധിശക്തിയും കാര്യബോധവും അസാധാരണമായ മനോഹ്രണവുംകൊണ്ടു് മഹാത്മാവായ ഗോഖലേ അവർകൾ ഇന്ത്യയിലെ നാനാവർഗ്ഗക്കാരായ പ്രജകളുടേയും ഭരണകർത്താക്ക

Digitized By Kerala Sahitya Akademi

ന്നാടേതുയും ബഹുമാനത്തിനും സ്നേഹത്തിനും വിശ്വാസത്തിനും ഒരു പോലെ പാത്രമായി ഭവിച്ചിരുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഇന്ത്യൻ പ്രജകളുടെ പൗരാവകാശസംബന്ധമായും ഇന്ത്യയിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചും മറ്റും അദ്ദേഹം പ്രത്യക്ഷമായും പരോക്ഷമായും ചെയ്തിട്ടുള്ള യത്നങ്ങൾ എന്തെല്ലാമാണെന്നു ഖണ്ഡിച്ചുപറവാൻ പ്രയാസം. ചുരുക്കത്തിൽ കർസൺ പ്രഭുവിന്റെ വൈസറായി സ്ഥാനത്തിനുശേഷം ഉണ്ടായ വിപ്ലവങ്ങളിൽ നിന്നു ഇൻഡ്യക്കു പിൽക്കാലത്തുണ്ടായിട്ടുള്ള ഗുണകരങ്ങളായ മാറ്റങ്ങൾ എല്ലാം മിക്കവാറും ഗോഖലേ അവർകളുടെ പ്രയത്നഫലത്തോടു ഏറെക്കുറെ സംബന്ധിച്ചവയാണെന്നു പറഞ്ഞാൽ പക്ഷാന്തരമുണ്ടാകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇതുകൊണ്ടു അദ്ദേഹത്തിന്റെ ശക്തിയും മാഹാത്മ്യവും ഊഹിച്ചുകൊള്ളാം. മിസ്റ്റർ ഗോഖലേ നിസ്സംശയമായും രാജ്യഭരണസംബന്ധമായ ഇന്ത്യൻ അഭിപ്രായങ്ങളുടെ ശക്തിമത്തും സർവസമ്മതവുമായ കേന്ദ്രം ആയിരുന്നു. ഇന്ത്യയുടെ ആശംസ മുഖ്യമായും അദ്ദേഹത്തിന്റെ ജീവിതത്തിൽ സ്ഥിതി ചെയ്തിരുന്നു. അതിവിദഗ്ധന്മാരായ ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാർകൂടി അദ്ദേഹത്തിന്റെ യോഗ്യതകളെ തലകുലുക്കി സമ്മതിക്കുകയും അഭിപ്രായങ്ങളെ അത്യന്തം വിലവച്ചു പ്രവർത്തിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അകാലവിയോഗം കൊണ്ടു ഇന്ത്യയ്ക്കു നേരിട്ട നഷ്ടം അടുത്ത ഭാവിയിൽ പരിഹരിക്കപ്പെടുന്നതല്ല. അദ്ദേഹത്തിനു 48 വയസ്സു പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹം കോൽഹാപൂരിലുള്ള ഒരു ദരിദ്ര ബ്രാഹ്മണ കുടുംബത്തിലാണു ജനിച്ചതു്. 18 വയസ്സിൽ ബി. എ. പാസ്സായി. അതിനുശേഷം പൂനായിലെ പ്രസിദ്ധപ്പെട്ട ഫർഗുസൻ കോളേജിൽ 20 കൊല്ലം ഒരു ചെറിയ ശമ്പളത്തിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചു് അതിൽപ്പെട്ടു് കാലം കഴിച്ചിരുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സു് മുതലായ സംഘങ്ങൾ മൂലമായും മറ്റു പ്രകാരത്തിലും ഇതിനിടയിൽതന്നെ അദ്ദേഹം രാജ്യകാര്യസംബന്ധമായ ശ്രമങ്ങളിൽ പേരെടുത്തിരുന്നു. അതിനുശേഷം ബോംബെ സംസ്ഥാന നിയമ നിർമ്മാണസഭയിൽ ഒരു അനുദ്യോഗസ്ഥ സാമാജികനായും ഒടുവിൽ സാമ്രാജ്യ നിയമ നിർമ്മാണ സഭയിൽ ഒരു സാമാജികനായും ഇരുന്നു.ഇദ്ദേഹം ഗവണ്മെന്റിനെ അസാമന്യമായി സഹായിക്കുകയും അനവധി നന്മകൾ നാട്ടിനു വരുത്തിക്കൂട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്വന്തകുടുംബത്തിന്റെ സ്ഥിതിയെ നന്നാക്കാൻ അദ്ദേഹം യാതൊന്നും യത്നിച്ചില്ല. അതിനെപ്പറ്റി മരണപര്യന്തം അദ്ദേഹം ചിന്തിച്ചുമില്ല. വാസ്തവത്തിൽ മഹാമനസ്കനായ അദ്ദേഹത്തിനു മുഴുവൻ ഇൻഡ്യാരാജ്യം തന്നെ കുടുംബവും അതിലെ നാനാവർഗ്ഗക്കാരായ പ്രജകൾ തന്നെ സ്വന്ത ബന്ധുക്കളുമായിരുന്നു.

Digitized By Kerala Sahitya Akademi

"അയം നിജഃ പരോവേതി ഗണനാ ലഘുചേതസാം
ഉദാരചരിതാനാം തു വസുധൈവ കുടുംബകം"

ഈ സൂക്തിക്ക് അദ്ദേഹം ഒരു ദുർല്ലഭദൃഷ്ടാന്തമായിരുന്നു. ഇപ്പോൾ ബ്രഹ്മസായൂജ്യം പ്രാപിച്ചിരിക്കുന്ന ഗ്ര രാജ്യകാര്യയോഗിയുടെ പരിശുദ്ധവും വിശാലവുമായ ആത്മാവിനെ അനുസ്മരിച്ചാൽ അത് നമ്മുടെ മനോവാക്കർമ്മങ്ങൾക്ക് അസാധാരണമായ ശുദ്ധിയും ശക്തിയും വ്യാപ്തിയും നൽകുന്നതായിരിക്കും.

വിവേ: 1090 കുംഭം, മീനം

റാവു ബഹദൂർ ഒയിറ്റി കൃഷ്ണൻ അവർകൾ

ബി. എ. ബി. എൽ.

"ധിഗിമാം ദേഹഭൃതാമസാരതാം!" എത്ര നിസ്സാരമായിരിക്കുന്ന മനുഷ്യജീവിതം! എത്ര നിരാലംബമായിരിക്കുന്ന നമ്മുടെ പ്രത്യാശകൾ! നാം ഭാവിയെപ്പറ്റി എത്ര കാര്യമായി ചിന്തിക്കുന്നു! എന്തെല്ലാം വിചാരിച്ചു് ഉറപ്പിച്ചുവയ്ക്കുന്നു! നാം ആകാശം മുട്ടെ കെട്ടിയുയർത്തുന്ന ഈ മനോരാജ്യ ഗോപുരങ്ങൾ ഒരു കാറ്റിന്റെ തിരിച്ചിലിൽ എത്ര എളുപ്പത്തിൽ താഴത്തുവീണു തകർന്നു പോകുന്നു! അരോഗദൃഢഗാത്രനായി സമുദ്രംപോലെ ഗംഭീരനും പർവതംപോലെ ധീരോന്നതനുമായിരുന്ന നമ്മുടെ റാവു ബഹദൂർ ഒയിറ്റി കൃഷ്ണൻ അവർകൾ ബി. എ. ബി. എൽ. ഈ കന്നി 3-ാം തീയതി രാത്രിയോടുകൂടി പെട്ടെന്ന് ലോകരംഗത്തുനിന്നും മറഞ്ഞുപോയിരിക്കുന്നു. ഈ ശ്രവണാരുന്തുദമായ വർത്തമാനം ഞങ്ങളെ എത്രമാത്രം ആധിപാരാധീനരാക്കിത്തീർത്തു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം! ഹാ! ജീവിതമേ, നീ 'നളിനീദലഗത ജലലവതരളം' തന്നെ, തർക്കമില്ല. അനേകമാളുകളുടെ പല പ്രകാരത്തിലുള്ള ആശകൾക്ക് ലക്ഷ്യമായിരിക്കുന്ന ഒരു മഹാ മനുഷ്യൻകൂടി ഈ സംസാരസമുദ്രത്തിൽ ഒരു സാധാരണ നീർപ്പോളയത്രേ. വെള്ളിക്കുമിളപോലെ പ്രശോഭിച്ചു നിൽക്കുന്ന ആ നീർപ്പോള പെട്ടെന്ന് നമ്മുടെ മുമ്പിൽതന്നെ ഉടഞ്ഞുലയിച്ചു നാമാവശേഷമായിപ്പോകുന്നു. പുരുഷലക്ഷണം മൂർത്തീഭവിച്ച ഒയിറ്റി അവർകളുടെ ഗംഭീര വിഗ്രഹം നമുക്കിനി കാൺമാൻ കഴികയില്ലല്ലോ, കഷ്ടം. "A chill, a fish bone or a falling tile and life was over and the man is dead."

കഴിഞ്ഞ ജൂൺ ആദ്യം ഒയിറ്റി കൃഷ്ണൻ അവർകൾ കാര്യവശാൽ ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന് റാവുബഹദൂർ സ്ഥാനം ലഭിച്ചതായി വിവരം അറിഞ്ഞത് ആ അവസരത്തിലും ഞങ്ങളുടെ മുമ്പിൽ വച്ചുമായിരുന്നു. ഞങ്ങൾ സന്തോഷാതിശയത്തോടുകൂടി ഈ

Digitized By Kerala Sahitya Akademi

സ്ഥാനലാഭത്തിൽ ഞങ്ങൾക്ക് ഒന്നാമതായും മുഖദാവിലും അഭിനന്ദനം ചെയ്വാൻ ലഭിച്ച ഭാഗ്യത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉദാരമനോഹരമായ മുഖത്തു സ്ഫുരിച്ച സസ്നേഹമായ മന്ദഹാസത്തെ ഞങ്ങൾ ഇപ്പോഴും ഓർക്കുന്നു. കോഴിക്കോട്ടേക്കു മടങ്ങിയാൽ ഉടനെ ചെയർമാന്റെ തിരഞ്ഞെടുപ്പു ബഹളമായിരിക്കുമെന്നും കഴിഞ്ഞ അവസരങ്ങളെ ഒക്കെക്കാൾ വാശിയും വഴക്കും അധികമുള്ള ഈ തിരഞ്ഞെടുപ്പിലും തനിക്കു വിജയം സിദ്ധിക്കുന്നതാണെന്നും ഞങ്ങളോട് അദ്ദേഹം ഉറപ്പു പറഞ്ഞിരുന്നു. ഇത് അദ്ദേഹത്തിനുള്ള അസാധാരണ ജനരഞ്ജനയെയും അദ്ദേഹത്തിന്റെ ആത്മവിശ്വാസത്തെയും വിളിച്ചു പറയുന്ന ഒരു സംഗതിയാണ്. തിരഞ്ഞെടുപ്പു സമരം പ്രതീക്ഷിച്ചപോലെ തന്നെ വളരെ വാശിയുള്ളതായിരുന്നു. അദ്ദേഹം ഏറ്റവും സ്തുത്യർഹമായ വിധത്തിൽ വിജയിയാകയും ചെയ്തു. കഷ്ടം! ആ വിജയത്തെപ്പറ്റിയ അഭിനന്ദന കോലാഹലത്തിന്റെ മധ്യത്തിൽ തന്നെയാണ് അദ്ദേഹത്തിന്റെ ദേഹവിയോഗത്തെ സംബന്ധിച്ച മുറവിളിയും പുറപ്പെടാൻ പോകുന്നതെന്ന് ആരെങ്കിലും വിചാരിച്ചിരുന്നോ? ...ഒന്നു വിചാരിച്ചാൽ വിജയ മധ്യത്തിലുള്ള ഈ മാതിരി മരണം മഹാപുരുഷന്മാർക്ക് ഏറ്റവും ദുർലഭവും ആശാസ്യവുമായ ഒന്നാണ്, സംശയമില്ല. അതുകൊണ്ട് അവരുടെ ദീർഘജീവിതത്തിൽ നിന്ന് അനവധി ഗുണങ്ങളെ പ്രതീക്ഷിച്ചിരിക്കുന്ന മറ്റുള്ളവരെപ്പറ്റിയാണ് വാസ്തവത്തിൽ അധികം വ്യസനിക്കേണ്ടത്. നമ്മുടെ സമുദായം മുഴുവൻ കൃഷ്ണൻ അവർകളെ സംബന്ധിച്ചു വലിയ ആശാബന്ധത്തോടും അഭിമാനത്തോടും കൂടി ഇരിക്കയായിരുന്നു, എന്തുചെയ്യാം! "യച്ചിന്തിതം തദിഹ ദൂരതരം പ്രയാതി യച്ചേരസാ ന ഗണിതം തദിഹാഭ്യുപൈതി!!"

ഒരു ക്രിമിനൽ വക്കീലിന്റെ നിലയിൽ അദ്ദേഹത്തിനുള്ള പ്രശസ്തി അനന്യാദൃശമായിരുന്നു. മരിക്കുന്ന ദിവസം തന്നെ ചാവക്കാട്ട് ഒരു പ്രമാദമായ കേസിൽ അദ്ദേഹം നല്ലവണ്ണം വാദിച്ചു മടങ്ങുകയായിരുന്നു. കോഴിക്കോട്ടു മുനിസിപ്പാലിറ്റിയിൽ അദ്ദേഹത്തെ കഴിഞ്ഞ നാലുതവണയായി തുടർന്നുകൊണ്ടു ചെയർമാനായിതിരഞ്ഞെടുത്തിരുന്നു. അദ്ദേഹത്തിന്റെ മുനിസിപ്പൽ ഭരണം ഗവർമ്മെൻറിനും ജനങ്ങൾക്കും ഒന്നുപോലെ തൃപ്തികരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. സമുദായ സംബന്ധമായ കാര്യങ്ങളിൽ അദ്ദേഹം തലയിട്ട് എന്തെങ്കിലും പ്രവർത്തിപ്പാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. എങ്കിലും പ്രസ്താവയോഗ്യമായ പല സംഗതികളും അദ്ദേഹം ഈ അല്പകാലത്തിനുള്ളിൽ ചെയ്തിട്ടുണ്ട്. 1909-ൽ എറണാകുളത്തുവച്ചുനടന്ന എസ്. എൻ. ഡി. പി. യോഗത്തിന്റെ 6-ാമത്തെ വാർഷിക യോഗത്തിൽ അദ്ദേഹം അധ്യാസനം വഹിക്കയും സമുദായത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട പല സാരമായ സംഗതികളെ പ്രസംഗമുഖേന ഉപദേശിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

1913–ൽ കോഴിക്കോട്ടവച്ചു നടത്തിയ എസ്. എൻ. ഡി. പി യോഗത്തിന്റെ 10-ാമതു വാർഷിക യോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡണ്ടിന്റെ നിലയിൽ അദ്ദേഹം യോഗത്തിന്റെ വിജയപൂർവമായ നടത്തിപ്പിനായി വളരെയെല്ലാം ശ്രമിക്കുകയും അപ്രകാരം സാധിക്കുകയും ചെയ്തു. തീയരുടെ വകയായി കണ്ണൂർ പണി ചെയ്തുവരുന്ന ക്ഷേത്രം സംബന്ധിച്ച കമ്മറ്റിയിൽ ആദ്യം മുതല്ക്കേ അദ്ദേഹം പ്രസിഡണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം ആ ഏർപ്പാടിന്റെ നിർവാഹത്തിനു വലുതായ പ്രതിബന്ധമായിരിക്കുമെന്നുള്ളത് നിസ്സംശയമാണ്; എങ്കിലും, മറ്റുള്ള മാന്യന്മാർ ധൈര്യസമേതം മുമ്പിട്ടുനിന്ന് ഉത്സാഹിച്ച് ഇനിയും കാലതാമസമെന്നിയേ ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം നടത്തിച്ചുമേലാൽ വേണ്ട സംഗതികൾക്കെല്ലാം വ്യവസ്ഥ ചെയ്യുമെന്നു വിശ്വസിക്കുന്നു. മിസ്റ്റർ കൃഷ്ണൻ പ്രസിദ്ധനായ ഒയിറ്റി രാമൻ (തഹസിൽദാർ) അവർകളുടെ മകനും മൂളിയിൽ കൃഷ്ണൻ (ബി. എ ബി. എൽ.) അവർകളുടെ മരുമകനുമാണ്. മിസ്റ്റർ മൂളിയിൽ കൃഷ്ണന്റെ മകളെയാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നത്. അദ്ദേഹത്തിനു സന്താനങ്ങളായി അഞ്ചു പെൺകുട്ടികളും ഒരു ആൺകുട്ടിയും മാത്രമാണുള്ളത്. ആൺകുട്ടിക്ക് ഇനിയും അഞ്ചു വയസ്സു തികഞ്ഞിട്ടില്ല. ഈ കുടുംബത്തിന്റെയും ഈ വലിയ സമുദായത്തിന്റെയും അഗാധമായ വ്യസനത്തെ അശേഷം ഗണിക്കാതെയാണ് ഭഗവാൻ സമവർത്തി മിസ്റ്റർ കൃഷ്ണനെ ഇവിടെ നിന്ന് തന്റെ സന്നിധിയിലേയ്ക്കു വിളിച്ചിരിക്കുന്നത്. ഹാ ഈശ്വരാ— "അസതോ മാ സദ്ഗമയ: തമസോമാ ജ്യോതിർഗമയ; മൃത്യോ മാ അമൃതം ഗമയ."

വിവേ. 1091 കന്നി

സി. കൃഷ്ണപിള്ള

ശ്രീമാൻ സി. കൃഷ്ണപിള്ള അവർകളുടെ പേരുകേട്ടിട്ടില്ലാത്തവർ കേരളത്തിൽ ചുരുങ്ങും. കേരളീയ നായർ സമുദായത്തിന്റെ പ്രഥമ പ്രവർത്തകനും സ്ഥാപകനും നായൻമാരുടെ ഇടയിൽ ഇപ്പോൾ നടപ്പായിവരുന്ന ഗുണകരങ്ങളായ പല സമുദായ പരിഷ്കാരങ്ങൾക്കും മൂലഭൂതനുമായ ആ മഹാൻ 65-ാമത്തെ വയസ്സിൽ ഇവിടെ മരുതൻകുഴിയിലുള്ള സ്വന്തം വസതിയിൽ വച്ച് ജൂലൈ 8-ാം തീയതി കാലധർമ്മം പ്രാപിച്ചിരിക്കുന്നു. ചങ്ങനാശ്ശേരിയിൽ വച്ചു ഈയിടെ നടന്ന നായർസമാജ മഹായോഗത്തെ തുടർന്നുകൊണ്ട് സമാജസംബന്ധമായ പല വിലയേറിയ പ്രവൃത്തികളും വടക്കൻ താലൂക്കുകളിൽ അത്യുൽസാഹത്തോടുകൂടി ചെയ്തുകൊണ്ടും സഞ്ചരിച്ചിരുന്ന അദ്ദേഹത്തിന്റെ ചരമത്തെ സംബന്ധിച്ചു പെട്ടെന്നുണ്ടായ കേൾവി കേവലം അപ്രതീക്ഷിതവും അത്യന്തം വ്യസനകരവുമായിരിക്കുന്നു.

Digitized By Kerala Sahitya Akademi

സമുദായ പരിഷ്കരണവിഷയമായി ഇത്ര പ്രശസ്തവും ഫലവത്തുമായ രീതിയിൽ ഇങ്ങനെ മരണപര്യന്തം പരിശ്രമിച്ച മറ്റൊരു മഹാൻ കേരളത്തിലുണ്ടായിട്ടില്ലെന്നുള്ളതു നിർവിവാദമാണു്. അദ്ദേഹം തന്റെ ജീവിതം മിക്കവാറും നായർ സമുദായത്തിന്റെ ഗുണത്തിനായി യത്നിച്ചാണു ചിലവാക്കീട്ടുള്ളതെങ്കിലും ആ യത്നങ്ങളുടെ പരോക്ഷഫലം കേരളത്തിലുള്ള മറ്റു പല വർഗ്ഗക്കാർക്കും അനുഭവമായിട്ടുണ്ടെന്നു പറവാൻ ഞങ്ങൾ മടിക്കുന്നില്ല. ആ ധീരനായ സമുദായ പരിഷ്കാരി പോയി. അദ്ദേഹം ഉഴുതുവിതച്ച വിത്തുകൾ മുളച്ചു തുടങ്ങിട്ടേയുള്ളു, കളപറിച്ചു വളർത്തിയാൽ അവകാശികൾക്കു് അവ വിലയേറിയ ഫലങ്ങളെ നൽകുന്നതായിരിക്കും. ഈ മഹാന്റെ ദേഹവിയോഗം കേരളത്തിനു മുഴുവൻ അപരിഹാര്യമായ ഒരു നഷ്ടമാകുന്നു. ഈ വലിയ നഷ്ടത്തെപ്പറ്റി ഞങ്ങൾ നിർവ്യാജം അനുശോചിക്കയും അദ്ദേഹത്തിന്റെ ആത്മാവിനു ശാശ്വതമായ സമാധാനത്തെ ആശംസിക്കയും ചെയ്യുന്നു.

വിവേ: 1091 മിഥുനം

അരീക്കരെ ഏ. കെ. പുരുഷോത്തമൻ

യോഗത്തിന്റെ ഇപ്പോഴത്തെ ഡയറക്ടർമാരിൽ ഒരാളും, ഒരു നല്ല സമുദായ സ്നേഹിയും, മധ്യതിരുവിതാംകൂർ ഷഷ്ടിപൂർത്തിക്കമ്മിറ്റി വക പ്രവൃത്തികളിൽ അത്യധ്വാനം ചെയ്ത ഒരു പ്രമാണിയും, ധനികനും, യോഗ്യനും, ഒരു കവിയുമായ ചെങ്ങന്നൂർ അരീക്കരെ ഏ. കെ. പുരുഷോത്തമൻ അവർകൾ ഇക്കഴിഞ്ഞ തുലാം 30-ാംതീയതി തന്റെ 48-ാമത്തെ വയസ്സിൽ സന്നിപാതജ്വരത്താൽ പരലോകം പ്രാപിച്ചിരിക്കുന്ന വ്യസനവാർത്തയെ രേഖപ്പെടുത്തേണ്ടിവന്നതിൽ ഞങ്ങൾക്കു് അപരിമിതമായ സന്താപം തോന്നുന്നു. സമുദായകാര്യങ്ങളിലും വിശേഷിച്ചും യോഗം സംബന്ധിച്ച പ്രവൃത്തികളിലും ശ്രീമാൻ പുരുഷോത്തമൻ സവിശേഷമായ പരിപക്തികാണിച്ചു തുടങ്ങിയതു് അടുത്തകാലത്തു മാത്രമാകുന്നു. പല നല്ല കാര്യങ്ങളിലും മുൻനിന്നു പ്രവർത്തിച്ചു വിജയം നേടത്തക്ക ശേഷിയും ബുദ്ധിശക്തിയും പൗരുഷവും തികഞ്ഞ ഒരു പുരുഷന്റെ അപ്രാപ്തകാലമായ വിയോഗം സമുദായത്തിന്റെ ഭാഗ്യദോഷമാണെന്നു പറയുന്നതിൽ രണ്ടുപക്ഷമുണ്ടാകയില്ല. പുരുഷോത്തമൻ അവർകൾ ഒരു കവികൂടിയാണെന്നു് അനേകം പേർ അറിഞ്ഞിരിക്കയില്ല. അദ്ദേഹം സ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി ശ്രമം സംബന്ധിച്ചു സ്നേഹിതനായ കവി ശ്രീമാൻ എസ്. പത്മനാഭപ്പണിക്കർ അവർകൾക്കു് (31-1-1093 ൽ) എഴുതിയ ഗാനരൂപമായ ഒരു കത്തു ഞങ്ങൾ അടിയിൽ ചേർക്കുന്നതു വായനക്കാർക്കു കൗതുകകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

(ബാലികമാർ മാലികയാം എന്നമട്ട്)

ഷഷ്ടിപൂർത്തിസ്മാരകമായിട്ട് മൽപ്രിയസുഹൃത്തേ.
നട്ടഞങ്ങൾ രണ്ടുമാവിൻ തൈകളെ—അതു—
മൊട്ടമാവെന്നറികനല്ലോർകളേ!

വീട്ടിലന്നു ഭജനം കൈനീട്ടമായിത്തുടങ്ങിച്ചീ
നാട്ടിലുള്ള സാധുലോകർക്കാകവേ—സദ്യ
മിഷ്ടമായ് കൊടുത്തു ഞങ്ങൾ പ്രശീകവേ!

എന്നുമല്ലിവിടെയുള്ള മന്ദിരങ്ങളിൽ കവീന്ദ്ര
വൃന്ദരാട്ടേ! പിടിയരിയെന്നതും—ഞങ്ങ—
ളന്നനടപ്പാക്കി കഴിയുന്നതും.

പോട്ടതെല്ലാം വിസ്തരിച്ചിപ്പാട്ടിലാക്കിയറിയിക്കാൻ
കൂട്ടരേ! ഞെരുക്കമാണിയാഴ്ചയിൽ—ശേഷം—
മാട്ടറിയിച്ചിടാമാദ്യകാഴ്ചയിൽ

(അരീക്കരെ, എ. കെ. പുരുഷോത്തമൻ)

വിവേ: 1092 വൃശ്ചികം, ധനു

പരവൂർ വി. കേശവൻവൈദ്യർ

പരവൂർ വി. കേശവൻവൈദ്യർ അവർകളുടെ ദേഹവിയോഗമാണ് ഇനി അശ്രുധാരയോടുകൂടി ഞങ്ങൾ രേഖപ്പെടുത്തേണ്ടിവന്നിരിക്കുന്നത്. അദ്ദേഹത്തെ ആശാൻ എന്നാണ് ഞങ്ങൾ എല്ലാം വിളിച്ചുവരുന്നതു്. നാനാജാതിയിൽ അനേകം പണ്ഡിതശിഷ്യന്മാരുടെ ഗുരുഭൂതനും, മരണദിവസംവരെ അധ്യാപനവൃത്തി ആചരിച്ചുവന്ന പണ്ഡിതനുമായ അദ്ദേഹം ആശാൻ എന്ന ബഹുമാനപ്പേരിന് അസാധാരണമായ ചാരിതാർത്ഥ്യം നൽകീട്ടുള്ള ദേഹമാണ്. സംസ്കൃതഭാഷയിൽ അസാമാന്യമായ വ്യൽപ്പത്തിയും വൈദ്യജ്യോതിഷങ്ങളിൽ അനിതരസാധാരണമായ പാണ്ഡിത്യവും കൊണ്ടു് അദ്ദേഹം ഇദ്ദിക്കുകളിൽ ഏറ്റവും ശ്രുതിപ്പെട്ട ഒരു വിദ്വാനും, കവിയും, ഒരു അദ്വിതീയനായ ചികിത്സകനും പ്രാശ്നികനും ആയിരുന്നു. ഇതിനു പുറമേ സമുദായ പരിഷ്കരണ സംബന്ധമായി ഈഴവരുടെ ഇടയിൽ ഉണ്ടായ യത്നങ്ങളിൽ ആദ്യമേ തലയിട്ടു നേതൃത്വം വഹിച്ചിട്ടുള്ള മഹായോഗ്യൻമാരിൽ ആശാൻ അവർകൾ ഒരാളായിരുന്നു. ഈഴവരുടെ വകയായി തിരുവിതാംകൂറിൽ ആദ്യം ഒരു അച്ചുക്കൂടം സ്ഥാപിച്ചതും, ഒരു വർത്തമാനപ്പത്രം നടത്തിയതും ആശാൻഅവർകളായിരുന്നു. ഇങ്ങനെ ഒട്ടനേകം യഥാർത്ഥമായ അപദാനങ്ങൾക്ക് ആസ്പദമായ ആ മാന്യദേഹം ഞങ്ങളെഎല്ലാം ശോകസാഗരത്തിൽ തള്ളിക്കൊണ്ട്, കഴിഞ്ഞ ധനു 27-ാംതീയതി രാത്രി അന്തരിച്ചു പോയിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു ജീവചരിത്രവും ഛായാപടവും അടുത്തലക്കത്തിൽ

Digitized By Kerala Sahitya Akademi

ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ രണ്ടു മാന്യന്മാരുടേയും പരേതമായ ആത്മാക്കൾക്ക് പരമപദ പ്രാപ്തിയെ ആശംസിച്ചു കൊള്ളുന്നു.

വിവേ: 1092 വൃശ്ചികം, ധനു

എസ്. പത്മനാഭപ്പണിക്കർ, ബി. എ. ബി. എൽ.

വസന്ത ഗ്രീഷ്മങ്ങൾ രണ്ടും വളരെ സംഭവങ്ങളോടെ കഴിഞ്ഞുകൂടിയിരിക്കുന്നു. അവയിൽ നമ്മെ അധികം ബാധിക്കുന്നത് എസ്. എൻ. ഡി. പി. യോഗത്തിന്റെ 14-മത് വാർഷിക സമ്മേളനവും, ശ്രീമാൻ എസ്. പത്മനാഭപ്പണിക്കർ (ബി. എ. ബി. എൽ) അവർകളുടെ മരണവും, സമുദായത്തിന്റെ മതം മാറ്റം സംബന്ധിച്ച പ്രസ്താവങ്ങളും അതുപോലെയുള്ള മറ്റ് ചില സംഗതികളും മാത്രമാണ്. ഇവയിൽ മർമ്മസ്പൃക്കായ രണ്ടാമത്തെ സംഗതി കഴിഞ്ഞുകാലമധികമായിട്ടും ഞങ്ങളുടെ മനസ്സിൽ അതിനെ സംബന്ധിച്ചുള്ള വ്യസനത്തിന്റെ തീക്ഷ്ണത ശമിക്കുന്നില്ല. തിരുവല്ലാ സ്റ്റേഷനറി മജിസ്ട്രേട്ടായിരുന്ന പത്മനാഭപ്പണിക്കർ അവർകൾ ഈഴവസമുദായത്തിൽ ഉയർന്നതരം പരീക്ഷായോഗ്യതയുള്ള അപൂർവം യോഗ്യന്മാരിൽ ഒരാളും ഏറ്റവും കൃത്യനിഷ്ഠയുള്ള ഒരു ഉദ്യോഗസ്ഥനും, സൻമാർഗ്ഗനിഷ്ഠ, ഈശ്വരഭക്തി, സമസൃഷ്ടിസ്നേഹം മുതലായ ഉൽകൃഷ്ടഗുണങ്ങൾക്ക് വിളനിലവും ആയിരുന്നു. അദ്ദേഹം എസ്. എൻ. ഡി. പി. യോഗത്തിന്റെ തൽക്കാല പ്രധാന ഭാരവാഹികളിൽ ഒരാളും യോഗത്തിന്റെയും, സമുദായത്തിന്റെയും അഭിവൃദ്ധിയിൽ അന്യാദൃശമായ ഔത്സുക്യം പ്രദർശിപ്പിച്ചുകൊണ്ടിരുന്ന ഒരു സമുദായ സ്നേഹിയും ഗവണ്മെൻറിൽനിന്ന് നിയമിച്ചിരിക്കുന്ന ഈഴവ റെഗുലേഷൻ കമ്മിറ്റിയിലെ ഒരംഗവുമായിരുന്നു. ശ്രീമാൻ പണിക്കർ ഇതെഴുതുന്ന ആളിന്റെ അന്തരംഗ സുഹൃത്തുകളിൽ ഒരു പ്രധാന ദേഹമായിരുന്നു എന്നുള്ള വസ്തുതയും ഏറ്റവും വ്യസനപൂർവം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇദ്ദേഹം അസൂയാവിഷാന്ധമായ മനുഷ്യസർപ്പത്തിന്റെ നിഷ്ഠൂരദംശനത്താൽ ഇതാ തന്റെ 33-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ മേടം 14-ാം തീയതി ചരമഗതിയെ പ്രാപിച്ചിരിക്കുന്നു. ഹാ, ഗുണവാനായ സ്നേഹിതാ!

"എന്തിന്നലിഞ്ഞു ഗുണധോരണിവച്ചു നിൻമേ—
ലെന്തിന്നതാശു വിധിയേവമപാകരിച്ചു:
ചിന്തിപ്പതാരരിയ സൃഷ്ടിരഹസ്യ,മാവ—
തെന്തുള്ളു?—ഹാ, ഗുണികളൂഴിയിൽ നീണ്ടുവാഴാ"

അവാച്യമായ പ്രകൃതിയുടെ കാര്യകാരണ നിയമം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ പല അപ്രതീക്ഷിത സംഭവങ്ങൾ ഉണ്ടാകുന്നു.

Digitized By Kerala Sahitya Akademi

അവ ചിലപ്പോൾ ഗുണങ്ങളുടെ വേഷത്തിൽ രംഗപ്രവേശം ചെയ്ത ദോഷങ്ങളായും ദോഷങ്ങളുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട് ഗുണങ്ങളായും പരിണമിച്ചു എന്നവരാം. ഈഴവ സമുദായം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജാതി സങ്കടങ്ങൾക്ക് സമുദായ സ്നേഹിയായ പണിക്കരവർകളുടെ ധർമ്മശ്രമ സാധാരണമായ ആത്മബലി ഒരു പ്രകാരത്തിൽ കുറേ ശമനമുണ്ടാക്കാതിരിക്കില്ല. ഇത്ര വലിയ ഒരു ക്ഷോഭം കേവലം നിരർത്ഥകമായി സംഭവിച്ചതാണെന്നവരുമോ? ഒരിക്കലുമില്ല. മർമ്മഭേദകമായ ഈ സംഭവത്താൽ പണിക്കരവർകളുടെ വിധവയായ ഭാര്യയും സന്താനങ്ങളും സഹോദരങ്ങളും സുഹൃത്തുക്കളും വാരണപ്പള്ളി തറവാട്ടും, ഈഴവസമുദായം മുഴുവനും എന്നുവേണ്ട കേരളരാജ്യം പൊതുവിലും എത്ര കഠിനമായി വ്യസനിക്കുന്നുവോ അത്ര കഠിനമായി അവരെല്ലാം തിരുവല്ലാ പോലീസ് സബ് ഇൻസ്പെക്ടർ ആയിരുന്ന രാമസ്വാമി അയ്യരെ ശപിക്കുന്നുണ്ട്.

*　　*　　*

രാമസ്വാമിഅയ്യരുടെ അപനയങ്ങളേയും നടപടിപ്പിശകുകളേയും പററി മജിസ്ട്രേട്ട് പത്മനാഭപ്പണിക്കർ അവർകൾ ജഡ്ജിമെന്റിൽ റിമാർക്കുചെയ്യുകയും പോലീസ് കമ്മീഷണർ അവർകളുടെ അടുക്കൽ മുഖദാവിൽ പറയുകയും ചെയ്തുയാൽ കുപിതനായ അയാൾ പണിക്കരെ ഒളിവിലും വെളിവിലുമായി പല വിധത്തിൽ അപമാനിക്കയും പരിഹസിക്കയും, ഒടുവിൽ മീനം 28-ാം തീയതി രാത്രി അദ്ദേഹത്തിന്റെ ഭവനത്തിൽ ഏതാനും അനുചരന്മാരുമായി കള്ളംകൂടിച്ചു വേഷവും ഭാഷയും മറികടന്നുചെന്ന പുരുഷകല്പനയുകയും, കസാല മുതലായ സാമാനങ്ങൾ മോഷ്ടിച്ചുകൊണ്ടു പോകയും, വീട്ടിന്റെ മുമ്പിൽ നിന്ദാസൂചകമായി ചെത്തുപാള കെട്ടിത്തൂക്കുകയും മറ്റും ചെയ്തുവത്രേ. രാമസ്വാമി അയ്യർ ഒരു ബി. എ. ബി. എൽ. ആണെങ്കിലും, അയാൾക്ക് അധികാരശക്തിയും യോഗ്യതയുമുള്ള പല സ്നേഹിതന്മാരുമുണ്ടെങ്കിലും, വാസ്തവത്തിൽ അയാൾ തന്റെ വിദ്യാഭ്യാസത്തിനും ജാതിക്കും അധികാരത്തിനും കളങ്കം വരുത്തുന്ന പ്രവൃത്തികളും സ്വഭാവഗതിയുംകൊണ്ട് കുപ്രസിദ്ധി നേടീട്ടുള്ള ഒരാളാണ്. അങ്ങനെയുള്ള ഒരു സത്വം കുപിതമാകയും കള്ളുകുടിക്കയും മറ്റുംകൂടി ആയാൽ പിന്നെ എന്തായിരിക്കും ചെയ്യാത്തത്?

കപിരപി ച കാപിശായന—
മദമത്തോ വൃശ്ചികേന സന്ദഷ്ടഃ
അപി ച പിശാചഗ്രസ്തഃ
കിം ബ്രൂമോ വൈകൃതം തസ്യ

പത്മനാഭപ്പണിക്കർ രാമസ്വാമിഅയ്യർ ചെയ്ത അപകൃത്യങ്ങളെ കാണിച്ച് സർക്കിൾ ഇൻസ്പെക്ടർ, ഡിസ്ട്രിക്റ്റ് സൂപ്രണ്ട്,

Digitized By Kerala Sahitya Akademi

ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് ഇവർക്കൊക്കെ കമ്പികൊടുത്തിട്ട് യാ
തൊരു മറുപടിയും പരിഹാരവും കിട്ടാതെ അന്ധാളിച്ചു് മൂന്നാ
ലുദിവസം ഇരിക്കേണ്ടിവന്നു. പോലീസ് ഉദ്യോഗസ്ഥന്മാർ ശത്രു
ക്കളായിത്തീരുകയും പകമീളാനായി അവർ ഏതു് പൈശാചിക
കൃത്യവും ചെയ്യുമെന്നു് ബോദ്ധ്യമാകയും മേലധികാരികൾ മൗനം
ദീക്ഷിക്കുന്നതായി കാണുകയും ചെയ്തപ്പോൾ പൂർണ്ണഗർഭയായ ഭാ
ര്യയും ഒന്നരണ്ടു് ചെറിയ കുട്ടികളും മാത്രമായി അവിടെ താമസി
ച്ചിരുന്ന പണിക്കർക്കു് വ്യാകുലതയാൽ ഊണുമുറക്കവുമില്ലാതാക
യും അതിൽനിന്നു് ക്രമേണ ബുദ്ധിഭ്രമമുണ്ടാകയും ധാതുക്കൾ പെട്ടെ
ന്നക്ഷീണിച്ചു് അത് മരണത്തിൽ പര്യവസാനിക്കുകയും ചെയ്തു. സംഗ
തികളെ ഉള്ളപോലെ ഗവൺമെൻറിന്റെയും പൊതുജനങ്ങളുടെയും
ദൃഷ്ടിയിൽ കൊണ്ടുവരാൻ മലയാളമനോരമ ചെയ്ത സഹായം
വളരെ വിലയേറിയതാകുന്നു! പണിക്കർ മരിക്കുംമുമ്പുതന്നെ രാമസ്വാ
മി അയ്യരുടെ ഈ പൈശാചിക കൃത്യമറിഞ്ഞു് ക്ഷോഭിച്ചിരുന്ന പൊതു
ജനങ്ങളും പ്രത്യകിച്ചു് ഈഴവരും, അദ്ദേഹത്തിന്റെ മരണംകൂടി അറി
ഞ്ഞപ്പോൾ ഉണ്ടായ ഉഗ്രകോപതാപങ്ങളെ അടക്കാൻ അശക്തരായി
ത്തീർന്നു. നിയമവിരുദ്ധമായ യാതൊരു മാർഗത്തിലും ജനങ്ങൾ പ്രവേ
ശിക്കാതിരിപ്പാൻ ഈഴവസമുദായ പ്രമാണികൾ വേണ്ടമുൻകരുതലുകൾ
ചെയ്യേണ്ടിവന്നു. പല സ്ഥലങ്ങളിലും അവർ യോഗംകൂടി നിശ്ചയ
ങ്ങൾ പാസ്സാക്കി ഗവണ്മെൻറിനു് അയയ്ക്കുകയും തെളിവെടുത്തു് ഈ
മഹാപാപിയെ ശിക്ഷിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യാൻ പ്രാർ
ത്ഥിക്കുകയും ചെയ്തു. സകലജാതി മതസ്ഥന്മാരാലും നടത്തപ്പെടുന്ന
വർത്തമാനപത്രങ്ങൾ എല്ലാ ഏകസ്വരത്തിൽ പണിക്കരുടെ ചരമത്തെ
ഹൃദയപൂർവം അനുശോചിച്ചുകൊണ്ടു് കുറവാളികളെ കഠിനമായി
ആക്ഷേപിച്ചു.ഗവൺമെൻറിന്റെയും ഡിപ്പാർട്ടുമെൻറിന്റെയും ദൃഷ്ടി
കൾ ശീഘ്രത്തിൽ ആകർഷിക്കപ്പെട്ടു.രാമസ്വാമിഅയ്യരെ അറസ്റ്റു
ചെയ്തു. തെളിവുകൾ ശേഖരിച്ചു് കുറക്കാരെ എല്ലാം ഇപ്പോൾ
കൊല്ലം ഡിവിഷൻ I-ാം ക്ലാസ് മജിസ്ട്രേട്ട് മുമ്പാകെ ചാർജ്ജു
ചെയ്തിരിക്കുന്നു. വിശാലഹൃദയനായ ദിവാൻ കൃഷ്ണൻനായർ
അവർകളുടെ ഗവൺമെൻറ് ഈ വിഷയത്തിൽ പ്രദർശിപ്പിക്കുന്ന
സന്ദർഭോചിതമായ അനുകമ്പയെ ഈഴവർ പ്രത്യേകിച്ചു കൃതജ്ഞതാ
പൂർവം എന്നും സ്മരിക്കുന്നതാകുന്നു. രാമസ്വാമി അയ്യരേയും കൂട്ട
രേയും എത്രതന്നെ കഠിനമായി ശിക്ഷിച്ചാലും പത്മനാഭപ്പണിക്കരെ
ഈഴവർക്കു തിരിയെ കിട്ടുന്നതല്ലെങ്കിലും ആ ശിക്ഷാ ഭരണത്തിന്റെ
പരിശുദ്ധിയെ പരിപാലിക്കയും പൊന്നുതമ്പുരാൻ തിരുമനസ്സിലെ
ഗവൺമെൻറിന്റെ നീതിനിഷ്ഠയെ സ്തോത്രം ചെയ്തുകൊണ്ടി
രിക്കുന്ന പ്രജാഹൃദയങ്ങളിൽ ആശ്വാസത്തെയും വിശ്വാസത്തെയും
വർദ്ധിപ്പിക്കയും ചെയ്യുമെന്നുള്ളതു നിരാക്ഷേപമാണ്.

വിവേ. 1092 മേടം, ഇടവം

Digitized By Kerala Sahitya Akademi

പറമ്പിൽ ചാത്തുണ്ണി

ഇദ്ദ്ദേഹത്തെപ്പററി കേട്ടിട്ടില്ലാത്തവർ തെക്കേമലയാളത്തിൽ ആരും കാണുകയില്ല. ഒരുകാലത്തിൽ വളരെ കേമത്തിൽ ഇരുന്ന അരയ സ്വരമ്പുതറവാട് ഇദ്ദേഹം ജനിച്ചകാലത്ത് ഭയങ്കരമായ കടത്തിൽ മുങ്ങിയിരുന്നു. ഇദ്ദേഹത്തിന് ഒന്നരവയസ്സിൽ അച്ഛൻ മരിച്ചു. മഹാ തേജസ്വിയും, സുമുഖനും, ഉൽസാഹശീലനും, യോഗ്യനും, ലക്ഷാ ധിപനുമായിരുന്ന ചാത്തുണ്ണി അവർകളുടെ ബാല്യം ഇത്ര അരിഷട് തയുള്ളതായിരുന്നുവെന്ന് ആർക്കും തോന്നുകയില്ല. ഈ മാന്യപുരു ഷൻ തന്റെ 45-ാ മത്തെ വയസ്സിൽ ഈ കഴിഞ്ഞ കുഭം, 21-ാം തീയതി രാത്രി കാലഗതിയെ പ്രാപിച്ചിരിക്കുന്നു എന്നറിഞ്ഞതിൽ ഞങ്ങൾക്കുള്ള വ്യസനം അപരിമിതമാകുന്നു. ഇദ്ദേഹത്തിന് തന്റെ പ്രദേശത്തുണ്ടായിരുന്ന പ്രാബല്യവും സ്വാധീനതയും വളരെ പ്രസിദ്ധ മാണ്. ഇദ്ദേഹത്തെ കുറേക്കാലം തെക്കേമലയാളം ഡിസ്ട്രിക്റ്റ് ബോർഡ് മെമ്പറായി ഗവണ്മെൻറിൽനിന്നും തെരഞ്ഞെടുത്തുവന്നിരു ന്നു എന്നുള്ളതുതന്നെ ഇദ്ദ്ദേഹത്തിന്റെ യോഗ്യതയെ വെളിപ്പെടു ത്തുന്നുണ്ട്. ഇദ്ദേഹത്തിന്റെ വിയോഗത്തിൽ ദു:ഖിക്കുന്നവരായി നാലുപുത്രിമാരും പ്രായമാകാത്ത ഒരു പുത്രനും ഭാര്യയും മിക്കവാറും തുല്യയോഗ്യതയുള്ള ഒരു സഹോദരനുമാണുള്ളത്. ഇദ്ദേഹം ഒരു നല്ല ഈശ്വരഭക്തനും ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർ കളുടെ ഒരു വിശ്വസ്തനായ ഗൃഹസ്ഥശിഷ്യനുമായിരുന്നു. എസ് എൻ. ഡി. പി. യോഗത്തിന് അതിന്റെ ആരംഭംമുതൽ ഇദ്ദേഹം ഒരു മെമ്പറായിരുന്നു. ഇദ്ദേഹത്തിന്റെ ആത്മഗതിക്കും ബഹുജനങ്ങ ളുടെ ക്ഷേമത്തിനുമായി ഞങ്ങൾ ഈശ്വരനെ പ്രാർത്ഥിക്കുകയും ഇത്ര വല്യ ഒരു മനുഷ്യന്റെ വിയോഗത്തിൽ നമ്മുടെ സമുദായത്തിനും യോഗത്തിനുമുണ്ടായ ഘനമായ നഷ്ടത്തെപ്പററി ഞങ്ങൾ ഏററവും അനുതപിക്കുകയും ചെയ്യുന്നു.

"ഒന്നിനുമില്ലനിലയുന്നതമായകുന്നു--
മെന്നല്ലയാഴിയുമൊരിക്കൽനശിക്കുമോർത്താൽ"

പ്രതിഭ 1995

Digitized By Kerala Sahitya Akademi

കുറിപ്പുകളും ലേഖനങ്ങളും

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സ്വാമിയുടെ ആത്മോപദേശശതകം

മുഖവുര

സ്വാമി അസാധാരണമായ പ്രതിഭാവിലാസം പോലെതന്നെ അന്യാദൃശമായ സരസ്വതീവിലാസവും കൂടിയുള്ള അപൂർവം ചില മഹാന്മാരിൽ ഒരാളാണെന്നുള്ളതു നമ്മുടെ ഭാഗ്യവിശേഷമാണ്. അദ്ദേഹത്തിന്റെ കൃതികളുടെ അലൗകികമായ സ്വാരസ്യത്തെ അനുഭവിച്ചറിഞ്ഞിട്ടുള്ള ആരും അതിനെ ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. ഏതു വിഷയവും അതിനെ പ്രതിപാദിക്കുന്ന ശബ്ദങ്ങളുടെ ഗുണദോഷങ്ങളെ അനുസരിച്ച് ചിലപ്പോൾ ഗ്രാഹ്യമായും ത്യാജ്യമായും തീരാറുണ്ട്. സർവോത്തമമായ സ്വാമിയുടെ തത്ത്വോപദേശം സ്വഭാവമനോഹരമായ അദ്ദേഹത്തിന്റെ കവിതാമാധുര്യത്തോടുകൂടി കലർന്നാൽ പിന്നെ ഉണ്ടാകാവുന്ന "ആമോദ ഭ്രമോദയ"ത്തെക്കുറിച്ച് പറയേണ്ടതില്ലല്ലോ.

സ്വാമിയുടെ അപ്രകാരമുള്ള കൃതികളിൽ പ്രസ്തുത "ആത്മോപദേശം" ഇതുവരെ അച്ചടിയന്ത്രത്തെ സ്പർശിച്ചില്ലാത്ത ഒന്നാണ്. എന്നാൽ ഇതിനെ ജനങ്ങൾ ഭക്തിയോടുകൂടി പാടിത്തുടങ്ങീട്ട് ഇപ്പോൾ നാലുകൊല്ലത്തിൽ കുറയാത്തകാലം ആയിട്ടുണ്ട്.

ഭാഷ ശുദ്ധമലയാളവും ചെയ്വന അതിമനോഹരവും ആയിരുന്നാലും സ്വാമിയുടെ കവിതകൾക്ക് അർത്ഥകല്പനയിൽ പലപ്പോഴും കാണാറുള്ള ഒരു ദുരവഗാഹതയിൽ നിന്ന് ഈ ശതകവും തീരെ മുക്തമല്ല. വിശേഷിച്ച് ഇതിലെ വിഷയവും ദുരവഗാഹമാകുന്നു. അതുകൊണ്ട് സാധാരണന്മാരായ വായനക്കാർക്ക് ഇത് ആദരണീയമായും ഏറെക്കുറെ ആസ്വാദ്യമായും ഇരിക്കുമെങ്കിലും ഉപയുക്തമാവാൻ പ്രയാസമുണ്ട്. ഒരു വ്യാഖ്യാനത്താൽ ആ വൈഷമ്യം കുറെ ലഘൂകരിക്കപ്പെടാവുന്നതാണ്. അതുകൊണ്ട് ഓരോ പദ്യങ്ങൾക്കും താഴെക്കാണുന്ന വിവരണങ്ങൾ എഴുതുവാൻ യോഗ്യതയില്ലെങ്കിലും ഞാൻ നിർബന്ധിതനാകുന്നു.

ഇതിൽ ആദ്യപദ്യത്തിന്റെ വ്യാഖ്യാനം അല്പം മനസ്സിരുത്തി വായിക്കുന്നവർക്ക് ശേഷം മിക്കവാറും സുഗമമായിരിക്കുന്നതാണ്. അതുകൊണ്ട് ഈ ഒരു പദ്യത്തിന്റെ വ്യാഖ്യാനം കുറെ വിസ്തീർണ്ണമായി എഴുതേണ്ടിയും വന്നിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന്റെ ഏതാദൃശമായ പ്രസിദ്ധീകരണത്തിൽ സംഭവിക്കാവുന്ന സകല പ്രമാദങ്ങളും ന്യൂനതകളും കേവലം എന്റേതത്രെ ഇതിൽനിന്നും ജനങ്ങൾക്കു സിദ്ധിക്കാവുന്ന ഗുണാംശങ്ങൾ എല്ലാം പരമഗുരുവായ സ്വാമി അവർകളുടേതും ആകുന്നു.

Digitized By Kerala Sahitya Akademi

വ്യാഖ്യാനം

(മൂലം) അറിവിലുമറിയറിഞ്ഞിടുന്നവൻതന്നുരുവിലുമൊത്തുപുറത്തുമുല്ലസിക്കുംകരുവിനുകണ്ണുകളഞ്ചുമുള്ളടക്കിത്തെരുതെരെവീണുവണങ്ങിയോതിടേണം. 1

പരഹിതരതനെന്റെദേശികൻ
പരമദയാപരനാജ്ഞചെയ്കയാൽ
തിരുമൊഴികളതിന്നതോന്നിടും
പൊരുളെഴുതുന്നുരുഭക്തിപൂണ്ടുഞാൻ.

അറിവിലും=ഇന്ദ്രിയബോധത്തിലും; ഏറിയറിഞ്ഞിടുന്നവൻ=വിഷയങ്ങളെ വ്യാപിച്ച് അറിയുന്ന ജീവൻ; തൻ=തന്റെ; ഉരുവിലും=സ്വരൂപത്തിലും; ഒത്ത്=ഒന്നിച്ച്; (ഏകകാലത്തിൽ); പുറത്തും=ബാഹ്യവിഷയങ്ങളിലും; ഉല്ലസിക്കും=പ്രതിബന്ധംകൂടാതെ വിളങ്ങിക്കൊണ്ടിരിക്കുന്ന; കരുവിന്=ശുദ്ധചൈതന്യസ്വരൂപത്തിന്; കണ്ണുകൾ=ജ്ഞാനേന്ദ്രിയങ്ങൾ; ഉള്ളടക്കി=അന്തർമുഖമാക്കി; തെരുതെരെ=പിന്നെയും പിന്നെയും; വീണവണങ്ങി=സമാധിയിൽ ജീവനെ പരമാത്മാവിനോട് അഭേദമായിക്കണ്ട്; ഓതിടേണം=ഉപദേശിക്കണം.

ഇത് അദ്വൈത രഹസ്യങ്ങളെ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാകയാൽ ആ ശാസ്ത്രത്തിന്റെ സമ്പ്രദായത്തെയും സങ്കേതങ്ങളെയും കുറിച്ച് സംക്ഷിപ്തമായ ഒരറിവ് വായനക്കാർക്ക് മുൻകൂട്ടികൊടുക്കേണ്ടത് അപേക്ഷിതമാകുന്നു. അതുകൊണ്ട് ഈ ഒന്നാമത്തെ പദ്യത്തിനോടു താഴെക്കാണുന്ന ഒരു ചെറിയ വിവരണം കൂടി ചേർത്തുകൊള്ളുന്നു:-

അറിയുന്നവൻ, അറിയപ്പെടുന്നത്, അറിവ് എന്ന് പദാർത്ഥങ്ങൾ മൂന്നാകുന്നു. സംസ്കൃതത്തിൽ ഇവയ്ക്ക് ക്രമേണ ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം ഇങ്ങനെ പേർപറയുന്നു. ഇവയല്ലാതെ നാലാമതായിട്ട് ഒരു പദാർത്ഥം ഉണ്ടായിരിപ്പാൻ പാടില്ല. ഈ മൂന്നിനെയും തന്നെ അറിയുന്നത്, അറിയപ്പെടുന്നത് (അല്ലെങ്കിൽ) ദൃക്ക്, ദൃശ്യം എന്ന രണ്ടു പദാർത്ഥമായിട്ടും ചിലർ വിഭജിക്കുന്നു. തന്നെ (അല്ലെങ്കിൽ) അറിയുന്നതിനെ ഒഴിച്ച് മറെറല്ലാവും അറിയപ്പെടുന്നതാകുന്നു. അറിവ് (അറിയുന്ന) ദൃക്കിനേക്കാൾ അന്യമല്ല. അറിയപ്പെടുന്നതും അറിവിനെക്കാൾ അന്യമല്ല. അപ്പോൾ എല്ലാം അറിവാകുന്ന ഒന്നുമാത്രം ആകുന്നു.

അദ്വൈത വേദാന്തികളുടെ സിദ്ധാന്തവും ഉപനിഷത്തുകളുടെ പ്രതിപാദ്യവിഷയവും ഇതാണ്. ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവയും ഇവയാൽ അറിയപ്പെടുന്ന ധർമ്മ ധർമ്മികളായ സംഖ്യയില്ലാത്ത വിഷയങ്ങളും ആകുന്ന ഈ ലോകം മുഴുവൻ വെറും തോന്നൽ

Digitized By Kerala Sahitya Akademi

മാത്രമാണെന്നും, അതിനെ അറിയുന്ന അറിവു് ഒന്നതന്നെ സത്യമെന്നും അതുതന്നെയാണു് "സച്ചിദാനന്ദബ്രഹ്മം" എന്നുമുള്ള പരമാർത്ഥത്തെ പല പ്രകാരേണ തെളിയിക്കുന്നതാണു് അദ്വൈത പുസ്തകങ്ങളുടെ ഉദ്ദേശ്യം. ശാസ്ത്രവിചാരം, തത്ത്വചിന്തന, സ്വാനുഭവം ഇവയെക്കൊണ്ടു് മഹാത്മാക്കൾ ആ പരമാർത്ഥത്തെ അറിഞ്ഞു പരമാർത്ഥമായ ജീവിതത്തെ ജീവിക്കുന്നുണ്ടു്. അജ്ഞന്മാർക്കു് ആ പരമാർത്ഥത്തെ ബോദ്ധ്യപ്പെടുത്തുന്നതിനായി അനേകം സ്ഥൂലദൃഷ്ടാന്തങ്ങൾ അനുഗ്രഹീതങ്ങളായിട്ടുമുണ്ടു്. വസ്തുക്കളുടെ സ്വരൂപം നാം അറിയുന്നതുപോലെയല്ല, പരമാർത്ഥമായ സ്വരൂപത്തെ അറിവാൻ നാം ശ്രമിക്കയും ചെയ്യുന്നില്ല. ഒരു കർപ്പൂരഖണ്ഡം എടുക്കുക. അതു് വെളുപ്പും സൗരഭ്യവും മാറും ഉള്ള ഒരു വസ്തുവായിക്കാണുന്നു. അതിനെ കത്തിക്കുക്-ധൂമവും ജ്വാലയുമായി അതു് വായുവിൽ മറഞ്ഞുപോകുന്നു. ഒരു വസ്തു ഏതായിമറയുന്നുവോ അതാണു് അതിന്റെ പരമാർത്ഥം. ഇതു് സാർവത്രികമായ ന്യായമാണു്. ആകയാൽ കർപ്പൂരം സ്ഥൂലദൃഷ്ടിയിൽ തന്നെ കേവലം വായുവാകുന്നു. ഇതുപോലെ കരിമരുന്നു മുതലായതും അതിന്റെ രൂപവും ഗന്ധവും വെടിഞ്ഞുകാരണമായ വായുവിൽ അഴിയുകയാൽ എല്ലാം വായുതന്നെ. കരകം (അല്ലെങ്കിൽ) മഞ്ഞുകട്ടിയെ എടുക്കുക. അതു് സ്ഫടികംപോലെ ധവളമായും കഠിനമായും ഇരിക്കുന്നു. ചൂടുതട്ടുമ്പോൾ അതു് വെള്ളമാകുന്നു. അധികം ചൂടുപിടിച്ചാൽ വെറും ആവിയായും ആവി അതിന്റെ കാരണമായ വായുക്കളായും അവസാനിക്കുന്നതുകൊണ്ടു് അതും വായുതന്നെ. മറ്റു് പദാർത്ഥങ്ങളും എല്ലാം ഇപ്രകാരം കത്തിയോ അലിഞ്ഞോ പൊടിഞ്ഞോ അണുക്കളായി വായുവിലേക്കു പോകുന്നവയും പോകാമെന്നുള്ളവയുമാണു്. രസതന്ത്രപ്രകാരം കരിക്കട്ടയും വൈരക്കല്ലും ഒന്നാകുന്നു. ഇവയ്ക്കു് തമ്മിലുള്ള അത്ഭുതകരമായ ഭേദം സ്ഥിതിഭേദം മാത്രമാണു്. വൈരം പാകത്തിൽ കരിക്കട്ടയായും അതു് അതിന്റെ കാരണമായ വായുവിശേഷമായും വായുവിൽ തന്നെ അഴിഞ്ഞുപോകയും ചെയ്യും. ഇങ്ങനെ പര്യാലോചിച്ചാൽ ഈ പ്രപഞ്ചം മുഴുവൻ വിചാരാഗ്നിയിൽപ്പെട്ട കർപ്പൂരമലപോലെയെരിഞ്ഞു വായു മാത്രമായി ശേഷിച്ചുനിൽക്കുന്നതുകാണാം. ഈ വായു അണുക്കളാകുന്നു. സ്ഥൂലദൃഷ്ടിയിൽ അദൃശ്യങ്ങളായ പരമാണുക്കൾ സൂക്ഷ്മബുദ്ധിയിൽ പർവതങ്ങൾപോലെ മഹത്തുകളായിരിക്കും. അവ അദൃശ്യങ്ങളാകുന്നതുവരെ ബുദ്ധി പരിശോധിക്കുകയും ചെയ്യും. ഒടുവിൽ ബുദ്ധിയിൽ അവയുടെ അഭാവംകാണപ്പെടും. അഭാവം അധികരണത്തെ വിട്ടു് അന്യമല്ല. അതുകൊണ്ടും ബുദ്ധിയിൽ കാണപ്പെട്ട (സകല പദാർത്ഥങ്ങളുടെയും) അഭാവം ബുദ്ധിതന്നെ ആകുന്നു. ഇങ്ങനെ സകലപദാർത്ഥങ്ങളും ബുദ്ധിയിൽനിന്നും വിഷയരൂപമായുണ്ടായി തത്ത്വപരിശോധനയിൽ അതിൽത്തന്നെ അന്തർദ്ധാനം ചെയ്യുനിൽക്കുന്നതുകൊണ്ടു്

Digitized By Kerala Sahitya Akademi

ഇരിക്കുമ്പോഴും നശിക്കുമ്പോഴും അവ ബുദ്ധിതന്നെ ആകുന്നു. [ആകാശത്തിൽ (Aether) ഉണ്ടാകുന്ന ഒരു മന്ദമായ ചലനം ശബ്ദമായും തീവ്രചലനം പ്രകാശമായും തീവ്രതര ചലനം വൈദ്യുതശക്തിയായും തീരുന്നു എന്നും മറ്റുമുള്ള പ്രകൃതിശാസ്ത്രസിദ്ധാന്തവും ഒരു പദാർത്ഥംതന്നെ നാനാപദാർത്ഥങ്ങളായിത്തീരുന്നു എന്നുള്ളതിനെ തെളിയിക്കുന്നുണ്ട്] ബുദ്ധി വിഷയത്തോടുകൂടാതെ ഇരിക്കയില്ല. മേല്പറഞ്ഞ എല്ലാം ബുദ്ധിയാകയാൽ ഇവിടെ ബുദ്ധിയല്ലാതെ വിഷയം യാതൊന്നും ഇല്ലാത്തതുകൊണ്ടു് ഈ ബുദ്ധിയെ സാധാരണമായി നാം മനസ്സിലാക്കുന്ന അർത്ഥത്തിൽ "ബുദ്ധി" എന്നു പറഞ്ഞുകൂടാ. സംസ്കൃതത്തിൽ ഇതിനെ "സംവിത്" എന്നും കേവലമായ "ചിത്തു്" എന്നും പറയുന്നു. മലയാളത്തിൽ ഇതിനെ വെറും അറിവു് എന്നുപറയാം. വിചിത്രമായ ഈ ഭുവനം മുഴുവനും പരമാർത്ഥത്തിൽ ആ അറിവാകുന്ന ഒന്നിൽതന്നെ നാനാപ്രകാരേണ തോന്നുന്ന തോന്നലാകയാൽ എല്ലാം അറിവു് അല്ലെങ്കിൽ ചിന്മാത്രമാകുന്നു.

ഇനി ന്യായദൃഷ്ട്യാ ഇതിനെ വേറൊരുപ്രകാരത്തിൽ നോക്കാം. നാം ഒരു പദാർത്ഥത്തെ അറിയുന്നു; അതായതു് അതിന്റെ രൂപം, പരിമാണം മുതലായ ധർമ്മങ്ങളെ ഇന്ദ്രിയങ്ങൾ മുഖേന ഗ്രഹിക്കുന്നു. ഈ ധർമ്മങ്ങളെയല്ലാതെ വേറെ നാം വല്ലതിനേയും അറിയുന്നുവോ? ഇല്ല, ഇന്ദ്രിയങ്ങൾക്കു വേറെ ഒന്നിനെയും അറിവാൻ കഴികയുമില്ല. അപ്പോൾ നാം ഒരു നാരങ്ങയെയല്ല അതിന്റെ പരിമാണാദികളെയാണു് അറിയുന്നതു്. ഏതു് അറിയപ്പെടുന്നില്ലയോ അതു് ഉണ്ടായിരിക്കയുമില്ല. ധർമ്മിയായ നാരങ്ങ അറിയപ്പെടാത്തതുകൊണ്ടു് അതുണ്ടായിരിപ്പാൻ പാടില്ല. ധർമ്മംകൊണ്ടു് ധർമ്മിയെ അനുമാനിക്കാം. എന്നാൽ എല്ലാ ധർമ്മികളും ഈ അനുമാനത്തിനു വിഷയങ്ങളാണു്. അതുകൊണ്ടു് ധർമ്മധർമ്മികളുടെ "നിയതസാഹചര്യം" മറ്റൊരുദിക്കിൽ പ്രത്യക്ഷമായി അറിയപ്പെടാത്തതിനാൽ അനുമിതിയുണ്ടാവാൻ തരമില്ല. ധർമ്മധർമ്മികൾക്കു് സാമാന്യേന സാഹചര്യം അംഗീകരിക്കാമെന്നു പറയാമെങ്കിൽ ഒരിടത്തും അവയുടെ സാഹചര്യം പ്രത്യക്ഷമല്ലാത്തതിനാൽ അങ്ങനെയും അനുമിതിവരാൻ പാടില്ല; അതുകൊണ്ടു് ധർമ്മിയായ നാരങ്ങ ഇല്ലതന്നെ. എന്നാൽ നിരാശ്രയമായി അതിന്റെ പരിമാണാദി ധർമ്മവും ഉണ്ടായിരിപ്പാൻ പാടില്ലെന്നുവരും. അതു് അനുഭവവിരുദ്ധമാണു് എന്നു പറയുമെങ്കിൽ വസ്തുഗത്യാ ധർമ്മവും ഇല്ലതന്നെ. അനുഭവത്തെ പരിശോധിക്കുമ്പോൾ അനുഭവംതന്നെ വിരുദ്ധമാണെന്നും പറവാൻ തരമില്ല. അതിനു് അതുതന്നെ പ്രമാണം എന്നു പറഞ്ഞുകൂടുന്നതല്ലല്ലോ. [നിത്യാനുഭവവിഷയമായ ഈ ഇന്ദ്രജാലത്തെ ആരും ഓർക്കാറില്ല!] എന്നാൽ എല്ലാം ശൂന്യമോ? അല്ല. ധർമ്മധർമ്മിവ്യവഹാരങ്ങളെല്ലാം കാരണമായ ബുദ്ധിയിൽ ലയിച്ചു് നിർവിഷയമായ ബുദ്ധിപൂർവ്വോ

Digitized By Kerala Sahitya Akademi

ക്രമരീത്യാ കേവലം ചിന്മാത്രമായി അവിടെയും ശേഷിച്ചുകാണുന്നുണ്ട്. എന്നതന്നെയല്ല "ഇതു് നാരങ്ങ" എന്നുള്ളതിൽ നാരങ്ങയുടെ അംശം അശേഷം ശൂന്യമായി എങ്കിലും "ഇതു്" എന്നുള്ള ഭാഗം ശേഷിച്ചിരിക്കുന്നുണ്ടു്. അതു് എല്ലായ്പോഴും എല്ലായിടത്തും ശേഷിച്ചിരിക്കുന്നതുമാണു്. അതു് നാരങ്ങയിൽ എങ്ങനെയോ അങ്ങനെ ലോകത്തുള്ള നാമരൂപാത്മകമായ സമസ്ത വസ്തുവിലും നിൽക്കുന്നതും സർവവ്യാപ്തവുമാണു്. "ഇതു് നാരങ്ങ," "ഇതു് മാങ്ങ", "ഇതു് മുല്ലപ്പൂ", "ഇതു് ആകാശം", ഇതു് ശബ്ദം" ഇവയിൽ എല്ലാം കാണുന്ന "ഇതു്" ശബ്ദത്തിൽ എന്നപോലെ അർത്ഥത്തിലും ഒന്നുതന്നെയാകുന്നു. നാരങ്ങയെപ്പോലെതന്നെ മറ്റുള്ള എല്ലാവും പരിശോധനയിൽ വിശേഷങ്ങൾ നശിച്ചു് സാമാന്യേന "ഇതു്" എന്നുശേഷിച്ചുനിൽക്കും. അതുകൊണ്ടു് "ഇതു്" എന്നതു കേവലം സത്തയെ അല്ലെങ്കിൽ സാമാന്യേന "ഉണ്ടായിരിക്കുക" എന്നുള്ളതിനെ കുറിക്കുന്നു. ഈ കേവലസത്തയിൽ ലോകം മുഴുവൻ നാമരൂപ ഭേദേന ബുദ്ധിയാൽ കല്പിതമാണു്. നാമരൂപ വ്യവഹാരങ്ങളോടുകൂടി പരമാർത്ഥ ദർശനത്തിൽ ബുദ്ധിനശിച്ചു സത്തമാത്രമാകയും ചെയ്യുന്നു. ഈ സത്തയെപ്പോലെതന്നെ സത്തയേ വ്യാപിച്ചറിയുന്ന ബുദ്ധിയും അഖണ്ഡാകാരവും സൂക്ഷ്മ ദൃഷ്ടിയിൽ അയോഗോളകത്തെ വ്യാപിച്ച അഗ്നിപോലെ അതിൽനിന്നും അഭിന്നവും അതോടുകൂടി ഏകവും ആകയാൽ അതും ചിന്മാത്രമാകുന്നു. ഈ അഖണ്ഡ ചിന്മാത്രവ്യാപ്തിയിൽ അതിന്റെ അവാങ്മനസഗോചരമായ വൈഭവത്താൽ ഈ വിചിത്രമായ നാമരൂപപ്രപഞ്ചം മുഴുവൻ സമുദ്രത്തിൽ തരംഗാദികൾപോലെയും മരുഭൂമിയിലെ സൂര്യപ്രകാശ വ്യാപ്തിയിൽ ജലപ്രവാഹംപോലെയും കല്പിതമാകുന്നു. അതുകൊണ്ടു് എല്ലാം ചിന്മാത്രംതന്നെ. ഈ മഹാതത്ത്വത്തെയാകുന്ന ബ്രഹ്മം എന്നും പരമാത്മാവു് എന്നും അദ്വൈതികൾ പറയുന്നതു്. അവർണ്ണനീയമായ ഇതിനെയാണു് ഗ്രന്ഥകാരൻ 'കരു' എന്ന പദംകൊണ്ടും പറയുന്നതു്. നമ്മുടെ ആത്മാവും ഇതുതന്നെ ആകുന്നു.

"നാം" എന്നുള്ളതുകൊണ്ടു് നാം നമ്മുടെ ഭൗതികമായ ശരീരത്തെയോ ഇന്ദ്രിയങ്ങളേയോ പ്രാണവായുവിനേയോ മനസ്സു്, ബുദ്ധി ഇവയേയോ അല്ല അർത്ഥമാക്കുന്നതു്. അവയെല്ലാം നമ്മുടേതല്ലാതെ "നാം" അവയല്ല. "മനസസ്തുപരാ ബുദ്ധിർയ്യോബുദ്ധേഃ പരതസ്തു സഃ" ബുദ്ധിക്കുപരമായിരിക്കുന്നതേതോ അതു് ആത്മാവാകുന്നു എന്നു ഗീത പറയുന്നു. അതു് ആചാര്യസ്വാമികളാൽ വർണ്ണിക്കപ്പെടുന്ന "ജാഗ്രസ്വപ്ന സുഷുപ്തി"കളിൽ സാക്ഷീഭൂതയായി "സ്ഫുടതര"യായിരിക്കുന്ന ആ "സംവിത്" അല്ലെങ്കിൽ ചിത്തന്നെയാകുന്നു. അതുകൊണ്ടു് നമ്മുടെ ആത്മാവും മേൽപറയപ്പെട്ട പരമാത്മാവും ഘടത്തിലേയും വെളിയിലേയും ആകാശംപോ

Digitized By Kerala Sahitya Akademi

ലെ ചിന്മാത്രമാണെന്നും രണ്ടും ഒന്നാണെന്നും ഉള്ളതു് സ്പഷ്ടമാകുന്നു. ഭേദം ശരീരാദികളായ ഉപാധികളാൽ കൽപിക്കപ്പെട്ടതും ഉപാധികൾ തത്ത്വചിന്തനയിൽ മിഥ്യയും ആകയാൽ നാം നിർവികാരവും പ്രശാന്തവും ആത് ഹേതുവായിട്ടു് പരമാനന്ദരൂപവുമായ അദ്വൈതാഖണ്ഡ ചിന്മാത്ര ബ്രഹ്മമാകുന്നു. ഇതാണു് ഉപനിഷത്തുകളുടെ രഹസ്യം, ഇതാണു് ലോകത്തിന്റെ തത്ത്വം, ഇതാണു് ആത്മാവിന്റെ പരമാർത്ഥം. "ആത്മാനം ചേദ്വിജാനീയാദയമസ്മീതി പൂരുഷഃ കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്" (ബൃ: ആ: ഉപനിഷത്). ആത്മാവിന്റെ സ്വരൂപം ഇതാണെന്നു് ഏവൻ അറിയുന്നുവോ അവൻ ഏതുദ്ദേശിച്ചു ശരീരധർമ്മങ്ങളെ അഭിമാനിച്ചു ദുഃഖിക്കും? "ആനന്ദം ബ്രാഹ്മണോ വിദ്വാൻ ന ബിഭേതി കുതശ്ചന" (തൈ: ബ്രാ: ഉപനിഷത്), ബ്രഹ്മാനന്ദത്തെ അറിയുന്നവൻ യാതൊന്നിൽനിന്നും ഭയപ്പെടുന്നില്ല. നാം ആനന്ദമയമായ ബ്രഹ്മമാണെന്നും ജന്മജരാമരണാദികൾ കേവലം കല്പിതങ്ങളല്ലാതെ വാസ്തവത്തിൽ അവ നമുക്കില്ലെന്നും അറിയുന്ന യോഗി എന്തുകൊണ്ടു് ഭയപ്പെടും? ഭയമില്ലായ്മയാകുന്ന ഒരു മതമാണു് പഠിക്കേണ്ടതു് എന്ന മഹാനുഭാവനായ വിവേകാനന്ദസ്വാമി അവർകൾ പറഞ്ഞിട്ടുള്ളതിന്റേയും താല്പര്യം ഇതുതന്നെയാണു്. ഇപ്രകാരമുള്ള തത്ത്വചിന്തനയെക്കൊണ്ടു് നമ്മുടെ ആത്മാവും പരമാത്മാവും ഒന്നാണെന്നും കൽപിതമായ പ്രപഞ്ചം മുഴുവനും പരമാർത്ഥത്തിൽ ആപരമധാമംതന്നെയാണെന്നുമുള്ള സ്വാനുഭവസിദ്ധമായ നിശ്ചയത്തോടുംകൂടി ജീവിക്കുന്നതിനു് അദ്വൈതികൾ ജീവന്മുക്തി എന്നും ആ സ്ഥിതിയിൽ ശരീരപാതം സംഭവിക്കുന്നതിനു വിദേഹമുക്തി എന്നും പറയുന്നു. അതാണു് പരമപുരുഷാർത്ഥം. താൻ അഖണ്ഡ സച്ചിദാനന്ദ ബ്രഹ്മമാണെന്നുള്ള യഥാർത്ഥബോധം ദുഃഖരൂപങ്ങളായ ശരീരാദികളിൽ ഉള്ള അഹന്താ മമതാദികളെ അസ്തമിപ്പിക്കുകയും മനുഷ്യനെ സകലബന്ധങ്ങളിൽനിന്നും വിടർത്തി മോക്ഷസാമ്രാജ്യത്തെ നൽകുകയും ചെയ്യുന്നു. "ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവസംശയാഃ ക്ഷീയന്തേ ചാസ്യകർമ്മാണി തസ്മിൻ ദൃഷ്ടേ വരാവരേ" (മുണ്ഡകോപനിഷത്) ആ പരമധാമത്തെ സ്വാനുഭവത്താൽ അറിയുമ്പോൾ ഹൃദയത്തിലെ അഭിമാനബന്ധം ഭേദിക്കുകയും സംശയങ്ങൾ അറുപോകുകയും കർമ്മങ്ങൾ ക്ഷയിക്കുകയും ചെയ്യുന്നു. നിരഞ്ജനമായ ആ ധാമത്തിൽ ഇവ കല്പിതങ്ങളാണല്ലോ. ജ്ഞാനികൾ ഏകരസമായിരിക്കുന്ന എങ്കിലും ഈ പരമാനന്ദപദത്തെ തത്ത്വപരിചിന്തനാദശയിൽ യുക്തിവിശേഷങ്ങളെക്കൊണ്ടു് വിവിധാഹ്ലാദഭേദങ്ങളോടുകൂടി അനുഭവിച്ചു തൃപ്തിയേയും കൃതാർത്ഥതയേയും പ്രാപിക്കുന്നു. ആ യുക്തി വിശേഷങ്ങളേയും അനുഭവവിശേഷങ്ങളേയുമാണു് നൂറുപദ്യങ്ങൾകൊണ്ടു് ഇതിൽ വർണ്ണിച്ചിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ഇന്ദ്രിയജ്ഞാനം, ആത്മാവ്, ബാഹ്യപ്രപഞ്ചം ഇവയെ എല്ലാം വ്യാപിച്ചും പരമാർത്ഥത്തിൽ ഇവയോടു് അഭേദവും ഏകവും ആയും പ്രകാശിക്കുന്ന ശുദ്ധചൈതന്യം അവാങ്മനസഗോചരമാകയാൽ ഇന്ദ്രിയങ്ങളെ അന്തർമുഖങ്ങളാക്കി സമാധിയിൽ ആ ചൈതന്യത്തെ അനുസന്ധാനം ചെയ്ത് അഭേദനിഷ്ഠയോടുകൂടിയിരിക്കുന്ന മഹാത്മാവുവേണം ആ ദിവ്യമംഗലസ്വരൂപത്തെ ഉപദേശിപ്പാൻ എന്നാണു് ഈ ആദ്യപദ്യത്തിന്റെ താല്പര്യം.

മൂലം— കാരണവുമിന്ദ്രിയവും കളേബരംതൊ-
ട്ടരുളുമനേകജഗത്തുമോർക്കിലെല്ലാം
പരവെളിതന്നിലുയർന്നഭാനുമാൻതൻ
തിരുവുരുവെന്നതെളിഞ്ഞുതേറിടേണം.

കാരണവും = അന്തഃകരണങ്ങളും, ഇന്ദ്രിയവും = ജ്ഞാനേന്ദ്രിയകർമ്മേന്ദ്രിയങ്ങളും, കളേബരം = ശരീരം, തൊട്ടു് = തുടങ്ങി, അരുളും = ഇരിക്കുന്ന, അനേകജഗത്തും = അളവറ്റലോകവും ഓർക്കിൽ = വിചാരിച്ചു നോക്കിയാൽ, എല്ലാം = അവയെല്ലാം, പരവെളിതന്നിൽ = ചിദാകാശത്തിൽ (വിചാരദൃഷ്ടിയിൽ ശേഷിക്കുന്ന അഖണ്ഡാകാരബോധത്തിൽ), ഉയർന്ന = സാക്ഷീഭൂതനായി ശോഭിച്ചുനിൽക്കുന്ന, ഭാനുമാൻതൻ = ആത്മാവാകുന്നസൂര്യന്റെ. തിരുവുരു = ശ്രീമത്തായ സ്വരൂപം, എന്നു് = മാത്രമാണെന്നു്. തെളിഞ്ഞു് = സന്ദേഹനിഹൃത്തിപര്യന്തം വിചാരിച്ചു്, തേറിടേണം = അറിയണം.

അന്തഃകരണങ്ങളും അതിന്നനുഗുണങ്ങളായ ഇന്ദ്രിയാദികളും വിഷയമായ ജഗത്തും പ്രത്യേകം അനുഭവസിദ്ധമായിരിക്കുമ്പോൾ എങ്ങിനെ എല്ലാം അദ്വൈതമാണെന്നു പറയാം? ഈ ചോദ്യത്തിനു് അവയെല്ലാം മരുമരീചികയാകുന്ന കഠിനസൂര്യപ്രകാശത്തിൽ തോന്നപ്പെടുന്ന ജലതരംഗാദികൾ എങ്ങിനെ സൂര്യപ്രകാശം മാത്രമായിരിക്കുന്നുവോ അതുപോലെ ചിന്മാത്രമായ ആത്മാവല്ലാതെ അവ ഇല്ലെന്ന സമാധാനത്തോടുകൂടി മനനംകൊണ്ടും നിദിദ്ധ്യാസനംകൊണ്ടും അറിഞ്ഞു് അദ്വൈതാനന്ദത്തെ പ്രാപിക്കണം എന്നു താല്പര്യം.

മൂലം— വെളിയിലിരുന്നു വിവർത്തമിങ്ങുകാണും
വെളിമുതലായവിഭൂതിയഞ്ചു, മോർത്താൽ
ജലനിധിതന്നിലുയർന്നിടും തരംഗാ-
വലിയതുപോലെയഭേദമായ് വരേണം.

വെളിയിലിരുന്നു = ആത്മപ്രകാശത്തിൽനിന്നു്; വിവർത്തം = തോന്നുന്നതു്, ഇങ്ങുകാണും = നാം പ്രത്യക്ഷമായിക്കാണുന്ന, വെളിമുതലായ = ആകാശമാദിയായ, വിഭൂതി = ഭൂതങ്ങൾ, ജലനിധി = സമുദ്രം, തരംഗാവലി = തിരകളുടെകൂട്ടം, അഭേദമായ് വരേണം = ഭേദമില്ലെന്നുറപ്പുവരണം.

വിരോധകൃതു, 1079 മേടം മിഥുനം, 1080 ചിങ്ങം.

Digitized By Kerala Sahitya Akademi

മനനമാലാതാത്പര്യം

മനനമാലാ*

ചൈതന്യാദാഗതം സ്ഥൂലസൂക്ഷ്മാത്മകമിദം ജഗത്
അസ്തി ചേൽ സദ്ഘനം സർവം നാസ്തി ചേദസ്തി ചിദ്ഘനം,
കാര്യം കാരണതോ നാന്യദതോ സദഖിലം ജഗത്
അസതഃ കഥമുത്പത്തിരനുത്പന്നസ്യ കോ ലയഃ.
യസ്യാത്പത്തിർലയോ നാസ്തി തത്പരം ബ്രഹ്മ;നേതരത്;
ഉത്പത്തിശ്ചലയോസ്തീതി ഭ്രമത്യാത്മനി മായയാ.
സർവം ഖലിദമദ്വൈതം നേഹ നാനാസ്തി കിഞ്ചന
മൃത്യോസ്സമൃത്യുമാപ്നോതി യോ വൈ നാനേഹ പശ്യതി.
കാരണാവ്യതിരിക്തത്വാൽ കാര്യസ്യ കഥമസ്തിതാ
ഭവത്യതോ കാരണസ്യ കഥമസ്തിച നാസ്തിതാ
കാര്യാദസദതോസ്യാസ്തി കാരണം കപനാഹതാ ജഗത്
ബ്രഹ്മൈവ തർഹി സദസദിതി ഭ്രമതി മൂഢധീഃ.
വിഭജ്യാവയവം സർവമേകൈകം തത്ര ദൃശ്യതേ
ചിന്മാത്രമഖിലം നാനാദിതിമായാ വിദൂരകം.
ഏകൈവ സത്താ യദ്യന്യാ വിദ്യതേസൗ കപ വർത്തതേ
സത്യമാത്മാശ്രയോ ദോഷോസത്യസത്യാമപ്യ സംഭവഃ.
ചിദേവ നാന്യദാഭാതി ചിതഃപമരമതോ നഹി
യത്തു നാഭാതി തദസത് യദസത്തന്ന ഭാതിച.
ആനന്ദ ഏവാസ്തിഭാതി നാന്യത് കിഞ്ചിദതോഖിലം
ആനന്ദഘനമാനന്ദ വിനാനന്ദേന ദൃശ്യതേ.

ഓം തത് സത്

താത്പര്യം

സ്ഥൂലവും സൂക്ഷ്മവും (ബാഹ്യവും ആന്തരവും) ആയ രണ്ടു വിധ പ്രപഞ്ചവും ചൈതന്യത്തിൽ (ചിത്തിൽ) നിന്നുണ്ടായതാകുന്നു. അതുകൊണ്ടു് അതുള്ളതാണെന്നു സമ്മതിക്കുന്നപക്ഷം എല്ലാം സത്താമാത്രമായിരിക്കുന്നു. ഇല്ലെന്നു പറയുന്നപക്ഷവും അതിന്റെ തോന്നലിനു കാരണമായ ചിത്തു് അബാധിതമാകയാൽ ചിന്മാത്രമായി അതു വർത്തിക്കുന്നുണ്ടു്.

---

*ഈ പദ്യരത്നങ്ങൾ സ്വാമി തിരുവടികൾ ഇക്കഴിഞ്ഞ സഞ്ചാരകാലത്തു തിരുവണ്ണാമല എന്ന സ്ഥലത്തുവച്ചു് എഴുതിയതാകുന്നു.

Digitized By Kerala Sahitya Akademi

ഉപാദാനകാരണത്തിൽ നിന്നു കാര്യംഭിന്നമല്ല.കുടം മണ്ണിൽ നിന്നു ഭിന്നമല്ലല്ലോ. അതുകൊണ്ടു ചിത്തിൽതോന്നിയ ജഗത്തിന്റെ കാരണരൂപേണയുള്ള സ്ഥിതിയെ സമ്മതിച്ചേ തീരൂ. അപ്പോൾ ജഗത്തെല്ലാം (സത്ത്) ഉള്ളതാണ്. എന്തുകൊണ്ടെന്നാൽ ഇല്ലാത്തത് എങ്ങിനെഉണ്ടാകാം? ഉണ്ടാകാത്തത് എങ്ങിനെ നശിക്കാം? ജഗത്തിന് ഉത്പത്തിനാശമുള്ളതുകൊണ്ട് അതുള്ളതാണ്, സത്താണ്. അധിഷ്ഠാനരൂപേണ അതിന്റെ സത്ത അബാധിതയാണ് എന്നു താല്പര്യം.

ഉത്പത്തിയും ലയവും ഇല്ലാത്തത് ഉപാധിരഹിതമായ ബ്രഹ്മത്തിനു മാത്രമാണ്. മറെറാന്നിനും അതില്ലാതില്ല, ആത്മരൂപമായ ബ്രഹ്മത്തിൽ മായയാകുന്ന ഉപാധിനിമിത്തം ജഗത്തിന്റെ ഉത്പത്തിനാശങ്ങൾ ഭ്രാന്തിയായി തോന്നുകയാണ്.

കാണപ്പെടുന്ന ഈ പ്രപഞ്ചമെല്ലാം അധിഷ്ഠാനരൂപേണ ഒന്നുതന്നെ. ഇതിൽ പലതായി പറവാൻ യാതൊന്നുമില്ല. ഇതിൽ അനേകത്വംകാണുന്നവൻ മരിച്ചിട്ടു വീണ്ടും ജനിക്കയും മരിക്കയും ചെയ്യുന്നു. സംസാരചക്രത്തിൽ എന്നേക്കും ചുററിത്തിരിയുന്നു എന്നു താല്പര്യം.

മറൊരു പ്രകാരം നോക്കിയാൽ കാര്യമായ ജഗത്ത് കാരണത്തിൽ നിന്നു ഭിന്നമല്ലാത്തതിനാൽ അതിന് അസ്തിത്വം (ഉണ്മ) എങ്ങു ഭവിക്കുന്നു? അതെങ്ങിനെ ഉള്ളതെന്നു പറയാം? കാരണ വ്യതിരിക്തമാണെങ്കിൽ എങ്ങനെ ഇല്ലാത്തതെന്നു പറയാം?

അതല്ല-കാര്യമായ ജഗത്തിന്റെ ഭാനത്താൽ അസത്തായ അതിന് അസത്തായ കാരണാന്തരത്തെ അനുമിക്കാമെന്നു പറയുന്നു എങ്കിൽ അസത്തിനു സ്ഥിതിയില്ലാത്തതുകൊണ്ടു ജഗദ്വ്യവഹാരം തന്നെ സിദ്ധിക്കാതെ പോകുന്നു. അതായതു ജഗത്തിന്റെ തന്നെ അഭാവം ഭവിക്കുന്നു. അതുകൊണ്ടു സത്തായ ബ്രഹ്മത്തെത്തന്നെ അജ്ഞാനി ഭ്രാന്തി ഹേതുവാൽ അസത്തായ ജഗത്തായി കാണുകയാകുന്നു എന്നു സിദ്ധിക്കുന്നു.

വിഷയ പിണ്ഡങ്ങളുടെ അവയവ വിവേചന ദിശയിൽ അണുപര്യന്തങ്ങളായ എല്ലാ അവയവങ്ങളേയും വിട്ടു ദൃങ്മാത്രമായി വിഷയ പിണ്ഡം ശേഷിക്കുന്നതു കാണാം. അതുകൊണ്ടു ദൃശ്യം മുഴുവൻ മായോപാധിരഹിതമായി ശേഷിക്കുന്ന ദൃക് അല്ലെങ്കിൽ ചിത്താണെന്നു സിദ്ധിക്കുന്നു.

അതുകൊണ്ട് എല്ലാം ഒരു സാമാന്യസത്തതന്നെ ആകുന്നു. വേറെ ഇല്ല. ഉണ്ടെങ്കിൽ എവിടെ? പ്രതീതി ഇല്ലാത്തതിനാൽ ഇല്ലെന്നു താല്പര്യം. വേറെസത്തയുണ്ടെങ്കിൽ മേൽപ്പറഞ്ഞ സാമാന്യസത്തയുടെ ജ്ഞാനത്തോടുകൂടാതെ അത് അറിയപ്പെടാത്തതിനാൽ ആ വാദ

Digitized By Kerala Sahitya Akademi

ത്തിന് ആത്മാശ്രയം എന്ന ദോഷവും ശശവിഷാണാദികൾ പോലെ അത് ഇല്ലാത്തതാകയാൽ അസംഭവദോഷവുമുണ്ട്.

ചിത്തുതന്നെ സ്ഫുരിക്കുന്നു. ചിത്തിനു ഭിന്നമായ യാതൊന്നും സ്ഫുരിക്കുന്നില്ല. അതുകൊണ്ടു ചിത്തല്ലാതെ മറെറാന്നുമില്ല. ഏതു സ്ഫുരിക്കുന്നില്ലയോ അതില്ല, ഏതില്ലയോ അതു സ്ഫുരിക്കുന്നുമില്ല.

ഭാനം അല്ലെങ്കിൽ സ്ഫൂർത്തിയും സത്തയും ആനന്ദരൂപമായിട്ടുള്ളതാകുന്നു. എല്ലാം അതുമാത്രമാകുന്നു. വേറെ യാതൊന്നുമില്ല. എല്ലാം സച്ചിദാനന്ദഘനം തന്നെ. ആനന്ദമല്ലാതെ മറെറാന്നും കാണപ്പെടുന്നില്ല.

ഗുരുപാദകൃതാസേയം ഹൃദ്യാമനനമാലികാ
അസ്ത്വാമോദായതാത്പര്യ മലയാനിലലോഡിതാ.

ശുഭം

വിവേ. 1912 വൃശ്ചികം, ധനു

ശാശ്വതമായ വിജ്ഞാനം

മനുഷ്യൻ തന്റെ വകകൾക്കു കീഴ്പ്പെടാതെ അവയുടെ മുകളിൽ നിൽക്കണം. അതുപോലെ തന്നെ തന്റെ ശരീരം. കാലദേശാവസ്ഥകൾ, കൂട്ടുകെട്ടുകൾ, മറുള്ളവരുടെ അഭിപ്രായങ്ങൾ, തന്റെ നേർക്കുള്ള അവരുടെ മനോഭാവങ്ങൾ ഇവയ്ക്കൊക്കെയും താൻ മുകളിൽ നിൽക്കേണ്ടതാകുന്നു. അങ്ങനെ ആകുന്നതുവരെ ഒരുവൻ ബലവാനും സ്ഥിരബുദ്ധിയും ആകുന്നതല്ല. തന്റെ സ്വന്ത ആഗ്രഹങ്ങൾക്കും അഭിപ്രായങ്ങൾക്കും കൂടി താൻ മുകളിൽ നിൽക്കേണ്ടതാണ്. അങ്ങനെ ആയാലല്ലാതെ ഒരാൾ അഭിജ്ഞനാകുന്നതുമല്ല.

വസ്തുവകകളെപ്പററി അഭിമാനിച്ചു ജീവിക്കുന്നവൻ അവയുടെ നാശത്തിൽ താൻ ആകപ്പാടെ നശിച്ചുപോയി എന്നു വിചാരിക്കേണ്ടിവരും. തന്നെ കലാദേശാവസ്ഥകളുടെ കാര്യമായും അവ തിരിക്കുംവണ്ണം തിരിയുന്ന യന്ത്രമായും വിചാരിക്കുന്നവനും, ബാഹ്യാവസ്ഥയിലുള്ള ഓരോ സ്ഥിതിഭേദത്തിലും സൈ്ഥര്യമില്ലാതെ ഇളകിമറിഞ്ഞുകൊണ്ടിരിക്കും. മറുള്ളവരുടെ നല്ല അഭിപ്രായം സമ്പാദിച്ച് ജീവിപ്പാൻ പുറപ്പെടുന്നവൻ ആകട്ടെ അസഹ്യമായ അസ്വസ്ഥതയ്ക്കും ദുഃഖത്തിനും ലാക്കായിത്തീരുകയും ചെയ്യും.

എല്ലാ ബാഹ്യവസ്തുക്കളിൽനിന്നും തന്നെ വിടർത്തുകയും ആത്മരമായ സദ്ഗുണങ്ങളിൻമേൽ ശാശ്വതമായി സ്ഥിതിയുറപ്പിക്കയും ചെയ്യുന്നതാണ് "ശാശ്വതമായ വിജ്ഞാനം". ഈ വിജ്ഞാനമുണ്ടായാൽ പിന്നെ ഒരുവൻ സമ്പത്തിലും ആപത്തിലും ഒരേ നിലയിൽതന്നെ

Digitized By Kerala Sahitya Akademi

വർത്തിക്കും. സമ്പത്തു തന്റെ സ്ഥിരതയെ വർദ്ധിപ്പിക്കയോ, ആപത്തു ശാന്തതയെ ഭഞ്ജിക്കയോ ചെയ്യുന്നതല്ല. ആന്തരമായ ദോഷങ്ങളെ അശേഷം തുടച്ചുകളഞ്ഞ ഹൃദയത്തെ ധനസമൃദ്ധി ദുഷിപ്പിക്കയില്ല. ആത്മക്ഷേത്രത്തിന്റെ അധഃപതനത്തിൽ നിന്നു മുമ്പു തന്നെ വിരമിച്ചിരിക്കുന്നവനെ ദാരിദ്ര്യം അധഃപതിപ്പിക്കയുമില്ല.

ബാഹ്യമായ യാതൊരു വസ്തുവിന്റേയും, യാതൊരു സംഭവത്തിന്റേയും പ്രേരണയ്ക്കു് ആത്മാവിനെ കീഴ്പ്പെടാൻ അനുവദിക്കാതെ, അങ്ങനെയുള്ള വസ്തുക്കളേയും സംഭവങ്ങളേയും തന്റെ ഉപയോഗത്തിനും പരിജ്ഞാനത്തിനും ഉതകുന്ന ഉപായങ്ങളാണെന്നു മാത്രം കരുതിയിരിക്കുന്നതാകുന്നു വിജ്ഞാനം. വിജ്ഞാനികൾക്കു് എല്ലാ സംഭവങ്ങളും അവരുടെ ഗുണത്തിനായുള്ളവയാണു്. ദോഷദൃഷ്ടിയില്ലാത്തതുകൊണ്ടു് ദിവസംപ്രതി അവർ അധികമധികം വിജ്ഞൻമാരായിത്തീരുകയും ചെയ്യുന്നു. അവർ എല്ലാറേറിനേയും ഉപയുക്തമാക്കിച്ചെയ്കയും അപ്രകാരം സകലത്തേയും തങ്ങൾക്കു കീഴ്പ്പെടുത്തുകയും ചെയ്യുന്നു, അവർ ചെയ്യുന്ന തെറ്റുകളെ ഉടനടൻ തന്നെ അവർ കണ്ടറിയുന്നു. എന്നാൽ ദൈവികമായ വ്യവസ്ഥയിൽ തെറ്റുകളില്ലെന്നറിഞ്ഞിട്ടു് അവയെ വിലയേറിയ ഓരോ പ്രത്യേകപാഠങ്ങളായി സ്വീകരിക്കയും ചെയ്യുന്നു. അപ്രകാരം അവർ ശീഘ്രത്തിൽ ദൈവികമായ പൂർണ്ണതയെ പ്രാപിക്കുന്നു. അവർ പിന്നെ ഒന്നുകൊണ്ടും കലുങ്ങുന്നില്ല. എന്നാൽ എല്ലാറാറിൽ നിന്നും അവർ ഓരോന്നു പഠിച്ചു കൊള്ളുന്നു. ആരുടേയും സ്നേഹത്തെ അവർ കൊതിക്കുന്നില്ല. എന്നാൽ ആരെയും സ്നേഹിക്കയും ചെയ്യുന്നു. എല്ലാററിൽ നിന്നും അറിവുസമ്പാദിക്ക, ഒന്നുകൊണ്ടും കലുങ്ങാതിരിക്ക, എല്ലാവരേയും സ്നേഹിക്ക, ആരുടേയും സ്നേഹത്തിൽ പെടാതിരിക്ക, എന്നുള്ളതിലാണു മനുഷ്യന്റെ അവ്യാഹതമായ ശക്തികിടക്കുന്നത്. "ഞാൻ എല്ലാവർക്കും അറിവുപഠിപ്പിക്കും, ആരിൽ നിന്നും ഒരു അറിവും പഠിക്കുന്നതല്ല" എന്നു ഹൃദയത്തിൽ വിചാരിക്കുന്ന മനുഷ്യൻ ആ വിചാരമുള്ള കാലം വരെ എന്തെങ്കിലും പഠിപ്പിക്കയോ പഠിക്കയോ ചെയ്തു എന്നു വരുന്നതല്ല. അയാൾ ആ മൗഢ്യത്തിൽ തന്നെ കിടക്കും.

മനുഷ്യൻ എല്ലാ ശക്തിയും വിജ്ഞാനവും സിദ്ധികളും ജ്ഞാനവും തന്റെ ആത്മാവിൽ തന്നെ കാണുന്നതാകുന്നു. അഹങ്കാരത്തിൽ കാണുന്നതല്ല. ഇതെല്ലാം അവൻ അനുസരണം, വിനയം, അറിവുസമ്പാദിപ്പാനുള്ള തൃഷ്ണ ഇതുകളിൽ മാത്രം കാണുന്നതാണു്. മുകളിൽ നിൽക്കുന്ന സത്യവസ്തുവിനെ വഴങ്ങിനടക്കണം, താഴെയുള്ള ക്ഷുദ്രകാര്യങ്ങളിൽ പ്രൗഢി നടിക്കയും അരുതു്. അഹങ്കാരത്തെ ആധാരമാക്കിനിന്നുകൊണ്ടു് സ്വാനുഭവത്തിന്റെ പാഠങ്ങളേയും ഉപദേശങ്ങളേയും തർജ്ജനങ്ങളേയും നിഷേധിക്കുന്നവനു നിശ്ചയമായും അധഃപതനം തന്നെ ഫലം. അല്ലെങ്കിൽ അവനു് അധഃപതനം സംഭ

Digitized By Kerala Sahitya Akademi

വിച്ചുകഴിഞ്ഞു എന്നതന്നെ പറയാം. ഒരു വലിയ ആചാര്യൻ ശിഷ്യനോട് ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

എന്റെ ശിഷ്യൻമാരിൽ തന്നിൽ തന്നെ വിശ്വസിക്കുകയും ബാഹ്യമായ യാതൊരു ആശ്രയത്തിലും വിശ്വസിക്കാതെയും സത്യത്തെ വിളക്കുപോലെ മുറുകെപ്പിടിച്ചുകൊണ്ടും സത്യത്തിൽ തന്നെ തന്റെ മോക്ഷത്തെ അന്വേഷിച്ചു കൊണ്ടും തന്നെ ഒഴിച്ചു വേറെ യാതൊരു സഹായത്തെയും തന്റെ രക്ഷയ്ക്കായി പ്രതീക്ഷിക്കാതെയും തനിക്കു താൻ തന്നെ വിളക്കായും ആരു ജീവിക്കുന്നുവോ അവനാണ് സർവോന്നതമായ സ്ഥാനത്തിൽ എത്തുന്നത്. എന്നാൽ അങ്ങനെയുള്ളവനും വീണ്ടും അറിവു സമ്പാദിപ്പാൻ തൃഷ്ണ വേണ്ടതാകുന്നു. വിജ്ഞാനികൾ എപ്പോഴും പഠിപ്പാൻ താല്പര്യപ്പെടുന്നവരാണ്. പഠിപ്പിപ്പാൻ അവർക്ക് ഒരിക്കലും ആസക്തി കാണുകയില്ല. എന്തുകൊണ്ടെന്നാൽ, വാസ്തവ ഉപദേഷ്ടാവ് എല്ലാവരുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുകയാണെന്നും എല്ലാവരും ഒരിക്കൽ അവിടെ ആ ഉപദേഷ്ടാവിന്റെ സാന്നിദ്ധ്യത്തെ കണ്ടെത്തുമെന്നും അവർക്കറിയാം. അജ്ഞന്മാർ ദുരഭിമാനത്തിനു വശംവദരായിട്ട് ഉപദേശിപ്പാൻ മാത്രം സന്നദ്ധരാകുന്നു. ഉപദേശം ഗ്രഹിപ്പാൻ അവർക്കു മനസ്സില്ല. ശ്രദ്ധയോടെ എല്ലാം ചെവികൊടുക്കുന്ന വിനീതരായ ആത്മാക്കൾക്കു ദിവ്യോപദേശങ്ങൾ നൽകിക്കൊണ്ട് ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന പരിശുദ്ധ ഗുരുവിനെ കണ്ടിട്ടില്ലായ്കനിമിത്തമാണ് അവർ അങ്ങനെ ആയിത്തീർന്നത്. ആത്മാശ്രയം തന്നെയാണ് വേണ്ടത്. എന്നാൽ ആത്മാശ്രയം സാത്വികവും സ്വാർത്ഥരഹിതവുമായിരിക്കണം.

മൗഢ്യം, വിജ്ഞാനം, ശക്തിഹീനത, ശക്തി ഇതെല്ലാം മനുഷ്യനിൽ തന്നെ ഉള്ളതാണ്. വേറെ ബാഹ്യവസ്തുവിൽ ഒന്നിലുമുള്ളതല്ല. ഏതെങ്കിലും ബാഹ്യകാരണങ്ങളിൽ നിന്നു തുള്ളിച്ചാടിവരുന്നതുമല്ല. ഒരുവനു മറ്റൊരുവൻ നിമിത്തം ശക്തിമാനാവാൻ കഴികയില്ല. തന്നെക്കൊണ്ടുമാത്രമാണ് താൻ ശക്തനാകുന്നത്. മറ്റൊരുത്തൻ നിമിത്തം ഒരുവനു വിജയം നേടാനും കഴിയുന്നതല്ല. തന്റെ വിജയത്തിനുതാൻ തന്നെയാണു കാരണമാകുന്നത്. നാം അന്യന്മാരിൽ നിന്നു ശാസ്ത്രങ്ങൾ പഠിക്കും. എന്നാൽ നമ്മെ പണ്ഡിതന്മാരാക്കേണ്ടത് നാം തന്നെയാകുന്നു. ബാഹ്യാശ്രയങ്ങളെ എല്ലാം വിട്ടകളഞ്ഞിട്ട് ഹൃദയസ്ഥമായ സത്യത്തെ ആശ്രയിച്ചുകൊള്ളുവിൻ. പ്രലോഭനങ്ങൾ വലിച്ചിഴയ്ക്കുമ്പോൾ ഒരുവനെ തന്റെ വെറും മതവിശ്വാസം തടുത്തുനിർത്തുകയില്ല. ആന്തരമായ ജ്ഞാനാനുഭവമുണ്ടായിരിക്കണം. അതു പ്രലോഭനങ്ങളെയെല്ലാം ധ്വംസിച്ചുകളയും, വെറും വേദാന്തശാസ്ത്രജ്ഞനും ആപൽക്കാലത്തു നിഴൽ പോലെ മാഞ്ഞുപോകും. എന്നാൽ ആന്തരമായ വിജ്ഞാനം വ്യസനത്തെ മൂലച്ഛേദം ചെയ്യുന്നതായിരിക്കും.

Digitized By Kerala Sahitya Akademi

എല്ലാ മതങ്ങളുടെയും ലക്ഷ്യമായ നന്മ, അല്ലെങ്കിൽ ധർമ്മം, മതങ്ങളിൽനിന്നും വേറിട്ടനിൽക്കുന്നു. എല്ലാ തത്വശാസ്ത്രങ്ങളുടെയും ലക്ഷ്യമായ വിജ്ഞാനം തത്വശാസ്ത്രങ്ങളിൽ നിന്നു ഭിന്നമായിരിക്കുന്നു. ശാശ്വതമായ വിജ്ഞാനം ശുദ്ധവിചാരങ്ങളെയും സൽപ്രവർത്തികളെയും നിരന്തരമായി പരിപാലിക്കുന്നതിൽ നിന്നുമാത്രമേ ഉണ്ടാവൂ. അതുണ്ടാവണമെങ്കിൽ വിചാരത്തേയും ഹൃദയത്തേയും സുന്ദരവും, കമനീയവും, സത്യവുമായ വസ്തുക്കളിൽമാത്രം സദാ രഞ്ജിപ്പിച്ചു നിർത്തേണ്ടതാകുന്നു.

ഒരുവൻ ഏതവസ്ഥകളിലെങ്കിലും പെട്ടിരിക്കട്ടെ, ആ അവസ്ഥകളിലൊക്കെയും അവന് സദാ ദൈവികമായ സത്യത്തെ കാണാൻ കഴിയും. എന്നാൽ താൽക്കാലികാവസ്ഥയെ ശക്തിയും വിജ്ഞാനവുമുണ്ടാകത്തക്കവിധത്തിൽ ഉപയോഗിച്ചെങ്കിൽ മാത്രമേ ആ സത്യത്തെ കാൺമാൻ കഴിയൂ. കർമ്മങ്ങളുടെ സൽഫലങ്ങളെ ചിന്തിച്ചു സ്ത്രീസാധാരണമായ അത്യാസക്തിയും ദുഷ്ഫലങ്ങളിൽ ഭീരുസഹജമായ പേടിയും ആകുന്ന എല്ലാം ഹൃദയത്തിൽ നിന്ന് ഉന്മൂലനം ചെയ്തുകളയുക. തന്റെ സകല കർത്തവ്യങ്ങളെയും സന്തോഷപൂർവം ശരിയായി നിർവഹിക്കുന്നതിന് സന്നദ്ധനാകുക. തന്നെയും തന്റെ നിസ്സാരമായ സുഖങ്ങളേയും മറന്നുകളയുക. ബലം, പരിശുദ്ധി, മൗനം ഇവയെ പുരസ്കരിച്ചു ജീവിക്കുക. അപ്പോൾ ശാശ്വതമായ വിജ്ഞാനം എന്നു പറയുന്ന ഈശ്വരസാധാരണമായ ക്ഷമയും ശക്തിയും നിശ്ചയമായും സിദ്ധിക്കും.

ഏതെങ്കിലും ഒരു കർത്തവ്യവും ഒരു ആദർശവും ഇല്ലാത്ത അവസ്ഥയിൽ മനുഷ്യർ ഒരിക്കലും ജീവിച്ചിരുന്നിട്ടില്ല. ജീവിതാദർശം ഇവിടെയില്ലെങ്കിൽ പിന്നെ എങ്ങുമില്ല. അതുകൊണ്ട് അതിനെ സൃഷ്ടിച്ചുകൊള്ളുക. സൃഷ്ടിച്ചിട്ട് അതിനെ വിശ്വസിക്കുക, അതിൽ ജീവിക്കുക, മുക്തനാകുക. ആദർശം നിങ്ങളിൽ തന്നെയിരിക്കുന്നു. പ്രതിബന്ധങ്ങളും നിങ്ങളിൽ തന്നെയുണ്ട്. ആദർശത്തെ ആ പദാർത്ഥം കൊണ്ടുതന്നെ നിങ്ങൾ നിർമ്മിച്ചു കൊള്ളണമെന്നുള്ളതാണ് നിങ്ങളുടെ ജീവിതനിയമം. ആ പദാർത്ഥം ഇങ്ങനെയിരിക്കുന്നു എന്നോ അങ്ങനെയിരിക്കുന്നുവെന്നോ ചിന്തിച്ചിട്ട് കഥയുണ്ടോ? അതുകൊണ്ട് നിങ്ങൾ അതിനുകൊടുക്കുന്ന രൂപം വീരോചിതമായും കവിതാർഹമായും ഇരുന്നാലെന്ത്? സംസാരകാരാഗൃഹത്തിൽ കുടുങ്ങി വേദന അനുഭവിക്കുകയും ദേവന്മാരോട് സൃഷ്ടിയും ഭരണവും നടത്താൻ സ്വർഗരാജ്യം കിട്ടണമെന്ന് യാചിച്ച് നിലവിളിക്കുകയും ചെയ്യുന്ന ആത്മാക്കളേ! നിങ്ങൾ ഈ സത്യത്തെ കേൾക്കുക. "നിങ്ങൾ അന്വേഷിക്കുന്ന സ്വർഗരാജ്യം നിങ്ങളുടെ ഉള്ളിൽതന്നെയുണ്ട്. നിങ്ങൾക്കതു കാണാൻ സാധിച്ചാൽ മതി."

സൗഭാഗ്യവും ഭാഗ്യവും തികഞ്ഞ എല്ലാവസ്തുക്കളും നിങ്ങളിൽ തന്നെ ഇരിക്കുന്നു. അയൽക്കാരന്റെ ധനത്തിലല്ലിരിക്കുന്നത്.

Digitized By Kerala Sahitya Akademi

നിങ്ങൾ ദരിദ്രരാണോ? അതേ, നിങ്ങളുടെ ദാരിദ്ര്യത്തെ കവിഞ്ഞ പൗരുഷം നിങ്ങൾക്കില്ലെങ്കിൽ നിശ്ചയമായും ദരിദ്രരത്രേ. നിങ്ങൾ മഹാവിപത്തുകളിൽ കുടുങ്ങിയിരിക്കയാണോ? ആണെങ്കിൽ ശരി. ആ ആപത്തുകളോടു വിഷാദത്തെയും കൂട്ടിച്ചേർത്താൽ അവയ്ക്കു ശമനമുണ്ടാകുമോ? ഒരുടഞ്ഞ വശി അതിനെച്ചൊല്ലി കരഞ്ഞാൽ മുറികൂടുന്നതാണോ? നഷ്ടപ്പെട്ടുപോയ ഒരു സുഖസാധനം മുവിളി കൂട്ടിയാൽ തിരികെ വരുമോ? ബുദ്ധിപൂർവം നേരിട്ടനിന്നാൽ പ്രതീർന്നുപോകാത്ത കഷ്ടാവസ്ഥ ലോകത്തില്ല. ഈശ്വരത്വമുള്ള ആത്മാവ് ഭൂതത്തെയോ വർത്തമാനത്തെയോ ഭാവിയെയോ പറ്റി വ്യസനിക്കുന്നില്ല. അത് എല്ലാ സംഭവങ്ങളിലും ദൈവികമായ ഗുണത്തെ കാണുകയും എല്ലാറ്റിൽ നിന്നും വിജ്ഞാനത്തെ സമ്പാദിക്കുകയും മാത്രം ചെയ്യുന്നു. ഭയം സ്വാർത്ഥതയുടെ ഛായയാകുന്നു. അതിന് സ്നേഹയുക്തമായ വിജ്ഞാനമുള്ളിടത്തിൽ സ്ഥിതിയുണ്ടാകുന്നതല്ല. സന്ദേഹം, ചിന്ത, മനഃക്ലേശങ്ങൾ ഇവയെല്ലാം ആത്മലോകത്തിന്റെ അടിവാരത്തുള്ള നിസ്സാരമായ നിഴലുകളാകുന്നു. അതിന്റെ ഉപരിസ്ഥാനങ്ങളിൽ ആരോഹണം ചെയ്യുന്നവർക്ക് അവയിൽ നിന്നുള്ള ഉപദ്രവം പിന്നെ ഉണ്ടാകുന്നതല്ല. തന്റെ ജീവിതത്തിന്റെ മൂലനിയമത്തെ മനസ്സിലാക്കുന്നവൻ ദുഃഖത്തിൽ നിന്ന് എന്നേക്കും വിമുക്തനായിത്തീരുന്നതാകുന്നു. അങ്ങനെ അതിനെ മനസ്സിലാക്കുന്നവൻ പരമമായ ജീവിതനയത്തെയും അറിയാറാവും. ആ നിയമം സ്നേഹമാകുന്നു—അനശ്വരമായ സ്നേഹമാകുന്നു. അങ്ങനെയുള്ളവൻ ആ സ്നേഹത്തോടു ഐക്യം പ്രാപിക്കുന്നു. പിന്നെ ദ്വേഷവും അജ്ഞതയും അശേഷം വിട്ടു വിശുദ്ധമായ മനസ്സുകൊണ്ട് അവൻ സകല ജീവികളെയും സ്നേഹിച്ചിട്ട് സ്നേഹസ്വരൂപനായ ഈശ്വരൻ നൽകുന്ന അപരിഹാര്യമായ രക്ഷയ്ക്കു നിത്യപാത്രമായി പരിണമിക്കുകയും ചെയ്യുന്നു. ഫലാപേക്ഷയില്ലാത്തതിനാൽ അവന് ഒരിക്കലും കാര്യനഷ്ടം വരുന്നില്ല. സുഖേച്ഛയില്ലാത്തതിനാൽ ദുഃഖമുണ്ടാകുന്നില്ല. ശക്തികൾ എല്ലാം പരോപകാരാർത്ഥം വിനിയോഗിക്കപ്പെടുന്നതുകൊണ്ട് അവൻ ഉപര്യുപരി പരമാനന്ദങ്ങളനുഭവിച്ചു ജീവിക്കയും ചെയ്യും.

ഇതോർമ്മവച്ചുകൊള്ളുവിൻ—നിങ്ങളെ സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും നിങ്ങൾതന്നെ. നിങ്ങളുടെ സ്ഥിതിയും പതനവും നിങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ ഭൃത്യനാവാൻ വിചാരിക്കുന്നു എങ്കിൽ ഭൃത്യനായിത്തീരും. യജമാനനാവാൻ വിചാരിക്കയാണെങ്കിൽ യജമാനനായും ഭവിക്കും. ജന്തുസാധാരണമായ ആഗ്രഹങ്ങളിലും മനഃകല്പിതങ്ങളായ അഭിപ്രായങ്ങളിലും സ്ഥാനമുറപ്പിച്ചിട്ടുള്ള ജീവിതം പൂഴിയിൻമേൽ കെട്ടിയുണ്ടാക്കുന്ന സൗധംപോല ദുർബലമായിരിക്കും. അതുകൊണ്ട് ജീവിതസൗധത്തെ സൽഗുണം, ഈശ്വരഭക്തി ഇവയുടെ അടിസ്ഥാനത്തിൻമേൽ നിർമ്മിക്ക. പിന്നെ അതിനെ കൊടുങ്കാറ്റുകൾ മറിച്ചിടുകയോ, ജലപ്രവാഹ

Digitized By Kerala Sahitya Akademi

ങ്ങൾ വലിച്ചുകൊണ്ടുപോകയോ ചെയ്യുമെന്നു ഭയപ്പെടേണ്ടതില്ല. ഇങ്ങനെയായാൽ സകല അത്യാഹിതങ്ങളിലും നിങ്ങളെ ശാശ്വതമായ വിജ്ഞാനം താങ്ങിക്കൊള്ളും. നിത്യമായ പരമാത്മാവിന്റെ സ്നേഹമേറിയ ബാഹുക്കൾ നിങ്ങളെ ആശ്ലേഷിച്ചു ശാന്തിസുഖം നൽകുകയും ചെയ്യും.

കെട്ടിവയ്ക്കുവിനറുത്തു നൽഗുണഗണങ്ങളാം കൃഷിഫലങ്ങളെ-
ക്കെട്ടിടില്ലുതകൾ തസ്കരൻ, നൃപതികണ്ടുകെട്ടുകയുമില്ലുതാൻ
കെട്ടിനിന്ന മുതലും സുഖങ്ങളുമയർന്നമന്ത്യമകന്നുപോം
വിട്ടിടില്ലുതകൾ പോകിലും വിമലകാന്തിയാർന്ന ഗുണമാരെയും.

വിവേ: 1092 കന്നി, തുലാം

നിർബന്ധിതവിദ്യാഭ്യാസം

ബ്രിട്ടീഷ് ഇന്ത്യ

: ബ്രിട്ടീഷ് ഭരണംകൊണ്ട് ഇൻഡ്യയ്ക്ക് അളവറഗുണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അസൂയയുള്ള സ്വദേശിയും സമ്മതിക്കും. പണ്ടില്ലാത്ത ആവിവണ്ടിയും കമ്പിത്തപാലും സ്ഥാപിച്ചുവരുത്തീട്ടുള്ളതുപോലെ അത്ഭുതകരമായ പരിഷ്കാരാഭിവൃദ്ധിയെ ആണ് പുതിയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സ്ഥാപനംകൊണ്ടും ബ്രിട്ടീഷുകാർ ഇൻഡ്യയ്ക്ക് ഉണ്ടാക്കീട്ടുള്ളത്. ഇതു് അല്പം ആലോചിച്ചാൽ ആർക്കും അറിയാവുന്നതാണ്. വിദ്യാഭ്യാസം ഇപ്പോൾ ഒരു പ്രത്യേക കൂട്ടരുടേയും തറവാട്ടുവകയോ കുത്തകച്ചരക്കോ ആയിരിക്കുന്നില്ല. അക്ഷരസംയുക്തനായ 'ശൂദ്രൻ' ദൂരതഃപരിവർജ്ജിപ്പാനും ധൈര്യപ്പെടുന്നവർ ഇപ്പോൾ ഇൻഡ്യയിൽ ഇല്ലെന്നുതന്നെ പറയാം. 'വിദ്യാവിഹീനൻ' 'പശു'തന്നെ ആണെന്ന് എത്രയോ മുൻപേ അറിഞ്ഞിരുന്ന നമ്മുടെ പൂർവന്മാരെ സമ്മതിച്ചേതീരൂ. എങ്കിലും രണ്ടുകാലുള്ള പശുക്കളുടെമേൽ അവരുടെ അനുകമ്പയോ ശ്രദ്ധയോ വേണ്ടവണ്ണം പതിഞ്ഞിരുന്നതായി കാണാത്തതു് ദയനീയമാകുന്നു. മനുഷ്യന്റെ ഇഹപരസുഖങ്ങൾക്കും സകലവിധമായ ഉന്നതിക്കും ഒന്നുപോലെ ഉപയുക്തമായ വിദ്യാഭ്യാസം പ്രജകളിൽ ജാതിമതഭേദമോ സ്ത്രീപുരുഷഭേദമോ കൂടാതെ എറക്കുറേ എല്ലാവർക്കും ഉണ്ടായിരിക്കണമെന്ന രാജശാസനയാൽ നിർബന്ധിക്കുന്നതിനാണ് 'നിർബന്ധിത വിദ്യാഭ്യാസം' എന്നു പറയുന്നത്. കുട്ടികളുടെ രക്ഷാധികാരികൾ ഈ ഏർപ്പാടിനാൽ അവരെ സ്കൂളിൽ അയച്ചേതീരൂ. ഈ മഹാനുഗ്രഹം യൂറോപ്പിലെ ചില രാജ്യങ്ങളിലാണ് ആദ്യം നടപ്പാക്കിയത്. ഇൻഡ്യയിൽ ബറോഡയിലെ ഗെക്കുവാൻ മഹാരാജാവവർകൾ തന്റെ രാജധാനിയിൽ മാത്രം പരീക്ഷാർത്ഥമായി ഈ നിയമത്തെ കുറേ മുൻപു് ഏർപ്പെടുത്തുകയും സഫലമാക്കുകയും ചെയ്തു. ആ മഹാനായ രാജാവ് ഇപ്പോൾ അതിനെ തന്റെ രാജ്യം മുഴുവൻ നടപ്പിൽ

Digitized By Kerala Sahitya Akademi

വരുന്നാൻ ആലോചിച്ചുവരുന്നു. സാമാന്യമായ ഒരു പ്രാഥമിക വിദ്യാഭ്യാസത്തെ മാത്രമേ ഇപ്രകാരം നിർബന്ധിതമാക്കുവാൻ എവിടെയും കഴിയൂ. ഇപ്പോഴത്തെ ഇന്ത്യാ ഗവൺമെൻറിനെ സംബന്ധിച്ചു സ്വദേശികളിൽ ഭിന്നാഭിപ്രായക്കാർ പലരും ഉണ്ട്. എങ്കിലും ബ്രിട്ടീഷ് ഇന്ത്യ മുഴുവൻ പ്രാഥമിക വിദ്യാഭ്യാസത്തെ നിർബന്ധിതമാക്കാനും എല്ലാ നാട്ടരാജാക്കൻമാരോടും പാടുള്ളിടത്തോളം അതിനെ അനുകരിപ്പാൻ ഉപദേശിപ്പാനും ഗവൺമെൻറ് ആലോചിച്ചുവരുന്നതായി ഒരു ഉപശ്രുതി പൊങ്ങിയിരിക്കുന്നതു വാസ്തവമാണെങ്കിൽ ഈ കാലോചിതമായ ആലോചനയെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല. ഈ ആലോചന അചിരേണ സഫലമായി വന്നുകാണ്മാൻ ആഗ്രഹിക്കുന്നു.

കൊച്ചി

രാജ്യം ചെറുതാണെങ്കിലും വിദ്യാഭ്യാസ സംബന്ധമായി പറയുമ്പോൾ കൊച്ചിയെ ശ്ലാഘിപ്പാതിരിപ്പാൻ തരമില്ല പ്രാഥമിക വിദ്യാഭ്യാസമുള്ളവരുടെ അല്ലെങ്കിൽ എഴുതാനും വായിക്കാനും അറിയാവുന്നവരുടെ സംഖ്യ അവിടെ മറ്റുസ്ഥലങ്ങളിൽ ഉള്ളവരെ വിസ്മയിപ്പിക്കത്തക്കവണ്ണം അധികമാകുന്നു. പ്രജകളിൽ സംഖ്യകൊണ്ട് ഒന്നാമത്തെ വർഗ്ഗക്കാർ അവിടെ തീയരാണെന്നു തോന്നുന്നു. വിദ്യാഭ്യാസ സംബന്ധമായി നോക്കിയാൽ ഇവർ മൂന്നാമത്തെ പടിയിലും ആകുന്നു. എങ്കിലും ഇവരിൽത്തന്നെ പുരുഷൻമാരിൽ 100ന് 62½ വീതവും സ്ത്രീകളിൽ 100ന് 9½ വീതവും അക്ഷരജ്ഞാനമുള്ളവരായി കാണുന്നു. ഇത് തിരുവിതാംകൂറിലേതിനേക്കാൾ നാലു മടങ്ങിൽപരം ജാസ്തിയാകുന്നു. സർക്കാർ സ്കൂളുകളിൽ ഈ ജാതിക്കാരെ അവിടെ തട്ടത്തിട്ടില്ലെന്നുള്ള വസ്തുതയായിരിക്കും ഈ വലുതഭേദത്തിനുകാരണം. വിശാലഹൃദയതയും ബുദ്ധിസമാമർത്ഥ്യവും കൊണ്ടു വളരെ പ്രസിദ്ധിയുള്ള ഇപ്പോഴത്തെ കൊച്ചിമഹാരാജാവ് തിരുമനസ്സുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം അവിടെ നിർബന്ധിതമാക്കാൻ ആലോചിച്ചുവരുന്നതായി കേൾവിയുണ്ട്. ധനസംബന്ധമായി കൊച്ചിയിൽ ഇപ്പോൾ കുറെഞെരുക്കമാണുള്ളതെങ്കിലും നാട്ടുഭാഷ സ്കൂളുകളിൽ ഒരു പരിമിതമായസംഖ്യകൂടി ചെലവാക്കുന്നതു കൊണ്ടുതന്നെയും സാധിക്കാവുന്ന ഈ സ്തുത്യർഹമായ ഏർപ്പാടു മഹാരാജാവവർകൾ നടപ്പിൽ വരുത്തി ഒരു ആദ്യദൃഷ്ടാന്തമായി തീർന്നാൽ കൊള്ളാമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അവിടത്തെ പൂർവഗാമികൾ തന്നെ ഈ സംഗതിയിൽ ദൃഷ്ടി വച്ചിട്ടുണ്ടായിരുന്നു. കൊല്ലവർഷം 913-ാമാണ്ട് (169 സംവൽസരങ്ങൾക്കു മുമ്പ്) ഇത്തരം വിദ്യാഭ്യാസം സർക്കാർ ചിലവിൻമേൽ നിർബന്ധിതമാക്കുന്നതിനെപ്പറ്റി വളരെ സാരവത്തായ ഒരു തിരുവെഴുത്തു വിളംബരം പ്രസിദ്ധപ്പെടുത്തുകയും എല്ലാ താലൂക്കുകളിലും പ്രവൃത്തികളിലും വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തിട്ടുണ്ടായിരുന്നു. തന്റെ പൂർവൻമാരാൽ ഇപ്രകാരം ആരംഭിക്കപ്പെട്ടതും പുതിയ ഭരണ

Digitized By Kerala Sahitya Akademi

തന്ത്രജ്ഞന്മാരാൽ ഒന്നുപോലെ സ്തുതിക്കത്തക്കതുമായ ഈ ഏർപ്പാടിനെ കാലോചിതമായ പരിഷ്കാരത്തോടുകൂടി നടപ്പിൽകൊണ്ടുവന്ന പ്രജകളുടെ കൃതജ്ഞതയ്ക്കും അസാമാന്യമായ യശസ്സിനും പാത്രമാവാൻ ഇപ്പോഴത്തെ തിരുമേനി വിചാരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

തിരുവിതാംകൂർ

വിദ്യാഭ്യാസ വിഷയത്തിൽ തിരുവിതാംകൂർ ബ്രിട്ടീഷ് ഇൻഡ്യയെ മുഴുവനും ബറോഡാ രാജ്യത്തെയും ജയിക്കുന്നു. നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് മുഴുവൻ മുതലെടുപ്പിന്റെ 10-ൽ ഒന്നോളം ഭാഗം ഈ വിഷയത്തിൽ ചെലവു ചെയ്യുന്നു. ഇതിന്റെ ഫലമായി ഇവിടെ പ്രജകളിൽ നൂറിനു് ആറിൽ അധികവും വിദ്യാഭ്യാസമുള്ളവരാണ്. മൈസൂറിൽ നൂറിനു രണ്ടോളവും മുഴുവൻ ബ്രിട്ടീഷ് ഇൻഡ്യയിലും ശരാശരി നൂറിനു മൂന്നുപേരും മാത്രമേ അക്ഷരാഭ്യാസമുള്ളവരായിരിക്കുന്നുള്ളു. പ്രസിദ്ധപ്പെട്ട വേഗാർമഹാരാജാവവർകൾ തന്നെ അവിടത്തെ മുതലെടുപ്പിൽ 16-ൽ ഒരു ഭാഗം മാത്രമേ ഇപ്പോൾ വിദ്യാഭ്യാസവിഷയത്തിൽ ചെലവു ചെയ്യുന്നുള്ളു. തിരുവിതാംകൂറിൽ 3600-ൽ ചിലവാനം വിദ്യാലയങ്ങൾ ആകപ്പാടെയുണ്ടു്. ഇവയിൽ 200-ൽ ചിലവാനം സ്കൂളുകൾ മുഴുവൻ ഗവണ്മെൻറ് സാഹായിക ധനത്താൽ ഉപജീവിക്കുന്നു. പുലയർ മുതലായ താഴ്ന്ന ജാതിക്കാർക്ക് 20-ൽ ചിലവാനം പ്രത്യേക സ്കൂളുകൾ സ്ഥാപിച്ചിരിക്കുന്നു. തലസ്ഥാനത്തു് ഒരു ഒന്നാംതരം കോളേജും സ്ത്രീകൾക്കായി ഒരു കോളേജും ഒരു ലാ കോളേജും ഒരു സംസ്കൃത കോളേജും ഒരു ആയുർവേദപാഠശാലയും പലേടത്തായി അനേക കൈത്തൊഴിൽ വിദ്യാലയങ്ങളും മറ്റും കൊണ്ടു് നമ്മുടെ രാജ്യം വളരെ ശോഭിക്കുന്നു. മേൽപറഞ്ഞ വിദ്യാലയങ്ങളിൽ പലതിനേറെയും ഉപയോഗം ജാതിമതഭേദങ്ങളെക്കൊണ്ടു് ദയനീയമാംവണ്ണം അല്പീകരിച്ചിരിക്കയാണെങ്കിലും ഇവയുടെ സ്ഥാപനം പ്രജകളിൽ എല്ലാപേർക്കും ഒന്നുപോലെ അഭിമാനഹേതുവായിരിക്കുന്നു. ഇവയ്ക്കായി കൊല്ലത്തിൽ 6 ലക്ഷത്തിൽപരം ഉറുപ്പികയാണ് ചെലവ്. ഈ നിലയിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതു്, ഇൻഡ്യയുടെ വല്ലഭാഗത്തും സുകരമാണെങ്കിൽ ഏറെവും സുകരം തിരുവിതാംകൂറിലാണെന്നു് ആർക്കും അറിയാവുന്നതാണല്ലോ. എന്നാൽ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായുള്ള വളർച്ചകൊണ്ടു് ഈ പ്രശസ്തമായ നിലയിൽ എത്തിയിരിക്കുന്ന പ്രസ്തുത വകുപ്പിന്റെ ഇപ്പോഴത്തെ സ്ഥിതി അത്ര തൃപ്തികരമല്ല. നാലിൽ മൂന്നു് ഗ്രാൻറ് അനുവദിച്ചിരുന്ന ചില സ്കൂളുകൾക്കു് ഇപ്പോൾ ഗ്രാൻറിന്റെ നിരക്കു് കുറച്ചുകളഞ്ഞിരിക്കുന്നു. കുട്ടികളുടെ ഫീസുകൾ ക്രാന്തുതോറും കൂട്ടിയിരിക്കുന്നതായി ഈയിടെ സർക്കാർ ഗസറ്റിൽ പ്രസി

Digitized By Kerala Sahitya Akademi

ദ്ധപ്പെടുത്തിയിരിക്കുന്ന ഒരു സർക്കുലർ വിദ്യാഭ്യാസ വിഷയത്തിൽ തൃഷ്ണയുള്ള എല്ലാവരെയും പൊതുവെ വ്യാകുലപ്പെടുത്തിയിരിക്കുന്നു. അയൽരാജ്യങ്ങളിലെല്ലാം പ്രാഥമിക വിദ്യാഭ്യാസത്തെ ഫീസു കൂടാതെയും നിർബന്ധിതമായും നടത്താൻ ആലോചനകൾ പ്രബലമായി നടക്കുന്ന കാലത്ത് തിരുവിതാംകൂറിന്റെ ഈ നിശ്ചയം എത്ര അപ്രതീക്ഷിതവും ആക്ഷേപാവഹവുമാകുന്നു. തിരുവിതാംകൂർ ഭരണമണ്ഡലത്തിന്റെ ഏറ്റവും പ്രകാശമേറിയ ഭാഗം വിദ്യാഭ്യാസവകുപ്പാണ്. മേല്പറഞ്ഞ സർക്കുലർ അതിന്റെ ഭാവിയെ മലിനവും അഭിവൃദ്ധിയെ അധോമുഖവുമാക്കി ചെയ്യുമെന്നുള്ളത് തീർച്ചയാകുന്നു.

പരക്കെ ആക്ഷേപിക്കപ്പെടുന്ന ഊട്ടുപുരകൾക്കായി വിദ്യാഭ്യാസവകുപ്പിൽ ചെലവാക്കുന്നതിനെക്കാൾ വലുതായ ഒരു സംഖ്യ വ്യയം ചെയ്യപ്പെടുന്നുണ്ട്. അത് ഇപ്പോൾ മൂന്നമടങ്ങിൽപ്പരം വർദ്ധിക്കുകയല്ലെങ്കിൽ മുഴുവൻ മുതലെടുപ്പിന്റെ മൂന്നിൽ ഒരു ഭാഗത്തെ വിഴുങ്ങിക്കളവാൻ ഒരുങ്ങി നിൽക്കയാകുന്നു. അലഞ്ഞുവരുന്ന വഴിപോക്കരുടെ ഉപയോഗത്തിലേക്കുവേണ്ടി മാത്രമാണ് ധർമ്മാന്നങ്ങൾ ഏർപ്പെട്ടിരിക്കുന്നത്. ഊട്ടുപുരകളെ ഒരു വർഗ്ഗത്തെ തീറ്റുന്നതിനുള്ള പൊതു അടുക്കളകളായി പരിണമിപ്പിച്ചത് ഇടക്കാലത്താകുന്നു. ഗവൺമെന്റുചെലവിൻമേൽ വഴിപോക്കരല്ലാത്ത എല്ലാവർക്കും ഈ ഊട്ടുപുരകളിൽ ഭക്ഷണം കൊടുക്കുന്ന ദുർമ്മര്യാദയെ തടുക്കാനായി 1030-ാമാണ്ട് ഗവണ്മെൻറിൽനിന്ന് 2141-ാം നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ആ ബുദ്ധിപൂർവകമായ സർക്കുലറിനെ നടപ്പിൽ കൊണ്ടുവന്നിരുന്നു എങ്കിൽ ഈ 52 കൊല്ലങ്ങൾക്കുള്ളിൽ എത്ര കോടി ഉറുപ്പിക നമ്മുടെ ഖജനാവിൽ കവിഞ്ഞുകിടക്കുമായിരുന്നു. ഇനിയെങ്കിലും അതിലെ താൽപര്യപ്രകാരം ഈ ദുർവ്യയത്തെ ക്രമീകരിക്കുകയോ കുറേക്കൂടി കാലോചിതമായ വിധത്തിൽ പര്യാലോചിച്ച് അതിനെ നിരോധിക്കുകയോ ചെയ്യാതിരിപ്പാൻ പാടില്ലാത്തതാകുന്നു. ഭയങ്കരമായ ആ ചെലവിനെ വെട്ടിക്കുറച്ച് അതിൽനിന്ന് ഗണ്യമായ ഒരുഭാഗം വിദ്യാഭ്യാസവകുപ്പിലേക്ക് വിനിയോഗിക്കുന്നതായാൽ പ്രാഥമിക വിദ്യാഭ്യാസം മാത്രമല്ല, അതിനേക്കാൾ ഉയർന്നതരം വിദ്യാഭ്യാസംകൂടി നിർബന്ധിതമാക്കുന്നതു് നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലേക്ക് നിഷ്പ്രയാസമാകുന്നു. പ്രജകളുടെമേൽ പുത്രസാധാരണമായ വാത്സല്യമുള്ള തിരുമേനി ഈ വിഷയത്തിൽ ഉടനെ ദൃഷ്ടിവയ്ക്കുകയും പ്രാഥമിക വിദ്യാഭ്യാസ പ്രചാരത്തിനായുള്ള ചില സംഘങ്ങളുടേയും സമുദായാംഗങ്ങളുടെയും ശ്രമങ്ങളെ ഗുണകരമായ മറ്റു വിഷയങ്ങളിലേക്ക് തിരിക്കത്തക്കവണ്ണം ഇടയാക്കുകയും ചെയ്യുമെന്ന് അവിടത്തെ ഗുണഗണങ്ങളെ ഓർത്ത് ഞങ്ങൾ ഉറപ്പിച്ചുകൊള്ളുന്നു.

വിദേ: 1082 വൃശ്ചികം

Digitized By Kerala Sahitya Akademi

ഒരു ബോർഡിംഗ് സ്കൂൾ

ഇംഗ്ളീഷ് പരിജ്ഞാനമില്ലാത്ത പൊതുജനങ്ങൾക്ക് ഈ വാക്കിന്റെ അർത്ഥവും, അതിൽ അടങ്ങിയ സംഗതികളും അറിഞ്ഞുകൂടാ. അതുകൊണ്ട് അതിനെ വ്യാഖ്യാനിക്കുന്നത് അസംഗതമാകയില്ല. കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്ന സ്ഥലങ്ങൾക്കാണ് സ്കൂൾ എന്നു പറയുന്നത്. അവരെ വിദ്യ അഭ്യസിപ്പിക്കുകയും, അതിനുപുറമെ അവരുടെ ഊണിനും ഉറക്കത്തിനും മററും കൂടി സൌകര്യം നൽകി വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ വീട്ടിലും പുറത്തും പോകാതെ സൂക്ഷിച്ചു രക്ഷിക്കുകയും ചെയ്യുന്ന ഒരു മന്ദിരത്തിനാണ് ഒരു ബോർഡിംഗ് സ്കൂൾ എന്നു പറയുന്നത്. പരിഷ്കൃത രാജ്യങ്ങളിൽ പ്രധാന വിദ്യാമന്ദിരങ്ങൾ എല്ലാം ഇങ്ങനെയുള്ളവയാകുന്നു. കുട്ടികൾ നാലും അഞ്ചും വയസ്സു പ്രായത്തിൽ ഈ മാതിരി വിദ്യാമന്ദിരങ്ങളിൽ പ്രവേശിച്ചു വിദ്യാഭ്യാസം പൂർത്തിയാക്കി വിദ്വാന്മാരായി ഇറങ്ങിപ്പോകയാണ് ചെയ്യുന്നത്. നമ്മുടെ ഇടയിൽ സാധാരണ കുട്ടികൾ സ്കൂൾ ഉള്ള ദിവസങ്ങളിൽ പത്തുമണിയാകുമ്പോൾ അടുക്കളയിൽ നിന്നു കണ്ടാമണ്ടികൾ എല്ലാം കഴിഞ്ഞ് പുറത്തുചാടി ധൃതിക്കൂട്ടി ഏതാനും പുസ്തകങ്ങളും നോട്ടബുക്കുകളും കെട്ടിപ്പെറുക്കൊണ്ട് സ്കൂളിലേക്ക് ഓടുന്നു. അവിടെ എത്തിയാൽ വാദ്ധ്യാന്മാർ വല്ലതും പറഞ്ഞുകൊടുത്താലായി ഇല്ലെങ്കിലുമായി. ക്ലാസ്സിലെ സമയമെല്ലാം ഒരുവിധം കഴിച്ചുകൂട്ടി പുറത്തേക്കുചാടി ഇങ്ങോട്ടും പോരുന്നു. വീട്ടിൽ വന്നാൽ കാരണവൻ കാളയെ അഴിച്ചുകെട്ടാനോ ചേമ്പു നടാനോ പോകാൻ പറഞ്ഞാൽ അതു ചെയ്യണം. അടുക്കളയിൽ പെണ്ണുങ്ങൾ പിള്ളയെ എടുക്കാൻ പറഞ്ഞാൽ അതു കേൾക്കണം. ഇതിനുപുറമെ അവരുടെ പ്രായാനുരൂപമായ ചാപല്യങ്ങൾ വിളിക്കുന്ന വഴിയേ എല്ലാം പോകണം. പിന്നെ എന്താണ് അവൻ പഠിക്കുന്നത്? എങ്ങനെയാണ് അവർ ശ്രമസാദ്ധ്യമായ വിദ്യയുടെ ദിവ്യഫലങ്ങളെ അനുഭവിക്കുന്നത്? എങ്ങനെയാണ് അവർക്ക് അറിവും, സദാചാരവും, ആരോഗ്യവും, ബുദ്ധിശക്തിയും വർദ്ധിക്കുന്നത്? എങ്ങനെയാണ് അവർ യഥാർത്ഥ വിദ്വാന്മാരാകുന്നത്? നമ്മുടെ ഇടയിൽ ഇപ്പോൾ മെട്രിക്കിൽ പൊളിഞ്ഞുനടക്കുന്ന ഒട്ടേറെ യുവാക്കന്മാരുണ്ട്. അതിന്റെ അർത്ഥം മിക്കവാറും ഇതാണ്. അവർ വെറുതെ ഫീസു കൊടുത്തും പുസ്തകങ്ങൾ വാങ്ങിയും തറവാട്ടിലെ പണമെല്ലാം ചെലവാക്കി ഒന്നിനും കൊള്ളാതെ തങ്ങൾക്കും തറവാട്ടിനും ഭാരമായി കാലം കഴിക്കുന്ന "ദുഷിച്ചുപോയ കിടാങ്ങളാ"യിത്തീരാനേ തരമുള്ളൂ. അതിനു് അവരെ കുറ്റം പറഞ്ഞാൽ ആകയില്ല. അവരുടെ രക്ഷാകർത്താക്കന്മാർ അവർക്ക് ന്യായമായ വിദ്യാഭ്യാസത്തിനുവേണ്ട സൌകര്യങ്ങൾ കൊടുത്തില്ല. അവരെയും കുറ്റം പറയാൻ തരമില്ല. അവർക്കു വിവരമില്ല. വിവരമുണ്ടായാലും അടുക്കൽ തക്കതായ

Digitized By Kerala Sahitya Akademi

വിദ്യാമന്ദിരങ്ങൾ ഇല്ല. അവർ എന്തുചെയ്യും? അതുകൊണ്ട് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ നിന്ന് അവർക്കുണ്ടാകുന്ന ഫലം പലപ്പോഴും കഠിനമായ ഇച്ഛാഭംഗം തന്നെ ആകുന്നു.

നമ്മുടെ നാട്ടിലും മിഷ്യനറിമാരുടെ വകയായി അവിടവിടെ ചില ബോർഡിംഗ് സ്കൂളുകൾ ഉണ്ട്. അനേകം വിദ്യാർത്ഥികൾ അവയിൽ പഠിച്ചുതാമസിക്കുകയും ചെയ്യുന്നുണ്ട്. മംഗലപുരം, തുശ്ശിനാപ്പള്ളി മുതലായ സ്ഥലങ്ങളിലെ മിഷ്യൻ കാളേജുകളിൽ നിന്ന് എത്ര കുട്ടികളാണ് കൊല്ലംതോറും വിജയികളായി പുറത്തുവരുന്നതെന്നു നമ്മുടെ ജനങ്ങൾക്ക് അവരുടെ അയൽപക്കക്കാരായ ക്രിസ്തീയ സഹോദരങ്ങളോടു ചോദിച്ചാൽ അറിയാം. ബോർഡിംഗ് സ്കൂളുകളിലും പുറത്തും ഉള്ള വിദ്യാർത്ഥികളെ തമ്മിൽ അവരുടെ സ്വാഭാവികമായ ബുദ്ധിശക്തിയേയും പ്രാപ്തിയേയും പറ്റി പരിശോധിച്ചാൽ പുറത്തുള്ള വിദ്യാർത്ഥികളിൽ ചിലർ ചിലപ്പോൾ നാലുമടങ്ങ് അധികം യോഗ്യതയുള്ളവരായി കണ്ടു എന്നുവരാം. എന്നാൽ സാധാരണ ബുദ്ധിമാത്രമുള്ള ആ വിദ്യാർത്ഥികൾ കൊല്ലംതോറും പരീക്ഷയിൽ വിജയികളാകയും പുറത്തുള്ള അസാധാരണ ബുദ്ധിശക്തിയുള്ള വിദ്യാർത്ഥികൾപോലും കൊല്ലംതോറും തോൽക്കുകയുമാണ് ചെയ്കപതിവ്. സംഗതികളെ സൂക്ഷിച്ചറിഞ്ഞിട്ടുള്ളവർ ഇതിൽ ഏതെങ്കിലും വ്യാജമോ അതിശയോക്തിയോ ഉണ്ടെന്നു പറകയില്ല. ബോർഡിംഗ് സ്കൂളിന്റെ പ്രയോജനം ഇവിടെയാണു നാം കാണുന്നതു്. ആ സ്കൂളുകളിൽ കുട്ടികളെ ക്ലിപ്ത സമയങ്ങളിൽ ക്ലാസുകൾ കഴിച്ചുകൂട്ടി പൊയ്ക്കൊള്ളാൻ അനുവദിക്കയല്ല ചെയ്യുന്നതു്. പഠിക്കേണ്ടതെല്ലാം അവൻ പഠിച്ചിട്ടുണ്ടോ എന്നു് ദിവസംതോറും, ആഴ്ചതോറും, മാസംതോറും, കാർട്ടർതോറും, വർഷംതോറും പരീക്ഷിക്കുകയും അവർക്കുള്ള ന്യൂനതകളെ അപ്പോഴപ്പോൾ കണ്ടുപിടിച്ചു് വാദ്ധ്യാന്മാർതന്നെ പരിഹരിക്കാൻ നോക്കുകയുമാകുന്നു. ഒരു പരീക്ഷ പാസാകാൻ പഠിക്കേണ്ടതു് ഏതെല്ലാം ഗ്രന്ഥങ്ങളും വിഷയങ്ങളുമാണെന്നു് ഉപാദ്ധ്യായന്മാർക്കു് അറിയാം. അവർ അവയെ മാത്രം തിരഞ്ഞെടുത്തു് അവരുടെ ശിഷ്യന്മാർക്കു പഠിപ്പിക്കയും അവരെ ആ വിഷയങ്ങളിൽ ആവശ്യമുള്ളതു യോഗ്യതയുള്ളവരാക്കി ചെയ്യുകയും ചെയ്യും. അവരുടെ ബുദ്ധിശക്തിയെ വൃഥാ വ്യയം ചെയ്വാൻ ബോർഡിംഗ് സ്കൂളുകളിൽ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് അവർ പരീക്ഷകൾ പാസാകുന്നതു്. നമുക്കു നല്ല ബുദ്ധിശക്തി മാത്രമുണ്ടായാൽ പോരാ. അതു നല്ലവണ്ണം നിയന്ത്രിതമായുമിരിക്കണം. എങ്കിലേ വിജയമുണ്ടാവൂ. കാട്ടിലെ മാനുകൾക്ക് അതിവേഗത്തിൽ ഓടാൻ കഴിയും. അതു കണ്ടവഴികളിൽകൂടിയെല്ലാം തുള്ളിപ്പാഞ്ഞുപോകുന്നു. യാതൊരു പ്രയോജനവുമില്ല. എന്നാൽ കുതിരയുടെ ഓട്ടം വേഗത്തിൽ ഒരുദ്ദിഷ്ടദിക്കിൽ നമ്മെ എത്തിക്കുന്നു. ഇതാണ് ബോർഡിംഗ് സ്കൂളുകളിലെ പഠിത്തത്തിനും പുറമേയുള്ള പഠിത്തത്തിനും തമ്മി-

Digitized By Kerala Sahitya Akademi

ലുള്ള വ്യത്യാസം. ഇങ്ങിനെയുള്ള സ്കൂളുകളില്ലെങ്കിൽ ഭാവികാല ത്തെ വിദ്യാഭ്യാസത്തിന്റെ നില തീരെ ആഗ്രഹിക്കത്തക്കതായിരി ക്കില്ല. ഈ മേടം അവസാനത്തിൽ ശിവഗിരിയിൽ കൂടിയ ഏതാനും മാന്യൻമാരുടെ ഒരു യോഗത്തിൽ അവിടെ ഇങ്ങനെയുള്ള ഒരു സ്കൂൾ സ്ഥാപിക്കുന്നതിനെപ്പറ്റി ഉൽക്കണ്ഠയോടെ ആലോചിച്ചിരുന്നു. കൗമുദിയുടെ പ്രസ്താവം അതിന്റെ പ്രതിധ്വനിയാണ്.

ടി സ്കൂളിന്റെ വിശേഷ പ്രയോജനങ്ങൾ

വിദ്യാഭ്യാസം ചെയ്യുന്നത് പരീക്ഷ പാസാവാൻവേണ്ടി മാത്ര മല്ലെന്നും പരീക്ഷ പാസായാൽ വിദ്യാഭ്യാസത്തിന്റെ മുഴുവൻ പ്രയോജനവും സിദ്ധിച്ചു എന്ന് ആരും വിചാരിക്കുകയില്ലെന്നും വിശ്വസിക്കുന്നു. പാസ് വിദ്യപഠിച്ച് എന്നുള്ളതിനെ കാണിക്കുന്ന ഒരു രേഖമാത്രമാണ്. അതിന്റെ പ്രയോജനം മുഴുവൻ പാസായ വന്റെ പ്രവൃത്തിയിലുംജീവിതത്തിലുമാണിരിക്കുന്നത്. ഒരുവൻ തനിക്കു വിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ചു, അല്ലെങ്കിൽ സിദ്ധിച്ചതായി വിചാരിക്കപ്പെടുന്ന, യോഗ്യതകൊണ്ടു തനിക്കും തന്റെ കുടുംബ ത്തിനും അതുപോലെതന്നെ സമുദായത്തിനും രാജ്യത്തിനും യാതൊരു നന്മയും ചെയ്വാൻ പ്രാപ്തനാകുന്നില്ലെങ്കിൽ അവന്റെ പാസിന് എന്തു വിലയാണുള്ളതു? അവന്റെ ജീവിതത്തിനുതന്നെ എന്തു അർത്ഥമാണുള്ളത്? അതുകൊണ്ടു പാസിനെക്കാൾ ശരിയായ അഭ്യാ സത്തെയാണ് നാം നോക്കേണ്ടത്. രണ്ടുംകൂടിയുള്ളതാണ് ഏറ്റവും ആഗ്രഹിക്കത്തക്കതും.

നമുക്കു നമ്മുടെ കുട്ടികൾ ആരോഗ്യമുള്ളവരായിരിക്കണം; അറി വുള്ളവരായിരിക്കണം; നല്ല നടത്തക്കാരായിരിക്കണം; കാര്യശേഷിയു ള്ളവരായിരിക്കണം: സമുദായസ്നേഹമുള്ളവരായിരിക്കണം; രാജ്യ സ്നേഹമുള്ളവരായിരിക്കണം; സർവോപരി ഈശ്വരവിശ്വാസമുള്ള വരുമായിരിക്കണം. ഇതിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ ജീവിത ത്തിനു പൂർണ്ണതയില്ല. സാധാരണ ഗവർമ്മെൻറ് പാഠശാലകളിൽ നിന്നു ഇതെല്ലാം സിദ്ധിച്ചു എന്നു വരുന്നതല്ല. ബോർഡിംഗ് സ്കൂളു കളുകൾകൊണ്ടു് എല്ലാം സാധിക്കും. ഈ സ്കൂളുകളിൽ പഠിത്തം മാത്ര മല്ല കുട്ടികളുടെ മുഴുവൻ സംരക്ഷണയും ഉപാദ്ധ്യായന്മാരുടെ കീഴി ലാകുന്നു. അവരുടെ ശരീരത്തേയും മനസ്സിനേയും ബുദ്ധിയേയും ആത്മാവിനേയും അവർ പുഷ്ടിപ്പെടുത്തുകയും അഭ്യസിപ്പിച്ചു് ഉൽകൃഷ്ട മാതൃകയിലുള്ള ജീവിതത്തിനു യോഗ്യമാക്കിത്തീർക്കു കയും ചെയ്യുന്നു. അതുകൊണ്ടു് ഇങ്ങനെയുള്ള വിദ്യാമന്ദിരങ്ങൾ സ്വ ന്തമായില്ലാത്ത ഒരു സമുദായത്തിനു് അതിന്റെ ഭാവിശ്രേയസ്സിൽ യാതൊരു പ്രത്യാശയും ഉണ്ടായിരിപ്പാൻ തരമില്ല. നമ്മുടെ ഭാവി യെല്ലാം നമ്മുടെ ഭാവി സന്തതികളെ ആശ്രയിച്ചാണിരിക്കുന്നത്.

Digitized By Kerala Sahitya Akademi

അവരെ രൂപീകരിക്കുന്നത് അവരുടെ വിദ്യാഭ്യാസവുമാണ്. അതു കൊണ്ടു് ഉത്തമ മാതൃകയില്ലുള്ള ഒരു ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുന്നതിനേക്കാൾ വലുതായ ഒരു കൃത്യം സമുദായ സംബന്ധമായി നമുക്കു ചെയ്വാനില്ല. നാം ആചാരപരിഷ്കരണത്തിനോ മതപരിഷ്കരണത്തിനോ വ്യവസായാഭിവൃദ്ധിക്കോ സാമുദായികമായ മറ്റുപരിഷ്കരണങ്ങൾക്കോ ആയി അറിവില്ലാത്ത പൊതുജനങ്ങളുടെ ഇടയിൽ കിടന്നു വിളി കൂട്ടുന്നതെല്ലാം കേവലം ചെകിടന്മാരുടെ മുൻപിൽ വാദ്യം സേവിക്കുകയാണെന്നു മിക്കവാറും നമുക്ക് അനുഭവമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നമ്മുടെ ആശയെല്ലാം ഇനി നമ്മുടെ കുട്ടികളിൽ സ്ഥാപിച്ചുനോക്കാം. ശിവഗിരിയിൽ മേൽപ്പറഞ്ഞ മാതൃകയിലുള്ള ഒരു വിദ്യാമന്ദിരം ഭംഗിയായി നടന്നുവരുന്നു എന്നു വിചാരിക്കുക. അതിൽ അടുത്തും ദൂരത്തും നിന്ന് നമ്മുടെ സമുദായത്തിലുള്ള അനവധി കുട്ടികൾ വന്നു ചേർന്ന് അവരുടെ ബാല്യം മുഴുവൻ അവിടത്തെ പാവനമായ വായുവിനെ ശ്വസിച്ചും അവിടെയുള്ള ശുചിയും ഗുണകരവുമായ ആഹാരങ്ങളെ ഭക്ഷിച്ചും, തിരഞ്ഞെടുക്കപ്പെട്ട ഉപാദ്ധ്യായന്മാരാൽ ഭാഷയും ശാസ്ത്രങ്ങളും മറ്റു ലൌകിക വിഷയങ്ങളും നിർദ്ദോഷങ്ങളായ മറ്റു വിനോദങ്ങളും, സദാചാരം മതം ഇവയും, അഭ്യസിക്കപ്പെട്ടും, ശരീരശക്തി, മനക്കരുത്ത്, വിവിധങ്ങളായ അറിവുകൾ, സദാചാരം, മതഭക്തി ഇവയെല്ലാം സമ്പാദിച്ച് യഥാകാലം പരീക്ഷയിൽ വിജയികളായി വീടുകളിൽ തിരിയെ മടങ്ങുന്നു എന്നു വിചാരിക്കുക. അവരാണ് പിന്നത്തെ ഗൃഹസ്ഥന്മാർ; സമുദായ പ്രതിനിധികൾ. പിന്നെ എന്താണു നമുക്ക് അസാദ്ധ്യമായുള്ളത്. അവരിൽ നിന്ന് പ്രതീക്ഷിക്കാവുന്ന സമുദായസ്നേഹത്തെയും തത്സംബന്ധമായ പ്രവൃത്തികളെയും പറഞ്ഞു പറയുന്നതിനേക്കാൾ ഊഹിക്കുന്നതായിരിക്കും എളുപ്പം. അതുകൊണ്ട് സമുദായത്തിലുള്ള ഓരോരുത്തരുടെയും എല്ലാവരുടെയും ദൃഷ്ടി ഉടനെ അപ്രകാരമുള്ള ഒരു സ്ഥാപനത്തിലേക്ക് പതിക്കേണ്ടത് അപേക്ഷിതമാകുന്നു.

ഇത് വളരെ വ്യയസാദ്ധ്യമാണെന്നു ചിലർ പറഞ്ഞേക്കാം. അതു ശരിതന്നെ. എന്നാൽ ആ കാരണത്താൽ അത് അസാദ്ധ്യമാകുന്നതല്ല. വിശേഷിച്ചും ഈമാതിരി സ്ഥാപനങ്ങൾ ആദായകരങ്ങളായും ഇരിക്കുന്നതായി നാം കണ്ടുവരുന്നുണ്ട്. അതിനെപ്പറ്റി മറ്റൊരവസരത്തിൽ ആവശ്യമാണെങ്കിൽ പ്രസ്താവിക്കാം. തൽക്കാലം ജനങ്ങളുടെ ശ്രദ്ധയെ അത്യന്താപേക്ഷിതമായ ഈ കൃത്യത്തിലേക്ക് ക്ഷണിച്ചുകൊള്ളുക മാത്രം ചെയ്യുന്നു. നമ്മുടെ അടുത്ത പൊതുയോഗത്തിന്റെ ഗൗരവമേറിയ പര്യാലോചനയ്ക്ക് ഇതു വിഷയമാകുമെന്നും വിശ്വസിക്കുന്നു.

വിവേ. 1086 മകരം, ഇടവം.

Digitized By Kerala Sahitya Akademi

വ്യവസായം

ഉദ്യോഗവഴക്കിൽ ഞങ്ങൾ വേണ്ടതിലധികം താല്പര്യം കാണിക്കുന്നതായി ചിലർക്കു തോന്നി എന്നുവരാം. എന്നാൽ ഈ വിഷയത്തിൽ നമുക്കുള്ള ന്യായമായ അവകാശത്തേയും യോഗ്യതയേയും തിരുവിതാംകൂർ ഗവർമ്മെൻറ് ഗണ്യമാക്കാത്തതിന്റെ കഠിനതയെ വിചാരിച്ചാണ് ഞങ്ങൾ പലപ്പോഴും അതിനെ തുടർന്നുകൊണ്ടിരിക്കുന്നത്. വിശേഷിച്ചും ഗവർമ്മെൻറുദ്യോഗസ്ഥൻമാരെ ഈശ്വര തുല്യന്മാരായി കരുതിപ്പോരുന്ന ജനങ്ങളുടെ ഇടയിൽ കാലദേശാവസ്ഥാനുസരിച്ച് ഈഴവരുടെ സ്ഥിതിക്ക് ഒരു ഔന്നത്യം ഉണ്ടാകണമെങ്കിൽ ഉദ്യോഗങ്ങൾ കൂടാതെ കഴിയാത്തതുമാകുന്നു. വലിയ വലിയ ഉദ്യോഗസ്ഥന്മാർ കൂടിയും സവർണ്ണ പ്രതിപന്നന്മാരായെന്നു സംശയിക്കപ്പെട്ടിരിക്കുന്ന തിരുവിതാംകൂറിൽ ഒരു വർഗ്ഗത്തിന് ഉദ്യോഗമില്ലെങ്കിൽ അതു വലുതായ ഒരപകടവും ആണല്ലോ. ഈ വ്യാകുലതയാണ് ഞങ്ങളെ പിന്നെയും പിന്നെയും ഈ വിഷയത്തിൽ പ്രേരിപ്പിക്കുന്നത്. അല്ലാതെ സമുദായത്തിന്റെ ശ്രേയസ്സ് അതിലെ അംഗങ്ങൾക്കുള്ള ഗവണ്മെൻറുദ്യോഗത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. നേരെമറിച്ച് യോഗ്യത സമ്പാദിച്ച ഒരുവൻ ഗവർമ്മെൻറുദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ അത്രയോഗ്യനായ ഒരംഗം സമുദായത്തിൽനിന്നും കൈവിട്ടുപോയല്ലോ എന്നു വ്യസനിക്കുക മാത്രമേ ഞങ്ങൾ പരമാർത്ഥത്തിൽ ചെയ്യൂ. "ഉദ്യോഗസ്ഥൻമാർ" എന്നു പറയുന്നവർ ഗവർമ്മെൻറു കൂലിപ്പണിക്കാരാണെന്നും ആ അടിമത്തത്തിൽ നിന്നും അവർക്കു ജീവിതാവധി രക്ഷയില്ലെന്നും ഞങ്ങൾക്കു നല്ലവണ്ണം അറിയാം. സമുദായക്ഷേമത്തെ നിലനിറുത്തുന്നതും വർദ്ധിപ്പിക്കുന്നതും വ്യവസായമാകുന്നു. ഇപ്പോൾ നാം കാണുന്ന 'മഹാശക്തികൾ' എല്ലാം ഈ നിലയെ പ്രാപിച്ചത് അതാതുരാജ്യത്തെ വ്യവസായാഭിവൃദ്ധിയെ അടിസ്ഥാനമാക്കിയാണ്. ജപ്പാൻ രാജ്യത്തിന് ഇത്ര അല്പകാലത്തിനുള്ളിൽ ഉണ്ടായിക്കാണുന്ന ലോകവിസ്മയകരമായ ശക്തിയും ഔന്നത്യവും തന്നെ അധികം ആശ്രയിച്ചിരിക്കുന്നത് ആ നാട്ടിലെ വ്യവസായാഭിവൃദ്ധിയെ ആണല്ലോ! തന്നാട്ടുവ്യവസായങ്ങൾക്കു തടസ്സം നേരിടുന്ന ദിക്കിലാകുന്നു രാജ്യങ്ങൾ തമ്മിൽ അതിഭയങ്കരങ്ങളായ യുദ്ധങ്ങൾ ഉണ്ടായും നാം കാണുന്നത്. വ്യവസായത്തിനു് അത്ര പ്രാധാന്യം ഉണ്ട്. നാം നമ്മുടെ സ്വന്തം അവസ്ഥയെ തന്നെ നോക്കുക. നമ്മിൽ (ഈ ജാതിയിൽ) അനേകം ലക്ഷേശ്വരൻമാരെ നാം കാണുന്നുണ്ട്. പുരാതനകാലം മുതൽക്കേ ഐശ്വരാഭിവൃദ്ധിയോടുകൂടി കഴിഞ്ഞുപോരുന്ന ഒട്ടനവധി തറവാടുകൾ നമ്മുടെ ഇടയിലുണ്ട്. അതെല്ലാം നമ്മുടെ വ്യവസായ ശീലത്തിന്റെ മാത്രം ദൃഷ്ടാന്തമാകുന്നു. നമ്മുടെ പൂർവൻമാർ ഉദ്യോഗം ഭരിച്ചല്ല ധനം സമ്പാദിച്ചത്.

Digitized By Kerala Sahitya Akademi

അസാമാന്യമായ ജാത്യസൂയയും വൈരവും കൊണ്ടു നിറഞ്ഞിരുന്ന ഈ രാജ്യത്തു് അനവധികാലമായി നിഷ്കരുണന്മാരായ ഉയർന്ന പരിഷകളുടെ ഞെരുക്കങ്ങൾ എല്ലാം സഹിച്ചു് ജീവിക്കേണ്ടിവരുന്ന നാം ഇപ്പോഴും സാമാന്യം ക്ഷേമമായി കഴിയുന്നതു വിചാരിച്ചാൽ വ്യവസായത്തിന്റെ ഫലം എത്ര അവ്യാഹതമായിട്ടുള്ളതാണെന്നു നമുക്കുതന്നെ കാണാം. കാക്കി ഉടുപ്പും ചുവന്നതൊപ്പിയും ധരിച്ചു് ആറുരൂപയ്ക്കു അടിമയായി ഞെളിഞ്ഞുനടന്നു ജീവിതകാലം കളഞ്ഞു്, ഏതാനും ഭാര്യമാരെയും ഒട്ടധികം കുട്ടികളെയും, നിരാധാരസ്ഥിതിയിൽ ഇട്ടുംകൊണ്ടു് ഭൂലോകത്തിനു യാത്രപറയാനുള്ള ചെറിയ 'അങ്ങത്ത'മാരെക്കാൾ രാവിലെ കഞ്ഞാലിയും തോളത്തുവച്ചു് കാടുകയറി കിളച്ചു് കുടുംബങ്ങൾക്കു് കാലക്ഷപമാർഗ്ഗങ്ങളെയും, ഭൂമിയേയും, ഭവനങ്ങളേയും ഉണ്ടാക്കി ലോകത്തെ സൃഷ്ടിക്കുന്ന "കൃഷിക്കാരാ'യ ചെറിയ പിതാമഹൻമാരെയാണു് നാം ഭക്തിപൂർവം ബഹുമാനിക്കേണ്ടതു്. നൂറോ അറുനൂറോ ഉറുപ്പിക ശമ്പളം വാങ്ങി റാങ്കും അവസ്ഥയും നടിച്ചു്, വണ്ടിയും കുതിരയുമായി നടന്നു്, ചെലവിനു തികയാതെ ബുദ്ധിമുട്ടുന്ന യജമാനൻമാരെക്കാൾ അവരുടെ ഉറുപ്പികയെ അശേഷം ഷാപ്പിൽ ഇരുന്നു് ബിൽ എഴുതി വരുത്തി പെട്ടിയിൽ ഇട്ടുകൊണ്ടു് സ്വസ്ഥമായിരുന്ന കാലം കഴിക്കുന്ന മുതലാളിമാരെയാണു് നാം ആദരസമേതം അനുകരിക്കേണ്ടതു്.

മെട്രിക്കുലേഷൻക്ലാസുവരെ പഠിച്ചു് തറവാടുകളെ പീഡിപ്പിച്ചുകൊണ്ടു് അങ്ങുമിങ്ങും എത്താതെ നിൽക്കുന്ന അനേകം യുവാക്കൻമാർ നമ്മുടെയിടയിലുണ്ടു്. ഇവരുടെ സംഖ്യ, രക്ഷകർത്താക്കൻമാർക്കു് മേലാൽ കുട്ടികളുടെ ഇംഗ്ലീഷു് വിദ്യാഭ്യാസത്തിൽ അധൈര്യം ജനിപ്പിക്കത്തക്കവണ്ണം കൊല്ലം തോറും വർദ്ധിച്ചുവരികയാണു്.തറവാട്ടിൽ നിന്നും കൊണ്ടുപായി ചെലവുകഴിക്കത്തക്കവണ്ണമുള്ള ചില്ലറ ഉദ്യോഗങ്ങളെ മോഹിച്ചുനടന്ന കാലം കളയാതെ ഓരോ തൊഴിലാളികളായിത്തിരിയുവാൻ ഇവർക്കു് മനസ്സുണ്ടാവുകയാണെങ്കിൽ എത്ര നല്ലതായ ഒരു ഭാവിയാണു് നമ്മുടെ മുൻപിൽ സ്ഥിതിചെയ്യുന്നതു്. ഇവരിൽ ഒരു അരഡസൻ ജനങ്ങൾക്കു് ജപ്പാൻ മുതലായ ദേശങ്ങളിൽ പോയി ശാസ്ത്രീയമായ വ്യവസായങ്ങൾ പഠിച്ചുവന്നു് അവയെ നമ്മുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ കഴിയുമെങ്കിൽ നമ്മുടെ സമുദായത്തിന്റേയും രാജ്യത്തിന്റേയും സ്ഥിതി എത്ര വേഗത്തിൽ ദേഭപ്പെട്ടുപോകുമെന്നതാണു്. അതിനു വേണ്ടിടത്തോളം ധനമുള്ളവരും നമ്മുടെ ഇടയിൽ ഇല്ലാതില്ല, ധനമില്ലാത്ത വ്യവസായ വിദ്യാർത്ഥികൾക്കും തക്കതായ കരാറിൻമേൽ പണം കൊടുത്തു പഠിപ്പിച്ചു വരുത്തിയാൽ നമ്മുടെ ധനികൻമാർക്കു് അതു് വലുതായ ആദായത്തിനും അഭിമാനത്തിനും കാരണമായിത്തീരുന്നതാണു്.

Digitized By Kerala Sahitya Akademi

പത്തുറുപ്പിക വിലകാണുന്ന സാധനങ്ങളെ പത്തണയുടെ ചില വിൽമേൽ ഉണ്ടാക്കുകയും അഞ്ചുമേനി വിളയുന്ന വയലുകളെ അൻപതു മേനി വിളയിക്കുകയും ചെയ്താലത്തെ യഥാർത്ഥമായ ഐശ്വര്യാഭിവൃദ്ധികളെക്കുറിച്ചു വിചാരിപ്പാൻ കഴിയുന്ന ആരാണ് ഈ വിഷത്താൽ ചെലവുചെയ്വാൻ മടിക്കുന്നത്. യുറോപ്പിനേയോ അമേരിക്കയേയോ അപേക്ഷിച്ച് ജപ്പാനിൽ വിദ്യാഭ്യാസം നമുക്ക് ചുരുങ്ങിയ ചെലവിൽ സാധിക്കുന്നതും അധിക സൗകര്യമുള്ളതുമാകുന്നു. പ്രസ്തുത വിഷയത്തിൽ ജനങ്ങളെ പ്രേരിപ്പിക്കുവാൻ നമ്മുടെ യോഗത്തിൽനിന്നും വേണ്ടത് പ്രവർത്തിക്കുമെന്നും വിശ്വസിക്കുന്നു.

ആറുകളും കായലുകളുംകൊണ്ട് നിറഞ്ഞിരിക്കുന്ന മലബാർതീരം അനേകം മില്ലുകളും, യന്ത്രശാലകളും സ്ഥാപിക്കുവാൻ യോഗ്യതയുള്ളതും ഫലപുഷ്ടിയുള്ളതുമാണ്. ഡല്ലി ബിസ്കറ്റ്, ബങ്കാൾ സോപ്പ് മുതലായ സ്വദേശത്തിൽതന്നെ ഉണ്ടാക്കപ്പെടുന്ന അപൂർവം ചില സാധനങ്ങളേയും ഇപ്പോൾ നമ്മുടെ ദേശാഭിമാനികൾ ബഹുമാനിച്ചു തുടങ്ങിയിരിക്കുന്നതിനാൽ ഇത്തരം ശ്രമങ്ങളെ ഈ കാലം പ്രതീക്ഷിക്കുകയാണെന്നും വിചാരിക്കാവുന്നതാണ്.

തന്നാട്ടു വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിലും നാം നല്ലവണ്ണം ദൃഷ്ടിവയ്ക്കേണ്ടതുണ്ട്. തുണിനെയ്ത്ത്, പായ്നെയ്ത്ത്; ചകരി, കയർ മുതലായവകളെക്കൊണ്ടുള്ള തൊഴിലുകൾ, അടുത്തുദേശങ്ങളുമായി കച്ചോടസംബന്ധമായ ഐകമത്യം ഇവയെ പ്രചാരപ്പെടുത്തുകയും, ദേശാനുഗ്രണമായ പലവക കൃഷികളിലും അവയ്ക്കായി ഭൂമിയെ സമ്പാദിക്കുന്നതിലും മറ്റും ജനങ്ങൾക്ക് ബുദ്ധിപൂർവമായി അഭിരുചിയെ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഗതിയില്ലാത്ത സ്ത്രീകൾക്കും കുട്ടികൾക്കും തക്കതായ കൂലിവേലകൾ ഉണ്ടാക്കികൊടുത്ത് അവരെ ദാരിദ്ര്യനിമിത്തമായ അസ്വാതന്ത്ര്യങ്ങളിൽനിന്നു മോചിപ്പിക്കുകയും അവരുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്നായി രാത്രി സ്കൂളുകൾ തുറക്കുകയും ചെയ്യുന്നത് സമുദായത്തിലുള്ള ഉദാരഹൃദയരായ എല്ലാ യോഗ്യന്മാരും തങ്ങളുടെ കർത്തവ്യമായി വിചാരിക്കേണ്ടതുമാണ്. വ്യവസായവും ന്യായമായ ധനസമ്പാദനവും സന്മാർഗ്ഗനിഷ്ഠയേയും മോക്ഷപ്രാപ്തിയേയുംപോലെതന്നെ മനുഷ്യജീവിതത്തിന്റെ മുഖ്യഉദ്ദേശങ്ങൾ (അല്ലെങ്കിൽ പുരുഷാർത്ഥങ്ങൾ) ആണെന്നുള്ള ബോധം സമുദായത്തിൽ എപ്പോഴും എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതുകൂടെന്നു. വ്യവസായംകൊണ്ട് നാം ധനം സമ്പാദിക്കുക: അപ്പോൾ വിദ്യ പ്രയാസംകൂടാതെ വരും. വിദ്യയും ധനവും ഉണ്ടായാൽ ഒരു സമുദായത്തിനു് ആശിക്കേണ്ടതെല്ലാംവന്നു.

വിരോധി: 1080 മിഥുനം

Digitized By Kerala Sahitya Akademi

കൂട്ടുവ്യാപാരങ്ങളുടെ ആവശ്യകത

കച്ചവടം, കൈത്തൊഴിൽ, ധർമ്മസ്ഥാപനങ്ങൾ, ശാസ്ത്രസംബന്ധമായ പ്രവൃത്തികൾ മുതലായവയെ ആശ്ചര്യകരമായ ഇന്നത്തെ ഉന്നതാവസ്ഥയിൽ കൊണ്ടുവരുന്നതിന് യൂറോപ്യന്മാർ തുടങ്ങിയുള്ള പരിഷ്കൃതരാജ്യക്കാർ അവലംബിച്ച മാർഗ്ഗം സംഘസ്ഥാപനങ്ങളാകുന്നു. ഏത് പ്രവൃത്തികളുടേയും ലാഭവും വിജയവും അവയുടെ പ്രചാരത്തെ അനുസരിച്ചാണ്. പ്രവൃത്തികൾക്ക് തൃപ്തികരമായ പ്രചാരം ഉണ്ടാകണമെങ്കിൽ അവ അത്ര സമൃദ്ധവും പരിഷ്കൃതവുമായ വിധത്തിൽ നടത്തപ്പെടണം. അതിന് വലുതായ മൂലധനം വേണം. 10 ലക്ഷം ക. യുടെ മൂലധനത്തിൻമേൽ ഒരു വ്യാപാരം നടത്തേണ്ടിവന്ന എന്നിരിക്കട്ടെ. ഇത് ഒന്നോ രണ്ടോ പേരെക്കൊണ്ടു സാധിക്കുന്ന കാര്യം പലേടത്തും പ്രയാസമായിരിക്കും. പക്ഷേ സാധിച്ചാൽതന്നെയും പലരുടേയും സർവസ്വവും ആ സംഖ്യയായിരിക്കും. അവയെ ഒന്നായി വിനിയോഗിച്ച് വല്ല യാദൃച്ഛികമായ നഷ്ടവും സംഭവിക്കുന്നതായാൽ ശുദ്ധപാപ്പരായിപ്പോകുമെന്നു പേടിച്ചു പലരും അങ്ങനെയുള്ള കാര്യങ്ങളിൽ തുനിവാൻ ധൈര്യപ്പെടാതെയുമിരിക്കും. എന്നാൽ ഓഹരി ഒന്നിന് 10 ക. ക്രമത്തിനുള്ള ലക്ഷം ഓഹരികളായി വിഭജിച്ചെടുക്കുക. അപ്പോൾ ഭാരം കുറഞ്ഞു. മുഴുവൻ നഷ്ടംവന്നാൽ (അങ്ങനെവരാറില്ല) തന്നെ ഒരു ഓഹരിക്കാരന് 10 ക. മാത്രമെ പോകുന്നുള്ളൂ. ലാഭം വന്നാൽ പ്രതിവർഷം അഞ്ചോ പത്തോ അധികമോ കിട്ടിയെന്നുവരും. ഒരുത്തന് പല കമ്പനികളിലും ഇപ്രകാരം പല ഓഹരികളും എടുക്കാവുന്നതാണ്. ലാഭമേറിയ കമ്പനികളിൽ ഇങ്ങനെയുള്ള ഓഹരികളെ ചിലപ്പോൾ അഞ്ചിരട്ടിയും പത്തിരട്ടിയുംകൊടുത്തു വില വാങ്ങാൻ ജനങ്ങൾ തിക്കിത്തിരക്കാറുണ്ട്. ഇങ്ങനെ മൂലധനങ്ങളെ ഓഹരികളാക്കി ലഘുപ്പെടുത്തീട്ടാണ് വലിയ പ്രമാദങ്ങളായ കച്ചവടങ്ങളും തൊഴിലുകളും യന്ത്രശാലകളും പുകവണ്ടി, കപ്പൽ മുതലായ കമ്പനികളും മറ്റും ലോകത്തിൽ നടക്കുന്നത്. യൂറോപ്പ്, അമേരിക്ക മുതലായ രാജ്യങ്ങളിൽ കാണുന്ന വിസ്മയകരമായ ധനത്തിന്റെ പ്രതാപവും കോടീശ്വരന്മാരുടെ അഹങ്കാരവും എല്ലാം ഏറിയകൂറും ഈ വിധം ഏർപ്പാടുകളിൽനിന്നും ഉണ്ടാകുന്നവയാണ്. ഇങ്ങിനെയുള്ളവർ വലിയ മൂലധനവുമായി ഇൻഡ്യയിൽതന്നെ കടന്ന് കച്ചവടവും തൊഴിലുകളും നടത്തി എത്ര ഭയങ്കര സംഖ്യകളെയാണ് പ്രതിവർഷം ഇവിടെനിന്നും കൊണ്ടുപോയി വരുന്നത്. ഇൻഡ്യാ മഹാരാജ്യത്തെതന്നെ ബ്രിട്ടീഷ് വകയാക്കിയത് ഈസ്റ്റ് ഇൻഡ്യാ കമ്പനിയെന്ന പ്രസിദ്ധപ്പെട്ട കച്ചവടസംഘക്കാരാണ്.

ഇങ്ങനെയുള്ള കമ്പനിക്കാർ തങ്ങൾക്ക് ലാഭമുണ്ടാകുന്നതിനു പുറമേ ലോകത്തിന്റെ പരിഷ്കാരാഭിവൃദ്ധിയെ സഹായിക്കുകയും ആവശ്യങ്ങളെ സുകരമാംവണ്ണം സാധിച്ചുകൊടുക്കുകയും ചെയ്യുന്നു. സൂചി,

Digitized By Kerala Sahitya Akademi

ഉരുക്ക്, പേന, തീപ്പെട്ടിക്കോൽ മുതലായി നാം ഏത് പീടികയിൽ നിന്നും നിസ്സാരമായ വിലയ്ക്കു വാങ്ങുന്ന സാധനങ്ങളും നമ്മുടെ രാജ്യത്തിന്റെ ഒരറ്റത്തുനിന്നും മറ്റെ അറ്റത്തേക്ക് അത്ഭുതമായ വേഗത്തിലും സൗകര്യത്തോടുകൂടിയും അല്പമായ പ്രതിഫലത്തിൻമേൽ നമ്മെ കൊണ്ടു പോകുന്ന പുകവണ്ടി മുതലായ വാഹനങ്ങളും എല്ലാം ഈ വക കമ്പനികളുടെ വകയാണ്.

ഇതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ നാട്ടുകാർ എന്തുകൊണ്ടു ഇങ്ങിനെയുള്ള കമ്പനികൾ സ്ഥാപിക്കുന്നില്ല എന്നു സ്വയമേവ ഒരു ചോദ്യം തോന്നും. ഇതിന്റെ ഉത്തരമാണ് നാം ആലോചിക്കേണ്ടതു്. മൂലധനത്തിന്റെ കുറവ് അംഗങ്ങൾ അധികപ്പെട്ടാൽ തീർന്നു പോകും. അംഗങ്ങൾ ചേരണമെങ്കിൽ പ്രവൃത്തിയിലും പ്രവർത്തകന്മാരിലും അവർക്ക് വിശ്വാസം വേണം. വിശ്വാസം കാരണം കൂടാതെ ഉണ്ടാകുന്ന ഒരു മാനസികാവസ്ഥയല്ല. ഇന്ന പ്രവൃത്തി ഇന്ന പ്രകാരത്തിൽ നടത്തിയാൽ ഇന്ന ഫലം ഉണ്ടാകുമെന്നും പ്രവർത്തകന്മാരുടെ വീഴ്ചയാലോ നടപടിപ്പിശകാലോ വരാവുന്ന തെറ്റുകളുടെ സ്വരൂപം ഇന്നതാണെന്നും അവ ഇന്ന പ്രകാരത്തിൽ പരിഹരിക്കപ്പെടണമെന്നും ഉള്ള കാര്യബോധമാണ് പ്രവൃത്തികളിൽ ധൈര്യത്തേയും വിശ്വാസത്തേയും ഉണ്ടാക്കുന്നതു്. ഈ കാര്യബോധത്തിന്റെ കുറവാണ് നമ്മുടെ ഇടയിൽ കൂട്ടവ്യാപാരങ്ങൾക്ക് പ്രധാന പ്രതിബന്ധമായി തീർന്നിരിക്കുന്നതു്. കമ്പനികൾ നമ്മുടെ ഇടയിൽ വാസ്തവത്തിൽ ഇല്ല. 'കമ്പനി' എന്ന പേരിന്റെ മാഹാത്മ്യത്തെ ഓർത്തു് ചില ഏകാകികളായ കച്ചവടക്കാർ ആകർഷണത്തിനും ഭംഗിക്കുമായി പേരുകളോടു ചേർത്തു് കമ്പനി എന്നു് എഴുതിക്കൊള്ളുന്ന നടപ്പ് അധികമുണ്ടു്. കൂടാതെയും ചില ധൂർത്തന്മാർ ദുരുദ്ദേശത്തോടുകൂടിയും, ചില അപ്രാപ്തന്മാർ കാര്യബോധമില്ലാതെയും, അങ്ങുമിങ്ങും ചില പൊട്ടക്കമ്പനികൾ സ്ഥാപിച്ചു് ഉടച്ചുകളയുകയും ജനങ്ങളെ നഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ടു് ഇതുമൂലം സാധാരണ ജനങ്ങളുടെ ഇടയിൽ പ്രബലമായ അവിശ്വാസവും കമ്പനി എന്ന പേരോടു തന്നെ വെറുപ്പും തോന്നീട്ടുണ്ടു്, അതുകൊണ്ടതു് ഒരു വലുതായ പ്രതിബന്ധമായാണ് തീർന്നിരിക്കുന്നതു്.

കച്ചവടക്കമ്പനികളുടെ സ്ഥിതി ഇതായിരിക്കുമ്പോൾ ധർമ്മസംഘങ്ങളുടെ കഥ പറയണമെന്നില്ലല്ലോ. തിരുവിതാംകൂറിൽ ഇൻഡ്യൻ കമ്പനീസ് ആക്ടറ് നടപ്പാക്കീട്ടു് ഇപ്പോൾ ഇരുപതു കൊല്ലത്തോളമായിട്ടുണ്ടു്. എത്ര കച്ചവടക്കമ്പനികളും എത്ര ധർമ്മസ്ഥാപനങ്ങളും ആണ് ഇതിനിടയിൽ നാട്ടുകാരാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നും അവ ഏതെല്ലാം പ്രകാരത്തിൽ നടത്തപ്പെട്ടവരുന്നുവെന്നും പര്യാലോചിക്കുന്നതു് ജനക്ഷേമകാംക്ഷികൾക്ക് എത്ര അധൈര്യപ്രദമായിരിക്കുന്നു. അവിശ്വാസ ജന്യമായ ഈ മന്ദതയിൽ നിന്നു ജനങ്ങളെ ഉദ്ധരിച്ചു പ്രവൃത്തിമാർഗ്ഗത്തിലേക്ക് തള്ളിവിടണമെങ്കിൽ വേണ്ട

Digitized By Kerala Sahitya Akademi

വിദ്യാഭ്യാസവും പരിജ്ഞാനവും നിഷ്പക്ഷപടമായ ജനക്ഷേമവും സ്നേഹവും ശക്തിയും അസാധാരണമായ ക്ഷമയുമുള്ള യോഗ്യന്മാർ പ്രസ്തുത രീതിയിലുള്ള ഓരോ വ്യാപാരങ്ങളിലും ധർമ്മസംഘങ്ങളിലും ഏർപ്പെട്ട് അശ്രാന്തമായി ശ്രമിച്ചു് അതിന്റെ സ്പൃഹണീയങ്ങളായ ഫലങ്ങളെ കാട്ടിക്കൊടുത്തു് അവരെ ബോധപ്പെടുത്തുക മാത്രമേ ഏകോപായമായിരിക്കുന്നുള്ളൂ. ഇങ്ങനെ അപൂർവം ചില യോഗ്യന്മാർ തുടങ്ങുന്ന പ്രവൃത്തികളിൽ തന്നെയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ചില 'മുറിവിദ്വാന്മാർ' പലേടത്തും ഉണ്ടാകും. അവർ സാർവജ്ഞ്യം നടിക്കുകയും അവരുടെ അവിശ്വാസശീലത്തെ വല്ല കപടയുക്തിവാദങ്ങളെക്കൊണ്ടെങ്കിലും അന്യന്മാരിൽ പകർത്തുവാനും അപ്രകാരം അവരുടെ ദുസ്സാമർത്ഥ്യത്തെ പൂർത്തിയാക്കുവാനും സർവദാ ശ്രമിച്ചുകൊണ്ടിരിക്കയും ചെയ്യും. ഇത് ഒരു മൂന്നാംതരം തടസ്സമാണെങ്കിലും ഭാഗ്യദോഷത്താൽ പലപ്പോഴും ഇതിനു വളരെ പ്രാധാന്യം സിദ്ധിക്കാറുണ്ട്. എന്നാൽ യോഗ്യന്മാർ ഈവക തടസ്സങ്ങളെ അവ എത്രതന്നെ പ്രബലങ്ങളായിരുന്നാലും തങ്ങളുടെ നിഷ്പക്ഷപടവും നിരന്തരവുമായ പ്രയത്നങ്ങളെക്കൊണ്ടു് ജയിച്ചു് ജനങ്ങൾക്ക് ഗുണകരമായ ദൃഷ്ടാന്തത്തെ സ്ഥാപിച്ചുകൊടുക്കുന്നതും കൊടുക്കേണ്ടതുമാകുന്നു. വിദ്യാഭ്യാസജന്യമായ കാര്യബോധം, ആത്മാഭിമാനം, വാസ്തവമായ സ്വരാജ്യസ്നേഹം മുതലായ ഉത്തമഗുണങ്ങൾ ജനങ്ങളുടെ ഇടയിൽ വർദ്ധിക്കുന്നതോടുകൂടി ഈ ദയനീയസ്ഥിതി ഭേദപ്പെട്ടുപോകുമെന്നുള്ളതിന് നമ്മുടെ ബങ്കാളത്തിലെ 'സ്വദേശികൾ' നല്ല ദൃഷ്ടാന്തമാണ്. സ്വദേശി നിർബന്ധം ആദ്യം തുടങ്ങിയപ്പോൾ ഇന്ത്യരുടെ ആരംഭശൂരത്വത്തെ അടിസ്ഥാനമാക്കി പലരും അതിന്റെ നിലനിൽപ്പിനെപ്പറ്റി സംശയിക്കുകയും പരിഹസിക്കുകയുടിയും ചെയ്തിട്ടുണ്ടായിരുന്നു. ഇതിനെക്കുറിച്ച് ഇപ്പോഴും ഒരു ഖണ്ഡിതമായ അഭിപ്രായം പറയാൻ കാലമായിട്ടില്ലെന്നു ചിലർ പറഞ്ഞേക്കാമെങ്കിലും ഇതിനിടയിൽ ചെയ്തിട്ടുള്ള സ്തുത്യർഹങ്ങളായ അനേകഗുണങ്ങൾ അതിന്റെ ഭാവിയെ നല്ലവണ്ണം വിശ്വസിപ്പിക്കുന്നതും അവയുടെ ഫലങ്ങൾ ഇന്നത്തെ ഔർജ്ജിത്യം കെട്ടുപോയാൽത്തന്നെയും അനേകതലമുറ ഗുണപ്രദമായി നിൽക്കത്തക്കവണ്ണം ഉള്ളവയുമാകുന്നു. എത്ര അല്പദിവസങ്ങൾക്കുള്ളിൽ എത്ര ധർമ്മസംഘങ്ങളും കമ്പനികളും അവർ സ്ഥാപിക്കുകയും എത്ര വിദ്യാർത്ഥികളെ സാങ്കേതികവിദ്യകൾക്കും മറ്റുമായി സഹായിക്കുകയും എത്ര സ്ഥലങ്ങളിൽ തൊഴിലുകളും വിദ്യാലയങ്ങളും ഏർപ്പെടുത്തുകയും ഏർപ്പെടുത്താൻ ആരംഭിക്കുകയും ചെയ്തിരിക്കുന്നു. സ്വദേശ സാമാനങ്ങളുടെ നേരെ പൊതുവിൽ എത്ര പ്രതിപത്തിയെ ഉണ്ടാക്കുകയും സ്വദേശികച്ചവടക്കാർക്ക് എത്ര ലക്ഷം ഉറുപ്പിക ലാഭം വരുത്തുകയും തന്നാട്ട് തൊഴിലുകളെ എത്ര ഊർജ്ജിതമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇത് ഉയർന്നതരം വിദ്യാഭ്യാസവും ശക്തിയു

Digitized By Kerala Sahitya Akademi

മുള്ള യോഗ്യന്മാർ ഇതിലേക്ക് പുറപ്പെട്ടതിന്റെയും അത്തരം വിദ്യാഭ്യാസത്തിന് ബങ്കാളത്തിൽ സിദ്ധിച്ച പ്രചാരത്തിന്റെയും ഫലമാകുന്നു.

യോഗ്യന്മാരുടെ അന്യോന്യമുള്ള സഹകരണംകൊണ്ടല്ലാതെ ഒരു രാജ്യത്തിനോ സമുദായത്തിനോ കാലാനുസൃതമായഅഭിവൃദ്ധിവരുവാൻ പ്രയാസമാണ്. അങ്ങനെയുള്ള സഹകരണങ്ങൾ കമ്പനികളും ധർമ്മസംഘങ്ങളും മുഖേനയാണ് വെളിപ്പെടുകയും കാര്യസാധകമാകയും ചെയ്യേണ്ടത്. അർബത്തനാട്ട് കമ്പനി പൊളിഞ്ഞുപോയത് സാധാരണ ജനങ്ങൾക്ക് അധൈര്യപ്രദമായിരിക്കുമെങ്കിലും കാര്യബോധമുള്ള മറ്റു കമ്പനിക്കാർക്കും കമ്പനികളെ സ്ഥാപിപ്പാൻ പോകുന്ന അപ്രകാരമുള്ള യോഗ്യന്മാർക്കും അതിന്റെ പരാജയമാർഗ്ഗത്തെ കണ്ടുപിടിച്ചു പരിഹാരമുണ്ടാക്കിക്കൊള്ളുന്നതിലേക്കുള്ള ഒരു സാരമേറിയ പാഠമായി മാത്രമേ തീർന്നിട്ടുള്ളു. അപജയം ജയത്തിന്റെ ഉടപ്പിറപ്പാകുന്നു. ആത്മവിശ്വാസവും ജനസ്നേഹവുമുള്ള യോഗ്യന്മാർ പ്രസ്തുത വിഷയത്തിൽ ദൃഷ്ടിവയ്ക്കുകയും വ്യാപാരസംബന്ധമായും ധർമ്മസംബന്ധമായും ഉള്ള സംഘങ്ങളെ വേണ്ടിടത്തോളം സ്ഥാപിക്കുകയും നിരന്തരവും ആത്മാർത്ഥവുമായ ശ്രമങ്ങളെക്കൊണ്ട് അവയെ ഉറപ്പിക്കുകയും ഫലവത്തുകളാക്കുകയും ചെയ്വാൻ നോക്കേണ്ട കാലം കേരളത്തിൽ അതിക്രമിച്ചിരിക്കയാകുന്നു. ജനങ്ങളുടെ വേണ്ടപോലെയുള്ള സഹകരണമുണ്ടായിരുന്നുവെങ്കിൽ നമ്മുടെ എസ്. എൻ. ഡി. പി. യോഗം പോലെയുള്ള ഒരു സ്ഥാപനം തന്നെ ഇത്ര കാലങ്ങൾക്കുള്ളിൽ ഇപ്പോഴത്തെക്കാൾ എത്ര ശക്തിയേറിയ ഒരു സംഘമായി തീരുമായിരുന്നു. സംഘങ്ങളെ സംബന്ധിച്ചു പ്രത്യേകം അടുത്ത അവസരങ്ങളിൽ ഞങ്ങൾ പറവാൻ വിചാരിക്കുന്നതിനാൽ ഇപ്രകാരം അവയുടെ ആവശ്യകതയെ സംബന്ധിച്ചു സമഷ്ടിയായി പരാമർശിച്ചുകൊണ്ടു തൽക്കാലം വിരമിക്കേണ്ടിയിരിക്കുന്നു.

വിവേ. 1082 വൃശ്ചികം

ലഹരിപദാർത്ഥങ്ങൾ

പുതിയ പരിഷ്കാരത്തിന്റെ ദോഷഫലങ്ങളിൽ പ്രധാനമായ ഒന്ന് നമ്മുടെ ജനങ്ങൾ പുകയായും പാനീയമായും ലഹരി പദാർത്ഥങ്ങൾ പൂർവാധികം ഉപയോഗിപ്പാൻ തുടങ്ങിയിരിക്കുന്നു എന്നുള്ളതാണ്. സിഗരറും ചുരുട്ടും വലിക്കുന്നവരുടെയും മദ്യപാനികളുടെയും സംഖ്യ ചെറുപ്പക്കാരുടെ ഇടയിൽത്തന്നെ വളരെയധികമുണ്ട്. പല ദിക്കുകളിൽ ഈ ദുശ്ശീലം ഭയങ്കരമാംവണ്ണം വർദ്ധിച്ചുവരുന്നതായും കാണുന്നു. ലഹരി ഉപയോഗിച്ചു ബുദ്ധി ദുഷിച്ചവരോടു അതിന്റെ ദോഷത്തെപ്പറ്റി എത്രതന്നെ പറഞ്ഞാലും ഫലം ഉണ്ടാവാൻ പ്രയാസം. എങ്കിലും ഇതു ഒരു അപരിഹാര്യമായ ദുശ്ശീലമല്ലെന്നു പലർക്കും അറിയാം. അതുകൊണ്ടു അതുപോലെ തന്നെ

Digitized By Kerala Sahitya Akademi

ഇതിനെ തടുപ്പാനുള്ള ശ്രമവും ലോകത്തു വർദ്ധിച്ചാണ് വരുന്നതെന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

മദ്യലഹരിയെപ്പറ്റി മാനസതത്ത്വശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിൽ പ്രഥമഗണനീയനായ ഡോക്ടർ ജോർജ്ജ് കട്ട്ളർ എന്ന മാനസശാസ്ത്ര പണ്ഡിതർ വളരെക്കാലത്തെ പരിശോധനയുടെ ശേഷം ഈയിടെ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. മദ്യലഹരി സിരകളേയും തലച്ചോറിന്റേയും പ്രധാന ഭാഗങ്ങളെ വികലമാക്കുന്നു. സിരകളുടെ ശക്തി ക്ഷയിച്ചുപോകുന്നതോടുകൂടി ശ്രമസാദ്ധ്യമായ പ്രവൃത്തികൾക്ക് മനുഷ്യൻ യോഗ്യനല്ലാതെ തീരുന്നു. എന്നാൽ മദ്യപാനിയുടെ മിഥ്യയായ വിശ്വാസം പാനംകൊണ്ട് താൻ വളരെ ഹൃദയോന്മേഷത്തേയും ശക്തിയേയും അനുഭവിക്കുന്നു എന്നാണുതാനും. കൂടി വർദ്ധിച്ചു വരുന്നതോടുകൂടി ഏറ്റവും ഉൽകൃഷ്ടമാതൃകയിലുള്ള സ്ത്രീ പുരുഷൻമാരുടെ അഭാവം നേരിടുന്നതായി അദ്ദേഹം അനുതപിക്കയും സ്വരാജ്യാഭിമാനികൾ ഈ വിഷയത്തിൽ പ്രത്യേകം ദൃഷ്ടിവയ്ക്കണമെന്നു് ഉപദേശിക്കയും കൂടി ചെയ്യുന്നു.

മദ്യങ്ങൾക്ക് ഗവൺമെൻറിൽ നിന്നു് ചുങ്കം ഏർപ്പടുത്തുന്നത് കുടികുറപ്പാനായിട്ടാകുന്നു. എന്നാൽ ഇതിനങ്ങിനെ വില കൂട്ടീട്ട് ഉദ്ദേശിച്ച ഫലമുണ്ടാകുന്നില്ല, ഗവൺമെൻറിന് ഇതുകൊണ്ട് കൊല്ലംതോറും ആദായം വർദ്ധിക്കുന്നുവെന്നമാത്രമേയുള്ളു,

മദ്രാസ് സംസ്ഥാനത്തെ മദ്യപാന വർദ്ധനയെപ്പറ്റി കണക്കു കാണിച്ചിട്ട് ഈയിടെ പാർലമെൻറു സഭയിൽ ഒരു മെമ്പർ ഈ വർദ്ധനയെ തടുക്കാൻ ഗവൺമെൻറ് എന്തുചെയ്വാൻ പോകുന്നു എന്നു ചോദിക്കുകയുണ്ടായി. ഇതിന് ഷാപ്പുകളുടെ സംഖ്യ ചുരുക്കാനും, നാട്ടമദ്യങ്ങളുടെ ചുങ്കം വർദ്ധിപ്പിക്കാനും, ലഹരിയേറിയ മദ്യങ്ങളുടെ ചെലവ് ചുരുക്കാനുമായി കഴിഞ്ഞ ഒക്ടോബർ മുതൽ മദ്രാസ് ഗവൺമെൻറ് ശ്രമിച്ചുവരുന്നതായി സ്റ്റേറ് സെക്രട്ടറി അവർകൾ അറിയുന്നു എന്നാണ് അണ്ടർ സെക്രട്ടറി അപ്പോൾ മറുപടി പറഞ്ഞത്. ഇപ്പോൾ മദ്യഷാപ്പുകളുടെ സംഖ്യയേയും അവ സ്ഥാപിക്കപ്പെടേണ്ട സ്ഥലങ്ങളേയും സംബന്ധിച്ച് എക്സൈസ് കമ്മറിയുടെ ശുപാർശയിൻമേൽ ഒരു അന്വേഷണം നടത്തപ്പെടുകയും അതിന്റെ ഫലമായി ഷാപ്പുകളുടെ സംഖ്യ മുൻകൊല്ലത്തേതിനെ (1907—08) അപേക്ഷിച്ച് പത്തിനൊന്നു കണ്ടു് കുറവു ചെയ്യേണ്ടതാണെന്നു് ആലോചിച്ചുവരികയും ചെയ്യുന്നവത്രേ.

ചെറുപ്പക്കാരുടെ സിഗററുവലി മുതലായ ദുശ്ശീലങ്ങളും ഈയിടെ പാർലമെൻറിന്റെ ദൃഷ്ടിയിൽ എത്തീട്ടുണ്ട്. കുട്ടികളോട് മാതാപിതാക്കന്മാർക്കുണ്ടായിരുന്ന സഹജമായ സ്വാതന്ത്ര്യങ്ങളെ കൂടി ചട്ടങ്ങൾ ഏർപ്പെടുത്തി കുറച്ചുകളഞ്ഞിരിക്കുന്ന ഇക്കാലത്ത് ഈ

Digitized By Kerala Sahitya Akademi

വക കാര്യങ്ങളിൽ എല്ലാം ഗവൺമെൻറുതന്നെ തലയിടുന്നത് സ്വാഭാവികവും മുറയുമാണല്ലോ. സെർമുറിലെ രാജാവും ആ സംസ്ഥാനത്തിൽ ഈയിടെ ഇതിനെ സംബന്ധിച്ച് ഒരു നിയമം ഏർപ്പെടുത്തിയിരിക്കുന്നു. അതിൻപ്രകാരം 18 വയസ്സിനു താഴെയുള്ള കുട്ടികൾ ചുരുട്ടോ സിഗരറ്റോ പുകയിലയോ മറ്റെതെങ്കിലും ലഹരിസാധനങ്ങളോ വലിക്കുകയും ഏതു പ്രകാരത്തിലെങ്കിലുമുള്ള മദ്യങ്ങൾ ഉപയോഗിക്കുകയും സമ്മതിക്കപ്പെട്ട ഒരു വൈദ്യന്റെ കുറുപ്പിൻ പ്രകാരമല്ലാതെ ഏതെങ്കിലും ലഹരി സാധനങ്ങൾ ഉപയോഗിക്കുകയും ചെയ്താൽ യഥാക്രമം തടവും പിഴയും അടിയും ശിക്ഷ വിധിക്കപ്പെടുന്നതാണത്രേ.

നമ്മുടെ നാട്ടിലും ഇങ്ങിനെ വല്ലതും ഒരു ചട്ടം ഏർപ്പെടുത്തേണ്ട കാലം ആസന്നമായിരിക്കയല്ലയോ എന്ന് ചില ദിക്കിലെ ചെറുപ്പക്കാരുടെ അവസ്ഥ കണ്ടാൽ തോന്നും.

വിവേ: 1085 ചിങ്ങം

സ്നേഹവും ധർമ്മവും
അല്ലെങ്കിൽ
ഉത്തമമായ രാജഭക്തി പ്രകടനം

ഇക്കൊല്ലം ഇന്ത്യ മുഴുവൻ പ്രത്യേകം സ്മരിക്കത്തക്ക ഒന്നാണ്. ഈ കൊല്ലമാണ് ഭഗവാൻ ബുദ്ധൻ തന്റെ ഉപദേശങ്ങളും ജീവിതവും കൊണ്ട് ഈ രാജ്യത്തിനു തന്നെയല്ല ലോകത്തിനു മുഴുവൻ ചെയ്തിട്ടുള്ള അളവറ്റ ഗുണങ്ങളുടെ സ്മാരകമായി അഭിജ്ഞന്മാർ ആ പുണ്യാത്മാവ് ഈ രാജ്യവാസികൾക്കു ചെയ്ത ധർമ്മവിളംബരത്തിന്റെ രണ്ടായിരത്തിഅഞ്ഞൂറാമത്തെ വാർഷികോത്സവം കൊണ്ടാടാൻ പോകുന്നത്. ആ മഹാത്മാവായ ആചാര്യന്റെ നാമധാരിയായ മതം, അതിന്റെ ജന്മഭൂമിയിൽ ദുഷിച്ചുപോകുകയും നമ്മുടെ മാതൃരാജ്യത്താൽ ഇപ്പോൾ ബഹിഷ്കരിക്കപ്പെടുകയും ചെയ്തിരിക്കയാണെങ്കിലും ആ പുണ്യപുരുഷന്റെ ജീവിതവും ഉപദേശങ്ങളും നമ്മുടെ ജീവിതക്രമത്തിലും മതത്തിലും വരുത്തീട്ടുള്ള ഗുണകരമായ വലിയ മാറ്റങ്ങളെ ഇന്നും ഒരുത്തനും അപലപിച്ചുകൂടുന്നതല്ല. വെളിയിലുള്ള രാജ്യക്കാരിലും ആർക്കും ആ മഹാത്മാവിന്റെ ജീവിതവും ഉപദേശങ്ങളും അവരുടെ മതങ്ങളിലും ജീവിതാവസ്ഥകളിലും വരുത്തീട്ടുള്ള ഗുണകരങ്ങളായ ഭേദഗതികളെ വിസ്മരിച്ചുകൂടുന്നതല്ല. ഇന്ത്യയിൽ ബുദ്ധമതത്തിന്റെ അധഃപതനത്തിനുണ്ടായ കാരണങ്ങൾ എന്തുതന്നെയായാലും വേണ്ടില്ല ഈ രാജ്യത്തുള്ള പൊതുജനങ്ങൾക്ക് ആ അനുഗ്രഹിക്കപ്പെട്ട ആചാര്യൻ കാണിച്ച അനുകമ്പയും പഠിപ്പിച്ച സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും തത്വങ്ങളും അനുഭവയോഗ്യമായ അളവറ്റ ഗുണങ്ങൾ ചെയ്തിരുന്നു എന്നുള്ളതു നിരാക്ഷേപ

Digitized By Kerala Sahitya Akademi

മത്രേ. ഈ മഹാരാജ്യത്തിന്റെ ചരിത്രത്തിൽ ബുദ്ധമതകാലത്തെപ്പോലെ പൊതുജനങ്ങൾ ഉൽകൃഷ്ട സമുദായക്കാരുടെ അനുകമ്പയേയും സഹായത്തേയും മറ്റൊരു കാലത്തും അനുഭവിച്ചിട്ടില്ല. ബുദ്ധമതസ്ഥനായ അശോകചക്രവർത്തി പൊതുജനങ്ങളുടെ ഉയർച്ചയ്ക്കായി നൽകിയിരുന്ന സൗകര്യങ്ങൾ അനവധിയാണ്. അതിനു ശേഷമുള്ള മറൊരു ഗവർമ്മെൻറും നൽകിയ സൗകര്യങ്ങൾ അവയോടു കിടനില്ക്കപോലും ചെയ്തിട്ടില്ല. ന്യായവാദത്തിൽ ബുദ്ധമതത്തെപിന്തുടർന്നുവന്ന പരിഷ്കൃതമായ ഹിന്ദുമതത്തിന്റെ എല്ലാ ശാഖകളിലും ഉൽകൃഷ്ടങ്ങളായ പല സംഗതികളും അടങ്ങിയിട്ടുണ്ടെന്നു വരാം. എന്നാൽ കാര്യത്തിൽ അവകൊണ്ടു പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ഗുണം, ബുദ്ധമതം അതിന്റെ അധഃപതനകാലങ്ങളിൽ തന്നെ ചെയ്തിട്ടുള്ള നന്മകളുടെ അടുത്തെങ്ങുമെത്തീട്ടില്ലെന്നുള്ളത് സമ്മതിച്ചേ തീരൂ. ബുദ്ധമതകാലത്തിനു മുമ്പിലും ബുദ്ധമതത്തിന്റെ അധഃപതനാനന്തരവും നടപ്പിലിരുന്ന മതത്തിന്റെ അധോഗതിഹേതുക്കൾമറഞ്ഞു പോകയോ ബുദ്ധമതത്തെ തുടർന്നു വന്ന പരിഷ്കൃതഹിന്ദുമതത്തിന്റെ വിവിധരൂപങ്ങളുടെ മേൽ അവ വ്യാപരിക്കുന്നതിൽ നിന്നു വിരമിക്കയോ ചെയ്തിട്ടില്ല. അതിന്റെ ഫലമായി പരിഷ്കൃത ഹിന്ദുമത കാലത്തിൽ പൊതുജനങ്ങളുടെ അഭിവൃദ്ധി മാർഗ്ഗം നിരുദ്ധമായി എന്നു മാത്രമല്ല. അവരുടെ സ്ഥിതി ഗണ്യമാംവണ്ണം പിന്നാക്കം പോവാൻ തുടങ്ങുകയും ചെയ്തു. ജാതിമതങ്ങളെ സംബന്ധിച്ച ഹിന്ദുരാജാക്കന്മാരുടെ അസൂയകളും, ശല്യങ്ങളും പൂർവാധികം വ്യാപിക്കയും പൂർവാധികം കഠിനമായിത്തീരുകയും ചെയ്തു. ബുദ്ധമതം ക്ഷയോന്മുഖമായതുമുതൽ ഈ മഹാരാജ്യത്തിന്റെ നാനാഭാഗങ്ങളിൽ പ്രഭുത്വം വഹിച്ചിരുന്ന നാനാവർഗ്ഗക്കാരിൽ ഒരുത്തരും അവർ ഭരിച്ചുവന്ന ഭിന്നസമുദായക്കാരായ പൊതുജനങ്ങളുടെഅഭിവൃദ്ധിക്കു ജാതിഭേദമോ വർഗ്ഗഭേദമോ വിചാരിക്കാതെ തുല്യമായ സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകാൻ വേണ്ടത്ര വിശാലമായ സ്നേഹവും അനുകമ്പയുമുള്ളവരായിരുന്നതായി നാം ചരിത്രത്തിൽ കാണുന്നില്ല. ഇന്ത്യയുടെ പ്രേരണയാൽ ഗണ്യമാംവണ്ണം പരിഷ്കരിക്കപ്പെട്ട മതവും നാഗരികതയുമുള്ള വെളിയിൽ നിന്നു വന്ന വർഗ്ഗക്കാർ ആണ് മറ്റു വിഷയത്തിൽ തങ്ങളുടെ കുറവുകൾ എന്തൊക്കെ ആയിരുന്നാലും ഈ വിഷയത്തിൽ ഭേദമായിരിക്കുന്നത്. അതുകൊണ്ട് ഇന്ത്യയെ ലോകത്തുള്ള മറ്റു പല ജാതിക്കാരും പിടിച്ചടക്കിയത് ഒരു യദൃച്ഛാസംഭവമോ ഈ രാജ്യം അർഹിക്കാത്ത ഒരു ദുർഭാഗ്യമോ അല്ല. അത് ഈ രാജ്യം സ്നേഹത്തിന്റേയും ധർമ്മത്തിന്റേയും മാതൃകാമാർഗ്ഗങ്ങളിൽ നിന്നു തെറ്റിയതിന്റെ ഫലമാമാകുന്നു. ജനങ്ങളുടെ ഇടയിൽ ഉണ്ടായ വർഗ്ഗഭേദങ്ങളുടെയും മത്സരങ്ങളുടെയും ഫലമാകുന്നു. എന്നാൽ ദുർഭാഗ്യങ്ങൾ എന്നു സാധാരണ പറഞ്ഞുവരുന്നവ ആകപ്പാടെ ദോഷമായിത്തന്നെ ഇരിക്കു

Digitized By Kerala Sahitya Akademi

ന്നില്ല. അവ വേഷം മാറിയ ഗുണങ്ങളാകുന്നു. എന്തുകൊണ്ടെന്നാൽ വിധിനിയമങ്ങൾ ഒരിക്കലും തെറ്റിപ്പോകുന്നില്ല. ഈ ലോകത്തിൽ യാദൃച്ഛികമായി യാതൊന്നും തന്നെയില്ലെന്നു അറിയുകയും ഗുണകരമായ വിധിനിയമം ലോകത്തുള്ള എല്ലാറ്റിനെയും ഭരിക്കയാണെന്ന തത്ത്വം അനുഭവിച്ചറിയാൻ കഴിയുകയും ചെയ്യുന്നവർക്ക് ദുർഭാഗ്യങ്ങൾ ഒരിക്കലും യദൃച്ഛാസംഭവങ്ങളോ അസമ്പാദിതങ്ങളോ ആയിരിക്കുന്നില്ല. അവകേവലം ദോഷമാത്രവും അല്ല. അവ സദ്ദോഷങ്ങളായ വിചാരങ്ങളുടെയും വാക്കുകളുടെയും പ്രവൃത്തികളുടെയും ശരിയായ ഫലങ്ങളും ഗുണത്തിനായിട്ടുള്ള വലിയ പാഠങ്ങളും ആകുന്നു. ഇന്ത്യയെ പല അന്യരാജ്യക്കാരും പിടിച്ചടക്കിയതും അസ്ഥിരമായ പ്രഭാവങ്ങൾ നടത്തിയതും നിശ്ചയമായും പല ദോഷങ്ങൾക്കും കാരണമായിത്തീർന്നിട്ടുണ്ടുതന്നെ. എന്നാൽ കുറേക്കൂടി സൂക്ഷ്മമായും വിശാലദൃഷ്ടിയോടുംകൂടി നോക്കുന്നതായാൽ അവയും കേവലം ഗുണശൂന്യമായിരുന്നിട്ടില്ല. തന്റെ നിലയെ തന്നത്താൻ ഓർമ്മിക്കാത്ത ഒരുത്തൻ തെറ്റ് പ്രവർത്തിക്കുകയും അതിനു ശരിയായി അവൻ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഏറ്റവും പുരാതനമായ കാലംമുതൽ ലോകത്തിനു പരിഷ്കാരമുണ്ടാക്കിയതായ ഒരു മഹാജനത അതിന്റെ സ്നേഹധർമ്മങ്ങളുടെ ലക്ഷ്യങ്ങളിൽനിന്നു തെറ്റി അബദ്ധം പ്രവർത്തിക്കയും അതിനായി ശിക്ഷിക്കപ്പെടുകയും ചെയ്താൽ ആ ശിക്ഷ കേവലം ദോഷമാണെന്നു പറഞ്ഞുകൂടുന്നതല്ല. എത്രയോ ശതവർഷങ്ങൾ മുഴുവൻ ഈ രാജ്യത്തു നടന്ന കീഴടക്കവും രക്തച്ചൊരിച്ചിലും എല്ലാം നമ്മുടെ സ്വന്തം അന്തഃഛിദ്രത്തെയും അധഃപതനത്തെയും പറ്റിയ ഒരു ബോധത്തെ നമുക്കുണ്ടാക്കിത്തരാൻ ഉദ്ദേശിക്കപ്പെട്ടവയല്ലയോ?

ഹിന്ദുക്കളായ നാം ഒരു വർഗ്ഗക്കാരുടെ നിലയിൽ അധികം സ്നേഹവും സഹനവുമുള്ളവരാണെന്നു പലപ്പോഴും അഭിമാനിച്ചുവരാറുണ്ട്. അത് പാഴ്സികൾ, യഹൂദർ, മഹമ്മദീയർ, ക്രൂസ്ത്യാനികൾ ഈ വർഗ്ഗക്കാരെല്ലാം നമ്മുടെ ഇടയിൽ നമ്മെപ്പോലെതന്നെ സുഖമായും, പക്ഷേ അവരുടെ സ്വന്തം രാജ്യങ്ങളിലെക്കാൾ അധികം നല്ല സ്ഥിതിയിലും, ജീവിച്ചുവരുന്നതായി ദൃഷ്ടാന്തങ്ങൾ കാണിപ്പാൻ കഴിയുമെന്നുള്ളതുകൊണ്ടായിരിക്കാം. എന്നാൽ ഹിന്ദുക്കളുടെ ഇടയിലുള്ള ഭിന്നജാതിക്കാർ തമ്മിലും ഈ മാതിരി സ്നേഹവും സഹനവും ഉണ്ടെന്നു പറയാവുന്നതാണോ? ഹിന്ദുക്കളിൽ ശക്തിയുള്ള വർഗ്ഗക്കാർ പൊതുജനങ്ങൾക്ക് അവർ അർഹിക്കുന്നതായ അനുകമ്പയുടെയും പ്രോത്സാഹനത്തിന്റെയും ലേശമെങ്കിലും കാണിച്ചുവരുന്നുണ്ടോ? അന്യമതങ്ങളിലേക്ക് ജനങ്ങൾ പോകുന്നതിന്റെ പ്രധാന കാരണം എന്ത്? പൊതുജനങ്ങളെ ഹിന്ദുക്കളുടെ വർഗ്ഗത്തിനിന്ന് ഒഴിച്ച് ഇപ്പോഴത്തെ ജനസംഖ്യാറിപ്പോർട്ടിൽ പ്രത്യേകം കണക്കാക്കണമെന്നതായി നടന്നുവരുന്ന തർക്കത്തിനുകാരണമെന്ത്? വിദേശീയരാജ്യാപഹരണവും, വിദേശീയഭരണവും കൊണ്ടുണ്ടായ ദോഷങ്ങൾ

Digitized By Kerala Sahitya Akademi

നമുക്ക് പരസ്പരം സഹനവും ഐകമത്യവുമില്ലാത്തതിനാലുള്ള അബദ്ധത്തെ കാട്ടിത്തരാനായി ഉദ്ദേശിക്കപ്പെട്ടവയല്ലയോ? അവ നമ്മുടെ സ്വാർത്ഥശീലം, ദുരഭിമാനം, അന്ധവിശ്വാസം, ദ്രോഹചിന്ത, ദ്വേഷം ഇവയുടെ സാക്ഷാൽ ഫലങ്ങളല്ലയോ? അവ നമ്മളിൽ സ്നേഹത്തിന്റേയും ധർമ്മത്തിന്റേയും അധികം വിപുലമായ ബോധത്തെ ഉണ്ടാക്കി നമ്മെ ലോകത്തിന്നു രഞ്ജനയുടെ വലിയ പാഠങ്ങളെ—അതായതു് സ്നേഹധർമ്മങ്ങളെ—ഉപദേശിക്കുന്നതിൽ അനുവർത്തിപ്പിപ്പാൻ വിധിയാൽ സ്വീകൃതമായ ഉപായങ്ങളല്ലയോ? ലോകത്തിൽവച്ച് ഏറ്റവും നീതിനിഷ്ഠയും ഉൽക്കർഷവുമുള്ള വർഗ്ഗക്കാരിൽ ഒന്നായ ഇംഗ്ലീഷുകാർക്കു് ഈ മഹാരാജ്യത്തിന്റെ മേലുള്ള അകണ്ടകമായ ആധിപത്യം ഒരു മഹത്തായ ആവശ്യം അല്ലയോ? ഇത്ര ഉയർന്ന തരത്തിലുള്ള ഒരു അനുഗ്രഹത്തിനായി നാം ഒരു സമുദായത്തിന്റെ നിലയിൽ ഈശ്വരന്റെ നേരേ എത്രതന്നെ കൃതജ്ഞത കാണിച്ചാലും അധികമാകുന്നതാണോ?

ഏതാനും ചിലർ, വിശേഷിച്ച് ഉയർന്ന ജാതിക്കാരെന്നു പറയുന്നവരുടെ ഇടയിലുള്ള വിദ്യാഭ്യാസം ചെയ്ത ചിലർ, നമ്മുടെ രാജ്യത്ത് ബ്രിട്ടീഷ് ഭരണം, അത്ര ഗുണകരമല്ലെന്നു വിചാരിക്കുന്നുണ്ട്. ഇവർ ആ ഗവണ്മെൻറിനെ കൂടക്കൂടെ കുറ്റം പറയുന്ന വിഷയത്തിൽ തീരെ മടികാണിക്കാറുമില്ല. ഓരോ പ്രത്യേകമനുഷ്യർക്കും എന്നപോലെതന്നെ ഗവണ്മെൻറിനും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഏതെങ്കിലും കുറ്റമുണ്ടാകാതെ ഇരിക്കയില്ല. എന്നാൽ ഗുണദോഷനിരൂപണം ചെയ്യുന്നവർ എപ്പോഴും താരതമ്യപ്പെടുത്തിവേണം നോക്കാൻ. ബ്രിട്ടീഷ് ഗവൺമെൻറിനെ കുറ്റം പറയുന്നവർക്കു് അവർ ആക്ഷേപിക്കുന്ന ആ ഗവൺമെൻറ് ആകപ്പാടെ നോക്കിയാൽ ഈ നാട്ടിൽ അശോകചക്രവർത്തിയുടെ കാലശേഷമുണ്ടായ സ്വദേശിയോ വിദേശിയോ ആയ മറ്റേതെങ്കിലും ഗവൺമെൻറിനേക്കാൾ ന്യൂനഗുണമായിരിക്കുന്നു എന്നു നമ്മോടു് ഉറപ്പായി പറയാൻ കഴിയുമോ? മറ്റേതെങ്കിലും ഗവൺമെൻറിന്റെ കീഴിൽ ഈ രാജ്യത്തിനു് ഇതിനേക്കാൾ വലിയ ഗുണങ്ങൾ ഉണ്ടാകുമായിരുന്നു എന്നു് അവർക്കു് നമ്മെ ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? പക്ഷേ ഇന്ത്യയുടെ ഭരണം അവരെത്തന്നെ ഏല്പിക്കയാണെങ്കിൽ ഈ രാജ്യത്തെ ഭിന്നവർഗ്ഗക്കാരുടെ എല്ലാം ഗുണങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തേക്കാൾ അധികം ന്യായമായ വിധത്തിൽ അവർ ഭരിക്കുന്നതാണെന്നു് അവർക്കു് നമ്മോടു് ഉറപ്പുപറയുവാൻ സാധിക്കുമോ? കഴിഞ്ഞകാലങ്ങളിൽ പൊതുജനങ്ങളെ ചവിട്ടിത്താഴ്ത്തി ഗണ്യമായ ഗുണങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഉയർന്ന ജാതിക്കാരെന്നും വിദ്യാഭ്യാസം ചെയ്തവരെന്നും പറയുന്ന വർഗ്ഗങ്ങൾക്കു് ഇപ്പോൾ ആവലാതി പറയാൻ ചില കാരണങ്ങൾ ഉണ്ടായിരിക്കുമെന്നുള്ളതു് സംഭാവ്യമത്രേ. എന്നാൽ അവർ സംഖ്യയിൽ വളരെ കുറ

Digitized By Kerala Sahitya Akademi

വാണ്. അവർക്ക് അധികാരം കിട്ടുകയായിരുന്നാൽ പൊതുജനങ്ങളുടെ അഭിവൃദ്ധിക്കുള്ള സൗകര്യങ്ങളും പ്രേരണകളും ബ്രിട്ടീഷ് ഗവൺമെൻറ് ചെയ്യുവരുന്നതു അവർ ചെയ്യുമായിരുന്നോ? ബ്രിട്ടീഷ് ഭരണത്തിൻെറ കീഴ് പൊതുജനങ്ങൾക്കിപ്പോഴുണ്ടായിട്ടുള്ള അഭിവൃദ്ധി തന്നെ, ലഭിച്ചിരിക്കുന്ന സൗകര്യങ്ങളെ മുഴുവൻ ഉപയോഗപ്പെടുത്തിക്കൊള്ളാൻ ഈ വർഗ്ഗക്കാർ അവരെ അനുവദിച്ചിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നതിൻെറ പത്തിലൊരുഭാഗം ആയിട്ടില്ലെന്നുള്ളത് നിരാക്ഷേപമാണ്. വിദ്യാഭ്യാസസംബന്ധമായും മറ്റുവിധത്തിലും ഈ രാജ്യത്തു പൊതുജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നതും ഇരിക്കുന്നതുമായ ദുരവസ്ഥകളേയും സാമുദായികമായി അവർ പെടുന്ന അവധിയില്ലാത്ത കഷ്ടതകളേയും ഒത്തുനോക്കുമ്പോൾ സ്വല്പമായ അഭിവൃദ്ധിതന്നെ ഗണ്യമായിട്ടുള്ളതാണ്.

ഞങ്ങളുടെ അഭിപ്രായത്തിൽ ഒരു ഗവണ്മെൻറു നല്ലതാണെന്നു പറയപ്പെടുന്നത്, അതു തൻെറ കീഴിലുള്ള ഏറ്റവും എളിയ വർഗ്ഗക്കാർക്കുപോലും എല്ലാപ്രകാരത്തിലുമുള്ള അഭിവൃദ്ധി ഉണ്ടാവാനും, തങ്ങളേയും തങ്ങളുടെ രാജ്യത്തിൻേറയും രാജാവിൻേറയും ഈശ്വരൻേറയും നേരെ തങ്ങൾക്കുള്ള കൃത്യങ്ങളെ ചെയ്വാനും നൽകുന്ന സൗകര്യങ്ങളുടേയും പ്രോത്സാഹനങ്ങളുടേയും ഏറക്കുറച്ചിലനുസരിച്ചായിരിക്കും. ഈ തോതനുസരിച്ചു നോക്കുകയാണെങ്കിൽ ബ്രിട്ടീഷ് ഗവണ്മെൻറ് ഈ രാജ്യത്തിനു പരോക്ഷമായും അപരോക്ഷമായും ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ അനവധി ഗുണങ്ങൾക്കായി അതിനു വളരെ വന്ദനം പറയേണ്ടതാകുന്നു. ഇന്ത്യന്മാർക്ക് ഉദ്യോഗലാഭവിഷയത്തിൽ, അതായതു ഗവണ്മെൻറുദ്യോഗവിഷയത്തിൽ, വിശേഷിച്ചും ഉയർന്നതരം ഉദ്യോഗങ്ങളിൽ, കയറ്റത്തിനു തുല്യസൗകര്യം ലഭിച്ചിട്ടില്ലായിരിക്കാം. എന്നാൽ അതിനേക്കാൾ വലുതായ വിദ്യാഭ്യാസം, വ്യവസായം, സമുദായസ്ഥിതി, മതം ഈ വിഷയങ്ങളിലെ അഭിവൃദ്ധി മാർഗ്ഗങ്ങളുടെ സ്ഥിതി എങ്ങനെയിരിക്കുന്നു? ഇംഗ്ലീഷ് ഗവർമ്മെൻറിനേക്കാൾ ദീർഘകാലം തുടർന്നുകൊണ്ടുള്ള ഈ സമാധാനം, ജാതി ചിന്തകൂടാതെ ഭരണീയരിൽ എല്ലാവരോടും ഉള്ള തുല്യമായ പെരുമാറ്റം, ജാതിമതസംബന്ധമായ കാര്യങ്ങളിൽ തലയിടായ്ക മുതലായ അനുഗ്രഹങ്ങൾ നൽകീട്ടുള്ളതായി സ്വദേശിയോ വിദേശിയോ ആയ മറ്റേതെങ്കിലും ഗവർമ്മെൻറുണ്ടോ? ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിൻെറ ന്യൂനതകൾ എന്തെല്ലാമായിരുന്നാലും ഈ അനുഗ്രഹങ്ങൾ ഈ വലുമഹാരാജ്യത്തിലെ ഓരോ സമുദായക്കാരേയും തങ്ങളുടെ സ്വന്ത യോഗ്യതയ്ക്കുവണ്ണവും, സഹജീവികളായ അന്യസമുദായക്കാരാൽ അനുവദിക്കപ്പെട്ടുള്ള സൗകര്യങ്ങൾക്കും മാറും തക്കവണ്ണവും, അഭിവൃദ്ധിപ്പെടാൻ സഹായിച്ചിട്ടുള്ളവയാണ്. ഈ അനുഗ്രഹങ്ങൾ ഒരു വിദേശീയ ഗവർമ്മെൻറിനു സ്വാഭാവികമായുള്ള ന്യൂനതകളെക്കുവിഞ്ഞു വളരെ

Digitized By Kerala Sahitya Akademi

യധികം പൊങ്ങിനിൽക്കുന്നുണ്ട്. അതുകൊണ്ട് ഈശ്വരൻ തന്റെ വിജ്ഞാനത്താൽ ഏറ്റവും നല്ലതാണെന്നുകണ്ടു തങ്ങൾക്ക് അനുഗ്രഹമായി നൽകിയിരിക്കുന്ന ഈ ഗവർമ്മെൻറിന്റെ നേരേയുള്ള കൃതജ്ഞത പ്രത്യക്ഷത്തിൽ പ്രസ്താവിക്കയോ ജ്ഞാപകസ്തംഭങ്ങളോ മറ്റോ ആയ ബാഹ്യദൃഷ്ടാന്തങ്ങളാൽ പ്രദർശിപ്പിക്കയോ ചെയ്യുന്നില്ലെങ്കിലും എല്ലാ സമുദായങ്ങൾക്കും ഒന്നുപോലെ ഹൃദയത്തിലുണ്ട്.

ഞങ്ങളുടെ സമുദായത്തെത്തന്നെ ദൃഷ്ടാന്തമായെടുത്താൽ ബ്രിട്ടീഷ് ഭരണം കൊണ്ടു പരോക്ഷമായും അപരോക്ഷമായും ഞങ്ങൾക്ക് അനവധി ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു സമ്മതിച്ചേതീരൂ. ബ്രിട്ടീഷ് ഭരണം വരുന്നതിനു മുമ്പുള്ള ഞങ്ങളുടെ സമുദായത്തിന്റെ സ്ഥിതിയെ അതിന്റെ ഇന്നത്തെ സ്ഥിതിയോടു ഒത്തുനോക്കുന്ന ഏവനും ആ ഭരണത്തിനു ഞങ്ങളുടെ മേലുള്ള പ്രേരണകളെ കണ്ടിട്ട് അത്ഭുതവും ഈശ്വരന്റെ നേരേ കൃതജ്ഞതയും തോന്നാതിരിക്കയില്ല. വിദ്യാഭ്യാസം, വ്യവസായം, സമുദായാചാരം, മതം ഈ വിഷയങ്ങളിൽ ബ്രിട്ടീഷാധിപത്യത്തിൻ കീഴ് നാം അപരിമിതമായ അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നു എന്നുള്ളതു തർക്കമറ്റ സംഗതിയത്രേ. നമുക്ക് ഇതിനേക്കാൾ സന്തോഷകരമായ അഭിവൃദ്ധികൾ സമ്പാദിപ്പാൻ കഴിയുമായിരുന്നു. എന്നുള്ളതും സമ്മതിച്ചേതീരൂ. എന്നാൽ അതിന്റെ കുറ്റം ഈശ്വരൻ നമ്മെ ഭരിപ്പാൻ പ്രത്യക്ഷമായോ പരോക്ഷമായോ നിയോഗിച്ചിരിക്കുന്ന ഗവർമ്മെൻറുകളുടെ മേലിരിക്കുന്നതിനേക്കാൾ നമ്മിലും, നമ്മുടെ പര്യന്തവർത്തികളിലുമാണിരിക്കുന്നതു്.

ഇന്ത്യയ്ക്കു ബ്രിട്ടീഷ് ഭരണം കൊണ്ടുണ്ടായിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ ഒന്ന് സ്വദേശീയബുദ്ധിയാണ്. ഭാഷ മതം, ആചാരങ്ങൾ, നടപടികൾ മുതലായ വിഷയങ്ങളിൽ എല്ലാ, പ്രത്യേകം ഭിന്നങ്ങളായ നാനാസമുദായങ്ങളാലും ജാതികളാലും അധിവസിക്കപ്പെട്ടവരുന്ന ഒരു വലിയ ഭൂഖണ്ഡതുല്യമായ നമ്മുടെ രാജ്യത്തിൽ ഒരു സർവസാധാരണമായ ഒരു സ്വദേശീയതാബോധമുണ്ടാകുന്നത്, എത്ര വിലമതിച്ചാലും അധികമായിപ്പോകാത്ത ഒരു വല്യ സംഗതിയാകുന്നു. ഞങ്ങളുടെ സ്വന്ത സമുദായം തന്നെ രാജ്യഭരണസംബന്ധമായും വിദ്യാഭ്യാസസംബന്ധമായും സാമുദായികമായുമുള്ള ഭിന്നസ്ഥിതികളെ അവലംബിച്ചിരുന്ന പ്രത്യേക സംഖ്യകളാൽ ഘടിതമായിരുന്നു. എന്നാൽ ഇപ്പോൾ ആ കാരണങ്ങളിൽ നിന്നുണ്ടായ ബുദ്ധിമുട്ടുകൾ മിക്കവാറും നശിച്ചുപോകയും ഞങ്ങൾ അധിവസിക്കുന്ന രാജ്യം മുഴുവൻ ഞങ്ങളുടെ സമുദായം ഒന്നാണെന്നു വിചാരിക്കയും ചെയ്യുവരുന്നു. അതുകൊണ്ട് ഈ സമുദായത്തിന്റെ പ്രധാന്യവും, ഇന്നത്തിനായിട്ടുള്ള ശക്തിമത്വവും ഗണ്യമാംവണ്ണം വർദ്ധിച്ചിരിക്കുന്നു.

ഇതുപോലെ ഈ മഹത്തായ ഇന്ത്യാമഹാരാജ്യത്തിലെ എല്ലാ പ്രധാന സമുദായങ്ങളും അധികമധികം യോജിച്ചു പ്രവർത്തിക്കുകയും

Digitized By Kerala Sahitya Akademi

അവരവരെ നന്നാക്കാനായി വ്യവസ്ഥിതങ്ങളായ ശ്രമങ്ങൾ ചെയ്തുവരികയും ചെയ്യുന്നു. നായന്മാർ, ലിംഗായത്തന്മാർ, നായിടമാർ, നാടാന്മാർ, വൊക്കലീഗർ, വൈശ്യന്മാർ, ക്ഷത്രിയർ ഇവരും മറ്റു വലിയ സമുദായങ്ങളും പ്രത്യേകം പ്രത്യേകം ഏകോപിച്ചു സംഘങ്ങൾ ഏർപ്പെടുത്തുകയും. തങ്ങളുടെ ഉന്നതിക്കായി ശ്രമിക്കയും ചെയ്യുന്നു. എല്ലാറ്റിലും മുഖ്യമായി ഭിന്ന സമുദായങ്ങൾ എല്ലാം ഒരു പൊതുവായ സ്വദേശിത്വ ബോധത്തെ അനുഭവിച്ചറിയുകയും പൊതു ഗുണത്തിനായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ സാക്ഷാത്തായും പരോക്ഷമായുമുള്ള പ്രേരണകൾ കൊണ്ടല്ലെങ്കിൽ ഇതെല്ലാം സാദ്ധ്യമാകുമായിരുന്നോ?

ഇന്ത്യയിൽ ബുദ്ധമതത്തിന്റെ ശക്തി ക്ഷയോന്മുഖമായ കാലം തുടങ്ങി പൊതുജനങ്ങളുടെ അവസ്ഥ 'കഷ്ടാൽ കഷ്ടതര' മായിത്തീർന്നുകൊണ്ടിരിക്കയാകുന്നു. രാജഭക്തിയുള്ളവരും അദ്ധ്യാനികളും പലസംഗതികളിലും നാം മൃഗങ്ങളെക്കാൾ നിന്ദ്യമായി വിചാരിക്കയും ക്രൂരതയോടെ പെരുമാറുകയും ചെയ്തുവരുന്നവരുമായ അസംഖ്യം കുടുംബങ്ങൾ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കുന്നതിനേക്കാൾ വലുതായ ഒരു കളങ്കം നമ്മുടെ നാഗരികതയ്ക്കും മതത്തിനും ഉണ്ടാവാനില്ല. ഈ വർഗ്ഗക്കാരുടെ ഉദ്ധാരണത്തെപ്പോലെ നമ്മുടെ ഉത്തമങ്ങളായ മതശാസനങ്ങൾക്ക് ഏറ്റവും യോജിച്ചതും, നമ്മുടെ മഹാരാജ്യത്തിന്റെ അഭിവൃദ്ധിക്ക് ഏറ്റവും ആവശ്യകവുമായ പ്രവർത്തി വേറെ ഇല്ലതന്നെ. ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നീ വലിയ അവതാരപുരുഷന്മാർ നമുക്ക് അതിന്റെ മാർഗ്ഗം പഠിപ്പിച്ചുതന്നിട്ടുണ്ട്. ശ്രീരാമന് ജാതിസംബന്ധമായ വ്യത്യാസം ഒന്നും ഉണ്ടായിരുന്നില്ല. അദ്ദേഹം വാനരന്മാരുമായി യഥേഷ്ടം കൂടിക്കഴികയും പക്ഷിയായ ജഡായുവിനുവേണ്ടി ശ്രാർദ്ധം ഊട്ടുകയുംകൂടി ചെയ്തു. ശ്രീകൃഷ്ണനും എല്ലാവരെയും ഒന്നുപോലെ സ്നേഹിച്ചു എന്നുമാത്രമല്ല, "വിദ്യാവിനയ സമ്പന്നനായ ബ്രാഹ്മണനേയും പശുവിനേയും ആനയേയും വൃത്തികെട്ട പട്ടിയേയും അതിനെ മാംസംതിന്നുന്ന ചണ്ഡാലനെക്കൂടിയും ഒന്നുപോലെ കരുതുന്നവനാണ് വിവേകി." എന്ന് അദ്ദേഹം നമുക്ക് ഉപദേശിച്ചുതരികയും ചെയ്തിരിക്കുന്നു. എന്നാൽ ഇവരെ ഈശ്വരന്റെ വലിയ അവതാരങ്ങളായി വിചാരിച്ചു പൂജിച്ചുവരുന്നവരുടെ പ്രവർത്തി അതുകപ്പാടെ മറിച്ചാണ്. ഈ മഹാരാജ്യത്തിന്റെ സാക്ഷാൽ നട്ടെല്ലായ താഴ്ന്നജാതിക്കാർ (Depressed classes) എന്നുപറയുന്ന വർഗ്ഗക്കാരുടെ ഉന്നതിക്കായി ഈ രാജ്യത്തിൽ എല്ലാടവും ഇപ്പോൾ ഏർപ്പെട്ട പ്രവർത്തിച്ചു വരുന്ന എതദ്ദേശീയരുടെ സംഘങ്ങൾ ആണ് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഏറ്റവും മഹത്തായ മഹാത്ഭുതത്തെ കാണിക്കുന്നത്.

Digitized By Kerala Sahitya Akademi

ബുദ്ധമതത്തിന്റെ ശക്തി ഇന്ത്യയിൽ ക്ഷയിച്ചുതുടങ്ങിയ കാലം മുതൽ ഈ വർഗ്ഗക്കാർക്ക് അവരുടെ ജന്മാവകാശമായ അഭിവൃദ്ധിക്കുള്ള സൗകര്യങ്ങളും സഹായങ്ങളും അന്നുണ്ടായിരുന്നതിന്റെ ഏതാണ്ടൊരംശമെങ്കിലും അനുഭവിപ്പാനിടയുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ശ്രീരാമാനുജൻ, ശ്രീചൈതന്യൻ എന്നിവരെപ്പോലുള്ള മഹാത്മാക്കൾ ഈ വർഗ്ഗക്കാരെ കഴിയുന്നത്ര സഹായിച്ചിട്ടുണ്ടെന്നുള്ളത് ശരിതന്നെ. എന്നാൽ അങ്ങനെയുള്ളവർ ചുരുക്കവും, വളരെ അകന്നകന്നുമാത്രം ഉണ്ടാകുന്നതുമാകുന്നു. ഈ വർഗ്ഗക്കാരുടെ നേരെയുള്ള നമ്മുടെ കൃത്യത്തിനെ സംബന്ധിച്ച് ഇപ്പോഴുള്ള ഒരു പൊതുവായ ഉണർച്ച, സ്വാതന്ത്ര്യത്തിനും അഭിവൃദ്ധിക്കുമായി ലോകം മുഴുവൻ എതിർത്തു നിൽക്കുന്ന ബ്രിട്ടീഷ് ഗവണ്മെൻറിന്റെ പ്രത്യക്ഷമോ അപ്രത്യക്ഷമോ ആയ പ്രേരണ കൊണ്ടല്ലെങ്കിൽ സംഭാവ്യമായിരുന്നോ?

ബ്രിട്ടീഷ് ഗവൺമെൻറ് വിദേശിയായതുകൊണ്ട് അവശ്യമായും അതിന് ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കും. ദൃഷ്ടാന്തമായി ഈ ഗവൺമെൻറിന് ഭഗവാൻ ബുദ്ധനോ അശോക ചക്രവർത്തിയോ പഠിപ്പിച്ച അത്രയോ ആ രീതിയിലോ നമുക്ക് നമ്മുടെ ധർമ്മത്തെ പഠിപ്പിപ്പാനോ അവരെപ്പോലെ സ്നേഹത്തെയും ധർമ്മത്തെയും മാത്രം മുൻനിർത്തിയുള്ള ഒരു ജീവിതം നയിക്കുന്നതിൽ നമ്മെ പ്രോത്സാഹിപ്പിപ്പാനോ കഴിയുന്നതല്ല. എന്നാൽ ജാതിവിചാരലേശം കൂടാതെ എല്ലാ ജനങ്ങൾക്കും അഭിവൃദ്ധിക്കുള്ള തുല്യസൗകര്യം ബ്രിട്ടീഷ് ഗവണ്മെൻറ് നൽകിയിരിക്കുന്ന അത്രയധികം സ്വദേശിയോ വിദേശിയോ ആയ മറെറാരു ഗവണ്മെൻറും കൊടുക്കുമായിരുന്നില്ല. നൽകപ്പെട്ടിരിക്കുന്ന സൗകര്യങ്ങളെ എല്ലാ ജാതിക്കാരും ഒന്നുപോലെ പൂർണ്ണമായനുഭവിക്കുന്നില്ലെങ്കിൽ ആ കുറവ് അവർക്കോ അവരുടെ ചുററുമുള്ളവർക്കോ ആയിരിക്കുന്നതല്ലാതെ ഗവണ്മെൻറിനല്ല.

ഈ രാജ്യത്തിൽ ഒരു പൊതുവായ ഉണർച്ചയുണ്ടാക്കിയ പ്രധാന ശക്തി വിദ്യാഭ്യാസമാണ്. ഈ രാജ്യത്തെ ഇപ്പോഴത്തെ വിദ്യാഭ്യാസ സ്ഥിതി പല പ്രകാരത്തിൽ ന്യൂനതയുള്ളതാണെന്ന സംഗതി പൊതുവിൽ സമ്മതിക്കപ്പെട്ടിരിക്കുന്നു. എന്നാൽ എല്ലാ സംഗതികളും പര്യാലോചിച്ചു നോക്കുന്നതായാൽ ഇക്കാര്യത്തിൽ തങ്ങൾക്ക് ഏറവും നല്ലതായി തോന്നിയതിനെ ചെയ്യേണ്ടിവന്ന വിദേശീയ ഗവൺമെൻറിനേക്കാൾ ജനങ്ങളെ ആണ് കുറവ് പറയേണ്ടത്. ന്യൂനതകൾ എന്തെല്ലാം ആയിരിക്കട്ടെ, നാം ഇപ്പോൾ നമ്മുടെ ചുററും കാണുന്ന സമീകരണത്തിന്റെയും ഏകീകരണത്തിന്റെയും പ്രേരകശക്തികൾ എല്ലാം മുഖ്യമായും ഈ വിദ്യാഭ്യാസത്തിന്റെ ഫലങ്ങളാണെന്നുള്ളത് നിഷേധിക്കാവുന്നതാണോ? എങ്ങും കാണപ്പെടുന്ന അഭിവൃദ്ധിക്കായിട്ടുള്ള തൃഷ്ണയും സ്വസഹായ ബുദ്ധിയും, ക്ഷമ

Digitized By Kerala Sahitya Akademi

യും, അനുകമ്പയും, ശീഘ്രത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഐകമത്യവും തന്നെ ഈ വിദ്യാഭ്യാസത്തിന്റെ ഫലങ്ങളല്ലയോ?

ഞങ്ങളുടെ സമുദായത്തെത്തന്നെ പിന്നെയും ദൃഷ്ടാന്തമായെടുക്കാം. വിദ്യാഭ്യാസ വിഷയത്തിൽ താരതമ്യപ്പെടുത്തിനോക്കിയാൽ ഞങ്ങൾ വളരെ പിന്നോക്കമാണെന്നുള്ളത് നിരാകർഷപമാണ്. എങ്കിലും ഞങ്ങൾക്ക് ഇപ്പോൾ ആ വിഷയത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ശീഘ്രമായ കയറ്റത്തെ ആർക്കും വിസ്മരിക്കാവുന്നതാണോ? പഴയ കാലത്ത് ഞങ്ങൾക്ക കേവലം അലഭ്യമായിരുന്ന ഈ രാജ്യത്തെ പരിശുദ്ധമായമതപുസ്തകങ്ങൾ ഇപ്പോൾ ഞങ്ങളുടെ ഏറ്റവും എളിയ ചില കുടുംബങ്ങളിൽ നിന്നുപോലും കിട്ടുന്നതാണ്. മുൻകാലങ്ങളിൽ ഞങ്ങളുടെ കുട്ടികൾക്ക കടക്കാൻ പാടില്ലാതിരുന്ന സ്കൂളുകൾ മുക്കാലേ അരയ്ക്കാലും ഇപ്പോൾ പ്രവേശ്യമായിത്തീർന്നിട്ടുണ്ട്. അതിന്റെ ഫലമായി ഞങ്ങളിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ ഇപ്പോഴും മറ്റു ചില സമുദായങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെങ്കിലും ബ്രിട്ടീഷ് ഭരണത്തിനു മുമ്പുള്ള കാലത്തിനോട് ഒത്തുനോക്കിയാൽ വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. തന്നെയല്ല, കൃഷി വ്യവസായം ഈ വിഷയങ്ങളിലും ഞങ്ങൾക്ക് ഇനിയും വളരെ പഠിപ്പാനും പരിഷ്കരിപ്പാനുമുണ്ട്. എന്നാൽ ഈ വിഷയങ്ങളിലും കഴിഞ്ഞ ഈ ഒന്നരയോ അധികമോ നൂറ്റാണ്ടു കാലത്തിനുള്ളിൽ ഞങ്ങൾ പ്രാപിച്ചിരിക്കുന്ന അഭിവൃദ്ധിയെ ആർക്കെങ്കിലും നിഷേധിക്കാനാവുന്നതാണോ? മതസംബന്ധവും സാമുദായികവുമായ സംഗതികളിലും മുമ്പു ഞങ്ങൾക്ക ഗണ്യമായി ഒരു സ്ഥാനവും ലഭിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ ഞങ്ങൾ വളരെ ഭേദപ്പെട്ടിട്ടുണ്ടെന്നുള്ളത് ആർക്കും നിഷേധിച്ചുകൂടാത്തതാകുന്നു. ഇതെല്ലാം ബ്രിട്ടീഷ് ഭരണത്തിന്റെ അപരോക്ഷവും പരോക്ഷവുമായ പ്രേരണകളെക്കൊണ്ടല്ലെങ്കിൽ ഇത്രമാത്രം സംഭാവ്യമാകുമായിരുന്നോ?

മേൽപ്പറഞ്ഞ മാർഗ്ഗങ്ങളിൽ ഞങ്ങൾക്കുണ്ടായിട്ടുള്ള അഭിവൃദ്ധികളെ ഇങ്ങനെ വിസ്തരിച്ചു പറയുന്നതുകൊണ്ട് ഞങ്ങൾക്ക് സ്വദേശീയമായ യാതൊരു സഹായമോ പ്രോൽസാഹനമോ ഉണ്ടായിട്ടില്ലെന്നു ധരിക്കരുതു്. എന്നാൽ പരിഷ്കാരങ്ങളേയും അഭിവൃദ്ധിയേയും ഉണ്ടാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്ന വിഷയത്തിൽ ബാഹ്യമായോ ആന്തരമായോ ഞങ്ങൾക്കുണ്ടായിട്ടുള്ള ഏതുതരം സ്വദേശിക സഹായവും തന്നെ ഈ രാജ്യത്തു പ്രത്യക്ഷമായോ അപ്രത്യക്ഷമായോ ഉള്ള ബ്രിട്ടീഷ് പ്രേരണയ്ക്കും ബ്രിട്ടീഷ് വിദ്യാഭ്യാസത്തിനും വളരെ കടപ്പെട്ടിരിക്കുന്നു എന്നു പറവാൻ മാത്രമേ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ.

ഓരോ ആളുകളെ പ്രത്യേകമായും സമുദായത്തെ പൊതുവായും നോക്കിയാൽ ഞങ്ങൾക്കു വളരെ ന്യൂനതകൾ ഉണ്ടായിരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ, ഒരു വിഷയത്തിൽ, അതായതു ഞങ്ങൾ

Digitized By Kerala Sahitya Akademi

ക്കുപകാരം ചെയ്യുന്നവരോട് അവർ ആരു തന്നെ ആയാലും ശരി കൃതജ്ഞരായിരിക്കുന്ന വിഷയത്തിൽ, ലോകത്തിൽ വച്ച് ഞങ്ങൾ അദ്വിതീയൻമാരാകുന്നു.

മറ്റു പല സമുദായങ്ങളും ബ്രിട്ടീഷ് ഭരണത്താൽ ഇതുപോലെ തന്നെ ഗുണപ്പെട്ടിട്ടുള്ളതായി പല ദൃഷ്ടാന്തങ്ങളും എടുത്തുപറയാനുണ്ട്. ആ എല്ലാ സമുദായങ്ങൾക്കും ബ്രിട്ടീഷ് ഗവർമ്മെൻറിനോട് അഗാധമായ കൃതജ്ഞതയുണ്ട്.

മുമ്പു പറഞ്ഞതുപോലെ ഈ കൊല്ലം ഇന്ത്യ മുഴുവൻ വളരെ സ്മരണീയമായ ഒന്നാണ്. ഇത് ഒന്നിലധികം വിഷയത്തിൽ സ്മരണീയമാകുന്നു. ഈ കൊല്ലം ഡിസംബർ മാസം 12-ാം തീയതി ഈ മഹാരാജ്യത്തിന്റെ പുരാതനവും ചരിത്ര പ്രസിദ്ധവുമായ തലസ്ഥാന നഗരിയിൽ, അതായതു ഡൽഹിയിൽ, വച്ച് നമ്മുടെ ചക്രവർത്തി തിരുമനസ്സിലേയും ചക്രവർത്തിനി തിരുമനസ്സിലേയും കിരീട ധാരണോൽസവം സാർവഭൗമയോഗ്യമായ വിധത്തിൽ ഘോഷിക്കപ്പെട്ടതാണ്. ഈ കൊല്ലത്തിലാണ് ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ ധൈര്യവും ശക്തിയും അനുരൂപമായ വിധത്തിൽ പ്രകാശിതമാകുന്നതു്. ഈ കൊല്ലത്തിലാണ് ഈ മഹാരാജ്യത്തെ അധിവസിക്കുന്ന വിവിധ വർഗ്ഗക്കാർ എല്ലാം തങ്ങൾക്ക് ഈശ്വരാനുഗ്രഹത്താൽ കിട്ടിയ ഈ ഗവർമ്മെൻറിന്റെ നേരെയുള്ള തങ്ങളുടെ ബഹുമാനത്തേയും കൃതജ്ഞതയേയും അഹമഹമികമയോടെ പ്രദർശിപ്പിപ്പാൻ പോകുന്നതു്. ഈ കൊല്ലത്തിലാണ് വിസ്തീർണ്ണമായ ഈ മഹാരാജ്യം മുഴുവൻ ഈ രാജ്യത്തിനു ബ്രിട്ടീഷ് ഭരണത്തിൽ നിന്നു ലഭിച്ചിരിക്കുന്ന അനേകം അനുഗ്രഹങ്ങളെക്കുറിച്ചുള്ള ആഹ്ലാദകരമായ അനുമോദനവും അഭിനന്ദനവും നടക്കുന്നതു്.

ഇനി, നാം ഓരോരുത്തരായോ സമുദായം മുഴുവനുമായോ നമുക്ക് ഇത്രയെല്ലാം അഭിവൃദ്ധിക്കു നിദാനമായിത്തീർന്നിരിക്കുന്ന ആ നല്ല ഗവർമ്മെൻറിന്റെ നേരെയുള്ള നമ്മുടെ ബഹുമാനത്തേയും നന്ദിയേയും എങ്ങനെയാണ് പ്രദർശിപ്പിപ്പാൻ പോകുന്നത്? എങ്ങിനെയാണ് എല്ലാവരേയും സ്നേഹിക്കുകയും ലോകത്തെ മുഴുവൻ മറ്റെല്ലാവരെയുംകാൾ സഹായിക്കുകയും ചെയ്ത ഭഗവാൻ ബുദ്ധന്റെ സ്നേഹധർമ്മങ്ങളെ സംബന്ധിച്ച ഉപദേശങ്ങളുടെ രണ്ടായിരത്തി അഞ്ഞൂറാമത്തെ വാർഷികോത്സവം നാം കൊണ്ടാടാൻ പോകുന്നതു്? ഞങ്ങളുടെ അഭിപ്രായത്തിൽ നമ്മേയും നമ്മളുടെ ജാതിക്കാരെയും അധികം സാധാരണമായി നമ്മേക്കാൾ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരേയും വിദ്യാഭ്യാസം ചെയ്യിക്കുകയും ആ മഹാത്മാവായ ആചാര്യനാൽ (ബുദ്ധമഹർഷിയാൽ) പുനർജീവിപ്പിച്ചു പ്രചാരപ്പെടുത്തപ്പെട്ട സ്നേഹധർമ്മങ്ങളുടെ മാതൃകകളെ എല്ലാവരും അനുഭവിച്ചറിയത്തക്കവണ്ണം ചെയ്കയും ചെയ്യുന്നതിൽ നമുക്കു കിട്ടീട്ടുള്ള സൗകര്യങ്ങളെ എല്ലാ പ്രകാ

Digitized By Kerala Sahitya Akademi

രത്തിലും വിനിയോഗിക്കുന്നതിനേക്കാൾ ഉചിതവും മഹത്തരവുമായ മാർഗ്ഗം ഇല്ല. നമ്മുടെ സമുദായത്തിൽ ഉള്ള സാധുക്കളേയും നമ്മേക്കാൾ പൊതുവിൽ അധികം താണവർഗ്ഗക്കാരേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി നമ്മുടെ ഹൃദയങ്ങളും നമ്മുടെ എല്ലാ ശക്തികളും സമർപ്പണം ചെയ്യുന്നതിനേക്കാൾ നിഷ്കപടമായ കൃതജ്ഞതാ പ്രകടനവും മഹത്തായ സ്മാരകവുമായി വേറെ ഒന്നുംതന്നെയില്ല. നാം സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ നമുക്കും നാം സഹായിപ്പാൻ നോക്കുന്നവർക്കും വാസ്തവത്തിൽ യോജിക്കുന്നതായും, നാം ജീവിക്കുന്ന കാലത്തിനും പര്യന്താവസ്ഥകൾക്കും ചേരുന്നതായും ഇരിക്കണം. ഈ ഉദ്ദേശത്തെ മുൻനിർത്തിയാണ് ഞങ്ങൾ സ്കൂളുകൾ തുറക്കുന്നത്. ഞങ്ങൾ അധിവസിക്കുന്ന രാജ്യം മുഴുവൻ പ്രത്യേകിച്ചും ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നത്. ഈ സ്മരണീയമായ കൊല്ലത്തിൽ തന്നെ വിശേഷിച്ച് ഏറ്റവും കഠിനമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നമ്മുടെ സ്ത്രീകൾക്കും സാധുജനങ്ങൾക്കും ശരിയായ രീതിയിൽ വിദ്യാഭ്യാസം നൽകാനുള്ള ആഗ്രഹത്തിന്റെ സൂചകമായി ഒരു ശാരദാപ്രതിഷ്ഠ ചെയ്വാൻ കോപ്പുകൂട്ടിവരികയും ചെയ്യുന്നത്. ഇതു സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും മാതൃകകൾ ആദ്യം ഉപദേശിക്കപ്പെട്ട ഈ പുണ്യ ഭൂമിയിൽ വളരെ ദീർഘകാലമായും സാധാരണമായും വിസ്മൃതങ്ങളായിരുന്ന അവയെ പ്രത്യാനയിക്കുന്നതിനു വേണ്ട ജ്ഞാനത്തെ പ്രചരിപ്പിക്കുന്ന വിഷയത്തിൽ തങ്ങൾ തങ്ങളാൽ കഴിയുന്ന എല്ലാം ചെയ്യാമെന്ന് ഈ സ്ഥാപനത്തിൽ സംബന്ധിച്ചവർ ചെയ്യുന്ന ഉദാരമായ ഒരു വഗ്ദാനം തന്നെ ആകുന്നു, പ്രവർത്തിക്കേണ്ട രീതികൾ ഒടുവിൽ വേണ്ട പര്യാലോചന കഴിച്ചു തീർച്ചപ്പെടുത്താം. എന്നാൽ ആദ്യം ഉപായങ്ങളാണു സിദ്ധമാകേണ്ടത്. ഈ സ്മരണീയമായ സംവത്സരത്തിൽകഴിഞ്ഞതിനെപ്പറ്റി നന്ദിയും വരാനുള്ളതിനെപ്പറ്റി പ്രതിപത്തിയും ഉള്ള നമുക്ക് ഓരോരുത്തർക്കും നമ്മുടെ വരവിൽ ഒരു ചുരുങ്ങിയ ശതാംശംവീതം ഈ ഉത്തമകാര്യത്തിനായി നീക്കിവെപ്പാൻ തീർച്ചയാക്കുന്നതു പ്രയാസമാണോ? കൊല്ലത്തിൽ 60 ക. യിൽ അധികം അല്ലെങ്കിൽ 100ക. സമ്പാദിക്കുന്ന ഓരോരുത്തനും അവന്റെ വരവിൽ നൂറിലൊന്നോ അല്ലെങ്കിൽ ചുരുങ്ങിയത് ഉറുപ്പികയ്ക്ക് ഒരു പൈസ വീതമെങ്കിലുമോ നീക്കിവയ്ക്കുന്നതു പ്രയാസമാണോ? അങ്ങനെ ഒരു ഫണ്ടുണ്ടാക്കുകയും അതിനു ചക്രവർത്തിഫണ്ട് എന്ന് പേർ കൊടുക്കുകയും അതിനെ നാം ഉൾപ്പെടെയുള്ള താഴ്ന്ന വർഗ്ഗക്കാരുടെ എല്ലാം വിദ്യാഭ്യാസത്തിനും ഉദ്ധാരണത്തിനുമായി ഉപയോഗിക്കുകയും ചെയ്യരുതോ? അങ്ങനെയായാൽ വേണ്ട പണം ഉണ്ടാകുന്നതല്ലയോ? അല്ലെങ്കിൽ പക്ഷേ കഴിവുള്ള ഓരോരുത്തനും അല്ലെങ്കിൽ ഓരോ കുടുംബവും. സനേഹബഹുമാന സൂചകമായി ഈവരുന്ന കിരീടധാരണ ദിവസം ഓരോ ഫലവൃക്ഷത്തെ ചക്രവർത്തിക്ക് സമർപ്പണം ചെയ്യട്ടെ. അങ്ങനെയുള്ള ഒരു വൃക്ഷം എല്ലാ കൊല്ലവും നടട്ടെ. ഈ ചക്രവർത്തി വൃക്ഷങ്ങളെ വള

Digitized By Kerala Sahitya Akademi

രെ സൂക്ഷിച്ചു വളർത്തട്ടെ. അവയുടെ ഫലങ്ങൾ ഇതിനായി വിട്ടേ, ക്കുകയും ചെയ്യട്ടെ. അപ്പോൾ ആ സംഗതിക്ക് എത്രതന്നെ വലിയ ഫണ്ടു വേണമെന്നു തോന്നിയാലും അതിനു കുറവുണ്ടാകുമോ? ഇതു ചെയ്‌വാൻ വളരെ എളുപ്പമാണ്. ഒരുത്തർക്കും അധികം ബുദ്ധിമുണ്ടാകുന്നതുമല്ല. ഈ വലിയ ഉദ്ദേശത്തിന്റെ അടുത്തെങ്ങാനുമെത്താൻ നമ്മെ ശക്തരാക്കുന്നതിനു വേണ്ടത്ര പണം ശേഖരിക്കാൻ നമുക്കു കഴിയില്ലെങ്കിലും ഒരു ധാരണ ഉണ്ടാക്കുകയും അല്ലെങ്കിൽ മുതുങ്ങിയാൽ ഒരു അസ്ഥിഭാരമിടുക മാത്രമെങ്കിലും ചെയ്യുകയും ആ ഉൽകൃഷ്ടമായ ഉദ്ദേശം വത്സരം പോകുംതോറും ബലവത്തരമായിത്തീരത്തക്കവണ്ണം ആക്കുകയും ചെയ്യുന്നതിനു വേണ്ട പണം നമുക്കുണ്ടാകുകയില്ലയോ? അതുകൊണ്ട് ഈ വലിയ ഉദ്ദേശത്തെ ഒന്നാമതായി നമുക്ക് എങ്ങും പരത്തി നമുക്ക് ഇപ്പോൾ ഉള്ള സ്ഥാപനങ്ങളെ ഉപയോഗിച്ചും ആവശ്യമുള്ളിടത്തെല്ലാം പുതിയ സ്ഥാപനങ്ങളെ ഏർപ്പെടുത്തിയും ആവശ്യമുള്ള പണം ശേഖരിക്കാൻ നോക്കാം. പ്രവർത്തിക്കേണ്ട മാർഗ്ഗങ്ങളെ നിർണ്ണയിക്കയും ഉടനെ അതിനെ പൂർത്തിയാക്കാനായി സ്ഥിര നിശ്ചയത്തോടെ പ്രവർത്തി ആരംഭിക്കുകയും ചെയ്യാം.ഈ കൊല്ലത്തിന്റെ മുഴുവൻ പ്രാധാന്യത്തെയും നമുക്കു അനുഭവയോഗ്യമാക്കിചെയ്യാം. ഈ കൊല്ലം മറ്റു കൊല്ലങ്ങളെപ്പോലെ കഴിഞ്ഞു പോകാതാകും. എല്ലാ കൊല്ലങ്ങളിലും വച്ചു നമ്മളുടെയും നമ്മളുടെ മുഴുവൻ മഹാരാജ്യത്തിന്റെയും ക്ഷേമാഭിവൃദ്ധിക്ക് ഏറ്റവുംപ്രധാനമായ ഈ യജ്ഞം ആരംഭിക്കേണ്ടകൊല്ലംഇതുതന്നെയാണ്. നമുക്കും നമ്മുടെ രാജ്യത്തിനും ഇതിനേക്കാൾ ഉൽക്കൃഷ്ടവും ഉപകാരപ്രദവുമായ പ്രവൃത്തി വേറെ ഒന്നുമില്ല, അനുഗൃഹീതനായ ആ ആചാര്യന്റെ നേർക്ക് ഇതിനേക്കാൾ ഉചിതതരവും. ആ മഹത്തായ ഗവർമ്മെൻറിന് ഇതിനേക്കാൾ യുക്തതരവും രാജഭക്തിക്കും മതഭക്തിക്കും കീർത്തിപ്പെട്ടവരായ ഒരു സമുദായത്തിന്, ഇതിനേക്കാൾ അനുരൂപവുമായി ഒരു കൃതജ്ഞതാ പ്രദർശനം വേറെ ഇല്ല തന്നെ. ഇതുനമുക്കും ലോകത്തിൽ വച്ചു അതിമഹാന്മാരായ മതാചാര്യന്മാരെ നമുക്കായി പ്രസവിച്ചുതന്ന നമ്മുടെ മാതൃഭൂമിക്കുമായി നാം ചെയ്‌വാൻ കടപ്പെട്ടിരിക്കുന്ന ഒരു ധർമ്മമാകുന്നു. സഹോദരരേ. അതുകൊണ്ടു നിങ്ങൾഉണരുവിൻ! എഴുന്നേല്ക്കുവിൻ! നാം ഈ പുണ്യഭൂമിയുടെ നന്ദിയുള്ള പുത്രന്മാരാണെന്നും ആരുടെ ദയാപൂർവമായ ഭരണത്തിൽ കരുണാനിധിയായ ഈശ്വരൻ നമ്മെ സമർപ്പിച്ചിരിക്കുന്നുവോ ആഗുണവാനായ ചക്രവർത്തിയുടെ ഭക്തിയുള്ള പ്രജകളാണെന്നും കാണിപ്പിൻ.

വിവേ: 1086 മിഥുനം, കർക്കടകം

ജാതി സങ്കടം

ഇന്ത്യയിലെ സമുദായ പരിഷ്കാരികളേയും രാജ്യപരിഷ്കാരികളേയും ഒന്നുപോലെവിഷമിപ്പിക്കുന്ന "ജാതി". ചിന്തകന്മാരേയും

Digitized By Kerala Sahitya Akademi

അതുപോലെ തന്നെ വിഷമിപ്പിക്കുന്ന ഒരു പദാർത്ഥമാകുന്നു. ഇത് ഒരു ഭാവമോ അഭാവമോ എന്നതന്നെ നിർണ്ണയിപ്പാൻ പ്രയാസമാണ്. ഘടത്വം പടത്വം ഇത്യാദികളെപ്പോലെയല്ല ബ്രാഹ്മണത്വം ക്ഷത്രിയത്വം ഇത്യാദികൾ,ബ്രാഹ്മണ്യമില്ലാത്ത ബ്രാഹ്മണനും ക്ഷത്രിയത്വമില്ലാത്ത ക്ഷത്രിയനുമുണ്ടെന്നു കാണുന്നതിനാൽ ഈ ജാതി ഒരു വ്യക്തിയിൽ സമവേതമായ ഭാവപദാർത്ഥമല്ലെന്നു വരുന്നു. അന്ധകാരം പ്രകാശത്തിന്റെ അഭാവമാണ്. അതുപോലെ ജാതി ഒരു ഉൽകൃഷ്ടമായ മനോഭാവത്തിന്റെ അഭാവമായിരിക്കുമോ? വൈദികകാലത്ത് ജാതിക്ക് ഇന്നത്തേക്കാൾ ഗൗരവമുണ്ടായിരുന്നില്ല. ആ വിഷയത്തിൽ പണ്ഡിതന്മാർ വിവദിക്കുന്നുമില്ല. ''ബ്രാഹ്മണോസ്യ മുഖമാസീൽ'' എന്നു തുടങ്ങുന്ന പുരുഷസൂക്തത്തിലെ ശ്ലോകാണ് ജാതിയെപ്പറ്റി ഏറ്റവും പുരാതനമായുള്ള വേദപ്രമാണം. സായണാചാര്യന്റെ വ്യാഖ്യാനപ്രകാരം സമഷ്ടിജീവസ്വരൂപനായ വിരാട്ടിന്റെ മുഖാദികളായ അവയവങ്ങളാണ് ജാതിയുടെ ഉല്പത്തിസ്ഥാനം. ''പദ്ഭ്യാംശൂദ്ര അജായത'', പാദങ്ങളിൽനിന്നു ശൂദ്രനുണ്ടായി. അവൻ അതുനിമിത്തം ത്രൈവർണ്ണികന്മാരുടെ ദാസനത്രേ. അനേകായിരം അവാന്തരജാതികൾ ഇന്നുണ്ട്. അവയും വിരാട്ടിന്റെ സൃഷ്ടിയാണോ? ജാതിയെ സൃഷ്ടിച്ചത് ഈശ്വരനോ മനുഷ്യനോ എന്ന്. ഇവിടെ ബലമായ സംശയം തോന്നുന്നു. ''വിരാട്ട്''തന്നെ തത്ത്വജ്ഞാനികളുടെ ഭാവനാവിലസിതമാണെന്നു പറഞ്ഞാൽ യഥോക്തവാദികൾ ശഠിക്കുമായിരിക്കും. ശഠിക്കട്ടെ, വാസ്തവം പറയാതെ കഴിയുമോ? ''ഏഷവന്ധ്യാസുതോ യാതി ശശശൃംഗധനുർദ്ധരഃ'', മുയൽക്കൊമ്പിനെ വില്ലായി ധരിച്ചുകൊണ്ട് വന്ധ്യാപുത്രൻ മഹാവീരൻ ഇതാ പോകുന്നു എന്നു പറഞ്ഞാൽ വിശ്വസിച്ചു കൗതുകത്തോടെ നോക്കുന്നവരുണ്ടാവാം. അയാളെ കണ്ടിട്ടില്ലെങ്കിലും ആ പ്രമാണവചനത്തെ ആപ്തവാക്യമായി വിശ്വസിക്കുന്നവരുമുണ്ടാവാം. ''ഗതാനുഗതികോ ലോകഃ'', ലോകം ആരെങ്കിലും പറഞ്ഞതിനേയോ ചെയ്തതിനേയോ പ്രായേണ മുൻപിൻ നോക്കാതെ തുടർന്നുപ്രവർത്തിക്കുന്നു. അതിന്റെ പരിണാമഫലത്തെ അപ്പോഴല്ലെങ്കിൽ പിന്നൊരിക്കൽ അനുഭവിക്കുകയും ചെയ്യുന്നു. ഏതായാലും ജാതി കേവലം ഈശ്വരസൃഷ്ടിയായിരിപ്പാൻ വേണ്ടത്ര വ്യാപ്തി ഇപ്പോഴതിനില്ലെന്നു തീർക്കുമറിയാം. എന്നാൽ കേവലം മനുഷ്യസൃഷ്ടിയാണെന്നു ഖണ്ഡിച്ചു പറവാൻ അതിന്റെ അമാനുഷശക്തികളെപ്പറ്റി ഓർക്കുമ്പോൾ ധൈര്യം വരാതെയുമായിരിക്കുന്നു. ഭാരതവർഷത്തിൽ ജാതി ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുംപോലെ അത്ര കഠിനമായ ലോകദ്രോഹം ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു അസുരനെ പതിനെട്ട് പുരാണങ്ങളും ഉപപുരാണങ്ങളും തിരിച്ചും മറിച്ചും നോക്കിയാൽ കാണ്മാൻ കഴിയുമോ? ജാതി ഈശ്വരൻ സൃഷ്ടിച്ചു മനുഷ്യൻ പുലർത്തിയതോ, മനുഷ്യൻ സൃഷ്ടിച്ചു ഈശ്വരൻ പുലർത്തിയതോ, ഈശ്വരനും മനുഷ്യനുംകൂടി പരസ്പരം ഇണങ്ങിയോ പിണങ്ങിയോ

Digitized By Kerala Sahitya Akademi

സൃഷ്ടിച്ച് ഇരുകൂട്ടരുമായിവച്ചുകൊണ്ടിരിക്കുന്നതോ, ഇതുകൂട്ടരും രുങ്ങളുടേതല്ലെന്നു തള്ളിക്കളകയോ തള്ളിക്കളവാൻ ഭാവിക്കയോ ചെയ്തിരിക്കുന്നതോ, ഏതോ ആവട്ടെ. അതിന്റെ സദ്ഭാവത്താലുള്ള അനിർവാച്യമായ ദോഷങ്ങൾ നമ്മെ അധഃപതിപ്പിക്കയും പീഡിപ്പിക്കയും ചെയ്തുതുടങ്ങിയത് ഇന്നോ ഇന്നലയോ അല്ല. അക്ഷരജ്ഞാനമുള്ള ശൂദ്രനെ "ദൂരതഃപരിവർജ്ജിക്കയും" വേദം പഠിക്കുന്നത് കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയ്യമുരുക്കിയൊഴിക്കയും ചെയ്വാൻ ശക്തിയുണ്ടായിരുന്ന സ്മൃതിയിലെ ജാതിയെ ആ വിധം സേച്ഛാവിഹാരത്തിനായി വിട്ടിരുന്നു എങ്കിൽ ഇന്നത്തെ ലോകം എന്തായിരിക്കുമായിരുന്നു. ഉത്തരമീമാംസയിൽതന്നെ ബ്രഹ്മവിദ്യയ്ക്ക് ശൂദ്രൻ അധികാരിയല്ലെന്നു സ്ഥാപിപ്പാൻ സാമാന്യം വലിയ അഞ്ചുസൂത്രങ്ങൾ വ്യാസമഹർഷി സൂത്രിച്ചിരിക്കുന്നു. ഇത് വായിച്ചാൽ ശൂദ്രന് ഇഹലോക പരലോകസുഖങ്ങൾ രണ്ടും കിട്ടുന്നതിൽ സ്മൃതി കർത്താക്കൾക്കുണ്ടായിരുന്ന ഈർഷ്യ മുഴുവൻ അവനു മോക്ഷം കിട്ടുന്ന വിഷയത്തിൽ ഈ സൂത്രകാരനുണ്ടായിരുന്നോ എന്നതോന്നും. അത്ര അസംഗതവും അസമുചിതവുമാകുന്നു ആ സംരംഭം. നോക്കുക! ഒരു പനിഷത്തിൽ ജാനശ്രുതി എന്ന പേരായ ഒരു ധനികനെ (ജാത്യാശൂദ്രനാണ് സംശയമില്ല) പററി ഒരു കഥയുണ്ട്. അയാൾ രഥാരൂഢനായി ഒരു താമരപ്പൊയ്കയുടെ സമീപത്തുകൂടി പോകുമ്പോൾ പൊയ്കയിൽനിന്നു ആകാശത്തിൽ പറന്നുപോകുന്ന ഹംസങ്ങൾ ഇയാൾ ഇത്ര ധനാഢ്യനാണെങ്കിലും ആത്മജ്ഞാനമില്ലാത്തതിനാൽ എത്ര ദയനീയനായിരിക്കുന്നു എന്നു പറഞ്ഞുവത്രേ. ഇത് കേട്ടിട്ട് ജാനശ്രുതിക്ക് ലജ്ജയും വലിയ പശ്ചാത്താപവുമുണ്ടായി. ഉടനേതന്നെ ഏറവും അടുത്തുള്ള രൈകപൻ എന്ന ഋഷിയുടെ അടുക്കൽചെന്നു തനിക്ക് അദ്ധ്യാത്മവിദ്യ ഉപദേശിച്ചുകൊടുക്കേണമെന്നു യാചിച്ചു. ഒട്ടധികം പശുക്കളേയും ഗുരുദക്ഷിണയായി കാഴ്ചവച്ചു. മഹർഷി ഇത് കണ്ടിട്ട്, "അഹഹാരേ! ത്വാ ശൂദ്രതവൈ സഹ ഗോഭിരസ്തു", എടോ ശൂദ്രാ നിന്റെ പശുക്കളെ നീ തന്നെകൊണ്ടു പൊയ്ക്കൊൾക എന്നു പറഞ്ഞു മടക്കിഅയച്ചു. ജാനശ്രുതി അതുകൊണ്ടൊന്നും നിരാശപ്പെടാതെ വീട്ടിൽപോയി സുന്ദരിയായ തന്റെ മകളേയും കുറെക്കൂടി നല്ല പശുക്കളേയുംകൊണ്ടു വീണ്ടും രൈകപന്റെ അടുക്കൽതന്നെ ചെന്നു ഉപദേശം ചോദിച്ചു. അപ്പോൾ കന്യകാസഹിതമായി പശുക്കളേയും പ്രതിഗ്രഹിച്ചുകൊണ്ടു രൈകപൻ ജാനശ്രുതിക്ക് അദ്ധ്യാത്മവിദ്യയെ (ബ്രഹ്മവിദ്യയെ) ഉപദേശിക്കയും ചെയ്തു. ഈ ഉപാഖ്യാനത്തെ പ്രമാണീകരിച്ചു ശൂദ്രർക്ക് ബ്രഹ്മവിദ്യാധികാരമുണ്ടെന്നു വല്ലവരും വാദിച്ചെങ്കിലോ എന്നു പേടിച്ചുവ്യാസമഹർഷി സൂത്രിക്കുന്നതാവിത്:—

"ശുഗസ്യ തദനാദരശ്രവണാത്തദാദ്രവണാൽ സൂച്യതേ ഹി"

ആ ശ്രുതിയിലെ ശൂദ്രശബ്ദത്തിനു ശുച = ശോകം കൊണ്ടു ദ്രുതത്രി = ഓടുന്നു. അങ്ങിനെയുള്ളവൻ എന്ന് അർത്ഥം കൽപിക്കുന്നു.

Digitized By Kerala Sahitya Akademi

(ഹംസങ്ങളുടെ) അനാദരവാക്ക് കേൾക്കയാലും അത്യഹേതുവായിട്ട് ഓടിച്ചെല്ലുകയാലും ജാനശ്രുതിക്ക് ''ശുക്ക്'' (ശോകം) ഉണ്ടെന്നു സൂചിപ്പിക്കപ്പെടുന്നു എന്ന കാരണത്താൽ എന്നാണ്. സൂത്രാർത്ഥം. അതുകൊണ്ട് മേൽകാണിച്ച വ്യുൽപത്തി പ്രകാരം പ്രകൃത ശ്രുതിയിലെ ശൂദ്രശബ്ദം ജാതിശൂദ്രവാചിയല്ലെന്നും, യോഗാർത്ഥത്തിൽ ജാനശ്രുതിയുടെ തൽക്കാലാവസ്ഥയെ സൂചിപ്പിച്ചതാണെന്നുമാണു താൽപര്യം. ശ്രുതിയുടെ സ്പഷ്ടമായ അർത്ഥത്തെ ഇങ്ങനെയൊക്കെ ഒടിച്ചുമടക്കി വ്യാഖ്യാനിപ്പാൻ സങ്കോചിക്കാത്ത മഹർഷിയുടെ സൂത്രങ്ങളെ പില്ക്കാലത്തെ ആചാര്യന്മാർ ദ്വൈതമായും അദ്വൈതമായും വിശിഷ്ടാദ്വൈതമായും ശുദ്ധാദ്വൈതമായും ഒക്കെ വളച്ചും പുളച്ചും വ്യാഖ്യാനിക്കുന്നതുചിതമാണോ? വൈദിക കാലത്തു ജാതിക്കു വലിയ ശക്തിയില്ലായിരുന്നു. ജാനശ്രുതി ശൂദ്രനായിരുന്നു. രൈകപൻ ബ്രാഹ്മണനാണ്. ആ വൈദിക കാലത്തെ രൈകപനേപ്പോലുള്ള യോഗ്യന്മാർ ഇന്നും ബ്രാഹ്മണരുടെ ഇടയിൽ ഉണ്ട്. ജാനുശ്രുതിയെപ്പോലുള്ള ശൂദ്രരുമുണ്ട്. വ്യാസനെപ്പോലുള്ള വ്യാഖ്യാതാക്കന്മാരും ഇല്ലാതില്ല. സൂത്രകാലത്തു ''അല്പാക്ഷര''മായതന്റെ ഗ്രന്ഥത്തിൽ അഞ്ചുനടിയ സൂത്രങ്ങൾ എഴുതി ശൂദ്രന്റെ ജന്മാവകാശത്തെ തടഞ്ഞുകളയുവാൻ യത്നിച്ച വ്യാസമഹർഷി ഇന്നു ജീവിച്ചിരുന്നു എങ്കിൽ സകല വർത്തമാന പത്രികകളും മാസികകളും തന്റെ വാദപ്രളയജലത്തിൽ മുക്കിക്കളയുമായിരുന്നു. അതിനിടവരാഞ്ഞതു ശൂദ്രരുടെ ഭാഗ്യം എന്നല്ലാതെ എന്തു പറവാനാണ്! പഞ്ചമവേദമായ മഹാഭാരതത്തിൽ അവിടവിടെ ജാതിയെ ഖണ്ഡിച്ചും മണ്ഡിച്ചും പരസ്പര വിരുദ്ധമായ പല അഭിപ്രായങ്ങളാണുള്ളതു്. അവയിൽ ഏതിനാണു പൌരാണികനായ വ്യാസൻ പ്രാമാണ്യം കൽപിക്കുന്നതെന്നു തിരിച്ചറിവാൻ പ്രയാസം.

ഭഗവദ്ഗീതയിൽ ''ചാതുർവർണ്യം മയാസൃഷ്ടം'' എന്നു പറഞ്ഞു ജാതിയുടെ സൃഷ്ടികർത്തൃത്വം ഭഗവൻ ഏറ്റു പിടിക്കുന്നു. ഉടനെതന്നെ ''ഗുണകർമ്മവിഭാഗശഃ'' എന്നുപറയുന്നു. ആത്മാക്കളുടെ ഉപാധിയായ സത്വാദി ഗുണങ്ങളും തത്തജ്ജന്യങ്ങളായ കർമ്മങ്ങളുമനുസരിച്ചാണ് ഞാൻ ജാതിയെ സൃഷ്ടിച്ചിട്ടുള്ളതു് എന്നു പറഞ്ഞിട്ട് ജാതിസംബന്ധമായ അബദ്ധങ്ങളുടെ ഉത്തരവാദത്തിൽനിന്നു് ഒഴിവാനുള്ള ശ്രമമാണിതെന്നതോന്നും. പോരെങ്കിൽ ഉടനെതന്നെ ''തസ്യകർത്താരമപി മാം വിദ്ധ്യകർത്താരമവ്യയം'' എന്നു പറഞ്ഞു താൻ ഏറ്റുപിടിച്ച കർത്തൃത്വത്തെത്തന്നെ മുഴുവൻ പ്രത്യാഖ്യാനിക്കുന്നതും നോക്കുക. ജാതിയെ സൃഷ്ടിച്ചതു് ഞാനാണെങ്കിലും ഞാൻ അല്ല! എന്നല്ലേ അതിന്റെ അർത്ഥം? എന്തൊരു വിരോധാഭാസം-അല്ല-സ്വയം വിരുദ്ധമായ അഭിപ്രായമാണിതു്. അമൂല്യങ്ങളായ അദ്ധ്യാത്മതത്ത്വങ്ങളെ പ്രതിപാദിക്കുന്ന ഇത്തരം ഉൽകൃഷ്ടഗ്രന്ഥ

Digitized By Kerala Sahitya Akademi

ങ്ങളിൽ കൂടിയും ഇങ്ങനെ ജാതിപരാമർശം ചെയ്യുന്നതുകൊണ്ട് ജാതിക്കു ലഭിച്ചിരുന്ന പ്രാധാന്യം ഊഹിക്കാം. എന്നാൽ അതിനെ പരാമർശിച്ചിരിക്കുന്ന അസമഞ്ജസമായ രീതിയിൽനിന്നു വർണ്ണധർമ്മസ്ഥാപകൻമാർ ഈ സാഹസത്തിൽപെട്ടു സ്വന്തമനസാക്ഷിയോട് ചെയ്യുന്ന മുഷ്ടിയുദ്ധത്തെയും നമുക്ക് മാനിക്കാം. അതേ, 'വിദ്യാവിനയസമ്പന്നനായ ബ്രാഹ്മണനിലും പറയനിലും ഒന്നുപോലെസമദർശികളായ ഗീതയിലെ മാതിരി പണ്ഡിതൻമാർക്കു വർണ്ണധർമ്മം സ്ഥാപിപ്പാൻ അവരുടെ മനഃസാക്ഷിയുമായി മുഷ്ടാമുഷ്ടി ചെയ്യാതെ കഴിയുമോ? "ശൂദ്രോപി ശീലസമ്പന്നോ ഗുണവാൻ ബ്രാഹ്മണോ ഭവേൽ", സദാചാരനിഷ്ഠനും ഗുണവാനുമായാൽ ശൂദ്രൻ ബ്രാഹ്മണനായിത്തീരും. "ബ്രാഹ്മണോപി ക്രിയാഹീനശ്ശൂദ്രാൽ പ്രത്യവരോ ഭവേൽ", ക്രിയാഹീനനായാൽ ബ്രാഹ്മണൻ ശൂദ്രനേക്കാൾ നീചനായും തീരും. ഇതും മഹാഭാരതത്തിലെ ജാതിവിമർശനത്തിൽപ്പെട്ട അഭിപ്രായങ്ങളാണ്. ബ്രഹ്മസൂത്രത്തിൽ ശൂദ്രനു മോക്ഷസാധനമായ അദ്ധ്യാത്മവിദ്യ തടുക്കപ്പെട്ടിരിക്കുന്നു. "ബ്രഹ്മവിദ്യാപ്നോതിപരം" "നാന്യഃ പന്ഥാ വിദ്യതേയനായ" ബ്രഹ്മജ്ഞാനിമോക്ഷം പ്രാപിക്കുന്നു. മോക്ഷസിദ്ധിക്കായി ബ്രഹ്മവിദ്യയല്ലാതെ വേറെ മാർഗ്ഗം ഇല്ല തന്നെ എന്നൊക്കെയാണു ശ്രുതി. എന്നാൽ "സ്ത്രീയോ വൈശ്യാസ്തഥാ ശൂദ്രാസ്തേപി യാന്തി പരാംഗതിം" സ്ത്രീകളും വൈശ്യരും ശൂദ്രരുംകൂടി മോക്ഷത്തെ പ്രാപിക്കുന്നു എന്നു ഭഗവാൻ പറയുന്നു. ഒന്നെങ്കിൽ ബ്രഹ്മസൂത്രകാരൻ പഠയുന്നത് അബദ്ധമാകണം. അല്ലെങ്കിൽ ഭഗവാൻ പറയുന്നതു വ്യാജമാകണം. ഹിന്ദുക്കൾക്കു രണ്ടു പ്രമാണങ്ങളാണുതാനും. വ്യാസമഹർഷിയാണു സൂത്രങ്ങളുടെയും ഗീതയുടെയും കർത്താവെന്നും കൂടി ഓർക്കുമ്പോഴാണ ഇവിടെയും ജാതികൃതമായ വൈകൃതത്തിന്റെ പ്രസരിപ്പുവെളിവാകുന്നത്. കഷ്ടം! ഈ ജാതി നിമിത്തം ഇന്ത്യയുടെ അഭിവൃദ്ധിക്കും അഭിമാനത്തിനും കാരണമായിത്തീരാവുന്ന എത്രകോടി ഗുണാങ്കുരങ്ങൾ വെളിച്ചവും സ്വാതന്ത്ര്യവും ലഭിക്കാതെ ഈ നെടിയ കാലത്തിനുള്ളിൽ കെട്ടുപോയിരിക്കാം. വൈദികകാലത്ത് തുടങ്ങിയ വർഗ്ഗധർമ്മരാഗ്നിയിൽ നിന്ന് ആവിർഭവിച്ചു ക്രമേണശക്തിയെ പ്രാപിച്ച ഈ ജാതികൃത്തികയുടെ ഭയങ്കര ചേഷ്ടകൾ ഒടുവിൽ ബുദ്ധഭഗവാന്റെ മന്ത്രശക്തിയിലാണ് ഒരു വിധം അടങ്ങി നിന്നത്. ജ്ഞാനദയാസിന്ധുവായ ആ ഭഗവാൻ സാക്ഷാൽ പറയനേയും ബ്രാഹ്മണനെയും ഒന്നുപോലെ കരുതുകകൂടിചെയ്ത അവതാരപുരുഷനാകുന്നു. ഈ ശാക്യസിംഹനെപ്പോലെ ജാതിയോട് ഇത്ര ധൈര്യസമേതം എതിരിട്ട് വിജയം നേടീട്ടുള്ള മഹാനുഭാവൻമാർ അതിനുശേഷം ഇന്ത്യയിൽ ഇതേവരെ ഉണ്ടായിട്ടില്ല. അദ്ദേഹം സമസൃഷ്ടി സ്നേഹത്തെ പ്രസംഗംകൊണ്ടു കാണിച്ചതിനെക്കാൾ പ്രവൃത്തികൊണ്ടാണ് കാണിച്ചിരിക്കുന്നത്.

Digitized By Kerala Sahitya Akademi

അതിന് അനവധി ദൃഷ്ടാന്തങ്ങൾ ബുദ്ധഭഗവാന്റെ ചരിത്രങ്ങളിലുണ്ട്. മാതൃകയ്ക്ക് ഒന്നു താഴെ കാണിക്കുന്നു. ഭഗവാന്റെ ആദ്യശിഷ്യവർഗ്ഗത്തിൽ ഒരു പ്രധാന ദേഹമായ ആനന്ദൻ പകൽ വഴി നടന്നു ദാഹിച്ചു് വെള്ളം കിട്ടാതെ ബുദ്ധിമുട്ടിപ്പോകയായിരുന്നു. വഴിക്ക് ഒരു ഗ്രാമത്തിൽ ഒരു മാതംഗ (ചണ്ഡാല) കന്യക കിണറ്റിൽ നിന്നു വെള്ളം കോരിക്കൊണ്ടിരിക്കുന്നതുകണ്ടിട്ട് അദ്ദേഹം അങ്ങോട്ടുചെന്നു അവളോടു കുടിക്കാൻ കുറേ വെള്ളം തരുമോ എന്നു ചോദിച്ചു. ആനന്ദനെ കണ്ടപ്പോൾ തന്നെ ഉൽകൃഷ്ടകുലജാതനായ ഒരാളാണെന്ന് അവൾക്കു മനസ്സിലായി. അവൾ ഭയത്തോടും ആശ്ചര്യത്തോടുംകൂടി സ്വാമീ! ഞാൻ ഒരു ചണ്ഡാല ബാലികയാണ്: അവിടത്തേക്ക് എന്റെകൈയിൽനിന്നു വെള്ളം വാങ്ങിക്കുടിക്കാമോ എന്നു ചോദിച്ചു. ആനന്ദൻ, ''സഹോദരീ! എനിക്കു വെള്ളം കുടിക്കേണ്ട ആവശ്യമേയുള്ളു. നിന്റെ ജാതിയെപ്പറ്റി അറിഞ്ഞിട്ടു കാര്യമില്ല'' എന്നു പറഞ്ഞിട്ട് അവളുടെ പാത്രത്തിൽ നിന്നു വെള്ളം കുടിച്ചു. അവൾക്കു നന്ദി പറഞ്ഞുകൊണ്ടു പോകയും ചെയ്തു. ചണ്ഡാലബാലികയുടെ സ്ത്രീസാധാരണമായ ഹൃദയത്തിൽ ആനന്ദനെക്കുറിച്ചു തോന്നിയ ഭക്തിസ്നേഹബഹുമാനങ്ങൾക്ക് അളവില്ലാതായി. അദ്ദേഹം ബുദ്ധദേവന്റെ ശിഷ്യന്മാരിൽ ഒരാളാണെന്നും എങ്ങനെയോ അറികയാൽ അദ്ദേഹത്തെ വീണ്ടും കാണ്മാനായി ശ്രാവസ്തിയിലുള്ള വിഹാരത്തിലേക്കു ചെന്നു. അവിടെ അന്നു ബുദ്ധ ഭഗവാൻ വിശ്രമിക്കുന്നുണ്ടായിരുന്നു. ആനന്ദന്റെ നേർക്കുള്ള അവളുടെ മനോഭാവത്തെ അറിഞ്ഞു ഭഗവാൻ അവൾക്കു ധർമ്മോപദേശം ചെയ്കയും അവളെ ശിഷ്യസംഘത്തിൽ ചേർക്കയും ചെയ്തു. അനേക ബ്രാഹ്മണികളും രാജ്ഞികളും രാജകുമാരികളും അടങ്ങിയ ശ്രാവവസ്തിയിലെ ഭിക്ഷുണീസംഘത്തിൽ ഇങ്ങിനെ ഒരു ചണ്ഡാലസ്ത്രീക്കു തുല്യബഹുമാനവും സ്ഥാനവും നൽകിയത് അവിടത്തെ രാജാവായ പ്രസേനജിത്തിനും ബ്രാഹ്മണക്ഷത്രിയ വർഗ്ഗക്കാർക്കും തീരെ രസിച്ചില്ല. അവർ അതിനെപ്പറ്റി ഭഗവാന്റെ മുമ്പിൽ കഠിനമായ ആക്ഷേപം പുറപ്പെടുവിച്ചു. ഭഗവാനാകട്ടെ ''ചാമ്പലും പൊന്നും തമ്മിൽ കാണത്തക്ക വ്യത്യാസമുള്ള വസ്തുക്കളാണ്. അതുപോലെയുള്ള വ്യത്യാസമൊന്നും പറയനും ബ്രാഹ്മണനും തമ്മിലില്ല. ബ്രാഹ്മണൻ ചമത കടയുമ്പോൾ അഗ്നിയുണ്ടാകും വണ്ണമുണ്ടായിട്ടുള്ളതല്ല. വായുവിൽ തോന്നിയതല്ല. ഭൂമിയുടെ ഉള്ളിൽ നിന്നും പൊങ്ങിവന്നതുമല്ല. പറയനെപ്പോലെതന്നെ ബ്രാഹ്മണനെയും മനുഷ്യസ്ത്രീ ഗർഭം ധരിച്ചു പ്രസവിക്കയാകുന്നു. മനുഷ്യർക്ക് ഒക്കെ അവയവങ്ങൾ ഒന്നുപോലെ ഇരിക്കുന്നു. ബ്രാഹ്മണന്നു പ്രത്യേകമായി യാതൊരു വിശേഷവും കാണുന്നില്ല. പിന്നെ എങ്ങിനെയാണ് അവരെ വേറൊരു വർഗ്ഗമായിക്കരുതി ബഹുമാനിക്കുന്നത്, അങ്ങനെ ചെയ്യുന്നതു പ്രകൃ

Digitized By Kerala Sahitya Akademi

തിവിരുദ്ധമാകുന്നു'' എന്നുപദേശിച്ചാണ് അവരെ സമാധാനപ്പെടുത്തിയത്. ചണ്ഡാലസ്ത്രീ അങ്ങനെ മഠത്തിൽ മറ്റുള്ള മാന്യസ്ത്രീകളോടൊപ്പം സുഖമായും മാനമായും ദീർഘകാലം താമസിച്ചു. അവരുടെ സ്നേഹാദരങ്ങൾക്കു പാത്രമായി ഒടുവിൽ നിർവ്വാണം പ്രാപിക്കയും ചെയ്തു. ഇതായിരുന്നു ബുദ്ധമതത്തിന്റെ പന്ഥാവ്. ആയിരം സംവത്സരം ഈ ഉദാരമനോഹരമായ മതം ഇന്ത്യ മുഴുവൻ വ്യാപിച്ച് അനശ്വരമായ അനവധി ഗുണങ്ങൾ ചെയ്തുകൊണ്ടിരുന്നു. അക്കാലത്തു് എത്രയോ ശൂദ്രന്മാർ രാജാക്കൻമാരായും എത്രയോ ചണ്ഡാലൻമാർ ഗുരുക്കൻമാരായുമിരുന്നിട്ടുണ്ടു്. ക്രമേണ ബുദ്ധമതം ക്ഷയോൻമുഖമാകയും ചെയ്തു. എങ്കിലും ബുദ്ധമതത്തിന്റെ ശക്തിയാൽ ഉൽക്കർഷവും അതുമാഭിമാനവും സിദ്ധിച്ച അനവധി താണജാതിക്കാരെ ഒന്നിച്ചു വലിച്ചു താഴത്തിടുവാൻ അതിനു പിന്നെ അത്ര വേഗത്തിൽ സാധിച്ചില്ല. ശൈവ വൈഷ്ണവ മതങ്ങളിൽ താണജാതിക്കാരായി നയിനാർമാരെയും ആൾവാർമാരെയും ഒക്കെ കാണുന്നതു ബുദ്ധമതത്തിന്റെ പരോക്ഷമായ പ്രേരണാശക്തിയാലാണെന്നുള്ളതു വേദാന്തമതത്തിൽ ശൂദ്രനു ബ്രാഹ്മണവിദ്യാധികാരമില്ലെന്നു സ്ഥാപിച്ചിരിക്കുന്നതോർക്കുമ്പോൾ ആർക്കും വിശദമായറിയാവുന്നതാണല്ലോ. രാമാനുജാചാര്യർ ഒരു ശൂദ്രഭക്തനെ ഗുരുവിനെപ്പോലെ ആരാധിച്ചുവന്നിരുന്നു. ഗോപുരത്തിൻമേൽ കയറിനിന്നു അഷ്ടാക്ഷരീ മന്ത്രത്തിന്റെ അർത്ഥം ചണ്ഡാലപര്യന്തമുള്ള ആരും കേൾക്കത്തക്കവണ്ണം വിളിച്ചു പറവാൻ അദ്ദേഹം മടിച്ചില്ല. ബങ്കാളത്തെ ശ്രീകൃഷ്ണ ചൈതന്യർ ജാതിമതഭേദം മാത്രമല്ല മതഭേദം പോലും വകവച്ചിരുന്നില്ലെന്നുള്ളതു പ്രസിദ്ധമാണ്. അങ്ങനെയൊക്കെയാണെങ്കിലും ബ്രാഹ്മണ മതത്തിന്റെ സന്താനങ്ങളായ അവർക്കു ജാതിബാധയെ ഒഴിച്ചുവയ്പാൻ സാരമായ വിധത്തിൽ യാതൊന്നും ചെയ്വാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു ജാതിശല്യം വീണ്ടും വർദ്ധിച്ചുകൊണ്ടും അധികമധികമവാന്തരജാതികൾ ഉണ്ടായികൊണ്ടും വന്നു. സാധുക്കൾക്കു പിന്നെ ശരണമായിത്തീർന്നതു മുഹമ്മദു മതവും ക്രിസ്തുമതവുമായിരുന്നു. വാസ്തവത്തിൽ അവ തന്നെയാണ് ഇന്നും ശരണമായിരിക്കുന്നത്. പാശ്ചാത്യ രാജ്യഭരണ നയത്തിന്റെയും നവീന വിദ്യാഭ്യാസ രീതിയുടെയും ഫലമായി കഴിഞ്ഞ നൂറാണ്ടിൽ ജനസാമാന്യത്തിന്റെ സ്ഥിതിക്കു വലിയ മാറ്റം സംഭവിപ്പാൻ തുടങ്ങി. ഹിന്ദുസമുദായത്തിനു ജാതികൊണ്ടുള്ളതും ഉണ്ടാകാവുന്നതുമായ പലിയ പ്രതിബന്ധങ്ങൾ കൃത്യബോധമുള്ള വിദ്വാൻമാർ അധികം സ്പഷ്ടമായി കാണാൻ തുടങ്ങി. അമൂല്യങ്ങളായ അദ്ധ്യാത്മതത്ത്വങ്ങളടങ്ങിയ മാഹാത്മ്യമേറിയ ഹിന്ദുമതത്തെ അശേഷമുപേക്ഷിച്ചു സമുദായത്തിന്റെ ഐഹികാഭിവൃദ്ധിയെ മാത്രം പുരസ്കരിച്ചു മതഭേദം ചെയ്വാൻ വൈമനസ്യമുണ്ടായിരുന്ന ചില യോഗ്യന്മാർ ബ്രാഹ്മണമതത്തെ പരിഷ്കരിപ്പാൻ ആരംഭിച്ചു. മഹാനായ

Digitized By Kerala Sahitya Akademi

രാജാരാജമോഹനരായിയുടെയും മഹാത്മാവായ സ്വാമി ദയാനന്ദസരസ്വതിയുടെയും ബ്രഹ്മസമാജവും ആര്യസമാജവും അങ്ങിനെ ഉണ്ടായവയാണ്. ഈ രണ്ടു സമാജക്കാരും രണ്ടു പ്രകാരത്തിൽ ജാതിപിശാചികയെ ജയിച്ചിരിക്കുന്നു. ബ്രഹ്മസമാജക്കാർ വൈദിക മതത്തെ ചുവടെ ത്യജിച്ചിട്ടും ആര്യസമാജക്കാർ അതിനെ പരിഷ്കരിച്ചു പ്രചരിപ്പിച്ചിട്ടുമാണ് ഈ ഉദ്ദേശ്യം സാധിക്കുന്നത്. ബ്രഹ്മസമാജക്കാർ ഒരു ബ്രഹ്മത്തിൽമാത്രം വിശ്വസിക്കയും എല്ലാ മതത്തിലുമുള്ള ഭക്തിജ്ഞാന സദാചാരങ്ങളായ സദുപദേശങ്ങളെ ഭേദവിചാരം കൂടാതെ അംഗീകരിക്കയും ജാതിമതഭേദമെന്നിയേ പന്തിഭോജനവും വിവാഹവും ചെയ്വാൻ അനുവദിക്കയും ചെയ്യുന്നു. ആര്യസമാജക്കാർ അബ്രാഹ്മണരായ ചണ്ഡാല പര്യന്തമുള്ള മനുഷ്യരിൽ ആരെയും, മതം മാറിയവരെക്കൂടിയും, സംസ്കരിച്ച് ബ്രാഹ്മണരാക്കുകയും അവരെ വൈദികാനുഷ്ഠാനം ശീലിപ്പിച്ചു പന്തിഭോജനം, വിവാഹം ഇവയിൽ യാതൊരു വിശ്വാസവുമില്ലാത്ത ഒരു ആര്യസമുദായമാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ രണ്ട് സമാജക്കാരും സമുദായ പരിഷ്കരണ വിഷയത്തിൽ സാരമായ ശ്രമങ്ങൾ ചെയ്തുവരികയാണ്. ശ്രമങ്ങൾ ഫലവത്തായും തീർന്നിട്ടുണ്ട്. എന്നാൽ ഉത്തര ഹിന്ദുസ്ഥാനം, ബംഗാളം ഈ രണ്ടു രാജ്യങ്ങളിൽ മാത്രമല്ലാതെ ദക്ഷിണ ഇന്ത്യയിൽ അവരുടെ ശ്രമങ്ങൾ കടന്നിട്ടില്ല. ക്രിസ്ത്യൻ മിഷ്യനറിമാരുടെ ശ്രമങ്ങൾ മാത്രമാണിവിടെയുള്ളത്. അതുകൊണ്ട് ജാതിനിമിത്തം പൊറുതിമുട്ടിയ ജനങ്ങൾ ആ മതത്തെയാണ സ്വാഭാവികമായും ഇവിടെ അധികം ശരണം പ്രാപിച്ചുവരുന്നത്. അതിന്റെ ഫലം ഹിന്ദുക്കൾ ദശാബ്ദംതോറുമുള്ള കാനേഷുമാരിക്കണക്കുകൾ പരിശോധിച്ചാൽ അവർക്ക് പ്രത്യക്ഷമായി കാണാവുന്നതാണ്.

ഗോപാലകൃഷ്ണഗോഖലെ, ഗാന്ധി, രവീന്ദ്രനാഥടാഗ്ഗർ ഇവരെല്ലാം അന്യരാജ്യങ്ങളിൽപോയി ഇന്ത്യൻ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രാണൻ പണയംവച്ചു യത്നിച്ചവരും യത്നിക്കുന്നവരുമാണ്. ഇന്ത്യയിലെ അനേകകോടി അധഃകൃത ജനങ്ങൾ ജാതിനിമിത്തമനുഭവിക്കുന്ന അസ്വാതന്ത്ര്യത്തിന്റെയും കഷ്ടതയുടെയും ശതാംശം ആഫ്രിക്കയിൽ ഇന്ത്യന്മാർ അനുഭവിച്ചിട്ടുണ്ടോ? അവിടെ ഒരു വെള്ളക്കാരന് ഇന്ത്യാക്കാരൻ നൊക്കെത്താത്തദൂരം വഴിമാറികൊടുക്കണമോ? വെള്ളക്കാരന്റെ വീട്ടിൽ ഇൻഡ്യാക്കാരന് ആവശ്യമുണ്ടായാൽ പോവാൻ പാടില്ലയോ? വെള്ളക്കാരൻ ഇൻഡ്യാക്കാരനെ തൊട്ടാൽ കുളിക്കണമോ? വെള്ളക്കാരന്റെ ഗ്രാമത്തിൽ ഇൻഡ്യാക്കാരന് കടന്നുകൂടയോ? അമേരിക്കയിലോ ഐക്യരാജ്യങ്ങളിലോ ആസ്ത്രേലിയയിലോ ഇൻഡ്യന്മാർക്കു ചെന്നു താമസിപ്പാൻ പാടില്ലെന്നു തടുക്കുന്നതും ഇൻഡ്യയിൽ ഇൻഡ്യക്കാർക്ക് വഴി നടപ്പാൻ അനുവാദമില്ലാത്തതും തമ്മിൽ ഉള്ള അന്തരം വിചാരിച്ചുനോക്കുക! ഇൻഡ്യയിലെ ഈ ജാതി ശല്യത്തോട് മല്ലറഞ്ഞ മഹാപുരുഷന്മാർക്ക് വല്ലതും

Digitized By Kerala Sahitya Akademi

ചെയ്‌വാൻ സാധിച്ചിട്ടുണ്ടോ? അത് സാധിക്കുന്ന കാലംവരെ അങ്ങിനെയുള്ളവരുടെ ശ്രമങ്ങൾക്കു പൂർണ്ണമായ ഫലസിദ്ധിയുണ്ടാവാൻ പ്രകൃതി അനുവദിക്കുമോ? യൂറോപ്യൻ അധികൃതന്മാരുടെ അസമഭാവനയും അംഗ്ലോ ഇന്ത്യൻ പരിഷകളുടെ മർമ്മഭേദകമായ അധിക്ഷേപവും, സ്വയംഭരണവാദത്തിൽ ഗവർമ്മെണ്ടിന്റെ ചെവികേളാതിരിക്കത്തക്കവണ്ണം മുച്ചത്തിൽ പുറപ്പെടുവിക്കുന്ന എതിർകോലാഹലവും, എന്നുവേണ്ട കാൺഗ്രസ്സുകൂടാരത്തിലെ കശപിശകളും എല്ലാം ജാത്യുപാസനയിൽനിന്നുണ്ടായ ദുർന്നിവാരമായ പാപഭൂതങ്ങളുടെ ചേഷ്ടിതങ്ങളാണെന്നു ഹിന്ദുനേതാക്കന്മാർ വേണ്ടവണ്ണം ഓർക്കുന്നുണ്ടോ?

ഭൂഗോളത്തിന്റെ മറ്റൊരു ഭാഗത്തുമില്ലാത്തവിധം ജാതിശല്യമാണ് ഇൻഡ്യയിലുള്ളത്. എന്നാൽ ഇൻഡ്യയിൽതന്നെ മറ്റെങ്ങുമില്ലാത്തവിധം നിഷ്ഠൂരമായ ജാതിശല്യമാണ് അതിന്റെ ഒഴിഞ്ഞമൂലയായ ഈ കേരളത്തിലുള്ളത്. ബുദ്ധമതത്തിന്റെ നിഷ്ക്കാസകനും സ്മാർത്തമത സ്ഥാപകനുമായ ശങ്കരാചാര്യരുടെ ജന്മഭൂമിയാകയാലായിരിക്കുമോ ഇങ്ങിനെ സംഭവിച്ചതെന്നൂഹിക്കുന്നവരുണ്ടാവാം. കാരണമേതുതന്നെ ആയാലും ഫലമിതാണ്. എന്നാൽ ശങ്കരാചാര്യരുടെ ജീവിതകാലത്തിനു സമീപകാലം മുതൽതന്നെ ക്രിസ്തുമതം ഇവിടെ പ്രവേശിച്ചിരുന്നു. മനുഷ്യൻ നിർദ്ദേശിക്കയും ഈശ്വരൻ നിശ്ചയിക്കുകയും ചെയ്യുന്നു എന്നുള്ള ഇംഗ്ലീഷ് പഴമൊഴി വളരെ അർത്ഥമുള്ളതാണ്. ദുസ്സഹമായ ജാതിശല്യം സഹിച്ചുകൊണ്ട് ഹിന്ദുക്കളായിരിപ്പാൻ മനസ്സുള്ള ആളുകൾമാത്രം അങ്ങിനെയിരുന്നാൽ മതിയെന്നും മറ്റുള്ളവർക്ക് ക്രിസ്തുമതത്തിൽചേർന്നു രക്ഷനേടിക്കൊള്ളാമെന്നും ഉദ്ദേശിച്ചിട്ടായിരിക്കില്ലേ അത്ര കാലേക്കൂട്ടിത്തന്നെ പരമകാരുണികനായ ഈശ്വരൻ ഈ മലങ്കരയിലേക്കു ക്രിസ്തുമതദൂതന്മാരെ അയച്ചത്! ക്രിസ്ത്യാനികൾക്ക് ഇവിടെയുള്ളതുപോലെ പഴക്കവും പ്രാധാന്യവും പ്രാചുര്യവും ഇൻഡ്യയിൽ മറ്റൊരു ദിക്കിലുമില്ല. ഇപ്പോൾതന്നെ ജനസംഖ്യയിൽ നാലിലൊന്നിലധികം അവരാകുന്നു. കൊല്ലംതോറും അവരുടെ സംഖ്യ ശീഘ്രതരമായി വർദ്ധിച്ചുകൊണ്ടുംവരുന്നു. വിദ്യാഭ്യാസത്തിൽ ബ്രാഹ്മണേതരരായ മറ്റെല്ലാ വർഗ്ഗക്കാരെയും അവർ വളരെ പിന്നിലാക്കിക്കളഞ്ഞിരിക്കുന്നു. വ്യവസായത്തിൽ അവരോടു കിടനിൽപാൻ വേറെ വർഗ്ഗക്കാരില്ല. ധനസ്ഥിതിയിലും നാഗരികതയിലും സദാചാരത്തിലും എന്നുവേണ്ട സ്പൃഹണീയമായ ഏതു സംഗതിയിലും അവർ ഇന്നെത്തിയിരിക്കുന്ന സ്ഥാനംതന്നെ മറ്റുള്ളവരെ ആകർഷിപ്പാൻ മതിയായതാണ്. ഈശ്വരന് എല്ലാ മതവും തുല്യമാകുന്നു. എല്ലാ മതത്തിലും ഈശ്വരൻ പരിശുദ്ധസ്വരൂപമാകുന്നു. അതുകൊണ്ടു മതത്തിനുവേണ്ടി മനുഷ്യൻ ജാതിഭ്രാന്തന്മാരുടെ ചവിട്ടുകൊണ്ടു കഷ്ടനിച്ചു കാലം കഴിയേണ്ടയാവശ്യമേയില്ല. നേരേമറിച്ച് അങ്ങിനെ വല്ലവരും ചെയ്യുന്നുണ്ടെങ്കിൽ അതിനവരല്ലാതെ ഈശ്വരൻ ഉത്തര

Digitized By Kerala Sahitya Akademi

വാദിയുമല്ല. തന്നത്താൻ സഹായിക്കുന്നവരെയാണ് ഈശ്വരൻ സഹായിക്കുന്നത്. "God helps those that help themselves."

കേരളത്തിൽ ഒട്ടാകെ നോക്കിയാൽ ഇപ്പോൾ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാർക്ക് പൂർവാധികമായ സ്വാതന്ത്ര്യവും സൗകര്യങ്ങളും ഉണ്ടായിരുന്നു എന്നുള്ളത് ശരിതന്നെ. പറയർ മുതൽ മേൽപോട്ടുള്ള എല്ലാ ജാതിക്കാരും ഇപ്പോൾ അവരവരുടെ കാര്യങ്ങൾ മുമ്പിലത്തേക്കാൾ അറിഞ്ഞും മുമ്പില്ലാത്ത സ്വാതന്ത്ര്യരുചിയോടുകൂടിയും പ്രവർത്തിച്ചുവരുന്നു എന്നു കാണുന്നത് ആശ്വാസജനകമാണ്. എന്നാൽ ഒരു ബ്രിട്ടീഷ് നീതിസൂര്യന്റെ സ്വച്ഛന്ദകിരണങ്ങൾ അവരുടെ താണ ചെറുകുടിലുകളിൽകൂടി തട്ടുന്നുണ്ടെന്നുള്ള വസ്തുതയെ മാത്രമേ വെളിവാക്കുന്നുള്ളു. ഈ കിരണങ്ങളെ തടുപ്പാൻ മേൽജാതിക്കാർ പലപ്പോഴും ചെയ്യുന്ന സാഹസങ്ങളാണ് ഇപ്പോൾ അവർക്ക് എല്ലാറ്റിലും ദുസഹമായി തോന്നാറുള്ളത്. ഇവരിൽ പല ജാതിക്കാരും ഇപ്പോൾ സഭകൾ സ്ഥാപിച്ചും മറ്റും സ്വസമുദായോന്നതിക്കായി പല ശ്രമങ്ങളും ചെയ്തുവരുന്നുണ്ട്. കേരളത്തിലെ ഭയങ്കരമായ സംഖ്യാബലമുള്ള തീയർ നാരായണഗുരുസ്വാമി തുപ്പാദങ്ങളിലെ അദ്ധ്യക്ഷതയിൽ സ്ഥാപിച്ചു നടത്തിവരുന്ന ശ്രീനാരയണ ധർമ്മ പരിപാലനയോഗവും അതിന്റെ പ്രവൃത്തികളും ഈ വകയിൽ പെട്ടതാണ്. ഈ പ്രവൃത്തികളാൽ ഗണ്യങ്ങളായ ഗുണങ്ങൾ ഈ സമുദായത്തിനുണ്ടായിക്കൊണ്ടിക്കുന്നുമുണ്ട്. അവർക്ക് ഗവണ്മെൻറ് വിദ്യാലയങ്ങൾ പൂർവാധികമായി തുറന്നുവരുന്നു. കൊച്ചി, തിരുവിതാംകൂർ ഗവണ്മെൻറുകൾ അവരുടെ ജാതിയിൽ യോഗ്യതയുള്ളവർക്ക് ഉദ്യോഗങ്ങൾ നൽകിവരുന്നു. അവരുടെ പ്രാതിനിധ്യം ഗവണ്മെൻറുകൾ വിലവച്ചുവരുന്നു. സംസ്കൃതവിദ്യാഭ്യാസവും മതസംബന്ധമായ ജ്ഞാനവും അവരുടെ ഇടയിൽ വർദ്ധിച്ചുവരുന്നു. അനേക ക്ഷേത്രങ്ങളും മറ്റും അവർ സ്വന്തമായി സ്ഥാപിച്ച് ഉത്തരീതിയിൽ സ്വന്തമായിത്തന്നെ ആരാധനകൾ നടത്തിവരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലും അവർ ക്രമേണ മുമ്പോട്ട് കയറിവരുന്നു. അതിനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്വാനുള്ള ശ്രമങ്ങളും യഥാശക്തി ചെയ്തുവരുന്നു. എന്നാൽ പണ്ടേതന്നെ ഒരുവിധം ഭേദപ്പെട്ട സ്ഥിതിയിൽ കഴിഞ്ഞുവന്ന ഈ സമുദായത്തിനു് അതിന്റെ ഇന്നത്തെ സ്ഥിതിയിൽ വലിയ സംതൃപ്തിയുള്ളതായി കാണുന്നില്ല. എന്നതന്നെയല്ല അവരുടെ മുമ്പോട്ടുള്ള ഗതിയെ ജാതി തടയുന്നതു കണ്ടാൽ അവർക്കുള്ള ക്ഷമകേടു് ഇപ്പോൾ വർദ്ധിച്ചു വരികയാണെന്നുള്ള വസ്തുതയെ അപലപിക്കാൻ കഴിയുന്നതല്ല. ഇതിനു വല്ലവരും അവരെ കുറ്റം പറയുന്നുവെങ്കിൽ അതു അബദ്ധമാകുന്നു. അജ്ഞാനമൂർച്ഛ വിട്ടു ബോധം വരികയും ചവിട്ടികൊണ്ടു തഴമ്പിച്ചു കിടന്ന തൊലി മാർദ്ദവപ്പെട്ട സ്പർശജ്ഞാനമുദിക്കയും ചെയ്യുമ്പോൾ ഒരുവനു മുമ്പിൽ സഹ്യ

Digitized By Kerala Sahitya Akademi

മായിരുന്ന വേദനയേയോ ഭാരത്തേയോ പററി അധികം സങ്കടം പറയുന്ന എങ്കിൽ അവർ അതിനെ അപ്പോൾ അധികം അറിയുന്ന എന്നു മാത്രമേ അർത്ഥമാകുന്നുള്ളു. ജാതിനിമിത്തമായ ദുഃഖങ്ങളും ക്ലേശങ്ങളും അപമാനങ്ങളും അസൌകര്യങ്ങളും അവയെ അനുഭവിക്കുന്നവർക്കല്ലാതെ മററാർക്കും എത്രതന്നെ വിശദമായി ഘോഷിച്ചാലും ഉള്ളവണ്ണം തലയിൽ കയറുന്നതല്ലെന്നുള്ള വസ്തുതയെ വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ സമുദായ പരിഷ്കാരകന്മാരിൽ നൂററിനു തൊണ്ണൂറൊമ്പതുപേരും ഉയർന്ന ജാതിക്കാരാകുന്നു. അവർ എത്രതന്നെ സഹതാപമുള്ളവരായാലും ജാതിശല്യത്തിന്റെ അനുഭവജ്ഞാനമുള്ളവരല്ല. "നഹി വന്ധ്യാ വിജാനാതി ഗുർവീം പ്രസവവേദനാം" സ്തീയാണെങ്കിലും വന്ധ്യയ്ക്ക് ഈററു നോവറിഞ്ഞുകൂടാ. ജനസാമാന്യത്തെ വ്യാപിച്ചു പിടിച്ചിരിക്കുന്ന ഈ ഭയങ്കര രോഗത്തിന്റെ ആത്യന്തികമായ നിവാരണവിഷയത്തിൽ ഇതുവരെ ശക്തിമത്തും കാര്യക്ഷമവുമായ വിധത്തിൽ യാതൊന്നും നിഷ്കർഷിച്ചു പ്രവർത്തിച്ചു കാണാത്തതിന്റെ രഹസ്യം അതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. തീയരെപ്പററി പറയുന്നതായാൽ ഞങ്ങളുടെ ഈ സൂചനകൾ അവർ ഈ സംഗതികളെ അവരുടെ ഇപ്പോഴത്തെ അസംതൃപ്തിയോടുകൂടി നിരന്തരമായി ഓർമ്മിപ്പാനും അവർക്ക് അവരെ ബാധിച്ചിരിക്കുന്ന ഈ ഭയങ്കരമായ മായാരോഗത്തിന്റെ നിദാനത്തിലും ചികിത്സയിലും സവിശേഷമായ ജ്ഞാനമുണ്ടാവാനുംമാത്രം ഉദ്ദേശിട്ടുള്ളവയാകുന്നു. ജ്ഞാനം തന്നെയാകുന്നു ശരിയായ ശക്തി. ജ്ഞാനം വർദ്ധമാകുമ്പോൾ ശക്തി വർദ്ധിക്കുന്നു. വർദ്ധമാനമായ ശക്തിപ്രവാഹം ഏതു ശക്തി പ്രതിബന്ധത്തേയും ഉടച്ചു തകർത്തുകൊണ്ടു സ്വാതന്ത്ര്യത്തിന്റെ വഴിതേടിക്കൊള്ളുന്നതുമാകുന്നു.

വിവേ. 1092 മകരം, കുംഭം

Digitized By Kerala Sahitya Akademi

അനുബന്ധം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

I

ചിത്രയോഗം

ഒരു പ്രത്യാഖ്യാനം

വി. ഉണ്ണിക്കൃഷ്ണൻ നായർ ബി. എ.

വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ''ചിത്രയോഗം'' മഹാകാവ്യത്തെക്കുറിച്ചു കന്നിലക്കം ''വിവേകോദയ''ത്തിൽ എഴുതിയ ഒരു നിരൂപണം ഈയിടെ വായിക്കയുണ്ടായി. അതിൽ പ്രകടിച്ചിട്ടുള്ള അഭിപ്രായം, സാമാന്യേന പ്രസ്തുതകൃതിക്കു പ്രതികൂലമായിത്തന്നെയാണ് കണ്ടതു്. ഇതിൽ ''നല്ല കാവ്യതല്പമുള്ള ഭാഗങ്ങൾ ഉണ്ടെങ്കിലും ദോഷസൌലഭ്യത്താൽ അങ്ങനെയുള്ള ഭാഗങ്ങളിൽ കൂടിയും വായനക്കാർക്ക് ഒരു അനാദരബുദ്ധിയാണ് മുമ്പിട്ടുനിൽക്കുന്നതു്'' എന്നു വിവേകോദയം പ്രസ്താവിച്ചു കാണുന്നതു് ചിത്രയോഗത്തെ മുക തകണ്ഠം പുകഴ്ത്തുന്ന സാഹിത്യാഭിമാനികൾക്കെല്ലാം ഒരു പുതുമയായിരിക്കുന്നതാണെന്നുള്ളതിനു സംശയമില്ല.

മഹാകാവ്യത്തിൽ ''നഗരാർണ്ണവാദിവർണ്ണനകൾ യഥോചിതമായി മാത്രമേ പ്രയോഗിക്കുവാൻ പാടുള്ളു എന്നും അങ്ങനെയുള്ള വർണ്ണനകൾക്കായി ഒരു കഥയെ ബലികൊടുക്കരുതെ''ന്നും ഉള്ള അഭിപ്രായത്തിൽ 'വിവേകോദയ'ത്തോടു് എല്ലാവരും സർവാത്മനാ യോജിക്കുന്നതാണു്. എന്നാൽ ചിത്രയോഗത്തിലെ വർണ്ണനകൾക്കു് ഈ ഒരു ദോഷം ഉണ്ടെന്നു വിശദമായും, നഗരാർണ്ണവാദിവർണ്ണനകൾക്കു കാവ്യങ്ങളിൽ തിരെസ്ഥലം അനുവദിച്ചുകൂടാ എന്നു് അവ്യക്തമായും വിവേകോദയത്തിനു് അഭിപ്രായം ഉണ്ടെന്നു കാണുന്നു. ഏതു കാവ്യത്തിലും കഥയുടെ ഗതിയ്ക്കും അതാതു സന്ദർഭത്തിനും അനുരൂപമായി ചിലർ വർണ്ണനകൾ കൂടാതെ കഴിക്കേണമെന്നു സിദ്ധാന്തിക്കുന്നതു് ഒരു മിഥ്യാവാദമാണു്. ഏതാൻ ചില വർണ്ണനകൾ ഇല്ലാതിരുന്നാൽ കഥയിൽ ഉദ്ദേശിക്കപ്പെട്ടുന്ന ഫലം സിദ്ധിക്കുന്നതിനു വളരെ വൈഷമ്യമുണ്ടു്. 'മനുഷ്യർ സന്ദർഭസൃഷ്ടങ്ങളാണു്'' എന്ന പ്രമാണം സർവസമ്മതമായിരിക്കെ, ആ വക സന്ദർഭങ്ങളെ അതാതു ഘട്ടത്തിൽ വർണ്ണിക്കാതെ വിടുന്നതു രസഭംഗത്തിനല്ലാതെ ഒരിക്കലും രസപുഷ്ടിക്കും ചമൽക്കാരത്തിനും ഉതകുന്നതല്ല. മനുഷ്യസ്വഭാവത്തെ അഥവാ ലോകസ്വഭാവത്തെ ശരിയായി പ്രതിപാദിക്കുന്നതാണു് ഒരു ഉത്തമകവിയുടെ കർത്തവ്യകർമ്മങ്ങളിൽ മുഖ്യമായിട്ടുള്ളതു് എന്നു 'വിവേകോദയം'' ആലോചിച്ചിരുന്നെങ്കിൽ, ചിത്രയോഗത്തിലെ വർണ്ണനകളെ ഒരു ''നെടുംകുതിര''യോടു് ഉപമിക്കുവാൻ ഒരിക്കലും തുനിയുന്നതല്ലായിരുന്നു. പ്രസ്തുത കാവ്യത്തിലെ ന്യൂനതകളെ വിവേകോദയം (സ്ഥലച്ചുരുക്കത്താൽ) സോദാഹരണം എടുത്തുകാണിച്ചിട്ടില്ലാത്തതിനാൽ സ്ഥിതിയ്ക്കു് അതിലെ ഏതു വർണ്ണനയാണു് അസ്ഥാനത്തിലായതു്.

Digitized By Kerala Sahitya Akademi

ട്ടുള്ളത് എന്നു വിവേകോദയത്തോടു ചോദിക്കുവാൻ വായനക്കാർക്ക് അവകാശവും അർഹതയും ഉണ്ട്. ഒന്നാം സർഗ്ഗത്തിലെ അളകാവർണ്ണനയും രാജവർണ്ണനയും ആണോ അനാവശ്യമായി കരുതേണ്ടത്? ഒരു കഥ ആരംഭിക്കുമ്പോൾ അതിന്റെ സ്ഥലനിർണ്ണയവും മറ്റും അനാവശ്യമാണെന്നു വിവേകോദയം സിദ്ധാന്തിയ്ക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. മഹാസേന മഹാരാജാവിന്റെ പുത്രനെ സംബന്ധിച്ചുള്ള ഒരു കഥയിൽ അദ്ദേഹത്തെപ്പറ്റി അല്പം ഒന്നു വിവരിക്കുന്നത് അപ്രകൃതമാണെന്നു് എങ്ങനെ പറയും.

പിന്നെ ചന്ദ്രസേനന്റെ ശൈശവവർണ്ണന എത്ര സ്വാഭാവികമായിട്ടുണ്ട്! ആ രാജകുമാരന്റെ ശീലഗുണത്തെ വർണ്ണിച്ചിട്ടുള്ളതിനെ ആശ്രയിച്ചാണ് ചിത്രയോഗത്തിലെ കഥാഘടനക്രമം ഒട്ടുമുക്കാലും സ്ഥിതിചെയ്യുന്നത്. തന്റെ കുട്ടിക്കാലത്തു്, ഒരുമിച്ചുവളർന്ന സുബാഹുപ്രമുഖന്മാരായ സഖാക്കളുമായുള്ള സഹവാസത്തിന്റെ ഫലം "ചിത്രയോഗ'ത്തിൽ ഏതു ഘട്ടത്തിലും പ്രകാശിച്ചുകാണുന്നുണ്ട്. ആ പ്രിയ വയസ്യരോട് തനിക്കുണ്ടായിരുന്ന സ്നേഹം—നിഷ്കളങ്കമായ സൌഹാർദ്ദം—ഒരുകാലത്തും—താരവലീ ലാഭത്താൽപോലും—അണുമാത്രം കുറഞ്ഞിരുന്നില്ല. എട്ടാം സർഗ ഗത്തിൽ 68-ാമത്തെ ശ്ലോകം നോക്കുക:—

"ഹാ ഹന്ത! കാലപ്പിഴവെന്തു ചൊൽക, നിർ-
വഹം നമുക്കില്ലിഹ രക്ഷകിട്ടുവാൻ
സ്നേഹം തികഞ്ഞുള്ള വരെത്തിമിംഗല-
വ്യൂഹത്തിനൂണാക്കിയ പാപിയാണു ഞാൻ."

"ചെറുപ്പകാലങ്ങളിലുള്ളശീലം മറക്കുമോ മാനുഷനുള്ളകാലം" എന്ന പ്രമാണത്തെ ചന്ദ്രസേനന്റെ ശൈശവവർണ്ണനം നല്ലപോലെ വെളിപ്പെടുത്തുന്നുണ്ട്.

ഇതിനും പുറമേ ചില വർണ്ണനകൾ വഴിയായി മേലാൽ വരാൻ പോകുന്ന സംഭവങ്ങളെ മുൻകൂട്ടി വായനക്കാർക്കു നിഴലിച്ചു കാണിക്കുവാൻ കവിക്കു സാധിക്കുന്നതാണ്. എട്ടാംസർഗ്ഗത്തിൽ സമുദ്രത്തെ വർണ്ണിച്ചിരിക്കുന്ന ഘട്ടത്തിലെ ഒരു ശ്ലോകത്തിൽ ചന്ദ്രസേനനു പിന്നീടു സംഭവിച്ച സമുദ്രപാതം "ധ്വനി"ക്കുന്നുണ്ടെന്നു കാണുന്നത് ഈ വസ്തുതയെ ദൃഷ്ടാന്തപ്പെടുത്തുന്നുണ്ട്.

പൂമാതുപുൽകും പുതുമേനികൊണ്ടു, ത—
ജ്ജാമാതൃസാമ്യം തടവും കുമാരനെ
പ്രേമത്തിരകൈകളെ മുന്നിൽനീട്ടിയാ
ശ്രീമാൻ സരസ്വാനെതിരേറ്റുകൊണ്ടിതോ"

Digitized By Kerala Sahitya Akademi

ചന്ദ്രസേനൻ കടൽക്കരയിൽ നിന്നിരുന്നപ്പോൾ ഈ "എതിരേൽക്കൽ" കേവലം ഉൽപ്രേക്ഷിതം മാത്രമായിരുന്നു. എങ്കിലും അധികതാമസം കൂടാതെ, ഈ ഉൽപ്രേക്ഷ യഥാർത്ഥമായിത്തന്നെ ഭവിച്ചുവല്ലോ!

ചന്ദ്രസേനൻ സുബാഹുസഹിതനായി സഞ്ചരിക്കുമ്പോൾ ഒരു സരസ്തീരത്തിൽ എത്തിച്ചേർന്ന ഘട്ടത്തിൽ കവി, ആ പൊയ്കയെ വിചാരിച്ചിട്ടുള്ളത് ഒട്ടും അനാവശ്യമായിട്ടില്ലെന്നതന്നെയല്ല. മുമ്പേ മറിച്ച്, ചന്ദ്രസേനന്റെ അപ്പോഴത്തെ മാനസികാവസ്ഥയെ ശരിയായി ഗ്രഹിക്കുന്നതിന് ആ വർണ്ണന ഏറെവും ആവശ്യകമാണെന്നുകൂടി സമ്മതിക്കേണ്ടിരിക്കുന്നു. ആ പൊയ്കയെ "കൌതുകോൽ ബണാക്ഷിയാൾ" നോക്കിയപ്പോൾ രാജകുമാരനു തോന്നിയ വികാരങ്ങൾ, മുമ്പുകണ്ടിട്ടില്ലാത്ത ഒരു രമ്യവസ്തു, ചിന്താകുലനായ ഒരാൾക്കു നാനാവിധം വികാരങ്ങളെ ഉൽപ്പാദിപ്പിക്കുന്നതാണെന്നുള്ള വസ്തുതയെ ദൃഷ്ടാന്തപ്പെടുത്തി.

ഇങ്ങിനെ ഓരോ ഘട്ടത്തിലും കവി പ്രയോഗിച്ചിട്ടുള്ള വർണ്ണനകളെ എടുത്തു പ്രത്യേകം പ്രത്യേകമായി വിസ്തരിക്കുവാൻ തൽക്കാലം സൌകര്യമില്ല. കഥാഗതിയ്ക്കനുസരിച്ചു പാത്രങ്ങളുടെ സ്വഭാവത്തെ പ്രതിപാദിക്കുന്നതിനു വർണ്ണനകൾ അത്യാവശ്യമാണെന്ന് ഇത്രയും പറഞ്ഞതുകൊണ്ടു തെളിയുന്നുണ്ടല്ലോ. ഇതിനു പുറമേ, വർണ്ണനകളെപ്പറ്റി, ഒന്നുകൂടി പറവാനുണ്ട്. പ്രകൃതിയുടെ സർവതോമുഖമായ വിലാസം ഒരു കവിയുടെ മനസ്സിൽ വിവിധവിചാരങ്ങളെ ജനിപ്പിക്കുവാൻ ശക്തിയുള്ള ഒരു സാധനവിശേഷമാണ്. ആ വിചാരങ്ങളെ കവിവാക്യമായിത്തന്നെ കാവ്യങ്ങളിൽ ഉദ്ധരിക്കുന്നതുകൊണ്ട് യാതൊരു കുറവും പറവാനില്ല. ഈ വിഷയത്തിൽ ഒരു കവിയുടേയും, ഒരു നോവലെഴുത്തുകാരന്റേയും കൃത്യങ്ങൾ തമ്മിൽ വലുതായ അന്തരമുണ്ട്. ഒരു കവിക്കു തന്റെ കാവ്യത്തിൽ സ്വന്തം വകയായി (കഥാപാത്രങ്ങൾ മുഖേന അല്ലാതെ) പലേ അഭിപ്രായങ്ങളേയും ഉദ്ധരിക്കാം. അക്കാര്യത്തിൽ കവി ഒരു ലോകഗുരുവും ഉപദേഷ്ടാവും ആണ്. നേരേമറിച്ച്, ഒരു നോവലെഴുത്തുകാരൻ തന്റെ കഥാവിവരണത്തിനിടയിൽ ലോകതത്ത്വങ്ങളെപ്പറ്റിയും മറ്റും സ്വയമേവ പ്രസംഗിക്കുന്നത് അത്ര യുക്തമല്ല എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. നോവലുകളിൽ ആവകയെല്ലാം അതാതു പാത്രങ്ങളുടെ മുഖേന തന്നെ പുറപ്പെടേണ്ടതാണ്.

ആകപ്പാടെ കാവ്യങ്ങളിൽ വർണ്ണനകൾ സന്ദർഭോചിതമായി ചേർക്കേണ്ടത് അത്യാവശ്യകമാണെന്നും ചിത്രയോഗത്തിലെ വർണ്ണനകൾക്ക് അതാതു ഘട്ടത്തിൽ ശരിയായ തന്മയത്വവും ഔചിത്യവും ധാരാളം ഉണ്ടെന്നും ഉദാഹരണസഹിതം മേലെ ദൃഷ്ടാന്തപ്പെടുത്തിട്ടു

Digitized By Kerala Sahitya Akademi

ണ്ടല്ലൊ. അതുകൊണ്ടു് ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം, 'ചിത്രയോഗം' സാഹിത്യരസികൻമാരുടെ ഹൃദയാവർജ്ജനത്തിനു പര്യാപ്തമാകുമോ എന്നു വിവേകോദയം സംശയിക്കേണ്ടുന്ന ആവശ്യകത ഇല്ലെന്നാണു് എന്റെ വിശ്വാസം.

വിവേകോദയത്തിനു ചിത്രയോഗത്തെപ്പറ്റി പ്രതികൂലാഭിപ്രായം ഉണ്ടാകുവാൻ വേറൊരു സംഗതി കഥയുടെ പഴക്കമാണെന്നു കാണുന്നു. കഥയ്ക്കു പഴക്കമുണ്ടാകുന്നതു യഥാർത്ഥ കവിയുടെ യോഗ്യതയെ ഏതു വിധത്തിലാണു ബാധിക്കുന്നതു് എന്നു് എനിക്കു് മനസ്സിലാകുന്നില്ല. പുരാണ കഥകളും "ചർവിതചർവണ"മായി എഴുതപ്പെടുന്ന കാവ്യങ്ങൾക്കു് ആസ്വാദ്യത നന്നെ കുറവാണെന്നു എല്ലാവരുംതന്നെ സമ്മതിക്കുന്നതാണു്. എന്നാൽ അങ്ങിനെ കാലപ്പഴക്കം ചെന്ന കഥകളെ കവിതകളിൽ തീരെ വർജ്ജിക്കേണ്ടതാണെന്നു ഇതിൽ നിന്നു് അർത്ഥമാകുന്നുണ്ടെന്നു തോന്നുന്നില്ല. പുരാണങ്ങളിൽ നിന്നു യാതൊരു പ്രകാരത്തിലും വ്യത്യസ്തമല്ലാത്ത രീതിയിൽ, ആശയങ്ങൾക്കാകട്ടെ പാത്രപ്രതിപാദനക്രമത്തിനാകട്ടെ, യാതൊരു നവീനതയും ഇല്ലാതെ,ദ്വിതീയാക്ഷരപ്രാസവും"ആമ്പലും അമ്പിളിയും,വണ്ടും തണ്ടാരും" വകതിരിവുകൂടാതെ കഴിയുന്നത്ര ധാരാളമായി പ്രയോഗിച്ചു നിർമ്മിക്കപ്പെടുന്ന നിർജ്ജീവകവനങ്ങളെ ഭാഷാഭിമാനികൾ ദൂഷിക്കുന്നതും ദൂഷിക്കേണ്ടതും ആണു്. നേരേമറിച്ചു്, പഴയകഥകളെ ആധുനിക പരിഷ്കാരത്തിനനുസരിച്ചു് "നവനവോല്ലേഖ" സങ്കലിതമായി ഒരു പുതിയ സമ്പ്രദായത്തിൽ എഴുതുന്നതു്, സഹൃദയൻമാർക്കു് സർവഥാ ആദരണീയങ്ങളായിരിക്കയും ചെയ്യുന്നതാണു്. "അനിരുദ്ധൻ" ഒരു പുരാണകഥയിലെ പാത്രമാണെങ്കിലും ആ രാജകുമാരന്റെ സ്വഭാവത്തെ നാരായണമേനോനവർകൾ അദ്ദേഹത്തിന്റെ "ബന്ധനസ്ഥനായ അനിരുദ്ധൻ" എന്ന ഖണ്ഡകാവ്യത്തിൽ പ്രതിപാദിച്ചിട്ടുള്ളതു് ഈ ഒടുവിൽ പറഞ്ഞ പുതിയ പ്രസ്ഥാനത്തെ അനുസരിച്ചാണെന്നു വായനക്കാർ മുമ്പുതന്നെ അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലൊ. ഈ സംഗതിയെ, ചിത്രയോഗം സംബന്ധിച്ചിടത്തോളവും അദ്ദേഹം സ്വീകരിച്ചിട്ടുണ്ടു്.

കവിതയുടെ പ്രധാനകൃത്യം കഥാകല്പനയല്ല. കഥയ്ക്കു് ഒരു പ്രത്യേകമായ ജീവൻ കൊടുത്തു് അതിനു് തൻമയത്വം ഉണ്ടാക്കുന്നതാണു കവിധർമ്മം. "മന്ദാരവതിസുന്ദരസേനകഥ"യെ അവലംബിച്ചു് എഴുതീട്ടുള്ള ചിത്രയോഗത്തിനു വാസനാബലമുള്ള ഒരു കവിയുടെ തൂലികാപ്രയോഗം വഴിയായി. മുമ്പുണ്ടായിരുന്നില്ലാത്ത ഒരു ജീവനും തൻമയത്വവും സിദ്ധിച്ചിട്ടുണ്ടായിരിക്കെ ഇതൊരു "പഴയ കഥ"യാണെന്നു വാദിക്കുന്നതു തീരെ അടിസ്ഥാനമില്ലാത്തതാണു്". ചിത്രയോഗം ഒരു പഴയ കഥയല്ലെന്നു മാത്രമല്ല ഒരു പുതിയ കഥയാണെന്നു

Digitized By Kerala Sahitya Akademi

തന്നെ സ്പഷ്ടമായി അഭിപ്രായപ്പെട്ടന്നതിൽ യുക്തിഭംഗം ഉണ്ടാവാൻ വഴിയില്ല. എന്തെന്നാൽ അതിലെ പാത്രങ്ങൾ "കഥാസരിൽ സാഗരം" പോലെയുള്ള കെട്ടകഥകളിലെ നിർജ്ജീവവസ്തുക്കളല്ല. ലോകത്തിൽ സാധാരണ കണ്ടുവരാറുള്ളമാതിരി ആളുകളാണ്. കഥാസരിൽ സാഗരത്തിൽ 343 ശ്ലോകങ്ങളെക്കൊണ്ടു വിവരിച്ച ഒരു കഥയെ അങ്ങിനെതന്നെ എടുത്തു മലയാളഭാഷയിലേക്ക് അനുപദമായി തർജ്ജിമ ചെയ്യുവാൻ നാരായണമേനോനവർകൾ തുനിഞ്ഞിരുന്നെങ്കിൽ അദ്ദേഹം ഒരു പഴയ കഥയെഴുതി വെറുതെ സമയം കളഞ്ഞുവെന്നോ അദ്ദേഹത്തിന്റെ പരിശ്രമം വിഫലമായെന്നോ കരുതി നമുക്കും, വിവേകോദയത്തെപ്പോലെതന്നെ, ഇപ്പോഭംഗം നേരിട്ടേക്കുമായിരുന്നു. എന്നാൽ അതിന്നിപ്പോൾ ഇടവന്നിട്ടില്ലെന്നു മാത്രമല്ല, ചിത്രയോഗത്തിന്റെ സാക്ഷാൽ ആവിർഭാവം നിമിത്തം സാഹിത്യ രസികന്മാർ ആരും ഭഗ്നാശയരാകേണ്ടതില്ലെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

"ഈ കാവ്യത്തിൽ അവിടവിടെ കാണുന്ന ആശയവിശേഷങ്ങൾ എല്ലാം സംസ്കൃത ഗ്രന്ഥങ്ങളിൽ സാധാരണ നാം കണ്ടു പരിചയിച്ചിട്ടുള്ളതാണെ"ന്നും "പല സ്ഥലത്തും രഘുവംശാദി സംസ്കൃത സാഹിത്യ ഗ്രന്ഥത്തിലുള്ള ഭാഗങ്ങളെ പദംപ്രതിതന്നെ തർജ്ജിമ ചെയ്ത് ചേർത്തിരിക്കുന്നു" എന്നും വിവേകോദയം പ്രസ്താവിക്കുന്നു. ഈ ദോഷാരോപണം അത്ര ഭംഗിയായോ എന്ന് എനിക്ക് പ്രബലമായ സംശയമുണ്ട്. ദുർല്ലഭം ചില ആശയങ്ങൾക്ക് രഘുവംശത്തിലെയോ മറേറാ ആശയങ്ങളോട് സാമ്യമുണ്ടെങ്കിൽതന്നെ, അവ ഏത് ഘട്ടത്തിലാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അതിനു പകരം വേറെ വല്ലതും പര്യാപ്തമായിരുന്നുവോ എന്നും വിവേകോദയം പരിശോധിച്ചു നോക്കിയിരുന്നെങ്കിൽ ഈ ദോഷാരോപണം തീരെ അനുചിതമാണെന്ന് ബോദ്ധ്യപ്പെടുമായിരുന്നു. രണ്ടാം സർഗ്ഗത്തിൽ മനോരമയെപ്പററി പ്രസ്താവിക്കുന്ന അവസരത്തിൽ "അവരോധവധൂജനങ്ങൾ ധാരാള"മുണ്ടായിരുന്ന മഹാസേന മഹാരാജാവിന് "നാലാബ്ധിയായ മണികാഞ്ചിയണിഞ്ഞ" ഭൂമിയിലും "ഭൂലക്ഷ്മി"യായ മനോരമയിലും ആയിരുന്നു അത്യധികമായ ആദരവുണ്ടായിരുന്നത് എന്ന് കവി വിവരിച്ചിട്ടുള്ള ഘട്ടം കാളിദാസരുടെ രണ്ടു പ്രസിദ്ധ ശ്ലോകങ്ങളെക്കുറിച്ചു നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ടെന്നു സമ്മതിക്കാം.

"കളത്രവന്തമാത്മാന മവരോധേ മഹത്യപി
തയാ മേനേ മനസ്വിന്യാ ലക്ഷ്മ്യാ ച വസുധാധിപഃ"

(രഘുവ.ശ.)

Digitized By Kerala Sahitya Akademi

"ഉണ്ടെങ്കിലും ഭൂരികളത്ര സങ്ഗ്രഹം
രണ്ടേ കുലത്തിനു മമ പ്രതിഷ്ഠകൾ
ഒന്നാമതേഴാഴികൾ ചൂഴുമൂഴിയും
രണ്ടാമതീനിങ്ങടെ യിഷ്ടതോഴിയും."

(ശാകുന്തളം)

കാളിദാസ മഹാകവിയുടെ അപാരമായ ബുദ്ധിവൈഭവത്തിന് കീഴടങ്ങാത്ത വിഷയങ്ങൾ നന്നെച്ചുരുങ്ങും. തന്നിമിത്തം ചില സംഗതികളിൽ ആ മഹാനുഭവന്റെ ആശയങ്ങളെ ഉപയോഗിക്കാതിരിക്കുവാൻ നിർവാഹമില്ലെന്നുകൂടി വന്നേക്കാം. എന്നാൽ ഈ സന്ദർഭത്തിൽ, അങ്ങനെ ഒരു അപവാദത്തിന് (ഇതൊരു അപവാദമാണെങ്കിൽ) തീരെ അവകാശമില്ലെന്നു നിരാക്ഷേപം പറയാവുന്നതാണ്. മുൻകാലങ്ങളിൽ രാജാക്കന്മാർക്ക് അനേകം ഭാര്യമാർ ഉണ്ടായിരുന്നുവെന്നും, അവരിൽ ഒരു ഭാര്യയെ മാത്രമെ പട്ടമഹിഷീസ്ഥാനത്തിന് തിരഞ്ഞെടുക്കാറുള്ളു എന്നും ചരിത്രപ്രസിദ്ധങ്ങളായ സംഗതികളാണ്. ആ സംഗതികളെ ഒരു ആധുനിക കവി വിവരിക്കുമ്പോൾ അതിന് കാളിദാസ കൃതിയോടു സാമ്യമുണ്ടെന്നും അതിന്റെ നേരെ പകർപ്പാണെന്നും മറ്റും ധരിക്കുന്നത് അനുചിതവും അധർമ്മവും ആണ്. രണ്ടാം സർഗത്തിലെ ഒന്നും മൂന്നും ശ്ലോകങ്ങളിലുള്ള ആശയങ്ങൾക്കു മേലെഴുതിയ കാളിദാസ ശ്ലോകങ്ങളോടു സാമ്യമുണ്ടെന്നു തോന്നിക്കുന്നത്, "അവരോധ വധൂജനങ്ങൾ ധാരാളം", "നാലബ്ധിയായ മണികാഞ്ചിയണിഞ്ഞ ഭൂമി", "ഭൂലക്ഷ്മിയായ രാജ്ഞി" എന്നീ മൂന്നു പ്രയോഗങ്ങൾ മാത്രമായിരിക്കണം. ശേഷമുള്ള എല്ലാ ആശയങ്ങളും വിശേഷിച്ചു, "ആലബ്ധകാമനരചൻ മുരവൈരിപോലെ" എന്ന പ്രയോഗവും, ശ്ലേഷാലങ്കാരപ്രിയനായ ചിത്രയോഗകർത്താവിന്റെ "സ്വന്തം വകയാണെന്നു നിർവിവാദം വിളിച്ചു പറയുന്നുണ്ടു്. മേൽ ഉദാഹരിച്ചുകാണിച്ച ആശയദൃശ്യം ഒരു കുറവാണെന്നു വാദിക്കുന്നപക്ഷം കാളിദാസപ്രഭൃതികൾ ഉപയോഗിച്ചിട്ടുള്ള വാക്കുകളെക്കൂടി ആധുനിക കവികൾ തങ്ങളുടെ കാവ്യങ്ങളിൽ പ്രയോഗിച്ചുപോകരുതെന്നു ഒരു നിയമം പാസ്സാക്കുന്നതായിരിക്കും അധികം ഉചിതമായിരിക്കുക എന്നാണ് തോന്നുന്നത്.

ഗർഭലക്ഷണം മുതലായ സാങ്കേതിക വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഒരാധുനിക കവി പഴയ ആശയങ്ങളെ പകർത്തിയെന്നു പക്ഷേ, വന്നേക്കാം. എന്നാൽ ചിത്രയോഗകർത്താവ് മനോരമയുടെ ഗർഭവർണ്ണനാഘട്ടത്തിൽ പ്രയോഗിച്ചിട്ടുള്ള നവീനാശയങ്ങൾ അദ്ദേഹത്തിന് ആശയദൈർലഭ്യം കൊണ്ടുള്ള ബുദ്ധിമുട്ട് തീരെ ഉണ്ടായിട്ടില്ലെന്നു ധാരാളം പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്:—

Digitized By Kerala Sahitya Akademi

"ആ രാജ്ഞിതന്നുദരമാകൃതിമാറിയാലും
പേരാലിലുള്ള ശരിയായിതവസ്ഥയാലെ
സാരാഭരോമലതയായൊരു കൃഷ്ണമൂർത്തി
നേരായതിങ്കലതുനാളിൽ വിളങ്ങിയല്ലൊ

* * *

പാരാതെ ഭാവി ശിശ്രൂവിന്നുതകും നറുംപാൽ
നേരായ്നിറച്ചസിത ചൂചുകലാക്ഷയാലേ
വാരാത്തമട്ടിലൊരു മുദ്ര പതിച്ചു ദൈവ-
മാരാജ്ഞിതൻ കുചഘടങ്ങളിലെന്നുതോന്നും."

ഈ രണ്ടു ശ്ലോകങ്ങളിൽ കാണുന്ന ആശയങ്ങൾക്ക് എന്താണു ദോഷം എന്നു സഹൃദയന്മാർ തീർപ്പു പറയട്ടെ ഇതിനും പുറമെ വേറെ ഘട്ടങ്ങളിൽ പ്രയോഗിച്ചിട്ടുള്ള ആശയങ്ങൾക്കെല്ലാം വളരെ ലാളിത്യവും നവീനതയും ഉണ്ടെന്നു കാണാവുന്നതാണ്, ചന്ദ്രസേനന്റെ ശൈശവവർണ്ണനയിൽ അടങ്ങീട്ടുള്ള സാരസ്യം കേവലം അസാധാരണമായിരിക്കുന്നു. ചെറിയ കുട്ടികൾ കളിച്ചുവളർന്നു വരുന്ന ഒരു വീട്ടിൽ കയറിച്ചെല്ലുമ്പോൾ ഉണ്ടാകുന്ന ആനന്ദം അനുഭവസ്ഥന്മാർക്കെല്ലാം അറിവുള്ളതാണല്ലോ. അതിനെ ചിത്രയോഗകർത്താവ് എത്രയാഥാർത്ഥ്യത്തോടുകൂടിയാണു വർണ്ണിച്ചിട്ടുള്ളതു്. "കണ്ണഞ്ചിരട്ടകൾ നിലത്തു കമിഴ്ത്തിവെച്ചു" മണ്ണപ്പം ഉണ്ടാക്കുന്നതും പാവകളെ ജീവനുള്ള വസ്തുക്കളെപ്പോലെ കൊണ്ടാടുന്നതും മറ്റും ശിശുക്കൾക്കു സാധാരണയായി കണ്ടുവരുന്ന ഒരു സ്വഭാവമാണ്.

"പുഞ്ചായൽ പുഞ്ചിരിപുരണ്ട മുഖത്തു മിന്നി-
ച്ചാഞ്ചാടിയോടിയുമിടയ്ക്കു തടഞ്ഞുവീണും
തേൻചാറുമാറുപലകൊഞ്ചൽ പൊഴിച്ചുമുണ്ണി
താൻ ചാരെനില്പവരെ മോദരസത്തിൽമുക്കി"

എന്ന ശ്ലോകം വായിക്കുമ്പോൾ, കവി വർണ്ണിച്ചിട്ടുള്ള അവസ്ഥ നമ്മുടെ കണ്ണിനു മുമ്പാകെ കാണുന്നുണ്ടെന്നു തോന്നിപ്പോകുന്നു.

പതിന്നാലാം സർഗ്ഗത്തിലെ രണ്ടു ശ്ലോകങ്ങൾകൂടി ഇവിടെ ഉദ്ധരിച്ചു് ഈ ഭാഗത്തെപ്പറ്റിയുള്ള പ്രസംഗം മതിയാക്കാം.

"കണ്ടുകൊള്ളുകിരുളായ ചാണകം
കൊണ്ടുതേച്ച ഗഗനാങ്കണസ്ഥലേ
വണ്ടു ചൂഴുമലർവേണിപൂവിട്ടു-
ന്നുണ്ട താരകമിഷേണ ശർവരീ"

* * *

Digitized By Kerala Sahitya Akademi

"സൂരമണ്ഡലമതസ്തപർവ്വത-
പ്പാരമേൽ പ്രകൃതിതച്ചുടച്ചിതാ
താരമാക്കി വിതറുന്ന വാനിലാ-
ക്കാരയേ! മധുരഗാത്രി. ലീലയാ."

ഈ ശ്ലോകങ്ങളിലെ തന്മയത്വവും സാരസ്യവും അനുഭവിച്ചാസ്വദിക്കുവാനല്ലാതെ വിവരിച്ചു മനസ്സിലാക്കിക്കുവാൻ ഒരുങ്ങുന്നതു് അവിവേകമായിരിക്കും.

ഈ ലേഖനത്തിൽ വളരെ ചുരുക്കം ഉദാഹരണങ്ങളെ മാത്രമേ ഉദ്ധരിക്കുവാൻ സാധിച്ചിട്ടുള്ളു. ഓരോ ശ്ലോകവും എടുത്തു നോക്കിയാൽ ഓരോന്നിനും ഓരോ പ്രകാരമായി ഗുണോൽക്കർഷ വിഷയത്തിൽ മേന്മയുണ്ടെന്നാണു് എനിക്കു തോന്നീട്ടുള്ളതു്. അങ്ങിനെ സവിസ്തരം ഒരു നിരൂപണം എഴുതുവാൻ സൌകര്യവും സമയവും ഇല്ലാത്തതിനു പുറമേ ആവശ്യകതയും ഇല്ലെന്നു തോന്നുകയാൽ ഈ ഉപന്യാസം കഴിയുന്നത്ര ചുരുക്കുകയാണു ചെയ്തിട്ടുള്ളതു്.

രചനാവിഷയത്തിലുള്ള ന്യൂനതകളെ വിവേകോദയം ഉദാഹരണ സഹിതം ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതിനാൽ ആ ഭാഗത്തെ സംബന്ധിച്ചു് ഇതിൽ ഒന്നും എഴുതുവാൻ തരമായിട്ടില്ല. ചുരുക്കത്തിൽ എനിക്കു പറവാനുള്ളതു്, ചിത്രയോഗം മഹാകാവ്യം ഗുണപൌഷ്കല്യത്താലും ദോഷദൌർല്ലഭ്യത്താലും ആധുനിക സാഹിത്യത്തിൽ ഒരു അദ്വിതീയസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു മാത്രമല്ല, "നവനവോല്ലേഖ കല്പന"യിൽ ദൃഷ്ടിവച്ചുനന്നതാണു് ആധുനിക ഭാഷാകവികളുടെ കർത്തവ്യകർമ്മമെന്നു മനസ്സിലാക്കി ആ പ്രമാണത്തെ അനുവർത്തിച്ചുപോരുന്ന യുവകവികൾ ചിത്രയോഗകർത്താവിന്റെ കവിതാപദ്ധതിയെ പിന്തുടരുന്നതു് ശ്രേയസ്കരമായിരിക്കുമെന്നും മാത്രമാണു്.

II

പ്രരോദനം (നിരൂപണം)

വള്ളത്തോൾ ?

'നളിനി', 'ലീല' മുതലായ ഉത്തമകൃതികളുടെ കർത്താവെന്ന നിലയിൽ ഇതിനു മുമ്പുതന്നെ കേരളീയ സഹൃദയന്മാരെല്ലാം പരിചയപ്പെട്ടിട്ടുള്ള ഉൽകൃഷ്ടകവിയായ മിസ്റ്റർ എൻ. കുമാരനാശാൻ, ഏ. ആർ. രാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ ദേഹവിയോഗസ്മാരകമായി എഴുതിയ ഒരു ഖണ്ഡകാവ്യമാണു് 'പ്രരോദനം'. ശാർദ്ദൂലവിക്രീഡിതം' വൃത്തത്തിൽ 147 പദ്യങ്ങളുള്ള ഈ കാവ്യത്തിൽ

Digitized By Kerala Sahitya Akademi

നന്ത്യാർവീട്ടിൽ പരമേശ്വരൻപിള്ള എം. എ; എം. ആർ. എ. എസ്. അവർകളുടെ ഒരവതാരികയും, ഗ്രന്ഥകർത്താവിന്റെ ഒരു മുഖവുരയും ടിപ്പണവും അടങ്ങിയിട്ടുണ്ട്.

സ്വപുത്രനായ രാജരാജന്റെ വിയോഗത്താൽ 'കണ്ണുപൂട്ടി വിളറിക്കാൽ നീട്ടി നിശ്ചേഷ്ടയായ്' കിടക്കുന്ന കൈരളിയെ മാതാവായ കേരളഭൂമി താങ്ങിക്കൊണ്ടിരിക്കുന്നതായും വർഷാജന്യമായ പ്രകൃതിപരിണാമത്തെ ആധാരമാക്കി ഈ മഹാവിപത്തിൽ അത്യധികം ദുഃഖിക്കുന്നതായും ഉൽപ്രേക്ഷിച്ചുംകൊണ്ട് കാവ്യം ആരംഭിക്കുന്നു. 'ശാരദാലയ മഹാദീപം' കലാശിച്ചു. ധൂമത്താൽ ദാവലിക്കരയെ ആവരണം ചെയ്തിരിക്കുന്ന ആകാശം മലിനമായി. ശ്മശാനഭൂമിയിൽ ശോകാകുലിനരായ നരൻമാരും മുകളിൽ ദേവൻമാരും വന്നു ചേർന്നു. തങ്ങളുടെ നിത്യാപത്യമായ കൈരളിയെ അനുശോചിപ്പാനായി തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളുടെ അധിദേവതകളായ സഹോദരിമാരും സ്വസ്വാനുരൂപമായ വേഷത്തിൽ സന്നിഹിതകളായി. ഝില്ലീഝംകാരാദിശബ്ദങ്ങളാൽ ആ നിശാകാലം മാത്രമല്ല ബന്ധുക്കളുടെ മുറവിളികളാൽ മാറ്റൊലിക്കൊണ്ട ദിഗ്ദേവിമാർക്കുടെ നിലവിളിച്ചു തുടങ്ങി.

ശ്മശാനം ഒരു "അദ്ധ്യാത്മ വിദ്യാലയം" തന്നെ. മനുഷ്യജീവിതത്തിന്റെ ക്ഷണികതയെ ഓർത്തു് അവിടത്തെ പുല്ലുകൾ പോലും ചിരിച്ചു. 'ബഭുക്ഷാകുല'നായ ആശ്രയാശൻ തമ്പുരാന്റെ ദേഹമാകുന്ന ആ അപൂർവഹവ്യത്തെ അംഗീകരിച്ചു തൃപ്തനായി. കൈരളിയുടെ തത്താദൃശനായ കനിഷ്ഠപുത്രൻ കഥാവശേഷനായി. കലകളും ശാസ്ത്രങ്ങളുമെല്ലാം അനാഥങ്ങളായും തീർന്നു. വിദ്യാവൈഭവം കൊണ്ട സുസ്ഥിരമായ ദിവ്യപദത്തെ അവലംബിച്ചിരിക്കുന്നവരും ദിവ്യമായ രൂപത്തോടു കൂടിയവരുമായ മനുഷ്യാത്മാക്കൾ ഭൂമിയെ അനുശോചിച്ചു് ആകാശത്തിൽ വന്നുചേർന്നു. 'വാണിതന്റെ പരിഷൽ സാമാജികന്മാരായ' അവരിൽ പാണിനി കാളിദാസപ്രഭൃതികളായ ഓരോരുത്തരും തങ്ങളുടെ ഈ പുതിയ അതിഥിയെ യഥോചിതം ആശീർവാദാദികളോടെ അംഗീകരിച്ചു. പുത്രവിയോഗാർത്തയായ കൈരളിയെ സരസ്വതീദേവി തന്നെ വന്നു് ആശ്വസിപ്പിച്ചു. ഇത്രയുമായപ്പോൾ.

"വാണീ സംഗമവും സുരാഗമനവും
മറും വൃഥാവാസനാ—
ശ്രേണീ നിർമ്മിതമാണു, കാണ്മതു ദിവാ--
സ്വപ്നങ്ങളാണെങ്ങൾക്കെ ഞാൻ" (96)

എന്നിങ്ങനെ ആ ഭാഗം അവസാനിപ്പിച്ചു. കവിപിന്നെ പരേതനായ തിരുമേനിയുടെ ഗൃഹജീവിതത്തേയും കലാശാലാജീവിത-

Digitized By Kerala Sahitya Akademi

ത്തേയും അനേക സൽഗുണങ്ങളേയും അനുസ്മരിച്ചു മുക്തകണ്ഠം വിലപിക്കുന്നു. അനന്തരം കേവലം അന്തർമ്മുഖമായി തത്ത്വചിന്താനിമഗ്നമായിത്തീർന്ന ഹൃദയത്തോടുകൂടി "ഏകാന്താദ്വയശാന്തി ഭൂവിനു നമസ്കാരം" പറഞ്ഞു കാവ്യത്തെ ഉപസംഹരിക്കയും ചെയ്യുന്നു.

ഇതാണ് 'പ്രരോദന'ത്തിന്റെ സംക്ഷിപ്തമായ രൂപം. ആശാനവർകളുടെ ഇതരകൃതികളെപ്പോലെ തന്നെ ആശയവിശുദ്ധികൊണ്ടു് ഈ കൃതിയും എത്രയും ഉൽകൃഷ്ടമാണ്. ബാഹ്യാന്തരപ്രകൃതികളെ നിപുണമായി നിരീക്ഷിച്ചു താദാത്മ്യത്തോടെ വർണ്ണിപ്പാനുള്ള ഒരു ശക്തി പ്രസ്തുത കവിക്കുണ്ടെന്നു് പുസ്തകത്തിന്റെ ഏതു ഭാഗം നോക്കിയാലും പ്രത്യക്ഷപ്പെടുന്നതാണ്.

"ക്രൂരാളം തിരുമേനി കൃത്യപരനായ്—
പ്പിൻപൂമുഖം പൂകവേ
മാറാതമ്മലർവായു വീശുവൊരു നന്—
മല്ലീനികുഞ്ജങ്ങളേ,
വേറാശയ്ക്കിടമില്ല, നിങ്ങൾ ചൊരിയും
വെൺപൂക്കളെത്തൻബലി-
ച്ചോറായോർത്തു ചുഴന്നു കാക്കകളിനി-
ക്കൊത്തീടുമോർത്തീടുവിൻ" (105)

എന്ന പദ്യത്തിലെ ഭ്രാന്തിമദലങ്കാരം കരുണരസത്തെ എത്രയും ദീപ്തിമത്താക്കിത്തീർത്തിട്ടുണ്ടു്! എന്നാൽ 'ഓർത്തീടുവിൻ' എന്ന ഈർഷ്യാദ്യോതകമായ അന്തിമപദം രസത്തെ കുറെ നിഷ്പ്രഭമാക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അനുപ്രാസമാത്രഫലമായ ഈ നാലക്ഷരം ഇല്ലായിരുന്നുവെങ്കിൽ ഈ പദ്യം ലോകോത്തരമായി പരിലസിക്കുമായിരുന്നു!

"....നിർഭയ നിശീഥത്തിന്റെ സന്താനമാം
മൂകത്വത്തെ മുതിർന്നു തൻ മുലകുടിപ്പിക്കും
മഹത്ത്വത്തൊടും" (30)

കൂടി നിശബ്ദതയെ വർണ്ണിച്ചതിൽ ചമൽക്കാരമുണ്ടെങ്കിലും ഒരു ഫലിതംപോലെ തോന്നുന്ന "മുലകുടിപ്പിക്കും" എന്ന ലാക്ഷണികപ്രയോഗം ആ സന്ദർഭത്തിൽ അത്ര യുക്തമല്ല. കരുണൈകരസങ്ങളായ ഇത്തരം കൃതികളിൽ ഹൃദയം അന്തർമ്മുഖമായി ഭാവപ്രവണമായിട്ടാണ് ഇരിക്കേണ്ടതു്. നേരേ മറിച്ചു് ബഹിർമ്മുഖമായിരുന്നു വിചിത്രങ്ങളായ വസ്തുക്കളെ അന്വേഷിച്ചു ബഹുദൂരം സഞ്ചരിക്കുന്നതു കേവലം സ്വഭാവവിരുദ്ധമത്രേ. ആ നിലയിൽ പ്രസ്തുത കൃതിയിലെ പാണിനി കാളിദാസ പ്രഭൃതികളുടെ ആഗമന പ്രസ്താ-

Digitized By Kerala Sahitya Akademi

വവും വർണ്ണനയുമെല്ലാം അധികമെന്നുവേണം പറവാൻ. "വാണം സംഗമവും" എന്നു തുടർന്ന്,

താണീലിന്നു വിയോഗവേദന, മറി-
ച്ചെന്നന്തരാത്മാഭൃശം
കേണീടുന്നിതുണർന്നുഹോ! ജനനിയെ-
ത്തേടും കിടാവെന്നപോൽ"

എന്നു് അവസാനിക്കുന്ന 96-ാം പദ്യംകൊണ്ടു് ഗ്രന്ഥകർത്താവിന്നു തന്നെ ഈ അശ്ലീലത ഉണ്ടായതായി കാണുന്നു. ശോകത്തിന്റെ അത്യാരൂഢാവസ്ഥയിൽ ആത്മാവു് അർദ്ധനിമിലിതമായിരിക്കുമ്പോൾ ഏതാദൃശ സങ്കൽപങ്ങളും മറ്റും സംഭവിക്കാമെന്നു സമാധാനിപ്പാനേ ഇവിടെ നിവൃത്തിയുള്ളൂ. എതായാലും ആ വക വർണ്ണനകളെല്ലാം തീരെ ബാലിശങ്ങളാണെന്നുള്ളതിൽ സംശയമില്ല. മരിച്ച ആളെ സ്വർഗ്ഗത്തിൽ കൊണ്ടു ചെല്ലുകയും ഇന്ദ്രന്റെ അർദ്ധാസനത്തിൽ ഇരുത്തുകയും മറ്റും ചില്ലറ കവികളുടെ പതിവായിത്തീർന്നിട്ടുണ്ടല്ലോ. കാളിദാസൻ സ്വർഗ്ഗാതിഥിയായ തിരുമേനിയെ സ്വാഗതപൂർവം സ്വീകരിക്കുന്ന ഘട്ടത്തിൽ പറഞ്ഞ വാക്കുകളിൽ മിക്കതിനും താദാത്മ്യം കുറവായിപ്പോയി എന്നൊരു സംഗതിക്കൂടെ ഈ അംശത്തിൽ തന്നെ പ്രസ്താവയോഗ്യമായിരിക്കുന്നു.

"ഭംഗംവിട്ട രസപ്രവാഹമമര പ്രാമാണികർക്കപ്സരോ—
രംഗത്തിൽത്തിര തല്ലിയെന്നമരുളും മദ്രൂപകങ്ങൾക്കുമേൽ"

(73)

ഈ വിധം കാളിദാസൻ പറയുമോ? "മന്ദഃകവി യശഃപ്രാർത്ഥീ" എന്നിങ്ങിനെ, ഇവിടെ ഇരിക്കുമ്പോൾ ലളിതമായി വിനയം പ്രകാശിപ്പിച്ചിരുന്ന അദ്ദേഹം അവിടെച്ചെന്നപ്പോൾ ഓജസ്സോടെ ഔദ്ധത്യം പ്രകടിപ്പിക്കുന്നതിന്നു്, ആ ദിവ്യലോകമോ ഈ കാവ്യകാരനോ അപരാധി എന്നു ഞങ്ങൾക്കു് അറിഞ്ഞുകൂടാ. മരിച്ചാൽ സ്വഭാവം മാറുമെന്നാണെങ്കിൽ, ഭാസനെ 'നിരാഡംബര'മായിത്തന്നെ 'നിലകൊള്ളി'ച്ചതിന്നു (ശ്ലോ: 78) വേറെ സമാധാനം തേടേണ്ടിയിരിക്കുന്നു.

'പ്രരോദന'ത്തിലെ അർത്ഥാന്തരന്യാസങ്ങൾ മിക്കവയും വളരെ രസകരങ്ങളായിരിക്കുന്നു.

"ക്രൂരുകാരെയൊരുമിപ്പിപ്പു കുടുംബാധികൾ" (17)
"ഭാവത്തിൻ പരകോടിയിൽ സ്വയമഭാവത്തിൻ സ്വഭാവം വരാം" (26)

ഇങ്ങിനെ ഒരു മഹാകവിയ്ക്കല്ലാതെ സുഘടിതമാക്കുവാൻ വയ്യാത്ത പല അർത്ഥാന്തന്യാസങ്ങളും ഇതിലുണ്ടു്. ഇതിലെ അർത്ഥ നിഷ്കർഷ

Digitized By Kerala Sahitya Akademi

സ്തുത്യർഹമായിത്തന്നെ ഇരിക്കുന്നു. എന്നാൽ പദങ്ങളുടെ വിന്യാസവൈഷമ്യംകൊണ്ടും ആശയങ്ങളുടെ അനസ്യൂതിഭംഗംകൊണ്ടും അലങ്കാരങ്ങൾ ചില ദിക്കിൽ അപൂർണ്ണങ്ങളായിപ്പോയി.

"ശ്രീമൻ, ഭൂപരിവർത്തനങ്ങളിലിടയ്ക്കെങ്ങോ മറന്നേനെനൊ-
ളീമട്ടിൽ പ്പട്ടദന്തലേഖനി നയിച്ചിപ്പോൾ ഗണേശോദ്ധൃതം
ആ മന്നാടകചക്രമമ്പിൽ നിജവാക്കുടെ തിരിക്കും ഭവാ—
നാമജ്ജിച്ചിതു കാലസിന്ധുവിലഹോ സംസാരപാരിപ്ലവം"

(73)

ഇതിലെ പൂർവാർദ്ധത്തിൽ കാണുന്ന 'ഗണേശൻ' എന്ന പദം ഗണേശനാകുന്ന, ശ്രീമാൻ ഗണപതിശാസ്ത്രികളാകുന്ന, ഗണേശൻ എന്ന ശ്ലിഷ്ടരൂപകമാണ്. അപ്പോൾ അവയവമായ ലേഖനിയെ പട്ടദന്തമായി രൂപണം ചെയ്യേണ്ടത് 'ലേഖനീ പട്ടദന്തം' എന്നാണ്. 'പടുദന്തലേഖനി' എന്നല്ല. 'നാടകചക്രം' എന്ന പദത്തിന്ന്, നാടകത്രകമാകുന്ന=നാടക സമൂഹമാകുന്ന, ചക്രം=വണ്ടി എന്ന് അർത്ഥം ഗ്രഹിക്കണം. എന്നാൽ കരയിൽമാത്രം പ്രസക്തിയുള്ള ആ വണ്ടിയുടെ നടത്തിപ്പുകാരൻ 'സിന്ധുവി'ൽ മുങ്ങുന്നത് അസംബന്ധമാകുന്നു. അങ്ങിനെ മുങ്ങുന്നതോടുകൂടി, അലങ്കാരവും അപൂർണ്ണതയിൽ മുങ്ങിപ്പോകുന്നു.

'ശങ്കാപേതമുദിക്കുമർത്ഥരുചിയെങ്ങെങ്ങാവെറും ശബ്ദമാ-
മങ്കോലക്കുരുവിന്റെയെണ്ണയിലെഴുന്നാജ്ജ്വാലകൗതൂഹലം' (54)

എന്നാണ് ആശാന്റെ ആശയം. എങ്കിലും, 'കൈരളീ മഹിളതൻ മംഗല്യമായ', 'സജാതീയ ദ്വിതീയാക്ഷരപ്രാസം' ഇതിൽ അധികം ദിക്കിലും വിട്ടുകളഞ്ഞിട്ടില്ല. 'പോയീ കൈരളിതൻ പ്രശസ്തനയൻ' എന്നാദിയായ 97-ാം പദ്യത്തിൽ അർത്ഥാന്തര പ്രയോജ്യമായ 'സ്ഥായീഭാവം' വന്നത് 'കേരളവർമ്മ പ്രാസ'ത്തിൽ കവിക്കുള്ള സ്ഥായിഭാവം കൊണ്ടാവാമെന്നു ഞങ്ങൾ വിചാരിക്കുന്നു. കുമാരനാശാനെപ്പോലുള്ള കവികൾ തള്ളിക്കളയേണ്ടതായ ഈ പ്രാസഭ്രമം നിമിത്തം 'ചീത്തക്കാലം'പോലെ പ്രയോഗിച്ചുകൂടാത്ത 'ദുഷ്ടക്കാല' (25, ദുഷ്ടകാലമാണ് സാധു)വും മറ്റും വന്നുചേർന്നതും കൈരളിയുടെ കഷ്ടകാലം തന്നെ!.

ആശാനവർകളുടെ കാവ്യം കുറെയധികം ഗഹനമാണ്: വിഷയഗൗരവവും രീതിഭേദവും എറെക്കുറെ അതിനു കാരണമായിരിക്കാം. സാഹിത്യവും സംഗീതംപോലെ ആപാദമധുരമായിരിക്കണമെന്നല്ല ഞങ്ങൾ പറയുന്നത്. ശ്രവണമാത്രയിൽതന്നെ ഹൃദയാവഗാഹം ഉണ്ടാക്കി ചിത്തലയം വരുത്തുന്ന 'പ്രസാദം' എന്ന ഗുണം ചുരുങ്ങുന്നേടത്തോളം, കരുണരസപ്രധാനങ്ങളായ കാവ്യങ്ങൾക്കു വിശേഷിച്ചും ഭംഗി കുറയുമെന്നേ ഞങ്ങൾ അഭിപ്രായപ്പെടുന്നുള്ളു. മിസ്റ്റർ കുമാരനാ

Digitized By Kerala Sahitya Akademi

ശാന്റെ പദ്യങ്ങൾ പലതും തീരെ അപ്രസന്നങ്ങളാണ്. വ്യാഖ്യാനാപേക്ഷകൂടാതെ പണ്ഡിതന്മാർക്കുപോലും അവ ദുർഗ്രഹങ്ങളാകുന്നു. താഴെ കാണിക്കുന്ന ചില ഉദാഹരണങ്ങൾ നോക്കുക.

"വിശ്വഭരം രസത്തിൽ നിലനിർത്തീടുന്ന വാഗ്വാദികൾ" (55)
വാഗ്വാദികൾ=കവികൾ. വിശ്വഭരം രസത്താൽ നിലനിർത്തീടുന്ന=സംസാരത്തിന്റെ ഭാരം സാഹിത്യ രസാസ്വാദനത്താൽ നിലനിർത്തിടുന്നു" എന്നു ടിപ്പണം. കവികൾ സംസാരദുഃഖം അനുഭവിക്കുന്നവർക്ക് രസാസ്വാദനം നൽകി ക്ലേശങ്ങളെ ലഘൂകരിക്കുന്നു എന്നൊരു വിവരണവുംകൂടി ഉണ്ടായാലേ ഉദ്ദിഷ്ടാർത്ഥം വിശദമാകയുള്ളൂ.

"ഈ കർമ്മക്ഷമ വിദ്യയൊന്നുമിനിയും നൽകീല സഹായ്യമി—
ശ് ശോകത്തിന്നു....."

'കർമ്മക്ഷമ വിദ്യ=സയൻസ്" എന്നു ടിപ്പണം. ഈ ശോകത്തിനു് സാഹായ്യം നൽകീല=മരണ ശോകത്തിന്നു നിവാരണം വരുത്തിയില്ല എന്നാണ് അർത്ഥം വിചാരിക്കേണ്ടത്. നിവാരണം എന്ന അർത്ഥത്തിൽ 'സാഹായ്യ' ശബ്ദം അവാചകമാകുന്നു. ശോകമനുഭവിക്കുന്ന മനുഷ്യർക്ക് സാഹായ്യം നൽകിയില്ല എന്ന ആശയത്തിന്റെ അംശസ്ഫുരണമായിരിക്കാം ഇത്. (ഇക്കർമ്മ എന്നുച്ചരിക്കേണ്ടതിനെ 'ഈ കർമ്മ' എന്നുച്ചരിപ്പിക്കുന്നതും പ്രാസപ്പിശാചിന്റെ പണിത്തരമല്ലേ?)

"ചത്തോരിബ്ബുധവാസരത്തിനടലൊത്ത"" (18)

'ചത്തുപോയ ഈ ബുധാവസരത്തിന്റെ ഉടലോടു സദൃശ്യമായ' എന്നു വിവക്ഷിതാർത്ഥം വ്യാഖ്യാനം നോക്കാതെ ഗ്രഹിക്കുവാൻ പ്രയാസംതന്നെ. ഇങ്ങിനെ ഭംഗിയുള്ള അനേകം ആശയങ്ങൾ ക്ലിഷ്ടങ്ങളായ ശബ്ദജാലങ്ങളിൽ മറഞ്ഞുകിടക്കുന്നത് വ്യസനകരംതന്നെ. 'കവിത' എന്നത് എല്ലാവരുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്; പക്ഷേ കവി ശബ്ദത്തിന് ഒരാൾ അർഹനാകേണമെങ്കിൽ, വിചാരിച്ചത് വിവരിപ്പാൻ വിദഗ്ധതയുണ്ടായിരിക്കണം.

അചേതനങ്ങളും അരൂപങ്ങളുമായ വസ്തുക്കൾക്ക് ചൈതന്യവും രൂപവും കൊടുത്തു ചാർച്ചയും ചേർച്ചയും ഉണ്ടാക്കുന്നതിൽ ഏകാഗ്രതയില്ലാതായാൽ അതുകളുടെ അനുസന്ധാനം കേവലം ക്ലേശസാധ്യമായിത്തീരും. പ്രസ്തുത കാവ്യത്തിൽ പുത്രവിയോഗാർത്തയായ കൈരളിയെ കണ്ടു വസുധ വ്യസനിക്കുന്നതായിട്ട് വർണ്ണിച്ചുതുടങ്ങിയിരിക്കുന്നു. ഈ വസുധ കേരള ഭൂമിയാണെങ്കിൽ, അതിലുൾപ്പെടുന്ന മൂന്നു ഖണ്ഡങ്ങളുടെ അധിഷ്ഠാനദേവതകളെ വേറെ കൽപിക്കുന്നതിൽ ചേർച്ചകേടില്ലയോ? ശങ്കരാചാര്യരുടെ മാതാവ് (92) 'കേരളാവനി'യാണ്, പ്രകൃത മഹാപുരുഷന്റെ അമ്മയോ, 'കൈ

Digitized By Kerala Sahitya Akademi

രളി' (മലയാള ഭാഷ)യുമാണ്. ഇതു രം കൽപനകൾക്കുള്ള ആധാരമെന്തെന്നുള്ള ആലോചനയിൽ സഹൃദയൻമാർ ഭഗ്നാശരായി പിൻമാറുകയല്ലാതെ ഗത്യന്തരമില്ല.

"നഷ്ടം വീട്ടുക" (101. കടം വീടുകയും, നഷ്ടം തീർക്കുകയുമാണ്) മുതലായ ശൈലീഭംഗങ്ങളും, പലതരം രചനാദോഷങ്ങളും ഇതിലുണ്ട്. എന്നാൽ, അവയെല്ലാം ഈതിലെ ആശയവിശുദ്ധികൊണ്ടുള്ള ഗുണപൗഷ്കല്യത്താൽ നിസ്സാരങ്ങളായി ഗണിക്കാം. 'പ്രരോദന'ത്തിന്നു കേരള സാഹിത്യത്തിൽ ശാശ്വതവും ഉൽകൃഷ്ടവുമായ ഒരു സ്ഥാനത്തിന് അവകാശമുണ്ടെന്നു പറയുന്നവർ ഒരിക്കലും പക്ഷപാതികളായിരിക്കേണമെന്നില്ല.

ആത്മപോഷിണി 1095 മകരം, കുംഭം

Digitized By Kerala Sahitya Akademi